


# അവർണ്ണനീയ സ്നേഹം

## *വേദപുസ്തക പഠന മാർഗദർശി*

**പകർപ്പവകാശം (c) 2017**
റെവലേഷൻ പബ്ലിക്കേഷൻസ്
ആഗോള പകർപ്പവകാശം പ്രസാധകർക്ക് മാത്രം

**വിതരണ വ്യവസ്ഥകൾ**

ഈ പുസ്തകത്തിന്റെ പ്രതികൾ നിങ്ങൾ മറ്റുള്ളവർക്ക് നൽകാതെയിരുന്നാൽ ദൈവത്തോട് കണക്കുബോധിപ്പിക്കേണ്ടവ രാകും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ആയതിനാൽ, ചില വ്യവസ്ഥകളിന്മേൽ ഈ ഗ്രന്ഥത്തിന്റെ പകർപ്പവകാശം സൗജന്യമായി നൽകുവാൻ ഞങ്ങൾ താത്പര്യപ്പെടുന്നു. ഈ ഗ്രന്ഥം നിങ്ങൾക്ക് പി ഡി എഫ് (PDF) ഫയൽ ആയോ, ഫോട്ടോസ്റ്റാറ് ആയോ, അച്ചടി പ്രസിദ്ധീകരണമായോ സൗജന്യമായി വിതരണം ചെയ്യാവുന്നതാണ്. ഈ ഗ്രന്ഥത്തിന്റെ ഭാഗങ്ങളോ, പൂർണ്ണ ഗ്രന്ഥമോ മൂല്യാധിഷ്ഠിതമായി വിൽക്കുവാൻ പാടുള്ളതല്ല. പകർപ്പവകാശ, വിതരണ വ്യവസ്ഥകൾ പുസ്തകത്തിന്റെ ഓരോ പ്രതികളിലും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

**www.RevelationPublications.com**

**PublisherForGod@gmail.com**

ചോദ്യങ്ങളും സമാഹാരവും - മെർലിൻ ബീർമാൻ
വ്യാഖ്യാന രചനകൾ- ഇ. ജി വൈറ്റ്
പബ്ലിക്കേഷന്സിന്റെ പബ്ലിക് ഡൊമൈനിൽ
നിന്നും സമാഹരിച്ചവ
കവർ ചിത്രീകരണം - (C) Bigstockphoto.com
ഉള്ളടക്ക ആവിഷ്കാരം - മെർലിൻ ബീർമാൻ
ISBN 978-1-934924-14-3

ചോദ്യങ്ങൾക്കുള്ള ഉത്തരമായി നൽകിയിരിക്കുന്ന തിരുവചന ഭാഗങ്ങൾ 'വേർഡ് പ്രൊജക്റ്റ്. ഓർഗ്' എന്ന വെബ്സൈറ്റിൽ നിന്നും എടുത്തിട്ടുള്ള "സത്യവേദപുസ്തകം" മലയാള പരിഭാഷയാണ്. (https://www.wordproject.org/bibles/ml/index.htm)



## അദ്ധ്യായം 1
## സ്നേഹം എന്നാൽ എന്ത്?

**(1) അവന്റെ പുത്രന്റെ സമ്മാനത്താൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഏക സത്യവും വിശ്വാസയോഗ്യവുമായ, സ്നേഹത്തിന്റെ നിർവചനം എന്താണ്?**

*ഇങ്ങനെ ദൈവത്തിന്നു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നേ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു. (1 യോഹന്നാൻ: 4:16)*

ദൈവത്തെക്കുറിച്ച് ബൈബിൾ നൽകുന്ന വിവരണം എന്താണ്? "ദൈവം സ്നേഹമാണ്." ക്രിസ്തുവിനെ നമ്മുടെ ലോകത്തിനു നൽകിയതിലൂടെ, ദൈവം മനുഷ്യരോടുള്ള തന്റെ സ്നേഹം പ്രകടമാക്കി. “തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.” അതെ, “നിത്യജീവൻ.” ഈ സ്നേഹമാണ് ദൈവീക നിയമത്തിന്റെ പൂർത്തീകരണം. വീണുപോയ മനുഷ്യനോടുള്ള

അനുകമ്പ നിറഞ്ഞ, ഒരു ലക്ഷ്യത്തോടെ സ്നേഹിക്കുന്ന, ക്രിസ്തുവിനെപോലെയുള്ള പ്രവൃത്തികളുടെ പ്രകടനത്താൽ തന്റെ സ്നേഹം കാണിക്കുന്നവന് മാത്രമേ അദൃശ്യനായ ദൈവത്തിന്റെ കാഴ്ച വഹിക്കുവാൻ കഴിയൂ. ഒരു ലക്ഷ്യത്തിനായി സഹമനുഷ്യരെ സ്നേഹിക്കുന്നവന് മാത്രമേ ദൈവത്തെ അറിയാൻ കഴിയൂ. പിതാവ് ഇത്രയധികം ആർക്കുവേണ്ടി ചെയ്തോ അവരെ സ്നേഹിക്കാത്തവൻ ദൈവത്തെ അറിയുന്നില്ല. നമ്മുടെ സഭകളിൽ യഥാർത്ഥ ദൈവീക ചൈതന്യം കുറവായതിന്റെ കാരണവും ഇതാണ്. ക്രിസ്തുവിന്റെ സ്നേഹത്താൽ നിറഞ്ഞതാകുന്നില്ലെങ്കിൽ ദൈവശാസ്ത്രവും മൂല്യമില്ലാത്തതായി തീരുന്നു.

**(2) ദൈവത്തെയും അവിടുത്തെ തികഞ്ഞ സ്നേഹത്തെയും നാം അറിയുമ്പോൾ അവനെപ്പറ്റി നമ്മുടെ മനസിലുള്ള എന്തിനെയാണ് നാം എറിഞ്ഞു കളയുന്നത്?**

***സ്നേഹത്തിൽ ഭയമില്ല; ഭയത്തിന്നു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു; ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല. (1 യോഹന്നാൻ: 4:18)***

ദൈവം സ്നേഹമാണെന്നത് ഒരു വെളിപ്പാടാണ്, കാരണം സ്വയമേവ മനുഷ്യർക്ക് ഒരിക്കലും ഈ വസ്തുത കണ്ടെത്താൻ കഴിയുമായിരുന്നില്ല. വെളിപ്പാടുകൾ മനുഷ്യന്റെ പുരോഗമനത്തിനു പരമപ്രധാനമാണ്. ദൈവം ആത്മാവാണ് (യോഹന്നാൻ: 4:24) എന്നത് വളരെ പ്രധാനമാണ്, എന്നാൽ അത്തരമൊരു സത്തയുമായി നാം സന്തുഷ്ടമായ ബന്ധം ആസ്വദിക്കാനുള്ള സാധ്യതയെക്കുറിച്ച് ഇത് ഒന്നും പറയുന്നില്ല. “ദൈവം

വെളിച്ചമാണ്" (1യോഹന്നാൻ:1:5) എന്നതു ബുദ്ധിപരമായി തൃപ്തികരമാണ്, എന്നാൽ സർവ്വശക്തനും എല്ലാം കാണുന്നതുമായ ഒരു ദൈവത്തെപ്പറ്റിയുള്ള ചിന്ത ആശ്വാസത്തേക്കാൾ ഭയത്തെ ഉളവാക്കിയേക്കാം, കാരണം, നമ്മൾ എന്തായിരിക്കുന്നു എന്നതിന്റെ വെളിച്ചത്തിൽ, എന്ത് നന്മകളാണ് ആ ദൈവം നമ്മിൽ കണ്ടെത്തുന്നത്? എന്നാൽ ദൈവം സ്നേഹമാണെന്ന് നാം മനസ്സിലാക്കുമ്പോൾ, ഭയം മാറി വിശ്വാസം സ്ഥാപിക്കപ്പെടുകയും, അവൻ നമ്മെ പരിപാലിക്കുന്നുവെന്ന് അറിഞ്ഞുകൊണ്ട് സ്വർഗ്ഗീയപിതാവിന്റെ കയ്യിൽ നാം ആത്മവിശ്വാസത്തോടെ നമ്മെ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്യുന്നു, (1പത്രോസ്:5:7).

**(3) നമ്മോടുള്ള ദൈവത്തിന്റെ നിത്യമായ സ്നേഹവും കരുണയും എത്രമാത്രം ദീർഘമായിരിക്കുന്നു?**

***യഹോവ ദൂരത്തുനിന്നു എനിക്കു പ്രത്യക്ഷമായി അരുളിച്ചെയ്തതു: നിത്യസ്നേഹംകൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ടു ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു. (യിരമ്യാവു: 31:3)***

ദൈവം സ്നേഹമാണെന്നതു സൂചിപ്പിക്കുന്നത്, അവൻ ഇല്ലാത്തതോ സ്നേഹമില്ലാത്തതോ ആയ ഒരു കാലമില്ല എന്നാണ്. അവന്റെ സ്വഭാവം ഒരിക്കലും മാറുന്നില്ല; മുൻകാലങ്ങളിൽ സ്നേഹം അവന്റെ പ്രബലമായ ഗുണമാണ്, ഭാവിയിലും അത് തുടരും. ദൈവവുമായുള്ള തന്റെ ബന്ധത്തെക്കുറിച്ച് ചാൾസ് വെസ്ലി പറയുന്നതു, "അവിടുത്തെ സ്വഭാവവും അവിടുത്തെ നാമവും സ്നേഹമാണെന്ന്

തെളിയിക്കാൻ നിത്യത മുഴുവനും വേണ്ടിവരും"

**(4) സ്നേഹത്തിൽ ദൈവം തന്റെ സാദൃശ്യത്തിൽ വിവേകമുള്ളവരായും, തിരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യം ഉള്ളവരായും നമ്മെ സൃഷ്ടിച്ചിരിക്കുന്നു. ആയതിനാൽ അവനോടു കൂടെ നിന്നുകൊണ്ട് എന്തുചെയ്യുവാനാണ് അവിടുന്ന് നമ്മോടു ആവശ്യപ്പെടുന്നത്?**

***"വരുവിൻ, നമുക്കു തമ്മിൽ വാദിക്കാം എന്നു യഹോവ അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ കുടുഞ്ചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും; രക്താംബരംപോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും. (യെശയ്യാവ്: 1:18)***

രക്ഷയുടെ പദ്ധതി മനസിലാക്കുന്നതിൽ ദൈവം സ്നേഹമാണെന്ന പ്രസ്താവനയ്ക്ക് അപരിമിതമായ മൂല്യമുണ്ട്. സ്നേഹത്താൽ മാത്രമാണ് ദൈവം തന്റെ സൃഷ്ടികൾക്കു സ്വതന്ത്രമായ ഇച്ഛാശക്തി നൽകിയതും, പാപം വരുത്തിവച്ച കഷ്ടതകൾ നേരിടേണ്ട അവസ്ഥ ദൈവത്തിനും മാലാഖമാർക്കും വീണുപോയ മനുഷ്യർക്കും വരികയും ചെയ്തത്. സ്വന്തം വഴിക്ക് പോകാൻ സ്വാതന്ത്ര്യമുള്ളവരുടെ സന്തോഷകരമായ സ്വമേധയാ സേവനം നേടാനും സ്നേഹത്തിനു മാത്രമേ കഴിയുകയുള്ളു. പാപം ലോകത്തിൽ വന്ന ശേഷം, നന്മയും തിന്മയും തമ്മിലുള്ള വലിയ മത്സരത്തിലെ അടിസ്ഥാന വസ്തുതകളെ പൂർണ്ണമായി മനസ്സിലാക്കാൻ പ്രപഞ്ചത്തെ പ്രാപ്തമാക്കുന്ന ഒരു പദ്ധതി ആവിഷ്കരിക്കാനുള്ള ക്ഷമയും ഇച്ഛാശക്തിയും സ്നേഹത്തിനു മാത്രമേ ഉള്ളു. അതുകൊണ്ടു, സ്വയം അന്വേഷണത്തിന്റെയും വെറുപ്പിന്റെയും എല്ലാ ഉയരങ്ങൾക്കും

എതിരായി സ്നേഹത്തെ പ്രതിഷ്ഠിക്കുകയും ചെയ്യുന്നു.

ദൈവം യഥാർത്ഥ സ്നേഹം ആയിരുന്നതിനാൽ, പാപത്തിനെതിരായ യുദ്ധത്തിൽ, സത്യവും സ്നേഹവും മാത്രമേ ഉപയോഗിക്കാനാകൂ, അതേസമയം സാത്താൻ തന്ത്രപരമായ നുണകളും ക്രൂരമായ ശക്തിയും ഉപയോഗിക്കുന്നു. മനുഷ്യവംശത്തെ പാപത്തിന്റെ കുറ്റബോധത്തിൽ നിന്നും ശക്തിയിൽ നിന്നും വീണ്ടെടുക്കുവാൻ ഇഹലോക വാസം സ്വീകരിക്കുവാനും, മരിക്കുവാനും, ഉയർത്തെഴുന്നേൽക്കുവാനും, പാപമില്ലാത്ത ഒരു പുതിയ കൂട്ടത്തിന്റെ തലവനായി വീണ്ടും വരുവാനും ഉള്ള പദ്ധതി സാധൂകരിക്കുവാൻ സ്നേഹത്താൽ മാത്രമേ കഴിയുകയുള്ളു (വാക്യം 9). ഈ അത്ഭുതകരമായ പദ്ധതി ആവിഷ് കരിക്കാനും നടപ്പാക്കാനും അവന്റെ സ്വഭാവത്താൽ ദൈവം നിർബന്ധിതനായി (യോഹന്നാൻ 3:16).

**(5) ദൈവം സ്നേഹം ആയതുകൊണ്ട് നമ്മുടെ ക്രിസ്തീയ അനുഭവങ്ങളിലെ ഏറ്റവും ഉന്നതവും അടിസ്ഥാനപരവുമായ ഘടകം എന്താണ്?**

*ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനില്ക്കുന്നു; ഇവയിൽ വലിയതോ സ്നേഹം തന്നേ. (1കൊരിന്ത്യർ:13:13)*

ദൈവത്തിന്റെ സ്വഭാവത്തിലെ എല്ലാ ഗുണങ്ങളും മനസ്സിലാക്കുമ്പോൾ, സ്നേഹമാണ് ദൈവത്തിന്റെ അടിസ്ഥാന സ്വഭാവത്തെ വിവരിക്കാൻ ഉപയോഗിക്കുന്നതെന്ന് കാണാം. അതിനാൽ തന്നെ, ആത്മാവിന്റെ എല്ലാ ദാനങ്ങൾക്കും ഉപരിയായി ഇത് ഏറ്റവും വലിയതാണെന്ന് അപ്പോസ്തലൻ പറയുന്നത്

എന്തുകൊണ്ടാണെന്ന് എളുപ്പത്തിൽ മനസ്സിലാക്കാം (ഒത്തുനോക്കുക. 1യോഹന്നാൻ:4:7,8,16). ഒരു ജീവിതരീതി എന്ന നിലയിൽ, സ്നേഹം കൂടുതൽ ഫലപ്രദവും വിജയകരവും സംതൃപ്തിദായകവുമാണ് എന്നത് മാത്രമല്ല 12 ആം അധ്യായത്തിൽ വിവരിച്ചിരിക്കുന്ന ആത്മാവിന്റെ ഏതൊരു വരങ്ങളെക്കാളും അധികം സംതൃപ്തികരവുമാണ് സ്നേഹം എന്ന് മനസിലാക്കാം (1കൊരി:12:31 കാണുക). ദൈവത്തോടും സഹമനുഷ്യരോടും ഉള്ള സ്നേഹം ദൈവവുമായുള്ള ഏറ്റവും ഉയർന്ന ഐക്യത്തിന്റെ പ്രകടനമാണ് (മത്താ. 22: 37-40; കാണുക). ക്രിസ്ത്യാനി ആയ ഒരുവന്റെ ആത്മാർത്ഥതയുടെയും വിശ്വാസ ജീവിതത്തിന്റെയും ഏറ്റവും വലിയ അംഗീകാരണ പത്രമാണ് സ്നേഹത്തിൽ ജീവിക്കുക എന്നത്.

ഒരു ക്രിസ്ത്യാനിയാവുക എന്നത് "നന്മകൾ മാത്രം ചെയ്ത" ക്രിസ്തുവിനെപ്പോലെ ആവുക എന്നതാണ് (പ്രവൃ. 10:38). അതിനാൽ, യേശുവിന്റെ ആത്മാവിൽ, സഹായം ആവശ്യമുള്ള എല്ലാവർക്കും നന്മ ചെയ്യുന്നവരാണ് ക്രിസ്ത്യാനികൾ. അവർ അത് ചെയ്യുന്നത് ഒരുവിധത്തിലുമുള്ള സ്വാർത്ഥ താല്പര്യങ്ങളും ഇല്ലാതെയാണ്, കാരണം അവരുടെ ഹൃദയത്തിലുള്ള ദൈവസ്നേഹം മറ്റൊരുരീതിയിൽ ചെയ്യുവാൻ അവരെ അനുവദിക്കുന്നില്ല.

സ്നേഹമാണ് ഏറ്റവും മികച്ച മാർഗം, കാരണം അതിന്റെ പ്രായോഗിക ആവിഷ്കാരം എല്ലാ മനുഷ്യരുടെയും ശാശ്വതമായ വിധി നിർണ്ണയിക്കുന്നതിനുള്ള പരീക്ഷണമാണ്. ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും മാത്രം കേന്ദ്രീകരിച്ചിരിക്കുന്ന ഒരുവന്റെ മതം വെറും ബാഹ്യമായി പൊരുത്തപ്പെടുന്നവ മാത്രമാണെന്നും

അവയെ ദൈവത്തിന് സ്വീകാര്യമല്ലെന്നും മനസിലാക്കാം.

സ്വയം നിഷേധിക്കുന്ന സ്നേഹം, വിശ്വാസികൾക്കിടയിൽ ഐക്യം ഉളവാക്കുന്നതാണ്, പ്രത്യുത സ്നേഹം, മനുഷ്യരാശിയെ രക്ഷിക്കാനായി ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചതായി ലോകത്തെ ബോധ്യപ്പെടുത്തും. സുവിശേഷത്തിന്റെ സത്യത്തിന് സാക്ഷ്യം വഹിക്കാൻ ദൈവം തന്റെ ജനത്തെ തിരഞ്ഞെടുത്ത രീതിയാണിത് (യോഹന്നാൻ 17:21, 23 കാണുക). സ്വയം ഉയർത്താനോ ന്യായീകരിക്കാനോ തൃപ്തിപ്പെടുത്താനോ ആഗ്രഹിക്കാത്ത, എന്നാൽ ആവശ്യക്കാർക്ക് നിസ്വാർത്ഥമായ ശുശ്രൂഷയ്ക്കായി സമർപ്പിച്ചിരിക്കുന്ന അത്തരം സ്നേഹം, മാനസാന്തരപ്പെടാത്ത മനുഷ്യർക്ക് കൂടി നിഷേധിക്കുവാൻ കഴിയാത്ത ഒരു വാദമാണ്. അവരുടെ ജീവിത തത്ത്വചിന്തയ്ക്ക് മനസ്സിലാക്കാൻ കഴിയാത്ത ചിലത് അവർ അതിൽ കാണുന്നു. അവരുടെ ഹൃദയത്തെ അത് സ്പർശിക്കുകയും, മാനസാന്തരപ്പെട്ട ഓരോ വ്യക്തിയിലും വെളിപ്പെടുന്ന ദൈവീക സ്വഭാവത്തിന്റെ ശക്തിയെ അവരുടെ ബുദ്ധി അംഗീകരിക്കുകയും ചെയ്യുന്നു. അതിനാൽ, ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന സുവിശേഷ ഘോഷണത്തിന്റെ ഏറ്റവും മഹത്തായ പാതയായി സ്നേഹം നിലകൊള്ളുന്നു. {6BC 785-786}

**(6) സ്നേഹത്തിന്റെ മുൻഗണനയും, പ്രാമുഖ്യവും ഏതു നിലവാരത്തിൽ ആയിരിക്കണം എന്നുള്ളത് ഈ വാക്യങ്ങൾ എപ്രകാരം വിവരിക്കുന്നു?**

***എല്ലാറ്റിന്നും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പിൻ. (കൊലോസ്യർ: 3:14)***

ദൈവത്തോടുള്ള സ്നേഹവും അയൽക്കാരനോടുള്ള സ്നേഹവും മനുഷ്യന്റെ മുഴുവൻ കടമയാണ്. സഹോദര ദയയില്ലാതെ നമുക്ക് ദൈവത്തോടോ സഹമനുഷ്യരോടോ സ്നേഹത്തിന്റെ കൃപ പ്രകടിപ്പിക്കാനാവില്ല.

അറിവ് പകർന്നു നൽകുന്ന ഒരു സ്നേഹം ക്രിസ്തു വാഗ്ദാനം ചെയ്യുന്നു. ഈ സ്നേഹം നമ്മുടെ ജീവിതത്തിൽ നിന്ന് അകറ്റി നിർത്തപ്പെടുന്ന ഒന്നല്ല, മറിച്ച് അത് നമ്മിലെ മുഴുവൻ സത്തയെയും ചേർത്ത് പിടിക്കുന്ന ഒന്നാണ്. സ്നേഹമാക്കുന്ന ഈ കിരീടം വയ്ക്കാത്ത ആർക്കും ക്രിസ്ത്യാനികൾ പറയുന്ന സ്വർഗ്ഗത്തിലേക്ക് കയറുവാൻ കഴിയില്ല. ആത്മാവിനെ മുഴുവനായും വ്യാപിപ്പിക്കുന്ന പുതിയ വാത്സല്യമാണിത്. പഴയത് കഴിഞ്ഞുപോയിരിക്കുന്നു. സ്നേഹമാണ് വലിയ നിയന്ത്രണ ശക്തി. സ്നേഹം നയിക്കുമ്പോൾ, മനസ്സിന്റെയും ആത്മാവിന്റെയും എല്ലാ കഴിവുകളും ഒന്നുചേർക്കപ്പെടും. ദൈവത്തോടുള്ള സ്നേഹവും മനുഷ്യനോടുള്ള സ്നേഹവും സ്വർഗ്ഗത്തിന് വ്യക്തമായ നിർവ്വചനം നൽകുന്നു.

**(7) പ്രവചന വരങ്ങളും, ഭാഷാ വരങ്ങളും, ജ്ഞാനവും നീങ്ങിപ്പോയാലും, ഒരിക്കലും പരാജയപ്പെടാത്തതായി നമുക്ക് കണക്കാക്കുവാൻ കഴിയുന്നത് എന്താണ്?**

***സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല. പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ, അതു നിന്നുപോകും; ജ്ഞാനമോ, അതു നീങ്ങിപ്പോകും. (1 കൊരിന്ത്യർ :13:8)***

യഥാർത്ഥ സ്നേഹം ഒരു ഇലയോ പുഷ്പമോ പോലെ കൊഴിഞ്ഞു

വീഴുന്നില്ല (യാക്കോബ്:1:11; 1പത്രോസ്:1:24 ഒത്തുനോക്കുക). സൂര്യപ്രകാശമുള്ള സമയങ്ങളിൽ ഒരു പുഷ്പം അതിന്റെ സുഗന്ധവും സൗന്ദര്യവും നൽകുമ്പോൾ, അത് അതിന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റി, പിന്നീട് അത് ശീതകാറ്റും തണുപ്പും മൂലം വാടിപ്പോവുകയും ചെടിയിൽ നിന്ന് വീഴുകയും ചെയ്യുന്നു. എന്നാൽ സ്നേഹം അങ്ങനെയല്ല. പിരിമുറുക്കത്തിന്റെയും സമ്മർദ്ദത്തിന്റെയും ദിവസങ്ങളിൽ പോലും, എല്ലാം ശോഭയുള്ളതും നീതിയുക്തവുമായി ഇരുന്ന സമയത്തെ പോലെ, സ്നേഹം എല്ലായ്പ്പോഴും ആശ്രയത്തിന്റെയും, പ്രതീക്ഷകളുടെയും, വിശ്വാസത്തിന്റെയും സുഗന്ധം ചുറ്റുപാടും പരത്തിക്കൊണ്ടു അങ്ങനെ തന്നെ തുടരുന്നു. അതിനാൽ ആയിരിക്കണം നിത്യമായി നിലനിൽക്കുന്ന ദൈവീക നിയമത്തിന്റെ ഏറ്റവും അടിസ്ഥാനമായി സ്നേഹം വച്ചിരിക്കുന്നത് (സങ്കീ:119:160 ; ലൂക്കോസ്:16:17; മത്താ:5:17,18..).

ആത്മാവിന്റെ ഈ ഫലം നട്ടുവളർത്താൻ ഓരോ വിശ്വാസിയോടും കൽപിച്ചിരിക്കുന്നു, സ്നേഹത്തിന്റെ കരുതൽ നൽകാത്ത ജീവിതാനുഭവങ്ങളൊന്നും ഉണ്ടാകില്ലെന്ന് ഓരോ വിശ്വാസിക്കും ഉറപ്പുണ്ടായിരിക്കാം; എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് എല്ലായ്പ്പോഴും സ്നേഹത്തെ ആശ്രയിക്കാം.

**(8) ദൈവത്തിന്റെ സ്വഭാവം സ്നേഹം ആയിരിക്കുന്നതിനാൽ, തന്റെ അധികാരത്തിന്റെ നാല് സ്വഭാവ സവിശേഷതകൾ എന്തെല്ലാമാണ്?**

*നീതിയും ന്യായവും നിന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു; ദയയും വിശ്വസ്തതയും നിനക്കു മുമ്പായി നടക്കുന്നു. (സങ്കീർത്തനങ്ങൾ: 89:14)*

ദൈവസ്നേഹം അവന്റെ നീതിയിൽ പ്രകടിപ്പിച്ചതിനാൽ അത് അവന്റെ കാരുണ്യത്തിൽ നിന്നും അല്പംപോലും കുറവല്ല. നീതിയാണ് അവന്റെ സിംഹാസനത്തിന്റെ അടിസ്ഥാനവും അവന്റെ സ്നേഹത്തിന്റെ ഫലവും. സത്യത്തിൽ നിന്നും നീതിയിൽ നിന്നും കരുണയെ ഉപേക്ഷിക്കുകയെന്നത് സാത്താന്റെ ഉദ്ദേശ്യമായിരുന്നു. ദൈവീക നിയമത്തിന്റെ നീതി സമാധാനത്തിന്റെ ശത്രുവാണെന്ന് തെളിയിക്കാൻ സാത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ ദൈവത്തിന്റെ പദ്ധതിയിൽ അവ അവിഭാജ്യമായി ഒന്നുചേർന്നിരിക്കുന്നു വെന്ന് ക്രിസ്തു കാണിച്ചുതരുന്നു; ഒന്ന് ഇല്ലാതെ മറ്റൊന്നിനു നിലനിൽക്കാൻ കഴിയില്ല. "ദയയും വിശ്വസ്തതയും തമ്മിൽ എതിരേറ്റിരിക്കുന്നു. നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു" (സങ്കീ:85:10).

ദൈവത്തിന്റെ നീതി അവന്റെ കാരുണ്യത്തെ നശിപ്പിച്ചില്ലെന്നും എന്നാൽ പാപം ക്ഷമിക്കാമെന്നും ന്യായപ്രമാണം നീതിയുള്ളതാണെന്നും പൂർണമായി അനുസരിക്കാമെന്നും ക്രിസ്തു തന്റെ ജീവിതത്തിലൂടെയും മരണത്തിലൂടെയും തെളിയിച്ചു. ഇവയിലൂടെ സാത്താന്റെ ആരോപണങ്ങൾ ഖണ്ഡിക്കപ്പെട്ടു. ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ നിയമവും അഭേദ്യമാണ്. യേശുവിൽ കരുണയും സത്യവും ഒത്തുചേരുന്നു.

**(9) ദൈവം സ്നേഹവും, ദൈവീക അധികാരങ്ങൾ സ്നേഹത്തിൽ**

**അടിസ്ഥാനപ്പെട്ടതും ആയതിനാൽ ഈ വചനങ്ങൾ ദൈവത്തിന്റെ സ്നേഹത്തെയും നിയമത്തെയും എങ്ങനെ നിർവചിച്ചിരിക്കുന്നു?**

*സ്നേഹം കൂട്ടുകാരനു ദോഷം പ്രവർത്തിക്കുന്നില്ല; ആകയാൽ സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തി തന്നേ. (റോമർ: 13:10)*

ദൈവത്തിന്റെ നിയമത്തെ അതിന്റെ യഥാർത്ഥ സ്വഭാവത്തിൽ നിന്ന് ഒരിക്കലും മാറ്റാനാവില്ല. അതിന്റെ രചയിതാവിന്റെ സ്വഭാവത്തിന്റെയും, ഇച്ഛാശക്തിയുടെയും വെളിപ്പെടുത്തലാണിത്. ദൈവം സ്നേഹമാണ്, അവന്റെ നിയമവും സ്നേഹമാണ്. ദൈവത്തോടുള്ള സ്നേഹവും മനുഷ്യനോടുള്ള സ്നേഹവുമാണ് അതിന്റെ രണ്ട് മഹത്തായ തത്ത്വങ്ങൾ. “സ്നേഹം ന്യായപ്രമാണത്തിന്റെ പൂർത്തീകരണമാണ്.” (റോമർ 13:10). നീതിയും സത്യവും ദൈവത്തിന്റെ സ്വഭാവമാണ്; തന്മൂലം അവന്റെ ന്യായപ്രമാണത്തിന്റെ സ്വഭാവവും ഇതാണ്. സങ്കീർത്തനക്കാരൻ പറയുന്നു: “നിന്റെ ന്യായപ്രമാണം സത്യവുമാകുന്നു.” “നിന്റെ കല്പനകൾ ഒക്കെയും നീതിയായിരിക്കുന്നു.” (സങ്കീർത്തനങ്ങൾ 119:142,172). അപ്പോസ്തലനായ പൗലോസ് ഇപ്രകാരം പ്രഖ്യാപിക്കുന്നു: “ആകയാൽ ന്യായപ്രമാണം വിശുദ്ധം; കല്പന വിശുദ്ധവും ന്യായവും നല്ലതും തന്നേ. (റോമർ 7:12). അത്തരമൊരു നിയമം, ദൈവത്തിന്റെ മനസ്സിന്റെയും ഇച്ഛാശക്തിയുടെയും പ്രകടനമായതിനാൽ, അതിന്റെ രചയിതാവിനെപ്പോലെ നിലനിൽക്കുന്നതായിരിക്കണം.

**(10) ക്രൂശിൽ ക്രിസ്തു നമ്മോടു കാണിച്ച സ്നേഹത്തിന്റെ ആധിക്യത്തെപ്പറ്റി ഈ**

**വാക്യങ്ങളിൽ എങ്ങനെ വിവരിച്ചിരിക്കുന്നു?**

***സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല. (യോഹന്നാൻ:15:13)***

'സ്നേഹം' എന്നതിന് ഗ്രീക്ക് ഭാഷയിൽ 'അഗപ്പേ' (agapaō), എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത് അതിന്റെ അർത്ഥം ഇംഗ്ളീഷിൽ "ലവ്" (Love) എന്ന് വിവക്ഷിച്ചിരിക്കുന്നു. എന്നാൽ ഈ അർത്ഥം അപൂർണ്ണമാണ്. "സ്നേഹം" എന്ന വാക്കിന്റെ അർത്ഥം നിരവധി വ്യത്യസ്തമായ കാര്യങ്ങളാണ്, കൂടാതെ നിരവധി വൈവിധ്യമാർന്ന ആശയങ്ങൾ അറിയിക്കുകയും ചെയ്യുന്നു, ഈ വിവർത്തനത്തിലൂടെ അഗാപെയുടെ യഥാർത്ഥ അർത്ഥം അവ്യക്തമാണ്. "സ്നേഹം" എന്ന ഒരൊറ്റ വാക്കിലൂടെ നാം പ്രകടിപ്പിക്കാൻ ആഗ്രഹിക്കുന്ന ആശയങ്ങൾ അറിയിക്കാൻ ഗ്രീക്കുകാർക്ക് മൂന്ന് വാക്കുകളുണ്ടായിരുന്നു: അഗപ്പേ, ഫിലേയോ, ഈറോസ്.

'ഫിലേയോ' എന്ന വാക്കു പൊതുവെ, ആദരവ്, മമത, തുടങ്ങിയ മനോ വികാരങ്ങളെ അടിസ്ഥാനമാക്കിയുള്ള വാത്സല്യവും വികാരഭരിതവുമായ പ്രണയത്തെ വിവരിക്കുന്നു. വികാരങ്ങളെ അടിസ്ഥാനമാക്കി ഉള്ളതിനാൽ, വികാരങ്ങൾ മാറുന്നതിനനുസരിച്ച് അത് മാറ്റത്തിന് വിധേയമാവുകയും ചെയ്യും. ഭൗതിക തലത്തിൽ പ്രധാനമായും പ്രവർത്തിക്കുന്ന വികാരാധീനമായ, ഇന്ദ്രിയപരമായ "സ്നേഹം" അഥവാ പ്രണയത്തെ സൂചിപ്പിക്കുവാനാണു 'ഈറോസ്' എന്ന വാക്ക് ഉപയോഗിക്കുന്നത്. മതിമോഹത്തിന്റെ ചില രൂപങ്ങളെ ഈ "സ്നേഹ" ത്തിന്

കീഴിൽ തരംതിരിക്കാം. പുതിയ നിയമത്തിൽ ഈറോസ് ഉപയോഗിക്കുന്നില്ല. പുതിയ നിയമത്തിൽ അഗപ്പേയും, ഫിലേയോയും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ, ഫിലേയോ, യോഗ്യതയുടെയും, ബഹുമാനത്തിൻറെയും നിലപാടിൽ നിന്നുള്ള സ്നേഹത്തെ വിവരിക്കുന്നു. വികാരങ്ങളെ നിയന്ത്രിക്കുന്ന തരത്തിൽ അത് വികാരത്തിന് പ്രമാണങ്ങളുടെ പിൻബലം ചേർക്കുന്നു. ഇത് മനസ്സിന്റെയും ബുദ്ധിയുടെയും ഉയർന്ന ശക്തികളെ പ്രാവർത്തികമാക്കുന്നു. നമ്മെ "സ്നേഹിക്കുന്ന" വരെ മാത്രം സ്നേഹിക്കുവാൻ ഫിലേയോ പറയുമ്പോൾ, നമ്മെ സ്നേഹിക്കാത്തവരോട് പോലും യാതൊരു മാനദണ്ഡവും ഇല്ലാതെ സ്നേഹം വ്യാപിപ്പിക്കുവാൻ അഗപ്പേ പ്രേരിപ്പിക്കുന്നു. അഗപ്പേ നിസ്വാർത്ഥമാണ്, അതേസമയം ഈറോസ് പൂർണ്ണമായും സ്വാർത്ഥതാപരം ആണ്. ഫിലേയോ പോലും ചില സമയങ്ങളിൽ സ്വാർത്ഥതയാൽ നശിപ്പിക്കപ്പെടാം.

'അഗപ്പേ' എന്ന നാമം ആണ് സ്നേഹത്തെ സൂചിപ്പിക്കുവാൻ ബൈബിളിൽ പ്രധാനമായും ഉപയോഗിച്ചിരിക്കുന്നത്. പുതിയനിയമത്തിൽ അഗപ്പേ എന്ന വാക്കു ഉപയോഗിച്ചിരിക്കുന്നത് സ്നേഹത്തിന്റെ ഏറ്റവും ഉയർന്നതും സത്യവുമായ രൂപത്തെ വിവരിക്കുവാനാണ്. "സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല". (യോഹന്നാൻ 15:13). ഇത് ദൈവത്തോടുള്ള ഭയഭക്തിആധരവും സഹമനുഷ്യരോടുള്ള ബഹുമാനത്തെയും സൂചിപ്പിക്കുന്നു. സ്വഭാവത്തെ പരിഷ്കരിക്കുകയും, പ്രേരണകളെ

നിയന്ത്രിക്കുകയും, അഭിനിവേശങ്ങളെ നിയന്ത്രിക്കുകയും, വാത്സല്യം വർദ്ധിപ്പിക്കുകയും ചെയ്യുന്ന ഒരു ദിവ്യ തത്ത്വത്തിന്റെ, ചിന്തയുടെ പ്രാവർത്തിക രൂപമാണിത്.

**(11) വീണ്ടെടുക്കുന്ന ദൈവീക സ്നേഹത്തിന്റെ മർമ്മംവും, സ്വയം യാഗമായി തീരുവാൻ സന്നദ്ധമാകുന്ന ക്രിസ്തുവിന്റെ സ്നേഹവും സുവിശേഷങ്ങളിലൂടെ വെളിപ്പെടുത്തുമ്പോൾ ആരുടെ താത്പര്യവും ഉത്സാഹിപ്പിക്കപ്പെടുന്നു?**

*തങ്ങൾക്കായിട്ടല്ല നിങ്ങൾക്കായിട്ടത്രേ തങ്ങൾ ആ ശുശ്രൂഷ ചെയ്യുന്നു എന്നു അവർക്കു വെളിപ്പെട്ടു; സ്വർഗ്ഗത്തിൽ നിന്നു അയച്ച പരിശുദ്ധാത്മാവിനാൽ നിങ്ങളോടു സുവിശേഷം അറിയിച്ചവർ അതു ഇപ്പോൾ നിങ്ങളെ ഗ്രഹിപ്പിച്ചിരിക്കുന്നു. അതിലേക്കു ദൈവദൂതന്മാരും കുനിഞ്ഞുനോക്കുവാൻ ആഗ്രഹിക്കുന്നു. (1പത്രോസ്: 1:12)*

നമ്മോടൊപ്പം വസിക്കാൻ വരുന്നതിലൂടെ, യേശു മനുഷ്യർക്കും ദൂതന്മാർക്കും ദൈവത്തെ വെളിപ്പെടുത്തുകയായിരുന്നു. അവൻ ദൈവവചനമായിരുന്നു, ദൈവത്തിന്റെ ചിന്ത നമുക്ക് മനസിലാക്കിത്തന്നു. ശിഷ്യന്മാർക്കുവേണ്ടിയുള്ള അവിടുത്തെ പ്രാർത്ഥനയിൽ, ഇപ്രകാരം പറയുന്നു “കരുണയും കൃപയും ദീർഘക്ഷമയിലും, നന്മയിലും സത്യത്തിലും സമൃദ്ധമായിരിക്കുന്ന” നിന്റെ നാമം ഞാൻ അവരോടു അറിയിച്ചിരിക്കുന്നു” "നീ എന്നെ സ്നേഹിച്ച സ്നേഹം എന്നിലും, ഞാൻ അവരിലും ഇരിക്കുന്നു.”

എന്നാൽ അവന്റെ ഭൗമിക മക്കൾക്ക് മാത്രമല്ല ഈ വെളിപ്പാടുകൾ ലഭിച്ചത്. നമ്മുടെ കൊച്ചു ലോകം പ്രപഞ്ചത്തിന്റെ പാഠപുസ്തകമാണ്.

ദൈവത്തിന്റെ അത്ഭുതകരമായ കൃപയുടെ ഉദ്ദേശ്യം, വീണ്ടെടുക്കുന്ന സ്നേഹത്തിന്റെ രഹസ്യം, ഇവയിലേക്കു ദൂതന്മാർപോലും കുനിഞ്ഞു നോക്കാൻ ആഗ്രഹിക്കുന്നു. നിത്യതയിലുടനീളം അത് അവരുടെ പഠന വിഷയമായിരിക്കും. വീണ്ടെടുക്കപ്പെട്ടവരും വീഴ്ച സംഭവിക്കാത്തതുമായ ആളത്വങ്ങളും ക്രിസ്തുവിന്റെ ക്രൂശിൽ അവരുടെ ശാസ്ത്രവും പാട്ടും കണ്ടെത്തും. യേശുവിന്റെ മുഖത്ത് തിളങ്ങുന്ന മഹത്വം ആത്മത്യാഗപരമായ സ്നേഹത്തിന്റെ മഹത്വമാണെന്ന് കാണാം. കാൽവരിയുടെ വെളിച്ചത്തിൽ നോക്കുമ്പോൾ, സ്വയം ത്യജിക്കുന്ന സ്നേഹത്തിന്റെ നിയമം ഭൂമിക്കും സ്വർഗ്ഗത്തിനുമുള്ള ജീവധായക നിയമമാണെന്ന് കാണാം; "സ്വാർത്ഥത അന്വേഷിക്കാത്ത" സ്നേഹത്തിന്റെ ഉറവിടം ദൈവത്തിന്റെ ഹൃദയത്തിൽ ഉണ്ട്; ആർക്കും സമീപിക്കാനാവാത്ത വെളിച്ചത്തിൽ വസിക്കുന്നവന്റെ സ്വഭാവം സൗമ്യതയിലൂടെയും, താഴ്മയിലൂടെയും പ്രകടമാക്കുന്നു.

**(12) ക്രിസ്തുവിൽ നിന്ന് ഒഴുകുന്ന ജീവന്റെ ജലം ഒരിക്കൽ കുടിക്കുകയും അവിടുത്തെ സ്നേഹം അറിയുകയും ചെയ്യുമ്പോൾ സംഭവിക്കുന്ന രണ്ടു കാര്യങ്ങൾ എന്തെല്ലാമാണ്?**

***ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവായിത്തീരും" എന്നു ഉത്തരം പറഞ്ഞു. (യോഹന്നാൻ:4:14)***

"കൊടുപ്പിൻ; എന്നാൽ നിങ്ങൾക്കു കിട്ടും;" (ലൂക്കോസ് 6:38); ദൈവവചനം "തോട്ടങ്ങൾക്കു ഒരു നീരുറവും, വറ്റിപ്പോകാത്ത കിണറും

ലെബാനോനിൽനിന്നു ഒഴുകുന്ന ഒഴുക്കുകളും തന്നേ." (ഉത്തമഗീതം: 4:15). ഒരിക്കൽ ക്രിസ്തുവിന്റെ സ്നേഹം ആസ്വദിച്ച ഹൃദയം, ആഴത്തിലുള്ള ഒരു ആലേഖനത്തിനായി തുടർന്നും വഞ്ചിക്കുന്നു. നമ്മൾ കൊടുക്കുമ്പോൾ നമുക്ക് അധികം സമൃദ്ധമായി ലഭിക്കും. ആത്മാവിനോടുള്ള ദൈവത്തിന്റെ ഓരോ വെളിപ്പെടുത്തലും അവനെ അറിയാനും സ്നേഹിക്കാനുമുള്ള കഴിവ് വർദ്ധിപ്പിക്കുന്നു. ഹൃദയത്തിന്റെ നിരന്തരമായ വാഞ്ച "ഇനിയും അധികം" എന്നതാണ്, ആത്മാവിന്റെ ഉത്തരം "ഇനിയും കൂടുതൽ" എന്നതാണ്. (റോമർ 5:9,10). "എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നു." (എഫെസ്യർ: 3:20).

പാപത്താൽ നഷ്ടപ്പെട്ട മനുഷ്യരാശിയുടെ രക്ഷയ്ക്കായി തന്നത്താൻ ഒഴുച്ചു, മനുഷ്യനായി തീർന്ന യേശുവിനു പരിശുദ്ധാത്മാവിനെ അളവില്ലാതെ നൽകി. ക്രിസ്തുവിനു വസിക്കുവാനായി ഹൃദയം സമർപ്പിച്ചുകൊണ്ട് ക്രിസ്തുവിനെ അനുഗമിക്കുന്ന ഓരോ വ്യക്തിക്കും അത് നൽകപ്പെടും. "കർത്താവുതന്നെ "ആത്മാവിനാൽ നിറയുക" എന്ന കൽപ്പന നൽകിയിട്ടുണ്ട് (എഫെസ്യർ 5:18), ഈ കല്പന അതിന്റെ പൂർത്തീകരണത്തിന്റെ വാഗ്ദാനം കൂടിയാണ്. ക്രിസ്തുവിൽ "സകല സമ്പൂർണ്ണതയും വസിക്കുന്നു" എന്നും "അവനിൽ നിങ്ങളും നിറവുള്ളവരായിരിക്കുന്നു എന്നുള്ളതാണ് വപിതാവിന്റെ സന്തോഷം.

## (13) നാം പിതാവിന്റെ സ്നേഹത്തിന്റെ എല്ലാ തലങ്ങളും

**അനുഭവിച്ചറിയേണ്ടതിനായും തന്മൂലമുള്ള സ്വഭാവ രൂപീകരണത്തിനായും നമ്മുടെ ഉള്ളിൽ എന്ത് പകരുവാനാണ് ക്രിസ്തു പിതാവിനോട് ആവശ്യപ്പെടുന്നത്?**

***"നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവരിൽ ആകുവാനും ഞാൻ അവരിൽ ആകുവാനും ഞാൻ നിന്റെ നാമം അവർക്കു വെളിപ്പെടുത്തിയിരിക്കുന്നു; ഇനിയും വെളിപ്പെടുത്തും." (യോഹന്നാൻ: 17:26)***

ദൈവത്തിൽ വിശ്വസിക്കുന്ന എല്ലാവരുടെയും ഹൃദയത്തിൽ ദൈവസ്നേഹം നിലനിൽക്കേണ്ടതിനുള്ള എത്ര വലിയ ഉറപ്പാണിത്! എത്ര മഹത്തായ രക്ഷയാണ് നമുക്ക് നൽകുന്നത്; അവനാൽ ദൈവത്തിങ്കലേക്ക് വരുന്നവരെയെല്ലാം രക്ഷയിലേക്കു നടത്തുവാൻ അവനു കഴിയും. അതിശയകരമെന്നു പറയട്ടെ, ഇവ എങ്ങനെ സാധ്യമാകും? എന്നാൽ ഇതിൽ കുറഞ്ഞ ഒന്നിലും യേശുവിനെ സംതൃപ്തനായി കാണുവാൻ കഴിയില്ല.

ഈ ലോകത്തിൽ വച്ച് അവന്റെ കഷ്ടതകളിൽ പങ്കാളികളായവർക്കും, അവന്റെ നാമത്തിനുവേണ്ടി അപമാനം സഹിക്കുന്നവർക്കും, പുത്രനിലുള്ളതു പോലെ ദൈവസ്നേഹം ലഭിക്കപ്പെട്ട വരാണ്. അത് തിരിച്ചറിഞ്ഞവർ പറയുന്നു: "പിതാവുതന്നെ നിങ്ങളെ സ്നേഹിക്കുന്നു." ആ സ്നേഹത്തിന്റെ നീളം, വീതി, ഉയരം, ആഴം എന്നിവയെക്കുറിച്ച് ആരാഞ്ഞറിവുള്ള ഒരാൾ ഈ അത്ഭുതകരമായ വസ്തുത ഞങ്ങൾക്ക് അറിയിച്ചു തന്നിരിക്കുന്നു.

ദൈവപുത്രനിലുള്ള വിശ്വാസത്തിലൂടെ ഈ സ്നേഹം നമ്മുടേതായി മാറുകയും, അതിലൂടെ ക്രിസ്തുവുമായുള്ള ബന്ധം നമുക്ക് എല്ലാവിധത്തിലും അർത്ഥവത്തായി

തീരുകയും ചെയ്യുന്നു. അവൻ പിതാവിനോട് ഒന്നായിരിക്കുന്നതു പോലെ നാമും അവനോടു ഒന്നായിരിക്കേണം, അങ്ങനെ നാമും ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങളായി ദൈവത്തിന്റെ മുന്തിരിവള്ളിയിലെ ശാഖകളായി നിത്യനായ ദൈവത്തിന്റെ പ്രിയ മക്കൾ ആയിത്തീരുന്നു. മുന്തിരിവള്ളിയോട് പറ്റിച്ചേർന്നു വളരുന്ന ശാഖകളായിരിക്കണം നാം ഓരോരുത്തരും. ക്രിസ്തു നമ്മുടെ മഹത്വവൽക്കരിക്കപ്പെട്ട തലയാണ്, ദൈവത്തിന്റെ ഹൃദയത്തിൽ നിന്ന് ഒഴുകുന്ന ദിവ്യസ്നേഹം ക്രിസ്തുവിൽ വസിക്കുന്നു, അവനുമായി ഐക്യപ്പെട്ടവരോട് ആശയവിനിമയം നടത്തുന്നു. ആത്മാവിലേക്ക് പ്രവേശിക്കുന്ന ഈ ദിവ്യസ്നേഹം അതിനെ നന്ദിയോടെ പ്രചോദിപ്പിക്കുകയും ആത്മീയ ബലഹീനതയിൽ നിന്നും അഹങ്കാരത്തിൽ നിന്നും മായയിൽ നിന്നും സ്വാർത്ഥതയിൽ നിന്നും ക്രിസ്തീയ സ്വഭാവത്തെ വിരൂപമാക്കി കളയുന്ന എല്ലാത്തിൽ നിന്നും സ്വതന്ത്രമാക്കുകയും ചെയ്യുന്നു.

**(14) എങ്ങനെയാണ് ദൈവസ്നേഹം നമ്മുടെ ഹൃദയത്തിലേക്ക് കൈക്കൊള്ളുകയും ശേഷം മറ്റുള്ളവരിലേക്ക് പകരുകയും ചെയ്യുന്നത്?**

*പ്രത്യാശെക്കോ ഭംഗം വരുന്നില്ല; ദൈവത്തിന്റെ സ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ. (റോമർ: 5:5)*

ഒരിക്കലും പരാജയപ്പെടാത്ത ഒരു ക്ഷേമമെന്ന നിലയിൽ ക്രിസ്തുവിന്റെ ഹൃദയത്തിൽ നിന്ന് ഒഴുകുന്ന ശുദ്ധമായ സ്നേഹത്തിന്റെ അരുവികളാൽ നമ്മുടെ ആത്മാവിനെ പോഷിപ്പിക്കുന്നു.

ഹാ! സ്നേഹത്തിന്റെ ഈ കൂട്ടായ്മയിലൂടെ ഹൃദയം എങ്ങനെ ഉത്തേജിപ്പിക്കപ്പെടുന്നു, അതിന്റെ ഉദ്ദേശ്യങ്ങൾ എങ്ങനെ വളർത്തിയെടുക്കുന്നു, വാത്സല്യം എങ്ങനെ വർദ്ധിക്കുന്നു! പരിശുദ്ധാത്മാവിന്റെ അഭ്യാസനത്തിലും, അച്ചടക്കത്തിനും കീഴിൽ, ദൈവമക്കൾ പരസ്പരം സ്നേഹിക്കുന്നു, ശരിക്കും, ആത്മാർത്ഥമായി സ്നേഹത്താൽ ബാധിക്കപ്പെടുന്നു- "പക്ഷപാതമില്ലാതെ, കാപട്യമില്ലാതെ" ഹൃദയം യേശുവിനെ സ്നേഹിക്കുന്നതിനാലാണിത്. പരസ്പരം ഉള്ള നമ്മുടെ കരുതൽ ദൈവവുമായുള്ള നമ്മുടെ ശക്തമായ ബന്ധത്തിൽ നിന്ന് ഉത്ഭവിക്കുന്നു.

ലോകത്തിനു തന്റെ ഏകജാതനായ പുത്രന്റെ ദാനത്തിലുള്ള നമ്മുടെ സ്വർഗ്ഗീയപിതാവിന്റെ സ്നേഹം, ഓരോ ആത്മാവിനെയും പ്രചോദിപ്പിക്കാനും, കഠിനവും സ്നേഹമില്ലാത്തതുമായ എല്ലാ ഹൃദയങ്ങളെയും കുറ്റബോധത്തിലേക്കും ആർദ്രതയിലേക്കും ഉരുക്കുവാൻ പര്യാപ്തവുമാണ്; എന്നിട്ടും, ആർക്കുവേണ്ടി ക്രിസ്തു മരിച്ചോ, ദൈവത്തിന്റെ സ്നേഹത്തോടുള്ള അവരുടെ ബുദ്ധിശൂന്യതയും, ഹൃദയ കാഠിന്യവും, തങ്ങൾക്കു എല്ലാ നന്മകളും നല്കുന്നവനോടുള്ള നന്ദി ഇല്ലായ്മയും സ്നേഹക്കുറവും സ്വർഗ്ഗീയ ജ്ഞാനത്തിന് ദർശിക്കുവാൻ കഴിയുന്നു. ചെറിയ പ്രാധാന്യമുള്ള കാര്യങ്ങൾ സത്തയായതിന്റെ മുഴുവൻ ശക്തിയും ആഗിരണം ചെയ്യുമോ, ദൈവസ്നേഹത്തിലേക്കു തിരിച്ചുവരില്ലേ? നീതിയുടെ സൂര്യൻ വെറുതെ പ്രകാശിക്കുമോ? ദൈവം നമുക്കുവേണ്ടി ചെയ്തതുമായി താരതമ്യം ചെയ്യുമ്പോൾ, അവന്റെ പ്രതീക്ഷകൾക്ക് നാം കുറവായിരിക്കുമോ? സ്പർശ്യമല്ലാത്ത, ദൈവീക സ്നേഹത്താൽ

മതിപ്പുളവാക്കുവാൻ കഴിയാത്ത ഹൃദയങ്ങൾ ഉണ്ടോ? തിരഞ്ഞെടുക്കപ്പെട്ട പാത്രങ്ങളാകുവാൻ നാം തയ്യാറാണോ? ദൈവം നമ്മെ നോക്കിക്കാണുന്നില്ലേ? തന്റെ സന്ദേശത്തിന്റെ പ്രകാശം അയയ്ക്കാൻ അവൻ നമ്മോട് കൽപ്പിച്ചിട്ടില്ലേ?

വിശ്വാസത്തിന്റെ വർധന നമുക്ക് ആവശ്യമാണ്. അതിനുവണ്ടി നാം കാത്തിരുന്നു പ്രാർത്ഥിക്കണം, അതിനുവേണ്ടി പ്രവർത്തിക്കണം, അതിനുവേണ്ടി പരിശുദ്ധാത്മാവിനോട് യാചിക്കണം. അങ്ങനെയെങ്കിൽ ആത്മാവിന്റെ വന്മഴ നമ്മുടെ മേൽ അളവില്ലാതെ ചൊരിയും. അങ്ങനെ നാം ലോകത്തിന്റെ വെളിച്ചമായിത്തത്തീരും.

*സ്നേഹത്തിന്റെ സത്യമായ ഉറവിടവും, നിർവചനവും ദൈവമാണെന്നും, അവിടുത്തെ സ്നേഹം നിത്യമായതു ആണെന്നും ഇപ്പോൾ ഞാൻ മനസിലാക്കുന്നു.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

*ദൈവം എന്നെ സ്നേഹിക്കുകയും, എന്റെ പൂർണ്ണ ഹൃദയത്തോടെ അവനെ സ്നേഹിക്കുവാൻ തീരുമാനിക്കുന്നതിനുള്ള സ്വാതന്ത്ര്യവും ദൈവം എനിക്ക് നൽകിയതിൽ ഞാൻ അത്ഭുതത്തോടെ ദൈവത്തിനു നന്ദി പറയുന്നു.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

എന്നിൽ ദൈവ സ്നേഹം നിറയുകയും മറ്റുള്ളവരിലേക്ക് ആ സ്നേഹം പകരപ്പെടുകയും ചെയ്യുന്നില്ലെങ്കിൽ എനിക്ക് ഒരു ക്രിസ്ത്യാനി ആയിരിക്കുവാൻ സാധിക്കുകയില്ലെന്നു ഞാൻ മനസിലാക്കുന്നു. അവിടുന്ന് എന്നിൽ വസിക്കുവാനും എന്നിലൂടെ മറ്റുള്ളവർ ദൈവസ്നേഹത്താൽ സ്പർശിക്കപ്പെടുവാനും വേണ്ടി എന്നെ അങ്ങയുടെ മുൻപിൽ സമർപ്പിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ                തീരുമാനിച്ചില്ല

ദൈവവും അവിടുത്തെ നിയമവും സ്നേഹമാണെന്ന അനുഗ്രഹീതമായ യാഥാർത്ഥ്യം ഞാൻ അംഗീകരിക്കുന്നു. പൂർണ്ണ ഹൃദയത്തോടെ അവനെ സ്നേഹിക്കുവാൻ ഞാൻ തീരുമാനിക്കുന്നു. മാത്രമല്ല, എന്റെ ഉള്ളിൽ വസിക്കുന്ന അവിടുത്തെ പരിശുദ്ധാത്മാവിനാൽ എന്നെക്കാൾ അധികമായി മറ്റുള്ളവരെ സ്നേഹിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ                തീരുമാനിച്ചില്ല

ദൈവീക ഭരണം നീതിയിലും, ന്യായത്തിലും, കരുണയിലും സത്യത്തിലും അധിഷ്ഠാനമായതാണെന്നു ഞാൻ ഇപ്പോൾ മനസിലാക്കുന്നു. അനീതിപൂർണ്ണമായ എല്ലാ ലോക ഭരണ ക്രമങ്ങളും അവസാനിക്കുകയും ദൈവത്തിന്റെ ഭരണം എല്ലാറ്റിനും മീതെ

സ്ഥാപിക്കപ്പെടുകയും ചെയ്യുന്നതിനായി എല്ലാ ദൂതന്മാരോടൊപ്പം ഞാനും പ്രത്യാശയോടെ നോക്കി കാത്തിരിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

എനിക്കും പിതാവിനും ഇടയിൽ ദൈവസ്നേഹം സ്ഥാപിക്കുവാൻ ക്രിസ്തു പിതാവിനോട് അപേക്ഷിച്ചതിൽ ഞാൻ നന്ദി പറയുന്നു. പിതാവിന്റെ സ്നേഹത്തിന്റെ എല്ലാ നിറവും എന്റെ ഹൃദയത്തിൽ നിറയപ്പെടുവാൻ വേണ്ടിയും അതുമൂലമുള്ള സ്വഭാവ രൂപീകരണത്തിനും വേണ്ടി ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല



## അദ്ധ്യായം 2
## കരുതലിലൂടെ വെളിപ്പെട്ട ദൈവസ്നേഹം

**(1) യേശു ക്രിസ്തു എന്ന പരമമായ അനുഗ്രഹം മുതൽ നാം അനുഭവിക്കുന്ന എല്ലാ അനുഗ്രഹങ്ങളും ആരിൽ നിന്നും വരുന്നതാണ്?**

***എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽനിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നു ഇറങ്ങിവരുന്നു. അവന്നു വികാരമോ ഗതിഭേദത്താലുള്ള ആഛരാദനമോ ഇല്ല. (യാക്കോബ്: 1:17)***

സൃഷ്ടിപരമായ ശക്തിയുടെ ഓരോ പ്രകടനവും അനന്തമായ സ്നേഹത്തിന്റെ പ്രകടനമാണ്. സൃഷ്ടിക്കപ്പെട്ട എല്ലാ ജീവജാലങ്ങൾക്കും അനുഗ്രഹത്തിന്റെ സമ്പൂർണ്ണതയാണ് ദൈവത്തിന്റെ പരമാധികാരം.

ക്രിസ്തു എന്ന ദാനത്തിലൂടെയാണ് നമുക്ക് എല്ലാ അനുഗ്രഹങ്ങളും ലഭിക്കുന്നത്. ആ ദാനത്തിലൂടെ യഹോവയുടെ നന്മയുടെ പ്രവാഹം അനുദിനം നമ്മിലേക്ക് വരുന്നു. ഓരോ

പുഷ്പവും അതിമനോഹരമായ വർണ്ണങ്ങളും സൗരഭ്യവും നമ്മുടെ ആസ്വാദനത്തിനായി ആ ഒരു സമ്മാനത്തിലൂടെ നൽകപ്പെട്ടിരിക്കുന്നു. സൂര്യനും ചന്ദ്രനും അവനാണ് സൃഷ്ടിച്ചത്. ആകാശത്തെ മനോഹരമാക്കുന്ന നക്ഷത്രങ്ങളിൽ അവിടുന്ന് സൃഷ്ടിക്കാത്ത ഒരു നക്ഷത്രം പോലുമില്ല. ഓരോ തുള്ളി മഴയും, നമ്മുടെ നന്ദിയില്ലാത്ത ലോകത്തിന്മേൽ ചൊരിയുന്ന ഓരോ പ്രകാശകിരണവും ക്രിസ്തുവിലുള്ള ദൈവസ്നേഹത്തിന് സാക്ഷ്യം വഹിക്കുന്നു. വാക്കുകളാൽ വർണ്ണിക്കുവാൻ കഴിയാത്തവനായ ദൈവത്തിന്റെ ഏകപുത്രനിലൂടെ എല്ലാ നന്മകളും നമ്മിലേക്ക് പകർന്നു നൽകുന്നു. ഈ അനുഗ്രഹങ്ങളെല്ലാം ദൈവത്തിന്റെ പ്രവർത്തി വൈദഗ്ദ്യത്തിലൂടെ മനുഷ്യരിലേക്ക് ഒഴുകുന്നതിനായി ദൈവം അവനെ ക്രൂശിൽ തറച്ചു.

**(2) അവിടുത്തെ മഹാസ്നേഹത്താൽ നമ്മിൽ അധികമായി ഭരമേല്പിക്കുന്നതു എന്താണ്?**

***കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാ സ്നേഹംനിമിത്തം നമ്മെ ജീവിപ്പിച്ചു. (എഫെസ്യർ: 2:4)***

ദൈവം കരുണയുള്ളവൻ മാത്രമല്ല; തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടും കരുണ കാണിക്കാൻ തക്കവണ്ണം അവൻ കരുണയിൽ സമ്പന്നനും ആണ്, കാരണം അവർ അതിന് യോഗ്യരല്ല, മറിച്ച് കരുണ നൽകുന്നത് ദൈവത്തിന്റെ പ്രസാദമാണ് (തീത്തോസ്:3:5; 1പത്രോസ്:1:3).

ദൈവത്തിന്റെ സ്നേഹം അവിടുത്തെ അനുകമ്പയേക്കാൾ വലിയതാണ്; അത് മനുഷ്യർക്ക് പ്രയോജനപ്രദവും മാറ്റമില്ലാത്തതുമാണ്. “നാം

പാപികളായിരിക്കുമ്പോൾ തന്നെ” ദൈവം നമ്മെ സ്നേഹിച്ചു (റോമ:5:8 കാണുക), ഒരിക്കലും നമ്മെ സ്നേഹിക്കുന്നത് അവസാനിപ്പിക്കുകയുമില്ല. ഈ സ്നേഹമാണ് രക്ഷയുടെ പ്രവർത്തികൾക്കായി അവനെ പ്രേരിപ്പിച്ചത് (യോഹന്നാൻ:3:16). അവന്റെ സ്വഭാവത്തിന്റെ ഏറ്റവും വലിയ സവിശേഷതയാണ് സ്നേഹം (1യോഹന്നാൻ:4:8), ക്രിസ്തു എന്ന വ്യക്തിത്ത്വത്തിൽ അതിന്റെ ഏറ്റവും ഉയർന്ന ആവിഷ്കാരം കണ്ടെത്തുന്നു. നാം പാപികളായതുകൊണ്ട് ദൈവം നമ്മോട് കരുണ കാണിക്കുന്നു, നാം അവന്റെ സൃഷ്ടികളായതിനാൽ അവൻ നമ്മെ സ്നേഹിക്കുന്നു. മനുഷ്യനുവേണ്ടിയുള്ള അവന്റെ മഹത്തായ പ്രവർത്തനം കേവലം നന്മയുടെയോ ദാനധർമ്മത്തിന്റെയോ ഒരു പ്രവൃത്തിയായിരുന്നില്ല; അത് വാത്സല്യത്തിന്റെയും സ്നേഹത്തിന്റെയും പ്രവൃത്തിയായിരുന്നു.

**(3) സകലത്തിന്റെയും സൃഷ്ടികർത്താവായ ശ്രേഷ്ഠ കലാകാരന്റെ മഹത്വവും, പ്രവർത്തികളുടെ പൂർണ്ണതയും, സ്നേഹത്താലുള്ള സുരക്ഷിതത്ത്വവും എവിടെ നോക്കിയാൽ നമുക്ക് കാണുവാൻ കഴിയും?**

***ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു. (സങ്കീർത്തനങ്ങൾ: 19:1)***

എത്ര അത്ഭുതകരമാംവിധം, അതിശയമാം സൗന്ദര്യത്തോടെ, പ്രകൃതിയിലെ എല്ലാം രൂപകൽപ്പന ചെയ്തിരിക്കുന്നു. മഹാനായ ശില്പിയുടെ സൃഷ്ടിപ്പിന്റെ മികവുകൾ എല്ലായിടത്തും നമുക്ക്

ദർശിക്കുവാൻ കഴിയും. ആകാശം അവന്റെ മഹത്ത്വത്തെ വർണ്ണിക്കുന്നു; മനുഷ്യന്റെ സന്തോഷത്തിനായി സൃഷ്ടിച്ച ഭൂമി, അവന്റെ സമാനതകളില്ലാത്ത സ്നേഹത്തെക്കുറിച്ച് നമ്മോട് സംസാരിക്കുന്നു. അതിന്റെ ഉപരിതലം ഒരു ഏകതാനമായ സമതലമല്ല; എന്നാൽ പുരാതന പർവതങ്ങൾ ഭൂപ്രകൃതിയെ വൈവിധ്യവത്കരിക്കുന്നു. തരള പ്രഭയാർന്ന അരുവികളും ഫലഭൂയിഷ്ഠമായ താഴ്വരകളും, മനോഹരമായ തടാകങ്ങളും, വിശാലമായ നദികളും, അതിരുകളില്ലാത്ത സമുദ്രവുമുണ്ട്. ദാഹിക്കുന്ന ഭൂമിയെ ഉന്മേഷവതി ആക്കുവാനായി ദൈവം മഞ്ഞും മഴയും അയയ്ക്കുന്നു. അന്തരീക്ഷത്തെ ശുദ്ധീകരിക്കുകയും തണുപ്പിക്കുകയും ചെയ്യുന്നതിലൂടെ ആരോഗ്യത്തെ ഉദ്ദീപിപ്പിക്കുന്ന കാറ്റുകൾ പോലും അവന്റെ ജ്ഞാനത്തിന്റെ നിയന്ത്രണത്തിലാണ്. രാവും പകലും അടയാളപ്പെടുത്തുന്നതിനായി അവൻ സൂര്യനെ ആകാശത്ത് സ്ഥാപിച്ചിരിക്കുന്നു, കൂടാതെ അതിന്റെ പ്രസന്ന കിരണങ്ങൾ ഭൂമിക്ക് പ്രകാശവും ഊഷ്മളതയും നൽകുകയും സസ്യങ്ങൾ തഴച്ചുവളരുവാൻ സഹായിക്കുകയും ചെയ്യുന്നു.

ദൈവത്തിന്റെ ഔദാര്യമുള്ള കരങ്ങളിൽ നിന്നുള്ള ഈ അനുഗ്രഹങ്ങളിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഓരോ പുതിയ പ്രഭാതത്തിന്റെയും പുതിയ ഉണർവുകൾ അവന്റെ സ്നേഹപൂർവമായ പരിചരണത്തിന്റെ അടയാളങ്ങൾക്കായി നിങ്ങളുടെ ഹൃദയങ്ങളിൽ നിറയട്ടെ. എന്നാൽ കരുണാമയനായ സ്വർഗ്ഗീയപിതാവ് നമ്മുടെ സന്തോഷം

വർദ്ധിപ്പിക്കുന്നതിനായി ധാരാളം കാര്യങ്ങൾ നൽകുന്നതോടൊപ്പം, മറഞ്ഞിരിക്കുന്ന അനുഗ്രഹങ്ങളും നൽകിയിരിക്കുന്നു. വീണുപോയ മനുഷ്യന്റെ ആവശ്യകതകൾ അവൻ മനസ്സിലാക്കുന്നു; ഒരു വശത്ത് അവൻ നമുക്ക് നേട്ടങ്ങൾ നൽകിയിട്ടുണ്ട്, എന്നാൽ തോടൊപ്പം മറുവശത്ത് വൈഷമ്യകരമായ കര്യങ്ങളുണ്ട്, അവ ദൈവം നൽകിയ കഴിവ് ഉപയോഗിക്കാൻ നമ്മെ ഉത്തേജിപ്പിക്കുന്നു. അവ നമ്മിൽ ക്ഷമയുടെ പ്രകടനവും, സ്ഥിരോത്സാഹം, ധൈര്യം എന്നിവ വളർത്തുന്നു.

**(4) ദൈവം തന്റെ സ്നേഹത്തിൽ സൗജന്യമായി നമുക്ക് നൽകിയിരിക്കുന്ന അനവധി ഉപകാരങ്ങളിൽ മറന്നുപോകരുതെന്നു നമ്മെ ഓർമ്മപ്പെടുത്തിയിട്ടുള്ള അഞ്ച് കാര്യങ്ങൾ ഏതെല്ലാമാണ്?**

*എൻ മനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുതു. അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു; നിന്റെ സകലരോഗങ്ങളെയും സൌഖ്യമാക്കുന്നു; അവൻ നിന്റെ ജീവനെ നാശത്തിൽനിന്നു വീണ്ടെടുക്കുന്നു; അവൻ ദയയും കരുണയും നിന്നെ അണിയിക്കുന്നു. നിന്റെ യൌവനം കഴുകനെപ്പോലെ പുതുകിവരത്തക്കവണ്ണം അവൻ നിന്റെ വായക്കു നന്മകൊണ്ടു തൃപ്തിവരുത്തുന്നു. (സങ്കീർത്തനങ്ങൾ: 103:2-5)*

നമ്മുടെ ഹൃദയ തുടിപ്പുകളിലൂടെയും, ശ്വസന പ്രവർത്തനങ്ങളിലൂടെയും, ശരീരത്തിന്റെ ആയിരം വ്യത്യസ്ത ചാനലുകളിലൂടെ സഞ്ചരിക്കുന്ന ജീവന്റെ പ്രവാഹങ്ങൾ എന്നിവയിലൂടെ എല്ലാം ദൈവത്തിന്റെ ശക്തി പ്രകടമാകുന്നു.

അസ്തിത്വത്തിന്റെ ഓരോ നിമിഷത്തിനും ജീവിതത്തിന്റെ എല്ലാ സുഖങ്ങൾക്കും നമ്മൾ അവനോട് കടപ്പെട്ടിരിക്കുന്നു. എളിയ സൃഷ്ടികളേക്കാൾ മനുഷ്യനെ ഉയർന്നവനാക്കുന്ന ശക്തികളും കഴിവുകളും സ്രഷ്ടാവിന്റെ ദാനമാണ്.

നാം കഴിക്കുന്ന ഭക്ഷണം, കുടിക്കുന്ന വെള്ളം, ധരിക്കുന്ന വസ്ത്രങ്ങൾ, ശ്വസിക്കുന്ന വായു എന്നിവയ്ക്കായി നാം അവനോട് കടപ്പെട്ടിരിക്കുന്നു. അവിടുത്തെ പ്രത്യേക കരുതൽ ഇല്ലെങ്കിൽ വായു പകർച്ചവ്യാധിയും വിഷവും കൊണ്ട് നിറയും. അവൻ നീതിമാനായ ഉപകാരിയും സംരക്ഷകനുമാണ്. ഭൂമിയിൽ പ്രകാശിക്കുകയും എല്ലാം, പ്രകൃതിയെ മഹത്വപ്പെടുത്തുന്ന സൂര്യനും, ശാന്തമായ കിരണങ്ങൾ പകരുന്ന ചന്ദ്രന്റെ പ്രകാശവും, തിളക്കമാർന്ന നക്ഷത്രങ്ങളാൽ പരന്നു കിടക്കുന്ന ആകാശവിതാനങ്ങളുടെ തേജസും, ഭൂമിയെ ഉന്മേഷവത്കരിക്കുകയും സസ്യങ്ങൾ തഴച്ചുവളരുകയും ചെയ്യുന്ന മഹത്ത്വമുള്ള പ്രകൃതിയുടെ എല്ലാ സമൃദ്ധികളിലും, ഉയരമുള്ള മരങ്ങൾ, കുറ്റിച്ചെടികളും സസ്യങ്ങളും, ഉലയുന്ന ധാന്യ ചെടികൾ, നീലാകാശം, പച്ച ഭൂമി, രാവും പകലും വരുത്തുന്ന മാറ്റങ്ങൾ, പ്രകൃതിയെ പുതുക്കുന്ന ഋതുക്കൾ, എല്ലാം സ്രഷ്ടാവിന്റെ സ്നേഹത്തെപ്പറ്റി മനുഷ്യരോട് സംസാരിക്കുന്നു.

സ്വർഗത്തിലും ഭൂമിയിലുമുള്ള ഈ സ്മാരക ചിഹ്നങ്ങളാൽ അവൻ നമ്മെ അവനുമായി ബന്ധിപ്പിച്ചിരിക്കുന്നു. ഒരു അമ്മ തന്റെ കുഞ്ഞിനെ കരുതുന്നതിനേക്കാൾ ആർദ്രതയോടെ അവൻ നമ്മെ കരുതുന്നു. “അപ്പന് മക്കളോട് കരുണ തോന്നുന്നതുപോലെ,

യഹോവ തന്നെ ഭയപ്പെടുന്നവരോടു കരുണ കാണിക്കുന്നു."

**(5) നമ്മോടുള്ള അവന്റെ സ്നേഹത്താൽ, ക്രിസ്തുവിനെ ദൈവം അഭിഷേകം ചെയ്തു ഭൂമിലയിലേക്കു അയച്ചിരിക്കുന്നത് അഞ്ചുവിധത്തിലുള്ള പ്രത്യേക കർത്തവ്യങ്ങൾ നിറവേറ്റേണ്ടതിനാണ്. ഏതെല്ലാം ആണ് അവ?**

***"ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെമേൽ ഉണ്ടു; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു" (ലൂക്കോസ്: 4:18)***

ഇതായിരുന്നു അവന്റെ പ്രവർത്തികൾ. അവൻ നന്മ ചെയ്യുകയും ദുരാത്മാക്കൾ ബാധിച്ചവരെയെല്ലാം സുഖപ്പെടുത്തുകയും ചെയ്തു. വ്യാധികളാൽ ഭാരപ്പെടാത്ത വീടുകൾ ഇല്ലാത്ത ഒരു ഗ്രാമങ്ങളും അവിടെ ഉണ്ടായിരുന്നില്ല. അവൻ അവയിലൂടെ കടന്നുപോവുകയും അവരുടെ എല്ലാ രോഗികളെയും സുഖപ്പെടുത്തുകയും ചെയ്തു. അവന്റെ പ്രവൃത്തി തന്മേലുള്ള ദിവ്യ അഭിഷേകത്തിന്റെ തെളിവ് നൽകി. അവന്റെ ജീവിതത്തിലെ ഓരോ പ്രവൃത്തിയിലൂടെയും സ്നേഹം, കരുണ, സഹാനുഭൂതി എന്നിവ വെളിപ്പെടുത്തി; അവന്റെ ഹൃദയത്തിൽ മനുഷ്യ പുത്രന്മാരോട് സഹതാപം തോന്നി. മനുഷ്യന്റെ ആവശ്യം നിറവേറ്റുന്നതിനായി അവൻ മനുഷ്യന്റെ സ്വരൂപം സ്വീകരിച്ചു. ദരിദ്രരും എളിയവരും അവനെ സമീപിക്കാൻ ഭയപ്പെട്ടില്ല.

കൊച്ചുകുട്ടികൾ പോലും അവനിലേക്ക് ആകർഷിക്കപ്പെട്ടു. അവന്റെ കാൽമുട്ടിന്മേൽ കയറാനും സ്നേഹത്തോടെ തീക്ഷ്ണമായ മുഖത്തേക്ക് നോക്കാനും അവർ ഇഷ്ടപ്പെട്ടു.

ഒരു വീണ്ടെടുപ്പുകാരനായി ദൈവപുത്രൻ ലോകത്തിലേക്കു വന്നു. അവൻ വഴിയും സത്യവും ജീവനും ആയിരുന്നു. അവൻ പറഞ്ഞ ഓരോ വാക്കുകളും ആത്മാവും ജീവനും ആയിരുന്നു. അവൻ അധികാരത്തോടെ സംസാരിച്ചു, മനുഷ്യരാശിയെ അനുഗ്രഹിക്കുവാനുള്ള തന്റെ കഴിവിനെപ്പറ്റി ബോധ്യവാനായിരുന്നു; സാത്താനാൽ ബന്ധിതരായവരെ വിടുവിച്ചു; തന്റെ സാന്നിധ്യത്താൽ ലോകത്തിലേക്ക് സന്തോഷത്തിന്റെ പൂർണ്ണത കൊണ്ടുവരാൻ അവനു കഴിയുമെന്ന ഉറപ്പും ഉണ്ടായിരുന്നു. മനുഷ്യകുടുംബത്തിലെ അടിച്ചമർത്തപ്പെട്ടതും ദുരിതമനുഭവിക്കുന്നതുമായ എല്ലാ അംഗങ്ങളെയും സഹായിക്കാൻ അവൻ ആഗ്രഹിച്ചു, ആരെയും കുറ്റം വിധിക്കാതെ, അനുഗ്രഹിക്കുകയെന്നത് തന്റെ അവകാശമാണെന്ന് കാണിച്ചുകൊടുത്തു.

**(6) ദൈവത്തിന്റെ പക്കൽ നിന്ന് ദൈവമക്കൾക്കു പ്രതീക്ഷിക്കുകയും, ആശ്രയിക്കുകയും ചെയ്യാവുന്ന അവിടുത്തെ സ്നേഹത്തിന്റെ സാക്ഷ്യം എന്താണ്?**

*എല്ലാവരുടെയും കണ്ണു നിന്നെ നോക്കി കാത്തിരിക്കുന്നു; നീ തത്സമയത്തു അവർക്കു ഭക്ഷണം കൊടുക്കുന്നു. നീ തൃക്കൈ തുറന്നു ജീവനുള്ളതിന്നൊക്കെയും പ്രസാദംകൊണ്ടു തൃപ്തിവരുത്തുന്നു. (സങ്കീർത്തനങ്ങൾ: 145:15-16)*

*ദൈവം സ്നേഹമാണെന്ന് വിടർന്നു വരുന്ന ഓരോ നാമ്പിലും എഴുതി വച്ചിരിക്കുന്നു, വസന്തകാലത്തിൽ മുളക്കുന്ന ഓരോ പുൽനാമ്പുകളിലും അത് എഴുതിയിരിക്കുന്നു. സന്തോഷകരമായ ഗാനങ്ങളാൽ അന്തരീക്ഷത്തെ ശ്രവണ സുന്ദരമാക്കുന്ന മനോഹര പക്ഷികളും, മനോഹര വർണ്ണങ്ങളാൽ നെയ്തെടുത്ത പുഷ്പങ്ങളുടെ സൗന്ദര്യപൂർണ്ണതയും സുഗന്ധവും നിറഞ്ഞ അന്തരീക്ഷവും, പച്ചിലച്ചാർത്തിന്റെ ചിത്രം വിരിച്ചു പച്ചപട്ടുവിരിച്ചപോലെ പ്രൗഢിയോടെ ഉയർന്നു നിൽക്കുന്ന അടവി വൃക്ഷങ്ങളും, ദൈവത്തിന്റെ വാത്സല്യവും, പിതൃതുല്യമായ കരുതലും, തന്റെ മക്കളെ സന്തോഷിപ്പിക്കേണം എന്നുള്ള അവിടുത്തെ ആഗ്രഹവും വെളിപ്പെടുത്തുന്നു.*

രക്ഷയുടെ അനുഗ്രഹങ്ങൾ എല്ലാ മനുഷ്യവർഗത്തിനും, താൽക്കാലികവും ആത്മീയവുമാണ്. ലോകം വളരെയധികം ആവശ്യങ്ങളും കഷ്ടപ്പാടുകളും നിറഞ്ഞതിനാൽ ദൈവത്തെക്കുറിച്ച് പരാതിപ്പെടുന്ന ധാരാളം പേരുണ്ട്; എന്നാൽ ഈ ദുരിതം നിലനിൽക്കണമെന്ന് ദൈവം ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല. ഒരു മനുഷ്യന് ജീവിതത്തിന്റെ എല്ലാ വിധ ആഡംബരങ്ങളും ധാരാളമായി ഉണ്ടാകണമെന്നും, മറ്റുള്ളവരുടെ മക്കൾ അന്നത്തിനായി കരയണം എന്നും അവിടുന്ന് ഒരിക്കലും ഉദ്ദേശിച്ചിരുന്നില്ല. ദൈവം ദയാലുവാണ്. എല്ലാവരുടെയും ആവശ്യങ്ങൾക്കായി അവൻ ധാരാളം വിഭവങ്ങൾ നൽകിയിട്ടുണ്ട്, എന്നാൽ, താന്താന്റെ സാധനങ്ങൾ ഏൽപ്പിച്ചിരിക്കുന്ന പ്രതിനിധികളിലൂടെ, എല്ലാ സൃഷ്ടികളുടെയും ആവശ്യങ്ങൾ

നിറവേറ്റാൻ വേണ്ട പദ്ധതി അവൻ രൂപകൽപ്പന ചെയ്തിരിക്കുന്നു.

**(7) നമ്മെ സംരക്ഷിക്കുകയും, നമുക്കായി കരുതുകയും ചെയ്യാമെന്ന ദൈവത്തിന്റെ വലിയ സ്നേഹവും വാഗ്ദത്തവും നിമിത്തം ഭാവികാലത്തേക്കു വേണ്ടി ചെയ്യുവാൻ ദൈവം നമ്മോടു പറഞ്ഞിട്ടുള്ള രണ്ടു കാര്യങ്ങൾ എന്തെല്ലാമാണ്?**

***മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും. അതുകൊണ്ടു നാളെക്കായി വിചാരപ്പെടരുതു; നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ; അതതു ദിവസത്തിന്നു അന്നന്നത്തെ ദോഷം മതി ” (മത്തായി: 6:33-34)***

അസ്വസ്ഥതയ്ക്കും അസന്തുഷ്ടിക്കും ഞങ്ങളിൽ കാരണമാകുന്ന ഭാവിയിലേക്ക് നോക്കാൻ ഞങ്ങൾ അശക്തനാണ്. എന്നാൽ, നാളത്തെ സംഭവങ്ങളെ അവൻ മറച്ചുവെക്കുന്നത് ദൈവത്തിന്റെ സ്നേഹദയയുടെ ഏറ്റവും വലിയ തെളിവാണ്. നാളെയെക്കുറിച്ചുള്ള നമ്മുടെ അജ്ഞത ഇന്നിനെക്കുറിച്ച് കൂടുതൽ ജാഗ്രതയും ഉത്സാഹവും ഉള്ളവരാക്കി നമ്മെ മാറ്റുന്നു. നമുക്ക് എന്തിനെയാണ് അഭിമുഖീകരിക്കുവാൻ ഉള്ളതെന്ന് കാണാൻ കഴിയില്ല. നമ്മുടെ ഏറ്റവും മികച്ച പദ്ധതികൾ ചിലപ്പോൾ വിവേകശൂന്യവും തെറ്റായതുമാണെന്ന് തോന്നാം. “നമ്മുടെ ഭാവി അറിയാൻ കഴിയുമായിരുന്നെങ്കിൽ!” എന്ന് നാം പലപ്പോഴും ചിന്തിക്കുന്നു. എന്നാൽ ദൈവം തന്റെ മക്കളെ തന്നിൽ ആശ്രയിക്കുകയും അവൻ അവരെ നയിക്കുന്നിടത്തേക്ക് പോകാൻ തയ്യാറുള്ളവർ ആക്കുകയും ചെയ്യുന്നു.

നമ്മുടെ കർത്താവ് സ്വർഗ്ഗത്തിലെ മേഘങ്ങളിൽ വെളിപ്പെടുന്ന കൃത്യമായ സമയം നമുക്കറിയില്ല, എന്നാൽ അവന്റെ വരവിനുവേണ്ടി നോക്കി പാർത്തുകൊണ്ടു, എടുക്കപ്പെടുവാൻ തയ്യാറുള്ളവരായി ഇരിക്കുക എന്നതാണ് നമ്മുടെ ഏക സുരക്ഷ എന്ന് അവിടുന്ന് നമ്മോട് പറഞ്ഞിട്ടുണ്ട്. ഒന്നോ, അഞ്ചോ, പത്തോ വർഷം നമ്മൾ കാത്തിരിക്കേണ്ടി വന്നാലും അധൈര്യപ്പെട്ടു പോകരുത്, നമ്മുടെ വിശ്വാസത്തോട് വിശ്വസ്ഥരായിരിക്കേണം. ഓരോ ദിവസവും ഉള്ള ചുമതലകൾ തങ്ങളുടെ അവസാനത്തെ കടമകൾ എന്നപോലെ വിശ്വസ്തതയോടെ നിർവഹിക്കണം.

**(8) നമ്മെ നാശത്തിൽ നിന്നും വിടുവിക്കാനായി എല്ലാ പ്രഭാതത്തിലും ദൈവം വിശ്വസ്തതയോടെ പുതുക്കുന്ന അവൻറെ സ്വാഭാവത്തിന്റെ രണ്ടു സവിശേഷതകൾ ഏതെല്ലാമാണ്?**

***നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ; അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്ഥത വലിയതും ആകുന്നു. (വിലാപങ്ങൾ 3:22-23)***

നാം എത്രമാത്രം നന്ദിയുള്ളവരായിരിക്കണമെന്ന് നമ്മളിൽ ആരെങ്കിലും ഉചിതമായി ചിന്തിച്ചിട്ടുണ്ടോ? കർത്താവിന്റെ കരുണ എല്ലാ ദിവസവും രാവിലെ പുതിയതാണെന്നും അവന്റെ വിശ്വസ്തത പരാജയപ്പെടുന്നില്ലെന്നും നാം ഓർക്കുന്നുണ്ടോ? നാം അവനിൽ ആശ്രയിക്കുന്നതിനെ അംഗീകരിക്കുകയും അവന്റെ എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പ്രകടിപ്പിക്കുകയും ചെയ്യുന്നുണ്ടോ?

നേരെമറിച്ച്, "നല്ലതും പരിപൂർണ്ണവുമായ എല്ലാ ദാനങ്ങളും ഉയരത്തിൽ നിന്നുള്ളതാണെന്നും വെളിച്ചങ്ങളുടെ പിതാവിൽ നിന്ന് വരുന്നു" എന്നും നാം പലപ്പോഴും മറക്കുന്നു.

ആരോഗ്യമുള്ളവർ എത്രയോ തവണ, ദൈവം ദിവസം തോറും, വർഷം തോറും ചെയ്തുകൊണ്ടിരിക്കുന്ന അത്ഭുതകരമായ കരുണയെ മറക്കുന്നു. ദൈവം ചെയ്യുന്ന എല്ലാ ഉപകാരങ്ങൾക്കും വേണ്ടി അവർ ദൈവത്തെ സ്തുതിക്കുകയും നന്ദി അർപ്പിക്കുകയും ചെയ്യുന്നില്ല. എന്നാൽ രോഗം വരുമ്പോൾ ദൈവത്തെ ഓർക്കുകയും അതിൽനിന്നു വിടുതലിനുവേണ്ടി ഉള്ള ശക്തമായ ആഗ്രഹം ആത്മാർത്ഥമായ പ്രാർത്ഥനയിലേക്ക് നയിക്കുകയും ചെയ്യുന്നു; അത് വളരെ നല്ലതാണ്. ആരോഗ്യം ഉള്ള സമയത്തെ പോലെ രോഗങ്ങളുടെ സമയത്തും ദൈവം നമ്മുടെ സങ്കേതമാണ്. എന്നാൽ പലരും തങ്ങളുടെ പ്രശ്നങ്ങൾ പൂർണ്ണമായി അവനിൽ സമർപ്പിക്കുന്നില്ല; തങ്ങളെക്കുറിച്ച് ചിന്താകുലർ ആകുന്നതിലൂടെ അവർ ബലഹീനരും രോഗികളും ആയിത്തീരുന്നു. എന്നാൽ അവർ വ്യാകുലപ്പെടുന്നത് അവസാനിപ്പിക്കുകയും ക്ലേശങ്ങളും, പ്രയാസങ്ങളും അതിജീവിച്ച് ഉയരുകയും ചെയ്താൽ, അവരുടെ വിടുതൽ കൂടുതൽ ഉറപ്പാണ്. ആരോഗ്യത്തിന്റെ അനുഗ്രഹം അവർ എത്രത്തോളം ആസ്വദിച്ചുവെന്ന് അവർ നന്ദിയോടെ ഓർക്കണം; ഈ വിലയേറിയ വരം അവർക്ക് പുനഃസ്ഥാപിക്കണമെങ്കിൽ, അവർ തങ്ങളുടെ സ്രഷ്ടാവിനോടുള്ള പുതിയ ഉടമ്പടിയിൽ ആണെന്ന് മറന്നുപോകാതിരിക്കേണം.

പത്ത് കുഷ്ഠരോഗികൾ സൗഖ്യം പ്രാപിച്ചവരിൽ ഒരാൾ മാത്രമേ നന്ദി പറയുവാൻ യേശുവിന്റെ അരികിലേക്ക് മടങ്ങി വന്നുള്ളൂ. ദൈവം കരുണചെയ്തിട്ടും അത് ഹൃദയത്തിൽ സ്പർശിക്കാത്തതും, നന്ദിയില്ലാത്തതും ആയ ആ ഒൻപതുപേരെപോലെ നമ്മളും ആകരുത്,

**(9) ദൈവസ്നേഹത്തിൽ നിന്നും നമ്മെ വേർപിരിക്കുവാൻ കഴിയാത്തവ ആയി പൗലോസ് പറയുന്ന എല്ലാം അടങ്ങിയ ആ പത്ത് കാര്യങ്ങൾ ഏതെല്ലാമാണ്?**

***മരണത്തിന്നോ ജീവന്നോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിന്നോ വരുവാനുള്ളതിന്നോ ഉയരത്തിന്നോ ആഴത്തിന്നോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേറുപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു. (റോമർ 8:38-39)***

ജീവനുള്ള ക്രിസ്തുവുമായി സമ്പർക്കം പുലർത്തുകയാണെങ്കിൽ, ഒരിക്കലും കൈവിടാത്ത കരത്താൽ അവൻ നിങ്ങളെ മുറുകെ പിടിക്കും. ദൈവത്തിനു നമ്മോടുള്ള സ്നേഹം അറിയുകയും വിശ്വസിക്കുകയും ചെയ്യുക, ആ സ്നേഹത്തിൽ നിങ്ങൾ സുരക്ഷിതരാണ്; ആ സ്നേഹം സാത്താന്റെ എല്ലാ വ്യാമോഹങ്ങൾക്കും ആക്രമണങ്ങൾക്കും എതിരായി സംരക്ഷണം തീർക്കുന്ന അദൃശ്യമായ ഒരു കോട്ടയാണ്. "യഹോവയുടെ നാമം ബലമുള്ള ഗോപുരം; നീതിമാൻ അതിലേക്കു ഓടിച്ചെന്നു അഭയം പ്രാപിക്കുന്നു."(സദൃശവാക്യങ്ങൾ:18:10).

ദൈവസ്നേഹത്തിൽ നിന്നും നമ്മെ വേർപിരിക്കുവാൻ കഴിയാത്ത പത്ത് കാര്യങ്ങളെക്കുറിച്ച് അപ്പോസ്തലനായ പൗലോസ് വിവരിക്കുന്നു. ദൈവസ്നേഹത്തിൽ നിന്നും നമ്മെ അകറ്റും എന്ന് കണ്ടു ഒഴിവാക്കിയേക്കാവുന്ന എന്തും ഉൾപ്പെടുത്താൻ പറ്റുന്നതുപോലെ വിശാലമാണ് ഈ പത്ത് കാര്യങ്ങളും. എല്ലാ നിബന്ധനകളും അവയുടെ പൊതുവായ അർത്ഥത്തിൽ എടുക്കേണ്ടതാണ്. സൃഷ്ടിക്കപ്പെട്ട ഈ പ്രപഞ്ചത്തിലെ യാതൊന്നിനും ഒരു ക്രിസ്ത്യാനിയും അവന്റെ സ്നേഹനിധിയായ രക്ഷകനും തമ്മിൽ അകലം സൃഷ്ടിക്കുവാൻ കഴിയുകയില്ല എന്ന പൗലോസിന്റെ നിലപാടിനെ ഊന്നിപ്പറയാൻ ഇവിടെ പറഞ്ഞിരിക്കുന്ന വസ്തുതകളുടെ അനിശ്ചിതത്വം സഹായിക്കുന്നു.

**(10) അവന്റെ പുത്രനെന്ന പ്രരമപ്രധാനമായ ദാനത്തോടൊപ്പം, ദൈവത്തിന്റെ ഹിത്രപ്രകാരം വിശ്വാസത്തോടെ അപേക്ഷിച്ചാൽ നമുക്ക് അവകാശമാക്കുവാൻ കഴിയുന്ന വാഗ്ദത്തം ഏതാണ്?**

***സ്വന്തപുത്രനെ ആദരിക്കാതെ നമുക്കു എല്ലാവർക്കും വേണ്ടി ഏല്പിച്ചുതന്നവൻ അവനോടുകൂടെ സകലവും നമുക്കു നല്കാതിരിക്കുമോ?? (റോമർ: 8:32)***

ക്രിസ്തുവിന്റെ യോഗ്യതകളിലൂടെ നമുക്ക് നിത്യശക്തിയുടെ സിംഹാസന ത്തിലേക്ക് പ്രവേശനം ലഭിച്ചു... "സ്വന്തപുത്രനെ ആദരിക്കാതെ നമുക്കു എല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്നവൻ അവനോടുകൂടെ സകലവും നമുക്കു നല്കാതിരിക്കുമോ?" (റോമർ 8:32). പിതാവ് തന്റെ പുത്രന് അളവില്ലാതെ തന്റെ ആത്മാവിനെ നൽകി, അതിന്റെ പൂർണതയിൽ

നാമും പങ്കാളികളാകുന്നു. യേശു, പറയുന്നു: "അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവു തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും?" (ലൂക്കോസ്:11:13). “നിങ്ങൾ എന്റെ നാമത്തിൽ എന്നോടു അപേക്ഷിക്കുന്നതു ഒക്കെയും ഞാൻ ചെയ്തുതരും.” "അപേക്ഷിപ്പിൻ; എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നിങ്ങൾക്കു ലഭിക്കും;" (യോഹന്നാൻ:14:14; 16:24).

**(11) ഈ വാക്യങ്ങളിൽ വിവരിച്ചിരിക്കുന്ന എന്ത് അത്ഭുത പദവിയാണ് യേശുവിനെ അറിയുവാനും അംഗീകരിക്കുവാനും സന്നദ്ധരാകുന്നവർക്കു ദൈവം സമ്മാനിക്കുന്നത്?**

***കാണ്മിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു; അങ്ങനെ തന്നേ നാം ആകുന്നു. ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ടു നമ്മെയും അറിയുന്നില്ല.* (1 യോഹന്നാൻ: 3:1)**

നമ്മുടെ വീണ്ടെടുപ്പിനായി നൽകിയ വില, നമുക്കുവേണ്ടി മരിക്കാൻ തന്റെ പുത്രനെ നൽകുന്നതിൽ കൂടി വെളിപ്പെട്ട സ്വർഗ്ഗീയപിതാവിന്റെ അനന്തമായ ത്യാഗം, എന്നിവ ക്രിസ്തുവിലൂടെ നാം എന്തായിത്തീരുമെന്നതിനെക്കുറിച്ചുള്ള ഉയർന്ന ധാരണകൾ നൽകുന്നു. നാശത്തിൽ പതിച്ച മനുഷ്യ വർഗ്ഗത്തോടുള്ള പിതാവിന്റെ സ്നേഹത്തിന്റെ ഉയരം, ആഴം, വീതി എന്നിവ ആത്മനിറവിൽ യോഹന്നാൻ കണ്ടപ്പോൾ, അവൻ ആരാധനയും ബഹുമാനവും കൊണ്ട് നിറഞ്ഞു; ഈ

സ്നേഹത്തിന്റെ മഹത്വവും ആർദ്രതയും പ്രകടിപ്പിക്കാൻ അനുയോജ്യമായ വാക്കുകൾ കണ്ടെത്തുന്നതിൽ പരാജയപ്പെട്ട യോഹന്നാൻ, അത് നേരിട്ട് നോക്കികാണുന്നതിനു ലോകത്തോട് ആഹ്വാനം ചെയ്തു. "കാണ്മിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു." (1യോഹന്നാൻ:3:1).

ഇത് മനുഷ്യന് എന്ത് വിലയാണ് നൽകുന്നത്! അതിക്രമത്തിലൂടെ മനുഷ്യപുത്രന്മാർ സാത്താന്റെ അടിമകൾ ആയിത്തത്തീരുന്നു, എന്നാൽ ക്രിസ്തുവിന്റെ പ്രായശ്ചിത്ത യാഗത്തിലുള്ള വിശ്വാസത്താൽ ആദാമിന്റെ പുത്രന്മാർക്കു ദൈവമക്കളാകുവാനും കഴിയും. മനുഷ്യ പ്രകൃതം സ്വീകരിക്കുന്ന തിലൂടെ ക്രിസ്തു മനുഷ്യ വർഗ്ഗത്തെ താഴ്ചയിൽ നിന്നും ഉയർത്തുകയും വീണുപോയ മനുഷ്യർക്കു ക്രിസ്തുവിനോടുള്ള ബന്ധത്തിലൂടെ "ദൈവമക്കൾ" എന്ന പേര് വരുവാനും യോഗ്യരാക്കി. രൂപാന്തരപ്പെടുത്തുന്ന ക്രിസ്തുവിന്റെ സ്നേഹത്തിനു വേറെ ഒരു സമാനതയും കാണുവാൻ കഴിയില്ല. സ്വർഗ്ഗീയ രാജാവിന്റെ മക്കൾ! വിലയേറിയ വാഗ്ദാനം! ഏറ്റവും ഉന്നതമായ ആരാധനയ്ക്കുള്ള നാമം! ദൈവത്തെ സ്നേഹിക്കാത്ത ഒരു ലോകത്തോടുള്ള ദൈവത്തിന്റെ സമാനതകളില്ലാത്ത സ്നേഹം! എന്ന് തുടങ്ങിയ ഈ ചിന്തകൾക്ക് നമ്മുടെ ആത്മാവിനെ കീഴടക്കാനും നമ്മുടെ മനസുകളെ ദൈവത്തിന്റെ ഹിതം അനുഷ്ഠിക്കുവാൻ വേണ്ടി നിയന്ത്രിക്കുവാനുമുള്ള ശക്തിയുണ്ട്.

ക്രൂശിന്റെ വെളിച്ചത്തിൽ നാം ദൈവിക സ്വഭാവത്തെക്കുറിച്ച് കൂടുതൽ പഠിക്കുന്തോറും, കരുണ, ആർദ്രത, ക്ഷമ

എന്നിവ സമതപവും നീതിയും കൂടിച്ചേർന്നതായി നാം കാണുന്നു. വഴിപിഴച്ച കുട്ടിയോട് ഒരു അമ്മക്ക് തോന്നുന്ന സഹതാപം പോലെ ദൈവത്തിനു നമ്മോടുള്ള അനന്തമായ സ്നേഹത്തിന്റെ അസംഖ്യം തെളിവുകളും ഒരു കവിഞ്ഞ സഹതാപവും നമുക്ക് കാണുവാൻ കഴിയും.

*അവന്റെ സ്നേഹത്തിന്റെ വലിയ സാക്ഷ്യമായി അവന്റെ കൈകളിൽ നിന്നും എനിക്ക് ലഭിച്ചിരിക്കുന്ന എണ്ണമറ്റ അനുഗ്രഹത്തിനായി ഞാൻ കർത്താവിനോടു നന്ദിയുള്ളവനാണ്.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

*മുൻപേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കാനും, എന്റെ ആവശ്യങ്ങൾ നിറവേറ്റാൻ അവനിൽ ആശ്രയിക്കാനും മതിയായ വിശ്വാസത്തിനും ജ്ഞാനത്തിനുമായി ഞാൻ പ്രാർത്ഥിക്കുന്നു.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

*ആകാശത്തിലും ഭൂമിയിലും വെളിപ്പെടുത്തിയിരിക്കുന്ന ദൈവസ്നേഹത്തെക്കുറിച്ച് എനിക്ക് ഇപ്പോൾ ഒരു നല്ല വിലമതിപ്പുണ്ട്.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

നമ്മെ സുഖപ്പെടുത്താനും പാപത്തോടുള്ള എന്റെ അടിമത്തത്തിൽ നിന്നും എന്നെ നശിപ്പിക്കുന്ന അതിന്റെ ഫലങ്ങളിൽ നിന്നും എന്നെ മോചിപ്പിക്കേണ്ടതിനായി യേശു ഈ ഭൂമിയിലേക്ക് വന്നതിനാൽ ഞാൻ നന്ദിയുള്ളവനാണ്. അവിടുന്ന് വരുന്ന ദിവസം വരെ അവന്റെ വേല മുന്നോട്ട് കൊണ്ടുപോകാൻ അവന് ഉപയോഗിക്കാൻ കഴിയുന്ന ഒരു പാത്രമാകാൻ ഞാൻ ആഗ്രഹിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

എല്ലാ പ്രഭാതത്തിലും പുതുക്കപ്പെടുന്നതും യാതൊന്നിനും എന്നെ വേർപെടുത്തുവാൻ കഴിയാത്തതുമായി, കർത്താവിനു എന്നോടുള്ള അത്ഭുതകരമായ കരുണയും അനുകമ്പയും വിശ്വസ്തതയും ഞാൻ മനസ്സിലാക്കുമ്പോൾ അവന്റെ സ്നേഹത്തിൽ ഞാൻ അതിയായി സന്തോഷിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

എന്നെ അവന്റെ മകൻ എന്ന് വിളിക്കുന്നതിൽ ദൈവം പ്രകടിപ്പിച്ച മഹത്തായ സ്നേഹം ഞാൻ കാണുന്നു. അവന്റെ നാമത്തിനു മഹത്വം വരുത്തേണ്ടതിന് അവന്റെ ആത്മാവ് എന്നിൽ വസിക്കണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*



## അദ്ധ്യായം 3
## നഷ്ടപ്പെട്ടതിനെ തിരഞ്ഞുചെല്ലുന്നതിലെ ദൈവസ്നേഹം

**(1) ദൈവത്തിന്റെ മഹത്തായ സ്നേഹവും അംഗീകരിക്കുവാനുള്ള മനോഭാവവും നിമിത്തം സ്നേഹത്തോടെ അവനെ എന്ത് വിളിക്കുവാൻ കഴിയും?**

*"നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിന്നു ദാസ്യത്തിന്റെ ആത്മാവിനെ അല്ല; നാം അബ്ബാ പിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രേ പ്രാപിച്ചതു.." (റോമർ:8:15)*

പിതാവെന്ന് വിളിച്ചുകൊണ്ടു നിത്യനായ ദൈവത്തെ സമീപിക്കുവാൻ നമുക്ക് കഴിയുന്നത്, നമുക്ക് നൽകിയ പദവി ആണെന്ന് യേശു പറയുന്നു. ഇത് സൂചിപ്പിക്കുന്നതെല്ലാം ആണെന്ന് മനസ്സിലാക്കുക. പാപം ചെയ്ത ഒരുവനോട് ദൈവം വാദിച്ചതുപോലെ ഭൗമിക മാതാപിതാക്കളാരും ഒരിക്കലും

തെറ്റ് ചെയ്ത ഒരു കുട്ടിയോട് ആത്മാർത്ഥമായി വാദിച്ചിട്ടില്ല. മാനുഷികവും സ്നേഹനിർഭരവുമായ ഒരു താത്പര്യവും അത്തരം ആർദ്രമായ ക്ഷണം സ്വീകരിച്ചവരെ ഒരുനാളും പിന്തുടർന്നില്ല. ദൈവം എല്ലാ ഇടങ്ങളിലും വസിക്കുന്നു; സംസാരിക്കുന്ന എല്ലാ വാക്കുകളും അവൻ കേൾക്കുന്നു, അർപ്പിക്കുന്ന എല്ലാ പ്രാർത്ഥനകളും കേൾക്കുന്നു, ഓരോ ആത്മാവിന്റെയും ദുഖവും നിരാശകളും അറിയുന്നു, അച്ഛൻ, അമ്മ, സഹോദരി, സുഹൃത്ത്, അയൽക്കാരൻ എന്നിവർക്ക് നൽകുന്ന പരിഗണനയെ അവിടുന്ന് അറിയുന്നു. അവൻ നമ്മുടെ ആവശ്യങ്ങൾക്കായി കരുതുകയും, നമ്മുടെ ആവശ്യം നിറവേറ്റുന്നതിനായി അവിടുത്തെ സ്നേഹവും കരുണയും കൃപയും നിരന്തരം ഒഴുകുകയും ചെയ്യുന്നു.

എന്നാൽ നിങ്ങൾ ദൈവത്തെ നിങ്ങളുടെ പിതാവെന്ന് വിളിച്ചാൽ, നിങ്ങൾ അവന്റെ മക്കൾ ആണെന്ന് സ്വയം അംഗീകരിക്കുന്നു, അതിനാൽ അവന്റെ ജ്ഞാനത്താൽ നയിക്കപ്പെടുകയും, എല്ലാ കാര്യങ്ങളിലും അനുസരണ ഉള്ളവർ ആവുകയും,അവന്റെ സ്നേഹം മാറ്റമില്ലെന്ന് അറിയുകയും ചെയ്യുന്നു. നിങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള അവന്റെ പദ്ധതി നിങ്ങൾ സ്വീകരിക്കും. ദൈവമക്കളെന്ന നിലയിൽ, അവന്റെ ബഹുമാനം, സ്വഭാവം, കുടുംബം, പ്രവൃത്തി എന്നിവ നിങ്ങൾക്ക് ഏറ്റവും ഉയർന്ന പ്രാധിനിത്യമുള്ളവ ആയി ഏറ്റെടുക്കുകയും ചെയ്യും. പിതാവിനോടും അവന്റെ കുടുംബത്തിലെ ഓരോ അംഗങ്ങളുമായുള്ള നിങ്ങളുടെ ബന്ധം തിരിച്ചറിഞ്ഞ് അവരെ ബഹുമാനിക്കുന്നത് നിങ്ങളുടെ സന്തോഷമായിരിക്കും. പിതാവിനും,

ദൈവീക കുടുംബത്തിനും മഹത്ത്വവും, കീർത്തിയും വരുന്ന ഏതൊരു പ്രവർത്തിയും താഴ്മയോടുകൂടെ ചെയ്യുന്നതിൽ നിങ്ങൾ സന്തോഷിക്കും.

**(2) ഒരു പാപി അവന്റെ സ്നേഹത്തിലേക്ക് തിരിയുകയും അനുസരണക്കേടിൽ നിന്ന് അകന്നുപോകുകയും ചെയ്യുമ്പോൾ പിതാവ് സന്തോഷപൂർവ്വം ചെയ്യുന്ന നാലുകാര്യങ്ങൾ എന്തെല്ലാമാണ്?**

*"നിന്റെ ദൈവമായ യഹോവ രക്ഷിക്കുന്ന വീരനായി നിന്റെ മദ്ധ്യേ ഇരിക്കുന്നു; അവൻ നിന്നിൽ അത്യന്തം സന്തോഷിക്കും; തന്റെ സ്നേഹത്തിൽ അവൻ മിണ്ടാതിരിക്കുന്നു; ഘോഷത്തോടെ അവൻ നിങ്കൽ ആനന്ദിക്കും." (സെഫന്യാവ്: 3:17)*

നഷ്ടപ്പെട്ടു പോയവയെ തിരികെ ലഭിക്കുമ്പോഴാണ് ഇടയൻ ഏറ്റവും വലിയ സന്തോഷം പ്രകടിപ്പിക്കുന്നതെന്ന യാഥാർത്ഥ്യം നാം മനസ്സിൽ സൂക്ഷിക്കണം. അവൻ തന്റെ അയൽക്കാരോട് ഇങ്ങനെ പറയുന്നു: "എന്നോടൊപ്പം സന്തോഷിക്ക; നഷ്ടപ്പെട്ട എന്റെ ആടിനെ ഞാൻ കണ്ടെത്തിയിരിക്കുന്നു" എന്ന അവന്റെ സന്തോഷത്തിന്റെ ധ്വനി അന്തരീക്ഷത്തിൽ മുഴങ്ങി കേൾക്കുന്നു. രക്ഷിക്കപ്പെട്ടവനെ ഓർത്തുകൊണ്ട് പിതാവും പാടി സന്തോഷിക്കുന്നു. ഈ ഉപമയിൽ എത്ര ആനന്ദകരമായ ഒരു സന്തോഷം പ്രകടമാണ്! ആ സന്തോഷം പങ്കിടാനുള്ള അവസരം നിങ്ങൾക്ക് ലഭിച്ച പദവിയാണ്.

**(3) നഷ്ടപ്പെട്ട ആടിനെപ്പോലെ, അനുസരണക്കേടിനാൽ നഷ്ടപ്പെട്ടുപോയ പാപിയെ സ്നേഹത്തോടെ അന്വേഷിച്ച് ചെല്ലുന്നതു ആരാണ്?**

*‘യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ തന്നേ എന്റെ ആടുകളെ തിരഞ്ഞുനോക്കും... കാണാതെപോയതിനെ ഞാൻ അന്വേഷിക്കയും ഓടിച്ചുകളഞ്ഞതിനെ തിരിച്ചു വരുത്തുകയും ഒടിഞ്ഞതിനെ മുറിവുകെട്ടുകയും ദീനം പിടിച്ചതിനെ ശക്തീകരിക്കയും ചെയ്യും; എന്നാൽ കൊഴുത്തതിനെയും ഉരത്തതിനെയും ഞാൻ നശിപ്പിക്കും; ഞാൻ ന്യായത്തോടെ അവയെ മേയിക്കും. (യെഹെസ്കേൽ:34:11, 16)*

നിരാശരായ ആത്മാക്കളെ, നിങ്ങൾ ദുഷ്ടത ചെയ്തിട്ടുണ്ടെങ്കിലും ധൈര്യപ്പെടുക. ഒരുപക്ഷേ ദൈവം നിങ്ങളുടെ ലംഘനങ്ങൾക്ക് മാപ്പുനൽകുകയും അവന്റെ സന്നിധിയിൽ വരാൻ നിങ്ങളെ അനുവദിക്കുകയും ചെയ്യുമോ എന്ന് സംശയിക്കരുത്. രക്ഷയുടെ ആദ്യചുവടുകൾ ദൈവം തന്നെ നടത്തി. നിങ്ങൾ അവനോടു മത്സരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ അവൻ നിങ്ങളെ അന്വേഷിച്ചു പുറപ്പെട്ടു. ഇടയന്റെ ആർദ്രമായ ഹൃദയത്തോടെ അവൻ തൊണ്ണൂറ്റൊമ്പതു ആടുകളെയും ഉപേക്ഷിച്ച് നഷ്ടപ്പെട്ടവനായ നിന്നെ കണ്ടെത്താനായി മരുഭൂമിയിലേക്ക് പുറപ്പെട്ടു. ചതഞ്ഞതും മുറിവേറ്റതും മരിക്കുവാൻ തയ്യാറായതുമായ ആത്മാവിനെ, അവൻ തന്റെ സ്നേഹത്തിന്റെ കൈകളാൽ വലയം ചെയ്യുകയും സന്തോഷത്തോടെ അതിനെ സുരക്ഷിതത്വത്തിന്റെ കരങ്ങളിലേക്ക് വഹിക്കുകയും ചെയ്യുന്നു.

ദൈവസ്നേഹം പാപികളിലേക്കു പകരപ്പെടുന്നതിനു മുൻപായി, അവൻ ആദ്യം മാനസാന്തരപ്പെടണമെന്ന് യഹൂദന്മാർ പഠിപ്പിച്ചു. അവരുടെ വീക്ഷണത്തിൽ, മാനസാന്തരപ്പെടുത്തൽ എന്നത് മനുഷ്യർ സ്വർഗ്ഗത്തിന്റെ

പ്രീതി നേടുന്ന ഒരു പ്രവൃത്തിയാണ്. ഈ ചിന്തയാണ് പരീശന്മാരെ ആശ്ചര്യത്തോടും, കോപത്തോടും കൂടി: "ഈ മനുഷ്യൻ പാപികളെ കൈക്കൊള്ളുന്നു." എന്ന് വിളിച്ച് പറയാൻ പ്രേരിപ്പിച്ചത്. അവരുടെ ചിന്ത അനുസരിച്ച് മാനസാന്തരപ്പെട്ടവരെയല്ലാതെ മറ്റാരെയും തന്നെ സമീപിക്കാൻ യേശു അനുവദിക്കരുത്. എന്നാൽ കാണാനത്തെ പോയ ആടിനെ തേടി പോകുന്ന നല്ല ഇടയന്റെ ഉപമയിൽ, രക്ഷ ലഭിക്കുന്നത് നാം ദൈവത്തെ അന്വേഷിക്കുന്നതിലൂടെയല്ല, മറിച്ച് ദൈവം നമ്മെ അന്വേഷിക്കുന്നതിലൂടെയാണെന്ന് അവൻ പഠിപ്പിക്കുന്നു. "ഗ്രഹിക്കുന്നവൻ ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നന്മ ചെയ്യുന്നവനില്ല, ഒരുത്തൻ പോലും ഇല്ല." (റോമർ:3:11,12). ദൈവം നമ്മെ സ്നേഹിക്കാൻ വേണ്ടി നാം അനുതപിക്കുന്നില്ല, എന്നാൽ നാം മാനസാന്തരപ്പെടേണ്ടതിന് അവിടുന്ന് തന്റെ സ്നേഹം നമുക്ക് വെളിപ്പെടുത്തുന്നു.

വഴിതെറ്റിയ ആടുകളെ അവസാനം വീട്ടിലെത്തിക്കുമ്പോൾ, ഇടയന്റെ കൃതജ്ഞത ആനന്ദത്തിന്റെ ഗാനങ്ങളിൽ പ്രകടമാകുന്നു. അവൻ തന്റെ സുഹൃത്തുക്കളോടും അയൽക്കാരോടും വിളിച്ചുപറയുന്നു: എന്നോടു കൂടെ സന്തോഷിപ്പിൻ; നഷ്ടപ്പെട്ട എന്റെ ആടിനെ ഞാൻ കണ്ടെത്തിയിരിക്കുന്നു. അതിനാൽ, ദൈവത്തിൽ നിന്നും അകന്നു ലക്ഷ്യബോധം ഇല്ലാതെ അലഞ്ഞു തിരിയുന്നവനെ കണ്ടെത്തുമ്പോൾ ആടുകളുടെ വലിയ ഇടയൻ സന്തോഷിക്കുന്നു, ആകാശവും ഭൂമിയും അവന്റെ സ്തോത്രത്തിലും

സന്തോഷത്തിലും ഒന്നുചേരുന്നു. “മാനസാന്തരപ്പെടാത്ത തൊണ്ണൂറ്റൊണ്ണി ഒൻപതു മനുഷ്യരേക്കാൾ, മാനസാന്തരപ്പെടുന്ന ഒരു പാപിയെ ചൊല്ലി സ്വർഗ്ഗം സന്തോഷിക്കുന്നു.

**(4) വീട്ടിലേക്ക് മടങ്ങിവരുന്ന പാപിക്കു, ഈ വാക്യത്തിലൂടെ നമ്മുടെ സ്വർഗീയ പിതാവ് നൽകിയ ക്ഷണത്തിന്റെ തീവ്രതയെ വിവരിക്കുന്ന വാക്ക് ഏതാണ്?**

***യജമാനൻ ദാസനോടു: നീ പെരുവഴികളിലും വേലികൾക്കരികെയും പോയി, എന്റെ വീടുനിറയേണ്ടതിന്നു കണ്ടവരെ അകത്തുവരുവാൻ നിർബ്ബന്ധിക്ക. (ലൂക്കോസ്:14:23)***

കരുണയുടെ സന്ദേശവും, ക്ഷണവും മനുഷ്യരാശിക്കുവേണ്ടി മുഴങ്ങുന്ന കാലഘട്ടത്തിന്റെ അവസാന സമയത്താണ് നാം ജീവിക്കുന്നത്. “നീ പെരുവഴികളിലും വേലികൾക്കരികെയും പോയി, എന്റെ വീടുനിറയേണ്ടതിന്നു കണ്ടവരെ അകത്തുവരുവാൻ നിർബ്ബന്ധിക്ക.” എന്ന ഉത്തരവ് അതിന്റെ അന്തിമ പൂർത്തീകരണത്തിലേക്ക് എത്തുകയാണ്. ഓരോ ആത്മാവിനും ക്രിസ്തുവിന്റെ ക്ഷണം നൽകും. “എല്ലാം ഒരുങ്ങിയിരിക്കുന്നു; വരുവിൻ” എന്ന് ദാസന്മാരെ അയച്ചു പറയിപ്പിക്കുന്നു. ദൂതന്മാർ ഇപ്പോഴും മനുഷ്യ സംഘങ്ങളോട് സഹകരിച്ച് പ്രവർത്തിക്കുന്നു. നിങ്ങൾ അവന്റെ അരികിലേക്ക് വരാൻ നിർബന്ധിക്കുന്നതിനുള്ള എല്ലാ പ്രേരണകളും പരിശുദ്ധാത്മാവ് നൽകിക്കൊണ്ടിരിക്കുന്നു. ഹൃദയത്തിന്റെ വാതിലുകൾ തുറന്നു അവനെ സ്വീകരിക്കുവാൻ നിങ്ങൾ സന്നദ്ധരാകുന്നതിന്റെ എന്തെങ്കിലും ലക്ഷണങ്ങൾ നമ്മിൽ ഉരുവാകുന്നുണ്ടോ

എന്ന് കാത്ത് നിൽക്കുകയാണ് ക്രിസ്തു. നഷ്ടപ്പെട്ടുപോയ മറ്റൊരു ആത്മാവ് കൂടി കണ്ടെത്തപ്പെട്ടു എന്ന സദ്വാർത്തമാനം സ്വർഗ്ഗത്തിൽ പ്രഘോഷിക്കുവാൻ കാത്ത് നിൽക്കുകയാണ് സ്വർഗ്ഗീയ ദൂതന്മാരും. സുവിശേഷവിരുന്നിലേക്കുള്ള ക്ഷണം മറ്റൊരു ആത്മാവ് കൂടി സ്വീകരിച്ചതിൽ സന്തോഷിക്കുന്ന സ്വർഗ്ഗീയ ദൂതസംഘം കിന്നരങ്ങൾ മീട്ടി ഗാനം ആലപിക്കാൻ കാത്തിരിക്കുകയാണ്. {COL 237}

**(5) മുടിയനായ പുത്രന്റെ ഉപമയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, വീടുവിട്ടു പോയ പുത്രൻ മടങ്ങി വരുമ്പോൾ നമ്മുടെ സ്വർഗീയ പിതാവ് അവനെ ഏതു വിധത്തിലാണ് വീട്ടിലേക്കു സ്വാഗതം ചെയ്യുന്നതു?**

***അങ്ങനെ അവൻ എഴുന്നേറ്റു അപ്പന്റെ അടുക്കൽ പോയി. ദൂരത്തു നിന്നു തന്നേ അപ്പൻ അവനെ കണ്ടു മനസ്സലിഞ്ഞു ഓടിച്ചെന്നു അവന്റെ കഴുത്തു കെട്ടിപ്പിടിച്ചു അവനെ ചുംബിച്ചു. (ലൂക്കോസ്: 15:20)***

മുടിയനായ പുത്രന്റെ പിതാവ് ദൈവത്തിന്റെ പ്രതിനിധിയായി ക്രിസ്തു തിരഞ്ഞെടുത്ത ഒരു ഉദാഹരണമാണ്. തന്നെ ഉപേക്ഷിച്ച മകനെ ഒരിക്കൽ കൂടി കാണാനും സ്വീകരിക്കാനും ആഗ്രഹിക്കുന്ന ഈ പിതാവ് അവൻ വരുമെന്ന് പ്രതീക്ഷിച്ച് അവനെ കാത്തുനിൽക്കുന്നു. ദരിദ്രനും ജീർണ്ണിച്ച വസ്ത്രം ചരിച്ചവനുമായ ഒരു അപരിചിതൻ അടുത്തെത്തുന്നതു കാണുമ്പോൾ, അവൻ തന്റെ മകൻ ആയിരിക്കുമോ എന്ന് ചിന്തിച്ചു അവനെ എതിരേല്പാൻ പോകുന്നു. അവൻ തന്റെ പുത്രനെപ്പോലെ അവനെ പോറ്റുകയും വസ്ത്രം ധരിപ്പിക്കുകയും ചെയ്യുന്നു. അവന്റെ

പ്രതിഫലം അവനുണ്ട്. അവന്റെ മകൻ വീട്ടിലേക്കു മടങ്ങി വരുന്നു, “മകൻ അവനോടു: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു; ഇനി നിന്റെ മകൻ എന്നു വിളിക്കപ്പെടുവാൻ യോഗ്യനല്ല എന്നു പറഞ്ഞു. അപ്പൻ തന്റെ ദാസന്മാരോടു: വേഗം മേല്ത്തരമായ അങ്കി കൊണ്ടുവന്നു ഇവനെ ധരിപ്പിപ്പിൻ; ഇവന്റെ കൈക്കു മോതിരവും കാലിന്നു ചെരിപ്പും ഇടുവിപ്പിൻ. തടിപ്പിച്ച കാളക്കുട്ടിയെ കൊണ്ടുവന്നു അറുപ്പിൻ; നാം തിന്നു ആനന്ദിക്ക.” (ലൂക്കോസ്:15:21-23).

മുടിയനായ പുത്രനെ അവന്റെ കഴിഞ്ഞ കാല ദുഷ്ട ജീവിതത്തെ പറ്റി ആരും കുറ്റപ്പെടുത്തുകയോ പരിഹസിക്കുകയോ ചെയ്യുകയില്ല. ഭൂതകാലം ക്ഷമിക്കുകയും മറന്നുപോവുകയും എന്നെന്നേക്കുമായി മായ്ച്ചുകളയുകയും ചെയ്യുന്നുവെന്ന് തിരികെവന്ന മകന് മനസിലാകുന്നു. അതിനാൽ ദൈവം പാപിയോട് പറയുന്നു, “ഞാൻ കാർമുകിലിനെപ്പോലെ നിന്റെ ലംഘനങ്ങളെയും മേഘത്തെപോലെ നിന്റെ പാപങ്ങളെയും മായിച്ചുകളയുന്നു;” (യെശ. 44:22). “ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കയും ഇല്ല” (യിരെ. 31:34). ആട്ടിൻകൂട്ടത്തിൽ നിന്ന് വളരെ അകലെ അലഞ്ഞുതിരിഞ്ഞ മുടിയനായ പുത്രന്റെ തിരിച്ചുവരവിനായി സ്വർഗ്ഗം കാത്തിരിക്കുന്നു.
വഴിതെറ്റിപ്പോയവരിൽ പലരെയും ദൈവമക്കളുടെ സ്നേഹപൂർവമായ സേവനത്തിലൂടെ തിരികെ കൊണ്ടുവന്നേക്കാം.

നമ്മെ എല്ലാവരെയും പാപത്തിന്റെ ശിക്ഷയിൽ നിന്നും സൗജന്യമായി വിടുവിക്കേണ്ടതിനായി, തന്റെ സ്വന്ത

പുത്രനെ നമുക്ക് വേണ്ടി മരിക്കുവാൻ ഏൽപ്പിച്ചു തന്നപ്പോൾ സ്വർഗ്ഗീയ പിതാവിന്റെ ഹൃദയം എത്രമാത്രം ദുഖിച്ചു എന്ന് ചിന്തിച്ചു നോക്കുക, അപ്പോൾ നമുക്ക് ദൈവത്തിന്റെ മഹാ സ്നേഹത്തെപറ്റി കൂടുതൽ ആഴമായി അറിയുവാൻ കഴിയും.

**(6) "മുടിയൻ പുത്രൻ" ആയിരുന്ന നമ്മളെ വീട്ടിലേക്കു മടക്കിവരുത്തുന്നതിനുള്ള പിതാവിന്റെ പ്രേരകം എന്തായിരുന്നു?**

***...“യഹോവ ദൂരത്തുനിന്നു എനിക്കു പ്രത്യക്ഷമായി അരുളിച്ചെയ്തതു: നിത്യസ്നേഹംകൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ടു ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു. (യിരമ്യാവു: 31:3)***

ചിന്തയില്ലാത്ത ഒരു യുവാവ്, പിതാവിന്റെ ഭവനത്തിൽ നിന്ന് പുറപ്പെട്ടു പോകുമ്പോൾ, ആ പിതാവിന്റെ ഹൃദയത്തിൽ അവശേഷിക്കുന്ന വേദനയും അവനെ കണ്ടെത്തുവാനുള്ള വാഞ്ഛയും ഊഹിച്ചു മനസിലാക്കാമോ. വിഭ്രാന്തരായ തന്റെ കൂട്ടുകാരോടുപ്പം നൃത്തം ചെയ്യുകയും വിരുന്നു കഴിക്കുകയും ചെയ്തപ്പോൾ, തന്റെ വീട്ടിൽ പതിച്ച ദുഃഖത്തിന്റെ നിഴലിനെക്കുറിച്ച് അവൻ ചിന്തിച്ചില്ല. എന്നാൽ കഷ്ടതയും, വേദനാജനകവുമായ ഘട്ടങ്ങൾ വന്നപ്പോൾ അവൻ തന്റെ വീടിനെപ്പറ്റി ചിന്തിക്കുകയും, വീട്ടിലേക്കുള്ള വഴി പിന്തുടരുകയും ചെയ്തു, ഒരാൾ തന്റെ മടങ്ങിവരവിനായി കാത്തിരിക്കുകയാണെന്ന് അവനറിഞ്ഞിരുന്നില്ല. എന്നാൽ അവൻ “ദൂരത്ത്” ആയിരിക്കുമ്പോൾ തന്നെ പിതാവ് അവന്റെ രൂപം മനസ്സിലാക്കുന്നു. പെട്ടെന്നുള്ള കാഴ്ചയിൽപോലും

തിരിച്ചറിയുന്നതാണ് സ്നേഹം. അനേക വർഷങ്ങൾ പാപത്തിന്റെ അധഃപതനത്തിലൂടെ കടന്നു പോയാലും പിതാവിന്റെ കണ്ണിൽ നിന്നും തന്റെ മകനെ മറയ്ക്കുവാൻ കഴിയില്ല. ആർദ്രതയോടെ ഓടിച്ചെന്നു അവനെ ആലിംഗനം ചെയ്തു എതിരേൽക്കുന്നു. അതാണ് ദൈവസ്നേഹം.

മകന്റെ കഴിഞ്ഞ കാലങ്ങളെയും, അനുസരണക്കേടിനെയും, പരിഹസിക്കാൻ നിന്ദ്യമായ ഒരു കണ്ണിനെയും പിതാവ് അനുവദിക്കില്ല. അവൻ സ്വന്തം ചുമലിൽ നിന്ന് വിശാലവും വിശേഷപ്പെട്ടതുമായ ആവരണം എടുത്ത് മകന്റെ ജീർണ്ണിച്ച രൂപത്തിൽ ചുറ്റിപ്പിടിക്കുന്നു, യുവാവ് "പിതാവേ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തു, ഇനി നിന്റെ പുത്രൻ എന്നു വിളിക്കപ്പെടുവാൻ യോഗ്യനല്ല" എന്ന് പറഞ്ഞുകൊണ്ട് അനുതാപത്തൽ പൊട്ടിക്കരയുമ്പോഴും, കർത്താവ് അവനെ അരികിൽ ചേർത്തുപിടിച്ച് വീട്ടിലേക്ക് കൊണ്ടുവരുന്നു. ഒരു ദാസനായിരിക്കുവാൻ അനുവദിക്കേണമെന്നു അവൻ ചോദിക്കാൻ പിതാവ് അവസരം നൽകുന്നില്ല. അവൻ പുത്രനാണ്, അയാൾക്ക് ആ വീട്ടിലെ ഏറ്റവും മികച്ച ബഹുമാനവും ആദരവും നൽകി അവന്റെ മടങ്ങി വരവിനായി കാത്തിരിക്കുന്ന പുരുഷന്മാരും സ്ത്രീകളും അവനെ ബഹുമാനിക്കുകയും സേവിക്കുകയും ചെയ്യും.

അപ്പൻ തൻറെ ദാസന്മാരോടു പറഞ്ഞു, "ഏറ്റവും നല്ല മേലങ്കി കൊണ്ടുവന്നു അവനെ പുതപ്പിക്കുക; അവന്റെ കയ്യിൽ ഒരു മോതിരവും കാലിൽ ചെരിപ്പും ഇട്ടു; തടിച്ച പശുക്കുട്ടിയെ അറുത്ത്; നമുക്ക് തിന്നു സന്തോഷിക്കാം; എന്റെ മകൻ

മരിച്ചവൻ ആയിരുന്നു എന്നാൽ വീണ്ടും ജീവിച്ചിരിക്കുന്നു; അവൻ നഷ്ടപ്പെട്ടു, എന്നാൽ കണ്ടെത്തി. അങ്ങനെ അവർ സന്തോഷിച്ചു തുടങ്ങി."

**(7) "മുടിയൻ പുത്രൻ" ആയിരുന്ന ഒരുവൻ വീട്ടിലേക്കു മടങ്ങിവരുന്നു എന്ന വാർത്ത കേൾക്കുമ്പോഴുള്ള സ്വർഗ്ഗത്തിന്റെ പ്രതികരണം എങ്ങനെ ആയിരിക്കും?**

***"അങ്ങനെ തന്നേ മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ചു ദൈവദൂതന്മാരുടെ മദ്ധ്യേ സന്തോഷം ഉണ്ടാകും" എന്നു ഞാൻ നിങ്ങളോടു പറയുന്നു." (ലൂക്കോസ് :15:10)***

അവന്റെ പിതാവ് അവനെ കണ്ടു. പിതാവ് തന്റെ മകന്റെ മടങ്ങിവരവിനുവേണ്ടി കാത്തിരിക്കുകയായിരുന്നു എന്ന് യേശു സൂചിപ്പിക്കുന്നു. കുടുംബത്തിന്റെ സമ്പത്തിന്റെ ഓഹരി ആ യുവാവിന് നൽകുമ്പോൾ തന്നെ, ഇവയെല്ലാം നശിപ്പിച്ച് അപ്പന്റെ ഭവനം വിട്ടു ദൂരദേശത്തേക്കു അവൻ പോകുവാൻ പദ്ധതി ഇട്ടിരിക്കുന്നു എന്ന് പിതാവിന് നന്നായി അറിയാമായിരുന്നു എന്ന് തോന്നുന്നു. എന്നാൽ തന്റെ ഉദ്യമത്തിൽ വിജയി ആയി തീരുവാനുള്ള യാതൊരു സാമർഥ്യവും യോഗ്യതയും അവനില്ല എന്ന യാഥാർത്ഥ്യം പിതാവിന് അറിയുമായിരുന്നു. അതിനാൽ തന്നെ എത്രയും വേഗം ആ മകൻ തന്റെ അരികിലേക്ക് മടങ്ങി വരുമെന്ന് അവൻ ന്യായമായി ചിന്തിച്ചു. മുഷിഞ്ഞ വസ്ത്രം ധരിച്ചവനായിരുന്നിട്ടും ദൂരത്ത് നിന്ന് തന്നെ പിതാവ് അവനെ തിരിച്ചറിഞ്ഞു.

20-24 വാക്യങ്ങളിൽ, യേശു തന്റെ പ്രഭാഷണം ശ്രവിക്കുന്നവരോട്, പിതാവിന്റെ സ്വഭാവത്തെപ്പറ്റി വെളിപ്പെടുത്തുന്നു, 11 മുതൽ 19

വരെയുള്ള വാക്യങ്ങളിൽ ഇളയ മകന്റെ സ്വഭാവത്തെപ്പറ്റി പറയുന്നു. തന്റെ അരികിലേക്ക് ആ മകൻ വരുന്നതുവരെ പിതാവിന് താൻ നിന്നിടത്ത്തന്നെ കാത്ത് നിൽക്കാമായിരിക്കുന്നു. എന്നാൽ, അവനെ എതിരേറ്റു ചെല്ലുന്നതിലൂടെ മകനെ കാണാനുള്ള പിതാവിന്റെ ആകാംഷ എത്രമാത്രം വലിയത് ആണെന്ന് നമുക്ക് മനസിലാക്കാൻ കഴിയും. അവൻ തന്റെ മകനെ കഴുത്തിൽ ചുറ്റി പിടിച്ച് ആലിംഗനം ചെയ്തു. ആ മകൻ പിതാവിനോട് ഒന്നും സംസാരിച്ചിരുന്നില്ല, എന്നാൽ വളരെ അനുതാപത്തോടെ മടങ്ങിയെത്തിയ മകൻ പറയാൻ ഉദ്ദേശിച്ചേക്കാവുന്ന ഏതൊരു വാക്കിനേക്കാളും വാചാലമായി തന്റെ മടങ്ങിവരവിന്റെ പ്രവർത്തി സംസാരിച്ചു, എന്ന് മാത്രമല്ല, പിതാവ് തന്റെ മകനോട് ഇതിനെപ്പറ്റി എന്തെങ്കിലും പറഞ്ഞതിന്റെയും ഒരു രേഖയും ഇല്ല, എന്നാൽ ദാസന്മാരോടുള്ള പിതാവിന്റെ കൽപ്പനകളും, സ്നേഹത്തിന്റെ പ്രകടനവും, വാക്കുകളേക്കാൾ കൂടുതൽ വാചാലമായിരുന്നു.

**(8) ദൈവം നമ്മുടെ പാപം നീക്കി അവന്റെ നീതി ധരിപ്പിക്കുന്നതിനെപ്പറ്റി വിവരിക്കുന്നതായി ഈ വേദഭാഗത്തിൽ ഉപയോഗിച്ചിരിക്കുന്ന പ്രതിരൂപകങ്ങൾ എന്തെല്ലാം?**

***അവൻ തന്റെ മുമ്പിൽ നില്ക്കുന്നവരോടു: മുഷിഞ്ഞ വസ്ത്രം അവങ്കൽനിന്നു നീക്കിക്കളവിൻ എന്നു കല്പിച്ചു; പിന്നെ അവനോടു: ഞാൻ നിന്റെ അകൃത്യം നിന്നിൽനിന്നു പോക്കിയിരിക്കുന്നു; നിന്നെ ഉത്സവവസ്ത്രം ധരിപ്പിക്കും എന്നു അരുളിച്ചെയ്തു. (സെഖര്യാവ്: 3:4)***

പാപത്താൽ അശുദ്ധമായ വസ്ത്രങ്ങൾ നിങ്ങളുടെ സ്വർഗ്ഗീയപിതാവ് നിങ്ങളിൽ നിന്ന് എടുത്തുമാറ്റും. സെഖര്യാവിന്റെ മനോഹരമായ ദൃഷ്ടാന്ത പ്രവചനത്തിൽ, മഹാപുരോഹിതനായ യോശുവ, കർത്താവിന്റെ ദൂതന്റെ മുമ്പാകെ അഴുക്കു പുരണ്ട വസ്ത്രങ്ങൾ ധരിച്ച പാപിയെ പ്രതിനിധീകരിക്കുന്നു. കർത്താവ് ഇങ്ങനെ പറയുന്നു, "അവൻ തന്റെ മുമ്പിൽ നില്ക്കുന്നവരോടു: മുഷിഞ്ഞ വസ്ത്രം അവങ്കൽനിന്നു നീക്കിക്കളവിൻ എന്നു കല്പിച്ചു; പിന്നെ അവനോടു: ഞാൻ നിന്റെ അകൃത്യം നിന്നിൽനിന്നു പോക്കിയിരിക്കുന്നു; നിന്നെ ഉത്സവവസ്ത്രം ധരിപ്പിക്കും എന്നു അരുളിച്ചെയ്തു. അവന്റെ തലയിൽ വെടിപ്പുള്ളോരു മുടി വെക്കട്ടെ എന്നു അവൻ കല്പിച്ചു; അങ്ങനെ അവർ അവന്റെ തലയിൽ വെടിപ്പുള്ളോരു മുടി വെച്ചു. അവനെ വസ്ത്രം ധരിപ്പിച്ചു യഹോവയുടെ ദൂതനോ അടുക്കെ നിൽക്കയായിരുന്നു." (സെഖര്യാവ്:3:4,5).

അങ്ങനെയാണെങ്കിലും ദൈവം നിങ്ങളെ "രക്ഷയുടെ വസ്ത്രം" ധരിപ്പിക്കുകയും "നീതിയുടെ മേലങ്കി" കൊണ്ട് നിങ്ങളെ മൂടുകയും ചെയ്യും. (യെശ്ശയ്യാവ്:61:10). "നിങ്ങൾ തൊഴുത്തുകളുടെ ഇടയിൽ കിടക്കുമ്പോൾ പ്രാവിന്റെ ചിറകു വെള്ളികൊണ്ടും അതിന്റെ തൂവലുകൾ പൈമ്പൊന്നുകൊണ്ടും പൊതിഞ്ഞിരിക്കുന്നതുപോലെ ആകുന്നു." (സങ്കീർത്തനം:68:13).

അവൻ എന്നെ വീഞ്ഞുവീട്ടിലേക്കു കൂട്ടിക്കൊണ്ടുചെന്നു; എന്റെ മീതെ അവൻ പിടിച്ചിരുന്ന കൊടി സ്നേഹമായിരുന്നു. (ഉത്തമഗീതം:2:4) "സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നീ എന്റെ

വഴികളിൽ നടക്കയും എന്റെ കാര്യം നോക്കുകയും ചെയ്താൽ നീ എന്റെ ആലയത്തെ പരിപാലിക്കയും എന്റെ പ്രാകാരങ്ങളെ സൂക്ഷിക്കയും ഞാൻ നിനക്കു ഈ നില്ക്കുന്നവരുടെ ഇടയിൽ ആഗമനം അനുവദിക്കയും ചെയ്യും." (സെഖ:3:7).

**(9) തന്റെ സ്വഭാവത്തിന്റെ ഏതു മൂന്നു പ്രത്യേകതകൾ കൊണ്ടാണ് പിതാവ് നമ്മളെ തുടർമാനമായി വീട്ടിലേക്കു സ്വീകരിക്കുന്നത്?**

***അല്ല, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു എന്നു അറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ? (റോമർ: 2:4)***

ഒരുവൻ ദൈവത്തിൽ നിന്നും അകന്നുപോകുവാൻ തീരുമാനിച്ചാലും അവനുവേണ്ടി ദൈവസ്നേഹം ഇപ്പോഴും വാഞ്ഛിക്കുന്നു, അവനെ പിതാവിന്റെ ഭവനത്തിലേക്ക് തിരികെ കൊണ്ടുവരാൻ ദൈവസ്നേഹം അവനിൽ എല്ലാവിധത്തിലും സ്വാധീനം ചെലുത്തുന്നു. മുടിയനായ പുത്രൻ അരിഷ്ടാവസ്ഥയിൽ "സ്വയം വന്നു." സാത്താൻ തന്റെ മേൽ പ്രയോഗിച്ച വഞ്ചനാപരമായ ശക്തി തകർന്നു. അവന്റെ കഷ്ടത സ്വന്തം വിഡ്ഢിത്തത്തിന്റെ ഫലമാണെന്ന് അവൻ തിരിച്ചറിഞ്ഞു, അപ്പോൾ സുബോധം വന്നിട്ടു അവൻ: "എന്റെ അപ്പന്റെ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ചു ശേഷിപ്പിക്കുന്നു; ഞാനോ വിശപ്പുകൊണ്ടു നശിച്ചുപോകുന്നു."

അവൻ ദയനീയനായിരുന്നു, എന്നാൽ, മുടിയനായിരുന്ന ഈ പുത്രൻ തന്റെ പിതാവിന്റെ സ്നേഹത്തിന്റെ ബോധ്യത്തിൽ പ്രതീക്ഷ കണ്ടെത്തി. ആ സ്നേഹമാണ് അവനെ വീട്ടിലേക്ക് അടുപ്പിച്ചത്. അതിനാൽ ദൈവസ്നേഹ

ത്തിന്റെ ഉറപ്പാണ് പാപിയെ ദൈവത്തിലേക്ക് മടങ്ങാൻ പ്രേരിപ്പിക്കുന്നത്. "ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു." (റോമർ:2:4). ദിവ്യസ്നേഹ ത്തിന്റെ കരുണയും അനുകമ്പയും ഒരു സ്വർണ്ണ ചങ്ങല എന്നപോലെ ദുർബലമായ എല്ലാ ആത്മാവിനെയും ചുറ്റി കടന്നുപോകുന്നു.

**(10) അവന്റെ അദ്ഭുതകരമായ സ്നേഹത്തിൽ, നമ്മെ വിളിക്കപ്പെടുവാൻ പിതാവ് അനുവദിക്കുന്ന മഹത്തായ പദവി എന്താണ്?**

***കാൺമിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു; അങ്ങനെ തന്നേ നാം ആകുന്നു. ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ടു നമ്മെയും അറിയുന്നില്ല. (1 യോഹന്നാൻ: 3:1)***

നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു എന്ന് കാണാൻ ഭൂമിയിലെയും സ്വർഗ്ഗത്തിലെയും എല്ലാ ബുദ്ധിയും ആവശ്യപ്പെടുന്നു. ഓരോ പാപിയും അതിലേക്കു നോക്കുകയും ജീവിക്കുകയും ചെയ്യും.

അശ്രദ്ധവും ചിന്താശൂന്യവുമായ മനസ്സോടെ കാൽവരിയിലെ ആ രംഗം നിരീക്ഷിക്കരുത്. അങ്ങനെ ചെയ്യുമ്പോൾ, ദൈവസ്നേഹത്തിന്റെ സ്വീകർത്താക്കളായ ദൂതന്മാർ നമ്മെ കുനിഞ്ഞു നോക്കുമ്പോൾ, നാം അതിനെ പുച്ഛത്തോടെ നോക്കിക്കാണുകയും നിർവികാരതയോടും നിസ്സംഗതയോടും കൂടെ ശ്രദ്ധികാത്തിരിക്കുകയും ചെയ്യുന്നവരായി കാണപ്പെടും, പിന്നെ എപ്പോഴാണ് തകർന്നടിഞ്ഞ ഈ

ലോകത്തെ രക്ഷിക്കാനുള്ള വീണ്ടെടുപ്പിന്റെ മഹത്തായ പ്രവൃത്തി സ്വർഗ്ഗം നോക്കുകയും, ആ മർമ്മത്തിന്റെ രഹസ്യം അറിയുവാനുള്ള ആഗ്രഹത്തോടെ കാൽവരിയിലെ സ്നേഹത്തിലേക്കും കഷ്ടതകളിലേക്കും നോക്കുകയും ചെയ്യുന്നത്? ദൂതന്മാരും അത്ഭുതത്തോടെയും അതിശയത്തോടെയും ഇത്ര വലിയ രക്ഷക്ക് അവകാശികൾ ആയവരെ നോക്കുകയും, ദൈവസ്നേഹം അവരെ ഉദ്ധരിക്കാത്തതിൽ അതിശയിക്കുകയും ചെയ്തുകൊണ്ട് മധുരതരമായ സംഗീതങ്ങൾ ആലപിച്ചു തങ്ങൾക്കു ദൈവത്തോടുള്ള കൃതജ്ഞതയും ആരാധനയും അർപ്പിക്കുന്നു.

എന്നാൽ, സ്വർഗ്ഗം കാണുവാൻ ആഗ്രഹിക്കുന്ന ഫലം ക്രിസ്തുവിന്റെ അനുഗാമികളെന്ന് അവകാശപ്പെടുന്ന വരിൽ കാണുന്നില്ല. നമ്മുടെ സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും പ്രിയങ്കരമായ വാക്കുകൾക്ക് നമ്മൾ എത്ര എളുപ്പത്തിൽ മറുപടികൾ നൽകുന്നു, എന്നാൽ നിങ്ങളുടെ ഇടയിൽ ക്രൂശിക്കപ്പെട്ട ക്രിസ്തുവിൽ പ്രതിപാദിച്ചിരിക്കുന്ന സ്നേഹത്തിനെക്കുറിച്ചും, സമാന്തരത്തെക്കുറിച്ചും ദൈവത്തെക്കുറിച്ചും സംസാരിക്കുന്നതിൽ നമ്മൾ എത്ര ആലസ്യരാണ്.

**(11) പിതാവിന്റെ സ്നേഹം, പരിശുദ്ധാത്മാവിലൂടെ, വീട്ടിലേക്ക് വരാൻ നമ്മെ പ്രേരിപ്പിക്കുമ്പോൾ, എന്തുചെയ്യാതിരിക്കാൻ നമ്മൾ ശ്രദ്ധിക്കണം?**

*ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുതു; അവനാലല്ലോ*

*നിങ്ങൾക്കു വീണ്ടെടുപ്പുനാളിന്നായി മുദ്രയിട്ടിരിക്കുന്നതു. (എഫെസ്യർ:4:30)*

എന്നാൽ "അരുളിച്ചെയ്യുന്നവനെ നിരസിക്കാതിരിപ്പാൻ നോക്കുവിൻ." (എബ്രാ:12:25). യേശു പറഞ്ഞു, "അവരിൽ ആരും എന്റെ അത്താഴം ആസ്വദിക്കുകയില്ല." അവർ ക്ഷണം നിരസിച്ചു, അവരെയൊന്നും വീണ്ടും ക്ഷണിക്കേണ്ടതില്ല. ക്രിസ്തുവിനെ തള്ളിക്കളയുന്നതിൽ, യഹൂദന്മാർ അവരുടെ ഹൃദയത്തെ കഠിനമാക്കുകയും സാത്താന്റെ ശക്തിയിൽ തങ്ങളെത്തന്നെ ഏൽപ്പിക്കുകയും ചെയ്തു, അങ്ങനെ അവന്റെ കൃപ സ്വീകരിക്കാൻ അവർക്ക് കഴിഞ്ഞില്ല. അങ്ങനെ ഇപ്പോഴും സംഭവിക്കുന്നു. ദൈവസ്നേഹം അംഗീകരിക്കപ്പെടുകയും ആത്മാവിനെ സ്വസ്ഥതപ്പെടുത്തുകയും താഴ്മ വരുത്തുകയും ചെയ്യുന്ന ഒരു അടിസ്ഥാന ഘടകവും തത്വവും ആയി മാറുന്നില്ലെങ്കിൽ, നാം എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോകും. ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്തുവാൻ താൻ ഇപ്പോൾ ചെയ്തതിൽ അധികമായി ഒന്നും ചെയ്‌വാനില്ല. യേശുവിന്റെ സ്നേഹം നിങ്ങളുടെ ഹൃദയങ്ങളെ കീഴടക്കുന്നില്ലെങ്കിൽ, ദൈവത്തിങ്കലേക്കു എത്തിച്ചേരുവാൻ നമുക്ക് വേറെ ഒരു മാർഗ്ഗവും അവശേഷിക്കുന്നില്ല.

കരുണയുടെ സന്ദേശം കേൾക്കാൻ നിങ്ങൾ വിസമ്മതിക്കുമ്പോഴെല്ലാം നിങ്ങൾ അവിശ്വാസത്തിൽ സ്വയം ശക്തിപ്പെടുന്നു. ക്രിസ്തുവിന് നിങ്ങളുടെ ഹൃദയത്തിന്റെ വാതിൽ തുറക്കുന്നതിൽ നിങ്ങൾ പരാജയപ്പെടുമ്പോഴെല്ലാം, സംസാരിക്കുന്ന ക്രിസ്തുവിന്റെ ശബ്ദം കേൾക്കാൻ നിങ്ങൾ കൂടുതൽ കൂടുതൽ താല്പര്യമില്ലാത്തവർ

ആയിത്തത്തീരുന്നു. കരുണയുടെ അവസാന അഭ്യർത്ഥനയോടും പ്രതികരിക്കാനുള്ള നിങ്ങളുടെ അവസരം നിങ്ങൾ നഷ്ടമാകുന്നു. പുരാതന ഇസ്രായേലിനെ പറ്റി പറഞ്ഞിരിക്കുന്നത് പോലെ, “എഫ്രയീം വിഗ്രഹങ്ങളുടെ കൂട്ടാളിയാകുന്നു; അവനെ വിട്ടുകളക.” (ഹോശേയ:4:17). എന്ന് നിങ്ങളെപ്പറ്റിയും പറയാതിരിക്കട്ടെ. യെരുശലേമിനെക്കുറിച്ച് യേശു: "യെരൂശലേമേ, യെരൂശലേമേ, പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറികയും ചെയ്യുന്നവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കുംപോലെ നിന്റെ മക്കളെ എത്രവട്ടം ചേർത്തുകൊൾവാൻ എനിക്കു മനസ്സായിരുന്നു; നിങ്ങൾക്കോ മനസ്സായില്ല. നിങ്ങളുടെ ഭവനം ശൂന്യമായ്ത്തീരും; കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ എന്നു നിങ്ങൾ പറയുവോളം നിങ്ങൾ എന്നെ കാണുകയില്ല.” (ലൂക്കോസ്:13:34,35). വിലപിച്ചതുപോലെ നിങ്ങളെക്കുറിച്ചും യേശു വിലപിക്കാതിരിക്കട്ടെ.

**(12) ഒരു പാപിയെങ്കിലും മാനസാന്തരപ്പെടുമ്പോൾ സ്വർഗ്ഗത്തിൽ എന്താണ് സംഭവിക്കുന്നത്?**

***അങ്ങനെ തന്നേ മാനസാന്തരം കൊണ്ടു ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാന്മാരെക്കുറിച്ചുള്ളതിനെക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും” എന്നു ഞാൻ നിങ്ങളോടു പറയുന്നു. (ലൂക്കോസ്:15:7)***

ക്ഷീണിതർ, കഷ്ടതകൾ, പ്രലോഭനങ്ങൾ എന്നിവ നേരിടുന്നവരോട് അടുത്ത് വരിക എന്നത് ദൂതന്മാരുടെ ജോലിയാണ്. ക്രിസ്തു ആർക്കുവേണ്ടി

മരിച്ചോ അവർക്കായി ദൂതന്മാർ അശ്രാന്തം അധ്വാനിക്കുന്നു. പാപത്തിൽനിന്നും മനംതിരിഞ്ഞവർ രക്ഷകന്റെ മുൻപാകെ തങ്ങളെ സമർപ്പിക്കുവാൻ ചെല്ലുമ്പോൾ, ഈ സന്തോഷ വാർത്തകൾ ദൂതന്മാർ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുന്നു. ഈ വാർത്ത കേൾക്കുന്ന സ്വർഗ്ഗീയ സൈന്യത്തിന്റെ ഇടയിൽ വലിയ സന്തോഷം ഉണ്ടാകുന്നു. "മാനസാന്തരം കൊണ്ടു ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാന്മാരെക്കുറിച്ചുള്ളതിനെക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാകും" (ലൂക്കോസ്:15:7).

അന്ധകാരത്തെ അകറ്റുന്നതിനും ക്രിസ്തുവിന്റെ പരിജ്ഞാനം മറ്റുള്ളവരിലേക്ക് വ്യാപിപ്പിക്കുന്നതിനുമുള്ള നമ്മുടെ ഭാഗത്തുനിന്നുള്ള എല്ലാ ശ്രമങ്ങളുടെയും ഒരു റിപ്പോർട്ട് സ്വർഗ്ഗത്തിൽ എത്തിക്കുന്നു. ഈ പ്രവൃത്തി പിതാവിന്റെ മുമ്പാകെ വീണ്ടും അനാവരണം ചെയ്യുമ്പോൾ, എല്ലാ സ്വർഗീയ സേനയും സന്തോഷത്താൽ നിറയുന്നു.

**(13) അളക്കുവാൻ കഴിയാത്തത്ര വലിയ സ്നേഹത്താൽ പിതാവ് നമ്മളോട് ക്ഷമ കാണിക്കുകയും വീണ്ടെടുക്കുകയും ചെയ്തിട്ടു നമുക്ക് നൽകുന്ന ക്ഷണം എന്താണ്, അതിൽ നമ്മുടെ പക്ഷത്ത് നിന്നും ചെയ്യേണ്ടത് എന്താണ്?**

***"ഞാൻ കാർമുകിലിനെപ്പോലെ നിന്റെ ലംഘനങ്ങളെയും മേഘത്തെപോലെ നിന്റെ പാപങ്ങളെയും മായിച്ചുകളയുന്നു; എങ്കലേക്കു തിരിഞ്ഞുകൊൾക; ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു." (യെശയ്യാവ്:44:22)***

പ്രീയ വായനക്കാരാ, രക്ഷക്കായി നിങ്ങൾ നിങ്ങളുടേതായ വഴി തിരഞ്ഞെടുത്തിട്ടുണ്ടോ? നിങ്ങൾ ദൈവത്തിൽ നിന്ന് അകന്നുപോയോ? അതിക്രമത്തിന്റെ ഫലം നിങ്ങളുടെ അധരങ്ങളിൽ ചാരമായി മാറുന്നതിനായി നിങ്ങൾ വിരുന്നു കഴിക്കാൻ ശ്രമിച്ചിട്ടുണ്ടോ? ഇപ്പോൾ, നിങ്ങളുടെ ജീവിത പദ്ധതികൾ എല്ലാം തകിടം മറിഞ്ഞു, നിങ്ങളുടെ പ്രതീക്ഷകൾ എല്ലാം അസ്തമിച്ചു, നിങ്ങൾ നിരാശനും ഏകാകിയുമായി ഇരിക്കയാണോ? വളരെക്കാലമായി നിങ്ങളുടെ ഹൃദയത്തോട് സംസാരിക്കുന്നതും, എന്നാൽ നിങ്ങൾ കേൾക്കാൻ കൂട്ടാക്കാതിരുന്നതുമായ ആ ശബ്ദം വ്യക്തവും സ്പഷ്ടവുമായി നിങ്ങളുടെ അടുക്കലേക്ക് വരുന്നു, “പുറപ്പെട്ടു പോകുവിൻ; നാശത്തിന്നു, കഠിനനാശത്തിന്നു കാരണമായിരിക്കുന്ന മാലിന്യംനിമിത്തം ഇതു നിങ്ങൾക്കു വിശ്രാമസ്ഥലമല്ല.” (മീഖാ:2:10).

പിതാവിന്റെ ഭവനത്തിലേക്ക് മടങ്ങിവരിക. "എന്റെ അരികിലേക്ക് മടങ്ങി വരുവിൻ; ഞാൻ നിങ്ങളെ വീണ്ടെടുത്തിരിക്കുന്നു." എന്ന് പറഞ്ഞുകൊണ്ട് അവൻ നിങ്ങളെ ക്ഷണിക്കുകയാണ്. "നിങ്ങൾ ചെവി ചായിച്ചു എന്റെ അടുക്കൽ വരുവിൻ; നിങ്ങൾക്കു ജീവനുണ്ടാകേണ്ടതിന്നു കേട്ടുകൊൾവിൻ; ദാവീദിന്റെ നിശ്ചലകൃപകൾ എന്ന ഒരു ശാശ്വത നിയമം ഞാൻ നിങ്ങളോടു ചെയ്യും." (യെശയ്യാവ്: 44:22, 55:3)

നാം സ്വയം നന്നായതിനു ശേഷം ക്രിസ്തുവിലേക്കു വന്നാൽ മതി അതുവരെ ക്രിസ്തുവിൽ നിന്നും അകലം പാലിക്കേണം എന്നുള്ള സാത്താന്റെ ഉപദേശത്തിന് ചെവികൊടുക്കരുത്.
അതുവരെ നിങ്ങൾ കാത്തിരുന്നാൽ നിങ്ങൾ ഒരിക്കലും വരില്ല. സാത്താൻ

നിങ്ങളുടെ (പാപ) കറപുരണ്ട വസ്ത്രങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ, “എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ല. (യോഹന്നാൻ:6:37) എന്ന രക്ഷകന്റെ വാഗ്ദത്തം ഓർത്തുകൊള്ളുക. യേശുക്രിസ്തുവിന്റെ രക്തം എല്ലാ പാപങ്ങളിൽ നിന്നും ശുദ്ധീകരിക്കുന്നുവെന്ന് ശത്രുവിനോട് പറയുക. ദാവീദിനെപ്പോലെ നിങ്ങളും പ്രാർത്ഥിക്കുക: “ഞാൻ നിർമ്മലനാകേണ്ടതിന്നു ഈസോപ്പുകൊണ്ടു എന്നെ ശുദ്ധീകരിക്കേണമേ; ഞാൻ ഹിമത്തെക്കാൾ വെളുക്കേണ്ടതിന്നു എന്നെ കഴുകേണമേ.” (സങ്കീർത്തനം:51:7).

*പ്രപഞ്ചത്തിന്റെ സ്രഷ്ടാവായ ദൈവത്തെ അബ്ബാ പിതാവേ എന്ന് വിളിച്ചുകൊണ്ടു സമീപിക്കുവാൻ കഴിയുന്നതും, എന്റെ ജീവിതത്തെക്കുറിച്ചുള്ള അവന്റെ പദ്ധതികൾ അംഗീകരിക്കാൻ കഴിയുന്നതും എന്റെ പദവിയാണ്.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

*മുടിയനായ പുത്രന്റെയും എന്റെ പിതാവായ ദൈവം പ്രതിനിധാനം ചെയ്യുന്ന സ്നേഹനിധിയായ പിതാവിന്റെയും ഉപമയെക്കുറിച്ച് പഠിച്ചപ്പോൾ അത് എന്റെ ഹൃദയത്തെ സ്പർശിക്കുന്നു. ആ പുത്രൻ അനുസരണക്കേടിൽ തുടരുമ്പോൾ തന്നെ ദൈവം അവനെ അന്വേഷിക്കുന്നത് എങ്ങനെ തുടരുന്നോ, അതുപോലെ അവൻ നിങ്ങളെയും എന്നെയും അന്വേഷിച്ചുകൊണ്ടിരിക്കുന്നു.*

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

എന്റെ അനുസരണക്കേടുകളിൽ നിന്നും ഞാൻ ഓടി മാറുവാൻ ആഗ്രഹിക്കുന്നു, എന്നെ ഭത്സിക്കുകയോ, എന്റെ ദുഷ്ടതയുടെ വഴികൾ ഓർമ്മിപ്പിക്കുകയോ ചെയ്യാതെ എന്നെ സ്വീകരിക്കുന്നതിൽ ഞാൻ അധികം നന്ദിയുള്ളവനാണ്. വചനപ്രകാരം, അവൻ എന്റെ അനീതികളെ ക്ഷമിക്കുകയും എന്റെ പാപങ്ങളെ എന്നേക്കും മറന്നുകളയുകയും ചെയ്യുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

വീട്ടിൽ, പിതാവിന്റെ സ്നേഹത്തിലേക്ക് മടങ്ങി വരുന്ന ഒരു പാപിക്കുവേണ്ടി സ്വർഗ്ഗം മുഴുവനും സന്തോഷിക്കുന്നു എന്നുള്ളത് ആശ്ചര്യകരമാണ്. എനിക്കുവേണ്ടിയും സ്വർഗ്ഗം സന്തോഷിക്കുന്നു എന്ന യാഥാർത്ഥ്യത്തിൽ ഞാൻ അത്ഭുതപ്പെടുന്നു.!

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

ഞാൻ വീണ്ടും പാപത്തിലേക്ക് വീഴുമ്പോൾ പിതാവ് എന്നെ കൈവിടുന്നില്ല, മറിച്ച് എന്നെ അന്വേഷിച്ച് എന്നെ അവനിലേക്ക് അടുപ്പിക്കുന്നു എന്നതിനാൽ ഞാൻ എപ്പോഴും കൃതജ്ഞതയുള്ള വ്യക്തിയായിരിക്കും.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ　　　　　തീരുമാനിച്ചില്ല

അവിടുത്തെ പരിശുദ്ധാത്മാവിനെ ദുഖിപ്പിക്കരുതെന്നും എനിക്കുവേണ്ടി ഇത്രയധികം ചെയ്തവന്റെ നേരെ പുറം തിരിഞ്ഞുകളയുന്ന വ്യക്തി ആകരുതെന്നതും എന്റെ ഹൃദയംഗമമായ പ്രാർത്ഥനയാണ്. അവിടുത്തെ നാമത്തിനു മഹത്വം ഉണ്ടാകുവാനും അവിടുത്തെ മകൻ/മകൾ എന്നു വിളിക്കപ്പെടാനും ഞാൻ എന്റെ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ　　　　　തീരുമാനിച്ചില്ല



## അദ്ധ്യായം 4
## സ്വഭാവ പരിഷ്കരണത്തിലൂടെ വെളിപ്പെടുന്ന ദൈവസ്നേഹം

**(1) ദൈവം നമ്മിലേക്ക് പകർന്നു നൽകണമെന്ന് ആഗ്രഹിക്കുന്നതും, അവന്റെ സ്നേഹത്തിന്റെ വാഗ്ദത്തം അവകാശമാക്കാൻ കഴിയുന്നതുമായ അവന്റെ സ്വഭാവത്തിന്റെ നാല് ഗുണവിശേഷണങ്ങൾ എന്തെല്ലാമാണ്?**

***യഹോവ അവന്റെ മുമ്പാകെ കടന്നു ഘോഷിച്ചതു എന്തെന്നാൽ: യഹോവ, യഹോവയായ ദൈവം, കരുണയും കൃപയുമുള്ളവൻ; ദീർഘക്ഷമയും മഹാദയയും വിശ്വസ്തതയുമുള്ളവൻ. (പുറപ്പാട്:34:6)***

വിശ്വസ്തനായ ഒരു സ്രഷ്ടാവിനെപ്പോലെ നിങ്ങളുടെ ആത്മാവിനെ അവനിൽ സമർപ്പിക്കുക. അവന്റെ കരുണ ഉറപ്പാണ്, അവന്റെ ഉടമ്പടി ശാശ്വതമാണ്. എല്ലായിപ്പോഴും സത്യം സൂക്ഷിക്കുന്ന തന്റെ ദൈവമായ യഹോവയിൽ പ്രത്യാശയുള്ള മനുഷ്യൻ ഭാഗ്യവാൻ. നിങ്ങളുടെ ഹൃദയം ദൈവത്തിന്റെ

വാഗ്ദത്തങ്ങൾ ഗ്രഹിക്കുകയും അവ മുറുകെ പിടിക്കുകയും ചെയ്യട്ടെ. വിലയേറിയ വാഗ്ദത്തങ്ങളിൽ അടങ്ങിയിരിക്കുന്ന വലിയ ഉറപ്പ് നിങ്ങൾക്ക് പെട്ടെന്ന് ഓർമ്മിക്കാൻ കഴിയുന്നില്ലെങ്കിൽ, മറ്റൊരാളുടെ അധരങ്ങളിൽ നിന്ന് അവ ശ്രദ്ധിക്കുക. ദൈവത്തിന്റെ അധരങ്ങളിൽ നിന്നുതന്നെയുള്ള വാഗ്ദത്തങ്ങളിൽ എത്രമാത്രം പൂർണത, എത്രമാത്രം സ്നേഹം, എത്രമാത്രം ഉറപ്പ് എന്നിവ കാണപ്പെടുന്നു, അവ അവന്റെ സ്നേഹവും, പരിപാലനവും തന്റെ മക്കളോടുള്ള അവന്റെ ദയയും, കരുതലും പ്രഖ്യാപിക്കുന്നു.

തനിക്കുവേണ്ടി കഷ്ടതകൾ സഹിക്കുന്നവരോട് കർത്താവ് അനുകമ്പയുള്ളവനാണ്. അവനാൽ ക്ഷമിക്കപ്പെടാത്തത്ര വലിയ പാപം ഏതാണ്? അവൻ കരുണയുള്ളവനാണ്, അതിനാൽ ശിക്ഷിക്കുന്നതിനേക്കാൾ കൂടുതൽ, അനന്തമായ സ്നേഹത്താൽ ക്ഷമിക്കുന്നതിൽ സന്തോഷിക്കുന്നു. അവൻ കൃപയുള്ളവനാകയാൽ നമ്മിൽ തെറ്റുകൾ അന്വേഷിക്കുന്നില്ല; അവൻ നമ്മുടെ പ്രകൃതി അറിയുന്നുവല്ലോ; നാം പൊടി എന്നു അവൻ ഓർക്കുന്നു. അവിടുത്തെ അതിരുകളില്ലാത്ത കൃപയിലും കരുണയിലും അവൻ നമ്മുടെ എല്ലാ പിന്മാറ്റങ്ങളെയും സുഖപ്പെടുത്തുന്നു, നാം പാപികളായിരിക്കുമ്പോൾ തന്നെ നമ്മെ സ്വതന്ത്രമായി സ്നേഹിക്കുന്നു, അവന്റെ പ്രകാശം നമ്മിൽ നിന്നും പിൻവലിക്കുന്നില്ല, മറിച്ച് ക്രിസ്തുവിനുവേണ്ടി അത് നമ്മിൽ പ്രകാശിക്കുന്നു.

**(2) പിതാവിനോടുള്ള തന്റെ പ്രാർത്ഥനയിൽ യേശു ദൈവസ്നേഹം നമ്മോടു വിവരിച്ചതെങ്ങനെ?**

***നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന്നു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികെഞ്ഞവരായിരിക്കേണ്ടതിന്നു തന്നെ. (യോഹന്നാൻ :17:23)***

ദൈവം തന്റെ പുത്രനെ സ്നേഹിക്കുന്നതുപോലെ നമ്മെയും സ്നേഹിക്കുന്നു എന്ന പ്രോത്സാഹനവും ആശ്വാസവും നിറഞ്ഞ, ആ അത്ഭുതകരമായ സത്യത്തിന്റെ പ്രഖ്യാപനം ഇതാ. ശിഷ്യന്മാർക്കുവേണ്ടിയുള്ള അവസാന പ്രാർത്ഥനയിൽ യേശു പറഞ്ഞത് ഇതാണ്, "നീ എന്നെ സ്നേഹിച്ചതുപോലെ നീ അവരെ സ്നേഹിച്ചു." (യോഹന്നാൻ 17:23.

ദൈവത്തെ സമീപിക്കുന്നതിന്റെ ആദ്യപടി, ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ അറിയുകയും വിശ്വസിക്കുകയും ചെയ്യുക എന്നതാണ് (1യോഹന്നാൻ 4:16); അവന്റെ സ്നേഹത്തിന്റെ ആകർഷണത്തിലൂടെയാണ് നാം അവന്റെ അടുക്കലേക്ക് വരുന്നത്.

പിതാവ് തന്റെ പുത്രനെ സ്നേഹിക്കുന്നതുപോലെ, മനുഷ്യകുടുംബത്തിലെ ഏതൊരു അംഗത്തെയും സ്നേഹിക്കാൻ കഴിയുമെന്നും സ്നേഹിക്കുന്നുവെന്നും വിശ്വസിക്കുന്നത് വളരെ നല്ലതായി തോന്നുന്നു. എന്നാൽ അവിടുന്ന് ഉറപ്പുനൽകുന്നു, ഈ ഉറപ്പ് ഓരോ ഹൃദയത്തിനും സന്തോഷം പകരുകയും പരമോന്നത ഭക്തിയെ ഉണർത്തുകയും പറഞ്ഞറിയിക്കാനാവാത്ത കൃതജ്ഞത ഉരുവാക്കുകയും ചെയ്യും. ദൈവസ്നേഹം അനിശ്ചിതവും

അയാഥാർത്ഥ്യവുമല്ല, മറിച്ച് ജീവനുള്ള ഒരു യാഥാർത്ഥ്യമാണ്. {HP 58}

**(3) തന്റെ മക്കളെ സ്നേഹിക്കുന്ന ഒരു നല്ല പിതാവെന്ന നിലയിൽ, നമ്മുടെ സ്വഭാവങ്ങളെ രൂപാന്തരപ്പെടുത്തുന്നതിനും പൂർണ്ണതയുള്ളതാക്കുന്നതിനും ദൈവം ചെയ്യേണ്ടതെന്താണ്?**

***കർത്താവു താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു" എന്നിങ്ങനെ മക്കളോടു എന്നപോലെ നിങ്ങളോടു സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നുകളഞ്ഞുവോ? (എബ്രായർ :12:6)***

ക്ഷമ, നിരന്തരമായ അച്ചടക്കം എന്നിവ ആഴമായ വാത്സല്യത്തിന്റെ ആവിഷ്കാരമാണ്. പരിപൂർണ്ണവുമായ സ്വഭാവത്തിനായി രൂപകൽപ്പന ചെയ്തിട്ടുള്ള അനുഭവങ്ങൾ കർത്താവ് നമ്മെ സ്നേഹിക്കുന്നു എന്നതിന്റെ ഏറ്റവും നല്ല തെളിവാണ്. അത് ഒരു കുട്ടിയായാലും മുതിർന്ന ക്രിസ്ത്യാനിയായാലും സ്വഭാവത്തിന് അച്ചടക്കം അനിവാര്യമാണ്.

സ്വഭാവ രൂപീകരണത്തിന് ആവശ്യമായ ഏത് ശിക്ഷണവും ദൈവം നിർവ്വഹിക്കുന്നു, അല്ലെങ്കിൽ ഈ ലക്ഷ്യം നിറവേറ്റുന്നതിനായി ജീവിത അനുഭവങ്ങളെ അനുവദിക്കുന്നു. എന്നിരുന്നാലും, ഈ പ്രസ്താവന അക്ഷരാർത്ഥത്തിൽ അർത്ഥമാക്കേണ്ടതില്ല, ജീവിതത്തിലെ ചില കഷ്ടപ്പാടുകളും ദുഖവും ദൈവം വ്യക്തിപരമായോ നേരിട്ടോ ഉത്തരവിട്ടുകൊണ്ടു നമ്മുടെ അച്ചടക്ക പരിപാലനത്തിനായി ആക്കിവയ്ക്കുന്നു.

**(4) നിന്റെ ദൈവമായ യഹോവ നിന്നെ സ്നേഹിച്ചതുകൊണ്ടു, നിനക്ക് അനുഗ്രഹമായി തീരുവാൻ കഴിയുന്ന**

**കാര്യങ്ങൾ ശാപമായിത്തീരാൻ സാത്താൻ ആഗ്രഹിക്കുമ്പോൾ ദൈവം അതിനെ എന്താക്കി തീർക്കുന്നു?**

***എന്നാൽ ബിലെയാമിന്നു ചെവികൊടുപ്പാൻ നിന്റെ ദൈവമായ യഹോവെക്കു മനസ്സില്ലായിരുന്നു; നിന്റെ ദൈവമായ യഹോവ നിന്നെ സ്നേഹിച്ചതുകൊണ്ടു നിന്റെ ദൈവമായ യഹോവ ശാപം നിനക്കു അനുഗ്രഹമാക്കിത്തീർത്തു. (ആവർത്തനം:23:5)***

നമുക്ക് അസ്വസ്ഥതയും തോൽവിയും തോന്നിയേക്കാവുന്നവയിൽ നിന്ന് കർത്താവിന് വിജയം കൊണ്ടുവരാൻ കഴിയും. അദൃശ്യമായ കാര്യങ്ങൾ വിശ്വാസത്തിന്റെ കണ്ണുകൊണ്ട് കാണുന്നതിനുപകരം ലേകത്തിന്റെ കേവല ദൃഷ്ടിഗോചരമായ കാര്യങ്ങളിലേക്ക് നോക്കുന്നതിലും, ദൈവത്തെ മറക്കുന്നതിനാലും നാം അപകടത്തിലാണ്. നിർഭാഗ്യവശാൽ, അല്ലെങ്കിൽ വിപത്ത് വരുമ്പോൾ, ദൈവത്തോട് അവഗണനയോ ക്രൂരതയോ ആരോപിക്കാൻ നമ്മൾ തയ്യാറാകും. നമുക്ക് ഉപയോഗപ്രദമെന്നു കരുതുന്ന ഏതെങ്കിലും കാര്യങ്ങൾ അവൻ നമ്മിൽ നിന്നും അടർത്തി മാറ്റിയാൽ നാം അതിനെച്ചൊല്ലി വിലപിക്കുന്നു, അവ ദൈവം നമ്മുടെ നന്മയ്ക്കായി പ്രവർത്തിക്കുന്നുവെന്ന് കരുതുന്നത് അവസാനിപ്പിക്കുകയും ചെയ്യും. ശിക്ഷ അവന്റെ മഹത്തായ പദ്ധതിയുടെ ഭാഗമാണെന്നും കഷ്ടതയുടെ അടിയാൽ ക്രിസ്തുവിനെ പിൻപറ്റുന്നവർക്കു ചിലപ്പോൾ സജീവമായ സേവനത്തിൽ ഏർപ്പെടുന്നതിനേക്കാൾ കൂടുതൽ യജമാനനുവേണ്ടി ചെയ്യുവാൻ സാധിക്കുമെന്നും നാം പഠിക്കേണ്ടതുണ്ട്.

ഈ ചിന്തയെ പൗലോസ് വിശദീകരിക്കുന്നു (എബ്രാ. 12: 5-11)

നമ്മുടെ ഭൗമിക പിതാക്കന്മാർ നമ്മെ ശിക്ഷിക്കുമ്പോഴും നമ്മൾ അവരെ ബഹുമാനിക്കുന്നു. ഒരുപക്ഷേ അവർ നമ്മെളെ സ്നേഹിച്ചതുകൊണ്ടാണ് അവർ ഇത് ചെയ്യുന്നതെന്ന് കുട്ടികളെന്ന നിലയിൽ നമ്മൾ ചെറുതായി മനസ്സിലാക്കി. എല്ലാം സന്തോഷിക്കുന്ന ഒരു സ്വർഗ്ഗീയ പിതാവിന്റെ നിയന്ത്രണത്തിലാണെന്നും എല്ലാ കാര്യങ്ങളും അവർ അച്ചടക്കത്തിൽ സന്തോഷപൂർവ്വം സമർപ്പിക്കുകയും പഠിപ്പിക്കാൻ ഉദ്ദേശിച്ച പാഠങ്ങൾ പഠിക്കുകയും ചെയ്താൽ അവരുടെ നന്മയ്ക്കായി സാഹചര്യങ്ങൾ പ്രവർത്തിക്കുമെന്ന് ദൈവമക്കൾ വിശ്വസിക്കണം.

**(5) ദൈവം ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നത് ആരെയാണ്?**

***എനിക്കു പ്രിയമുള്ളവരെ ഒക്കെയും ഞാൻ ശാസിക്കയും ശിക്ഷിക്കയും ചെയ്യുന്നു; ആകയാൽ നീ ജാഗ്രതയുള്ളവനായിരിക്ക; മാനസാന്തരപ്പെടുക. (വെളിപ്പാട്:3:19)***

യേശു പറഞ്ഞു: "പിതാവു നിങ്ങളെ സ്നേഹിക്കുന്നു." നമ്മുടെ വിശ്വാസം ക്രിസ്തുവിലൂടെ, ദൈവത്തിൽ ഉറപ്പിച്ചിട്ടുണ്ടെങ്കിൽ, "ആ പ്രത്യാശ നമുക്കു ആത്മാവിന്റെ ഒരു നങ്കൂരം തന്നേ; അതു നിശ്ചയവും സ്ഥിരവും തിരശ്ശീലെക്കകത്തേക്കു കടക്കുന്നതുമാകുന്നു." നിരാശകൾ വരുമെന്നത് സത്യമാണ്; വലുതും ചെറുതുമായ എല്ലാ കഷ്ടതകളും നാം ദൈവത്തിൽ സമർപ്പിക്കണം. നമ്മുടെ ആവലാതികളുടെ ബാഹുല്യത്താൽ അവൻ പരിഭ്രാന്തരാകുകയോ നമ്മുടെ ഭാരങ്ങൾ അതിബഹുലമോ ആകുന്നില്ല.

അവന്റെ കരുതൽ സംരക്ഷണം നമ്മുടെ എല്ലാ കാര്യങ്ങളിലേക്കും വ്യാപിക്കുകയും ഓരോ

വ്യക്തിയെയും വലയം ചെയ്യുകയും ചെയ്യുന്നു; നമ്മുടെ എല്ലാ പ്രയത്നങ്ങളിലും സങ്കടങ്ങളിലും അവൻ ശ്രദ്ധാലുവുമാണ്. അവൻ എല്ലാ കണ്ണുനീരും കാണുന്നു; നമ്മുടെ ബലഹീനതയുടെ ഭാരത്താൽ അവൻ സ്പർശിക്കപ്പെടുന്നു. ഇവിടെ നാം അനുഭവിക്കുന്ന എല്ലാ കഷ്ടതകളും പരീക്ഷകളും, “നാം അവന്റെ വിശുദ്ധിയുടെ പങ്കാളികളാകാൻ” നമ്മോടുള്ള അവന്റെ സ്നേഹത്തിന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനും അവിടുത്തെ സാന്നിധ്യത്തിൽ കാണപ്പെടുന്ന സന്തോഷത്തിന്റെ പൂർണ്ണതയിൽ പങ്കാളികളാകുന്നതിനും വേണ്ടി അവൻ അനുവദിച്ചതാണ്,

പ്രലോഭിപ്പിക്കപ്പെട്ടവരും പരീക്ഷകൾ സഹിച്ചതുമായ ആത്മാക്കൾ അവരുടെ മേൽ ശിക്ഷ വരുമ്പോൾ, അവരെ മരണത്തിൽ നിന്ന് രക്ഷിക്കുന്നത് കർത്താവാണെന്ന് ഓർമ്മിക്കട്ടെ. ശാസന ലഭിക്കുന്ന ആത്മാക്കൾ ഓർക്കട്ടെ, “ഞാൻ സ്നേഹിക്കുന്നവരെ ഞാൻ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു” (വെളി:3:19).

**(6) ദൈവം നമ്മെ ശാസിക്കുകയും, ശിക്ഷിക്കുകയും ചെയ്യുമ്പോൾ നമ്മുടെ പക്ഷത്ത് നിന്നും നാം എന്താണ് ചെയ്യേണ്ടത്?**

***എനിക്കു പ്രിയമുള്ളവരെ ഒക്കെയും ഞാൻ ശാസിക്കയും ശിക്ഷിക്കയും ചെയ്യുന്നു; ആകയാൽ നീ ജാഗ്രതയുള്ളവനായിരിക്ക; മാനസാന്തരപ്പെടുക. (വെളിപ്പാട്:3:19)***

കർത്താവു പറയുന്നു, “ഞാൻ അവരെ സ്നേഹിക്കുന്നതുപോലെ തന്നെ അവരെ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു. ... ആകയാൽ ശുഷ്കാന്തിയുള്ളവരും

അനുതപിക്കുന്നവരും ആയിരിക്കുക"....
ചെയ്തുപോയ തെറ്റുകളെപ്പറ്റി പശ്ചാത്തപിക്കുന്ന ഹൃദയങ്ങളെ ക്രിസ്തു ഉയർത്തുകയും വിലപിക്കുന്ന ആത്മാക്കളെ, അവിടുത്തെ സാന്നിധ്യത്തിന് വസിക്കാൻ പര്യാപ്തമായ രീതിയിൽ ശുദ്ധീകരിക്കുകയും ചെയ്യുന്നു.

എന്നാൽ, കഷ്ടം വരുമ്പോൾ നമ്മിൽ എത്രപേർ യാക്കോബിനെപ്പോലെ ആകും! അത് ശത്രുവിന്റെ കൈയാണെന്ന് നമ്മൾ കരുതുന്നു; അന്ധകാരത്തിൽ നമ്മുടെ ശക്തി ചെലവഴിക്കുന്നതുവരെ നമ്മൾ അന്ധമായി അവയോടു മല്ലടിക്കുന്നു, അതിനാൽ ഞങ്ങൾക്ക് ആശ്വാസമോ വിടുതലോ ഇല്ല. രാത്രി യാമത്തിലെ ദിവ്യ സ്പർശം യാക്കോബിന് താൻ തർക്കിച്ചുകൊണ്ടിരിക്കുന്നവൻ സർവ്വശക്തന്റെ ഉടമ്പടിയുടെ ദൂതൻ ആണെന്ന് തിരിച്ചറിഞ്ഞു; പിന്നെ, നിസ്സഹായനായ അവൻ കരഞ്ഞുംകൊണ്ടു തന്റെ ആത്മാവ് വാഞ്ചിക്കുന്ന അനുഗ്രഹം ലഭിക്കുന്നതിനുവേണ്ടി നിത്യസ്നേഹമായവന്റെ മാറിലേക്ക് വീണു. ദൈവത്തിന്റെ പരീക്ഷകൾ നമുക്ക് ഉപകാരപ്രദങ്ങൾ ആണെന്ന് നാം നമനസിലാക്കണം, അതിനാൽ കർത്താവിന്റെ ശിക്ഷയെ പുച്ഛിക്കുകയോ അവൻ ശാസിക്കുമ്പോൾ ക്ഷീണിക്കുകയോ ചെയ്യരുത്.

നമ്മുടെ തെറ്റുകളെ ബോധ്യപ്പെടുത്തുക, പുതിയ പ്രവർത്തന ഗതിയിലേക്ക് പ്രോത്സാഹിപ്പിക്കുക എന്നിവയാണ് എല്ലാ യഥാർത്ഥ പരിഹാര അച്ചടക്കത്തിന്റെയും ലക്ഷ്യം. 'ചെസ്റ്റൺ', എന്ന പദത്തിന് "കുട്ടികളെ പരിശീലിപ്പിക്കുക," "ശിക്ഷിക്കുക" എന്ന അർത്ഥമാണ് വിവക്ഷിക്കുന്നത്, പ്രത്യേകിച്ചും, ഒരു രക്ഷകർത്താവ്

തന്റെ കുട്ടിയെ തിരുത്തുന്നതിനും, പരിശീലിപ്പിക്കുന്നതിനുമായി ശിക്ഷിക്കുന്നത് പോലെ. ക്രിസ്തുവിന്റെ ശാസന അവഗണിക്കപ്പെടുമ്പോൾ അവനെ പിന്തുടരുന്നവരുടെ മേൽ തന്റെ ശിക്ഷ വരുന്നു. തന്റെ ശാസനയും, ശിക്ഷകളും ഒരിക്കലും കോപത്താലല്ല-ഒരു മനുഷ്യൻ തന്റെ ക്ഷമ നശിക്കുമ്പോൾ ശിക്ഷിക്കുന്നത് പോലെ -എന്നാൽ, തീവ്രവമായ സ്നേഹത്തോടെ യുള്ള ഈ ശിക്ഷയുടെ ഉദ്ദേശ്യം പാപത്തിൽനിന്നും ഉള്ള പാപിയുടെ മാനസാന്തരമാണ്.

**(7) അവന്റെ ശാസനയോടും ശിക്ഷയോടും കൂടി, തന്റെ സ്നേഹപൂർവകമായ ദയയെക്കുറിച്ച് തന്റെ മക്കൾക്ക് ദൈവം എന്ത് വാഗ്ദത്തമാണ് നൽകുന്നത്?**

***എങ്കിലും എന്റെ ദയയെ ഞാൻ അവങ്കൽ നിന്നു നീക്കിക്കളകയില്ല; എന്റെ വിശ്വസ്തതെക്കു ഭംഗം വരുത്തുകയുമില്ല. (സങ്കീർത്തനങ്ങൾ :89:33)***

അവന്റെ വചനം പറയുന്നു: പർവ്വതങ്ങൾ മാറിപ്പോയാലും, കുന്നുകൾ നീങ്ങിപ്പോയാലും, എന്റെ ദയ നിങ്ങളെ വിട്ടു മാറുകയോ, എന്റെ നിയമത്തിന്റെ ഉടമ്പടി നീങ്ങിപ്പോവുകയി ചെയ്യില്ല. അവന്റെ ഇങ്ങനെ പറയുന്നു; “നിത്യമായ സ്നേഹത്താൽ ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു” (യിരെ:31:3). “നിത്യമായ ദയയോടെ ഞാൻ നിന്നോടു കരുണ കാണിക്കും” (യെശ:54:8).

മനുഷ്യന്റെ ഭയത്തിൽ നിന്നും ബലഹീനതയിൽ നിന്നും സംശയത്തിനും ചോദ്യം ചെയ്യലിനുമുള്ള എല്ലാ കാരണങ്ങളും നീക്കം ചെയ്യുവാൻ ദൈവം ഇറങ്ങിവരുന്നതും, വിശ്വാസത്തിൽ അവനിലേക്ക് എത്തിച്ചേരുന്ന വിറയാർന്ന കൈകൾ

ചേർത്ത് പിടിക്കുന്നതുമായ ഈ സ്നേഹം എത്ര അത്ഭുതകരമാണ്; സംരക്ഷണത്തിന്റെ അനവധി ഉറപ്പുകൾ നൽകി അവനെ ആശ്രയിക്കുവാൻ അവിടുന്ന് നമ്മെ സഹായിക്കുന്നു. നമ്മുടെ അനുസരണത്തിന്റെ വ്യവസ്ഥയെ അടിസ്ഥാനമാക്കി അവിടുന്ന് നമ്മോടു ഒരു ഉടമ്പടി ചെയ്തിരിക്കുന്നു, നമ്മുടെ സ്വന്തം അവസ്ഥകളെക്കുറിച്ചുള്ള നമ്മുടെ തിരിച്ചറിവിലാണ് അവിടുന്ന് നമ്മെ പൂർണ്ണമായും കണ്ടുമുട്ടുന്നത്.

നമ്മുടെ സഹമനുഷ്യരിൽ നിന്നുള്ള ഒരു ഉറപ്പോ വാഗ്ദാനമോ ലഭിച്ചിട്ടുണ്ടെങ്കിലും അതിനു ഇപ്പോഴും ഒരു ജാമ്യ കരാർ ആവശ്യമാണെന്ന് നമ്മൾ കരുതുന്നു. ഈ വിശേഷപ്പെട്ട ഉറപ്പുകളുടെ ആവശ്യകതയെല്ലാം യേശു മനസിലാക്കുകയും തന്റെ വാഗ്ദാനം ഒരു സത്യപ്രതിജ്ഞയിലൂടെ അവൻ സ്ഥിരീകരിച്ചു നൽകുകയും ചെയ്തു: “വാഗ്ദാനത്തിന്റെ അനന്തരാവകാശികളെ, വാഗ്ദത്തത്തിന്റെ മാറ്റമില്ലായ്മ കാണിക്കാൻ ദൈവം കൂടുതൽ സന്നദ്ധനായി, ഒരു വാഗ്ദത്തത്തിലൂടെ അത് സ്ഥിരീകരിച്ചു.......” വാഗ്ദത്തങ്ങളിലുള്ള നമ്മുടെ വിശ്വാസം ശക്തിപ്പെടുത്തുന്നതിന് കർത്താവ് ഇതിൽ കൂടുതലായി എന്താണ് ചെയ്യേണ്ടത്?

വീണ്ടെടുപ്പിന്റെ വേലയിൽ വ്യക്തമാകുന്നതുപോലെ, ദൈവത്തിന്റെ നന്മയിലും, അവൻ നമ്മെ സ്നേഹിച്ച മഹത്തായ സ്നേഹത്തിലും നിങ്ങളുടെ മനസ്സ് വസിക്കട്ടെ. നമ്മുടെ മൂല്യം പരിഗണിച്ചു അവൻ നമ്മെ സ്നേഹിക്കാതെ ഇരുന്നെങ്കിൽ, ഈ വലിയ ത്യാഗം നമുക്കുവേണ്ടി ചെയ്യുവാൻ അവനു കഴിയില്ലായിരുന്നു. അവൻ കരുണയിലും കൃപയിലും വളരെ ദയാലുവാണ്. അതിനാൽ,

അമ്മയുടെ കൈകളിൽ സ്വസ്ഥമായി ഉറങ്ങുന്ന കുട്ടിയെപ്പോലെ നിങ്ങളുടെ ഹൃദയവും മനസ്സും സ്വസ്ഥമായിരിക്കട്ടെ. അവന്റെ നിത്യ ഭുജങ്ങൾ നിങ്ങൾക്ക് കീഴെ ഉണ്ട്.

**(8) നൊടിനേരത്തേക്കു ദൈവം നൽകുന്ന കഷ്ടങ്ങൾ നമുക്ക് എന്ത് നേടിത്തരാൻ പ്രവർത്തിക്കുന്നു?**

***നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു. കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നതു താൽക്കാലികം, കാണാത്തതോ നിത്യം. (2കൊരിന്ത്യർ :4:17-18)***

എല്ലാ വശത്തുനിന്നും ക്ലേശങ്ങളും, കാഠിന്യവും, പീഡനങ്ങളും നേരിടുന്ന പൗലോസിന് അവയെ എല്ലാം നേരിയ കഷ്ടതകൾ എന്ന് വിളിക്കാമെങ്കിൽ, ഇന്നത്തെ ക്രിസ്ത്യാനികൾക്ക് പരാതിപ്പെടാൻ എന്തിരിക്കുന്നു? പൗലോസിന്റെ അനേകം കഷ്ടതകളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ കഷ്ടതകൾ എത്ര നിസ്സാരമാണ്! നമ്മിൽ വെളിപ്പെടുവാനുള്ള ശാശ്വത തേജസുമായി താരതമ്യം ചെയ്യുമ്പോൾ ഈ കഷ്ടതകൾ എത്രയോ നിസാരമായതാണ്. അവ ദൈവത്തിന്റെ വേലക്കാരാണ്, സ്വഭാവത്തിന്റെ പൂർണതയിലേക്ക് നമ്മെ കൊണ്ടുവരാൻ നിയമിതർ ആയതാണ്. ക്രിസ്ത്യാനിയുടെ ക്ലേശങ്ങളും കഷ്ടതകളും എത്ര വലുതാണെങ്കിലും, ദൈവീക കരുതലിന്റെ വഴികൾ പോലും ഇരുണ്ടതും പ്രതിസന്ധികൾ നിറഞ്ഞതുമായി തോന്നിയാലും, എല്ലാം തന്റെ നന്മയ്ക്കായി

പ്രവർത്തിക്കുന്നുവെന്ന് അറിഞ്ഞുകൊണ്ട് കർത്താവിൽ സന്തോഷിക്കുക. {LHU 248}

**(9) സ്വഭാവ രൂപീകരണത്തിന് അത്യന്താപേക്ഷിതമായ എന്ത് സമ്മാനം ആണ് അത് സ്വീകരിക്കുന്ന എല്ലാവക്കും കർത്താവ് നൽകുന്നത്?**

***യിസ്രായേലിന്നു മാനസാന്തരവും പാപമോചനവും നല്കുവാൻ ദൈവം അവനെ പ്രഭുവായും രക്ഷിതാവായും തന്റെ വലങ്കയ്യാൽ ഉയർത്തിയിരിക്കുന്നു. (പ്രവർത്തികൾ:5:31)***

പാപിയായ ഒരുവനെ നഷ്ടപ്പെട്ട ആടായിട്ടാണ് പ്രതിനിധീകരിക്കുന്നത്, നഷ്ടപ്പെട്ട ആടുകൾ ഒരിക്കലും സ്വയമേവ മടങ്ങിവരികയില്ല, ഇടയൻ അതിനെ അന്വേഷിച്ചു ചെന്ന് കണ്ടെത്തി തിരികെ മടക്കി വരുത്തുകയാണ് ചെയ്യുന്നത്. തന്നിൽത്തന്നെ ഒരു മനുഷ്യനും മാനസാന്തരപ്പെടാനും നീതീകരണത്തിന്റെ അനുഗ്രഹത്തിന് യോഗ്യനാകാനും കഴിയില്ല. കർത്താവായ യേശു നിരന്തരം പാപിയുടെ മനസ്സിനെ സ്വാധീനിക്കാനും ലോകത്തിന്റെ പാപങ്ങൾ ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ കണ്ടുമുട്ടുവാനും അവനെ ആകർഷിക്കാൻ ശ്രമിക്കുന്നു. ആത്മ ബോധത്തിലേക്ക് ഒരു പടിപോലും മുന്നോട്ടു വയ്ക്കുവാൻ നമുക്ക് കഴിയില്ല, എന്നാൽ യേശു നമ്മെ രക്ഷയിലേക്കു നടത്തുകയും, നമ്മുടെ ആത്മാവിനെ ബലപ്പെടുത്തി, മാനസാന്തരം നമ്മിൽ ഉളവാക്കി അതിലേക്കു നയിക്കുകയും ചെയ്യുന്നു.

മഹാപുരോഹിതന്മാർക്കും സദൂക്യർക്കും മുമ്പാകെ, മാനസാന്തരമെന്നത് ദൈവത്തിന്റെ ദാനമാണെന്ന വസ്തുത പത്രോസ്

വ്യക്തമായി അവതരിപ്പിച്ചു. ക്രിസ്തുവിനെക്കുറിച്ച് സംസാരിക്കുമ്പോൾ, “യിസ്രായേലിന്നു മാനസാന്തരവും പാപമോചനവും നല്കുവാൻ ദൈവം അവനെ പ്രഭുവായും രക്ഷിതാവായും തന്റെ വലങ്കയ്യാൽ ഉയർത്തിയിരിക്കുന്നു.” (പ്രവൃ. 5:31). പാപക്ഷമയായും, നീതീകരണവും എന്നതിൽ നിന്നും ഒട്ടും കുറഞ്ഞതല്ല മാനസാന്തരം എന്നെ ദൈവത്തിന്റെ ദാനം, ക്രിസ്തുവിനാൽ അത് നമ്മുടെ ആത്മാവിൽ നല്കപ്പെട്ടെങ്കിൽ അല്ലാതെ അത് അനുഭവിക്കുവാൻ കഴിയുകയും ഇല്ല. നാം ക്രിസ്തുവിലേക്ക് ആകർഷിക്കപ്പെടുന്നുവെങ്കിൽ, അത് അവന്റെ ശക്തിയിലൂടെയും സദ്ഗുണത്തിലൂടെയുമാണ്. പശ്ചാത്താപത്തിലേക്കു നയിക്കുന്ന കൃപയും നീതീകരണവും, അവനിൽ നിന്ന് വരുന്നു.

ബൈബിളിൻറെ സമൃദ്ധമായ വാഗ്ദാനങ്ങൾ നിങ്ങൾക്ക് മുൻപിൽ വച്ചുകൊണ്ടു ഇനിയും സംശയത്തിന് മുൻതൂക്കം നൽകുവാൻ നിങ്ങൾക്ക് കഴിയുമോ? നിസ്സഹായനായ പാപി മടങ്ങിവരാൻ കൊതിക്കുമ്പോൾ, തന്റെ പാപങ്ങൾ ക്ഷമിക്കപ്പെടുവാൻ ആഗ്രഹിക്കുമ്പോൾ, മാനസാന്തരത്തോടെ തന്റെ കാൽക്കൽ വരുന്നതിൽ നിന്ന് കർത്താവ് അവനെ തടയുന്നുവെന്ന് നിങ്ങൾക്ക് വിശ്വസിക്കാമോ? അത്തരം ചിന്തകളിൽ നിന്ന് അകന്നുപോകുക! ഈ ആശയങ്ങളേക്കാൾ വലിയതായി ദൈവത്തെ അപമാനിക്കുന്ന മറ്റൊന്നും ഇല്ല. നമ്മുടെ സ്വർഗ്ഗീയപിതാവിനെ പറ്റിയുള്ള അത്തരം ചിന്തകളെ രസിപ്പിക്കുന്നതിനേക്കാൾ കൂടുതലായി നിങ്ങളുടെ ആത്മാവിനെ വേദനിപ്പിക്കാൻ മറ്റൊന്നിനും കഴിയില്ല. ദൈവത്തെക്കുറിച്ചുള്ള അത്തരം ചിന്തകളാൽ നമ്മുടെ ആത്മീയജീവിതം മുഴുവനും നിരാശയുടെയും പ്രതീക്ഷയില്ലായ്മയുടെയും ചിന്തകളാൽ

പിടക്കപ്പെട്ടുപോകാം. ദൈവത്തെ അന്വേഷിക്കാനോ അവനെ സേവിക്കാനോ ഉള്ള എല്ലാ ശ്രമങ്ങളെയും അങ്ങനെയുള്ളവർ നിരുത്സാഹപ്പെടുത്തുന്നു. നമുക്കെതിരായ ശിക്ഷാവിധി പ്രഖ്യാപിക്കുവാൻ തയ്യാറായ ഒരു ന്യായാധിപനായി മാത്രമാണ് ദൈവം ഇരിക്കുന്നതെന്നു നാം ചിന്തിക്കരുത്. അവൻ പാപത്തെ വെറുക്കുന്നു; എന്നാൽ പാപികളോടുള്ള സ്നേഹം നിമിത്തം അവൻ സ്വയം അർപ്പിക്കപ്പെടുകയും, ക്രിസ്തുവിന്റെ ആളത്ത്വത്താൽ, രക്ഷിക്കപ്പെടുന്നവർക്കു എല്ലാം മഹത്വത്തിന്റെ രാജ്യത്തിൽ അനുഗ്രഹങ്ങൾ നൽകുകയും ചെയ്യുന്നു.

**(10) ദൈവം ദയയും സ്നേഹവും കരുണയും ഉള്ളവനായതിനാൽ, അനുതപിക്കുന്ന ഓരോ പാപിക്കും വേണ്ടി അവൻ ചെയ്തത് എന്താണ്?**

***എന്നാൽ നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയും മനുഷ്യപ്രീതിയും ഉദിച്ചപ്പോൾ അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചതു. (തീത്തോസ്:3:4-5)***

അതേ രീതിയിൽ എല്ലാ മനുഷ്യർക്കും ക്രസിതുവിന്റെ അരികിലേക്ക് വരാം. "അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചതു." (തീത്തോസ്:3:5). നിങ്ങൾ ഒരു പാപിയായതിനാൽ ദൈവത്തിൽ നിന്ന് അനുഗ്രഹം ലഭിക്കുമെന്ന് പ്രതീക്ഷിക്കാനാവില്ലെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? പാപികളെ രക്ഷിക്കാനാണ് ക്രിസ്തു ലോകത്തിലേക്ക് വന്നതെന്ന് ഓർക്കുക. നമുക്ക് ദൈവത്തോട് ശുപാർശ ചെയ്യാൻ ഒന്നുമില്ല; ഇപ്പോഴും എന്നേക്കും നാം ദൈവത്തോട് അഭ്യർത്ഥിച്ചേക്കാവുന്ന അപേക്ഷ

നമ്മുടെ നിസ്സഹായാവസ്ഥ മാത്രമാണ്, അത് അവന്റെ വീണ്ടെടുപ്പിന്റെ പ്രവർത്തിക്കു അനിവാര്യവും ആകുന്നു. സ്വയത്തിലുള്ള എല്ലാ ആശ്രയവും ത്യജിച്ചുകൊണ്ട്, ഞങ്ങൾ കാൽവരിയിലെ കുരിശിലേക്ക് നോക്കി ഇങ്ങനെ പറയും: "എന്റെ കയ്യിൽ ഒരു വിലയും കൊണ്ടുവരാൻ ഇല്ല; നിന്റെ ക്രൂശിൽ ഞാൻ മുറുകെ പിടിക്കുന്നു."

*നല്ല പിതാവെന്ന നിലയിൽ, ദൈവം എന്നെ വളരെയധികം സ്നേഹിച്ചതിൽ ഞാൻ നന്ദിയുള്ളവനാണ്, എന്റെ നന്മയ്ക്കായി എന്നെ ശാസിക്കാനും ശിക്ഷണം നൽകാനും പര്യാപ്തമായ നിലയിൽ അവൻ എന്നെ സ്നേഹിക്കുന്നു.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

*ദൈവത്തിന്റെ കാരുണ്യം, ദീർഘക്ഷമ, സമൃദ്ധമായ നന്മ എന്നിങ്ങനെ ആത്മാവിനു രക്ഷാകരമായ ഈ സ്വഭാവവിശേഷങ്ങൾ എന്റെ സ്വഭാവത്തിലേക്ക് പകർത്താൻ അവൻ ആഗ്രഹിക്കുന്നു എന്നതിനാൽ ഞാൻ നന്ദിയുള്ളവനാണ്,*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

*തിന്മയായതു ഒന്നും ഭവിക്കാൻ അവൻ ഇടയാക്കില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു, പക്ഷേ, എല്ലാ തിന്മയും എന്റെ നന്മയ്ക്കും ആത്യന്തികമായി എന്റെ സ്വഭാവത്തിന്റെ പൂർണതയ്ക്കും*

വേണ്ടി അവൻ കാരണമാക്കിയതിൽ ഞാൻ ആനന്ദിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

ദൈവം എന്നെ ശിക്ഷിക്കുമ്പോൾ അതിനോട് കൂടി വരുന്ന മാനസാന്തരത്തിന്റെ ദാനം ഞാൻ സ്വീകരിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു, അതിലൂടെ എന്റെ ഉള്ളിൽ അവനു ജീവിക്കാനും അവന്റെ സ്വഭാവം എന്നിൽ പ്രതിഫലിക്കാനും ഇടയാകും.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

ദൈവത്തിൻറെ സ്നേഹനിർഭരമായ ദയ ഒരിക്കലും പരാജയപ്പെടുന്നില്ലെന്നും അവിടുന്ന് എന്നെ വളരെയധികം സ്നേഹിക്കുന്നതിനാലും അവിടുത്തെ നാമത്തിന് മഹത്ത്വം നൽകുന്ന എല്ലാ കാര്യങ്ങളും അവൻ സൗജന്യമായി തന്നിരിക്കുന്നതിനാലും ഞാൻ നന്ദിപറയുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല



## അദ്ധ്യായം 5
## കൃപയാൽ വെളിപ്പെട്ട ദൈവസ്നേഹം

**(1) പാപം ചെയ്തു വീഴ്ച സംഭവിച്ച മനുഷ്യ വർഗ്ഗത്തെ രക്ഷിക്കുവാൻ ദൈവം തന്റെ മഹത്തായ സ്നേഹം വെളിപ്പെടുത്തിയ അത്ഭുതകരമായ ശുശ്രൂഷയെക്കുറിച്ച് അപ്പസ്തോലൻ എന്താണ് പരാമർശിക്കുന്നത്?**

***അതിന്നൊക്കെയും ദൈവം തന്നേ കാരണഭൂതൻ; അവൻ നമ്മെ ക്രിസ്തുമൂലം തന്നോടു നിരപ്പിച്ചു, നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്കു തന്നിരിക്കുന്നു. (2കൊരിന്ത്യർ:5:18)***

അപ്പോസ്തലൻ പറയുന്നു: “ദൈവം ക്രിസ്തുവിലൂടെ, ലോകത്തെ തന്നോട് അനുരഞ്ജിപ്പിക്കുന്നു.” വീണ്ടെടുപ്പിന്റെ മഹത്തായ പദ്ധതിയെക്കുറിച്ച് ചിന്തിക്കുമ്പോൾ മാത്രമേ നമുക്ക് ദൈവത്തിന്റെ സ്വഭാവത്തെ ന്യായമായി മനസ്സിലാക്കാൻ കഴിയൂ. സൃഷ്ടി എന്ന ക്രിയ അവന്റെ സ്നേഹത്തിന്റെ പരമമായ പ്രകടനമായിരുന്നു; എന്നാൽ

പാപബോധത്താൽ നശിക്കുന്ന മനുഷ്യവർഗ്ഗത്തെ രക്ഷിക്കുന്നതിലൂടെ ദൈവത്തിന്റെ കൃപയുടെ ആഴവും, ദൈവീക കരുണയും, ദയയും നമുക്ക് വെളിപ്പെടുത്തി തന്നു. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." ദൈവത്തിന്റെ നിയമം പാലിക്കുകയും അതിന്റെ നീതി തെളിയിക്കപ്പെടുകയും ചെയ്യുമ്പോൾ, പാപികൾക്ക് ക്ഷമ ലഭിക്കുകയും ചെയ്യുന്നു. ദൈവം "നീതിമാനും യേശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനും ആയിരിക്കുന്നു" എന്നതാണ് സ്വർഗ്ഗം നല്കിതന്ന ഏറ്റവും പ്രിയങ്കരമായ ദാനം. ആ ദാനത്തിലൂടെ മനുഷ്യർ പാപത്തിന്റെ നാശത്തിൽ നിന്നും അധപതനങ്ങളിൽ നിന്നും ഉയർത്തപ്പെടുകയും ദൈവമക്കളാകുകയും ചെയ്യുന്നു. പൗലോസ് പറയുന്നു: "പുത്രത്വത്തിനാൽ നമുക്ക് ദൈവത്തെ അബ്ബാ പിതാവേ എന്ന് വിളിക്കുവാനുള്ള അവകാശം ലഭിച്ചിരിക്കു"

**(2) പൂർണ്ണമായി മനസിലാക്കുവാൻ കഴിയാത്ത ഒരു സ്നേഹത്തിന്റെ പ്രവൃത്തിയിൽ, ഓരോ വിശ്വാസിയും രക്ഷിക്കപ്പെടുവാൻ വേണ്ടി നൽകിയിരിക്കുന്ന മഹത്തായ സമ്മാനം എന്താണ്?**

***തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ:3:16)***

ഈ സന്ദേശം ലോകത്തിനായുള്ളതാണ്, കാരണം "ആരെങ്കിലും" എന്നാൽ ഈ

നിബന്ധന പാലിക്കുന്ന ഏതൊരാൾക്കും അനുഗ്രഹം പങ്കിടാം. തങ്ങളുടെ സ്വന്തം രക്ഷകനായി യേശുവിൽ വിശ്വസിക്കുന്ന ആരും "നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കും." നമുക്ക് നിത്യമായ പ്രതിഫലം ലഭിക്കത്തക്കവണ്ണം എല്ലാ വ്യവസ്ഥകളും ഏർപ്പെടുത്തിയിട്ടുണ്ട്.

മനുഷ്യർക്കു വെളിപ്പെടുത്തിയ ദൈവസ്നേഹം ക്രൂശിൽ കേന്ദ്രീകരിച്ചിരിക്കുന്നു. അതിന്റെ സമ്പൂർണ്ണ പ്രാധാന്യതയെപ്പറ്റി വിവരിക്കുവാൻ ഒരു നാവിനും കഴിയില്ല; ഒരു പേനയ്ക്കും അത് ചിത്രീകരിക്കാൻ കഴിയില്ല; മനുഷ്യന്റെ മനസ്സിന് പൂർണ്ണമായി ഗ്രഹിക്കാൻ കഴിയില്ല. കാൽവരിയിലെ കുരിശിൽ നോക്കുമ്പോൾ നമുക്ക് ഇങ്ങനെ പറയാൻ മാത്രമേ കഴിയൂ: "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." (യോഹന്നാൻ 3:16).

നമ്മുടെ പാപങ്ങൾക്കായി ക്രിസ്തു ക്രൂശിക്കപ്പെട്ടുവെന്നും, ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റു വെന്നും, ക്രിസ്തു ഉയരത്തിൽ കയറി എന്നുമുള്ള, രക്ഷയുടെ തത്വമാണ് നാം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യേണ്ടത്.

**(3) നമ്മോടുള്ള അവന്റെ മഹത്തായ സ്നേഹം കാരണം, ഏതു പ്രത്യേക ഉദ്ദേശ്യത്തിനായിട്ടല്ല ദൈവം തന്റെ പുത്രനെ അയച്ചത്?**

***ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ. (യോഹന്നാൻ:3:17)***

ലോകത്തെ ന്യായംവിധിക്കാൻ ദൈവം തൻ്റെ പുത്രനെ ലോകത്തിലേക്ക് അയച്ചിരിക്കാം. എന്നാൽ അത്ഭുതകരമായ കൃപയാൽ ക്രിസ്തു നമ്മെ രക്ഷിക്കാനാണ് വന്നത്, നശിപ്പിക്കാനല്ല! രക്ഷകൻ്റെ അളവറ്റ സ്നേഹത്തിൻ്റെ പ്രചോദനത്താൽ ഹൃദയങ്ങൾ പ്രകാശിച്ചില്ലായിരുന്നു എങ്കിൽ അപ്പോസ്തലന്മാർ ഒരിക്കലും ഈ മാർഗ്ഗത്തെ സ്പർശിക്കുമായിരുന്നില്ല.

മനുഷ്യരുടെ രക്ഷക്കായി തൻ്റെ പുത്രനെ മഹാ ദാനമായി നൽകിയതിലൂടെ എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമെന്ന് ദൈവം ആഗ്രഹിച്ചു. എന്നാൽ ഈ ദൈവഹിതം ഓരോ വ്യക്തിയുടെയും ഇച്ഛാശക്തിയാൽ സ്ഥിരീകരിക്കപ്പെടണം, എങ്കിൽ മാത്രമേ അത് അവന് ഫലപ്രദമായി തീരുകയുള്ളു. ക്രിസ്തുവിനെ വിശ്വസിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നവർക്ക് മാത്രമാണ് രക്ഷ (യോഹന്നാൻ 1:12; 3:16 കാണുക).

**(4) നശിക്കപ്പെട്ടു പോയവരുടെ ശിക്ഷാവിധിക്കായുള്ള എന്താണ്?**

***ന്യായവിധി എന്നതോ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതു ആകയാൽ അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചതു തന്നേ. (യോഹന്നാൻ:3:19)***

പുത്രനിൽ വിശ്വസിക്കാത്തവർ "ഇപ്പോൾതന്നെ ശിക്ഷാവിധിയിൽ അകപ്പെട്ടിരിക്കുന്നു" എന്ന് വിശദീകരിക്കാൻ യോഹന്നാൻ തിടുക്കപ്പെടുന്നു. ലോകത്തെ രക്ഷിക്കുക എന്നതായിരുന്നു, തൻ്റെ പുത്രനെ ലോകത്തിലേക്ക് അയച്ചതിലൂടെയുള്ള ദൈവത്തിൻ്റെ ഉദ്ദേശ്യം. രക്ഷകൻ്റെ വരവ് കാരണം, ചില മനുഷ്യർ

ന്യായം വിധിക്കപ്പെടുകയാണെങ്കിൽ, ദൈവത്തെ കുറ്റപ്പെടുത്താനാവില്ല. സത്യവെളിച്ചത്തിന്റെ വരവിന്റെ പരിണിത ഫലമല്ല ന്യായവിധി, പ്രത്യുതാ, മനഃപൂർവ്വമായി മനുഷ്യർ പ്രകാശത്തിൽ നിന്നും പിന്തിരിഞ്ഞു അന്ധകാരത്തിലേക്ക് നീങ്ങാൻ പ്രാധിനിത്യം നല്കുന്നതുകൊണ്ടാണ്.

**(5) നമ്മളുടെ നിർണ്ണായകമായ നാശത്തെ തടയാൻവേണ്ടി നമ്മോടുള്ള അവന്റെ മഹത്തായ സ്നേഹം ദൈവം എങ്ങനെ വെളിപ്പെടുത്തി?**

***ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിന്നു ലോകത്തിലേക്കു അയച്ചു എന്നുള്ളതിനാൽ ദൈവത്തിന്നു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി. (1യോഹന്നാൻ:4:9)***

ആദാമിന്റെ പാപം മനുഷ്യവർഗ്ഗത്തെ നിരാശാജനകമായ ദുരിതത്തിലേക്ക് തള്ളിവിട്ടപ്പോൾ, ദൈവം തന്റെ ബന്ധം വീണുപോയ മനുഷ്യരിൽ നിന്ന് വേർപെടുത്തി. പാപക്ഷമ ആവശ്യമായ പാപികളായിട്ടാണ് അവൻ അവരെ പരിഗണിച്ചിരുന്നത്. അവന്റെ കോപത്തിന്റെ പാനപാത്രം ലോകത്തിന്മേൽ പകരാൻ അവൻ സ്വർഗ്ഗത്തിലെ ദൂതന്മാരോട് കൽപ്പിക്കാമായിരുന്നു. അവൻ തന്റെ പ്രപഞ്ചത്തിൽ നിന്ന് ഈ ഇരുണ്ട മങ്ങൽ നീക്കം ചെയ്യാമായിരുന്നു. എന്നാൽ അവൻ ഇത് ചെയ്തില്ല. തന്റെ സന്നിധിയിൽ നിന്ന് അവരെ പുറത്താക്കുന്നതിനുപകരം, വീണുപോയ മനുഷ്യ വർഗ്ഗത്തോട് അവൻ കൂടുതൽ അടുത്തു. നമ്മുടെ അസ്ഥിയുടെ അസ്ഥിയും നമ്മുടെ മാംസത്തിന്റെ മാംസവും ആകാൻ അവൻ തന്റെ പുത്രനെ നൽകി. മനുഷ്യന് ദൈവം നൽകിയ ദാനം എല്ലാ കണക്കുകൂട്ടലുകൾക്കും

അതീതമായതാണ്. ഒന്നും പരിമിതപ്പെടുത്തിയില്ല. മനുഷ്യ വർഗ്ഗത്തോട് കൂടുതൽ സ്നേഹം വെളിപ്പെടുത്താനോ, ദൈവത്തിനു കൂടുതൽ കാര്യങ്ങൾ ചെയ്യാനോ കഴിയുമായിരുന്നുവെന്ന് പറയാൻ ദൈവം അനുവദിച്ചില്ല. ക്രിസ്തുവിനെ ദാനമായി നൽകിയതിലൂടെ സ്വർഗ്ഗത്തിലെ സകലവും ദൈവം മനുഷ്യർക്ക് നൽകുകയാണ് ചെയ്തത്.

**(6) നമ്മോടുള്ള ദൈവത്തിന്റെ മഹത്തായ സ്നേഹം കാരണം, എന്ത് ഉദ്ദേശ്യത്തിനായിട്ടാണ് അവൻ തന്റെ പുത്രനെ ഭൂമിയിലേക്ക് അയച്ചത്?**

*നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നേ സാക്ഷാൽ സ്നേഹം ആകുന്നു. (1യോഹന്നാൻ: 4:10)*

ലംഘനത്തിന്റെ പരിണിതഫലമായി ആദാമും ഹവ്വയും എല്ലാ പ്രതീക്ഷകളിൽ നിന്നും ഛേദിക്കപ്പെട്ടു, ദൈവത്തിന്റെനീതി പാപിയുടെ മരണം ആവശ്യപ്പെടുമ്പോൾ, ക്രിസ്തു തന്നെത്താൻ പാപത്തിന്റെ ബലിയായി നൽകി. “നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നേ സാക്ഷാൽ സ്നേഹം ആകുന്നു.” “നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തനും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി.” 1 യോഹന്നാൻ 4:10; യെശയ്യാവു 53: 6.

മനുഷ്യനുവേണ്ടി വാദിക്കുവാൻ ഒരുവൻ മാത്രമേയുള്ളൂ, ഒരു മദ്ധ്യസ്ഥൻ മാത്രം, അവൻ നമ്മുടെ

ലംഘനങ്ങളെ ക്ഷമിക്കാൻ കഴിവുള്ളവനാണ്. നമ്മുടെ പാപങ്ങളുടെ പ്രായശ്ചിത്തമായി യേശുവിനെ തന്നവനോട് നമ്മുടെ ഹൃദയം നാന്ദിയാൽ നിറയുന്നില്ലേ? പിതാവ് നമുക്കുവേണ്ടി നൽകിയ സ്നേഹത്തെക്കുറിച്ചും, അവൻ നമുക്കുവേണ്ടി വെളിപ്പെടുത്തിയ സ്നേഹത്തെക്കുറിച്ചും ആഴത്തിൽ ചിന്തിക്കുക. ഈ സ്നേഹം നമുക്ക് അളക്കാൻ കഴിയില്ല. അളക്കുവാൻ പര്യാപ്തമായതു ഒന്നും ഇല്ല. ലോകത്തിന്റെ സ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാടിനെ മാത്രമേ നമുക്ക് കാൽവരിയിൽ ചൂണ്ടിക്കാണിക്കാൻ കഴിയൂ. അത് അനന്തമായ ത്യാഗമാണ്. ആ സ്നേഹത്തിന്റെ ആഴം നമുക്ക് മനസ്സിലാക്കാനോ അളക്കുവാനോ കഴിയുമോ?

**(7) നമ്മോടുള്ള ദൈവത്തിന്റെ അളവറ്റ സ്നേഹത്തിന്റെ കുറ്റമറ്റ തെളിവായി ക്രിസ്തുവിലൂടെ വെളിപ്പെടുത്തുവാൻ ദൈവം അയച്ചത് എന്താണ്?**

***ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. (റോമർ: 5:8)***

കരുണയുടെ നിരന്തരമായ വെളിപ്പെടുത്തലിലൂടെ വീണുപോയ മനുഷ്യകുലത്തിന്റെ ദൈവീക സ്വരൂപം വീണ്ടെടുക്കുക എന്ന തത്വത്തിന്മേൽ അടിസ്ഥാനമിട്ടിരിക്കുന്നു എന്നതാണ് സുവിശേഷത്തിന്റെ മഹത്വം. ഈ പ്രവൃത്തി സ്വർഗ്ഗീയ പ്രാകാരങ്ങളിൽ ആണ് ആരംഭിച്ചത്. അവിടെവച്ചാണ്, ദൈവം മനുഷ്യനെ സ്നേഹിച്ചതിന്റെ വ്യക്തമായ തെളിവുകൾ നൽകുവാൻ തീരുമാനിച്ചത്. അവൻ “തന്റെ ഏകജാതനായ പുത്രനിൽ

വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.” (യോഹന്നാൻ 3:16.

ദൈവത്തിനു മനുഷ്യ വർഗ്ഗത്തോട് സഹതാപം തോന്നുകയും, പിതാവും പുത്രനും പരിശുദ്ധാത്മാവും വീണ്ടെടുപ്പിന്റെ പദ്ധതിയിൽ നിന്ന് പ്രവർത്തിക്കാൻ തങ്ങളെത്തന്നെ നൽകുകയും ചെയ്തു. ഈ പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിന് വേണ്ടി, ദൈവത്തിന്റെ ഏകപുത്രനായ ക്രിസ്തു പാപങ്ങൾക്കായുള്ള യാഗമായി തന്നെത്തന്നെ നൽകാമെന്ന് സ്വയം തീരുമാനിച്ചു. ഈ സ്നേഹത്തിന്റെ ആഴം വിവരിക്കുവാൻ ഏത് വാക്കുകൾക്കു കഴിയും? ഇതിലും അധികമായി മനുഷ്യന്റെ വീണ്ടിടുപ്പിനായി ചെയ്യുവാൻ ദൈവം സന്നദ്ധനായിരുന്നുവെന്നു മനുഷ്യൻ പറയുവാൻ ദൈവം ഇടയാക്കി. മനുഷ്യന്റെ വീണ്ടെടുപ്പിനായുള്ള പദ്ധതിയിൽ യാതൊന്നും കുറവാകാതിരിക്കേണ്ടതിനായി ക്രിസ്തുവിനോടൊപ്പം സ്വർഗ്ഗത്തിലെ എല്ലാ നന്മകളും അവൻ നൽകി. ധ്യാനിക്കുംതോറും ആത്മാവിൽ അളവില്ലാത്ത നാന്ദിയാൽ നിറയുന്ന ആ സ്നേഹം ഇതാ! സമാനതകളില്ലാത്ത എത്ര വലിയ സ്നേഹമാണിത്! ഈ സ്നേഹത്തിന്റെ ധ്യാനം എല്ലാ സ്വാർത്ഥതകളിൽ നിന്നും ആത്മാവിനെ ശുദ്ധീകരിക്കും. അത് സ്വയം ത്യജിക്കാനും ക്രൂശ് എടുത്തുകൊണ്ടു ശിഷ്യന്മാരായി വീണ്ടെടുപ്പുകാരനെ പിന്തുടരാനും പ്രേരിപ്പിക്കുന്നു. {CH 222}

**(8) സ്വർഗത്തിൽ നേരിട്ട് കാണുന്നതുവരെ, ഞങ്ങൾ ഇത് പൂർണ്ണമായി മനസിലാക്കുകയില്ല, ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിന്റെ ബന്ധത്തിൽ**

**നമ്മുടെ പ്രാർത്ഥന എങ്ങനെയുള്ളതു ആയിരിക്കണം?**

***വീതിയും നീളവും ഉയരവും ആഴവും എന്തു എന്നു സകല വിശുദ്ധന്മാരോടുംകൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു. (എഫെസ്യർ:3:18-19)***

വീണുപോയ മനുഷ്യരുടെ രക്ഷയ്ക്കായി തന്റെ പുത്രന്റെ ദാനത്തിൽ പ്രകടമാകുന്ന ദൈവസ്നേഹത്തിന്റെ ധ്യാനം മറ്റെന്തിനേക്കാളും ഹൃദയത്തെ ഉത്തേജിപ്പിക്കുകയും ആത്മാവിന്റെ ശക്തികളെ ഉയർത്തുകയും ചെയ്യും. വീണ്ടെടുപ്പിന്റെ പ്രവർത്തനം അത്ഭുതകരമായ ഒരു പ്രവർത്തിയാണ്; അത് ദൈവത്തിന്റെ പ്രപഞ്ചത്തിലെ ഒരു രഹസ്യമാണ്. എന്നാൽ സമാനതകളില്ലാത്ത കൃപയുടെ ഇത്തരം സംഗതികൾ എത്രമാത്രം താത്പര്യപ്പെടാത്ത വസ്തുതകളായി തുടരുന്നു! നമ്മുടെ ഇന്ദ്രിയങ്ങൾ നിയന്ത്രിക്കുന്നതിലൂടെ പാപത്താലും, സാത്താൻ നിരന്തരം നമ്മുടെ മുൻപിൽ കൊണ്ടുവരുന്ന അന്ധകാരത്തിന്റെ ചിന്തകളിൽ ധ്യാനിക്കുന്നവരും ആയാൽ, നമുക്ക് യാതൊരുവിധ ഗുണമോ പ്രതീക്ഷകളോ ഇല്ലാത്ത കാര്യങ്ങളെ നമ്മുടെ ഹൃദയത്തിൽ ദിനവും നിറച്ചുകൊണ്ടു നമ്മുടെ താത്പര്യങ്ങളെ അവനിലേക്ക് വലിച്ച് കളയും സാത്താൻ. എന്നാൽ, വീണ്ടെടുക്കപ്പെട്ടവരുടെ നിത്യഗാനം നമ്മെ സ്നേഹിക്കുകയും, പാപത്തിൽ നിന്ന് നമ്മെ സ്വന്തം രക്തത്തിൽ കഴുകുകയും ചെയ്തവനെ സ്തുതിക്കുന്നതാണ്. ദൈവത്തിന്റെ സിംഹാസനത്തിനുമുമ്പിൽ നമുക്ക്

എപ്പോഴെങ്കിലും ആ ഗാനം ആലപിക്കേണമെങ്കിൽ നാം അത് ഇവിടെ പഠിക്കണം.

**(9) പാപത്തിന്റെയും നിരാശയുടെയും ആഴത്തത്തിലേക്കു നമ്മൾ വീണുപോയി അർഹത ഇല്ലാത്തവർ ആയാലും, സ്നേഹത്തിന്റെ ദൈവം നമ്മോടു വാഗ്ദത്തം ചെയ്തിരിക്കുന്ന ആ മൂന്നു കാര്യങ്ങൾ എന്തെല്ലാമാണ്?**

***“ഞാൻ അവരുടെ പിൻമാറ്റത്തെ ചികിത്സിച്ചു സൌഖ്യമാക്കും; എന്റെ കോപം അവനെ വിട്ടുമാറിയിരിക്കയാൽ ഞാൻ അവരെ ഔദാര്യമായി സ്നേഹിക്കും.” (ഹോശേയ:14:4)***

ദൈവത്തിന്റെ നഗരത്തിൽ പ്രവേശിക്കുന്ന എല്ലാവരും ഇടുക്കമുള്ള വാതിലൂടെ പ്രവേശിക്കേണം - വേദനാജനകമായ പ്രവർത്തിയാണിത്; “അശുദ്ധമായതു യാതൊന്നും മ്ളേച്ഛതയും ഭോഷ്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല.” (വെളിപ്പാടു:21:27). എന്നാൽ വീണുപോയ ആരും നിരാശരായി ഉപേക്ഷിക്കപ്പെട്ടുപോയി എന്ന് ചിന്തിക്കേണ്ട. ഒരിക്കൽ ദൈവത്തിൽ ബഹുമാന്യർ ആയിരുന്ന പ്രീയമായവർ ആഗ്രഹങ്ങളുടെ ബലിപീഠത്തിൽ തങ്ങളുടെ യോഗ്യതകൾ ബലിയർപ്പിച്ച് അവരുടെ ആത്മാക്കളെ അശുദ്ധമാക്കിയിരിക്കാം; അവർ അനുതപിക്കുകയും പാപം ഉപേക്ഷിക്കുകയും ദൈവത്തിലേക്കു തിരിയുകയും ചെയ്താൽ അവർക്ക് ഇനിയും പ്രത്യാശയുണ്ട്.

“നീ മരണപര്യന്തം വിശ്വസ്തനായിരിക്കുക, ഞാൻ നിനക്കു ജീവന്റെ കിരീടം തരും” എന്ന് പ്രഖ്യാപിക്കുന്നവൻ അതിലേക്കു നമ്മെ ക്ഷണിക്കുകയും ചെയ്യുന്നു, “ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ

തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ചു യഹോവയിങ്കലേക്കു തിരിയട്ടെ; അവൻ അവനോടു കരുണകാണിക്കും; നമ്മുടെ ദൈവത്തിങ്കലേക്കു തിരിയട്ടെ; അവൻ ധാരാളം ക്ഷമിക്കും." (വെളിപ്പാടു:2:10; യെശയ്യാവു:55:7). ദൈവം പാപത്തെ വെറുക്കുന്നു, പക്ഷേ അവൻ പാപിയെ സ്നേഹിക്കുന്നു. "ഞാൻ അവരുടെ പിൻമാറ്റത്തെ ചികിത്സിച്ചു സൌഖ്യമാക്കും; എന്റെ കോപം അവനെ വിട്ടുമാറിയിരിക്കയാൽ ഞാൻ അവരെ ഔദാര്യമായി സ്നേഹിക്കും." (ഹോശേയ14:4).

**(10) ക്രിസ്തുവിനോട് കൂടെ നമ്മളെ വീണ്ടും ജീവിപ്പിച്ചതിലൂടെ ദൈവം തന്റെ ദീർഘമായ കരുണ നമ്മുടെമേൽ ചൊരിഞ്ഞത് എന്തിനുവേണ്ടിയാണ്?**

*കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാ സ്നേഹംനിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടു കൂടെ ജീവിപ്പിക്കയും – കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു – (എഫെസ്യർ:2:4-5)*

ദൈവം കരുണയുള്ളവൻ മാത്രമല്ല; തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടും കരുണ കാണിക്കാൻ തക്കവണ്ണം അവൻ കരുണയിൽ സമ്പന്നനാണ്, സ്വയമേവ അവർ കരുണയ്ക്കു യോഗ്യരല്ല, മറിച്ച് കരുണ നൽകുന്നത് ദൈവത്തിന് പ്രസാദകരമാണ് (തീത്തോസ്:3:5; 1പത്രോസ്:1:3).

ദൈവത്തിന്റെ സ്നേഹം തന്റെ അനുകമ്പയേക്കാൾ വലിയതാണ്; അതിന്റെ ഗുണഭോക്താക്കൾ ആകുന്ന പ്രവർത്തനത്തിലേക്ക് നമ്മെ നയിക്കുകയും മാറ്റമില്ലാത്തതായി തുടരുകയും ചെയ്യുന്നതാണ്. "നാം പാപികളായിരിക്കുമ്പോൾ തന്നെ"

ദൈവം നമ്മെ സ്നേഹിച്ചു, ഒരിക്കലും നമ്മെ സ്നേഹിക്കുന്നത് അവസാനിപ്പിക്കുകയുമില്ല. ഈ സ്നേഹമാണ് അവനെ രക്ഷയുടെ പ്രവർത്തികൾക്കായി പ്രേരിപ്പിച്ചത് (യോഹന്നാൻ 3:16). അവന്റെ സ്വഭാവത്തിന്റെ ഒരു പ്രധാന ഗുണമാണ് സ്നേഹം (1യോഹന്നാൻ:4: 8), ക്രിസ്തുവിന്റെ ആളത്വത്തിൽ സ്നേഹത്തിന്റെ ഏറ്റവും ഉയർന്ന പ്രതിഫലനം നമുക്ക് ദർശിക്കുവാൻ കഴിയും. നാം പാപികളായതുകൊണ്ട് ദൈവം നമ്മോട് കരുണ കാണിക്കുന്നു, നാം അവന്റെ സൃഷ്ടികളായതിനാൽ അവൻ നമ്മെ സ്നേഹിക്കുന്നു. മനുഷ്യനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ മഹത്തായ പ്രവർത്തനം കേവലം നന്മയുടെയോ ദാനധർമ്മത്തിന്റെയോ ഒരു പ്രവൃത്തിയായിരുന്നില്ല; അത് വാത്സല്യത്തിന്റെയും സ്നേഹത്തിന്റെയും പ്രവൃത്തിയായിരുന്നു.

അതിക്രമങ്ങളാലും, പാപങ്ങളാലും മരിച്ചവരായിരുന്ന നമ്മളെയും സ്നേഹിപ്പാൻ തക്ക വലിയ സ്നേഹമായിരുന്നു അവിടുന്ന് നമ്മളോട് കാണിച്ചത് എന്നതാണ് ദൈവ കൃപയുടെ മാഹാത്മ്യം. ദുഷ്പ്രവൃത്തികളാൽ നമ്മൾ ദൈവത്തിന്റെ ശത്രുക്കളും, കാമത്തിനും, വ്യർത്ഥ സന്തോഷങ്ങൾക്കും അടിമകളും, ഹീനമായ മോഹങ്ങളാൽ അലഞ്ഞവരും, പാപത്തിനും സാത്താനും ദാസന്മാരും ആയിരുന്നു. നമ്മുടെ പാപങ്ങളുടെ പ്രായശ്ചിത്തമായിത്തീരുന്ന ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ആഴം എത്രമാത്രമാണെന്നു അവൻ വെളിപ്പെടുത്തി. പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയിലൂടെ ആത്മാക്കൾ പാപക്ഷമയിലേക്കു നയിക്കപ്പെടുന്നു.

**(11) ആരിലൂടെയാണ് ദൈവം തന്റെ സ്നേഹത്തിന്റെ സ്വഭാവം ലോകത്തിനു വെളിപ്പെടുത്തിയത്?**

***യേശു അവനോടു പറഞ്ഞതു: ഞാൻ ഇത്രകാലം നിങ്ങളോടുകൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പൊസേ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു; പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണം എന്നു നീ പറയുന്നതു എങ്ങനെ? (യോഹന്നാൻ: 14:9)***

ദൈവത്തെ തെറ്റിദ്ധരിച്ചതിലൂടെ ഭൂമി ഇരുണ്ടുപോയി. ഇരുണ്ട നിഴലുകൾ ലഘൂകരിക്കാനും, ലോകത്തെ ദൈവത്തിലേക്ക് തിരികെ കൊണ്ടുവരാനും, സാത്താന്റെ വഞ്ചനാപരമായ ശക്തി തകർക്കപ്പെടേണ്ടതായിരുന്നു. ബലപ്രയോഗത്തിലൂടെ ഇത് സാധ്യമാക്കുവാൻ കഴിയുമായിരുന്നില്ല. ബലപ്രയോഗം ദൈവത്തിന്റെ അധികാരത്തിന്റെ തത്വങ്ങൾക്ക് വിരുദ്ധമാണ്; സ്നേഹത്തിന്റെ സേവനം മാത്രമാണ് അവൻ ആഗ്രഹിക്കുന്നത്; സ്നേഹത്തിനു ആജ്ഞാപിക്കാനാവില്ല; അത് ബലപ്രയോഗത്തിലൂടെയോ അധികാരത്തിലൂടെയോ നേടാനാവില്ല. സ്നേഹത്താൽ മാത്രമേ സ്നേഹം ഉരുവാക്കപ്പെടുകയുള്ളു.

ദൈവത്തെ അറിയുക എന്നത് അവനെ സ്നേഹിക്കുക എന്നതാണ്; സാത്താന്റെ സ്വഭാവത്തിന് വിരുദ്ധമായാണ് ദൈവത്തിന്റെ സ്വഭാവം പ്രകടമാകുന്നത്. ഈ പ്രവൃത്തി ചെയ്യുവാൻ പ്രപഞ്ചത്തിൽ ഒരുവന് മാത്രമേ കഴിയുകയുള്ളു. ദൈവസ്നേഹത്തിന്റെ ഉയരവും ആഴവും അറിയുന്നവന് മാത്രമേ അത് അറിയിക്കുവാൻ കഴിയൂ. ലോകത്തിന്റെ ഇരുണ്ട രാത്രിയിൽ,

"നീതിസൂര്യൻ തന്റെ ചിറകിൻ കീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും." (മലാഖി:4:2).

**(12) നമ്മോടുള്ള ദൈവത്തിന്റെ സ്നേഹമാണോ അതോ നമ്മെ രക്ഷിക്കാനുള്ള ദൈവത്തിന്റെ ദാനമായ പുത്രനാണോ ആദ്യം വന്നത്?**

***തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ: 3:16)***

എന്നാൽ ഈ മഹത്തായ ത്യാഗം പിതാവിന്റെ ഹൃദയത്തിൽ മനുഷ്യനോടുള്ള സ്നേഹം സൃഷ്ടിക്കാനോ, ലോകത്തെ രക്ഷിക്കാൻ പിതാവായവനെ സന്നദ്ധനാക്കുവാനോ അല്ല. ഒരിക്കലും അല്ല! "തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു." (യോഹന്നാൻ 3:16). പിതാവ് നമ്മെ സ്നേഹിക്കുന്നു, അത് നമുക്ക് വേണ്ടി ചെയ്ത വലിയ പ്രായശ്ചിത്തത്താലല്ല, മറിച്ച് അവൻ നമ്മെ സ്നേഹിക്കുന്നതിനാലാണ് അവൻ പ്രായശ്ചിത്തം നൽകിയത്. വീഴ്ച്ച സംഭവിച്ച ഒരു ലോകത്തിന്മേൽ തന്റെ അനന്തമായ സ്നേഹം പകരാൻ കഴിയുന്ന മാധ്യമമായിരുന്നു ക്രിസ്തു. "ദൈവം ലോകത്തിന്നു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു." (2കൊരിന്ത്യർ:5:19). പിതാവും, തന്റെ പുത്രനോടൊപ്പം കഷ്ടതകൾ സഹിച്ചു. ഗദ്സമനയുടെ ആഴമായ വേദനയിലും, കാൽവരിയിലെ മരണത്തിലും, അനന്തമായ സ്നേഹമായവൻ നമ്മുടെ വേണ്ടിടുപ്പിന്റെ വില കൊടുക്കുകയായിരുന്നു.

യേശു പറഞ്ഞു: "എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിന്നു ഞാൻ അതിനെ കൊടുക്കുന്നതുകൊണ്ടു പിതാവു എന്നെ സ്നേഹിക്കുന്നു." (യോഹന്നാൻ:10:17). എന്ന് പറഞ്ഞാൽ "എന്റെ പിതാവായവൻ, നിങ്ങളുടെ വീണ്ടെടുപ്പിനായി താൻ ഏറെ സ്നേഹിക്കുന്ന എന്റെ പ്രാണനെ നൽകുവാൻ തക്കവണ്ണം അധികമായി നിങ്ങളെ സ്നേഹിച്ചു. നിങ്ങൾക്ക് പകരക്കാരനായി ഞാൻ എന്റെ ജീവനെ മറുവിലയായി നൽകുകയും, നിങ്ങളുടെ എല്ലാ കടങ്ങളും, അനുസരണക്കേടുകളും ഏറ്റെടുത്തുകൊണ്ട് എന്റെ യാഗത്താൽ ഞാൻ എന്റെ പിതാവിന് വീണ്ടും പ്രീയമുള്ളവനായി യേശുവിൽ വിശ്വസിക്കുന്ന ഏവനും നീതീകരണം നൽകുന്ന നീതീകർത്താവായി പിതാവിനെ മാറ്റുകയും ചെയ്തു."

**(13) പാപത്തിൽ മരിച്ചവർ ആയിരുന്നിട്ടും, ക്രിസ്തുവിലൂടെ തന്റെ മഹാ സ്നേഹത്താലും കരുണയാലും ദൈവം നമുക്കുവേണ്ടി ചെയ്ത ആ രണ്ടു കാര്യങ്ങൾ എന്തെല്ലാമാണ്?**

***അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടു കൂടെ ജീവിപ്പിക്കയും – കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു – ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിന്നു (എഫെസ്യർ: 2:5-6)***

ക്രിസ്തുവിന്റെ ദാനത്തിലൂടെ ദൈവം നമ്മെ അവനുമായി ബന്ധിപ്പിക്കുമെന്ന് മനുഷ്യന് കാണിച്ചുകൊടുക്കുന്നതിനായി ജീവന്റെയും മഹത്വത്തിൻറെയും കർത്താവ് തന്റെ ദൈവത്വത്തെ മനുഷ്യ വേഷം അണിയിച്ചു. ദൈവവുമായി ഒരു ബന്ധവുമില്ലാതെ ആർക്കും സന്തോഷിക്കാൻ കഴിയില്ല.

മാനസാന്തരപ്പെട്ട പാപിയെ ആലിംഗനം ചെയ്യുന്നതുവരെ നമ്മുടെ സ്വർഗ്ഗീയപിതാവിന് തൃപ്തിപ്പെടാൻ കഴിയില്ലെന്ന് മനസിലാക്കുക, വീണുപോയ മനുഷ്യൻ കളങ്കമില്ലാത്ത ദൈവത്തിന്റെ കുഞ്ഞാടിന്റെ യോഗ്യതകളിലൂടെ രൂപാന്തരപ്പെടുന്നു.

എല്ലാ സ്വർഗ്ഗീയ ബുദ്ധികളുടെയും പ്രവർത്തനം ഇവിടെവരെയാണ്. സ്വർഗ്ഗീയപിതാവിൽ നിന്ന് വേർപെട്ടുപോയവരുടെ വീണ്ടെടുപ്പിനായി തങ്ങളുടെ സേനാനായകന്റെ ആജ്ഞപ്രകാരം പ്രവർത്തിക്കുവാൻ അവർ നിയുക്തരായിരിക്കുന്നു. ക്രിസ്തുവിന്റെ അത്ഭുതകരമായ കൃപയും സ്നേഹവും ലോകത്തിന് വെളിപ്പെടുത്തുന്ന ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. മനുഷ്യന്റെ മറുവിലയ്ക്കായി ദൈവപുത്രൻ നൽകിയ അനന്തമായ വിലയിലൂടെ, ദൈവസ്നേഹം വെളിപ്പെടുന്നു. വീണ്ടെടുപ്പിന്റെ ഈ മഹത്തായ പദ്ധതി ലോകത്തെ മുഴുവനും രക്ഷിക്കുവാൻ മതിയായതാണ്. പാപക്ഷമയിലൂടെയും, ക്രിസ്തുവിനാൽ ലഭിക്കുന്ന നീതീകരണത്തിലൂടെയും പാപിയും വീണുപോയതുമായ മനുഷ്യൻ പൂർണ്ണനായി തീരുന്നു.

***പിതാവിന്റെ സ്നേഹം വെളിപ്പെടുത്തുന്നതിനും നാശത്തിൽ നിന്ന് നമ്മെ രക്ഷിക്കുന്നതിനുമായി ദൈവത്വത്തിന്റെ മർമ്മം ക്രിസ്തുവിലൂടെ മനുഷ്യനായി ജഡത്തിൽ ഭൂമിയിലേക്ക് വന്നതിൽ ഞാൻ ആശ്ചര്യപ്പെടുന്നു!***

***വൃത്തത്തിൽ അടയാളപ്പെടുത്തുക:***

***അതെ തീരുമാനിച്ചില്ല***

വേദനയിൽ നിന്നും കഷ്ടപ്പാടുകളിൽ നിന്നും മരണത്തിൽ നിന്നും വിമുക്തമായി അവന്റെ സാന്നിധ്യത്തിൽ എനിക്ക് ഒരു ഭാവിയും പ്രത്യാശയും ലഭിക്കാൻ ദൈവം ഉദാരമായി നൽകിയ അവിടുത്തെ പുത്രന്റെ ദാനത്തിനായി ഞാൻ നിത്യതവരെയും ദൈവത്തോട് നന്ദിയുള്ളവനാണ്.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

ഈ ലോകത്തിലെ പാപത്തിന്റെ അന്ധകാരത്തെ ഞാൻ സ്നേഹിക്കാതിരിക്കാനും, ഇരുട്ടിന്റെ ശിക്ഷാവിധി തിരഞ്ഞെടുക്കാതെ അവന്റെ അത്ഭുതകരമായ പ്രകാശത്തെ സ്നേഹിക്കുവാനും ദൈവം തന്റെ ആത്മാവിനാൽ എന്നെ നിറയ്ക്കണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

എന്റെ പിന്മാറ്റം സുഖപ്പെടുത്താനും എന്നെ സ്വതന്ത്രമായി സ്നേഹിക്കാനും അങ്ങയുടെ കോപം എന്നിൽ നിന്ന് മാറ്റുമെന്നും ഉള്ള അവിടുത്തെ വാഗ്ദത്തത്തിനായി പിതാവിന് നന്ദി പറയുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

വീണുപോയ മനുഷ്യ വർഗ്ഗത്തോട് കരുണ തോന്നക്കയും എന്റെ വീണ്ടെടുപ്പിനായി സ്വയം പ്രയത്നിക്കുകയും ചെയ്ത ദൈവത്തെ ഞാൻ അറിയുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

ഇന്ന് ഞാൻ എന്റെ ഹൃദയവും മനസ്സും ആത്മാവും കർത്താവിന് നൽകുകയും, അവന്റെ കൃപയാലും ആത്മാവിനാലും എന്റെ ജീവിതം അവിടുത്തെ മഹത്വത്തിനായി നയിക്കണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. എനിക്കുവേണ്ടി ക്രിസ്തുവിന്റെ ജീവിതത്തിലൂടെയും മരണത്തിലൂടെയും ദൈവഭക്തിയുടെ രഹസ്യം വെളിപ്പെടുത്തിയ അവന്റെ സ്നേഹത്തിനും നന്മയ്ക്കും ശക്തമായ സാക്ഷിയാകാൻ ഞാൻ ആഗ്രഹിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല



## അദ്ധ്യായം 6
## അവന്റെ നീതിയിലും കരുണയിലും കൂടി വെളിപ്പെട്ട ദൈവസ്നേഹം

**(1) എന്തിന്റെ മഹത്ത്വം ഉയർത്താനും, പൂർത്തീകരണത്തിലേക്കു നയിക്കാനും ഉന്നതമാക്കാനും വേണ്ടിയാണ് ക്രിസ്തു ഭൂമിയിലേക്ക് വന്നു തന്റെ ജീവനെ നൽകിയത്?**

*ഞാൻ ന്യായപ്രമാണത്തെയൊ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുതു; നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നതു. (മത്തായി :5:17)*

നഷ്ടപ്പെട്ട മനുഷ്യ കുലത്തെ വീണ്ടെടുക്കുന്നതിനുള്ള തന്റെ ഏകജാതനായ പുത്രന്റെ ദാനത്തിലൂടെ ദൈവത്തിന്റെ അനന്തമായ സ്നേഹം വെളിപ്പെടുത്തപ്പെട്ടു. തന്റെ പിതാവിന്റെ സ്വഭാവം മനുഷ്യർക്ക് വെളിപ്പെടുത്താനാണ് ക്രിസ്തു ഭൂമിയിലേക്ക് വന്നത്, അവന്റെ ജീവിതത്തിൽ ദൈവീക ആർദ്രതയുടെയും അനുകമ്പയുടെയും

പ്രവൃത്തികൾ നിറഞ്ഞുനിന്നു. എന്നിട്ടും ക്രിസ്തു തന്നെ വിളിച്ച് പറയുന്നു, “ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽനിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല.” (മത്തായി:5:18).

യേശുവിലൂടെ, ദൈവത്തിന്റെ കരുണ മനുഷ്യർക്ക് വെളിപ്പെടുത്തി; കരുണ ദൈവത്തിന്റെ നീതിയെ മാറ്റിവെക്കുന്നില്ല. ന്യായപ്രമാണം ദൈവത്തിന്റെ സ്വഭാവത്തിന്റെ പ്രത്യേകതകൾ വെളിപ്പെടുത്തുന്നു, മാത്രമല്ല മനുഷ്യന്റെ താഴ്ചയുടെ അവസ്ഥയിൽ നിന്നും അവനെ വീണ്ടെടുക്കണമായിരുന്നുവെങ്കിലും അതിന്റെ ഒരു വള്ളിയോ പുള്ളിയോ മാറ്റാൻ കഴിയില്ല. ദൈവം തന്റെ നിയമത്തിൽ മാറ്റം വരുത്തിയിട്ടില്ല, മറിച്ച് മനുഷ്യന്റെ വീണ്ടെടുപ്പിനായി ക്രിസ്തു തന്നെത്തന്നെ ത്യജിച്ചു. “ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു.” (2കൊരി:5:19).

ന്യായപ്രമാണം നീതി ആവശ്യപ്പെടുന്നു, - നീതിപൂർവകമായ ജീവിതം, തികഞ്ഞ സ്വഭാവം; ഇവ മനുഷ്യനിൽ ഇല്ലായിരുന്നു. ദൈവത്തിന്റെ വിശുദ്ധ നിയമം ആവശ്യപ്പെടുന്നവ നിറവേറ്റാൻ അവന് കഴിഞ്ഞില്ല. എന്നാൽ ക്രിസ്തു മനുഷ്യനായി ഭൂമിയിൽ വന്നു വിശുദ്ധ ജീവിതം നയിക്കുകയും, പൂർണതയുള്ള സ്വഭാവം വളർത്തുകയും ചെയ്തു. ആവശ്യമായ എല്ലാർക്കും സമ്പൂർണ്ണ സ്വഭാവം സൗജന്യമായി സമ്മാനമായി അവൻ വാഗ്ദാനം ചെയ്തു. മനുഷ്യന്റെ ജീവനുവേണ്ടി അവൻ തന്റെ ജീവനെ വയ്ക്കുകയും അങ്ങനെ, ദൈവത്തിന്റെ ക്ഷമയിലൂടെ കഴിഞ്ഞകാല പാപങ്ങളുടെ മോചനവും മനുഷ്യർക്ക് ലഭ്യമാക്കി. അതിലുപരിയായി, ക്രിസ്തു

ദൈവത്തിന്റെ ഗുണവിശേഷങ്ങളാൽ മനുഷ്യരെ നിറവുള്ളവരാക്കികൊണ്ടു മനുഷ്യരുടെ സ്വഭാവത്തെ ദൈവ സ്വഭാവത്തോടു അനുരൂപമാക്കി പണിയുകയും സുന്ദരവും ആത്മീയ ശക്തിയും ഉൾകൊള്ളുന്നവരും ആക്കി രൂപാന്തരപ്പെടുത്തുന്നു. അങ്ങനെ ന്യായപ്രമാണത്തിന്റെ നീതി ക്രിസ്തുവിലുള്ള വിശ്വാസിയിൽ നിറവേറുന്നു. ദൈവത്തിന് "നീതിമാനും യേശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനും." ആകുന്നു (റോമർ: 3:26).

**(2) യഹോവയായ ദൈവം ന്യായത്തിന്റെ ദൈവമാകയാൽ, എങ്ങനെ തന്റെ കരുണ നീതിയുമായി സമതുലനാവസ്ഥയിൽ കാക്കുകയും ആത്യന്തികമായി ക്രൂശിൽ അത് വെളിപ്പെടുത്തുകയും ചെയ്തു?**

***അതുകൊണ്ടു യഹോവ നിങ്ങളോടു കൃപ കാണിപ്പാൻ താമസിക്കുന്നു; അതുകൊണ്ടു അവൻ നിങ്ങളോടു കരുണ കാണിക്കാതവണ്ണം ഉയർന്നിരിക്കുന്നു; യഹോവ ന്യായത്തിന്റെ ദൈവമല്ലോ; അവന്നായി കാത്തിരിക്കുന്നവരൊക്കെയും; ഭാഗ്യവാന്മാർ. (യെശയ്യാവ്:30:18)***

ദൈവസ്നേഹം അവന്റെ നീതിയിൽ പ്രകടിപ്പിച്ചത്കൊണ്ട് അത് അവന്റെ കരുണയെക്കാൾ കുറഞ്ഞതല്ല. നീതിയാണ് അവന്റെ സിംഹാസനത്തിന്റെ അടിസ്ഥാനവും അവന്റെ സ്നേഹത്തിന്റെ പ്രതിഫലനവും. സത്യത്തിൽ നിന്നും നീതിയിൽ നിന്നും കരുണയെ ഉപേക്ഷിക്കുകയെന്നത് സാത്താന്റെ ഉദ്ദേശ്യമായിരുന്നു. ദൈവത്തിന്റെ നിയമത്തിന്റെ നീതി സമാധാനത്തിന്റെ ശത്രുവാണെന്ന് തെളിയിക്കാൻ സാത്താൻ ശ്രമിച്ചുകൊണ്ടേയിരുന്നു. എന്നാൽ ദൈവത്തിന്റെ പദ്ധതിയിൽ

അവ രണ്ടും അവിഭാജ്യമായി ഒന്നായി ചേർന്നിരിക്കുന്നുവെന്ന് ക്രിസ്തു കാണിച്ചുതന്നു; ഒന്ന് ഇല്ലാതെ മറ്റൊന്നിനു നിലനിൽക്കാൻ കഴിയില്ല. “ദയയും വിശ്വസ്തതയും തമ്മിൽ എതിരേറ്റിരിക്കുന്നു. നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു.” (സങ്കീ:85:10).

ദൈവത്തിന്റെ നീതി അവന്റെ കരുണയെ നശിപ്പിച്ചില്ലെന്നും എന്നാൽ പാപം ക്ഷമിക്കപ്പെടുമെന്നും, ന്യായപ്രമാണം നീതിയുള്ളതാണെന്നും പൂർണമായി അനുസരിക്കാൻ കഴിയുന്നതാണെന്നും തന്റെ ജീവിതത്താലും മരണത്താലും ക്രിസ്തു തെളിയിച്ചു. സാത്താന്റെ കുറ്റാരോപണങ്ങൾ നിരസിക്കപ്പെട്ടു. ദൈവം തന്റെ സ്നേഹത്തിന്റെ വ്യക്തമായ തെളിവുകൾ മനുഷ്യന് നൽകുകയായിരുന്നു. {DA 762}

**(3) അവന്റെ മഹത്തായ സ്നേഹത്താലും ദിവ്യശക്തിയാലും, ക്രിസ്തുവിന്റെയും അവിടുന്ന് നമ്മിൽ ജീവിക്കുന്നതിന്റെയും മഹത്ത്വത്താൽ എന്തിന്റെ പങ്കാളികളാകാൻ വേണ്ടിയാണ് ദൈവം നമ്മളെ അനുവദിച്ചിരിക്കുന്നത്?**

*തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവന്നും ഭക്തിക്കും വേണ്ടിയതു ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ. അവയാൽ അവൻ നമുക്കു വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നല്കിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ടു ദിവ്യസ്വഭാവത്തിന്നു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു. (2പത്രോസ്:1:3-4)*

മനുഷ്യന്റെ വീണ്ടെടുപ്പിന്റെ വേല ഏറ്റെടുത്ത ശേഷം, അവന്റെ പ്രവർത്തിയുടെ പൂർത്തീകരണത്തിന് ആവശ്യമായത് എന്താണോ, അത് ചെയ്യുന്നതിൽ നിന്നും പിതാവിന് എത്ര പ്രീയപ്പെട്ടവൻ ആയിരുന്നെങ്കിലും ഒഴിവുകഴിവുകൾ ഒന്നും നൽകിയിരുന്നില്ല. ആരെ രക്ഷയിലേക്കു നടത്താൻ വേണ്ടി അവൻ വന്നുവോ, അവർക്കുവേണ്ടി എല്ലാവിധ അവസരങ്ങളും ഒരുക്കുകയും, എല്ലാവിധ അനുഗ്രഹങ്ങളും അവൻ നൽകുകയും, അനുകമ്പക്കുമേൽ അനുകമ്പയും ദാനങ്ങൾക്കുമേൽ ദാനങ്ങളും സ്വർഗ്ഗത്തിലെ ഭണ്ഡാരം തുറന്നു നൽകി. പ്രപഞ്ചത്തിലെ എല്ലാ സമ്പത്തും ശേഖരിക്കുകയും തന്റെ ദിവ്യപ്രകൃതിയുടെ എല്ലാ വിഭവങ്ങളും തുറന്നുകൊടുക്കുകയും ചെയ്ത ദൈവം അവയെല്ലാം മനുഷ്യന്റെ ഉപയോഗത്തിനായി നൽകി. അവ അവന്റെ സൗജന്യ ദാനമായിരുന്നു. ഒരു ദൈവീക അന്തരീക്ഷം പോലെ, ലോകമെമ്പാടും സ്നേഹത്തിന്റെ എത്ര വലിയ ഒരു ആഴിയായി അത് ചുറ്റിത്തിരിയുന്നു! നിത്യദൈവം തന്റെ പുത്രന്റെ വ്യക്തിത്വത്തിൽ മനുഷ്യ പ്രകൃതം സ്വീകരിച്ച് അത്യുന്നതമായ സ്വർഗ്ഗത്തിലേക്ക് മനുഷ്യനെ കൊണ്ടുപോകാൻ കാണിച്ച ഈ സ്നേഹം എത്ര മഹത്തരമാണ്!

അവന്റെ യോഗ്യതകളിലൂടെ ദൈവസ്നേഹം, അവനിൽ വിശ്വസിക്കുന്ന എല്ലാവരുടെയും ആത്മാവിലൂടെ കൈമാറ്റം ചെയ്യപ്പെടണം എന്നതിൽ കുറവായതൊന്നും നമ്മുടെ രക്ഷകൻ നിർണ്ണയിച്ചിട്ടില്ല. നമ്മുടെ ജീവിതത്തിൽ നമ്മുടെ സ്വഭാവത്തിന്റെ എല്ലാ മേഖലകളിലേക്കും ദൈവസ്നേഹം വളർത്തപ്പെടുകയും, ക്രിസ്തുവിൽ സ്നേഹം എങ്ങനെ

ഒന്നായിരിക്കുന്നുവോ, അതുപോലെ നമ്മളും സ്നേഹത്തിൽ വസിക്കേണമെന്നു കർത്താവ് ആഗ്രഹിക്കുന്നു. ജീവിക്കുന്ന വിശ്വാസത്താൽ ക്രിസ്തുവിനോട് ഐക്യപ്പെടുന്നതിനാൽ ക്രിസ്തുവിന്റെ മാർമ്മീക ശരീരത്തിലെ അംഗങ്ങളായി പിതാവ് നമ്മെ സ്നേഹിക്കുന്നു, അതിൽ ക്രിസ്തു മഹത്വവൽക്കരിക്കപ്പെട്ട തലയായി നിലകൊള്ളുന്നു.

**(4) തെറ്റിപ്പോയ ആത്മാക്കളോടു കരുണയും ദയയും തോന്നിയതിനാൽ, ഒരു പാപിയും ചെയ്യേണ്ട എന്നതായി ദൈവം ഉദ്ദേശിച്ച കാര്യം എന്താണ്?**

***ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു.***
***(2 പത്രോസ്: 3:9)***

നിത്യമായ കരുണയുടെ വെളിപ്പെടുത്തലിലൂടെ, വീണുപോയ മനുഷ്യ കുലത്തിന്റെ ദിവ്യ സ്വരൂപം പുനഃസ്ഥാപിക്കുക എന്ന തത്വമാണ് സുവിശേഷത്തിന്റെ മഹത്ത്വവും അടിസ്ഥാനവും. സ്വർഗ്ഗീയ പ്രാകാരങ്ങളിൽ ആണ് ഈ രക്ഷണ്യ പ്രവർത്തി ആരംഭിച്ചത്, അവിടെ മനുഷ്യരെ താൻ സ്നേഹിച്ചതിന്റെ വ്യക്തമായ തെളിവുകൾ നൽകാൻ ദൈവം തീരുമാനിച്ചു. അവൻ “തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.” (യോഹന്നാൻ 3:16).

മനുഷ്യ വംശത്തോട് ദൈവത്തിനു സഹതാപം തോന്നുകയും പിതാവും പുത്രനും പരിശുദ്ധാത്മാവും വീണ്ടെടുപ്പിന്റെ പദ്ധതിക്കായി പ്രവർത്തിക്കാൻ തങ്ങളെത്തന്നെ നൽകുകയും ചെയ്തു. ഈ പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിനായി, ദൈവത്തിന്റെ ഏക പുത്രനായ ക്രിസ്തുവിനെ പാപത്തിനുവേണ്ടി ഒരു യാഗമായി നൽകണമെന്ന് തീരുമാനിച്ചു. ഈ സ്നേഹത്തിന്റെ ആഴം അളക്കാൻ ഏത് വാക്കുകൾക്കു കഴിയും? മനുഷ്യന്റെ വീണ്ടെടുപ്പിനായി ദൈവത്തിനു ഇതിലും കൂടുതൽ കാര്യങ്ങൾ ചെയ്യുവാൻ കഴിയുമായിരുന്നു എന്ന് മനുഷ്യർ ഒരിക്കലും പറയേണ്ടാത്ത വിധം ദൈവം പദ്ധതികൾ ആവിഷ്കരിച്ചു. മനുഷ്യന്റെ അഭിവൃദ്ധിക്കുവേണ്ടി ഉള്ള പദ്ധതിയിൽ യാതൊന്നും ഇനി വേണ്ടിവരരുത് എന്നുള്ളതിനാൽ ക്രിസ്തുവിനോടൊപ്പം സ്വർഗ്ഗത്തിലെ എല്ലാ നന്മകളും അവൻ നൽകി. എന്തിന്റെ ധ്യാനത്താൽ മനുഷ്യന്റെ ആത്മാവിൽ അവർണ്ണനീയമായ നന്ദി നിറയുന്നുവോ, അതാണ് ഈ സ്നേഹം! ഓ, എന്ത് വലിയ സ്നേഹം, തുല്യതകൾ ഇല്ലാത്ത സ്നേഹം! ഈ സ്നേഹത്തിന്റെ ധ്യാനം എല്ലാ സ്വാർത്ഥതകളിൽ നിന്നും ആത്മാവിനെ ശുദ്ധീകരിക്കും. അത് സ്വയം ത്യജിക്കുവാനും ക്രൂശ് എടുത്തതുകൊണ്ടു വീണ്ടെടുപ്പുകാരനെ പിന്തുടരാൻ ശിഷ്യന്മാരെ നയിക്കുന്നതുമാണ്.

**(5) പാപികളായിരിക്കുന്ന നാം അവന്റെ നീതിയും കരുണയും സ്നേഹവും ക്രൂശിന്റെ വെളിച്ചത്തിൽ ഗ്രഹിക്കുമ്പോൾ, പൗലോസിനെപ്പോലെ നമ്മുടെയും സാക്ഷ്യത്തിന്റെ കേന്ദ്രബിന്ദു എന്തായിരിക്കും?**

***ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു. (1കൊരിന്ത്യർ:2:2)***

ക്രൂശിലേക്കു മനുഷ്യന്റെ ശ്രദ്ധ തിരിക്കേണ്ടതിനായി, സ്വർഗ്ഗത്തിൽ നിന്ന് വരുന്ന പ്രകാശത്തിന് അനുസൃതമായി യേശു തന്റെ ക്രൂശ് വച്ചു. ക്രൂശ് ദൈവിക മുഖപ്രസാദത്തിനെ പ്രകാശവുമായി നേർദിശയിൽ വരുന്നു, അങ്ങനെ ക്രൂശിലൂടെ മനുഷ്യർക്ക് ദൈവത്തെയും അവൻ അയച്ച യേശുക്രിസ്തുവിനെയും കാണുവാനും അറിയുവാനും കഴിയുന്നു. ദൈവത്തെ കാണുമ്പോൾ, തന്റെ ആത്മാവിനെ മരണത്തിലേക്ക് പകർന്നവനെ നാം കാണുന്നു. എന്നാൽ ക്രൂശിന്റെ ദർശനം ലഭിക്കുമ്പോൾ അത് നമ്മെ ദൈവത്തോട് അടുപ്പിക്കുകയും, പാപത്തോടുള്ള അവന്റെ വിദ്വേഷം മനസ്സിലാക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. എന്നാൽ ക്രൂശിൽ ദൈവത്തിന്റെ പാപത്തോടുള്ള വിദ്വേഷം കാണുമ്പോൾതന്നെ, പാപികളോടുള്ള അവന്റെ മരണത്തെക്കാൾ ശക്തമായ സ്നേഹവും നമുക്ക് ദർശിക്കുവാൻ കഴിയും. ദൈവം സത്യവും വെളിച്ചവും സ്നേഹവുമാണെന്ന തർക്കമില്ലാത്ത വാദമാണ് ലോകത്തിന് ക്രൂശ് നൽകുന്നത്.

**(6) പാപം ചെയ്തതിലൂടെ നമ്മൾ ദൈവത്തിന്റെ നീതിയുടെ ശിക്ഷക്ക് കാരണക്കാരായി തീർന്നു, എന്നാൽ വിശ്വസിക്കുകയും ഏറ്റെടുക്കുകയും ചെയ്യുന്നവർക്കായി കരുണയുടെ എന്ത് പ്രവർത്തിയാണ് തന്റെ മരണത്തിലൂടെ യേശു പൂർത്തീകരിച്ചത്?**

***ശത്രുക്കളായിരിക്കുമ്പോൾ തന്നേ നമുക്കു അവന്റെ പുത്രന്റെ മരണത്താൽ***

*ദൈവത്തോടു നിരപ്പു വന്നു എങ്കിൽ നിരന്നശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും. അത്രയുമല്ല, നമുക്കു ഇപ്പോൾ നിരപ്പു ലഭിച്ചതിന്നു കാരണമായ നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖാന്തരം നാം ദൈവത്തിൽ പ്രശംസിക്കയും ചെയ്യുന്നു.. (റോമർ: 5:10-11)*

പാപത്താൽ മനുഷ്യൻ, ദൈവം നൽകിയ ജീവനിൽ നിന്നും വേർപെട്ടു. പാപത്തിന്റെ കാരണഭൂതനായ സാത്താന്റെ തന്ത്രപരമായ ചതിയിലൂടെ അവന്റെ ആത്മാവ് തളർന്നുപോയി. പാപത്തെ തിരിച്ചറിയാനും, ദൈവിക സ്വഭാവത്തെ വിലമതിക്കാനും സ്വീകരിക്കാനും കഴിവില്ലാത്തവനായി മനുഷ്യൻ അധപതിച്ചു. അത് അവന്റെ ചിന്താ പരിധിക്കുള്ളിൽ കൊണ്ടുവന്നാലും, അവന്റെ പ്രാകൃത ഹൃദയം ആഗ്രഹിക്കത്തക്കതായ ഒന്നും തന്നെ അതിൽ ഇല്ലായിരുന്നു.

എന്നാൽ ദൈവം സാത്താനാൽ പരാജയപ്പെടുകയില്ല. അവൻ തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചു, അവൻ മനുഷ്യരൂപവും സ്വഭാവവും സ്വീകരിക്കുന്നതിലൂടെ, മനുഷ്യത്വവും ദൈവത്വവും കൂടിച്ചേർന്ന് ദൈവവുമായുള്ള ധാർമ്മിക മൂല്യത്തിന്റെ അളവിലേക്ക് മനുഷ്യനെ ഉയർത്തുകയും ചെയ്തു.

തന്റെ പുത്രനെ ദൈവം ലോകത്തിലേക്കയച്ചതിലൂടെ, ലോകത്തോടുള്ള ദൈവത്തിന്റെ സ്നേഹം പ്രകടമാക്കുകയായിരുന്നില്ല, മറിച്ച്, ദൈവം ലോകത്തെ സ്നേഹിച്ചതിനാൽ തന്റെ പുത്രനെ മനുഷ്യ വേഷത്തിൽ ലോകത്തിലേക്കു അയക്കുകയായിരുന്നു, കാരണം മനുഷ്യ സാദൃശ്യനായ ദൈവത്തിനു മനുഷ്യരാശിയെ സ്പർശിക്കാൻ

കഴിയുമെന്ന് ദൈവത്തിനു അറിയാമായിരുന്നു. പാപം മനുഷ്യനും അവന്റെ ദൈവവും തമ്മിൽ ഒരു വിടവ് സൃഷ്ടിച്ചുവെങ്കിലും, ദൈവത്തിന്റെ ദയയാണ് ആ വിടവ് നികത്താനുള്ള പദ്ധതി നൽകിയത്. വീണ്ടെടുപ്പിന്റെ ആ പദ്ധതിക്കായി അവൻ എന്താണ് ഉപയോഗിച്ചത്? ദൈവീക ആളത്വത്തിന്റെ തന്നെ ഒരു ഭാഗം. പിതാവിന്റെ മഹത്വത്തിന്റെ തെളിച്ചം ശാപത്താൽ തകർന്ന ഒരു ലോകത്തിലേക്ക് വന്നു, അവന്റെ ദിവ്യ സ്വഭാവത്തിൽ, സ്വന്തം ദിവ്യശരീരത്തിൽ, ദൈവവും മനുഷ്യനും തമ്മിൽ ബന്ധം സ്ഥാപിച്ചു. സ്വർഗ്ഗത്തിന്റെ ജാലകങ്ങൾ തുറന്നു ശാന്തിയും സമാധാവവും, കൃപയും നിർഗ്ഗളമായി ഈ ലോകത്തിലേക്കു ഒഴുകുവാൻ ഇടയായി.

**(7) നിത്യതയുടെ വർഷങ്ങളിലൂടെ, അവരുമായി ദൈവത്തിന്റെ സ്നേഹം, നീതി, കരുണ എന്നിവയുടെ ഒരു വ്യക്തമായ വെളിപ്പെടുത്തൽ വരുമ്പോൾ, നമ്മുടെ പ്രാർത്ഥനയുടെ ഗാനം എന്തായിരിക്കും?**

***സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിലും ഉള്ള സകല സൃഷ്ടിയും അവയിലുള്ളതു ഒക്കെയും: സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ എന്നു പറയുന്നതു ഞാൻ കേട്ടു. (വെളിപ്പാട്:5:13)***

നിത്യതയുടെ വർഷങ്ങൾ മുന്നോട്ടു പോകുന്നതിനനുസരിച്ച്, ദൈവത്തിന്റെയും ക്രിസ്തുവിന്റെയും കൂടുതൽ മഹത്വമേറിയതും കൂടുതൽ പൂർണ്ണമായതും ആയ വസ്തുതകൾ നമുക്ക് മനസിലാക്കുവാൻ കഴിയും. അവനെ ക്കുറിച്ചുള്ള അറിവ് പുരോഗമിക്കുന്നതിനാൽ

ദൈവത്തോടുള്ള സ്നേഹവും ഭക്തിയും സന്തോഷവും വർദ്ധിക്കും. മനുഷ്യർ ദൈവത്തെക്കുറിച്ച് കൂടുതൽ പഠിക്കുന്തോറും അവന്റെ സ്വഭാവത്തോടുള്ള ആദരവ് വർദ്ധിക്കും. വീണ്ടെടുപ്പിന്റെ സമ്പത്തും സാത്താനുമായുള്ള വലിയ മത്സരത്തിലെ അത്ഭുതകരമായ നേട്ടങ്ങളും യേശു അവരുടെ മുൻപിൽ വെളിപ്പെടുത്തുമ്പോൾ, വീണ്ടെടുക്കപ്പെട്ടവരുടെ ഹൃദയങ്ങൾ കൂടുതൽ ഉത്സാഹത്തോടെ പുളകിതരാകുന്നു, കൂടുതൽ സന്തോഷത്തോടെ അവർ സ്വർണ്ണ കിന്നരങ്ങൾ മീട്ടി ദൈവത്തെ സ്തുതിക്കുന്നു; ആയിരം ആയിരവും, പതിനായിരം പതിനായിരവും ശബ്ദങ്ങൾ ഒന്നിച്ച് ചേർന്ന് അതിച്ചത്തിൽ ഒരേ സ്വരത്തിൽ ഗാനങ്ങൾ ആലപിച്ചു ദൈവത്തെ സ്തുതിക്കും.

ദൈവത്തോടുള്ള സാത്താന്റെ മത്സരം അവസാനിച്ചു. പാപവും പാപികളും ഇനി ഇല്ല. പ്രപഞ്ചം മുഴുവൻ ശുദ്ധമാക്കി. വിശാലമായ സൃഷ്ടിയിലൂടെ ഐക്യത്തിന്റെയും സന്തോഷത്തിന്റെയും ഒരു സ്പന്ദനം പ്രവഹിക്കുന്നു. എല്ലാം സൃഷ്ടിച്ചവനിൽ നിന്ന്, ജീവനും, വെളിച്ചവും സന്തോഷവും, അതിരുകളില്ലാതെ എല്ലായിടത്തേക്കും ഒഴുകുന്നു. ഏറ്റവും ചെറിയ ആറ്റം മുതൽ വലിപ്പമേറിയ ഈ ലോകത്തിന്റെ അറ്റം വരെ, എല്ലാ വസ്തുക്കളും, ചാലാത്മകം ആകുന്നതു നിർജ്ജീവമാക്കുന്നതും, അവയുടെ അദൃശ്യമായ സൗന്ദര്യവും പൂർണതയുള്ള സന്തോഷവും, ദൈവം സ്നേഹമാണെന്ന് വിളിച്ചുപറയുന്നു.

**(8) നമ്മുടെ പിന്മാറ്റങ്ങൾ പിതാവിനാൽ ശുദ്ധീകരിക്കപ്പെടുകയും മറയ്ക്കപ്പെടുകയും ചെയ്ത ശേഷം, നമ്മുടെ ലംഘനങ്ങളെ എത്രമാത്രം**

**അകലത്തിലേക്കു നമ്മിൽ നിന്നും അകറ്റിയിരിക്കുന്നു?**

***ഉദയം അസ്തമയത്തോടു അകന്നിരിക്കുന്നതുപോലെ അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോടു അകറ്റിയിരിക്കുന്നു. (സങ്കീർത്തനങ്ങൾ :103:12)***

എന്നാൽ പാപമോചനത്തിന് പലരും കരുതുന്നതിനേക്കാൾ വിശാലമായ അർത്ഥമുണ്ട്. ദൈവം "സമൃദ്ധമായി ക്ഷമിക്കും" എന്ന വാഗ്ദാനം നൽകുമ്പോൾ, ആ വാഗ്ദാനത്തിന്റെ അർത്ഥം നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതിലും അധികമായിരിക്കുന്നതുപോലെ, "എന്റെ ചിന്തകൾ നിങ്ങളുടെ ചിന്തകളല്ല, നിങ്ങളുടെ വഴികൾ എന്റെ വഴികളല്ല" എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു." (യെശയ്യാവു:55:7-9). ദൈവത്തിന്റെ പാപമോചനം കേവലം ഒരു നീതിന്യായ നടപടിയല്ല. അത് പാപമോചനം മാത്രമല്ല, പാപത്തിൽ നിന്ന് വീണ്ടെടുക്കുകയും ചെയ്യുന്നതാണ്, ആ വീണ്ടെടുക്കുന്ന സ്നേഹത്തിന്റെ ഒഴുക്കാണ് പാപിയുടെ ഹൃദയത്തെ പരിവർത്തനം ചെയ്യുന്നത്. "ദൈവമേ, നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമേ." (സങ്കീർത്തനം:51:10).

**(9) പാപികളായിരിക്കുന്ന നാം ക്രൂശിൽ ദൈവം വെളിപ്പെടുത്തിയ ദൈവസ്നേഹം എത്രവലിയതാണെന്നു മനസ്സിലാക്കുമ്പോൾ,**

**പൗലോസിനെപ്പോലെ, നമ്മെയും ആശ്ചര്യപ്പെടുത്തുന്നത് എന്തായിരിക്കും?**

***എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുതു; അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിന്നും ക്രൂശിക്കപ്പെട്ടിരിക്കുന്നു. (ഗലാത്യർ: 6:14)***

ക്രിസ്തുവിന്റെ മരണം ദൈവത്തോടുള്ള മനുഷ്യനോടുള്ള വലിയ സ്നേഹം തെളിയിക്കുന്നു. അത് നമ്മുടെ രക്ഷയുടെ ഉറപ്പാണ്. ക്രിസ്തുവിനെ അനുഗമിക്കുന്ന ഒരുവനിൽ നിന്ന് ക്രൂശ് നീക്കം ചെയ്യുന്നത് സൂര്യനെ ആകാശത്ത് നിന്ന് മായ്ക്കുന്നതുപോലെയാണ്. ക്രൂശ് നമ്മെ ദൈവത്തോട് അടുപ്പിക്കുകയും, നമ്മെ അവനോട് അനുരഞ്ജിപ്പിക്കുകയും ചെയ്യുന്നു. ഒരു പിതാവിന്റെ സ്നേഹത്തിന്റെ നിരന്തരമായ അനുകമ്പയോടെ, മനുഷ്യ വർഗ്ഗത്തെ നിത്യമരണത്തിൽ നിന്ന് രക്ഷിക്കാനായി തന്റെ പുത്രൻ സഹിച്ച കഷ്ടതകളെ യഹോവ കാണുകയും, പ്രീയപ്പെട്ടവരായി അവരെ സ്വീകരിക്കുകയും ചെയ്യുന്നു.

ക്രൂശിലൂടെ അല്ലാതെ മനുഷ്യന് പിതാവുമായി ഐക്യപ്പെടാൻ കഴിയില്ല. ക്രൂശിൽ നമ്മുടെ എല്ലാ പ്രതീക്ഷകളും അർപ്പിക്കുകയും, അതിൽ നിന്ന് രക്ഷകന്റെ സ്നേഹത്തിന്റെ വെളിച്ചം പ്രകാശിക്കുകയും ചെയ്യുന്നു. ക്രൂശിന്റെ ചുവട്ടിൽ നിന്നുകൊണ്ട് പാപി ആയ ഒരുവൻ തന്നെ രക്ഷിക്കാൻവേണ്ടി മരിച്ചവനെ നോക്കുമ്പോൾ, അവൻ സന്തോഷ പൂർണ്ണതയോടെ ആനന്ദിച്ചേക്കാം. കാരണം അവന്റെ പാപങ്ങൾ ക്ഷമിക്കപ്പെടുന്നു. വിശ്വാസത്തോടെ ക്രൂശിന്റെ മുന്നിൽ മുഴങ്കാൽ മടക്കിയ ഏതൊരു മനുഷ്യനും നേടാനാകുന്ന

ഏറ്റവും ഉയർന്ന സ്ഥലത്ത് അവൻ എത്തിയിരിക്കുന്നു.

സ്വർഗ്ഗീയപിതാവ് നിത്യമായ സ്നേഹത്താൽ നമ്മെ സ്നേഹിക്കുന്നുവെന്ന് ക്രൂശിലൂടെ നാം മനസ്സിലാക്കുന്നു. “എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുതു;” എന്ന് പൗലോസ് അവകാശപ്പെട്ടതിൽ നമുക്ക് അത്ഭുതമുണ്ടോ? ഗലാത്യർ 6:14. ക്രൂശിക്കപ്പെട്ടവനെ മഹത്വീകരിക്കുക എന്നതും, നമുക്കുവേണ്ടി ഏല്പിച്ചു കൊടുത്തവനായി നമ്മെ പൂർണ്ണമായി ഏല്പിച്ചു കൊടുക്കുക എന്നതും, നമുക്ക് ലഭിച്ച ഒരു പദവിയാണ്. കാൽവരിയിൽ നിന്ന് ഒഴുകുന്ന പ്രകാശം നമ്മുടെ മുഖത്ത് പ്രതിഭലിക്കുമ്പോൾ, ഈ വെളിച്ചം ഇരുട്ടിലുള്ളവർക്ക് കൂടി വെളിപ്പെടുത്താൻ ഞങ്ങൾ മുന്നോട്ട് പോകും.

*ദൈവത്തിന്റെ സ്നേഹത്തിന്റെ പ്രമാണം ഉറപ്പിക്കാനാണ് ക്രിസ്തു വന്നതെന്നും അതിൽ നിന്നും അകന്നു പോകരുതെന്നും ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു. നമ്മെ വീണ്ടെടുക്കുന്നതിനായി ക്രിസ്തു മരിച്ചു എന്ന വസ്തുത അതിന്റെ പ്രാധാന്യവും ശാശ്വത അസ്തിത്വവും സ്ഥിരീകരിക്കുന്നു.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

*ദൈവസ്നേഹം നീതിയും കരുണയും തമ്മിലുള്ള തികഞ്ഞ സന്തുലിതാവസ്ഥയാണെന്നും ഇവ*

ദൈവത്തിന്റെ സിംഹാസനത്തിന്റെയും ഭരണത്തിന്റെയും അടിസ്ഥാനമാണെന്നും ഞാൻ കാണുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

ആരും നശിച്ചുപോകാൻ ദൈവം ആഗ്രഹിക്കാത്തതിൽ ഞാൻ നന്ദിയുള്ളവനാണ്, ഞാൻ യേശുവിന്റെ ക്രൂശിലേക്ക് നോക്കുകയും എന്റെ പാപങ്ങൾ മറയ്ക്കാൻ അവന്റെ വിലയേറിയ രക്തം അവകാശമായി ചോദിക്കുകയും ചെയ്യുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

ക്രിസ്തുവിനെ തിരഞ്ഞെടുക്കുന്ന തിലൂടെയും അവന്റെ ആത്മാവ് എന്നിൽ നിറയാൻ അനുവദിക്കുന്നതിലൂടെയും, അവന്റെ ദിവ്യസ്വഭാവം എന്നിൽ വസിക്കുവാനുള്ള പദവി എനിക്ക് ലഭിക്കുമെന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. ആ പദവി ഞാൻ ഇപ്പോൾ ദൈവത്തോട് ചോദിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല



## അദ്ധ്യായം 7
## ദൈവത്വത്തിന്റെ മർമ്മം

**(1) ജീവനുള്ള വചനമായ ക്രിസ്തു ചെയ്തതതും ലോകത്തിൽ ഇതുവരെ സംഭവിച്ചതിൽ ഏറ്റവും ആശ്ചര്യകരവുമായ സംഭവം എന്താണ്?**

***വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു. (യോഹന്നാൻ:1:14)***

ആഴത്തിലുള്ള ഒരു പ്രശ്നം നമ്മൾ പഠിക്കുമ്പോൾ, ഭൂമിയിലോ സ്വർഗ്ഗത്തിലോ സംഭവിച്ചതിൽ വച്ച് ഏറ്റവും അത്ഭുതകരമായ ഒരു കാര്യത്തിൽ നമ്മുടെ മനസ് കേന്ദ്രീകരിക്കാം - അത് മറ്റൊന്നുമല്ല ദൈവപുത്രനായവൻ മനുഷ്യവേഷത്തിൽ അവതരിച്ച പരമപ്രധാനമായ വിഷയമാണ്. പാപികളായ മനുഷ്യർക്കുവേണ്ടി മരിക്കാൻ ദൈവം തന്റെ പുത്രനെ നൽകി. സ്വർഗ്ഗീയ പ്രാകാരങ്ങളിൽ

ഏറ്റവും ഉന്നതനായിരുന്നവൻ തന്റെ രാജകീയ വസ്ത്രവും രാജകിരീടവും മാറ്റിവെച്ചു, മനുഷ്യരൂപം ധരിച്ച്, ഈ ലോകത്തിൽ വന്നത് മാതൃകാ മനുഷ്യനായി മനുഷ്യരാശിയുടെ തലയ്ക്കൽ നിൽക്കാനാണ്. മനുഷ്യ വർഗ്ഗത്തോടൊപ്പം കഷ്ടപ്പെടാനും അവരുടെ എല്ലാ കഷ്ടതകളിലും പങ്കാളി ആകാനും വേണ്ടി അവൻ തന്നെത്താൻ താഴ്ത്തി.

മുഴുലോകവും അവന്റേതായിരുന്നു, എന്നാൽ അവൻ സ്വയം ശൂന്യമായിത്തീർന്നു, തന്റെ ശുശ്രൂഷയിൽ യേശു ശിഷ്യന്മാരോട് പറഞ്ഞു: "കുറുനരികൾക്കു കുഴിയും ആകാശത്തിലെ പറവജാതിക്കു കൂടും ഉണ്ടു; മനുഷ്യപുത്രന്നോ തല ചായിപ്പാൻ സ്ഥലമില്ല" [എബ്രാ. 2: 14-18 ഉദ്ധരണി]

**(2) ക്രിസ്തുവിലൂടെ വെളിപ്പെടുത്തിയതും, അവനു നമ്മോടുള്ള അളവറ്റ ബന്ധത്തിലും "ഇമ്മാനുവേൽ" എന്ന നാമം എങ്ങനെ നിർവ്വചിച്ചിരിക്കുന്നു?**

***"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന്നു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനൂവേൽ എന്നു പേർ വിളിക്കും." (മത്തായി:1:22)***

മനുഷ്യനായുള്ള ക്രിസ്തുവിന്റെ അവതാരത്തെക്കുറിച്ച് ആലോചിക്കുമ്പോൾ, മനുഷ്യ മനസ്സിന് മനസിലാക്കാൻ കഴിയാത്ത ഒരു രഹസ്യത്തിന് മുന്നിൽ നാം പരിഭ്രമിച്ച് നിൽക്കുന്ന അവസ്ഥയാണ്. അതിനെപ്പറ്റി നാം കൂടുതൽ അറിയുവാൻ ശ്രമിക്കുംതോറും, അധികം അധികം അത്ഭുതാവഹമായി അത് ദൃശ്യമാകും. ക്രിസ്തുവിന്റെ ദൈവത്വവും ബെത്‌ലഹേമിലെ

പശുത്തൊട്ടിയിലെ നിസ്സഹായ ശിശുവും തമ്മിലുള്ള വ്യത്യാസം എത്രത്തോളം വലിയതാണ്! വീരനായ ദൈവവും നിസ്സഹായനായ കുട്ടിയും തമ്മിലുള്ള ദൂരം നമുക്ക് എങ്ങനെ വിവരിക്കുവാൻ കഴിയും? എങ്കിലും, ലോകത്തിന്റെ സ്രഷ്ടാവായവൻ, ദൈവത്തിന്റെ സകല സമ്പൂർണ്ണതയും ആയിരുന്നവൻ, നിസ്സഹായനായ ഒരു ശിശുവായി പുൽത്തൊട്ടിയിൽ അവതരിച്ചു. ദൂതന്മാരെക്കാൾ ഏറ്റവും ഉന്നതൻ, തേജസിലും മഹത്വത്തിലും പിതാവിനോട് തുല്യനായവൻ, മനുഷ്യ വേഷം അണിഞ്ഞു! ദൈവത്വവും മനുഷ്യത്വവും ഒരുപോലെ കൂടിച്ചേർന്നു, മനുഷ്യനും ദൈവവും ഒന്നായി. ഈ കൂടിച്ചേരലാണ് വീണുപോയ മനുഷ്യവംശത്തിന്റെ പ്രതീക്ഷ. മനുഷ്യത്ത്വത്തിൽ ക്രിസ്തുവിനെ നോക്കുമ്പോൾ, നാം ദൈവത്തെ നോക്കുന്നു, അവന്റെ മഹത്വത്തിന്റെ വെളിച്ചം, ദൈവീക കൂട്ടായ്മയുടെ പ്രതിബിംബം വെളിപ്പെടുത്തുന്നു.

**(3) നമ്മെ ദൈവത്തിന്റെ മക്കളായി ദത്തെടുക്കുവാൻ വേണ്ടി, പിതാവിനാൽ അയക്കപ്പെട്ടവനായ, ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ദൗത്യം എന്തായിരുന്നു?**

***എന്നാൽ കാലസമ്പൂർണ്ണതവന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്നു ജനിച്ചവനായി ന്യായപ്രമാണത്തിൻ കീഴ് ജനിച്ചവനായി നിയോഗിച്ചയച്ചതു. അവൻ ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിലെക്കു വാങ്ങിട്ടു നാം പുത്രത്വം പ്രാപിക്കേണ്ടതിന്നു തന്നേ. (ഗലാത്യർ:4:4-5)***

കാൽവരിയിൽ മരിക്കുന്ന രക്ഷകനെ പാപി നോക്കുകയും കുരിശിൽ കഷ്ടത അനുഭവിക്കുന്നത് ദൈവം ആണെന്ന് മനസ്സിലാക്കുകയും ചെയ്യുമ്പോൾ, എന്തിനുവേണ്ടി ആണ് ഈ വലിയ

ത്യാഗം ചെയ്യുന്നതെന്ന അവന്റെ ചോദ്യത്തിന്, മനുഷ്യത്തിനെ പാപത്താൽ ലംഘിക്കപ്പെട്ട ദൈവത്തിന്റെ വിശുദ്ധനിയമത്തിലേക്ക് ക്രൂശ് വിരൽ ചൂണ്ടുന്നു. ക്രിസ്തുവിന്റെ മരണം ദൈവീകനിയമത്തിന്റെ മാറ്റമില്ലായ്മയും നീതിയും സംബന്ധിച്ച ഉത്തരം നൽകാനാവാത്ത വാദമായി നല്കുന്നു.

ക്രിസ്തുവിനേപ്പറ്റിയുള്ള പ്രവചനത്തിൽ യെശയ്യാവ് പറയുന്നു, “യഹോവ തന്റെ നീതിനിമിത്തം ഉപദേശത്തെ ശ്രേഷ്ഠമാക്കി മഹതീകരിപ്പാൻ പ്രസാദിച്ചിരിക്കുന്നു.” (യെശ:42:21). ദുഷ്പ്രവൃത്തിക്കാരന് മാപ്പ് നൽകാൻ നിയമത്തിന് അധികാരമില്ല. നിയമത്തിന്റെ പ്രവർത്തി, രക്ഷിക്കാൻ ശക്തനായ ഒരാളുടെ ആവശ്യം, പകരക്കാരനായിത്തീരുന്ന ഒരാളുടെ ആവശ്യം, ജാമ്യം, നീതി എന്നിവ മനസ്സിലാക്കുന്നതിനായി അവന്റെ വൈകല്യങ്ങൾ ചൂണ്ടിക്കാണിക്കുക എന്നതാണ്. അതിക്രമക്കാരുടെ പാപങ്ങൾ ഏറ്റെടുത്തുകൊണ്ട്; പാപികളായവരുടെ ആവശ്യം യേശു നിവർത്തത്തിക്കുന്നു. “എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾനിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾനിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിന്നായുള്ള ശിക്ഷ അവന്റെമേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൌഖ്യം വന്നുമിരിക്കുന്നു.” (യെശ:53:5). കർത്താവിന് പാപിയുമായുള്ള ബന്ധം വിച്ഛേദിച്ച് അവനെ എന്നെന്നേക്കുമായി നശിപ്പിക്കാമായിരുന്നു എങ്കിലും, അവരുടെ വീണ്ടെടുപ്പിനായി വിലയേറിയ പദ്ധതി ആവിഷ്കരിച്ചുകൊണ്ടു തന്റെ മഹത്തായ സ്നേഹത്തെ

വെളിപ്പെടുത്തലിലൂടെ, അവൻ പ്രതീക്ഷയില്ലാത്തവർക്ക് പ്രത്യാശ നൽകുകയും ചെയ്യുന്ന, ലോകത്തിന്റെ പാപങ്ങൾ വഹിക്കാൻ, തന്റെ ഏകജാതനായ പുത്രനെ നൽകി. ആ ശ്രേഷ്ഠമായ ദാനത്തിലൂടെ അവിടുന്ന് സ്വർഗ്ഗം മുഴുവൻ നമുക്കുവേണ്ടി നൽകിയതിനാൽ, രക്ഷയുടെ പാനപാത്രം എടുത്തുകൊണ്ടു, ക്രിസ്തുവിലൂടെ ഒന്നായി, ദൈവത്തിന്റെ അവകാശികൾ ആകുവാനുള്ള ഒരു അവസരങ്ങളും ദൈവം മനുഷ്യനിൽ നിന്നും മറച്ചു വയ്ക്കുന്നില്ല.

**(4) സ്വയം യാഗമായിത്തതീർന്ന സ്നേഹത്താൽ, നമ്മുടെ പൂർണ്ണമായ വീണ്ടെടുപ്പ് സാധ്യമാക്കുന്നതിനായി ഏതുഅവസ്ഥയിൽ നിന്നാണ് ക്രിസ്തു ഭൂമിയിലേക്ക് വന്നത്?**

***നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിവെക്കുകയും ചെയ്ത പിതാവിന്നു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകേണം എന്നും അപേക്ഷിക്കുന്നു. അവനിൽ നമുക്കു പാപമോചനമെന്ന വീണ്ടെടുപ്പു ഉണ്ടു. (കൊലോസ്യർ:1:13-14)***

പാപത്താലുള്ള നമ്മുടെ കുറ്റബോധം നിമിത്തം ക്രിസ്തു നമ്മിൽ നിന്ന് അകന്നു പോകാമായിരുന്നു. എന്നാൽ, നമ്മിൽ നിന്ന് അധികം ദൂരത്തത്തിലേക്കു മാറുന്നതിനുപകരം, അവിടുന്ന് നമ്മുടെ ഇടയിൽ വന്ന് വസിച്ചുകൊണ്ട് നമ്മെ ദൈവത്തിന്റെ എല്ലാ നിറവോടും നിറയ്ക്കുവാനും, അവന്റെ കൃപയാൽ നാമും പൂർണ്ണത ഉള്ളവർ ആയിത്തത്തീരുവാനും വേണ്ടി നമ്മിൽ ഒരുവനായി. ലജ്ജിതനായി, കഷ്ടത അനുഭവച്ചവനായി, ക്രൂശിലെ തന്റെ മരണത്താൽ അവൻ മനുഷ്യന്റെ മറുവില നൽകി. ഇത്

എത്ര ആത്മത്യാഗപരമായ സ്നേഹമാണ്! സ്വർഗ്ഗത്തിലെ ഏറ്റവും ഉയർന്ന പദവിയിൽ നിന്നും വന്നവൻ, ദൈവ ത്ത്വത്തിനു മുകളിയാൽ മനുഷ്യരൂപം ധരിച്ച്, താഴ്ചയുടെ ഏറ്റവും അടിത്തട്ടുവരെ തന്നത്താൻ താഴ്ത്തി അനുസരണയുള്ളവനായി. ഈ സ്നേഹത്തിന്റെ ആഴം അളക്കാൻ ഒന്നിനും കഴിയില്ല. നമ്മുടെ പൂർണ്ണമായ വീണ്ടെടുപ്പ് ഉറപ്പാക്കുന്നതിന് വേണ്ടി ദൈവം എത്രമാത്രം നമ്മെ സ്നേഹിക്കുന്നുവെന്നും, നമ്മുടെ വീണ്ടെടുപ്പുകാരൻ എത്ര വലിയ കഷ്ടത അനുഭവിച്ചു എന്നും ക്രിസ്തു നമുക്ക് കാണിച്ചുതരുന്നു. തന്റെ മക്കൾ തന്റെ സ്വഭാവം വെളിപ്പെടുത്താനും അതിലൂടെ മറ്റുള്ളവരിൽ സ്വാധീനം ചെലുത്തി അവരുടെ മനസ്സിനെ അവന്റെ മനസ്സിനോട് യോജിപ്പിക്കുവാനും വീണ്ടെടുപ്പുകാരൻ ആഗ്രഹിക്കുന്നു.

**(5) ക്രിസ്തു മനുഷ്യാനായി അവതരിച്ചതിലൂടെ വെളിപ്പെടുത്തിയ സ്നേഹം മനുഷ്യന് മനസിലാക്കുവാൻ കഴിയില്ല എന്നതിന് പൗലോസ് ചൂണ്ടിക്കാണിക്കുന്ന ആശ്ചര്യകരമായ വസ്തുത എന്താണ്?**

***അവൻ സർവ്വത്തിന്നും മുമ്പെയുള്ളവൻ; അവൻ സകലത്തിന്നും ആധാരമായിരിക്കുന്നു. (കൊലോസ്യർ:1:17)***

ദൈവത്തിന്റെ എല്ലാ സൃഷ്ടികർമ്മങ്ങളുടെയും കാരണഭൂതൻ ആയവനായും മനുഷ്യരുടെ വീണ്ടെടുപ്പ് സാധ്യമാക്കിത്തന്നവനായും, അപ്പോസ്തലൻ ക്രിസ്തുവിനെ തന്റെ സഹോദരന്മാരുടെ മുമ്പിൽ ഉയർത്തി. ഭൂമിയെ ശൂന്യാകാശത്ത് നിലനിർത്തുന്ന കരം, ദൈവത്തിന്റെ സൃഷ്ടിയായ പ്രപഞ്ചത്തിലുടനീളമുള്ള എല്ലാ

കാര്യങ്ങളും അതാതിന്റെ ക്രമീകരണങ്ങളിലും നിതാന്ത പ്രവർത്തനത്തിലും നിയന്ത്രിക്കുന്ന ദൈവത്തിന്റെ കരം, അതെ കൈകൾ തന്നെ തങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടുവെന്നു അപ്പോസ്തലൻ പ്രഖ്യാപിക്കുന്നു. പൗലോസ് പറയുന്നു: "സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു; അവൻ സർവ്വത്തിന്നും മുമ്പെയുള്ളവൻ; അവൻ സകലത്തിന്നും ആധാരമായിരിക്കുന്നു." "മുമ്പെ ദുഷ്പ്രവൃത്തികളാൽ മനസ്സുകൊണ്ടു അകന്നവരും ശത്രുക്കളുമായിരുന്ന നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിറുത്തേണ്ടതിന്നു അവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു."

**(6) ക്രിസ്തുവിൻറെ മനുഷ്യാവതാരത്തിലൂടെ വെളിപ്പെടുത്തിയ പ്രതിവാദമില്ലാത്ത, അത്ഭുതാവഹമായ സ്നേഹത്തിന്റെ പ്രവർത്തിയെപ്പറ്റി വിവരിക്കുവാൻ അപ്പോസ്തലനായ പൗലോസ് ഏതു വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്?**

*അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്കപ്പെട്ടു; ദൂതന്മാർക്കു പ്രത്യക്ഷനായി; ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു..*

*(1തിമൊഥെയൊസ്:3:16)*

ക്രിസ്തുവിന്റെ അവതാരം എല്ലാ മാർമ്മീക ത്ത്വങ്ങളുടെയും മർമ്മമായി നിൽക്കുന്നു. ക്രിസ്തു പിതാവിനോടൊപ്പമായിരുന്നു, എന്നിട്ടും... ദൈവത്തിനു തുല്യമായ തന്റെ പദവിയിൽ നിന്ന് പിന്മാറാൻ അവൻ സന്നദ്ധനായിരുന്നു. വീണുപോയ മനുഷ്യവംശത്തോടുള്ള സ്നേഹത്തിന്റെ ഉദ്ദേശ്യം അവൻ നിറവേറ്റുന്നതിനായി, അവൻ നമ്മുടെ അസ്ഥിയിൽ നിന്നും അസ്ഥിയും മാംസത്തിൽ നിന്നും മാംസവും ആയിത്തീർന്നു.

ക്രിസ്തുവിന്റെ ദൈവത്വവും ബെത് ലഹേമിലെ പശുത്തൊട്ടിയിലെ നിസ്സഹായ ശിശുവും തമ്മിലുള്ള വ്യത്യാസം എത്രത്തോളം വലിയതാണ്! വീരനായ ദൈവവും നിസ്സഹായനായ കുട്ടിയും വ്യത്യാസം ദൂരം നമുക്ക് എങ്ങനെ വിശദീകരിക്കുവാൻ കഴിയും? എന്നിട്ടും ഈ ഭൂലോകത്തിന്റെ സ്രഷ്ടാവ്, ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിച്ചവൻ, പുൽത്തൊട്ടിയിലെ നിസ്സഹായനായ ശിശുവിലൂടെ മനുഷ്യനായി വെളിപ്പെട്ടു. സർവ്വ ദൂതന്മാരിലും ഏറ്റവും ഉന്നതൻ, മനുഷ്യ വേഷം ധരിക്കുന്നതിനു തയ്യാറായി! ദൈവത്വവും മനുഷ്യത്വവും ഗൂഢമായി കൂടിച്ചേർന്നു, മനുഷ്യനും ദൈവവും ഒന്നായി.

ഏദെനിൽ ആദാം നിരപരാധിയായി നിലകൊള്ളുമ്പോഴും, മനുഷ്യന്റെ പാപസ്വഭാവം ഏറ്റെടുക്കുന്നത് ദൈവപുത്രനെ സംബന്ധിച്ചിടത്തോളം ഏറ്റവും അപമാനമായിരിന്നു. നാലായിരം വർഷത്തെ പാപത്താൽ മാനവകുലം ദുർബലമായപ്പോൾ യേശു മനുഷ്യനായിത്തീരുവാൻ തീരുമാനിച്ചു.

ആദാമിന്റെ എല്ലാ സന്തതികളെയും പോലെ, ആദാമ്യ പൈതൃകത്തിന്റെ ഫലങ്ങളും അവൻ സ്വീകരിച്ചു. അവന്റെ ഭൗമിക പൂർവ്വികരുടെ ചരിത്രത്തിൽ എന്താണ് ഈ ഫലങ്ങൾ കാണിച്ചിരിക്കുന്നതു. നമ്മുടെ സങ്കടങ്ങളും പ്രലോഭനങ്ങളും പങ്കുവെക്കാനും പാപരഹിതമായ ജീവിതത്തിന്റെ മാതൃക നൽകാനും അവൻ അത്തരമൊരു പാരമ്പര്യവുമായി വന്നു.

ക്രിസ്തുവിന് പാപം ചെയ്യാൻ കഴിയില്ലെന്ന് അവകാശപ്പെടുന്നവർക്ക്, അവൻ യഥാർത്ഥത്തിൽ മനുഷ്യ സ്വഭാവം സ്വീകരിച്ചുവെന്ന് വിശ്വസിക്കാൻ കഴിയില്ല. എന്നാൽ, മരുഭൂമിയിൽ സാത്താനാൽ മാത്രമല്ല, അവന്റെ ജീവിതത്തിലുടനീളം, കുട്ടിക്കാലം മുതൽ പുരുഷപ്രായം വരെ ക്രിസ്തു യഥാർത്ഥത്തിൽ പ്രലോഭിക്കപ്പെട്ടിരുന്നില്ലേ. നമ്മുടെ രക്ഷകൻ മനുഷ്യത്ത്വത്തിന്റെ എല്ലാ പരിമിതികളും സ്വീകരിച്ചു. പ്രലോഭനങ്ങളിൽ വീഴാനുള്ള എല്ലാ സാധ്യതയോടും കൂടിയാണ് അവൻ മനുഷ്യ സ്വഭാവം സ്വീകരിച്ചത്. അവിടുന്ന് സഹിച്ചിട്ടില്ലാത്തതായി നമുക്ക് സഹിക്കാൻ ഒന്നുമില്ല. {FLB 91}

**(7) ദൈവീക മർമ്മത്താൽ പ്രദർശിപ്പിക്കപ്പെട്ട ക്രിസ്തുവിന്റെ മഹാസ്നേഹത്തിനു മുൻപിൽ സഭയായ നമുക്ക് എങ്ങനെ നിൽക്കുവാൻ കഴിയും?**

***കറ, ചുളുക്കം മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നേ തേജസ്സോടെ മുന്നിറുത്തേണ്ടതിന്നും തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചുകൊടുത്തു. (എഫെസ്യർ:5:27)***

ഏറ്റം ഉന്നതനും, സ്നേഹവാനും, ദീർഘക്ഷമയും, മഹാദയയും ഉള്ള യേശുവേ, എന്റെ ആത്മാവ് നിന്നെ എത്ര അധികം ആരാധിക്കുന്നു! ദരിദ്രനും യോഗ്യതയില്ലാത്തവനും പാപത്താൽ മലിനീകരിക്കപ്പെട്ട ആത്മാവിന് പരിശുദ്ധ ദൈവമുമ്പാകെ ഒരു പകരക്കാരന്റെയും ജാമ്യത്തിൻറെയും പ്രതിഫലനം ലഭിക്കാതെ എങ്ങനെ സമ്പൂർണ്ണനായി നീതിയിൽ നിൽക്കാൻ കഴിയും! ആകാശമേ, അത്ഭുതപ്പെടുക, ഭൂമിയേ, ആ വീണുപോയ മനുഷ്യൻ അവന്റെ അനന്തമായ സ്നേഹത്തിന്റെയും ആനന്ദത്തിന്റെയും പാത്രീഭൂതരാണ്. സ്വർഗ്ഗീയ വാസികളുടെ ഗാനങ്ങളാൽ അവൻ അവരെ സന്തോഷിപ്പിക്കുകയും, പാപത്താൽ അശുദ്ധനായ മനുഷ്യൻ, ക്രിസ്തുവിന്റെ നീതിയാൽ ശുദ്ധീകരിക്കപ്പെട്ടു, പാപത്തിന്റെ എല്ലാ താഴ്ചകളിൽ നിന്നും ഉയർത്തി മുക്തി ലഭിച്ചവനായി പിതാവിന് സമർപ്പിക്കപ്പെടുന്നു, “കറയോ ചുളുക്കാമോ ഒന്നും ഇല്ലാ” (എഫെ. 5:27). “ദൈവം തിരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം. ശിക്ഷവിധിക്കുന്നവൻ ആർ?” (റോമ. 8:33).

**(8) അവനിൽ നാം പൂർണ്ണതയുള്ളവർ ആയിത്തതീരേണ്ടതിനു നമ്മൾ അറിയുകയും, അനുഭവിക്കുകയും വേണം എന്ന് ദൈവം ആഗ്രഹിക്കുന്ന "ഈ മർമ്മത്തിന്റെ മഹിമാധനം" എന്തെല്ലാമാണ്?**

***അവരോടു ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്നു അറിയിപ്പാൻ ദൈവത്തിന്നു ഇഷ്ടമായി; ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതു തന്നേ.***

*(കൊലോസ്യർ:1:27)*

ദൈവമക്കൾക്കുള്ള പദവികളും, അനുഗ്രഹങ്ങളും ഈ വാക്യത്തിലൂടെ അപ്പോസ്തലൻ പ്രതിനിധീകരിക്കുന്നു: “അവരോടു ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്നു അറിയിപ്പാൻ ദൈവത്തിന്നു ഇഷ്ടമായി; ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതു തന്നേ.” (കൊലോസ്യർ 1:27). മഹത്വത്തെക്കുറിച്ചുള്ള നമ്മുടെ പ്രത്യാശ ക്രിസ്തുവാണെന്നും നാം അവനിൽ സമ്പൂർണ്ണരാണെന്നും മനസ്സിലാക്കുമ്പോൾ, പറഞ്ഞറിയിക്കാനാവാത്തതും മഹത്ത്വം നിറഞ്ഞതുമായ സന്തോഷത്തോടെ നാം സന്തോഷിക്കും.

**(9) സ്നേഹത്തിൽ നിത്യത ചിലവഴിക്കുന്ന നമ്മൾ, ക്രിസ്തു ഈ ഇരുണ്ട ലോകത്തിലേക്കു വന്നു നമുക്കുവേണ്ടി സഹിച്ച എന്തിനെപ്പറ്റിയാണ് മനസിലാക്കുവാൻ ശ്രമിക്കുന്നത്?**

***എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾനിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾനിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിന്നായുള്ള ശിക്ഷ അവന്റെമേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൌഖ്യം വന്നുമിരിക്കുന്നു. (യെശയ്യാവ്:53:5)***

വീണുപോയ മനുഷ്യനെ ഉയിർപ്പിക്കാൻ ദൈവപുത്രൻ താഴ്ച ഏറ്റെടുത്തു. ഈ ലക്ഷ്യത്തിനുവേണ്ടി അവൻ പാപരഹിതമായ ഉയരത്തിൽ ലോകം വിട്ടു, തന്നെ സ്നേഹിച്ച തൊണ്ണൂറ്റി ഒൻപതിനെയും വിട്ടു ഈ താണലോകത്തിലേക്കു, "നമ്മുടെ അതിക്രമങ്ങൾനിമിത്തം മുറിവേൽക്കുവാനും" "അകൃത്യങ്ങൾ

നിമിത്തം തകർക്കപ്പെടുവാനും ഈ ഭൂമിയിലേക്ക് വന്നു (യെശയ്യാവു:53:5). എല്ലാറ്റിലും അവൻ നമ്മെപ്പോലെ ആയിത്തിത്തീരുകയും, നമ്മെപ്പോലെ ജഡമായിത്തത്തീരുകയും, വിശപ്പും ദാഹവും ക്ഷീണവും എന്നതിന്റെ അർത്ഥമെന്താണെന്ന് അനുഭവിച്ചു അറിയുന്നവനും ആയിത്തിത്തീർന്നു. അവൻ ഭക്ഷണം കഴിച്ച് ബലപ്പെടുകയും, ഉറങ്ങി ക്ഷീണം തീർക്കുകയും ചെയ്തു. അവൻ ഭൂമിയിൽ അന്യനും പരദേശിയുമായിരുന്നു - ലോകത്തിൽ, എന്നാൽ ലോകത്തിൽ നിന്നുള്ളവൻ എന്നല്ല; മനുഷ്യരെപ്പോലെ പരീക്ഷിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു, എന്നാൽ പാപത്തിൽ നിന്ന് മുക്തമായ ഒരു ജീവിതം നയിക്കുകയും ചെയ്തു. ആർദ്രത, അനുകമ്പ, സഹതാപം, മറ്റുള്ളവരെ എപ്പോഴും പരിഗണിക്കുക, എന്നീ സ്വഭാവഗുണങ്ങളാൽ അവൻ ദൈവത്തിന്റെ സ്വഭാവത്തെ പ്രതിനിധീകരിച്ചു. "വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു." (യോഹന്നാൻ:1:14). {AA 472}

*സ്രഷ്ടാവായ ക്രിസ്തു തന്നെത്താൻ താഴ്ത്തി ബെത്ലഹേമിലെ പശുത്തൊട്ടിയിൽ നിസ്സഹായനായ ഒരു ശിശുവായിത്തീർന്നു. ക്രിസ്തുവിന്റെ അവതാരം തീർച്ചയായും എല്ലാ രഹസ്യങ്ങളുടെയും രഹസ്യമാണ്.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

*മുഴുലോകത്തോടൊപ്പം, ക്രിസ്തു തന്റെ രാജകീയ വസ്ത്രവും രാജകിരീടവും*

മാറ്റിവച്ച് നമ്മുടെ ഇടയിൽ വസിക്കുവാനായി മാംസമായിത്തീരുകയും ഒടുവിൽ എന്നെ രക്ഷിക്കാനായി അവന്റെ ജീവൻ നൽകുകയും, എന്നെ സ്നേഹിക്കുകയും ചെയ്തതിനാൽ ഞാൻ അത്ഭുതപ്പെടുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

ക്രിസ്തു വന്നത് ദൈവസ്നേഹത്തെ അടിസ്ഥാനമാക്കിയുള്ള നിയമങ്ങൾ ഇല്ലാതാക്കാനല്ല, മറിച്ച് അവയെ ഉയർത്തിപ്പിടിക്കുന്നതിനും നിറവേറ്റുന്നതിനുമാണെന്ന് ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു. അങ്ങനെയല്ലായിരുന്നുവെങ്കിൽ എന്റെ പാപങ്ങൾ നിമിത്തം അവിടുന്ന് മരിക്കുമായിരുന്നില്ല.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

അവന്റെ അത്ഭുതകരമായ സ്നേഹപ്രവൃത്തിയാൽ, എനിക്ക് പിതാവിന്റെ മുമ്പാകെ തെറ്റോ കളങ്കമോ ഇല്ലാതെ നിൽക്കാൻ കഴിയും എന്നതിനാൽ ഞാൻ ഏറ്റുപറയുകയും എന്റെ പാപങ്ങൾ ക്ഷമിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

*നിത്യതയുടെ വർഷങ്ങൾ കടന്നുപോകുമ്പോൾ, യേശുവിന്റെ കാൽക്കൽ ഇരിക്കാനും അവൻ ചെയ്ത അത്ഭുതകരമായ കാര്യങ്ങൾ ഗ്രഹിക്കാൻ പഠിക്കാനും, അവന്റെ പരിശുദ്ധനാമത്തെ എന്നെന്നേക്കും സ്തുതിക്കാനും ഞാൻ ആഗ്രഹിക്കുന്നു.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*



## അദ്ധ്യായം 8
## വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹം

**(1) യുക്തിസഹമായ ഏതു വ്യവസ്ഥയിലൂടെയാണ് ദൈവം നമ്മുടെ സ്നേഹബന്ധങ്ങളെ സ്വാധീനിക്കുകയും, സ്നേഹത്തോടെ നമ്മെ അവനിലേക്ക് അടുപ്പിക്കുകയും ചെയ്യുന്നത്?**

***മനുഷ്യപാശങ്ങൾകൊണ്ടു, സ്നേഹബന്ധനങ്ങൾകൊണ്ടു തന്നേ, ഞാൻ അവരെ വലിച്ചു; അവരുടെ താടിയെല്ലിന്മേലുള്ള നുകം നീക്കിക്കളയുന്നവനെപ്പോലെ ഞാൻ അവർക്കു ആയിരുന്നു; ഞാൻ അവർക്കു തീൻ ഇട്ടുകൊടുത്തു. (ഹോശേയ:11:4)***

വന്യമൃഗങ്ങളെ മെരുക്കാൻ മനുഷ്യർ ഉപയോഗിക്കുന്നതിൽ നിന്ന് വളരെ വ്യത്യസ്തമാണ് ഈ ബന്ധം എന്ന് കാണിക്കുന്ന ഒരു സുപ്രധാന പദപ്രയോഗം ആണിത്. ചില മൃഗങ്ങളെ ഒരു പരിധിവരെ പരിശീലനം നൽകി ഉപയോഗപ്രദമായ ജോലികൾ ചെയ്യിക്കുന്നതിനായി പ്രയോജനപ്പെടുത്താറുണ്ട്; എന്നാൽ ദൈവം മനുഷ്യരെ അങ്ങനെ അല്ല

തന്റെ അടുക്കലേക്കു ആകർഷിക്കുന്നത്. അവൻ ബലമുള്ള കയറുകളോ, ഇരുമ്പു ചങ്ങലകളോ ഉപയോഗിക്കുന്നില്ല, മറിച്ച് യുക്തിസഹമായ മാർഗ്ഗങ്ങളിലൂടെ നമ്മെ അവങ്കലേക്ക് ആകർഷിക്കുന്നു, നമ്മുടെ ബുദ്ധിയെ പരിഗണിക്കുകയും നമ്മുടെ വാത്സല്യങ്ങളെ ആകർഷിക്കുകയും ചെയ്യുന്നു (യെശ. 1:18 കാണുക). ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടതു പോലെ നമ്മുടെ സ്വഭാവത്തിന്റെ അന്തസ്സിനു അനുയോജ്യമായ രീതിയിലാണ് ദൈവം നമ്മെ ആകർഷിക്കുന്നത് (ഉൽപ:1:26,27). ആത്മാക്കൾക്കായി പ്രവർത്തിക്കുമ്പോൾ നാം എപ്പോഴും സ്നേഹത്തിന്റെ ഈ രീതി പിന്തുടരണം (1കൊരി:9:19-23; 1 തെസ്സ:2:7,8; 3:12; എബ്രാ:5:2 കാണുക). ക്രിസ്തു മനുഷ്യനായി ജീവിക്കുകയും നമ്മുടെ നന്മയ്ക്കായി സ്വയം ബലിയർപ്പിക്കുകയും ചെയ്തതിനാൽ അവൻ നമ്മെ മനുഷ്യ പാശങ്ങളാൽ തന്നിലേക്ക് ആകർഷിച്ചു. (യോഹന്നാൻ:12:32; പ്രവൃ:10:38 കാണുക). ദൈവപുത്രൻ മനുഷ്യനാകാനുള്ള ഒരു കാരണം മനുഷ്യരെ സഹതാപത്തിന്റെ പാശങ്ങളാൽ ആകർഷിക്കുക, അവരുമായി ഒരു പൊതു സ്വഭാവം പങ്കുവെക്കുക എന്നതുമായിരുന്നു.

ലോകത്തിനു ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്തി മനുഷ്യന്റെ ഹൃദയം ദൈവത്തോട് അടുപ്പിക്കേണ്ടതിനായി ക്രിസ്തു വന്നു. ക്രിസ്തുവിന്റെ സ്നേഹത്തിലേക്ക് നാം അടുത്ത് ചെല്ലുക എന്നതാണ് രക്ഷിക്കപ്പെടുന്നതിന്റെ ആദ്യ പടി... അങ്ങനെ മനുഷ്യൻ ക്രിസ്തു മുഖാന്തിരം വെളിപ്പെട്ട ദൈവസ്നേഹത്തിലൂടെ ലഭിച്ച പാപക്ഷമയുടെ സന്തോഷവും, ദൈവീക സമാധാനവും എന്തെന്ന് മനസിലാക്കും. അവിടുത്തെ ആഹ്വാനത്തിന്

പ്രതികരിച്ചാൽ, അവിടുത്തെ കൃപയ്ക്കായി ഹൃദയം വാഞ്ഛിച്ചാൽ, പടി പടി ആയി അവനെകുറിച്ചുള്ള സമ്പൂർണ്ണ അറിവിലേക്ക് അവരെ നയിക്കുകയും, അങ്ങനെ നിത്യജീവനിലേക്കു നടത്തുകയും ചെയ്യും.

**(2) ദൈവം നമുക്കുവേണ്ടി ധാരാളമായി നൽകുന്ന എന്ത് ദാനത്തിനുവേണ്ടിയാണ് ക്രിസ്തു വിലകൊടുത്തതത്തിലൂടെ ക്ഷമ ലഭിച്ചത്?**

***പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ. (റോമർ:6:23)***

മറുവില നൽകപ്പെട്ടിരിക്കുന്നതിനാൽ, എല്ലാവർക്കും ദൈവത്തിങ്കലേക്ക് വരാനും ദൈവത്തോട് അനുസരണമുള്ള ജീവിതത്തിലൂടെ നിത്യജീവനിലേക്കു എത്തിച്ചേരാനും കഴിയും. മനുഷ്യർ അമർത്യമായ അവകാശത്തിൽ നിന്ന് പിന്തിരിയുകയും അഹങ്കാരത്തിന്റെ തൃപ്തിക്കായും, സ്വാർത്ഥതയുടെ പ്രകടനത്തിനും വേണ്ടി ജീവിക്കുകയും സാത്താന്റെ ഭരണത്തിന് കീഴടങ്ങുകയും ചെയ്യുന്നതിലൂടെ, ഈ ജീവിതത്തിലും വരുവാനുള്ള ജീവിതത്തിലും അവർക്ക് ലഭിക്കാവുന്ന അനുഗ്രഹം നഷ്ടപ്പെടുന്നത് എത്ര സങ്കടകരമാണ്. അവർ സ്വർഗ്ഗത്തിലെ വാസസ്ഥലത്തേക്കു പ്രവേശിക്കുകയും, ക്രിസ്തുവിനോടും സ്വർഗ്ഗീയ ദൂതന്മാരോടും സ്വാതന്ത്ര്യവും തുല്യതയും ഉള്ളവരായി, ദൈവത്തിന്റെ പ്രഭുക്കന്മാരുമായും പങ്കാളികൾ ആയിരിക്കും, എങ്കിലും അവിശ്വസനീയമാംവിധം, അവർ സ്വർഗ്ഗീയ മഹത്ത്വങ്ങളിൽ നിന്ന് മനസ് തിരിക്കുന്നു. ദൈവം തന്റെ പുത്രനെ സ്നേഹിച്ചതുപോലെ, തന്റെ

ഏകജാതനായ പുത്രനെ തങ്ങളുടെ രക്ഷിതാവായി സ്വീകരിച്ചവരെയും സ്നേഹിക്കുവാൻ സർവ്വ ലോകങ്ങളുടെയും സ്രഷ്ടാവ് നിർദ്ദേശിക്കുന്നു. ഇവിടെയും ഇപ്പോളും അവിടുത്തെ കൃപയാൽ ഈ മഹത്തായ പ്രീതി നമുക്ക് ലഭിക്കുന്നു. സ്വർഗ്ഗീയ പ്രകാശത്തിന്റെയും മഹിമയുടെയും ദാനം അവൻ മനുഷ്യർക്ക് നല്കിയതോടൊപ്പം സ്വർഗ്ഗത്തിലെ എല്ലാ നന്മകളും കൂടി അവൻ നൽകി. വരാനിരിക്കുന്ന ജീവിതത്തിനായി അവിടുന്ന് നമുക്ക് വാഗ്ദാനം ചെയ്തിരിക്കുന്നതുപോലെ, ഈ ജീവിതത്തിലും അവിടുന്ന് നമുക്ക് രാജകീയ ദാനങ്ങൾ നൽകികൊണ്ട്, അവിടുത്തെ കൃപയുടെ പാത്രങ്ങളെന്ന നിലയിൽ, നമ്മുടെ സ്വഭാവഗുണങ്ങളെ വർദ്ധിപ്പിക്കാനും വികസിപ്പിക്കാനും ഉയർത്താനുമുള്ള എല്ലാം അവൻ നമുക്ക് നൽകുന്നു. ഇത് ഉയരത്തിലുള്ള സ്വർഗ്ഗീയ പ്രാകാരങ്ങളിൽ നമ്മെ ഉൾക്കൊള്ളുന്നതിനുവേണ്ടിയുള്ള രൂപാന്തരപ്പെടുത്തലാണ്.

ദൈവത്തിന്റെ നീതി, പാപം വെറുതെ ക്ഷമിച്ചാൽ മാത്രം പോരാ, മറിച്ച് അതിന്റെ ശിക്ഷയായ മരണം കൂടി അനുഭവിക്കേണം എന്ന് വിധിക്കുന്നു. തന്റെ ഏകജാതനായ പുത്രനെ നൽകുന്നതിലൂടെ ദൈവം ഈ രണ്ടു ഉപാധികളും നിവർത്തിച്ചു. മനുഷ്യന് പകരമായി മരിക്കുന്നതിലൂടെ, മരണ ശിക്ഷ നീക്കികളയുകയും പാപക്ഷമ സമ്പാദിക്കുകയും ചെയ്തു.

**(3) തന്നെ കൈക്കൊള്ളുന്ന ഏവർക്കും സമൃദ്ധിയായി എന്ത് നൽകാൻ വേണ്ടിയാണ് ക്രിസ്തു ഈ ഭൂമിലയിലേക്കു വന്നത്?**

*മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു*

*ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നതു.*
*(യോഹന്നാൻ :10:10)*

ഈ ജീവൻ നമ്മിൽ ഉണ്ടായിരിക്കണം, അത് നമുക്ക് കൂടുതൽ സമൃദ്ധമായി ഉണ്ടായിരിക്കണം. സ്വയം മരിക്കുകയും ക്രിസ്തുവിനായി ജീവിക്കുകയും ചെയ്യുന്ന എല്ലാ ആത്മാവിലും ദൈവം ഈ ജീവൻ പകരും. എന്നാൽ അതിനായി ഒരു സമ്പൂർണ്ണമായ സ്വയം ത്യജിക്കൽ ആവശ്യമാണ്. ഇത് സംഭവിച്ചില്ലെങ്കിൽ, നമ്മുടെ സന്തോഷത്തെ നശിപ്പിക്കുന്ന ദുഷ്ടത ഇപ്പോഴും നമ്മൾ വഹിക്കുന്നവരാകും. എന്നാൽ നമ്മുടെ ഞാൻ എന്ന ഭാവം ക്രൂശിക്കപ്പെടുമ്പോൾ, ക്രിസ്തു നമ്മിൽ വസിക്കുന്നു, ആത്മാവിന്റെ ശക്തി നമ്മുടെ ശ്രമങ്ങളിൽ പകരപ്പെടുന്നു

ദൈവത്തിന്റെ എല്ലാ വെളിച്ചവും നമുക്കുവേണ്ടി ദൈവത്തിലുള്ളതു പോലെ നാമും ദൈവത്തിൽ ആകുവാൻ ഞാൻ ആഗ്രഹിക്കുന്നു. പക്ഷെ അത് സാധിക്കേണമെങ്കിൽ നാം അതിന്റെ ഉന്നത നിലവാരത്തിൽ എത്തേണം, എന്നാൽ നമ്മെ സ്വയം ദൈവത്തിന്റെ യാഗപീഠത്തിങ്കൽ സമർപ്പിക്കാതെയും, പരിശുധധാതാവിന്റെ പൂർണ്ണ നിയന്ത്രണത്തിനായി നമ്മെ വിധേയപ്പെടുത്താതെയും, ദൈവത്തിന്റെ സാദൃശ്യത്തോടു നമ്മെ അനുരൂപമായി രൂപാന്തരപ്പെടുത്താതെയും ആ ഉയർച്ച നേടുവാൻ കഴിയില്ല.

ക്രിസ്തു മരിച്ചതുപോലെ അവനും (വിശ്വാസി) മരിച്ചേക്കാം, പക്ഷെ രക്ഷകന്റെ ജീവൻ അവനിലുണ്ട്. അവന്റെ ജീവൻ ക്രിസ്തുവിലൂടെ ദൈവത്തിൽ ബന്ധിപ്പിച്ചിരിക്കുന്നു. യേശു പറയുന്നു: "അവർക്കു ജീവനുണ്ടാകുവാനും സമൃദ്ധമായ

ജീവൻ ഉണ്ടാകുവാനും ഞാൻ വന്നിരിക്കുന്നു," നിത്യത മുഴുവനും വിശ്വാസികൾ എല്ലാവരും അവനോടു ഒന്നായിരിക്കേണ്ടതിനു ഈ ജീവിതത്തിൽ തന്നെ അവൻ അവരുമായി ഒന്നായിരുന്നു. അതിനാവശ്യമായ എല്ലാ കർത്തവ്യങ്ങളും അവൻ നിറവേറ്റിയിരിക്കുന്നു.

**(4) സ്നേഹമുള്ള ഒരു ഇടയനെപ്പോലെ ആടുകൾക്കുവേണ്ടി മാത്രമായി മരിച്ചതിലൂടെ എല്ലാ ആത്മാക്കൾക്കും വേണ്ടി ദൈവം ചെയ്തത് എന്താണ്?**

*കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നതു" എന്നു പറഞ്ഞു. (ലൂക്കോസ്:19:10)*

മനുഷ്യന്റെ വീണ്ടെടുപ്പിനുവേണ്ടി മരിച്ച ഒരേയൊരാൾ യേശു മാത്രം ആയതിനാൽ എല്ലാ ആത്മാക്കളെയും യേശുവിനു പൂർണമായി അറിയാം. ഓരോരുത്തരുടെയും സങ്കടം അവന്റെ ഹൃദയത്തെ സ്പർശിക്കുന്നു. സഹായത്തിനായുള്ള നിലവിളി അവന്റെ ചെവിയിൽ എത്തുന്നു. എല്ലാവരെയും തന്നിലേക്ക് അടുപ്പിക്കാനാണ് അവൻ വന്നത്. "എന്നെ അനുഗമിക്കുക" എന്ന് അവൻ അവരോട് കൽപിക്കുന്നു, അവന്റെ അടുക്കലേക്ക് വരാൻ അവരെ ആകർഷിക്കാൻ അവന്റെ ആത്മാവ് അവരുടെ ഹൃദയങ്ങളിൽ ചലിക്കുന്നു. പലരും അവന്റെ അരികിലേക്ക് വരാൻ വിസമ്മതിക്കുന്നു. അവർ ആരാണെന്ന് യേശുവിനറിയാം. തന്റെ വിളി സന്തോഷത്തോടെ കേൾക്കുന്നതാരെന്നും, അവിടുത്തെ ഇടയപരിപാലനത്തിൽ ഏർപ്പെടാൻ ആഗ്രഹിക്കുന്നത് ആരെന്നും അവനറിയുന്നു. അവിടുന്ന് പറയുന്നു, "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു; ഞാൻ അവയെ

അറികയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു.” നമ്മെ കരുതുവാൻ ഭൂമിയുടെ മുഖത്ത് മറ്റൊരാൾ ഇല്ല എന്ന മട്ടിൽ അവൻ ഓരോരുത്തരെയും പരിപാലിക്കുന്നു.

“തന്റെ ആടുകളെ അവൻ പേർ ചൊല്ലി വിളിച്ചു പുറത്തു കൊണ്ടുപോകുന്നു.... ആടുകൾ അവന്റെ ശബ്ദം അറിഞ്ഞു അവനെ അനുഗമിക്കുന്നു.” കിഴക്കൻ ദേശങ്ങളിലെ ഇടയൻ അവരുടെ ആടുകളെ ഇടയന്റെ മുന്നിലായി നയിക്കുകയല്ല. അവൻ ബലം പ്രയോഗിച്ചോ, ഭയപ്പെടുത്തിയോ അല്ല അവയെ കൊണ്ടുപോകുന്നത്; ഇടയൻ മുൻപിൽ നടന്നിട്ടു അവൻ തന്റെ ആടുകളെ വിളിക്കുന്നു. അവന്റെ ശബ്ദം അവയ്ക്കു തിരിച്ചറിയാം, ഇടയന്റെ വിളി അവ അനുസരിക്കുന്നു. നമ്മുടെ രക്ഷകനായ ഇടയനും തന്റെ ആടുകളുമായി അങ്ങനെയാണ്. “മോശെയുടെയും അഹരോന്റെയും കയ്യാൽ നീ നിന്റെ ജനത്തെ ഒരു ആട്ടിൻ കൂട്ടത്തെ പോലെ നടത്തി” എന്ന് തിരുവെഴുത്തു പറയുന്നു. പ്രവാചകൻ മുഖാന്തരം യേശു അരുളിച്ചെയ്യുന്നു, “നിത്യസ്നേഹംകൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ടു ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു.” തന്നെ അനുഗമിക്കാൻ അവൻ ആരെയും നിർബന്ധിക്കുന്നില്ല. “മനുഷ്യപാശങ്ങൾകൊണ്ടു, സ്നേഹബന്ധനങ്ങൾകൊണ്ടു തന്നേ, ഞാൻ അവരെ വലിച്ചു.” (സങ്കീർത്തനം:77:20; യിരെമ്യാവു:31:3; ഹോശേയ:11:4).

**(5) യേശുക്രിസ്തുവിന്റെ ജീവിതത്തിൽ കരുണ, മനസ്സലിവ്, ദയ സ്നേഹം എന്നിവ വെളിപ്പെടുകയും, അവിടുത്തെ**

**സ്വഭാവത്തിന്റെ പ്രകടനങ്ങൾ നാം കാണുകയും ചെയ്തത് എപ്പോഴാണ്?**

***യേശു അവനോടു പറഞ്ഞതു: ഞാൻ ഇത്രകാലം നിങ്ങളോടുകൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പൊസേ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു; പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണം എന്നു നീ പറയുന്നതു എങ്ങനെ? (യോഹന്നാൻ :14:9)***

പ്രപഞ്ചത്തിന്റെ നാഥനായ ദൈവത്തിന്റെ വിശുദ്ധിയും മഹത്വവും കാണുമ്പോൾ നാം പരിഭ്രാന്തരാകുന്നു, കാരണം നമ്മുടെ കുറ്റങ്ങളെ മായ്ച്ചുകളയാൻ അവിടുത്തെ നീതി അവനെ അനുവദിക്കില്ലെന്ന് നമുക്കറിയാം. എന്നാൽ നാം ഭയപ്പെടേണ്ട; ക്രിസ്തു ലോകത്തിലേക്കു വന്നത് ദൈവത്തിന്റെ സ്വഭാവം വെളിപ്പെടുത്താനും, വീണ്ടെടുക്കപ്പെട്ട മക്കളോടുള്ള അവന്റെ പിതൃസ്നേഹം വ്യക്തമാക്കാനുമാണ്. പ്രകൃതിയുടെ അതിശയകരമായ പ്രവൃത്തികാലിലൂടെ മാത്രം നാം ദൈവത്തിന്റെ സ്വഭാവത്തെ കണക്കാക്കേണ്ടതില്ല, മറിച്ച്, തന്റെ ലാളിത്യപൂർണ്ണമായ മനോഹരമായ ജീവിതത്തിലൂടെ യേശു, യഹോവയായ ദൈവം നമ്മുടെ ഭൗമിക മാതാപിതാക്കളേക്കാൾ അധികം കരുണയുള്ളവനും, അനുകമ്പയുള്ളവനും ആണെന്ന് വെളിപ്പെടുത്തുന്നു.

നമുക്ക് ആശ്രയിക്കുവാനും നമ്മുടെ ആവശ്യങ്ങൾ വിശ്വാസത്തോടെ സമർപ്പിക്കുവാനും കഴിയുന്ന ഒരാളായി യേശു പിതാവിനെ അവതരിപ്പിച്ചു. നാം ദൈവത്തെ ഭയപ്പെടുകയും അവന്റെ ഔന്നത്യത്തെയും മഹത്വത്തെയും കുറിച്ചുള്ള ചിന്തയിൽ മുഴുകുകയും ചെയ്യുമ്പോൾ, പിതാവ്

ക്രിസ്തുവിനെ അവന്റെ പ്രതിനിധാനമായി ചൂണ്ടിക്കാണിക്കുന്നു. ആർദ്രത, അനുകമ്പ, സ്നേഹം എന്നിങ്ങനെ പിതാവിന്റെ ഗുണങ്ങളുടെ പ്രതിഫലനമാണ് യേശുവിൽ വെളിപ്പെടുത്തുന്നത്. കാൽവരിയിലെ കുരിശ് മനുഷ്യനോടുള്ള ദൈവസ്നേഹം വെളിപ്പെടുത്തുന്നു. പ്രപഞ്ചത്തിന്റെ പരമാധികാരിയായ ദൈവത്തെ സ്നേഹത്തിന്റെ ദൈവമായി ക്രിസ്തു പ്രതിനിധീകരിക്കുന്നു. പ്രവാചക വചനങ്ങളിലൂടെ അവൻ പറഞ്ഞു: “നിത്യസ്നേഹംകൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ടു ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു.” (യിരെ:31:3).

**(6) ക്രിസ്തുവിന്റെ കൃപാധാനപ്രകാരവും, ക്രൂശിൽ ചിന്തിയ രക്തത്താലും, നാം സ്വീകരിക്കുവാൻ മനസുവയ്ക്കുമ്പോൾ നേടുവാൻ കഴിയുന്നതുമായ സംഗതി എന്താണ്?**

***അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പു ഉണ്ടു. അതു അവൻ നമുക്കു താൻ ധാരാളമായി കാണിച്ച കൃപാധനപ്രകാരം സകലജ്ഞാനവും വിവേകവുമായി നല്കിയിരിക്കുന്നു. (എഫെസ്യർ: 1:7,8)***

ക്രിസ്തുയേശുവിന്റെ ദാനത്തിലൂടെ ദൈവം നമ്മെ അവനുമായി ബന്ധിപ്പിക്കുമെന്ന് മനുഷ്യന് കാണിച്ചുകൊടുക്കുന്നതിനായി ജീവന്റെയും മഹത്വത്തിൻറെയും കർത്താവ് തന്റെ ദൈവത്വത്തെ മനുഷ്യവേഷം അണിയിച്ചു. ദൈവവുമായി ഒരു ബന്ധവുമില്ലാതെ ആർക്കും സന്തോഷിക്കാൻ കഴിയില്ല. കളങ്കമില്ലാത്ത ദൈവത്തിന്റെ കുഞ്ഞാടിന്റെ യോഗ്യതകളിലൂടെ രൂപാന്തരപ്പെടുകയും,

മാനസാന്തരപെടുകയും ചെയ്യുന്ന പാപിയെ ആലിംഗനം ചെയ്യുന്നതുവരെ നമ്മുടെ സ്വർഗ്ഗീയപിതാവിന് തൃപ്തിപ്പെടാൻ കഴിയില്ലെന്ന യാഥാർത്ഥ്യമാണ് വീണുപോയ മനുഷ്യൻ മനസിലാക്കേണ്ട ആദ്യത്തെ വസ്തുത.

എല്ലാ സ്വർഗ്ഗീയ ജ്ഞാനത്തിന്റെയും പ്രവർത്തനം ഈ ലക്ഷ്യത്തിലേക്കാണ്. അവരുടെ നായകൻറെ കൽപ്പന പ്രകാരം, ലംഘനത്താൽ തങ്ങളുടെ സ്വർഗ്ഗീയപിതാവിൽ നിന്ന് അകന്നു പോയവരെ വീണ്ടെടുക്കുന്നതിന് വേണ്ടി അവർ പ്രവർത്തിക്കണം. ക്രിസ്തുവിന്റെ അത്ഭുതകരമായ കൃപയും സ്നേഹവും ലോകത്തിന് വെളിപ്പെടുത്താൻ ഒരു പദ്ധതി ആവിഷ്കരിച്ചു. മനുഷ്യന്റെ വീണ്ടെടുപ്പിന്റെ മറുവിലയായി ദൈവപുത്രൻ നൽകിയ അപ്രമേയ വിലയിൽകൂടി ദൈവസ്നേഹം വെളിപ്പെടുന്നു. വീണ്ടെടുപ്പിന്റെ ഈ മഹത്തായ പദ്ധതി ലോകത്തെ മുഴുവൻ രക്ഷിക്കാനുള്ള വ്യവസ്ഥകളിൽ പര്യാപ്തമാണ്. പാപിയും വീഴ്ച സംഭവിച്ചതുമായ മനുഷ്യൻ പാപമോചനത്തിലൂടെയും ക്രിസ്തുവിലൂടെയുള്ള നീതീകരണത്തിലൂടെയും ക്രിസ്തുവിൽ പൂർണ്ണത ഉള്ളവനാകുന്നു.

**(7) അവന്റെ മുറിവുകൾ നമ്മുടെ അതിക്രമം നിമിത്തവും അവന്റെ തകർച്ചകൾ നമ്മുടെ അകൃത്യങ്ങൾ നിമിത്തവുമാണെന്നും, അവന്റെ ശിക്ഷ നമ്മുടെ സമാധാനത്തിനു വേണ്ടി ആണെന്നും നാം അംഗീകരിക്കുമ്പോൾ, അവിടുത്തെ അടിപ്പിണരുകൾ നമ്മുടെ ആത്മാവിനു നൽകുന്നത് എന്താണ്?**

***എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾനിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾനിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ***

*സമാധാനത്തിന്നായുള്ള ശിക്ഷ അവന്റെമേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൌഖ്യം വന്നുമിരിക്കുന്നു. (യെശയ്യാവ്:53:5)*

സാധ്യമെങ്കിൽ, ക്രിസ്തുവിന്റെ കഷ്ടപ്പാടുകളുടെ സ്വഭാവവും വലിപ്പവും സങ്കൽപ്പിക്കുക. ക്രിസ്തു ആരുടെ പാപങ്ങൾക്കുവേണ്ടി മരിച്ചോ അവരുടെ മേൽ പകരുവാനിരുന്ന ദൈവക്രോധത്തിൽ നിന്നുള്ള വിടുതലിനു വേണ്ടി ആണ് മനുഷ്യനായി അവിടുന്ന് കഷ്ടത അനുഭവിച്ചത്. അതെ, സഭയെ സംബന്ധിച്ചിടത്തോളം ഈ മഹത്തായ ത്യാഗം നിത്യതയിലുടനീളം ഫലപ്രദമായിരിക്കും. അവളുടെ ലംഘനത്തിന്റെ അളവ് നമുക്ക് കണക്കാക്കാൻ കഴിയുമോ? അസാധ്യമാണ്! അങ്ങനെയെങ്കിൽ സഭയുടെ ഉറപ്പിന്മേൽ നിന്നുകൊണ്ട് ക്രിസ്തു എന്തെല്ലാം സഹിച്ചു എന്നതിനെപ്പറ്റി ഒരു സാമാന്യ ജ്ഞാനം നേടാൻ ആർക്കു കഴിയും? [അവനു] മാത്രമേ പാപിക്കുവേണ്ടി പീഡകൾ വഹിക്കാൻ കഴിയുമായിരുന്നുള്ളൂ, കാരണം മനുഷ്യനായി അവതരിച്ചുവെങ്കിലും പാപത്തോടുള്ള അവന്റെ നിഷ്കളങ്കതത്വം നഷ്ടമായിരുന്നില്ല. ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ യാഗത്തിൽ ദിവ്യനീതിയുടെയും വിശുദ്ധിയുടെയും മഹത്തായ തേജസ് പ്രകടമാക്കപ്പെട്ടു.

സ്വന്തം ജീവൻ പണയം വച്ചുകൊണ്ട് ക്രിസ്തു ഭൂമിയിലെ ഓരോ പുരുഷനും സ്ത്രീക്കും ഉത്തരവാദിയായിത്തീർന്നു. അവൻ ദൈവസന്നിധിയിൽ നിന്നുകൊണ്ട് പറയുന്നു, “പിതാവേ, ആ ആത്മാവിന്റെ കുറ്റം ഞാൻ ഏറ്റെടുക്കുന്നു. ആ കുറ്റം അവനിൽത്തന്നെ നിലനിർത്തുന്നുവെങ്കിൽ അയാൾക്ക്

മരണം മാത്രമാണ് ലഭിക്കുന്നത്. ലോകത്തിന്റെ പാപങ്ങൾക്കായി ഞാൻ എന്റെ ജീവൻ നൽകിയിരിക്കുന്നതിനാൽ" അവൻ അനുതപിച്ചാൽ അവന്റെ കുറ്റങ്ങൾ ക്ഷമിക്കപ്പെടുകയും, എന്റെ രക്തം അവനെ തന്റെ എല്ലാ പാപങ്ങളിൽനിന്നും ശുദ്ധീകരിക്കുകയും ചെയ്യും.

**(8) നമ്മൾ എല്ലാ അനീതികളിൽ നിന്നും ശുദ്ധീകരിക്കപ്പെടാനും, അവന്റെ നീതിവസ്ത്രത്താൽ മറയ്ക്കപ്പെടാനും നമ്മുടെ പക്ഷത്തുനിന്നും ചെയ്യേണ്ടത് എന്താണ്?**

***നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. (1യോഹന്നാൻ:1:9)***

നിങ്ങൾ പാപിയാണെന്നും അപൂർണ്ണനാണെന്നും നിങ്ങൾക്ക് തോന്നിയാക്കാം; എന്നാൽ ഈ അവസ്ഥയിലിരിക്കുമ്പോൾ മാത്രമാണ് നിങ്ങൾക്ക് ഒരു രക്ഷകനെ ആവശ്യമുള്ളത്. ഏറ്റുപറയാൻ നിങ്ങൾക്ക് പാപങ്ങളുണ്ടെങ്കിൽ, സമയം നഷ്ടപ്പെടുത്തരുത്. ഇത് സുവർണ്ണ നിമിഷങ്ങളാണ്. "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു." (1യോഹന്നാൻ:1:9). നീതിക്കായി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവൻ അതിനാൽ നിറയ്ക്കപ്പെടും; യേശു അതു വാഗ്ദത്തം ചെയ്തിരിക്കുന്നു. ഉന്നതനായ രക്ഷകൻ! നമ്മെ സ്വീകരിക്കാൻ അവന്റെ കരങ്ങൾ

തുറന്നിരിക്കുന്നു, സ്നേഹത്താൽ നിറഞ്ഞ അവന്റെ തിരുഹൃദയം നമ്മെ അനുഗ്രഹിക്കാൻ കാത്തിരിക്കുന്നു.

വിവരിക്കുവാൻ ആകാത്ത എത്ര വലിയ സ്നേഹമാണ് രക്ഷകൻ മനുഷ്യവർഗ്ഗത്തോട് പ്രകടിപ്പിച്ചതു! അവൻ പാപത്തിന്റെ മുദ്ര അഴിക്കുക മാത്രമല്ല, ആത്മാവിനെ ശുദ്ധീകരിക്കുകയും വിശുദ്ധീകരിക്കുകയും, കളങ്കമില്ലാത്തതും സ്വർഗ്ഗത്തിൽ നെയ്തെടുത്തതുമായ സ്വന്തം നീതിയുടെ വസ്ത്രത്താൽ ധരിപ്പിക്കുകയും ചെയ്യുന്നു. അവൻ പാപിയുടെ ശാപം നീക്കുക മാത്രമല്ല, തന്നോടുള്ള ഐക്യത്തിലേക്ക് അവനെ കൊണ്ടുവരികയും അവന്റെ നീതിയുടെ ശോഭയുള്ള കിരണങ്ങൾ അവനിൽ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു. സ്വർഗ്ഗീയ പ്രപഞ്ചം അവനെ സ്വാഗതം ചെയ്യുന്നു, ദൈവത്തിന്റെ പ്രീയ പുത്രനായി അംഗീകരിക്കപ്പെടുന്നു. മാനസാന്തരത്തിലൂടെയും വിശ്വാസത്തിലൂടെയും മനുഷ്യന് ദൈവത്തിലേക്ക് തിരികെ വരാൻ കഴിയുക എന്നത് എത്ര മഹത്ത്വകരമാണ്!

**(9) തന്റെ ഓരോ ആടുകളോടുള്ള അളവറ്റ സ്നേഹവും കരുതലും വെളിപ്പെടുത്തേണ്ടതിനായി ക്രിസ്തു ഓരോ ആടുകളെയു എങ്ങനെ വിളിക്കുന്നു?**

***അവന്നു വാതിൽ കാവൽക്കാരൻ തുറന്നുകൊടുക്കുന്നു; ആടുകൾ അവന്റെ ശബ്ദം കേൾക്കുന്നു; തന്റെ ആടുകളെ അവൻ പേർ ചൊല്ലി വിളിച്ചു പുറത്തു കൊണ്ടുപോകുന്നു. (യോഹന്നാൻ:10:3)***

പാപികൾക്കുവേണ്ടി മരിച്ച ഒരേയൊരാൾ എന്നതിനാൽ എല്ലാ മനുഷ്യാത്മാക്കളെയും യേശുവിനു പൂർണമായി അറിയാം. ഓരോരുത്തരുടെയും സങ്കടം അവന്റെ ഹൃദയത്തെ സ്പർശിക്കുന്നു. സഹായത്തിനായുള്ള നിലവിളി അവന്റെ ചെവിയിൽ എത്തുന്നു. എല്ലാവരെയും തന്നിലേക്ക് അടുപ്പിക്കാനാണ് അവൻ വന്നത്. “എന്നെ അനുഗമിക്കുക” എന്ന് അവൻ അവരോട് കൽപിക്കുന്നു, അവന്റെ അടുക്കലേക്ക് വരാൻ അവരെ ആകർഷിക്കാൻ അവന്റെ ആത്മാവ് അവരുടെ ഹൃദയങ്ങളിൽ ചലിക്കുന്നു. പലരും അവന്റെ അരികിലേക്ക് വരാൻ വിസമ്മതിക്കുന്നു. അവർ ആരാണെന്ന് യേശുവിനറിയാം. തന്റെ വിളി സന്തോഷത്തോടെ കേൾക്കുകയും അവിടുത്തെ ഇടയപരിപാലനത്തിന് കീഴിൽ വരുവാൻ ഇഷ്ടപ്പെടുന്നവരെ ആരാണെന്നും അവനറിയുന്നു. അവിടുന്ന് പറയുന്നു, “എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു, ഞാൻ അവരെ അറിയുന്നു, അവർ എന്നെ അനുഗമിക്കുന്നു.” ഭൂമിയുടെ മുഖത്ത് മറ്റൊരാൾ ഇല്ല എന്ന മട്ടിൽ അവൻ ഓരോരുത്തരെയും പരിപാലിക്കുന്നു.

കിഴക്കൻ ദേശങ്ങളിൽ ഇടയൻ തന്റെ ആടുകളെ മുൻപേ നടത്താറില്ല. അവൻ അവയെ ബലം പ്രയോഗിച്ചോ, ഭയപ്പെടുത്തിയോ അല്ല കൊണ്ടുപോകുന്നത്; അവൻ മുൻപേ നടന്ന ശേഷം അവയെ മുമ്പോട്ടു വിളിക്കുന്നു. അവന്റെ ശബ്ദം തിരിച്ചറിയുന്ന അവ, ഇടയന്റെ വിളി അനുസരിക്കുന്നു. രക്ഷകനും ഇടയനും ആയ യേശുവും തന്റെ ആടുകളുമായി അങ്ങനെ തന്നെയാണ്. “മോശെയുടെയും അഹരോന്റെയും കയ്യാൽ നീ നിന്റെ ജനത്തെ ഒരു ആട്ടിൻ കൂട്ടത്തെ പോലെ നടത്തി.” എന്ന് തിരുവെഴുത്തു

പറയുന്നു. പ്രവാചകൻ മുഖാന്തരം യേശു അരുളിച്ചെയ്യുന്നു: “നിത്യസ്നേഹംകൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ടു ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു.” തന്നെ അനുഗമിക്കാൻ അവൻ ആരെയും നിർബന്ധിക്കുന്നില്ല. “മനുഷ്യപാശങ്ങൾകൊണ്ടു, സ്നേഹബന്ധനങ്ങൾകൊണ്ടു തന്നേ, ഞാൻ അവരെ വലിച്ചു;” (സങ്കീ:77:20; യിരെ:31:3; ഹോശേയ:11:4).

ശിക്ഷയോടുള്ള ഭയമോ, നിത്യ പ്രതിഫലത്തിന്റെ പ്രത്യാശയോ അല്ല ക്രിസ്തുവിന്റെ ശിഷ്യന്മാരെ അവനെ അനുഗമിക്കാൻ പ്രേരിപ്പിക്കുന്നത്. രക്ഷകന്റെ സമാനതകളില്ലാത്ത സ്നേഹം, ബെത്ലഹേമിലെ പശുത്തൊട്ടി മുതൽ കാൽവരിയുടെ ക്രൂശ് വരെയുള്ള ഭൂമിയിലെ അവന്റെ യാത്രയിൽ ഉടനീളം വെളിപ്പെടുത്തിയിരിക്കുന്നു. അവന്റെ കാഴ്ച നമ്മെ അവനിലേക്ക് ആകർഷിക്കുന്നു, അത് ആത്മാവിനെ ഉരുക്കുകയും കീഴ്പ്പെടുത്തുകയും ചെയ്യുന്നു. അവനെ കാണുന്നവരുടെ ഹൃദയത്തിൽ പോലും അവൻ സ്നേഹം ഉണർത്തുന്നു തന്മൂലം ശിഷ്യന്മാർ അവന്റെ ശബ്ദം കേൾക്കുകയും അവനെ അനുഗമിക്കുകയും ചെയ്യുന്നു.

***സ്നേഹപൂർവ്വം, ക്ഷമയോടെ, ദയയോടെ, യുക്തിസഹമായി, സാത്താനെപ്പോലെ ബലപ്രയോഗത്താൽ അല്ലാതെ ദൈവം എന്നെ അവനിലേക്ക് അടുപ്പിക്കുകയും ചെയ്തതിൽ ഞാൻ നന്ദിയുള്ളവനാണ്.***

***വൃത്തത്തിൽ അടയാളപ്പെടുത്തുക:***

***അതെ*** ***തീരുമാനിച്ചില്ല***

ദൈവം ക്രിസ്തുവിനെ ദാനമായി നൽകിയതിലൂടെ എന്റെ രക്ഷക്കായുള്ള മോചനദ്രവ്യം നൽകിയതിൽ ഞാൻ നന്ദിയുള്ളവനാണ്. സ്വീകരിക്കുന്ന എല്ലാവർക്കും അവിടുന്ന് കൃപയോടെ വാഗ്ദാനം നൽകിയിരിക്കുന്ന ആ അത്ഭുതകരവും അനശ്വരവുമായ അവകാശം ഞാൻ സ്വീകരിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

ദൈവകൃപയാൽ, അഹങ്കാരത്തിൽ നിന്നും സ്വാർത്ഥതയിൽ നിന്നും പിന്തിരിയാനും, ഈ ജീവിതത്തിലും വരാനിരിക്കുന്ന ജീവിതത്തിലും ലഭിക്കുവാനുള്ള അനുഗ്രഹങ്ങളും രാജകീയ ദാനങ്ങളും സ്വീകരിക്കാനും ഞാൻ തീരുമാനിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

ക്രിസ്തുവിന്റെ സ്നേഹപൂർവമായ വിളി വ്യക്തിപരമായി ഞാൻ കേൾക്കുകയും സ്വയം ത്യാഗത്തിൽ യാഗപീഠത്തിൽ എന്നെത്തന്നെ സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്യുന്നു. അവിടുത്തെ ഹിതം എൻറെ ജീവിതത്തിലൂടെ സമൃദ്ധമായി നിറവേറ്റപ്പെടുവാൻ ഞാൻ അങ്ങയോടു അപേക്ഷിക്കുകയും ചെയ്യുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല



## അദ്ധ്യായം 9
## ക്രൂശിലേക്കു നോക്കുക

**(1) തന്റെ മഹാസ്നേഹം നിമിത്തം ക്രിസ്തു നേരിട്ട പരിഗണന എങ്ങനെയുള്ളതായിരുന്നു എന്നാണു ദൈവവചനം വിവരിക്കുന്നത്?**

***തന്നെത്താൻ താഴ്ത്തി വായെ തുറക്കാതെയിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു; കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെയും അവൻ വായെ തുറക്കാതിരുന്നു. (യെശയ്യാവ്:53:7)***

ക്രിസ്തുവിനെ നോക്കുമ്പോൾ, അവന്റെ സ്നേഹം സമാനതകൾ ഇല്ലാത്തതാണെന്നും, പാപം ചെയ്തു തെറ്റുകാരനായ മനുഷ്യന്റെ സ്ഥാനം അവൻ ഏറ്റെടുത്ത്കൊണ്ട് കളങ്കമില്ലാത്ത നീതി അവനു നൽകിയിരിക്കുന്നു എന്നും നാം കാണുന്നു. തനിക്കു പകരമായി ക്രിസ്തു ക്രൂശിൽ മരിക്കുന്നതു, പാപത്തിന്റെ അടിമയായ പാപി കാണുമ്പോൾ, ക്രിസ്തുവിന്റെ ക്ഷമിക്കുന്ന സ്നേഹം കാണുകയും, അവന്റെ ഹൃദയത്തിൽ ദൈവം സ്നേഹം ഉടലെടുക്കുകയും ചെയ്യും.

പാപി ക്രിസ്തുവിനെ സ്നേഹിക്കുന്നു, കാരണം ക്രിസ്തു അവനെ ആദ്യം സ്നേഹിച്ചു, സ്നേഹം ന്യായപ്രമാണത്തിന്റെ പൂർത്തീകരണമാണ്. അനുതപിക്കുന്ന ഓരോ ആത്മാവും, ദൈവം “വിശ്വസ്തനും നീതിമാനും തങ്ങളുടെ പാപങ്ങൾ ക്ഷമിക്കുന്നവനും എല്ലാ അശുദ്ധിയിൽ നിന്നും നമ്മെ ശുദ്ധീകരിക്കുന്നവനും” ആകുന്നുവെന്നു ഗ്രഹിക്കുന്നു. ദൈവാത്മാവ് വിശ്വാസിയുടെ ആത്മാവിൽ പ്രവർത്തിച്ചുകൊണ്ടു അനുസരണത്തിന്റെ ഒരു രേഖയിൽ നിന്ന് മറ്റൊന്നിലേക്ക് മാറുവാൻ അവനെ പ്രാപ്തനാക്കുകയും ശക്തിയിൽ നിന്ന് കൂടുതൽ ശക്തിയിലേക്കും, കൃപയിൽ നിന്ന് യേശുക്രിസ്തുവിലുള്ള അധിക കൃപയിലേക്ക് വളരുവാനും സഹായിക്കുന്നു. {1SM 374}

അതിരുകളില്ലാത്ത സ്നേഹത്തോടെയാണ് എന്റെ പിതാവ് നിങ്ങളെ സ്നേഹിക്കുന്നത്, അവൻ എന്നെ സ്നേഹിക്കുന്നു, നിങ്ങളെ വീണ്ടെടുക്കാൻ ഞാൻ എന്റെ ജീവൻ നൽകി. അവൻ നിങ്ങളെ സ്നേഹിക്കുന്നു, ഞാൻ നിങ്ങളെ സ്നേഹിക്കുകയും എന്റെ ജീവൻ നിങ്ങൾക്കായി നൽകുകയും ചെയ്യുന്നതിനാൽ അവൻ എന്നെ കൂടുതൽ സ്നേഹിക്കുന്നു... അവർ, തോട്ടത്തിൽ അവന്റെ വേദനയും കാൽവറിയുടെ കുരിശിൽ മരിച്ചതും കണ്ടപ്പോൾ, തങ്ങളുടെ രക്ഷകൻ നാണക്കേട്, നിന്ദ, സംശയം, വിശ്വാസവഞ്ചന എന്നിവ സഹിക്കാൻ തങ്ങളെ എത്രമാത്രം സ്നേഹിച്ചു എന്ന് ശിഷ്യന്മാർക്ക് മനസ്സിലായി. വാക്കുകൾക്കു ഒരിക്കലും മനസിലാക്കി തരാൻ കഴിയാത്തത്ര ആഴത്തിലുള്ള സ്നേഹമാണിത്. ശിഷ്യന്മാർ അത് മനസ്സിലാക്കിയപ്പോൾ, അവരുടെ

ധാരണകൾ ദൈവത്തിന്റെ ദിവ്യകാരുണ്യത്തെ ആശ്രയിച്ചപ്പോൾ, പുത്രന്റെ കഷ്ടപ്പാടുകൾ പിതാവിന്റെ കഷ്ടപ്പാടുകളാണെന്ന തിരിച്ചറിവിൽ യാഥാർത്ഥ്യം ഉണ്ടെന്നു അവർ മനസിലാക്കി. {ടിഎംകെ 69}

**(2) ജീവിതത്തിന്റെ പ്രശ്നസങ്കീർണ്ണതകളിൽ കുടുങ്ങിപ്പോകാതെ, ക്രിസ്തുവിനെ മാത്രം രക്ഷകനും, മാതൃകയും, അനുകരണീയനുമായി നോക്കുമ്പോൾ, വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായവൻ നമ്മിൽ എന്താകുന്നു?**

***വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു.. (എബ്രായർ:12:2)***

ഉന്നതങ്ങളിലേക്ക് നോക്കുവാനും, നമ്മുടെ വിശ്വാസത്തിന്റെ കണ്ണുകൾ ക്രിസ്തുവിൽ കേന്ദ്രീകരിക്കാനുമുള്ള അവകാശം അവന്റെ മക്കളായ നമ്മുടെ പദവിയാണ്. നാം നിരന്തരം അവനെ വീക്ഷിക്കുമ്പോൾ, അവിടുത്തെ തേജസിന്റെ സൂര്യപ്രകാശം നമ്മുടെ മനസ്സിന്റെ അറകളെ നിറയ്ക്കുന്നു. ആത്മാവെന്ന കൂടാരത്തിൽ ക്രിസ്തുവിന്റെ വെളിച്ചം സമാധാനം നൽകുന്നു. ആത്മാവ് ദൈവത്തിൽ നിലനിൽക്കുന്നു. അവനെ ഉൾക്കൊള്ളുവാൻ നാം നമ്മെത്തന്നെ സമർപ്പിച്ചതുപോലെ എല്ലാ സംശയങ്ങളും ഉത്കണ്ഠകളും യേശുവിൽ സമർപ്പിക്കുക. അങ്ങനെ നാം അവനെ മുറുകെ പിടിക്കുമ്പോൾ, അവന്റെ സ്വരൂപം ഹൃദയത്തിൽ ആഴത്തിൽ പതിയുകയും നമ്മുടെ

ദൈനംദിന ജീവിതത്തിൽ വെളിപ്പെടുകയും ചെയ്യുന്നു.

ഒരു മനുഷ്യനെയും നമ്മൾ മാതൃകയാക്കരുത്. നമ്മുടെ മാനദണ്ഡമാകാൻ ബുദ്ധിമാനായ ഒരു മനുഷ്യനും ഇല്ല. നീതിയുടെയും വിശുദ്ധിയുടെയും ഓരോ വിഭാഗത്തിലും സമ്പൂർണ്ണനായ ക്രിസ്തുയേശു എന്ന മനുഷ്യനെ നാം നോക്കണം. അവനാണ് നമ്മുടെ വിശ്വാസത്തിന്റെ നായകനും പൂർത്തീവരുത്തുന്നവനും. അവൻ അനുകരണീയനായ മനുഷ്യനാണ്. നാം നേടേണ്ട അനുഭവത്തിന്റെ അളവുകോലാണ് അവന്റെ അനുഭവം. അവന്റെ സ്വഭാവം നമ്മുടെ മാതൃകയാണ്. അതിനാൽ, ഈ ജീവിതത്തിലെ ആശയക്കുഴപ്പങ്ങളിൽ നിന്നും പ്രതിസന്ധികളിൽ നിന്നും നമ്മുടെ മനസ്സിനെ മാറ്റി അവനിൽ അവ കേന്ദ്രീകരിക്കാം, അങ്ങനെ നാം അവന്റെ സ്വഭാവത്തോടു സാമ്യമുള്ളവരായി അനുരൂപപ്പെടുന്നത് കാണാം. നല്ല ലക്ഷ്യങ്ങൾക്കായി നമുക്ക് ക്രിസ്തുവിങ്കലേക്കു നോക്കാം. അവൻ സർവ്വജ്ഞൻ ആയതിനാൽ സുരക്ഷിതരായി നമുക്ക് അവനെ നോക്കാം. നാം അവനിലേക്ക് നോക്കുകയും അവനെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുമ്പോൾ, അവൻ മഹത്വത്തിന്റെ പ്രത്യാശയായി നമ്മിൽ രൂപപ്പെടുകയും ചെയ്യും.

**(3) കുഞ്ഞാടിന്റെ രക്തത്താലും, അവന്റെ കൃപാദാനത്താലും നമ്മുടെ ഹൃദയങ്ങളിൽ വാഴുന്ന മഹത്തായ പ്രത്യാശയാലും നമുക്ക് ലഭിക്കുന്നത് എന്താണ്?**

***യിസ്രായേലേ, യഹോവയിൽ പ്രത്യാശവെച്ചുകൊൾക; യഹോവെക്കു കൃപയും അവന്റെപക്കൽ ധാരാളം വീണ്ടെടുപ്പും ഉണ്ടു. (സങ്കീർത്തനങ്ങൾ:***

130:7)

രക്ഷയുടെ പദ്ധതി, ദൈവത്തിന്റെ നീതിയും സ്നേഹവും വെളിപ്പെടുത്തുന്നു, വീഴ്ച സംഭവിച്ചു അപൂർണ്ണതയിലായ ലോകത്തിനും, കുഞ്ഞാടിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെടുന്നവർക്കിടയിലും വീഴ്ചയ്ക്കെതിരായ ഒരു ശാശ്വത സംരക്ഷണം അത് നൽകുന്നു. ദൈവത്തിന്റെ അടുക്കലേക്ക് വരുന്നവരെയെല്ലാം പരമാവധി രക്ഷിക്കാൻ കഴിയുന്ന അവന്റെ രക്തത്തിലുള്ള പൂർണ വിശ്വാസമാണ് നമ്മുടെ ഏക പ്രതീക്ഷ. കാൽവരിയുടെ ക്രൂശിൽ ക്രിസ്തുവിന്റെ മരണം ഈ ലോകത്തിലെ നമ്മുടെ ഏക പ്രത്യാശയാണ്, വരും ലോകത്ത് ഇത് നമ്മുടെ ധ്യാനപ്രമേയമായിരിക്കും. ഓ, പ്രായശ്ചിത്തയാഗത്തിന്റെ മൂല്യം മനസിലാക്കുവാൻ ഞങ്ങൾ പര്യാപ്തരല്ല! ഞങ്ങൾക്ക് അത് മനസിലായിരുന്നെങ്കിൽ, അതിനെക്കുറിച്ച് കൂടുതൽ സംസാരിക്കുമായിരുന്നു. മനസ്സിലാക്കാനാവാത്ത സ്നേഹത്തിന്റെ പ്രകടനമായിരുന്നു തന്റെ പ്രിയപ്പെട്ട പുത്രനിലൂടെ ദൈവം നൽകിയ ദാനം. തന്റെ നിയമത്തിന്റെ ബഹുമാനം കാത്തുസൂക്ഷിക്കാനും, അപ്പോൾത്തന്നെ അതിക്രമക്കാരായിരുന്ന നമ്മെ രക്ഷിക്കാൻ വേണ്ടി ദൈവത്തിന് ചെയ്യാൻ കഴിയുന്ന പരമാവധി കാര്യമായിരുന്നു അത്.
എന്തുകൊണ്ടാണ് മനുഷ്യൻ വീണ്ടെടുപ്പ് എന്ന വിഷയത്തെക്കുറിച്ച് അധികമായി പഠിക്കാത്തത്? മനുഷ്യ മനസ്സിനെ പ്രവർത്തി നിരതമാക്കുവാൻ കഴിയുന്ന ഏറ്റവും വലിയ വിഷയമാണിത്. ക്രൂശിലൂടെ പ്രദർശിപ്പിക്കപ്പെട്ട ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ച് മനുഷ്യർ ധ്യാനിക്കുകയാണെങ്കിൽ, ചൊരിയപ്പെട്ട

അവന്റെ രക്തത്തിന്റെ ഗുണങ്ങൾക്ക് അനുയോജ്യമായ രീതിയിൽ അവരുടെ വിശ്വാസം ശക്തിപ്പെടുകയും അവർ ശുദ്ധീകരിക്കപ്പെടുകയും പാപത്തിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യുമായിരുന്നു.

**(4) നമ്മുടെ മറുവിലയായി ക്രിസ്തു ക്രൂശിൽ നിസ്വാർത്ഥമായും, സ്വമനസാലെയും തന്റെ ജീവൻ വച്ചുകൊടുത്തതിലൂടെ പ്രകടിപ്പിച്ച അവന്റെ സ്നേഹത്തിന്റെ അടിസ്ഥാനപരമായ നാല് സ്വഭാവ സവിശേഷതകൾ ഏതെല്ലാമാണ്?**

***നീതിയും ന്യായവും നിന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു; ദയയും വിശ്വസ്തതയും നിനക്കു മുമ്പായി നടക്കുന്നു. (സങ്കീർത്തനങ്ങൾ: 89:14)***

നാം നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കത്തക്കവണ്ണം സ്വർഗ്ഗസ്ഥനായ നമ്മുടെ പകരക്കാരൻ സ്വമേധയാ അവിടുത്തെ പ്രാണനെ നീതിയുടെ വാളിലേക്ക് കൊണ്ടുപോയി. ക്രിസ്തു പറഞ്ഞു, “എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിന്നു ഞാൻ അതിനെ കൊടുക്കുന്നതുകൊണ്ടു പിതാവു എന്നെ സ്നേഹിക്കുന്നു. ആരും അതിനെ എന്നോടു എടുത്തുകളയുന്നില്ല; ഞാൻ തന്നേ അതിനെ കൊടുക്കുന്നു; അതിനെ കൊടുപ്പാൻ എനിക്കു അധികാരം ഉണ്ടു; വീണ്ടും പ്രാപിപ്പാനും അധികാരം ഉണ്ടു; ഈ കല്പന എന്റെ പിതാവിങ്കൽ നിന്നു എനിക്കു ലഭിച്ചിരിക്കുന്നു.” (യോഹന്നാൻ 10:17, 18). പാപത്തിന്റെ ശിക്ഷ വഹിക്കുവാൻ ഭൂമിയിലെ ഒരു മനുഷ്യനോ സ്വർഗ്ഗത്തിലെ ദൂതനോ കഴിയുമായിരുന്നില്ല. അനുസരണംകെട്ട മനുഷ്യനെ രക്ഷിക്കാൻ യേശുവിനു മാത്രമേ കഴിയുമായിരുന്നുള്ളൂ. അവനിൽ ദൈവത്ത്വവും

മനുഷ്യത്ത്വവും കൂടിച്ചേർന്നിരുന്നു, ഇതാണ് കാൽവറിയുടെ കുരിശിലെ യാഗത്തിന് അർത്ഥപൂർണ്ണത നൽകിയത്. കുരിശിൽ കരുണയും സത്യവും ഒത്തുചേർന്നു, നീതിയും സമാധാനവും തമ്മിൽ ചുംബിച്ചു.

മനുഷ്യരാശിയെ വീണ്ടെടുക്കുന്നതിനായി യേശു സ്വമേധയാ യാഗമായി അർപ്പിച്ചതുപോലുള്ള നിസ്വാർത്ഥ സ്നേഹത്തിന്റെ പ്രകടനങ്ങൾ പിതാവിന്റെ സ്നേഹം അധികമായി പകരപ്പെടുവാൻ കാരണമായി. രക്ഷയുടെ പദ്ധതി ഭൂമിയുടെ സൃഷ്ടിക്ക് മുൻപേ കരുതി വച്ചിരുന്നു (വെളി:13:8). ക്രൂശീകരണം പോലെത്തന്നെ യേശുവിന്റെ പുനരുത്ഥാനവും ദൈവത്തിന്റെ നിത്യ പദ്ധതിയുടെ ഭാഗമായിരുന്നു. യേശു മരണത്തിന്റെ ആധിപത്യത്തിൻ കീഴിൽ ഒരു ഹ്രസ്വകാലത്തേക്ക് കടന്നുപോകണമായിരുന്നു (സങ്കീ:16:10; ഒത്തു നോക്കുക. പ്രവൃ ത്തി:2:31,32) തുടർന്ന് പുനരുത്ഥാനവും ജീവനും ആയി മഹത്വപ്പെടുത്തി (യോഹന്നാൻ:11:25) അവന്റെ അപമാനത്തിന്റെ ഫലമായി പിതാവ് അവനെ മനുഷ്യന്റെ മദ്ധ്യസ്ഥനായി (എബ്രാ:7:25). ഉയർത്തുകയും എല്ലാ നാമത്തിനും മേലായ ഒരു നാമം നൽകുകയും ചെയ്തു (ഫിലി:2:9).

**(5) വീണ്ടെടുപ്പിന്റെ പദ്ധതിയെപ്പറ്റിയും, ക്രൂശിനെപ്പറ്റിയും മനസിലാക്കുവാൻ യോഹന്നാനെപ്പോലെ പരിശ്രമിക്കുകയാണെങ്കിൽ, ലോകത്തോട് എന്ത് പ്രഘോഷിക്കുന്നതിൽ സന്തോഷിക്കുന്നവരായിത്തീരും നമ്മൾ?**

***പിറ്റെന്നാൾ യേശു തന്റെ അടുക്കൽ വരുന്നതു അവൻ കണ്ടിട്ടു: ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടു!***

*(യോഹന്നാൻ:1:29)*

ക്രിസ്തുവിന്റെ ക്രൂശിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, മുഴുവൻ ജീവജാലങ്ങളും ഉന്നത പദവിയിലേക്കു ഉയർത്തപ്പെടുന്നു. രക്ഷകന്റെ സ്നേഹത്തെക്കുറിച്ചുള്ള അറിവ് ആത്മാവിനെ താഴ്മയുള്ളതാക്കുന്നു, ഒപ്പം കാലത്തിന്റെ മാറ്റത്തെയും അർത്ഥത്തെയും കുറിച്ചുള്ള അറിവിലേക്ക് മനസ്സിനെ ഉയർത്തുന്നു. ക്രൂശിൽ നിന്ന് പ്രകാശിക്കുന്ന തേജസിന്റെ വെളിച്ചത്തിൽ എല്ലാം താൽക്കാലിക കാര്യങ്ങളാണെന്നു കണക്കാക്കാൻ നമുക്ക് പഠിക്കാം. മനുഷ്യനെ നിത്യമായ സമ്പത്തിന്റെ അവകാശികൾ ആക്കുന്നതിനു നമ്മുടെ രക്ഷകൻ അനുഭവിച്ച അപമാനത്തിന്റെ ആഴം എത്രയെന്നു മനസ്സിലാക്കാൻ നമുക്ക് ശ്രമിക്കാം. വീണ്ടെടുപ്പിന്റെ പദ്ധതി പഠിക്കുമ്പോൾ, രക്ഷകന്റെ സ്നേഹത്തിന്റെ ആഴം ഹൃദയത്തിൽ അനുഭവപ്പെടും, ഒപ്പം അവന്റെ സ്വഭാവത്തിന്റെ മനോഹാരിതയാൽ ആനന്ദിക്കുകയും ചെയ്യും.

ക്രിസ്തുവിന്റെ സ്നേഹമാണ് നമ്മുടെ സ്വർഗ്ഗത്തെ പണിയുന്നത്. എന്നാൽ ഈ സ്നേഹത്തെക്കുറിച്ച് പറയാൻ ശ്രമിക്കുമ്പോൾ ഭാഷ നമ്മെ പരാജയപ്പെടുത്തുന്നു. ഭൂമിയിലെ അവിടുത്തെ ജീവിതത്തെക്കുറിച്ചും, നമുക്കുവേണ്ടിയുള്ള ത്യാഗത്തെക്കുറിച്ചും നാം ചിന്തിക്കുമ്പോൾ; അവിടുത്തെ പ്രവർത്തനങ്ങളിലൂടെ അവനെ സ്വർഗത്തിലെ നമ്മുടെ വക്താവായി നാം കരുതുന്നു, തന്നെ സ്നേഹിക്കുന്നവർക്കായി അവൻ ഒരുക്കുന്ന ഭവനത്തെക്കുറിച്ച്; “ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ഉയരങ്ങളും ആഴങ്ങളും!” എന്ന് നമുക്ക് ഉദ്ഘോഷിക്കാം. ക്രൂശിൻകീഴിലേക്കു

പോകുവാൻ നാം താമസിക്കുമ്പോൾ, ദൈവസ്നേഹത്തെക്കുറിച്ചുള്ള ഒരു മങ്ങിയ ധാരണ മാത്രമാണ് നേടുന്നത്. “ഇവിടെ ഉള്ള സ്നേഹം, നാം ദൈവത്തെ സ്നേഹിച്ചു എന്നല്ല, മറിച്ച് അവൻ നമ്മെ സ്നേഹിച്ചു എന്നതാണ്, തന്റെ പുത്രനെ നമ്മുടെ പാപങ്ങളുടെ പ്രായശ്ചിത്തമായി അയച്ചു.” എന്നാൽ ക്രിസ്തുവിനെക്കുറിച്ചുള്ള നമ്മുടെ അറിവിൽ, അളവറ്റ ഒരു സ്നേഹത്തിന്റെ വക്കിലാണ് നാം നിലനിൽക്കുന്നത്. അവന്റെ സ്നേഹം അടിത്തട്ടോ മറുകരയോ ഇല്ലാതെ വിശാലമായ ഒരു സമുദ്രം പോലെയാണ്.

എല്ലാ യഥാർത്ഥ ശിഷ്യന്മാരിലും ഈ സ്നേഹം പവിത്രമായ അഗ്നിപോലെ ഹൃദയത്തിന്റെ ബലിപീഠത്തിൽ കത്തുന്നു. ഭൂമിയിലേക്കാണ് ദൈവസ്നേഹം യേശുവിലൂടെ വെളിപ്പെട്ടത്. നിഷ്കളങ്കമായ ജീവിതങ്ങളിലൂടെ ഈ സ്നേഹം അവന്റെ മക്കൾ ഭൂമിയിൽ പ്രകാശിപ്പിക്കേണം. അങ്ങനെ ദൈവത്തിന്റെ കുഞ്ഞാടിനെ കാണാൻ പാപികൾ ക്രൂശിലേക്ക് നയിക്കപ്പെടും.

**(6) നാം യേശുവിലേക്കു നോക്കി അവന്റെ മഹത്ത്വം കാണുകയും, അവന്റെ സ്വഭാവത്തിന്റെ സൗന്ദര്യവും, അളവറ്റ സ്നേഹത്തിന്റെ തലങ്ങളും മനസ്സിലാക്കുമ്പോൾ എന്താണ് സംഭവിക്കുന്നത്?**

***എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു. (2കൊരിന്ത്യർ: 3:18)***

ക്രിസ്തുവിലേക്കു നോക്കി, അവന്റെ സ്വഭാവത്തിന്റെ ആകർഷകമായ മനോഹാരിത ദർശിക്കുക, ആ ദർശനത്തിലൂടെ നിങ്ങൾ അവന്റെ സാദൃശ്യത്തിലേക്ക് രൂപാന്തരപ്പെടും. വിശ്വാസത്താൽ നാം സാത്താന്റെ നരക നിഴലിനെ മറികടന്ന് ദൈവീക നിയമങ്ങളിൽ അവന്റെ മഹത്വവും, ക്രിസ്തുവിലൂടെ അവന്റെ നീതിയും കാണുമ്പോൾ ക്രിസ്തുവിനും ആത്മാവിനുമിടയിൽ മറയായി നിൽക്കുന്ന മൂടൽമഞ്ഞ് അലിഞ്ഞു ഇല്ലാതെ ആകുന്നു.

യേശുവിനെ നമ്മുടെ കാഴ്ചയിൽ നിന്ന് മറയ്ക്കാനും അവന്റെ പ്രകാശത്തിന്റെ ശോഭ കുറയ്ക്കാനും സാത്താൻ ശ്രമിക്കുന്നു; അവന്റെ മഹത്വത്തിന്റെ അല്പം ചെറിയൊരു ഭാഗം കാണുമ്പോൾ പോലും നാം അവനിലേക്ക് ആകർഷിക്കപ്പെടുന്നു. പാപം, യേശുവിന്റെ സമാനതകളില്ലാത്ത വശ്യത നമ്മുടെ കാഴ്ചയിൽ നിന്ന് മറയ്ക്കുകയും; മുൻവിധി, സ്വാർത്ഥത, സ്വയം നീതീകരണം, അഭിനിവേശം എന്നിവ നമ്മുടെ കണ്ണുകളെ അന്ധമാക്കി തീർക്കുകയിനം ചെയ്യുന്നു, അതിനാൽ രക്ഷകനെ നാം തിരിച്ചറിയുന്നില്ല. വിശ്വാസത്താൽ നാം ദൈവത്തോട് അടുത്ത് വരുന്നുവെങ്കിൽ അവിടുത്തെ മഹത്വത്തെ അവൻ നമുക്ക് വെളിപ്പെടുത്തും, അതാണ് അവന്റെ സ്വഭാവം, അവന്റെ മഹത്ത്വം കണ്ടുകഴിയുമ്പോൾ ദൈവത്തിന്റെ സ്തുതി മനുഷ്യഹൃദയങ്ങളിൽ നിന്ന് ഒഴുകുകയും മനുഷ്യ ശബ്ദങ്ങളിലൂടെ മുഴങ്ങി കേൾക്കുകയും ചെയ്യും. അപ്പോൾ ദൈവത്തിനെതിരെ പാപം ചെയ്തുകൊണ്ടും സംശയവും അവിശ്വാസവും സംസാരിച്ചും സാത്താനെ മഹത്വപ്പെടുത്തുന്നത് നാം എന്നേക്കും അവസാനിപ്പിക്കും. പിറുപിറുക്കുകയും വിലപിക്കുകയും

ചെയ്തുകൊണ്ട് ദൈവത്തിന്റെ ബലിപീഠത്തെ കണ്ണീരിൽ മൂടുകയും ചെയ്യുന്നത് എന്നെന്നേക്കും നാം അവസാനിപ്പിക്കും.

**(7) പൗലോസിനെപ്പോലെ, ഏതു അതിശയകരമായ വിഷയം നമ്മുടെ അധരങ്ങൾ ഉത്സാഹത്തോടെ പറഞ്ഞുകൊണ്ടിരിക്കുകയും, നമ്മുടെ ഹൃദയങ്ങളിൽ നിരന്തരം വാഴുകയും വേണം?**

***ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു. (1കൊരിന്ത്യർ: 2:2)***

നഷ്ടപ്പെട്ട പാപികൾക്കായി യേശു ചെയ്ത ത്യാഗം എത്ര മഹത്തായ ഒരു ധ്യാന പ്രമേയമാണ്! “എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾനിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾനിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിന്നായുള്ള ശിക്ഷ അവന്റെമേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൌഖ്യം വന്നുമിരിക്കുന്നു.” {യെശയ്യാവു:53:5}. ഇതിനാൽ നമുക്ക് ലഭിച്ച അനുഗ്രഹങ്ങളെ എങ്ങനെ അളന്നു നോക്കുവാൻ കഴിയും? യേശുവിന് കൂടുതൽ കഷ്ടത അനുഭവിക്കുവാൻ കഴിയുമായിരുന്നോ? ഇത്ര ഉന്നതമായ അനുഗ്രഹങ്ങൾ നമുക്കായി വാങ്ങുവാൻ ക്രിസ്തുവിനു കഴിയുമായിരുന്നോ? നമ്മുടെ നിമിത്തം അവിടുന്ന് സ്വർഗ്ഗത്തിന്റെ സന്തോഷവും മഹത്വവും ഉപേക്ഷിച്ച് ദാരിദ്ര്യവും ലജ്ജയും ക്രൂരമായ പീഡകളും ഭയാനകമായ മരണവും അനുഭവിച്ചു എന്നുള്ള ചിന്ത ഏതു കഠിനമായ ഹൃദയത്തെയും അലിയിക്കില്ലേ? അവിടുത്തെ

മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും പ്രത്യാശയുടെ വാതിൽ നമുക്കുവേണ്ടി തുറന്നില്ലായിരുന്നുവെങ്കിൽ, അന്ധകാരത്തിന്റെ ഭീകരതയും നിരാശയുടെ ദുരിതങ്ങളും അല്ലാതെ മറ്റൊന്നും നാം അറിയുമായിരുന്നില്ല. സ്നേഹപൂർണ്ണവും അനുഗ്രഹിക്കപ്പെട്ടതുമായ നമ്മുടെ ഇപ്പോഴത്തെ അവസ്ഥയിൽ നിന്നുകൊണ്ട് നോക്കുമ്പോൾ, എത്രമാത്രം ആഴത്തിൽ നിന്നാണ് നാം ഉദ്ധരിക്കപ്പെട്ടതെന്നു നമുക്ക് മനസ്സിലാക്കാൻ കഴിയില്ല. യേശു തന്റെ കരുണയുടെയും സ്നേഹത്തിന്റെയും ഭുജംകൊണ്ട് നമ്മെ ചുറ്റിപ്പിടിച്ച് ഉയർത്തിയില്ലായിരുന്നുവെങ്കിൽ നമ്മുടെ കഷ്ടതകൾ എത്ര ആഴമേറിയതാണെന്നും നമ്മുടെ ക്ലേശങ്ങൾ എത്ര വലുതാണെന്നും നമുക്ക് കണക്കാക്കുവാൻ കഴിയില്ലായിരുന്നു.

**(8) പൗലോസിനെപ്പോലെ, ക്രിസ്തുവിലൂടെയുള്ള രക്ഷ അവകാശംആക്കിയവർ ഏതു കാര്യത്തിലാണ് ഉത്സാഹത്തോടെ പ്രശംസിക്കേണ്ടത്?**

***എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുതു; അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിന്നും ക്രൂശിക്കപ്പെട്ടിരിക്കുന്നു. (ഗലാത്യർ:6:14)***

ക്രിസ്ത്യാനികളെന്ന് അവകാശപ്പെടുന്ന പലരും ലൗകീക കാര്യങ്ങളിൽ ആവേശഭരിതരാകുന്നു, പുതിയതും ആവേശകരവുമായ വിനോദങ്ങൾക്കായി അവരുടെ താൽപര്യം ഉണർത്തുന്നു, എന്നാൽ ദൈവീക കാര്യങ്ങളിൽ അവർ തണുത്ത മനസ്സോടെ, മരവിച്ചവരായി കാണപ്പെടുന്നു. നിങ്ങളെ ആവേശം

കൊള്ളിക്കാൻ കഴിയത്തക്ക പ്രാധാന്യമുള്ള സാധാരണവും, അനുവർത്തിക്കാൻ പര്യാപതവുമായ ഒരു വിഷയം ഇതാ. ശാശ്വത താൽപ്പര്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഈ വിഷയത്തെക്കുറിച്ചുള്ള മൗനതയും, താത്പര്യമില്ലായ്മയും പാപമാണ്. കാൽവരിയിലെ രംഗങ്ങൾ ആഴത്തിലുള്ള വൈകാരിക പ്രകടനങ്ങളിലേക്കു നമ്മെ വിളിക്കുന്നു. ഈ വിഷയത്തിൽ നിങ്ങൾ ഉത്സാഹം പ്രകടിപ്പിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഒഴികഴിവ് ലഭിക്കും. ക്രിസ്തു ഏറ്റവും ശ്രേഷ്ഠനും, നിഷ്കളങ്കനും ആയിരുന്നെങ്കിലും ലോകത്തിന്റെ പാപങ്ങളുടെ ഭാരം വഹിച്ചുകൊണ്ട്, നമ്മുടെ ചിന്തകൾക്കും ഭാവനകൾക്കും ഒരിക്കലും പൂർണ്ണമായി മനസ്സിലാക്കാൻ കഴിയാത്ത അത്രയും വേദനാജനകമായ മരണം അനുഭവിക്കേണ്ടിവന്നു. അത്തരം അതിശയകരമായ സ്നേഹത്തിന്റെ നീളം, വീതി, ഉയരം, ആഴം എന്നിവ നമുക്ക് മനസ്സിലാക്കാൻ കഴിയില്ല. സമാനതകളില്ലാത്ത രക്ഷകന്റെ ഈ സ്നേഹത്തിന്റെ ആഴങ്ങളെക്കുറിച്ചുള്ള അറിവ് മനസ്സിനെ നിറയ്ക്കുകയും ആത്മാവിനെ സ്പർശിക്കുകയും ഉരുകുകയും, വാത്സല്യത്തെ ശുദ്ധീകരിക്കുകയും ഉയർത്തുകയും, മുഴുവൻ സ്വഭാവത്തെയും പൂർണ്ണമായും പരിവർത്തനം ചെയ്യുകയും ചെയ്യുന്നു. അപ്പോസ്തലനായ പൗലോസ് ഇതിനെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്: “ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ പാർക്കേണം എന്ന് ഞാൻ ആഗ്രഹിക്കുന്നു.” നമ്മളും കാൽവരിയിലേക്ക് നോക്കി അതിശയത്തോടെ പറഞ്ഞേക്കാം: “എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ

**അല്ലാതെ പ്രശംസിപ്പാൻ ഇടവരരുതു; അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിന്നും ക്രൂശിക്കപ്പെട്ടിരിക്കുന്നു."** (ഗലാത്യർ:6:14)

**(9) സകല വിശുദ്ധന്മാരോടും കൂടെ നിത്യതയിൽ, നമ്മൾ എന്ത് മനസായിലാക്കുവാൻ വേണ്ടിയാണ് സമയം ചിലവഴിക്കുന്നത്?**

***വീതിയും നീളവും ഉയരവും ആഴവും എന്തു എന്നു സകല വിശുദ്ധന്മാരോടുംകൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു. (എഫെസ്യർ:3:18-19)***

ക്രിസ്തുവിന്റെ സ്നേഹമാണ് നമ്മുടെ സ്വർഗ്ഗം പണിയുന്നത്. എന്നാൽ ഈ സ്നേഹത്തെക്കുറിച്ച് പറയാൻ ശ്രമിക്കുമ്പോൾ വാക്കുകൾ നമ്മെ പരാജയപ്പെടുത്തുന്നു. ഭൂമിയിലുള്ള ക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചും, നമുക്കുവേണ്ടിയുള്ള ത്യാഗത്തെക്കുറിച്ചും നാം ചിന്തിക്കുമ്പോൾ; സ്വർഗ്ഗത്തിൽ നമ്മുടെ മധ്യസ്ഥനായുള്ള അവന്റെ പ്രവർത്തനത്തെ പറ്റി ഓർക്കുമ്പോൾ, അവനെ സ്നേഹിക്കുന്നവർക്കായി അവൻ ഒരുക്കുന്ന സ്വർഗ്ഗീയ ഭാവനത്തെക്കുറിച്ച് നമ്മൾ ഓർക്കുമ്പോൾ; "ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ഉയരവും ആഴവും!" എത്ര അഗാതമായവ ആണെന്ന് നാം അതിശയിച്ചു പോകുന്നു. നാം ക്രൂശിൻ പിൻപിൽ മറയുമ്പോൾ, ദൈവസ്നേഹത്തെക്കുറിച്ചുള്ള ഒരു മങ്ങിയ ധാരണ നേടുന്നു, "ഇവിടെ സ്നേഹം ഉണ്ട്, നാം ദൈവത്തെ സ്നേഹിച്ചു എന്നല്ല, മറിച്ച് അവൻ നമ്മെ സ്നേഹിച്ചു, തന്റെ പുത്രനെ

നമ്മുടെ പാപങ്ങളുടെ പ്രായശ്ചിത്തമായി അയച്ചു.” എന്നാൽ ക്രിസ്തുവിനെക്കുറിച്ചുള്ള നമ്മുടെ ചിന്തകളിൽ, അളവറ്റ ഒരു സ്നേഹത്തിന്റെ അരികിലേക്കാണ് നാം അടുത്തുവരുന്നത്. അവന്റെ സ്നേഹം ആഴമേറിയതും മറുകര കാണാൻ കഴിയാത്തതും വിശാലവുമായ സമുദ്രം പോലെയാണ്.

എല്ലാ യഥാർത്ഥ ശിഷ്യന്മാരിലും ഈ സ്നേഹം പവിത്രമായ അഗ്നിപോലെ ഹൃദയത്തിന്റെ ബലിപീഠത്തിൽ കത്തുന്നു. യേശുക്രിസ്തുവിലൂടെയാണ് ഭൂമിയിൽ ഈ ദൈവസ്നേഹം വെളിപ്പെട്ടത്. അതെ ഭൂമിയിൽ തന്റെ മക്കളും ശിഷ്യരുമായവർ തങ്ങളുടെ നിഷ്കളങ്ക ജീവിതത്തിലൂടെ ദൈവസ്നേഹം പ്രകാശിപ്പിക്കേണം. ആ പ്രകാശത്താൽ, പാപങ്ങളെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ കണ്ടെത്തുവാൻ പാപികൾ ക്രൂശിലേക്ക് നയിക്കപ്പെടും.

**(10) ഭൂമിയിലെ സകല സൃഷ്ടികളും ക്രൂശിന്റെ പ്രാധാന്യത്തെ പൂർണ്ണമായി മനസ്സിലാക്കുമ്പോൾ നിത്യതയിൽ ഉയർന്നു കേൾക്കുന്ന സ്തുതിയുടെ വാക്കുകൾ എന്തായിരിക്കും?**

**“കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടംഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ” (വെളിപ്പാട്:4:11)**

ഈ ജീവിതത്തിൽ നമുക്ക് വീണ്ടെടുപ്പിന്റെ അതിശയകരമായ പദ്ധതിയെ പറ്റി മനസിലാക്കുന്നത് ആരംഭിക്കാൻ മാത്രമേ കഴിയുകയുള്ളു. നമ്മുടെ പരിമിതമായ ഗ്രാഹ്യത്തോടെ, ക്രൂശിൽ കണ്ടുമുട്ടുന്ന ലജ്ജയും

മഹത്വവും, ജീവനും മരണവും, നീതിയും കരുണയും നാം വളരെ ആത്മാർത്ഥമായി പരിഗണിക്കാം; എന്നാലും നമ്മുടെ ബുദ്ധിശക്തികളുടെ പരമാവധി ഉപയോഗിച്ചാലും അതിന്റെ പൂർണ്ണ പ്രാധാന്യം മനസ്സിലാക്കുന്നതിൽ നാം പരാജയപ്പെടുന്നു. വീണ്ടെടുക്കുന്ന സ്നേഹത്തിന്റെ നീളവും വീതിയും ആഴവും ഉയരവും അല്പം മാത്രമേ നമുക്ക് മനസിലാക്കുവാൻ കഴിയൂ. മോചന ദ്രവ്യം നൽകി വീണ്ടെടുക്കപ്പെട്ടവർ എന്ത് കണ്ടോ, എന്ത് മനസ്സിലാക്കിയോ, അതിൽ കൂടുതൽ അല്ലാതെ വീണ്ടെടുപ്പിന്റെ പദ്ധതിയെപ്പറ്റി പൂർണ്ണമായി മനസിലാക്കുവാൻ കഴിയില്ല; എന്നാൽ നിത്യമായ യുഗങ്ങളിലൂടെ, അത്ഭുതകരവും ആനന്ദദായകവുമായ മനസ്സിലേക്ക് വീണ്ടെടുപ്പിനെക്കുറിച്ചുള്ള പുതിയ സത്യങ്ങൾ ഗ്രാഹ്യമായികൊണ്ടിരിക്കും. ഭൂമിയുടെ സങ്കടങ്ങളും വേദനകളും പ്രലോഭനങ്ങളും അവസാനിക്കുകയും അതിന്റെ കാരണം നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ടെങ്കിലും, ദൈവജനത്തിന് അവരുടെ രക്ഷയ്ക്ക് എന്ത് വിലകൊടുത്തു എന്നതിനെക്കുറിച്ച് വ്യക്തവും ബുദ്ധിപരവുമായ അറിവ് ഒരിക്കലും ഉണ്ടായിട്ടില്ല. {AG 98}

**(11) ഇരുപത്തിനാലു മൂപ്പന്മാരും, വീണ്ടെടുക്കപ്പെട്ടവരുടെ കൂട്ടവും, സിംഹാസനത്തിൻ മുൻപിൽ എന്ത് ഇട്ടുകൊണ്ടാണ് ദൈവത്തെ പാടി സ്തുതിക്കുന്നത്?**

***ഇരുപത്തുനാലു മൂപ്പന്മാരും സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുമ്പിൽ വീണു, എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനെ നമസ്കരിച്ചു കൊണ്ടു തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിൻ മുമ്പിൽ ഇടും.***

*(വെളിപ്പാട്:4:10)*

ക്രിസ്തുവിന്റെ ക്രൂശ് നിതൃത
മുഴുവൻ വീണ്ടെടുക്കപ്പെട്ടവരുടെ
ജ്ഞാനവും പാട്ടും ആയിരിക്കും.
മഹതപവൽക്കരിക്കപ്പെട്ട ക്രിസ്തുവിൽ
അവർ ക്രൂശിതനായ ക്രിസ്തുവിനെ
കാണും. ആകാശവിതാനത്തിലെ
അനവധി ഗോളങ്ങളും, നക്ഷത്രങ്ങളും
ദൈവത്തിന്റെ പിയപുത്രനിലൂടെ,
സ്വർഗ്ഗത്തിന്റെ മഹിമയായവന്റെ
ശക്തിയാൽ നിർമ്മിക്കപ്പെട്ടവയാണെന്നു
ഒരിക്കലും വിസ്മരിക്കില്ല.
ശോഭയേറിയ സെറാഫുകളും,
ചെരൂബുകളും സന്തോഷത്തോടെ
ആരാധിക്കുന്നവൻ, മനുഷ്യ വർഗ്ഗത്തെ
ഉദ്ധരിക്കുന്നതിനു വേണ്ടി തന്നത്താൻ
താഴ്ത്തി; പാപത്തിന്റെ ലജ്ജയും
ശാപങ്ങളും ഏറ്റെടുക്കുകയും,
പിതാവിനാൽ മുഖം
മറയ്ക്കപ്പെടുകയും, പാപത്തൽ
ലോകത്തിൽ വന്നു ഭവിച്ച ഹൃദയ
ഭേതങ്ങളായ ക്ലേശങ്ങൾ അവൻ
ഏറ്റെടുക്കുകയും, കാൽവരിയിലെ
ക്രൂശിൽ തന്റെ ജീവനെ
തകർക്കുകയും ചെയ്തു. സർവ്വ
ലോകത്തിന്റെയും സൃഷ്ടിതാവ്,
സകലത്തിനെയും വിധികർത്താവ്,
തന്റെ മഹത്തപം അഴിച്ചുമാറ്റി
താഴ്ചയുള്ള മനുഷ്യന്റെ
സാദൃശ്യനായി, ദൈവസ്നേഹം
പ്രകടിപ്പിച്ചുകൊണ്ട് മനുഷ്യന്
ദൈവത്തിന്റെ അൽഭുതകരമായ
വീണ്ടെടുപ്പ് വെളിപ്പെടുത്തിക്കൊടുത്തു.
രക്ഷിക്കപ്പെട്ട ജനതകൾ അവരുടെ
വീണ്ടെടുപ്പുകാരനെ നോക്കുകയും
പിതാവിന്റെ നിതൃമഹത്തപം
അവന്റെ മുഖത്ത് പ്രകാശിക്കുകയും
ചെയ്യുന്നതു കാണുന്നു. അവന്റെ
സിംഹാസനം എന്നേക്കും
സ്ഥിരമായതും, അവന്റെ രാജ്യത്തപം
അവസാനമില്ലാത്തതു ആണെന്നും
അവർ കാണുകയും, "കുഞ്ഞാടെ നീ
യോഗ്യൻ, നീ അറുക്കപ്പെട്ടു, നിന്റെ

രക്തത്താൽ ജാതികളിലും ഭാഷയിലും വംശങ്ങളിലും നിന്നുള്ള ഞങ്ങളെ വിലയ്ക്ക് വാങ്ങിയിരിക്കുന്നു" എന്ന സന്തോഷത്തിന്റെ ഗാനം പാടി അവനെ ആരാധിക്കും. {AG 98}

*ക്രിസ്തു എനിക്കുവേണ്ടി ശാരീരികമായും മാനസികമായും സഹിച്ച പീഡനങ്ങളെക്കുറിച്ചുള്ള അറിവ് വളരുമ്പോൾ, പാപിയും കുറ്റവാളിയുമായ എന്റെ സ്ഥാനം ഏറ്റെടുത്തതിനാൽ അവന്റെ സ്നേഹം തുല്യമല്ലാത്തതു ആണെന്ന് ഞാൻ മനസിലാക്കുന്നു.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

*അവനിൽ എന്റെ വിശ്വാസത്തിന്റെ കണ്ണ് ഉറപ്പിച്ചുകൊണ്ടു, ക്രിസ്തുവിൽ എപ്പോഴും ആശ്രയിക്കുവാനും, അവനിലുള്ള എന്റെ വിശ്വാസത്തിന്റെ, നായകനും പൂർത്തി വരുത്തുന്നവനുമായി അവനെ പൂർണ്ണമായി ആശ്രയിക്കുവാനും ഞാൻ തീരുമാനിക്കുന്നു.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

*വീണ്ടെടുപ്പിന്റെ പദ്ധതി ദൈവത്തിന്റെ നീതിയും സ്നേഹവും വ്യക്തമായി വെളിപ്പെടുത്തുന്നത് എങ്ങനെയെന്ന് ഞാൻ അത്ഭുതപ്പെടുന്നു. എന്നെപ്പോലെയുള്ള ഒരു നിരാശനായ പാപിയെ ഇത്രയും വലിയ വില നൽകി വീണ്ടെടുക്കാൻ അവിടുന്ന് തന്റെ*

പുത്രനെ അയയ്ക്കുന്നത് തീർച്ചയായും മനസ്സിലാക്കാൻ കഴിയാത്തത്ര വലിയ സ്നേഹത്തിന്റെ പ്രകടനമാണ്. കാൽവറിയിൽ ഞാൻ നീതി, ന്യായം, കരുണ എന്നിവയുടെ സമതുലിതാവസ്ഥ കാണുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

പൗലോസിനെപ്പോലെ, ക്രൂശിക്കപ്പെട്ട ക്രിസ്തുവിന്റെ അതിശയകരമായ സ്നേഹത്തിൽ വസിക്കാനും ലോകത്തോടുള്ള അവന്റെ അതിയായ സ്നേഹത്തെക്കുറിച്ച് അറിയിക്കാനും ഞാൻ തീരുമാനിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

ദൈവസ്നേഹത്തിന്റെ ആഴം എത്രയെന്നു മനസിലാക്കുവാൻ എപ്പോഴും അത് തിരയുകയും പഠിക്കുകയും ചെയ്തുകൊണ്ട് യേശുവിന്റെ കാൽക്കൽ നിത്യത ചെലവഴിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

യേശുവിന്റെ സ്നേഹത്തോടുള്ള ഭക്തിയാൽ എന്റെ കിരീടം യേശുവിന്റെ കാൽക്കൽ വയ്ക്കുവാൻ എനിക്ക്

കഴിയുന്ന ദിവസത്തിനായി ഞാൻ കാത്തിരിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല



## അദ്ധ്യായം 10
## ക്രിസ്തുവിന്റെ സ്നേഹമെന്ന ദാനം

**(1) എമ്മവൂസിലേക്ക് പോയിക്കൊണ്ടിരുന്നു ശിഷ്യന്മാരെപ്പോലെ, ക്രിസ്തുവിന്റെ വീണ്ടെടുക്കുന്ന സ്നേഹം തിരുവെഴുത്തുകളിൽ അന്വേഷിച്ച് പഠിക്കുന്നതിന്റെ പരിണിതഫലം എന്തായിരിക്കും?**

***"അവൻ വഴിയിൽ നമ്മോടു സംസാരിച്ചു തിരുവെഴുത്തുകളെ തെളിയിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ എന്നു അവർ തമ്മിൽ പറഞ്ഞു." (ലൂക്കോസ്:24:32)***

ക്രിസ്തുവിൽ ഉള്ള സത്യം, ക്രിസ്തുവിലൂടെ ഉള്ള സത്യം അളക്കുവാൻ കഴിയാത്തതാണ്. തിരുവെഴുത്തുകൾ പഠിക്കുന്ന ഒരു പഠിതാവ്, അതിന്റെ ആഴത്തിലേക്ക് ഇറങ്ങുന്തോറും ആഴമേറിയതും

വിശാലമാകുന്നതുമായ ഒരു ഉറവയിലേക്ക് താൻ നയിക്കപ്പെടുന്നു. നമ്മുടെ പാപങ്ങളുടെ പ്രായശ്ചിത്തമായി തന്റെ പുത്രനെ നൽകുന്നതിലുള്ള ദൈവസ്നേഹത്തിന്റെ രഹസ്യം ഈ ജീവിതം മുഴുവൻ ശ്രമിച്ചാലും നമുക്കു മനസിലാക്കുവാൻ കഴിയില്ല. നമ്മുടെ വീണ്ടെടുപ്പുകാരന്റെ ഈ ഭൂമിയിലെ പ്രവർത്തനം എല്ലായ്പ്പോഴും നമ്മുടെ ഏറ്റവും ഉയർന്ന ചിന്തകളെ ദ്യോതിപ്പിക്കുന്ന ഒരു വിഷയമായിരിക്കും. ഈ രഹസ്യം മനസ്സിലാക്കാനുള്ള ശ്രമത്തിൽ മനുഷ്യന് തന്റെ എല്ലാ മാനസിക ശക്തിയും ഉപയോഗപ്പെടുത്തേണ്ടി വരും, പക്ഷേ ആ അന്വേഷണം അവന്റെ മനസിനെ ക്ഷീണിപ്പിക്കുകയും, തളർത്തികളുയുകയും മാത്രമേ ചെയ്യൂ. അത്യുത്സാഹിയായ ഒരു അന്വേഷകന് തീരം ഇല്ലാത്ത വിശാലമായ ഒരു കടൽ പോലെ മാത്രമേ ദൈവസ്നേഹത്തെ കാണുവാൻ കഴിയുകയുള്ളൂ. ഒരിക്കലും അത് നിർവ്വചിക്കുവാനോ, അതിന്റെ ആഴങ്ങൾ മനസിലാക്കുവാനോ കഴിയുകയില്ല.

സത്യം ക്രിസ്തുവിൽ എങ്ങനെയാണോ ഉള്ളത്, അതുപോലെതന്നെ നമുക്കും അനുഭവിച്ചറിയാം, പക്ഷേ ഒരിക്കലും അത് വിശദീകരിക്കുവാൻ ആകില്ല. അതിന്റെ ഉയരവും വീതിയും ആഴവും നമ്മുടെ അറിവിനെയും കടന്നുപോകുന്നു. നമ്മുടെ ഭാവനയെ നാം പരമാവധി ഉപയോഗപ്പെടുത്തിയാൽ പോലും, വിശദീകരിക്കാൻ കഴിയാത്തതും, സ്വർഗ്ഗത്തോളം ഉയരമുള്ള, എന്നാൽ ദൈവത്തിന്റെ സ്വരൂപം എല്ലാ മനുഷ്യവർഗത്തിലും മുദ്രകുത്തുന്നതിന് ഭൂമിയിലേക്ക് ഇറങ്ങിവരുന്നതും, ആണ് ദൈവത്തിന്റെ സ്നേഹം എന്ന ഒരു രൂപരേഖകൾ മാത്രമേ നമുക്ക്

ദൈവ സ്നേഹത്തെക്കുറിച്ച്
നമസിലാക്കുവാൻ കഴിയൂ.

അതെ, ദൈവസ്നേഹത്തെ നമുക്കു പൂർണ്ണമായി മനസിലാക്കുവാൻ കഴിയില്ലെങ്കിലും അവിടുത്തെ അനുകമ്പ നമുക്കെല്ലാവർക്കും സ്വായത്തമാക്കുവാൻ കഴിയും എന്ന് കാണാം. നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ ത്യാഗപൂർണ്ണമായ യാഗത്തെ വിലമതിക്കുന്നതിനു ആനുപാതികമായി ദൈവത്തിന്റെ അനുകമ്പ നമുക്കും മനസ്സിലാക്കുവാൻ കഴിയും. താഴ്മയുള്ള ഹൃദയത്തോടെ നാം ദൈവവചനം തിരയുമ്പോൾ, വീണ്ടെടുപ്പിന്റെ മഹത്തായ വിഷയം നമ്മുടെ ഗഹനമായ പഠനത്തിനായി തുറക്കപ്പെടും. നാം അതിനോട് അടുത്ത് വരും തോറും അതിന്റെ തെളിച്ചം വർദ്ധിക്കും, അത് ഗ്രഹിക്കാൻ ആഗ്രഹിക്കുമ്പോൾ അതിന്റെ ഉയരവും ആഴവും വർദ്ധിക്കും.

**(2) എല്ലാ പ്രതീക്ഷകളും നഷ്ടപ്പെടുമ്പോൾ, യേശുവിന്റെയും, പിതാവിന്റെയും അളവില്ലാത്ത സ്നേഹം നമുക്കുവേണ്ടി കരുതുന്നു എന്നതിന് എന്ത് അതിശയകാര്യമാണ് ക്രിസ്തു നമുക്കുവേണ്ടി ചെയ്യുന്നത്?**

***"എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിന്നു ഞാൻ അതിനെ കൊടുക്കുന്നതുകൊണ്ടു പിതാവു എന്നെ സ്നേഹിക്കുന്നു" (യോഹന്നാൻ :10:17)***

ലംഘനത്തിന്റെയും പാപത്തിന്റെയും ഫലമായി എല്ലാ പ്രത്യാശയും ആദാമിൽ നിന്നും ഹവ്വയിൽ നിന്നും ഒഴിവാക്കപ്പെട്ടപ്പോൾ, ദൈവത്തിന്റെ നീതി പാപിയുടെ മരണം ആവശ്യപ്പെട്ടപ്പോൾ, ലോകത്തിന്റെ പാപത്തിനായുള്ള ഒരു യാഗമായി ക്രിസ്തു തന്നെത്തന്നെ നൽകി. ലോകം

ദൈവീക ശിക്ഷക്ക് പാത്രീഭൂതമായിരുന്നു. എന്നാൽ ക്രിസ്തു മനുഷ്യന് പകരക്കാരനും ജാമ്യക്കാരനുമായിത്തീർന്നു.

നമ്മുടെ വീണ്ടെടുപ്പിനെ സഹായിക്കാൻ ദൈവപുത്രനല്ലാതെ മറ്റാർക്കും കഴിയില്ല; പിതാവിന്റെ മടിയിൽ ഉണ്ടായിരുന്നവന് മാത്രമേ അവനെ വെളിപ്പെടുത്തുവാൻ കഴിയൂ. ദൈവസ്നേഹത്തിന്റെ ഉയരവും ആഴവും അറിയുന്നവന് മാത്രമേ അത് പ്രകടമാക്കുവാൻ കഴിയൂ. വീണുപോയ മനുഷ്യനുവേണ്ടി ക്രിസ്തു ചെയ്ത അനന്തമായ ത്യാഗത്തിൽ കുറഞ്ഞ ഒന്നിനും ദൈവത്തിന്റെ സ്നേഹം, നഷ്ടപ്പെട്ടുപോയ മനുഷ്യനോട് വെളിപ്പെടുത്തുവാൻ കഴിയില്ല.

“തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു.” മനുഷ്യരുടെ ഇടയിൽ ജീവിക്കാനും അവരുടെ പാപങ്ങൾ വഹിക്കുവാനും അവർക്കുവേണ്ടി യാഗമായി മരിക്കാനും മാത്രമല്ല അവനെ നൽകിയത്. വീണുപോയ വംശത്തിന് മുഴുവനായി അവൻ അവനെ നൽകി. മനുഷ്യരാശിയുടെ താല്പര്യങ്ങളും ആവശ്യങ്ങളും അനുസരിച്ച് ക്രിസ്തുവിനെ അവർ സ്വയം തിരിച്ചറിയുക എന്നതായിരുന്നു. ദൈവവുമായി ഒന്നായിരുന്നവൻ ഒരിക്കലും തകർക്കപ്പെടാത്ത ബന്ധങ്ങളാൽ മനുഷ്യപുത്രന്മാരുമായി സ്വയം ബന്ധപ്പെട്ടിരിക്കുന്നു. യേശു “അവരെ സഹോദരന്മാർ എന്നു വിളിക്കാൻ ലജ്ജിക്കുന്നില്ല” (എബ്രായർ 2:11); അവൻ നമ്മുടെ ത്യാഗം, നമ്മുടെ അഭിഭാഷകൻ, സഹോദരൻ, പിതാവിന്റെ സിംഹാസനത്തിനുമുമ്പിൽ നമ്മുടെ മാനുഷീക അവസ്ഥകൾ വഹിക്കുന്നവൻ, നിത്യമായ

യുഗങ്ങളിൽ താൻ വീണ്ടെടുത്ത വർഗ്ഗത്തോട് ഒന്നായിരിക്കുന്നവൻ, ഇവയെല്ലാം ആണ് മനുഷ്യപുത്രൻ. പാപത്തിന്റെ നാശത്തിൽ നിന്നും അധപതനങ്ങളിൽ നിന്നും മനുഷ്യൻ ഉയർത്തപ്പെടേണ്ടതിനും, ദൈവസ്നേഹത്തെ പ്രതിഫലിപ്പിക്കാനും വിശുദ്ധിയുടെ സന്തോഷം പങ്കുവയ്ക്കാനും വേണ്ടി ഇത് ചെയ്തിരിക്കുന്നു.

**(3) സർവ്വ ജ്ഞാനിയായ ശില്പി പ്രകൃതിയിലേക്ക് നൽകിയിട്ടുള്ള ദാനങ്ങളെയും, ഓരോന്നിനെയും പരിപാലിക്കുന്ന സൂഷ്മതയെയും മനസിലാക്കുവാൻ നാം ശ്രമിക്കുമ്പോൾ, ദാവീദിനെപ്പോലെ നമ്മുടെ പ്രതികരണവും എങ്ങനെയുള്ളതായിരിക്കും?**

***ഈ പരിജ്ഞാനം എനിക്കു അത്യത്ഭുതമാകുന്നു; അതു എനിക്കു ഗ്രഹിച്ചുകൂടാതവണ്ണം ഉന്നതമായിരിക്കുന്നു. (സങ്കീർത്തനങ്ങൾ: 139:6)***

വരാനിരിക്കുന്ന ലോകത്തിൽ ക്രിസ്തു വീണ്ടെടുക്കപ്പെട്ടവരെ ജീവനദിക്കരയിലേക്കു നയിക്കുകയും സത്യത്തിന്റെ അത്ഭുതകരമായ കാര്യങ്ങൾ അവരെ പഠിപ്പിക്കുകയും ചെയ്യും. പ്രകൃതിയുടെ രഹസ്യങ്ങൾ അവൻ അവർക്ക് വെളിപ്പെടുത്തും. ഒരു യജമാനൻ ലോകത്തെ സകലതും അതിന്റെ സ്ഥാനത്ത് നിർത്തുന്നതായി അവർ കാണും. വയലിലെ പുഷ്പങ്ങൾക്കും മനോഹരമായ വർണ്ണങ്ങൾ നൽകുന്ന വലിയ കലാകാരന്റെ വൈദഗ്ദ്ധ്യം അവർ കാണും, ഒപ്പം വെളിച്ചത്തിന്റെ എല്ലാ കിരണങ്ങളും വിതരണം ചെയ്യുന്ന കരുണയുള്ള പിതാവിന്റെ ഉദ്ദേശ്യങ്ങളെക്കുറിച്ച് മനസിലാക്കുകയും വിശുദ്ധ ദൂതന്മാരോടൊപ്പം

വീണ്ടെടുപ്പിന്റെ ഗാനം പാടി ദൈവത്തിന്റെ പരമമായ സ്നേഹത്തോടുള്ള നന്ദി, നന്ദിയില്ലാത്ത ഈ ലോകത്തിനു വെളിപ്പെടുത്തുകയും ചെയ്യും. അപ്പോൾ, "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു അവനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ എത്രയധിക സ്നേഹിച്ചു," എന്ന് മനസിലാക്കുവാൻ കഴിയും.

**(4) അവൻ നമുക്ക് നൽകുന്ന മഹാദാനമായ രക്ഷ സ്വീകരിക്കുവാൻ ഭൂമിയിലുള്ള ഓരോ ദൈവമക്കളുടെയും ഹൃദയങ്ങളെ ഒരുക്കുവാൻ ക്രിസ്തു എന്താണ് ചെയ്യുന്നത്?**

***ഞാനോ ഭൂമിയിൽ നിന്നു ഉയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്കു ആകർഷിക്കും എന്നു ഉത്തരം പറഞ്ഞു. (യോഹന്നാൻ :12:32)***

ദൈവസ്നേഹം ലോകത്തിനു വെളിപ്പെടുത്തി എല്ലാ മനുഷ്യരുടെയും ഹൃദയങ്ങളെ തന്നിലേക്ക് അടുപ്പിക്കാനാണ് ക്രിസ്തു ലോകത്തിലേക്ക് വന്നത്. യേശു പറഞ്ഞു, "ഞാൻ ഭൂമിയിൽനിന്നു ഉയർത്തപ്പെട്ടാൽ എല്ലാവരെയും എന്റെ അടുക്കലേക്കു ആകർഷിക്കും" (യോഹന്നാൻ:12:32). രക്ഷയിലേക്കുള്ള ആദ്യപടി ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ആവിഷ്കാരത്തോടു സാധകമായി പ്രതികരിക്കുക എന്നതാണ്. {1SM 323}

**(5) അവന്റെ സമാധാനവും, ക്ഷമയും നമ്മിൽ പകർന്നുകൊണ്ട് നമ്മുടെ ജീവിതത്തെ നയിക്കുവാൻ അവനെ നമ്മൾ അനുവദിക്കുകയും അംഗീകരിക്കുകയും ചെയ്താൽ, ക്രിസ്തുവിലൂടെ എന്ത്**

**പാരിദോഷികമാണ് ദൈവം നൽകുന്നത്?**

***യിസ്രായേലിന്നു മാനസാന്തരവും പാപമോചനവും നല്കുവാൻ ദൈവം അവനെ പ്രഭുവായും രക്ഷിതാവായും തന്റെ വലങ്കയ്യാൽ ഉയർത്തിയിരിക്കുന്നു. (പ്രവർത്തികൾ :5:31)***

മനുഷ്യർ മാനസാന്തരപ്പെടുവാനും, പാപങ്ങൾ ക്ഷമിക്കപ്പെട്ടവരായി, ദൈവത്തിന്റെ കരുണ പ്രാപിപ്പാനും ആഹ്വാനം ചെയ്തുകൊണ്ട് ഒന്നിന് പുറകെ ഒന്നൊന്നായി ദൈവം തന്റെ സന്ദേശം അയക്കുന്നു. എവിടെ അനുതാപം ഇല്ലാതിരിക്കുന്നോ? എവിടെ അവന്റെ അഭ്യർത്ഥനകൾ ശ്രദ്ധിക്കാതിരിക്കുന്നോ? എവിടെ അവന്റെ കാരുണ്യപ്രവൃത്തികൾ അവഗണിക്കപ്പെടുന്നോ? എവിടെ അവന്റെ സ്നേഹം തീർത്തും നിരസിക്കപ്പെടുന്നോ? കഷ്ടം, അവിടെ മനുഷ്യൻ നിത്യജീവൻ നേടുന്ന മാധ്യമത്തിൽ നിന്ന് സ്വയം ഛേദിക്കപ്പെടുന്നു; എന്നാൽ അനുതപിക്കുന്നവന്നു മാത്രം ദൈവം മാപ്പുനൽകുന്നു.

തന്റെ സ്നേഹത്തിന്റെ പ്രകടനത്തിലൂടെ, അവന്റെ ആത്മാവിന്റെ പ്രാർത്ഥനയിലൂടെ, അവൻ മാനസാന്തരത്തിലേക്ക് മനുഷ്യരെ ആഹ്വാനം ചെയ്യുന്നു; മാനസാന്തരമെന്നത് (രക്ഷ) ദൈവത്തിന്റെ ദാനമാണ്. അവൻ ക്ഷമിക്കുന്നവൻ ആദ്യം അനുതപിക്കുന്നു. തന്റെ നിയമത്തിന്റെ ലംഘനത്തിനായി ദൈവത്തോടുള്ള ആത്മാർത്ഥമായ ഏറ്റുപറച്ചിലിലൂടെയും പാപികളുടെ വീണ്ടെടുപ്പുകാരനും അവർക്കുവേണ്ടി പക്ഷപാദം ചെയ്യുന്നവനുമായ ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയും ആണ് മനുഷ്യന് ഏറ്റവും സന്തോഷം ലഭിക്കുന്നത്.

പാപമോചനത്തിന്റെ സന്തോഷവും, ദൈവത്തിന്റെ സമാധാനവും മനുഷ്യർ മനസ്സിലാക്കുന്നതിനാണ് ക്രിസ്തു തന്റെ സ്നേഹത്തിന്റെ പ്രകടനത്തിലൂടെ അവരെ ആകർഷിക്കുന്നത്. അവന്റെ കൃപയോട് പ്രതികരിക്കുകയും, അവന്റെ കൃപയ്ക്കായി അവരുടെ ഹൃദയങ്ങൾ സമർപ്പിക്കുകയും ചെയ്താൽ, അവൻ അവരെ പടിപടിയായി, തന്നെക്കുറിച്ചുള്ള പൂർണ്ണമായ അറിവിലേക്ക് നയിക്കും, ഇതാണ് നിത്യജീവൻ.

**(6) ക്രിസ്തു നമുക്ക് നൽകുന്ന സ്നേഹപൂർണമായ ഏതു ആഹ്വാനത്തോടാണ്, യഥാർത്ഥ അനുതാപത്തിനു മുൻപായി നമ്മൾ ആദ്യം പ്രതികരിക്കേണ്ടത്?**

***അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. (മത്തായി:11:28)***

യഥാർത്ഥത്തിൽ മാനസാന്തരപ്പെടാൻ ആഗ്രഹിക്കുന്നതാരാണ്? അവൻ എന്താണ് ചെയ്യേണ്ടത്? - അവൻ കാലതാമസമില്ലാതെ യേശുവിന്റെ അടുക്കൽ വരണം. ക്രിസ്തുവിന്റെ വചനം സത്യമാണെന്ന് അവൻ വിശ്വസിക്കുകയും, വാഗ്ദത്തത്തിൽ വിശ്വസിക്കുകയും, അത് തനിക്കു ലഭിക്കാനായി ദൈവത്തോട് ചോദിക്കുകയും ചെയ്യണം.

ആത്മാർത്ഥമായ ആഗ്രഹം മനുഷ്യരെ പ്രാർത്ഥിക്കാൻ പ്രേരിപ്പിക്കുമ്പോൾ അവർ വെറുതെ പ്രാർത്ഥിക്കുകയില്ല. കർത്താവ് തന്റെ വചനം നിറവേറ്റുകയും ദൈവത്തോടുള്ള മാനസാന്തരത്തിലേക്കും നമ്മുടെ കർത്താവായ

യേശുക്രിസ്തുവിനോടുള്ള വിശ്വാസത്തിലേക്കും നയിക്കാൻ പരിശുദ്ധാത്മാവിനെ നൽകുകയും ചെയ്യും. അവൻ കാത്തിരുന്നു പ്രാർത്ഥിക്കുകയും തന്റെ പാപങ്ങൾ വിട്ടുകളയുകയും ചെയ്തുകൊണ്ടു ദൈവത്തിന്റെ കൽപ്പനകൾ അനുസരിക്കാനുള്ള പരിശ്രമത്തിന്റെ തീവ്രതയിലൂടെ തന്റെ ആത്മാർത്ഥത പ്രകടമാക്കും. ചോദ്യത്തിൽ- ക്രിസ്തുവിന്റെ പക്ഷത്താണെന്നു താൻ എന്ന് സ്വയം പ്രഖ്യാപിക്കും. ദൈവത്തിൽ നിന്നും തന്റെ ഹൃദയത്തെ വലിച്ചുകൊണ്ടു പോകാൻ ഇടയുള്ള എല്ലാ സ്വാഭാവങ്ങളെയും കൂട്ടുകെട്ടുകളെയും എന്നെന്നേക്കുമായി ഉപേക്ഷിക്കും.

**(7) വീഴ്ചയാൽ പാപത്തിന്റെ ശാപങ്ങളിൽ കുടുങ്ങിപ്പോയ മനുഷ്യനുവേണ്ടി ക്രിസ്തു പ്രദർശിപ്പിച്ച സ്നേഹത്തിന്റെ പലവിധ ദാനങ്ങളിൽ ഒന്ന് എന്താണ്?**

***ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കു വേണ്ടി തന്നെത്താൻ ദൈവത്തിന്നു സൌരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതു പോലെ സ്നേഹത്തിൽ നടപ്പിൻ (എഫെസ്യർ:5:2)***

മനുഷ്യന്റെ വീഴ്ച സ്വർഗ്ഗത്തിലെങ്ങും ദുഃഖം നിറച്ചു. ദൈവം സൃഷ്ടിച്ച ലോകം പാപത്തിന്റെ ശാപത്താൽ മൂർച്ഛിക്കുകയും അതിൽ നിവസിക്കുന്ന മനുഷ്യർ ദുരിതത്തിലേക്കും മരണത്തിലേക്കും നയിക്കപ്പെടുകയും ചെയ്തു. ദൈവത്തിന്റെ നിയമം ലംഘിച്ചവർക്ക് അതിന്റെ പരിണിത ഫലത്തിൽ നിന്നും രക്ഷപെടാൻ കഴികയില്ലെന്നു ബോധ്യമായി. ദൂതന്മാർ അവരുടെ സ്തുതിഗീതങ്ങൾ നിർത്തി. സ്വർഗ്ഗീയ പ്രാകാരങ്ങളിലുടനീളം പാപത്താൽ വന്ന നാശത്തിന്റെ വിലാപം നിറഞ്ഞുനിന്നു.

സ്വർഗത്തിലെ അതിശ്രേഷ്ഠ സൈന്യാധിപനായ ദൈവപുത്രനു, പാപത്തൽ വീണുപോയ മനുഷ്യ വംശത്തോട് സഹതാപം തോന്നി. നാശത്തിലാക്കപ്പെട്ട ലോകത്തിന്റെ ദുരിതങ്ങൾ അവന്റെ മുമ്പാകെ ഉയർന്നുവന്നപ്പോൾ അവന്റെ ഹൃദയം അനന്തമായ അനുകമ്പയാൽ ആർദ്രമായി. എന്നാൽ ദൈവസ്നേഹം മനുഷ്യനെ വീണ്ടെടുക്കാനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിരുന്നു. ലംഘിക്കപ്പെട്ട ദൈവത്തിന്റെ നിയമം ആവശ്യപ്പെട്ടത് പാപിയുടെ ജീവൻ ആയിരുന്നു. എല്ലാ പ്രപഞ്ചത്തിലും മനുഷ്യനുവേണ്ടി അതിന്റെ അവകാശവാദങ്ങൾ നിറവേറ്റാൻ കഴിയുന്ന ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ദൈവികനിയമം ദൈവത്തെപ്പോലെ തന്നെ വിശ്വാസയോഗ്യമാണെന്നതിനാൽ, അതിക്രമത്തിന് പ്രായശ്ചിത്തം ചെയ്യാൻ ദൈവത്തിന് തുല്യനായ ഒരാൾക്ക് മാത്രമേ കഴിയൂ. വീണുപോയ മനുഷ്യനെ ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്ന് വീണ്ടെടുക്കാനും അവനെ വീണ്ടും സ്വർഗ്ഗവുമായി പൊരുത്തപ്പെടുത്താനും ക്രിസ്തുവിനല്ലാതെ മറ്റാർക്കും കഴിയില്ല. പാപത്തിന്റെ കുറ്റബോധവും ലജ്ജയും ക്രിസ്തു സ്വയം ഏറ്റെടുത്തു - പവിത്രമായ ദൈവത്തിന്റെ മുൻപാകെ പാപം ഏറ്റവും നിന്ദ്യമായതും, പിതാവിനെയും പുത്രനെയും തമ്മിൽ വേർതിരിക്കത്തക്കതും ആയിരുന്നു. താഴ്ചയുടെ ഏതു ആഴങ്ങളിലേക്കും എത്തി പാപത്താൽ നശിച്ച മനുഷ്യ വംശത്തെ ക്രിസ്തു രക്ഷിക്കുന്നു.

**(8) അവന്റെ അരികിലേക്ക് വരുന്ന അയോഗ്യരായ, പശ്ചാത്തപിക്കുന്ന പാപികൾ എല്ലാവരോടും യേശു ചെയ്തിരിക്കുന്ന വാഗ്ദത്തം എന്താണ്?**

*പിതാവു എനിക്കു തരുന്നതു ഒക്കെയും എന്റെ അടുക്കൽ വരും; എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ല. (യോഹന്നാൻ:6:37)*

എന്നാൽ തങ്ങൾക്ക് വിശ്വാസമില്ലെന്ന് പലരും കരുതുന്നു, അതിനാൽ അവർ ക്രിസ്തുവിൽ നിന്ന് അകന്നു നിൽക്കുന്നു. ഈ ആത്മാക്കൾ അവരുടെ നിസ്സഹായമായ അയോഗ്യതയിൽ, അനുകമ്പയുള്ള രക്ഷകന്റെ കാരുണ്യത്തിനായി തങ്ങളെ തന്നെ സമർപ്പിക്കട്ടെ. സ്വയത്തിലേക്കല്ല, ക്രിസ്തുവിലേക്കു മാത്രം നോക്കുക. മനുഷ്യരോട് കൂടെ വസിക്കുമ്പോൾ രോഗികളെ സുഖപ്പെടുത്തുകയും, ഭൂതങ്ങളെ പുറത്താക്കുകയും ചെയ്തവൻ അതെ ശക്തിയോടെ ഇപ്പോഴും നമ്മുടെ വീണ്ടെടുപ്പുകാരനായി നിലകൊള്ളുന്നു. അവന്റെ വാഗ്ദത്തങ്ങളെ ജീവവൃക്ഷത്തിൽ നിന്നുള്ള ഇലകളായി ഗ്രഹിക്കുക: "എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ല." (യോഹന്നാൻ:6:37. നിങ്ങൾ അവന്റെ അടുക്കൽ വരുമ്പോൾ, അവൻ വാഗ്ദാനം ചെയ്തതിനാൽ അവൻ നിങ്ങളെ സ്വീകരിക്കുന്നുവെന്ന് വിശ്വസിക്കുക.ഇങ്ങനെ ചെയ്യുന്നതിലൂടെ നിങ്ങൾ ഒരിക്കലും നശിച്ചു പോകയില്ല.

അനുതാപ ഹൃദയത്തോടെ പാപിയായ ഒരുവൻ ക്രിസ്തുവിന്റെ അടുത്തേക്ക് വരുമ്പോൾ, യോഗ്യത ഒന്നുമില്ലെന്നുള്ള അവന്റെ കുറ്റബോധവും മനസിലാക്കി, താൻ ശിക്ഷയ്ക്ക് അർഹനാണെന്ന് തിരിച്ചറിഞ്ഞെങ്കിലും ക്രിസ്തുവിന്റെ കരുണയിലും സ്നേഹത്തിലും ആശ്രയിക്കുമ്പോൾ അവൻ പിന്തിരിയുകയില്ല. മാപ്പുനൽകുന്ന ദൈവസ്നേഹം

ഏറ്റവും ഉചിതമാണ്, അവന്റെ രക്ഷകന്റെ ആഴമായ അനുകമ്പയും സ്നേഹവും നിമിത്തം സന്തോഷകരമായ കൃതജ്ഞത അവന്റെ ഹൃദയത്തിൽ പടരുന്നു. ലോകസ്ഥാപനത്തിനുമുമ്പ് സ്വർഗ്ഗത്തിലെ സഭയിൽ അവനുവേണ്ടി ഈ വ്യവസ്ഥ ഏർപ്പെടുത്തിയിരുന്നു, മനുഷ്യന്റെ ലംഘനത്തിന്റെ ശിക്ഷ ക്രിസ്തു സ്വയം ഏറ്റെടുക്കുകയും അവന്റെ നീതി അവനു വിധിക്കുകയും ചെയ്തതിലൂടെ അവനെ ആശ്ചര്യപ്പെടുത്തുകയും ചെയ്യുന്നു.

**(9) ഏതുവിധത്തിലുള്ള ആർദ്രമായ കരുണയുടെ പ്രകടനത്തിലൂടെയാണ് ക്രിസ്തു തന്റെ അവർണ്ണനീയവും, പകരം വയ്ക്കുവാൻ കഴിയാത്തതുമായ സ്നേഹം നമുക്ക് ഓരോരുത്തർക്കും വേണ്ടി വെളിപ്പെടുത്തിയത്?**

***അവൻ നമുക്കു വേണ്ടി തന്റെ പ്രാണനെ വെച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്തു എന്നു അറിഞ്ഞിരിക്കുന്നു; നാമും സഹോദരന്മാർക്കു വേണ്ടി പ്രാണനെ വെച്ചുകൊടുക്കേണ്ടതാകുന്നു.***
***(1 യോഹന്നാൻ:3:16)***

കാൽവരിയിലെ കുരിശിലേക്ക് മനസ്സ് ആകർഷിക്കപ്പെടുമ്പോൾ, അപൂർണ്ണമായ കാഴ്ചയിലൂടെ ക്രിസ്തുവിനെ ലജ്ജാകരമായ കുരിശിൽ തിരിച്ചറിയുന്നു. എന്തുകൊണ്ടാണ് അവൻ മരിച്ചത്? പാപത്തിന്റെ അനന്തരഫലമായി. എന്താണ് പാപം? നിയമത്തിന്റെ ലംഘനം. നിയമം ലംഘിക്കപ്പെടുമ്പോൾ പാപത്തിന്റെ സ്വഭാവം കാണുവാനുള്ള കണ്ണുകൾ തുറക്കപ്പെടുന്നു. നിയമം ലംഘിച്ച അതിക്രമക്കാരോട് ക്ഷമിക്കാൻ കഴിയില്ല. ഇത് നമ്മുടെ ശിക്ഷകനായി നിന്നുകൊണ്ട് പാപത്തിനുള്ള ശിക്ഷ വിധിക്കുന്നു. എന്നാൽ ഇതിനൊരു

പരിഹാരമുണ്ടോ? കുരിശിൽ തൂക്കിലേറ്റപ്പെട്ട ക്രിസ്തുവിലേക്കു ന്യായപ്രമാണം നമ്മെ നയിക്കുന്നു. പാപത്തിൽ വീണുപോയ മനുഷ്യന് നീതിനൽകുവാൻ അവനു കഴിയും. വീണുപോയ, പാപിയായ മനുഷ്യന് തന്റെ നീതി പകർന്നുനൽകി പിതാവിന്റെ മുൻപാകെ അവൻ കൊണ്ടുവരുന്നു.

രാവും പകലും ക്രിസ്തുവിന്റെ സ്വഭാവം പഠിക്കുക. അവിടുത്തെ ആർദ്രമായ അനുകമ്പ, എല്ലാ ലജ്ജയും ചുമക്കുന്ന നിലയിൽ നമ്മുടെ ആത്മാവിനോടുള്ള സമാനതകളില്ലാത്ത സ്നേഹം, എന്നിവയാണ് ശകാരങ്ങൾ, അധിക്ഷേപം, ഭൂമിയുടെ തെറ്റായ ആശങ്കകൾ എന്നിവയെല്ലാം സഹിക്കാൻ അവനെ പ്രേരിപ്പിച്ചത്. അവനോട് അടുത്തുവരിക, നമ്മുടെ ലംഘനങ്ങൾക്കായി മുറിവേറ്റ അവന്റെ കൈകളും കാലുകളും നോക്കൂ. "നമ്മുടെ സമാധാനത്തിന്റെ ശിക്ഷ അവൻ ഏറ്റെടുത്തു. അവന്റെ അടിപ്പിണറുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു."

സമയം നഷ്ടപ്പെടുത്തരുത്, മറ്റൊരു ദിവസം നിത്യതയിലേക്ക് കടക്കാം എന്ന് ചിന്തിക്കരുത്, നിങ്ങൾ ആയിരിക്കുന്ന അതേ അവസ്ഥയിൽ തന്നെ, നിങ്ങളുടെ ബലഹീനതയും, അയോഗ്യതയും, അവഗണനയും, എന്തുതന്നെ ആയിരുന്നാലും, അതെല്ലാം മറന്നു ഇപ്പോൾ തന്നെ വരുവാൻ താമസിക്കരുത്...... വാടിപ്പോകാത്ത തേജസിന്റെ കിരീടം നല്കുവാനായുള്ള യേശുവിന്റെ വിളി അനുസരിക്കുവാൻ താമസിക്കരുത്. ജീവനും നിത്യജീവനും ഉരുവാക്കുന്ന ദൈവീക ജീവൻ പോലും, ദൈവവുമായുള്ള നിതാന്ത ബന്ധത്തിൽ അവനെ സേവിക്കുന്ന അവസ്ഥയിലേക്ക് നിങ്ങളെ നയിക്കുവാൻ അപര്യാപ്തമാണ്.

**(10) ഏറ്റവും കഠിനമായതും കഷ്ടത നിറഞ്ഞതുമായ പാപത്തിന്റെ ശാപം ആർക്കുവേണ്ടിയാണ് യേശു ഏറ്റെടുത്തത്?**

***അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു; നമ്മുടേതിന്നു മാത്രം അല്ല, സർവ്വലോകത്തിന്റെ പാപത്തിന്നും തന്നേ. (1 യോഹന്നാൻ:2:2)***

പാപം വഹിക്കുവാൻ മനുഷ്യനെ ചുമതലപ്പെടുത്തിയിട്ടില്ല, രക്ഷകൻ വഹിച്ച പാപത്തിന്റെയും ശാപത്തിന്റെയും ഭീകരത അവൻ ഒരിക്കലും അറിയുകയില്ല. ദൈവക്രോധം ഭയങ്കരമാം വിധത്തിൽ ശക്തിയോടെ വീണുപോയവന്റെ ക്ലേശവുമായി ഒരു ക്ലേശവും താരതമ്യം ചെയ്യുവാൻ കഴിയില്ല. പരിമിതമായ മനുഷ്യ പ്രകൃതത്തിന് പരിമിതമായ അളവിലുള്ള ക്ളേശങ്ങളേ സഹിക്കാൻ കഴിയുകയുള്ളു. അവിടെ മനുഷ്യ പ്രകൃതം കീഴടങ്ങുന്നു; എന്നാൽ ക്രിസ്തുവിന്റെ അവസ്ഥക്ക് കൂടുതൽ കഷ്ടതകൾ വഹിക്കുവാനുള്ള ശേഷിയുണ്ടായിരുന്നു; കാരണം, അവൻ ദൈവിക സ്വഭാവത്തിൽ നിലനിന്നിരുന്ന മനുഷ്യൻ ആയിരുന്നു, നഷ്ടപ്പെട്ട ലോകത്തിന്റെ പാപങ്ങളുടെ ഫലമായുണ്ടായ കഷ്ടതകളെയും ക്ലേശങ്ങളെയും സഹിക്കാനുള്ള കഴിവ് അവനിലുണ്ടായിരുന്നു.

ക്രിസ്തു അനുഭവിച്ച യാതനകൾ, പാപത്തിന്റെ സ്വഭാവത്തെക്കുറിച്ചും, പാപത്തിൽ തുടരുന്നവർക്ക് ദൈവം നൽകുന്ന ശിക്ഷയുടെ സ്വഭാവത്തെക്കുറിച്ചും വിശാലമായ, ആഴമേറിയ, കൂടുതൽ വിപുലമായ ഒരു ധാരണ നൽകുന്നു. പാപത്തിന്റെ ശമ്പളം മരണമാണ്, എന്നാൽ മാനസാന്തരപ്പെടുന്ന, വിശ്വസിക്കുന്ന പാപിക്ക് യേശുക്രിസ്തു മുഖാന്തരം

ദൈവത്തിന്റെ ദാനമായ നിത്യജീവൻ ലഭിക്കുന്നു.

നമ്മുടെ കർത്താവ് പറയുന്നു, പാപത്തിന്റെ ശിക്ഷാവിധിയിൻ കീഴിൽ അകപെടുമ്പോൾ, ഞാൻ നിങ്ങൾക്കായി മരിച്ചുവെന്ന് ഓർക്കുക. എന്റെ നിമിത്തവും സുവിശേഷത്തിനു വേണ്ടിയും പ്രതികൂലങ്ങൾ സഹിക്കുകയും പീഡിപ്പിക്കുകയും ചെയ്യുമ്പോൾ, എന്റെ സ്നേഹം ഓർക്കുക, നിങ്ങൾക്കായി ഞാൻ എന്റെ ജീവൻ നൽകി. നിങ്ങളുടെ കടമകൾ മാറ്റമില്ലാത്തതായി കാണപ്പെടുമ്പോൾ, നിങ്ങളുടെ ഭാരം ചുമക്കാനാവാത്തവിധം ഭാരമുള്ളതായി തോന്നുമ്പോൾ, ഓർക്കുക; ഞാൻ നിങ്ങൾക്കായി ക്രൂശ് സഹിച്ചു, ലജ്ജിതനായി, പുച്ഛരിക്കപ്പെട്ടു. അഗ്നിസമാനമായ പരീക്ഷകളാൽ നിങ്ങളുടെ ഹൃദയം ക്ഷീണിക്കുമ്പോൾ ഓർക്കുക; നിങ്ങൾക്കായി മദ്ധ്യസ്ഥത ചെയ്യുന്ന നിങ്ങളുടെ രക്ഷകൻ ജീവിക്കുന്നുവെന്നു.

**(11) നാം ഏതു അവസ്ഥയിൽ ആയിരിക്കുമ്പോഴാണ് യോഗ്യത ഒന്നും ഇല്ലാത്ത നമുക്കുവേണ്ടി കർത്താവ് മനസ്സോടെ അവിടുത്തെ കൃപാദാനം വെളിപ്പെടുത്തിയത്?**

***ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. (റോമർ:5:8)***

നാം ആദ്യം അവനെ സ്നേഹിച്ചതുകൊണ്ടല്ല ക്രിസ്തു നമ്മെ സ്നേഹിച്ചത്; എന്നാൽ “നാം പാപികളായിരിക്കുമ്പോൾ” അവൻ നമുക്കുവേണ്ടി മരിച്ചു. നമ്മുടെ പാപങ്ങൾക്ക് അനുസരിച്ച് അവൻ നമ്മോട് പെരുമാറുന്നില്ല. നമ്മുടെ

പാപങ്ങൾ അപലപനീയമാണെങ്കിലും അവൻ നമ്മെ കുറ്റം വിധിക്കുന്നില്ല. ഓരോ വർഷം കഴിയുന്തോറുമുള്ള നമ്മുടെ ബലഹീനതയും, അജ്ഞതയും, നന്ദികേടും അച്ചടക്കമില്ലായ്മയും ഹൃദയത്തിന്റെ കാഠിന്യവും, വിശുദ്ധ വചനത്തോടുള്ള നമ്മുടെ അവഗണനയും അവൻ വഹിക്കുന്നു. എന്നിവയൊക്കെയാണെങ്കിലും, അവന്റെ കൈ നമുക്കായി ഇപ്പോഴും നീട്ടപ്പെട്ടിരിക്കുന്നു.

അർഹതയില്ലാത്ത മനുഷ്യരോട് ഉള്ള ദൈവത്തിന്റെ ഒരു ഗുണമാണ് കൃപ. ഞങ്ങൾ അത് അന്വേഷിച്ചില്ല, പക്ഷേ അത് ഞങ്ങളെ തേടി അയക്കപ്പെട്ടു. ദൈവം തന്റെ കൃപ ഞങ്ങൾക്ക് നൽകുന്നതിൽ സന്തോഷിക്കുന്നു, അത് നമ്മൾ അതിനായി യോഗ്യർ ആയതിനാൽ അല്ല, മറിച്ച് അതിനായി ഞങ്ങൾ തികച്ചും അയോഗ്യരാണ്. അവിടുത്തെ കരുണ നമുക്ക് ആവശ്യമാണെന്ന അവസ്ഥയാണ് ഏറ്റവും വലിയത്.

**(12) ക്രൂശിലെ അത്ഭുതകരമായ ദാനത്തിന്റെ സുവിശേഷം പ്രസംഗിക്കുമ്പോൾ ആരുടെ ശ്രദ്ധ കൂടി അതിലേക്കു ആകർഷിക്കപ്പെടുന്നു?**

***...സ്വർഗ്ഗത്തിൽ നിന്നു അയച്ച പരിശുദ്ധാത്മാവിനാൽ നിങ്ങളോടു സുവിശേഷം അറിയിച്ചവർ അതു ഇപ്പോൾ നിങ്ങളെ ഗ്രഹിപ്പിച്ചിരിക്കുന്നു. അതിലേക്കു ദൈവദൂതന്മാരും കുനിഞ്ഞുനോക്കുവാൻ ആഗ്രഹിക്കുന്നു. (1 പത്രോസ് 1:12)***

കരുണാമയനായ ദൈവവും-മനുഷ്യനുമായ വീണ്ടെടുപ്പുകാരൻ പാപത്തിന്റെ അടിമത്വത്തിൽ നിന്ന് മനുഷ്യനെ വീണ്ടെടുക്കുക എന്നതായിരുന്നു വീണ്ടെടുപ്പിന്റെ പദ്ധതി. മനുഷ്യനോ ദൂതന്മാർക്കോ

ഇത് മനസിലാക്കുവാൻ കഴയില്ല. ഇത് വളരെ ഉന്നതവും, ഉദാത്തവും, ഏറ്റവും ശ്രേഷ്ഠവുമായതും, ആർക്കും ഒരിക്കലും പൂർണ്ണമായി മനസിലാക്കുവാൻ കഴിയാത്തതുമായ ഒരു മർമ്മമാണ്.

വീണുപോയ മനുഷ്യനുവേണ്ടിയുള്ള ക്രിസ്തുവിന്റെ ത്യാഗത്തിന് സമാന്തരമില്ല. നമുക്ക് ധ്യാനിക്കാൻ കഴിയുന്ന ഏറ്റവും ഉന്നതവും പവിത്രവുമായ പ്രമേയമാണിത്. ദൈവകൃപയാൽ വെളിച്ചം പകരപ്പെട്ട ഓരോ ഹൃദയവും, പറഞ്ഞറിയിക്കുവാൻ കഴിയാത്ത നന്ദിയാൽ ഭയഭക്തിയോടെ രക്ഷിതാവിന്റെ രക്ഷണ്യ പ്രവർത്തിയുടെ മുൻപാകെ സമർപ്പിക്കുവാൻ ബാധ്യസ്ഥരാണ്.

*ദൈവസ്നേഹത്തിന്റെ ഉയരവും ആഴവും എന്തെന്ന് അറിയുന്ന ഒരേ ഒരുവനായ ക്രിസ്തു തന്റെ സ്നേഹം നമ്മോട് വെളിപ്പെടുത്തുന്നതിലൂടെ നമ്മിൽ ഒരാളായിത്തീർന്നതിൽ ഞാൻ നന്ദിയുള്ളവനാണ്.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

*ദൈവപുത്രനായ ക്രിസ്തുവിനു എന്നോടു സ്നേഹവും സഹതാപവും തോന്നുകയും, ഞാൻ ലംഘിച്ച നിയമത്തിന്റെ വില നൽകുകയും എന്റെ കുറ്റബോധവും ലജ്ജയും അവൻ ഏറ്റെടുക്കുകയും, എന്റെ ദുരിതത്തിന്റെ ആഴങ്ങളിൽ നിന്ന് എന്നെ വീണ്ടെടുക്കുകയും ചെയ്തതിൽ ഞാൻ നന്ദിയുള്ളവനാണ്.*

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ	തീരുമാനിച്ചില്ല

ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ഉറവയുടെ ആഴത്തിലേക്ക് ഞാൻ നോക്കുമ്പോൾ, അത് ആഴമേറിയതും വിശാലവുമാണെന്ന് മനസിലാക്കുവാൻ കഴിയുന്നു. അവിടുത്തെ സ്നേഹത്തിന്റെ വലിപ്പം അതിരുകളില്ലാത്ത, മറുകരയില്ലാത്ത ഒരു കടലുപോലെ ആരാഞ്ഞറിയുവാൻ കഴിയാത്തതാണെന്നു ഞാൻ മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു. ദാവീദ് രാജാവിനെപ്പോലെ ഞാനും പറയും, "ഈ പരിജ്ഞാനം എനിക്കു അത്യത്ഭുതമാകുന്നു; അതു എനിക്കു ഗ്രഹിച്ചുകൂടാതവണ്ണം ഉന്നതമായിരിക്കുന്നു."

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ	തീരുമാനിച്ചില്ല

ക്രൂശിൽ എനിക്കുവേണ്ടി പ്രകടമാക്കിയ ക്രിസ്തുവിന്റെ സ്നേഹം സ്വീകരിക്കാൻ എന്നെ പ്രാപ്തനാക്കുന്ന അത്ഭുതകരമായ മാനസാന്തരമെന്ന ദാനത്തിന് ഞാൻ വളരെ നന്ദിയുള്ളവനാണ്.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ	തീരുമാനിച്ചില്ല

ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയും അവിടുന്ന് നൽകുന്ന ദാനത്തിലൂടെയും ഞാൻ അവന്റെ ദാനം സ്വീകരിക്കാൻ തീരുമാനിക്കുകയും അവനാൽ എന്റെ ജീവിതം നയിക്കപ്പെടുവാനായി എന്റെ

മുഴുവൻ ഇച്ഛയും സമർപ്പിക്കുകയും ചെയ്യുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല



# അദ്ധ്യായം 11
# ക്രിസ്തുവിന്റെ സമാധാനത്തിനായുള്ള വാഗ്ദത്തം

**(1) നമ്മളോടുള്ള അവന്റെ വലിയ സ്നേഹം നിമിത്തം, തന്നെ അനുഗമിക്കുന്നവർക്കു യുഗയുഗാന്തരം നിലനിൽക്കുന്ന പ്രത്യാശയുടെ എന്ത് മഹത് വാഗ്ദത്തമാണ് നൽകിയിട്ടുള്ളത്?**

***ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും (യോഹന്നാൻ:14:3)***

ക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള വാഗ്ദത്തം അവന്റെ ശിഷ്യന്മാരുടെ മനസ്സിൽ എപ്പോഴും പുതുമയുള്ളതായി നിലനിൽക്കുന്നു. സ്വർഗാരോഹണം ചെയ്യുന്നതായി അവർ കണ്ട അതേ യേശു വീണ്ടും വരും, ഇവിടെ താഴെയുള്ളവർ തന്റെ സേവനത്തിനായി സ്വയം സമർപ്പിക്കുന്നു. “ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു” എന്ന് അവരോട് പറഞ്ഞ അതേ ശബ്ദം

സ്വർഗ്ഗരാജ്യത്തിലെ അവന്റെ സാന്നിധ്യത്തിലേക്ക് അവരെ സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

അവനെ സ്നേഹിക്കുകയും അവനുവേണ്ടി കാത്തിരിക്കുകയും ചെയ്തവരെ മഹത്ത്വത്തോടും ബഹുമാനത്തോടും നിത്യജീവനോടും കൂടി കിരീടധാരണം ചെയ്യും. നീതിമാന്മാരായി ജീവിച്ചു മരിച്ചവർ അവരുടെ ശവക്കുഴികളിൽനിന്നു ഉയർത്തെഴുന്നേൽക്കുകയും, ജീവനോടെ ഭൂമിയിൽ ശേഷിക്കുന്ന വിശുദ്ധന്മാർ കർത്താവിനെ ആകാശ മേഘങ്ങളിൽ എതിരേൽക്കാൻ അവരോടൊപ്പം എടുക്കപ്പെടും. മർത്യ ചെവിയിൽ പതിച്ച ഏതൊരു സംഗീതത്തേക്കാളും മാധുര്യമുള്ളവയായി യേശുവിന്റെ ശബ്ദം അവർ കേൾക്കും, അത് അവരോടു പറയുന്നു, “നിങ്ങളുടെ പോരാട്ടം പൂർത്തിയായി.” "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനംമുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ.” (മത്തായി:25:34).

**(2) കർത്താവ് വരുവോളം നമ്മളോട് കൂടെ ഇരിക്കേണ്ടതിനു, ക്രിസ്തു അയക്കുമെന്ന് വാഗ്ദത്തം ചെയ്തിരിക്കുന്ന കാര്യസ്ഥൻ ആരാണ്?**

***എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവു എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിന്നു നിങ്ങൾക്കു തരും. (യോഹന്നാൻ :14:16)***

ക്രിസ്തു തന്റെ നാമത്തിൽ അയക്കുമെന്ന് വാഗ്ദാനം ചെയ്ത ആശ്വാസകൻ നമ്മോടുകൂടെ വസിക്കുന്നു. ദൈവത്തിന്റെ നഗരത്തിലേക്ക് നമ്മെ നയിക്കുന്ന

വഴിയിൽ അവനിൽ ആശ്രയിക്കുന്നവർക്ക് ജയിക്കാനാവാത്ത ബുദ്ധിമുട്ടുകൾ ഒന്നുമില്ല. അവർ അതിജീവിക്കാത്ത അപകടങ്ങളൊന്നുമില്ല. അവൻ പ്രതിവിധി നല്കിയിട്ടില്ലാത്ത ഒരു ദുഖമോ, സങ്കടമോ, മനുഷ്യ ബലഹീനതയോ ഇല്ല.

അധൈര്യവും നിരാശയും കാരണം ആരും തങ്ങളുടെ പ്രയത്നം സ്വയം ഉപേക്ഷിക്കേണ്ടതില്ല. "നിങ്ങളുടേത് ഒരു പ്രതീക്ഷയില്ലാത്ത വിഷയമാണ് നിങ്ങൾ പരിഹരിക്കാനാവാത്തവരാണ്" എന്ന ക്രൂരമായ നിർദ്ദേശവുമായി സാത്താൻ നിങ്ങളുടെ അടുത്തെത്തിയേക്കാം, എന്നാൽ ക്രിസ്തുവിൽ നിങ്ങൾക്കായി പ്രത്യാശയുണ്ട്. നമ്മുടെ സ്വന്തം ശക്തിയിൽ ജയിക്കാൻ ദൈവം നമ്മോട് ആവശ്യപ്പെടുന്നില്ല. അവിടുത്തെ അരികിലേക്ക് വരാൻ അവൻ നമ്മോട് ആവശ്യപ്പെടുന്നു. ആത്മാവിനെയും ശരീരത്തെയും അമർച്ച ചെയ്യുന്ന ഭാരങ്ങൾ ആണെങ്കിലും, എത്ര വലിയ പ്രയാസങ്ങളാൽ നാം ഭാരപ്പെടുന്നുണ്ടെങ്കിലും, നമ്മെ സ്വതന്ത്രരാക്കാൻ അവിടുന്ന് കാത്തിരിക്കുന്നു.

**(3) കാര്യസ്ഥനെ (പരിശുദ്ധാത്മാവിനെ) പൂർണ്ണതയിൽ നല്കപ്പെടുന്നതാർക്കാണ്?**

***ഈ വസ്തുതെക്കു ഞങ്ങളും ദൈവം തന്നെ അനുസരിക്കുന്നവർക്കു നല്കിയ പരിശുദ്ധാത്മാവും സാക്ഷികൾ ആകുന്നു എന്നു ഉത്തരം പറഞ്ഞു. (പ്രവർത്തികൾ: 5:32)***

ക്രിസ്തു തന്റെ സഭയ്ക്ക് പരിശുദ്ധാത്മാവിന്റെ ദാനം വാഗ്ദാനം ചെയ്തിട്ടുണ്ട്, ഈ വാഗ്ദാനം ആദ്യ ശിഷ്യന്മാരെപ്പോലെ തന്നെ നമ്മുടേത് കൂടിയാണ്. എന്നാൽ മറ്റെല്ലാ വാഗ്ദാനങ്ങളെയും പോലെ,

ഇത് വ്യവസ്ഥകളിന്മേലാണ് നൽകിയിരിക്കുന്നത്. കർത്താവിന്റെ വാഗ്ദാനം അവകാശപ്പെടുന്നതായി വിശ്വസിക്കുകയും അവകാശപ്പെടുകയും ചെയ്യുന്ന ധാരാളം പേരുണ്ട്; അവർ ക്രിസ്തുവിനെക്കുറിച്ചും പരിശുദ്ധാത്മാവിനെക്കുറിച്ചും സംസാരിക്കുന്നു, പക്ഷേ ഒരു പ്രയോജനവും ലഭിക്കുന്നില്ല. ദൈവത്താൽ നയിക്കാനും നിയന്ത്രിക്കപ്പെടാനും വേണ്ടി തങ്ങളുടെ ആത്മാവിനെ അവർ സമർപ്പിക്കുന്നില്ല. നമുക്ക് പരിശുദ്ധാത്മാവിനെ നമ്മുടെ ഇഷ്ടത്തിന് ഉപയോഗിക്കാൻ കഴിയില്ല മറിച്ച്, പരിശുദ്ധാത്മാവ് നമ്മെ ഉപയോഗിക്കുന്നതാണ്. ആത്മാവിലൂടെ ദൈവം തന്റെ ജനത്തിൽ "ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നതു" (ഫിലി: 2:13. എന്നാൽ പലരും ഇതിന് വഴങ്ങില്ല. അവർ സ്വയം നിയന്ത്രിക്കാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് അവർക്ക് സ്വർഗ്ഗീയ ദാനം ലഭിക്കാത്തത്. ദൈവത്തിന്റെ മാർഗനിർദേശവും കൃപയും കാത്തുസൂക്ഷിക്കുന്നവർക്കും ദൈവത്തെ താഴ്മയോടെ കാത്തിരിക്കുന്നവർക്കും മാത്രമേ ആത്മാവു ലഭിക്കുകയുള്ളൂ. ദൈവത്തിന്റെ ആത്മാവിനായി അവർ ആഗ്രഹിക്കുകയു, ആവശ്യപ്പെടുകയും ചെയ്യുന്നത് കാത്തിരിക്കുന്നു. വിശ്വാസത്താൽ അവകാശമാക്കുന്ന, വാഗ്ദത്തം ചെയ്ത ഈ അനുഗ്രഹത്തോട് കൂടെ മറ്റെല്ലാ അനുഗ്രഹങ്ങളും നമ്മിലേക്ക് എത്തുന്നു. ക്രിസ്തുവിന്റെ കൃപയുടെ സമ്പത്തിനനുസരിച്ചാണ് ഇത് നൽകുന്നത്, സ്വീകരിക്കാനുള്ള ഓരോ ആത്മാവിന്റെയും ശേഷി അനുസരിച്ച് നൽകാൻ അവൻ തയ്യാറാണ്.

സ്വയം എന്ന ഭാവത്തെ മാറ്റി നിർത്തി, പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് ഹൃദയത്തിൽ ഇടം നൽകുകയും പൂർണ്ണമായും ദൈവത്തിൽ സമർപ്പിത ജീവിതം നയിക്കുകയും ചെയ്യുന്നവൻ പരിധിയില്ലാത്തപോലെ ദൈവത്തിനു ഉപയോഗപ്രദനാണ്.

**(4) നമ്മുടെ ജീവിതത്തിൽ നിരന്തരം വസിക്കുവാൻ ക്രിസ്തുവിനെ ക്ഷണിക്കുമ്പോൾ എന്ത് വിലയേറിയ ദാനമാണ് ക്രിസ്തു നമുക്കു നൽകാമെന്ന് വാഗ്ദത്തം ചെയ്തിരിക്കുന്നത്?**

***സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചുപോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നതു. നിങ്ങളുടെ ഹൃദയം കലങ്ങരുതു, ഭ്രമിക്കയും അരുതു. (യോഹന്നാൻ:14:27)***

നമ്മുടെ ആത്മാവിൽ വസിക്കുന്ന ഒരു അതിഥിയായി ക്രിസ്തുവിനെ നാം സ്വീകരിക്കുമ്പോൾ, എല്ലാ ബൗദ്ധീക ജ്ഞാനത്തെയും മറികടക്കുന്ന ദൈവത്തിന്റെ സമാധാനം ക്രിസ്തുയേശുവിലൂടെ നമ്മുടെ ഹൃദയത്തെയും മനസ്സിനെയും അടക്കിവാഴും. സംഘർഷത്തിനിടയി ലാണെങ്കിലും സമാധാനപൂർണ്ണമായ ഒരു ജീവിതമായിരുന്നു ഭൂമിയിലെ രക്ഷകന്റെ ജീവിതം. കോപാകുലരായ ശത്രുക്കൾ നിരന്തരം അവനെ പിന്തുടരുമ്പോൾ അവൻ പറഞ്ഞു, “എന്നെ അയച്ചവൻ എന്നോടുകൂടെ ഉണ്ടു; ഞാൻ എല്ലായ്പോഴും അവന്നു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ടു അവൻ എന്നെ ഏകനായി വിട്ടിട്ടില്ല”. (യോഹന്നാൻ:8:29). മാനുഷീകമോ, സാത്താനികമോ ആയ ഒരു കോപത്തിന്റെ കൊടുങ്കാറ്റിനും ദൈവവുമായുള്ള ആ സമ്പൂർണ്ണ

കൂട്ടായ്മയുടെ ശാന്തതയെ ശല്യപ്പെടുത്താൻ കഴിയില്ല. അവൻ നമ്മോടു പറയുന്നു: സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചുപോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നതു. "ഞാൻ സൌമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും." (യോഹന്നാൻ: 14:27; മത്തായി:11:29). ദൈവത്തിന്റെ മഹത്വത്തിനും മാനവികതയുടെ ഉന്നമനത്തിനുമുള്ള സേവനത്തിന്റെ നുകം എന്നോടൊപ്പം വഹിക്കുക, നുകം മൃദുവും ഭാരം കുറഞ്ഞതുമായി നിങ്ങൾ കണ്ടെത്തും എന്നുള്ള ആഹ്വാനമാണ് കർത്താവ് നമുക്ക് നൽകുന്നത്.

**(5) ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ക്രിസ്തുവിന്റെ മാതൃക പിന്തുടരുമ്പോൾ നമ്മുടെ സമാധാനം നഷ്ടപ്പെടാതിരിക്കേണ്ടതിനായി നമ്മുടെ അഹംഭാവത്തെപ്പറ്റി എന്താണ് ഓർത്തിരിക്കേണ്ടത്?**

***എനിക്കു സ്വതേ ഒന്നും ചെയ്‌വാൻ കഴിയുന്നതല്ല; ഞാൻ കേൾക്കുന്നതുപോലെ ന്യായം വിധിക്കുന്നു; ഞാൻ എന്റെ ഇഷ്ടം അല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്‌വാൻ ഇച്ഛിക്കുന്നതുകൊണ്ടു എന്റെ വിധി നീതിയുള്ളതു ആകുന്നു. (യോഹന്നാൻ: 5:30)***

ആത്മസ്നേഹമാണ് നമ്മുടെ സമാധാനത്തെ നശിപ്പിക്കുന്നത്. സ്വാർത്ഥത നമ്മിലുള്ളവപ്പോൾ അതിന്റെ അവഹേളനത്തിൽ നിന്നും അപമാനത്തിൽ നിന്നും അതിനെ സംരക്ഷിക്കാൻ നമ്മൾ നിരന്തരം

തയ്യാറുള്ളവരാണ്; എന്നാൽ നാം മരിച്ച് നമ്മുടെ ജീവൻ ക്രിസ്തുവിനോടൊപ്പം ദൈവത്തിൽ മറഞ്ഞിരിക്കുമ്പോൾ നാം അവഗണനകളോ അനാദരവുകളോ ഹൃദയത്തിൽ എടുക്കുകയില്ല. നിന്ദകൾക്കു നമ്മൾ ബധിരരും പരിഹാസത്തിനും അപമാനത്തിനും നമ്മൾ അന്ധന്മാരും ആയിരിക്കും. "സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു; സ്നേഹം സ്പർദ്ധിക്കുന്നില്ല. സ്നേഹം നിഗളിക്കുന്നില്ല. ചീർക്കുന്നില്ല; അയോഗ്യമായി നടക്കുന്നില്ല സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദ്വേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല; അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു: എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. സ്നേഹം ഒരുനാളും ഉതിർന്നു പോകയില്ല. പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ, അതു നിന്നുപോകും; ജ്ഞാനമോ, അതു നീങ്ങിപ്പോകും." (1കൊരിന്ത്യർ:13:4-8).

ഭൗമിക സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന സന്തോഷം വ്യത്യസ്ത സാഹചര്യങ്ങളാൽ മാറ്റങ്ങൾ സംഭവിക്കുവാൻ കഴിയുന്നതാണ്; എന്നാൽ ക്രിസ്തുവിന്റെ സമാധാനം നിരന്തരവും, നിലനിൽക്കുന്നതുമായ സമാധാനമാണ്. ഇത് ജീവിതത്തിലെ ഒരു സാഹചര്യത്തെയും ലൗകീക വസ്തുക്കളുടെ അളവിനെയോ ഭൗമിക സുഹൃത്തുക്കളുടെ എണ്ണത്തെയോ ആശ്രയിക്കുന്നില്ല. ജീവനുള്ള ജലത്തിന്റെ ഉറവയാണ് ക്രിസ്തു, അവനിൽ നിന്ന് ലഭിക്കുന്ന സന്തോഷം ഒരിക്കലും പരാജയപ്പെടുകയില്ല.

**(6) പൂർണ്ണ സമാധാനത്തിൽ കാത്തുകൊള്ളാമെന്നു കർത്താവ് വാഗ്ദത്തം ചെയ്തിട്ടുള്ളത് ആരോടാണ്?**

*സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ടു നീ അവനെ പൂർണ്ണസമാധാനത്തിൽ കാക്കുന്നു. (യെശയ്യാവ്:26:3)*

യേശുക്രിസ്തുവിന്റെ മതം (ബന്ധം) ആസ്വദിക്കുന്ന പുരുഷന്മാരും സ്ത്രീകളും ഉത്കണ്ഠയോ, അസ്വസ്ഥരോ, അസംതൃപ്തിയോ ചഞ്ചലപ്പെടുന്നവരോ ആകില്ല; ഹൃദയത്തിൽ വസിക്കുന്ന ക്രിസ്തുവിന്റെ സമാധാനം സ്വഭാവത്തിന് ദൃഢത നൽകും.

നിങ്ങൾ ഇപ്പോൾ സ്വീകരിക്കുന്ന സമാധാനം, വിശ്രമം, ഉറപ്പ് എന്നിവ കവർന്നെടുക്കാൻ ഒന്നിനെയും അനുവദിക്കരുത്. എല്ലാ വാഗ്ദാനങ്ങളും അംഗീകരിക്കുക; കർത്താവിന്റെ നിർദ്ദിഷ്ട നിബന്ധനകൾ പാലിക്കുന്ന വ്യവസ്ഥയിൽ എല്ലാം നിങ്ങളുടേതാണ്. നിങ്ങളുടെ എല്ലാ വഴികളുടെയും സമർപ്പണം വളരെ ബുദ്ധിപരമായതാണ്, ക്രിസ്തുവിന്റെ വഴികൾ സ്വീകരിക്കുക എന്നതാണ് അവന്റെ സ്നേഹത്തിലുള്ള തികഞ്ഞ വിശ്രമത്തിന്റെ രഹസ്യം. ക്രിസ്തുവിന്റെ സേവനത്തിനായി സമർപ്പിക്കപ്പെട്ട ആത്മാവിൽ, ലോകത്തിന് നൽകാനോ എടുത്തുകളയാനോ കഴിയാത്ത ഒരു സമാധാനമുണ്ട്.

**(7) നാം സ്വർഗ്ഗീയമായതിൽ വസിക്കുകയും, വിശ്വാസത്താൽ കർത്താവ് നമ്മുടെ ഹൃദയങ്ങളിൽ വസിക്കുവാൻ അനുവദിക്കുകയും ചെയ്യുന്നതിന്റെ പരിണിതഫലം എന്തായിരിക്കും?**

*ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിന്നും വരം നല്കേണം എന്നും നിങ്ങൾ സ്നേഹത്തിൽ*

*വേരൂന്നി അടിസ്ഥാനപ്പെട്ടവരായി, (എഫെസ്യർ:3:17)*

ഓർക്കുക, അവനിൽ ദൈവത്തിന്റെ എല്ലാ സമ്പൂർണ്ണതയും ദേഹരൂപമായി വസിച്ചിരുന്നു. വിശ്വാസത്താൽ ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വസിക്കുന്നുവെങ്കിൽ, അവന്റെ ജീവിതരീതി നമ്മിലേക്ക് പകർത്തികൊണ്ടു - നിർമ്മലവും സമാധാനപരവും വിശുദ്ധവും ആയ അവന്റെ സ്വഭാവത്തോടു അനുരൂപരാകും. നമ്മുടെ സ്വഭാവത്തിൽ നാം ക്രിസ്തുവിനെ വെളിപ്പെടുത്തും. നാം സത്യവെളിച്ചത്തെ സ്വീകരിക്കുകയും ആഗിരണം ചെയ്യുകയും മാത്രമല്ല, മറ്റുള്ളവരിലേക്ക് അത് വ്യാപിപ്പിക്കുകയും ചെയ്യും. യേശു നമുക്ക് എന്താണെന്നതിനെക്കുറിച്ച് കൂടുതൽ വ്യക്തവും വ്യത്യസ്തവുമായ വീക്ഷണങ്ങൾ നമുക്ക് ലഭിക്കും. യേശുക്രിസ്തുവിന്റെ ജീവിതത്തിലുണ്ടായിരുന്ന സമാനതകളും, മനോഹാരിതയും, ഉദാരതയും നമ്മുടെ ജീവിതത്തിൽ പ്രകാശിക്കും.

... വിശ്വാസത്താൽ യേശു ഹൃദയത്തിൽ വസിക്കുമ്പോൾ, ക്രിസ്തു നമുക്ക് നൽകിയ പാഠങ്ങൾ പാലിക്കുവാൻ തുടങ്ങും. യേശുക്രിസ്തുവിനെ കുറിച്ചുള്ള അത്തരം ഉയർന്ന കാഴ്ചപ്പാടുകൾ നമുക്ക് ഉണ്ടാകുമ്പോൾ അത് അഹംഭാവത്തെ അടിച്ചമർത്തുകയും, നമ്മുടെ പ്രതിപത്തി യേശുവിൽ കേന്ദ്രീകരിക്കുകയും, നമ്മുടെ ചിന്തകൾ ശക്തമായി സ്വർഗ്ഗത്തിലേക്ക് ആകർഷിക്കപ്പെടുകയും, ക്രിസ്തു എന്നിൽ വസിക്കുകയും 'ഞാൻ' കുറയുകയും ചെയ്യും.
സ്വർഗ്ഗീയ കാര്യങ്ങളിൽ വസിക്കാൻ മനസ്സിനെ പരിശീലിപ്പിക്കണം. അങ്ങനെ

യേശുക്രിസ്തുവിന്റെ മനോഹാരിത മനസ്സിലാക്കുന്നതിന്റെ ഫലമായി വിനയം വരും. ക്രിസ്തുവിന്റെ സ്വഭാവ സവിശേഷതകളിൽ വസിക്കുമ്പോൾ, പാപത്തിന്റെ നിന്ദ്യമായ സ്വഭാവം നമുക്ക് കാണുവാനും, വിശ്വാസത്താൽ യേശുക്രിസ്തുവിന്റെ നീതി ഗ്രഹിക്കുവാനും കഴിയും. യേശുവിൽ ഉള്ള സ്വഭാവഗുണങ്ങൾ നാം നമ്മിലും നട്ടുവളർത്തേണം, അങ്ങനെ അവന്റെ സ്വഭാവത്തിന്റെ മഹത്ത്വം നമ്മിലൂടെ മറ്റുള്ളവരിലേക്കു പ്രതിഫലിപ്പിക്കാം. കാൽവരിയിലെ കുരിശിലേക്ക് നോക്കുമ്പോൾ, നാം സ്വയം ഉയർത്തുകയില്ല, മറിച്ച് നമ്മുടെ അയോഗ്യതകളെ സ്വയം മനസിലാക്കുകയും നമ്മുടെ രക്ഷക്കുവേണ്ടി സ്വർഗ്ഗം എന്ത് വിലകൊടുക്കുന്നുവെന്നും; ക്രിസ്തുവിന്റെ സമാനതകളില്ലാത്ത സ്നേഹത്തിന്റെ ആഴം എന്തായിരുന്നുവെന്നും തിരിച്ചറിയുന്നു.

**(8) നാം പരിശുദ്ധാത്മാവിലുള്ള ദൃഢവിശ്വാസത്താൽ, ക്രിസ്തുവിന്റെ സ്നേഹത്തിന്റെ അളവറ്റ വലിപ്പം മനസിലാക്കുവാൻ ശ്രമിക്കുമ്പോൾ, എന്നതിനാൽ നാം നിറയപ്പെടുകയാണ് ചെയ്യുന്നത്?**

***വീതിയും നീളവും ഉയരവും ആഴവും എന്തു എന്നു സകല വിശുദ്ധന്മാരോടുംകൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു. (എഫെസ്യർ: 3:18-19)***

മനുഷ്യഹൃദയങ്ങളിലൂടെ തലമുറകളിലേക്ക് ഇറങ്ങിവന്നിട്ടുള്ള എല്ലാ പിതൃസ്നേഹവും, മനുഷ്യരുടെ

ആത്മാവിൽ തുറന്നിരിക്കുന്ന ആർദ്രതയുടെ എല്ലാ ഉറവകളും, അനന്തമായതും, നിലക്കാത്തതുമായ ദൈവസ്നേഹവുമായി താരതമ്യപ്പെടുത്തുമ്പോൾ അതിരുകളില്ലാത്ത സമുദ്രത്തിലേക്കുള്ള ചെറിയ നീർച്ചാലുകൾ മാത്രമാണ്. ഒരു നാവിനും അത് വർണ്ണിക്കുവാൻ കഴിയില്ല; ഒരു പേനയ്ക്കും അത് വരച്ചു കാട്ടുവാൻ കഴിയില്ല. നിങ്ങളുടെ ജീവിതത്തിലെ എല്ലാ ദിവസവും അത് ധ്യാനിക്കാം; അത് മനസിലാക്കുന്നതിനായി തിരുവെഴുത്തുകൾ ഉത്സാഹത്തോടെ തിരയാം; സ്വർഗ്ഗീയ പിതാവിന്റെ സ്നേഹവും അനുകമ്പയും മനസ്സിലാക്കാനുള്ള ശ്രമത്തിൽ, ദൈവം നൽകിയിട്ടുള്ള എല്ലാ ശക്തിയും കഴിവും നിങ്ങൾക്ക് ഉപയോഗിക്കാം; എങ്കിലും അവയുടെയെല്ലാം അപ്പുറത്തായി ഇത് നിലകൊള്ളുന്നു. യുഗായുഗങ്ങളായി നിങ്ങളോടുള്ള സ്നേഹത്തെപ്പറ്റി പഠിക്കാം; എങ്കിലും, ലോകത്തിനുവേണ്ടി മരിക്കാൻ തന്റെ പുത്രനെ നൽകുന്നതിലൂടെ പ്രകടമാക്കിയ ദൈവസ്നേഹത്തിന്റെ നീളവും വീതിയും ആഴവും ഉയരവും നിങ്ങൾക്ക് ഒരിക്കലും പൂർണ്ണമായി മനസ്സിലാക്കാൻ കഴിയില്ല. നിത്യതയ്ക്ക് ഒരിക്കലും അത് പൂർണ്ണമായി വെളിപ്പെടുത്താൻ കഴിയില്ല. എന്നാൽ, നാം ദൈവവചനം പഠിക്കുകയും ക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചും വീണ്ടെടുപ്പിന്റെ പദ്ധതിയെക്കുറിച്ചും ധ്യാനിക്കുകയും ചെയ്യുമ്പോൾ, ഈ മഹത്തായ വിഷയങ്ങൾ കൂടുതൽ കൂടുതൽ നമ്മുടെ ഗ്രാഹ്യത്തിനായി തുറക്കും.

**(9) ജീവന്റെ അപ്പവും, ജീവന്റെ ജലവുമായ അവനെ നാം അന്വേഷിക്കുമ്പോൾ ക്രിസ്തു നമുക്ക് വാഗ്ദത്തം ചെയ്തിരിക്കുന്നത് എന്താണ്?**

***യേശു അവരോടുപറഞ്ഞതു: “ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന്നു വിശക്കയില്ല; എന്നിൽ വിശ്വസിക്കുന്നവന്നു ഒരു നാളും ദാഹിക്കയുമില്ല. (യോഹന്നാൻ:6:35)***

ആത്മാവിന്റെ വിശപ്പും ദാഹവും അകറ്റാൻ ആവശ്യമായവ നൽകാൻ ഒരു മനുഷ്യ കാര്യകർത്താക്കന്മാർക്കും കഴിയില്ല. യേശു പറയുന്നു, “ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും." “ഞാൻ ജീവന്റെ അപ്പം ആകുന്നു; എന്റെ അടുക്കൽ വരുന്നവന്നു വിശക്കയില്ല; എന്നിൽ വിശ്വസിക്കുന്നവന്നു ഒരു നാളും ദാഹിക്കയുമില്ല.” (വെളിപ്പാടു:3:20; യോഹന്നാൻ:6:35).

നമ്മുടെ ശാരീരിക ശക്തി നിലനിർത്താൻ നമുക്ക് ഭക്ഷണം ആവശ്യമുള്ളതുപോലെ, ആത്മീയജീവിതം നിലനിർത്തുന്നതിനും ദൈവത്തിന്റെ പ്രവൃത്തികൾ ചെയ്യാൻ ശക്തി നൽകുന്നതിനും സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പമായ ക്രിസ്തുവിനെ നമുക്ക് ആവശ്യമുണ്ട്. ജീവനും ഓജസും നിലനിർത്താൻ വേണ്ടി ശരീരം നിരന്തരം പോഷണം സ്വീകരിക്കുന്നതുപോലെ, ആത്മാവ് നിരന്തരം ക്രിസ്തുവുമായി ബന്ധം പുലർത്തുകയും അവനു കീഴ് പെടുകയും അവനിൽ പൂർണ്ണമായി ആശ്രയിക്കുകയും വേണം.

ക്ഷീണിതനായ വഴിയാത്രക്കാരൻ കത്തുന്ന ദാഹം ശമിപ്പിക്കുന്നതിനായി മരുഭൂമിയിൽ നീരുറവ അന്വേഷിച്ച് കണ്ടെത്തുന്നതുപോലെ, ക്രിസ്തുവിനെ അനുഗമിക്കുന്നവരും ക്രിസ്തുവിൽ നിന്നും പുറപ്പെടുന്ന ജീവജലത്തിന്റെ

ശക്തിക്കുവേണ്ടി ദാഹിക്കുന്നവരായിരിക്കേണം. {MB 18-19}

**(10) അവന്റെ അരികിലേക്ക് വരുന്ന, അദ്ധ്വാനിക്കുന്നവരും, ഭാരം ചുമക്കുന്നവരുമായ ഏവർക്കും ക്രിസ്തു നൽകുന്ന വാഗ്ദത്തം എന്താണ്?**

***അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. (മത്തായി :11:28)***

ക്ഷീണിതരും പരിപാലനം ആവശ്യമായവരും ആയ ആദാമിന്റെ പുത്രന്മാരെയും പുത്രിമാരെയും തന്റെ അടുക്കലേക്ക് വന്നു, തങ്ങളുടെ ഭാരങ്ങൾ തന്റെ പാദത്തിങ്കൽ വയ്ക്കുവാനായി യേശു ക്ഷണിക്കുന്നു. എന്നാൽ ഈ ക്ഷണം കേൾക്കുന്ന പലരും വിശ്രമത്തിനായി നെടുവീർപ്പിടുമ്പോഴും പരുക്കൻ പാതയിൽ തന്നെ അമർന്നുകൊണ്ടു അവരുടെ ഭാരം ഹൃദയത്തോട് ചേർത്തുപിടിക്കുന്നു. യേശു അവരെ സ്നേഹിക്കുന്നു, അവരുടെ ഭാരങ്ങളും അവരെയും തന്റെ ബലമുള്ള കരങ്ങളിൽ വഹിക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നു. അവരുടെ സമാധാനവും വിശ്രമവും കവർന്നെടുക്കുന്ന ഭയങ്ങളും അനിശ്ചിതത്വങ്ങളും അവൻ നീക്കംചെയ്യും; എന്നാൽ അവർ ആദ്യം അവന്റെ അടുക്കൽ വന്ന് അവരുടെ ഹൃദയത്തിന്റെ ദുരിതങ്ങൾ അവനോട് പറയണം. തന്നോടുള്ള സ്നേഹത്തിന്റെ തെളിവായി അവൻ തന്റെ ജനത്തിന്റെ ആത്മവിശ്വാസത്തെ ക്ഷണിക്കുന്നു. താഴ്മയുള്ളതും, പൂർണ്ണമായി തന്നെ ആശ്രയിക്കുന്നതുമായ ഒരു ഹൃദയം ദാനം നൽകുന്നത്, ധനികർക്ക്

നൽകാൻ കഴിയുന്ന എല്ലാ സമ്പത്തുകളെക്കാളും അവന് വിലപ്പെട്ടതാണ്. ഒരു കുട്ടി മാതാപിതാക്കളുടെ അരികിലേക്ക് വരുന്ന ലാളിത്യത്തിലും ആത്മവിശ്വാസത്തിലും മാത്രമാണ് അവരും അവന്റെ അടുക്കലേക്കു വരുന്നത് എങ്കിൽ, അവന്റെ കൈകളുടെ ദിവ്യ സ്പർശം എല്ലാ ഭാരങ്ങളിൽ നിന്നും അവരെ മോചിപ്പിക്കും.

അനുകമ്പയുള്ള നമ്മുടെ രക്ഷകനായ യേശുവാണു വഴിയും, സത്യവും, ജീവനും. അവന്റെ ദയാപൂർവമായ കൃപയുടെ വാഗ്ദത്തം സ്വീകരിക്കാത്തതും, അവന്റെ വാഗ്ദത്ത വചനങ്ങൾ വിശ്വസിക്കാത്തതും, ജീവന്റെ വഴി കഠിനമാക്കി കളയുന്നതും എന്താകൊണ്ടാണ്? ക്രിസ്തുവിന്റെ വഴികൾ ആനന്ദത്തിന്റെ വഴികളാണ്, അവന്റെ പാതകളെല്ലാം സമാധാനപൂർണ്ണവുമാണ്. നമ്മുടെ കാലിന്നു പരുക്കൻ പാതകളെയാണ് നാം ഉണ്ടാക്കിയിരിക്കുന്നതെങ്കിൽ, ഈ ലോകത്തിലെ ധനം സമ്പാദിക്കേണ്ടതിനായുള്ള ചിന്തയിൽ നിങ്ങൾ ഭാരം ചുമക്കുന്നവരാണെങ്കിൽ, ഇപ്പോൾ അതിൽ നിന്നെല്ലാം മനംതിരിയാം, യേശു ഉണ്ടാക്കിയിരിക്കുന്ന പാതയിലൂടെ അവനെ പിന്തുടരാം.

**(11) തങ്ങളുടെ ആത്മാക്കളെ ക്രിസ്തുവിന്റെ പരിപാലനത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്നവർക്കു ക്രിസ്തു നൽകുന്ന വാഗ്ദത്തമെന്തു?**

***സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ടു നീ അവനെ പൂർണ്ണസമാധാനത്തിൽ കാക്കുന്നു. യഹോവയാം യാഹിൽ ശാശ്വതമായോരു പാറ ഉള്ളതിനാൽ യഹോവയിൽ***

*എന്നേക്കും ആശ്രയിപ്പിൻ. (യെശയ്യാവ് :26:3-4)*

സ്വർഗ്ഗം ഈ ഭൂമിയിൽ ആണ് ക്രിസ്തുവിനെ അവന്റെ വചനപ്രകാരം സ്വീകരിച്ച് പ്രാണനെ അവന്റെ പരിപാലനത്തിന് സമർപ്പിക്കുന്നവരും, തങ്ങളുടെ ജീവിതത്തെ അവന്റെ ക്രമപ്രകാരം സമർപ്പിക്കുന്നവരും സമാധാനവും ശാന്തിയും കണ്ടെത്തും. യേശു തന്റെ സാന്നിധ്യത്താൽ അവരെ സന്തോഷിപ്പിക്കുമ്പോൾ ലോകത്തിലെ ഒന്നിനും അവരെ സങ്കടപ്പെടുത്താനാവില്ല. തികഞ്ഞ അനുസരണത്തിൽ തികഞ്ഞ വിശ്രമം ഉണ്ട്. കർത്താവ് അരുളിച്ചെയ്യുന്നു: “സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ടു നീ അവനെ പൂർണ്ണസമാധാനത്തിൽ കാക്കുന്നു." (യെശയ്യാവു:26:3). നമ്മുടെ ജീവിതം വളരെ സങ്കീർണമായി തോന്നാം; എന്നാൽ നാം ജ്ഞാനിയായ പ്രധാന ശില്പിയുടെ കൈകളിൽ സമർപ്പിക്കുമ്പോൾ, അവിടുന്ന് തന്റെ മഹത്വത്തിന് അനുസൃതമായ ജീവിതരീതിയും സ്വഭാവവും പ്രദർശിപ്പിക്കുന്നവരാക്കി നമ്മെ പണിയും. ക്രിസ്തുവിന്റെ മഹത്വം പ്രകടിപ്പിക്കുന്ന നമ്മുടെ ആ സ്വഭാവത്താൽ ദൈവത്തിന്റെ പറുദീസയിലേക്ക് നമ്മൾ സ്വീകരിക്കപ്പെടും. പുതുക്കപ്പെട്ട ഒരു നവ മനുഷ്യ വംശം അവനോടൊപ്പം വെള്ളവസ്ത്രം ധരിച്ചുകൊണ്ട് നടക്കും, കാരണം അവർ അതിനു യോഗ്യരാണ്.

യേശുവിലൂടെ നാം വിശ്രമത്തിലേക്കു പോകുമ്പോൾ സ്വർഗ്ഗം അവിടെ ആരംഭിക്കുന്നു. എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടത്തും" എന്നുള്ള അവന്റെ ആഹ്വാനത്തോട് സാധകമായി പ്രതികരിക്കുന്നുവെങ്കിൽ,

സ്വർഗ്ഗം എന്നത് ക്രിസ്തുവിലൂടെ ദൈവത്തോടുള്ള നിരന്തരമായ സമീപനമാണ് എന്ന് നാം മനസിലാക്കുന്നു. നാം എത്രത്തോളം സ്വർഗ്ഗീയ ആനന്ദം അനുഭവിക്കുന്നോ, അത്രയധികം മഹത്ത്വം നമുക്ക് വേണ്ടി തുറക്കപ്പെടും; ദൈവത്തെക്കുറിച്ച് നാം കൂടുതൽ അറിയുന്നതിനനുസരിച്ച്, നമ്മുടെ സന്തോഷം കൂടുതൽ തീവ്രമാകും.

*ദൈവരാജ്യം അവകാശമാക്കുന്നതിനായി ക്രിസ്തു താമസിയാതെ ഒരുദിവസം നമ്മെ വീട്ടിലേക്ക് സ്വാഗതം ചെയ്യുമെന്ന വാഗ്ദാനത്തിനായി ഞാൻ ദൈവത്തോട് നന്ദിയുള്ളവനാണ്.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ തീരുമാനിച്ചില്ല*

*എന്നോടൊപ്പം വസിക്കാനും എന്നെ ദൈവനഗരത്തിലേക്ക് നയിക്കാനും ക്രിസ്തു തന്റെ ആശ്വാസകനെ അയച്ചതിൽ ഞാൻ നന്ദിയുള്ളവനാണ്. ക്രിസ്തുവിന്റെ കൃപയാൽ ഒരിക്കൽ ഞാൻ ദൈവനഗരത്തിലേക്കു പ്രവേശിക്കാൻ തക്ക വിശ്വസ്തൻ ആയിത്തീരട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ തീരുമാനിച്ചില്ല*

*എല്ലാ അനുഗ്രഹങ്ങളെയും അതിന്റെ നിരകളിൽ നമ്മിലേക്ക് എത്തിച്ചേരുമെന്നുള്ള വാഗ്ദത്തം ഏറ്റെടുക്കുവാൻ ഞാൻ തീരുമാനിക്കുകയും, എന്റെ ജീവിതം*

പൂർണ്ണമായും ദൈവത്തിനു സമർപ്പിക്കുകയും ചെയ്യുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ  തീരുമാനിച്ചില്ല

ക്രിസ്തു എനിക്ക് വാഗ്ദത്തം ചെയ്ത സമാധാനത്തിനായി ഞാൻ ആഗ്രഹിക്കുന്നു. എല്ലാ സമാധാനത്തെയും നശിപ്പിക്കുന്ന എന്റെ സ്വയത്തെ അവിടത്തെ സന്നിധിയിൽ സമർപ്പിക്കുകയും, ലോകത്തിന് നൽകാനോ എടുത്തുകളയാനോ കഴിയാത്ത സമാധാനം തരുവാൻ കഴിയുന്ന ക്രിസ്തുവിന്റെ സേവനത്തിനായി ഞാൻ എന്നെത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ  തീരുമാനിച്ചില്ല



## അദ്ധ്യായം 12
## ക്രിസ്തുവിലുള്ള നമ്മുടെ മൂല്യം

**(1) ക്രിസ്തു, ആഴമായ സ്നേഹത്തോടെ നമ്മെ വിലക്ക് വാങ്ങിയിരിക്കുന്നതിനാൽ, എന്തിനാൽ നമ്മൾ ദൈവത്തിനു മഹത്ത്വം കൊടുക്കേണം?**

**നിങ്ങളെ വിലെക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? അകയാൽ നിങ്ങളുടെ ശരീരംകൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരിന്ത്യർ: 6:20)**

ഇവിടെയാണ് മനുഷ്യർ ഇന്ന് നിൽക്കുന്നത്. ക്രിസ്തു തന്റെ ജീവൻകൊണ്ട് നമ്മെ വാങ്ങി, നാം അവന്റേതാണ്. ശാരീരികവും മാനസികവും ആത്മീയവുമായ നമ്മുടെ എല്ലാ ശക്തികളും അവന്റേതാണ്; അവനിൽ നിന്ന് നമ്മെ അകറ്റുക എന്നത് കവർച്ചയാണ്.

ക്രിസ്തു നമ്മുടെ മേൽ വച്ചിരിക്കുന്ന മൂല്യത്തിന് അനുസരിച്ചാണ് - നമുക്ക് മനസിലാക്കാൻ കഴിയുന്നിടത്തോളം - നമ്മുടെ ആത്മാക്കളെ കർത്താവ് വിലമതിക്കുന്നത്...... മനുഷ്യനെ നിത്യനാശത്തിൽ നിന്ന് വീണ്ടെടുക്കാനായി യേശു മരിച്ചു. അതിനാൽ, വിലക്ക് വാങ്ങിയ നമ്മളെ ശരിയായ രീതിയിൽ മൂല്യത്തോടെ ചേർത്ത് പിടിക്കണം. “ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലെക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?” (1 കൊരി. 6:19, 20). നമ്മുടെ മനസ്സിന്റെയും ആത്മാവിന്റെയും ശരീരത്തിന്റെയും എല്ലാ ശക്തികളും കർത്താവിന്റേതാണ്. നമ്മുടെ സമയം അവന്റെ പക്കൽ ഇരിക്കുന്നു. അവന്റെ വേല ചെയ്യുന്നതിനുള്ള ഏറ്റവും നല്ല അവസ്ഥയിൽ നാം നമ്മെത്തന്നെ നിലനിർത്തണം, ക്രിസ്തുവിനോട് നിരന്തരം ബന്ധം പുലർത്തുക, അവനിൽ നാം ദൈവത്തിന്റെ നീതിയായിത്തീരേണ്ടതിന് നമുക്ക് വേണ്ടി ചെയ്ത വിലയേറിയ ത്യാഗത്തെ എപ്പോഴും ഓർക്കുന്നവരായിരിക്കേണം.

**(2) ഈ വാക്യങ്ങളിൽ വിവരിച്ചിട്ടുള്ള ഏതു രണ്ടു പ്രതീകങ്ങൾ ആണ് ക്രിസ്തുവിനു തന്നെ പിന്തുടരുന്നവരോടുള്ള സ് നേഹപൂർണമായ ബന്ധത്തെ നിർവ്വചിക്കുവാൻ ഉപയോഗിച്ചിരിക്കുന്നത്?**

***യൌവനക്കാരൻ കന്യകയെ വിവാഹം ചെയ്യുന്നതുപോലെ നിന്റെ പുത്രന്മാർ നിന്നെ വിവാഹം ചെയ്യും; മണവാളൻ മണവാട്ടിയിൽ***

***സന്തോഷിക്കുന്നതുപോലെ നിന്റെ ദൈവം നിന്നിൽ സന്തോഷിക്കും. (യെശയ്യാവ്:62:5)***

ക്രിസ്തുവിനും അവന്റെ സഭയ്ക്കും ഇടയിൽ നിലനിൽക്കുന്ന ബന്ധത്തിന്റെ പവിത്രവും നിലനിൽക്കുന്നതുമായ സ്വഭാവം ബൈബിളിൽ വൈവാഹിക ഐക്യത്താൽ പ്രതിനിധീകരിക്കപ്പെടുന്നു. ഉറപ്പുള്ള ഒരു ഉടമ്പടിയോടുകൂടി കർത്താവു തൻറെ ജനവുമായി ചേർന്നിരിക്കുന്നു, അവൻ അവരുടെ ദൈവമായിരിക്കുമെന്നു ഉറപ്പും നൽകി, അവർ അവന്റെ ജനമായി മാത്രം ഇരിക്കേണം എന്നും ആഹ്വാനം ചെയ്യുന്നു. അവൻ ഇങ്ങനെ പറയുന്നു: “ഞാൻ നിന്നെ സദാകാലത്തേക്കും എനിക്കു വിവാഹത്തിന്നു നിശ്ചയിക്കും; അതേ, നീതിയോടും ന്യായത്തോടും ദയയോടും കരുണയോടുംകൂടെ നിന്നെ എനിക്കു വിവാഹത്തിന്നു നിശ്ചയിക്കും.” (ഹോശേയ: 2:19). വീണ്ടും: “ഞാനല്ലോ നിങ്ങളുടെ ഭർത്താവു.” (യിരെമ്യാവു 3:14). പുതിയനിയമത്തിൽ പൗലോസ് ഇതേ ആശയം തന്നെ പങ്കുവയ്ക്കുന്നു: “ഞാൻ നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏകപുരുഷന്നു നിങ്ങളെ നിർമ്മലകന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു.” 2കൊരിന്ത്യർ:11:2).

**(3) യേശു ക്രിസ്തുവിനെ നമ്മുടെ ജീവിതത്തിന്റെ കർത്താവായിരിക്കുവാൻ അനുവദിക്കുമ്പോൾ, "നമ്മെ സ്നേഹിച്ചവൻ " മുഖാന്തിരം നാം ആരായിത്ത്തീരുമെന്നാണ് ദൈവവചനം വാഗ്ദത്തം ചെയ്തിരിക്കുന്നത്?**

***നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം***

*പ്രാപിക്കുന്നു. (റോമർ:8:37)*

ഞങ്ങളുടെ മോചനദ്രവ്യം ഞങ്ങളുടെ രക്ഷകൻ നൽകി. ഇനി ആരും സാത്താന്റെ അടിമകളാക്കേണ്ടതില്ല. നമ്മുടെ സർവ്വശക്തനായ സഹായിയായി ക്രിസ്തു നമ്മുടെ മുൻപിൽ നിൽക്കുന്നു. "അതുകൊണ്ടു ജനത്തിന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം വരുത്തുവാൻ അവൻ കരുണയുള്ളവനും ദൈവകാര്യത്തിൽ വിശ്വസ്തമഹാപുരോഹിതനും ആകേണ്ടതിന്നു സകലത്തിലും തന്റെ സഹോദരന്മാരോടു സദൃശനായിത്തീരുവാൻ ആവശ്യമായിരുന്നു. താൻ തന്നേ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവർക്കു സഹായിപ്പാൻ കഴിവുള്ളവൻ ആകുന്നു." (എബ്രാ:2:17,18).

ദൈവകുടുംബത്തിലേക്ക് ദത്തെടുത്തവരെ അവന്റെ ആത്മാവിനാൽ രൂപാന്തരപ്പെടുന്നു. അപ്പോൾ സ്വാർത്ഥ താല്പര്യങ്ങളും, തന്നോടുതന്നെയുള്ള പരമമായ സ്നേഹവും, സ്വയം ത്യജിക്കുന്നതിനും ദൈവത്തോടുള്ള പരമോന്നത സ്നേഹവുമായി മാറുന്നു. ഒരു മനുഷ്യനും ജന്മനാ വിശുദ്ധി അവകാശമാക്കുന്നില്ല, അവന് സ്വപ്രയത്നത്തിലൂടെ സാദിക്കുവാൻ കഴിയുന്ന ഒരു മാർഗ്ഗത്തിലൂടെയും ദൈവത്തോട് വിശ്വസ്തനാകാനും കഴിയില്ല. "എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല." (യോഹന്നാൻ:15:5). മനുഷ്യന്റെ നീതി "കറപുരണ്ട തുണിക്കഷണങ്ങൾ" പോലെയാണ്. എന്നാൽ ദൈവത്താൽ എല്ലാം സാധ്യമാണ്. വീണ്ടെടുപ്പുകാരന്റെ ശക്തിയിൽ, ദുർബലനായ, തെറ്റുകൾ ചെയ്യുന്ന മനുഷ്യന് ഒരു ദിഗ്

വിജയിയേക്കാൾ അധികമായി, തന്നെ ബാധിക്കുന്ന തിന്മയെ ജയിച്ചടക്കാൻ സാധിക്കും.

**(4) അബ്രഹാമിന്റെ സന്തതിയും ആത്മീയ "യിസ്രായേലും" ആയി കണക്കാക്കുന്നത് ആരെയാണ്?**

***ക്രിസ്തുവിനുള്ളവർ എങ്കിലോ നിങ്ങൾ അബ്രാഹാമിന്റെ സന്തതിയും വാഗ്ദത്തപ്രകാരം അവകാശികളും ആകുന്നു. (ഗലാത്യർ: 3:29)***

അബ്രാഹാം ദൈവത്തിൽ വിശ്വസിച്ചു; അതു അവന്നു നീതിയായി കണക്കിട്ടു എന്നുണ്ടല്ലോ. അതുകൊണ്ടു വിശ്വാസികൾ അത്രേ അബ്രാഹാമിന്റെ മക്കൾ എന്നു അറിവിൻ. എന്നാൽ ദൈവം വിശ്വാസംമൂലം ജാതികളെ നീതീകരിക്കുന്നു എന്നു തിരുവെഴുത്തു മുൻകണ്ടിട്ടു: "നിന്നിൽ സകലജാതികളും അനുഗ്രഹിക്കപ്പെടും" എന്നുള്ള സുവിശേഷം അബ്രാഹാമിനോടു മുമ്പുകൂട്ടി അറിയിച്ചു. അങ്ങനെ വിശ്വാസികൾ വിശ്വാസിയായ അബ്രാഹാമിനോടുകൂടെ അനുഗ്രഹിക്കപ്പെടുന്നു. (ഗലാത്യർ:3: 6-9).

യഹൂദന്മാർ അബ്രഹാമിൽ നിന്നുള്ളവരാണെന്ന് അവകാശപ്പെട്ടു, എന്നാൽ അബ്രഹാമിന്റെ പ്രവൃത്തികൾ ചെയ്യുന്നതിൽ പരാജയപ്പെട്ടതിലൂടെ, അവർ അവന്റെ യഥാർത്ഥ മക്കളല്ലെന്ന് തെളിയിച്ചു. ആത്മീയമായി അവനുമായി യോജിക്കുന്നവരെ മാത്രമേ യഥാർത്ഥ വംശജരായി കണക്കാക്കൂ.

**(5) ആത്മീയ യിസ്രായേൽ ആകുവാൻ തീരുമാനിക്കുന്നവർക്കു ദൈവം ഒരുക്കിയിരിക്കുന്ന രക്ഷയുടെ മനോഹരമായ മൂന്നു തലങ്ങൾ എതെല്ലാമാണ്?**

***ഇപ്പോഴോ യാക്കോബേ, നിന്നെ സൃഷ്ടിച്ചവനും, യിസ്രായേലേ, നിന്നെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഭയപ്പെടേണ്ടാ, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു; ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നേ. (യെശയ്യാവ് :43:1)***

ക്രിസ്തുവിന് തന്റെ ജനവുമായുള്ള ബന്ധത്തെക്കുറിച്ച്, ഇസ്രായേലിനോടുള്ള ദൈവത്തിന്റെ നിയമങ്ങളിൽ മനോഹരമായ ഒരു ദൃഷ്ടാന്തമുണ്ട്. ദരിദ്രനായ ഒരു എബ്രായൻ തന്റെ പിതൃസ്വത്ത് പങ്കുവയ്ക്കുകയും ഒരു അടിമയായി സ്വയം വിൽക്കാനും നിർബന്ധിതനായപ്പോൾ, അവനെയും അവന്റെ അവകാശത്തെയും വീണ്ടെടുക്കാനുള്ള കടമ ഏറ്റവും അടുത്ത ബന്ധുവിന് ലഭിച്ചു. (കാണുക. ലേവ്യ:25:25, 47-49; രൂത്ത്:2:20). അതിനാൽ പാപത്താൽ നഷ്ടപ്പെട്ട നമ്മെയും നമ്മുടെ അവകാശത്തെയും വീണ്ടെടുക്കുന്നതിനുള്ള ഉത്തരവാദിത്വം "ഏറ്റവും അടുത്ത ബന്ധുവായ" അവന്റെ മേൽ വന്നു. നമ്മെ വീണ്ടെടുക്കാനാണ് അവൻ നമ്മുടെ ബന്ധുവായിത്തീർന്നത്. പിതാവ്, അമ്മ, സഹോദരൻ, സുഹൃത്ത് അല്ലെങ്കിൽ കാമുകൻ എന്നിവരെക്കാൾ ഏറ്റവും അടുത്തുള്ളത് നമ്മുടെ രക്ഷകനായ കർത്താവാണ്. "ഭയപ്പെടേണ്ടാ, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു; ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നേ." "നീ എനിക്കു വില ഏറിയവനും മാന്യനും ആയി ഞാൻ നിന്നെ സ്നേഹിച്ചിരിക്കയാൽ ഞാൻ നിനക്കു പകരം മനുഷ്യരെയും നിന്റെ ജീവന്നു പകരം ജാതികളെയും കൊടുക്കുന്നു." (യെശയ്യാവു 43:1,4).

ക്രിസ്തു തന്റെ സിംഹാസനത്തിനു ചുറ്റുമുള്ള സ്വർഗ്ഗീയജീവികളെ സ്നേഹിക്കുന്നു; എന്നാൽ അവൻ നമ്മെ സ്നേഹിച്ച മഹത്തായ സ്നേഹത്തിന് എന്ത് കാരണം കണക്കാക്കും? നമുക്ക് അത് മനസിലാക്കാൻ കഴിയില്ല, പക്ഷേ നമ്മുടെ സ്വന്തം അനുഭവത്തിലൂടെ ഇത് ശരിയാണെന്ന് അറിയാൻ കഴിയും. അവനുമായി രക്തബന്ധം പുലർത്തുകയാണെങ്കിൽ, നമ്മുടെ കർത്താവിന്റെ സഹോദരീ സഹോദരന്മാരായവരെ നാം എത്ര ആർദ്രതയോടെ പരിഗണിക്കണം! നമ്മുടെ ദിവ്യബന്ധത്തിന്റെ ദൃഢത തിരിച്ചറിയാൻ നാം തിടുക്കപ്പെടേണ്ടതല്ലേ? ദൈവകുടുംബത്തിലേക്ക് ദത്തെടുക്കപ്പെട്ടവരായ നാം നമ്മുടെ പിതാവിനെയും ബന്ധുക്കളെയും ബഹുമാനിക്കേണ്ടതല്ലേ?

**(6) യഥാർത്ഥ മാനസാന്തരത്തോടുകൂടി, നമ്മുടെ പാപങ്ങളെ ഏറ്റുപറയുകയാണെങ്കിൽ, അവൻ നമുക്കുവേണ്ടി എന്തുചെയ്യുമെന്നുള്ള പൂർണ്ണ ഉറപ്പാണ് നമുക്ക് ലഭിക്കുന്നത്?**

***നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. (1യോഹന്നാൻ :1:9)***

യോഗ്യത ഇല്ലെങ്കിലും പലരും ഇത് അവരുടെ പുണ്യമെന്ന മട്ടിൽ തങ്ങളുടെ അയോഗ്യതകളിൽ വസിക്കാൻ മനസിനെ അനുവദിക്കുന്നു. വിശ്വാസത്തിന്റെ പൂർണ ഉറപ്പോടെ അവർ യേശുവിന്റെ അടുക്കൽ വരുന്നതിന് ഇത് ഒരു തടസ്സമാണ്. അവരുടെ യോഗ്യതയില്ലായ്മ അവർക്ക് മനസിലാക്കണം, അതുകൊണ്ടു -

അവരുടെ പാപം കാരണം - രക്ഷകന്റെ അടുക്കലേക്ക്, തങ്ങളെ യോഗ്യത ഉള്ളവരാക്കി തീർക്കുന്ന, തങ്ങളെ നീതീകരിക്കുന്ന, രക്ഷകന്റെ അരികിലേക്ക് അനുതാപത്തോടെയും സമർപ്പണത്തോടെയും വരേണ്ടതിന്റെ ആവശ്യകത അനുഭവപ്പെടണം. അവരുടെ അയോഗ്യത സ്വയം വ്യക്തമാകുന്ന വസ്തുതയാണ് എന്നാൽ, യേശുക്രിസ്തുവിന്റെ യോഗ്യത ഒരു ഉറപ്പുള്ള കാര്യമാണ്. അപ്പോൾ സംശയിക്കുന്ന ഓരോ ആത്മാവും പ്രത്യാശയും ധൈര്യവും കൈക്കൊള്ളട്ടെ, കാരണം അവന്റെ രക്ഷകനാകാൻ യോഗ്യനായ ഒരാൾ അവനുണ്ട്. അവന്റെ രക്ഷയുടെ ഏക പ്രത്യാശ, അവനില്ലാത്ത ഒരു യോഗ്യതയെ വിശ്വാസത്താൽ മുറുകെ പിടിക്കുക എന്നതാണ്, എന്നാൽ അത് നമ്മുടെ നീതിയായ യേശുക്രിസ്തു നൽകുകയും ചെയ്യും.

**(7) പാപിയായിരിക്കുന്ന നാം നമ്മുടെ മഹത്ത്വത്തിന്റെ പ്രത്യാശ ക്രിസ്തുവിലാണെന്നു തിരിച്ചറിയുകയും, സ്വയം ത്യജിക്കുകയും ചെയ്യുമ്പോൾ, അപ്പോസ്തലനായ പൗലോസിനെപ്പോലെ നമ്മുടെ സാക്ഷ്യവും എന്തായിരിക്കും?**

***ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു. (ഗലാത്യർ:2:20)***

ക്രിസ്തു എന്ന വിലയേറിയ രക്ഷകൻ ആയിരിക്കണം ക്രിസ്തുവിനെ പിന്തുടരുന്നവരുടെ സർവ്വസ്വവും. വിശുദ്ധമായ എല്ലാ ചിന്തകളും, ശുദ്ധമായ എല്ലാ ആഗ്രഹങ്ങളും,

ദൈവികസമാനമായ എല്ലാ ലക്ഷ്യങ്ങളും, ഞാൻതന്നെ വഴിയും, സത്യവും, ജീവന്റെ വെളിച്ചവും എന്ന് അരുളിചെയ്തവനിൽ നിന്നും വരുന്നു. ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നവർ സത്യത്തിന്റെ ആത്മാവിനാൽ ജീവിക്കണം. പൗലോസ് പറയുന്നു, "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു." (ഗലാത്യർ 2:20). അവിടുത്തെ സ്നേഹത്തിന്റെ ശക്തമായ പ്രേരണയാൽ അവൻ പ്രപഞ്ചത്തിൽ നമുക്കുണ്ടായിരുന്ന അതെ അവസ്ഥയിലേക്ക് കടന്നു വന്നു, എല്ലാറ്റിന്റെയും ഭരണാധികാരി ആയ അവനെ മനുഷ്യ കുടുംബത്തിൽ പ്രതിനിധീകരിക്കുവാനുള്ള ക്ഷണം നൽകി. അവൻ നമ്മെ പോലെ ആയിത്തിത്തീർന്നു, മരണം ഏറ്റെടുത്തു, മനുഷ്യന്റെ പാപങ്ങളും അതിനുള്ള ശിക്ഷയും ഏറ്റെടുത്തു, മനുഷ്യന് പകരക്കാരനായി തന്നെത്താൻ ദൈവത്തിനു യാഗമായി അർപ്പിച്ചു. . ഈ പ്രായശ്ചിത്ത യാഗത്തിന്റെ ഫലമായി മനുഷ്യന് പരിപൂർണ്ണമായ നീതിയും സമ്പൂർണ്ണ രക്ഷയും നൽകുവാൻ അവനു അധികാരം ലഭിച്ചു. വ്യക്തിപരമായ രക്ഷകനായി അവനിൽ വിശ്വസിക്കുന്നവൻ നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കും.

**(8) ദൈവത്തിന്റെ സ്നേഹം നമ്മിൽ പൂർണ്ണതയുള്ളതാണെന്നു വെളിപ്പെടുത്തുന്നത് എന്താണ്?**

***എന്നാൽ ആരെങ്കിലും അവന്റെ വചനം പ്രമാണിക്കുന്നു എങ്കിൽ അവനിൽ***

***ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു. നാം അവനിൽ ഇരിക്കുന്നു എന്നു ഇതിനാൽ നമുക്കു അറിയാം. (1യോഹന്നാൻ :2:5)***

ക്രിസ്തുവിൽ വസിക്കുന്നവൻ ദൈവസ്നേഹത്തിൽ പരിപൂർണ്ണനാകുന്നു, അവന്റെ ഉദ്ദേശ്യങ്ങളും ചിന്തകളും വാക്കുകളും പ്രവൃത്തികളും അവന്റെ ന്യായപ്രമാണത്തിലെ കല്പനകളിൽ പ്രകടമാകുന്ന ദൈവഹിതത്തോട് യോജിക്കുന്നതായിരിക്കും. ക്രിസ്തുവിൽ വസിക്കുന്ന മനുഷ്യന്റെ ഹൃദയത്തിൽ ദൈവത്തിന്റെ നിയമത്തിന്റെ ഏതെങ്കിലും പ്രമാണവുമായി യുദ്ധം ചെയ്യുന്ന ഒന്നും തന്നെയില്ല. ക്രിസ്തുവിന്റെ ആത്മാവ് ഹൃദയത്തിൽ ഉള്ളിടത്ത്, ക്രിസ്തുവിന്റെ സ്വഭാവം വെളിപ്പെടുത്തും, പ്രകോപനപരമായ അവസ്ഥയിൽ സൗമ്യതയും പരീക്ഷകളുടെ സമയങ്ങളിൽ ക്ഷമയും പ്രകടമാകും. “കുഞ്ഞുങ്ങളേ, ആരും നിങ്ങളെ ചതിക്കരുതു; നീതി ചെയ്യുന്നവൻ നീതിമാനാകും.” ദൈവത്തിന്റെ മഹത്തായ ധാർമ്മിക നിലവാരമായ പത്തു കൽപ്പനകളാൽ മാത്രമേ നീതിയെ നിർവചിക്കാൻ കഴിയൂ. എന്നാൽ സ്വഭാവം അളക്കാൻ മറ്റു യാതെയൊരു നിയമസംഹിതയും ഇല്ലതാനും.

**(9) ക്രിസ്തുവിന്റെ സ്വയം യാഗത്താലും, സ്വയം താഴ്ചയാലും, വീണ്ടെടുക്കുന്ന സ്നേഹത്താലും, നമ്മുടെ നിത്യമായ വീണ്ടെടുപ്പ് സാധ്യമാക്കുവാൻ അവൻ എന്തെല്ലാം ചെയ്തു?**

***ഒരു കൂടാരത്തിൽകൂടി ആട്ടുകൊറ്റന്മാരുടെയും പശുക്കിടാക്കളുടെയും രക്തത്താലല്ല, സ്വന്ത രക്തത്താൽ തന്നേ ഒരിക്കലായിട്ടു വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ചു***

*എന്നേക്കുമുള്ളോരു വീണ്ടെടുപ്പു സാധിപ്പിച്ചു. (എബ്രായർ:9:12)*

ദൈവത്തിന്റെ അത്ഭുതകരമായ പദ്ധതി, വീണ്ടെടുക്കുന്ന സ്നേഹത്തിന്റെ രഹസ്യം, എന്നിവയാൽ നിറഞ്ഞ നമ്മുടെ കൊച്ചു ലോകം പ്രപഞ്ചത്തിന്റെ പാഠപുസ്തകമാണ്. "മാലാഖമാർ കുനിഞ്ഞു ഭൂമിയിലേക്ക് നോക്കുവാൻ ആഗ്രഹിക്കുന്ന" വിഷയങ്ങൾ ആണിവ, അത് അനന്തമായ യുഗങ്ങളിലൂടെയുള്ള ദൂതന്മാരുടെ പഠനവിഷയവും ആയിരിക്കും. വീണ്ടെടുക്കപ്പെട്ടവരും വീഴ്ച സംഭവിക്കാത്തതുമായ ദൂതവർഗ്ഗങ്ങളും ക്രിസ്തുവിന്റെ ക്രൂശിൽ അവരുടെ ജ്ഞാനവും ആരാധനയും കണ്ടെത്തും. യേശുവിന്റെ മുഖത്ത് നിന്നും പ്രകാശിക്കുന്ന മഹത്വം തന്നെത്താൻ യാഗമായി സമർപ്പിച്ച സ്നേഹത്തിന്റെ മഹത്വമാണെന്ന് കാണാം. കാൽവരിയിൽ നിന്നുള്ള വെളിച്ചത്തിൽ നോക്കുമ്പോൾ, സ്വയം അർപ്പിക്കുന്ന സ്നേഹത്തിന്റെ നിയമം ഭൂമിക്കും സ്വർഗ്ഗത്തിനുമുള്ള ജീവ ധായക നിയമമാണെന്ന് കാണാം; "സ്വാർത്ഥത അന്വേഷിക്കാത്ത" സ്നേഹത്തിന്റെ ഉറവിടം ദൈവത്തിന്റെ ഹൃദയത്തിൽ ഉണ്ട്.

**(10) രക്ഷക്കായുള്ള ക്രിസ്തുവിന്റെ ആശ്ചര്യകരമായ ക്ഷണം സ്വീകരിക്കുമ്പോൾ, നാം എന്തിനാൽ അല്ല രക്ഷിക്കപ്പെടുന്നത്? എന്തിനാലാണ് രക്ഷിക്കപ്പെടുന്നത്?**

*അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചതു. നാം അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടിട്ടു പ്രത്യാശപ്രകാരം നിത്യജീവന്റെ അവകാശികളായിത്തീരേണ്ടതിന്നു പുനർജ്ജനനസ്നാനം കൊണ്ടും*

*(തീത്തോസ്:3:5,6)*

ഭക്തികെട്ടവരെ നീതീകരിക്കുന്നവനിൽ നമ്മൾ ആശ്രയിക്കാൻ ദൈവം ആഗ്രഹിക്കുന്നു. അവൻ പ്രതിഫലം നൽകുന്നത് നമ്മുടെ യോഗ്യതയനുസരിച്ചല്ല, മറിച്ച് “കർത്താവായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദിനിർണ്ണയപ്രകാരമാണ്". (എഫെ:3:11). “അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചതു.” (തീത്തൊസ്:3:5). അവനിൽ ആശ്രയിക്കുന്നവർക്കായി “എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്യും.” (എഫെ:3:20).

നമ്മൾ ചെയ്ത അധ്വാനത്തിന്റെ അളവോ, അവയാൽ ദൃശ്യമായ ഫലങ്ങളോ അല്ല, മറിച്ച് ഏതു ആത്മാവിൽ പ്രവൃത്തി ചെയ്തു എന്നതാണ് ദൈവം വിലമതിക്കുന്നതു. പതിനൊന്നാം മണിക്കൂറിൽ മുന്തിരിത്തോട്ടത്തിലേക്ക് വന്നവർ ജോലി ചെയ്യാനുള്ള അവസരത്തിന് നന്ദി പറഞ്ഞു. അവരെ സഹായിച്ചവരോട് അവരുടെ ഹൃദയം നിറഞ്ഞു. ദിവസത്തിന്റെ അവസാനത്തിൽ ഒരു മുഴുവൻ ദിവസത്തെ ജോലിയുടെ കൂലി ഉടമസ്ഥൻ നൽകിയപ്പോൾ, അവർ വളരെയധികം ആശ്ചര്യപ്പെട്ടു. അവർ അത്തരം വേതനം നേടിയിട്ടില്ലെന്ന് അവർക്ക് അറിയാമായിരുന്നു. അവരുടെ തൊഴിലുടമയുടെ മുഖത്ത് പ്രകടമായ ദയ അവരെ സന്തോഷിപ്പിച്ചു. വീട്ടുടമസ്ഥന്റെ നന്മയോ അവൻ ഉദാരമായി നൽകിയ കൂലിയോ അവർ ഒരിക്കലും മറക്കില്ല. അതുപോലെയാണ് പാപികളുടെ അവസ്ഥയും, തന്റെ അയോഗ്യതകൾ തിരിച്ചറിഞ്ഞുകൊണ്ട് യജമാനന്റെ

മുന്തിരി തോട്ടത്തിൽ പതിനൊന്നാം മണിക്ക് വേലയ്ക്കായി പ്രവേശിച്ചവരാണ്. അവന്റെ വേലയുടെ സമയം വളരെ ചുരുക്കം ആണെന്ന് മനസിലാക്കിയ വേലക്കാരൻ താൻ പൂർണ്ണ പ്രതിഫലത്തിന് അർഹനല്ലെന്നു ചിന്തിക്കുന്നു; എന്നാൽ ദൈവം തന്നെ സ്വീകരിച്ചതിൽ അവൻ അതിയായി സന്തോഷിക്കുന്നു. അവൻ താഴ്മയോടും വിശ്വസ്തതയുടെ ആത്മാവോടും കൂടെ തന്റെ പ്രവർത്തി ചെയ്തുകൊണ്ട്, ക്രിസ്തുവിനോടൊപ്പം സഹപ്രവർത്തകനാകാനുള്ള പദവിക്ക് നന്ദി പറയുന്നു. അവന്റെ ഈ ചിന്താഗതിയെ ബഹുമാനിക്കാൻ ദൈവം ഇഷ്ടപ്പെടുന്നു.

നമ്മുടെ പ്രതിഫലത്തിന്റെ അളവിനെക്കുറിച്ച് ഒരു ചോദ്യവുമില്ലാതെ അവനിൽ പൂർണ്ണമായി ആശ്വസിക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു. ക്രിസ്തു ആത്മാവിൽ വസിക്കുമ്പോൾ പ്രതിഫലത്തെക്കുറിച്ചുള്ള ചിന്ത അതിലും ഉയർന്നതല്ല. പ്രതിഫലത്തെക്കുറിച്ചുള്ള ചിന്തയാണ് ഞങ്ങളുടെ സേവനത്തെ പ്രാവർത്തികമാക്കുന്ന പ്രചോദന ശക്തി. ഒരു അധികാരത്തിനു കീഴടങ്ങിയിരിക്കുന്ന നമുക്ക് നമ്മുടെ വേലയ്ക്കായുള്ള പ്രതിഫലത്തിന്റെ വാഗ്ദാനത്തെ ബഹുമാനിക്കണം എന്നത് ശരിതന്നെ. തൻറെ വാഗ്ദത്ത അനുഗ്രഹങ്ങളെ വിലമതിക്കാൻ ദൈവം ആഗ്രഹിക്കുന്നു. എന്നാൽ, നമ്മൾ പ്രതിഫലത്തിന് വേണ്ടി വേലചെയ്യുന്നവരാകാനോ, നമ്മുടെ എല്ലാ കഷ്ടതകൾക്കും നഷ്ടപരിഹാരം ലഭിക്കും എന്ന് പ്രതീക്ഷിക്കുന്നവരോ ആകാൻ അവൻ ആഗ്രഹിക്കുന്നില്ല. ഒരു നേട്ടങ്ങളും കണക്കിലെടുക്കാതെ, ഉത്തമം ആയതു ചെയ്യുന്നത് നമുക്ക് ദൈവത്തിൽ നിന്നും പ്രതിഫലം

ലഭിക്കും എന്ന ആകാംഷകൊണ്ട് ആകാറുണ്ട്. ദൈവത്തോടും സഹമനുഷ്യരോടും ഉള്ള സ്നേഹമായിരിക്കണം നമ്മുടെ പ്രവർത്തികളിൽ ലക്ഷ്യം.

*വിശ്വാസത്താൽ, അവന്റെ രക്തത്താലും നീതീകരണത്താലും എന്നെ അബ്രഹാമിന്റെ ആത്മീയ സന്തതിയാണ് കണക്കാക്കപ്പെടുകയും അതിനാൽ ഞാൻ പാപത്തിന്റെ ശക്തിയെ ജയിക്കുകയും ജയാളി ആയിത്തീരുകയും ചെയ്തതിനാൽ ദൈവത്തോട് നന്ദിയുള്ളവനാണ്.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

*എന്നോടുള്ള അവിടുത്തെ അതിയായ സ്നേഹത്തിന് ഞാൻ കർത്താവായ യേശുവിനോട് നന്ദി പറയുകയും സ്തുതിക്കുകയും ചെയ്യുന്നു. എന്റെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും അവനെ മഹത്വപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

*എന്നെ വളരെയധികം വിലമതിച്ചതിന് എന്റെ ഹൃദയം ക്രിസ്തുവിനോടുള്ള സ്നേഹത്താൽ നിറഞ്ഞിരിക്കുന്നു, അങ്ങനെ അവൻ ദൈവത്തിന്റെ കുടുംബത്തിലേക്ക് എന്നെ വീണ്ടെടുക്കുന്ന ബന്ധുവായിത്തീർന്നു.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

അതെ　　　　　തീരുമാനിച്ചില്ല

സംശയാലുവായി എന്റെ മൂല്യങ്ങളിൽ തന്നെ അടിയുറച്ച് നിൽക്കാതെ ക്രിസ്തുവിന്റെ യോഗ്യതയെ ആശ്രയിക്കുകയും എന്റെ നീതിയും രക്ഷകനുമായ യേശുക്രിസ്തു നൽകിയ യോഗ്യതയെ വിശ്വാസത്തിൽ മുറുകെ പിടിക്കുകയും ചെയ്യുവാൻ ഞാൻ തീരുമാനിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ　　　　　തീരുമാനിച്ചില്ല



## അദ്ധ്യായം 13
## ദൈവ സ്നേഹത്തിൽ വസിക്കുക

**(1) ദൈവത്തിന്റെ കൃപയാൽ നമ്മൾ സ്നേഹത്തിൽ വസിക്കുവാൻ തീരുമാനിക്കുന്നതിന്റെ പരിണിതഫലം എന്താണ്?**

***ഇങ്ങനെ ദൈവത്തിന്നു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നേ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു. (1യോഹന്നാൻ:4:16)***

സ്നേഹത്തിന്റെ അന്തരീക്ഷത്തിൽ നാം സ്വയം പരിപാലിക്കുമ്പോഴെല്ലാം, തുടർമാനമായി നമ്മെത്തന്നെ ദൈവസന്നിധിയിൽ സ്വയം പരിപാലിച്ചുകൊണ്ടിരിക്കുകയാണ്. നാം സ്നേഹത്തിൽ വസിക്കുന്നതിനാൽ, സ്നേഹമാകുന്ന ദൈവത്തിൽ വസിക്കുന്നു (വാക്യം 8). പ്രതികൂല സ്വാധീനങ്ങൾക്കിടയിലും, ദൈവത്തോടും മനുഷ്യരോടും ഉള്ള സ്നേഹത്തിന്റെ മണ്ഡലത്തിൽ നിരന്തരം നിലനിൽക്കുന്നതിന്, അസാധാരണമായ ദൈവശക്തി ആവശ്യമാണ്. ഈ

ആത്മീയ ശക്തി ലഭിക്കാൻ കർത്താവുമായുള്ള നിരന്തരമായ കൂട്ടായ്മയിലൂടെ മാത്രമേ കഴിയൂ.

സ്നേഹത്തിന്റെ ദൈവവുമായി ഒരുമിച്ചുള്ള വാസത്തിന്റെ സന്തോഷം ആസ്വദിച്ച എല്ലാവർക്കും, തങ്ങളുടെ പ്രയത്നത്തിനൊത്ത പ്രതിഫലം ലഭിക്കും എന്നറിയാം. സാത്താനും അത് അറിയാം, അതിന്റെ മൂല്യത്തെ നേരിട്ട് നിഷേധിക്കാൻ ശ്രമിക്കാതിരിക്കാൻ അവൻ സമർത്ഥനാണ്. പകരം, അപ്രധാന്യമായ ചില ചെറിയ കാര്യങ്ങൾ തിളക്കമാർന്ന നിറങ്ങളിൽ അവതരിപ്പിക്കുകയും ഒരു ചെറിയ നിമിഷം മാത്രമാണെങ്കിലും നമ്മുടെ ചിന്തകളെ അവയിൽ കേന്ദ്രീകരിക്കാൻ നമ്മെ ആകർഷിക്കുകയും ചെയ്യുന്നു. അങ്ങനെ നമ്മുടെ ശ്രദ്ധ ദൈവത്തിൽ നിന്ന് വ്യതിചലിപ്പിക്കാൻ കഴിഞ്ഞാൽ, പിന്നീട് എപ്പോഴും, നമുക്കും മറ്റുള്ളവർക്കും ദോഷകരമായേക്കാവുന്ന ചിന്തകളിലേക്ക് മനസ്സിനെ നയിക്കുന്നതിൽ അവൻ വിജയിക്കുന്നു. അത് തിരിച്ചറിയുന്നതിനോ അല്ലെങ്കിൽ നാം അകപ്പെട്ടിരിക്കുന്ന അപകടം എന്താണെന്ന് മനസ്സിലാക്കുന്നതിനോ മുമ്പായി, വെറുപ്പിന്റെ ചിന്തകൾ നമ്മിൽ പിടിമുറുക്കുന്നു, അതിന്റെ ഫലമായി സ്നേഹവും ദൈവവും നമ്മുടെ ഹൃദയത്തിൽ നിന്ന് പുറന്തള്ളപ്പെടുന്നു. ഇവയെല്ലാം പഴയ തന്ത്രങ്ങളാണ്, പക്ഷേ ഇതെല്ലാം ഇപ്പോഴും വളരെ വിജയകരമായി പ്രയോഗിച്ചുകൊണ്ടിരിക്കുന്നു!

ദൈവത്തിന്റെ പക്കൽ നിന്നും നാം ആസ്വദിച്ച അനുഗ്രഹങ്ങളെ മനസ്സിൽ കേന്ദ്രീകൃതമാക്കുന്നതാണ് നമ്മുടെ ഏറ്റവും മികച്ച പ്രതിരോധം (സങ്കീർത്തനം:63:6; 139:17,18). നമ്മുടെ സന്തോഷങ്ങളെക്കുറിച്ച് മറ്റുള്ളവരോട്

പറയുമ്പോൾ ദൈവം നമുക്കുവേണ്ടി എന്തുചെയ്തു, അവനുമായുള്ള കൂട്ടായ്മ ഏതു വിധത്തിലുള്ളതാണ്, എന്നിവയെക്കുറിച്ചുള്ള ഓർമ്മകളും ശക്തിപ്പെടുന്നു. അത്തരം സാക്ഷ്യങ്ങൾ നമ്മുടെ സഹോദരന്മാരെ പ്രോത്സാഹിപ്പിക്കുകയും നമ്മളും സ്വർഗ്ഗവും തമ്മിലുള്ള ബന്ധം നിലനിർത്താനുള്ള നമ്മുടെ ദൃഢനിശ്ചയത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു (മലാഖി:3:16).

**(2) നാം മറ്റുള്ളവരോട് കാണിക്കുന്ന സ്നേഹം ദൈവത്തോടുള്ള നമ്മുടെ ബന്ധത്തിൽ എങ്ങനെ പ്രതിഫലിക്കുന്നു?**

***പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽനിന്നു വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു, ദൈവത്തെ അറികയും ചെയ്യുന്നു. (1യോഹന്നാൻ :4:7)***

ക്രിസ്തു ഹൃദയത്തിൽ വസിക്കുന്നവന്റെ ജീവിതത്തിൽ പ്രായോഗിക ദൈവഭക്തി വെളിപ്പെടുത്തും. സ്വഭാവം ശുദ്ധീകരിക്കപ്പെടും, ഉയർത്തപ്പെടും, ഉത്ക്കൃഷ്ടമാക്കപ്പെടും, മഹത്വപ്പെടുത്തും. ശുദ്ധമായ ഉപദേശം നീതിയുടെ പ്രവൃത്തികളുമായി കൂടിച്ചേരുകയും; സ്വർഗ്ഗീയ പ്രമാണങ്ങൾ വിശുദ്ധ ആചാരങ്ങളുമായി ഇടകലരുകയും ചെയ്യും.

സഹമനുഷ്യരോടുള്ള നമ്മുടെ സ്നേഹത്തിന്റെ സുഗന്ധമാണ് ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തെ വെളിപ്പെടുത്തുന്നത്. ശുശ്രൂഷയിലെ ക്ഷമയാണ് ആത്മാവിന് വിശ്രമം നൽകുന്നത്. വിനീതവും ഉത്സാഹവും വിശ്വസ്തവുമായ അധ്വാനത്തിലൂടെയാണ്

ഇസ്രായേലിന്റെ (മറ്റുള്ളവരുടെ) ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നത്. ക്രിസ്തുവിന്റെ വഴി പിന്തുടരാൻ തയ്യാറുള്ളവനെ ദൈവം തങ്ങുകയും ശക്തിപ്പെടുത്തുകയും ചെയ്യും.

ക്രിസ്തുവിന്റെ സ്നേഹം പോലെ നിർവ്യാജ സ്നേഹം തന്റെ സഹോദരന്മാരോടു കാണിക്കാൻ കഴിയാത്ത ഒരു മനുഷ്യന് നിത്യജീവനിലേക്ക് വിശ്വാസം അർപ്പിക്കാൻ കഴിയുമെന്ന് കരുതുന്നത് ഏറ്റവും വലിയതും ധൗർഭാഗ്യകരവുമായ വഞ്ചനയാണ്. ദൈവത്തെയും അയൽക്കാരനെയും സ്നേഹിക്കുന്നവൻ വെളിച്ചവും സ്നേഹവും കൊണ്ട് നിറഞ്ഞിരിക്കുന്നു. ദൈവം അവനിലും അവന്റെ ചുറ്റിലും ഉണ്ട. ക്രിസ്തുവിനെ അനുഗമിക്കുന്ന വർ, തങ്ങൾക്കു ചുറ്റുമുള്ളവരെ, ക്രിസ്തു അവർക്കുവേണ്ടി കൂടിയാണ് മരിച്ചതെന്ന് മനസിലാക്കി, അവരെയും വിലപ്പെട്ട ആത്മാക്കളായി കരുതി സ്നേഹിക്കുന്നു. ക്രിസ്തുവിനെ അനുഗമിക്കുന്നവരിൽ സ്നേഹം ഇല്ലാത്തവർ എന്നൊരു വിഭാഗമില്ല; "ദൈവം സ്നേഹമാണ്", "അവന്റെ കല്പനകൾ പ്രമാണിച്ചാൽ നാം അവനെ അറിയുന്നു എന്നു നാം അറിയുന്നു. "ഞാൻ അവനെ അറിയുന്നു, അവന്റെ കല്പനകളെ പ്രമാണിക്കുന്നില്ല" എന്നു പറയുന്നവൻ കള്ളനാണ്, സത്യം അവനിൽ ഇല്ല."

**(3) കരുണയ്ക്കായി കാത്തിരുന്നുംകൊണ്ടു ദൈവസ്നേഹത്തിൽ നിങ്ങളെ സൂക്ഷിക്കുകയും, നിത്യജീവനായി വാഞ്ചിക്കുവാനും, ആരോടാണ് ഈ വചനങ്ങൾ ഉപദേശിക്കുന്നത്?**

*നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണെക്കായി കാത്തിരുന്നുംകൊണ്ടു ദൈവ*

*സ്നേഹത്തിൽ നിങ്ങളെത്തന്നേ സൂക്ഷിച്ചുകൊൾവിൻ. (യൂദാ:1:21)*

ക്രിസ്തുവിനെകുറിച്ചുള്ള ധ്യാനത്തിൽ നാം അളക്കാനാവാത്ത ഒരു സ്നേഹത്തിന്റെ തീരത്ത് സർവം മറന്നവരായി സമയം ചിലവഴിക്കും. ഈ സ്നേഹത്തെക്കുറിച്ച് പറയാനാണു ഞങ്ങൾ ശ്രമിക്കുന്നതു, എന്നാൽ വാക്കുകളുടെ അപര്യാപ്തതയാൽ ആ ഉദ്യമത്തിൽ ഞങ്ങൾ പരാജയപ്പെടുന്നു. നമ്മൾ, ക്രിസ്തുവിന്റെ ഭൂമിയിലെ ജീവിതം, നമുക്കുവേണ്ടിയുള്ള ത്യാഗം, നമ്മുടെ വക്താവായി സ്വർഗ്ഗത്തിലുള്ള അവന്റെ പ്രവൃത്തികൾ, അവനെ സ്നേഹിക്കുന്നവർക്കായി അവൻ ഒരുക്കുന്ന രമ്യഹർമ്യങ്ങൾ എന്നിവ പരിഗണിക്കുന്നു, ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ഉയരവും ആഴവും എത്രയാണെന്നത് മനസ്സിലാക്കുമ്പോൾ നമുക്ക് ആശ്ചര്യപ്പെടാനേ കഴിയൂ! “ഇവിടെ ആ മഹത്തായ സ്നേഹം വെളിപ്പെട്ടിട്ടുണ്ട്, അത് നാം ദൈവത്തെ സ്നേഹിച്ചു എന്നല്ല, മറിച്ച് അവൻ നമ്മെ സ്നേഹിച്ചു, നമ്മുടെ പാപങ്ങളുടെ പ്രായശ്ചിത്തമായി തന്റെ പുത്രനെ അയച്ചു” എന്നതാണ്. “കാൺമീൻ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടേണ്ടതിന് പിതാവ് നമുക്ക് എത്ര വലിയസ്നേഹം നൽകിയിരിക്കുന്നു." (1യോഹന്നാൻ:4:10; 3:1).

ഓരോ യഥാർത്ഥ ശിഷ്യനിലും ഈ സ്നേഹം, വിശുദ്ധ തീ പോലെ, ഹൃദയത്തിന്റെ ബലിപീഠത്തിൽ കത്തുന്നു. ഭൂമിയിലായിരുന്നു ദൈവസ്നേഹം ക്രിസ്തുവിലൂടെ വെളിപ്പെട്ടത്. നിഷ്കളങ്കമായ ജീവിതം നയിക്കുന്നതിലൂടെ ഈ സ്നേഹത്തെ പ്രതിഫലിപ്പിക്കേണ്ടത് അവന്റെ മക്കളായ നമ്മളാണ്. നാം അങ്ങനെ ചെയ്യുമ്പോൾ ദൈവത്തിന്റെ

കുഞ്ഞാടിനെ കണ്ടുമുട്ടാൻ പാപികളെ ക്രൂശിലേക്ക് നയിക്കുന്നവരായിത്തീരും.

**(4) അവന്റെ സ്നേഹത്തിൽ സമ്പൂർണ്ണമായി നിലനിൽക്കേണ്ടതിനു കർത്താവിൽ വസിക്കുക എന്ന നമ്മുടെ ബന്ധത്തിൽ ഉണ്ടായിരിക്കേണ്ട രണ്ടു ഉത്തരവാദിത്തങ്ങൾ ഏതെല്ലാമാണ്?**

***ആകയാൽ നിങ്ങൾ ദൈവത്തിന്നു കീഴടങ്ങുവിൻ; പിശാചിനോടു എതിർത്തുനില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും. (യാക്കോബ്:4:7)***

വീണ്ടെടുപ്പിന്റെ എല്ലാ പദ്ധതികളും ഈ വിലയേറിയ വാക്കുകളിൽ പ്രകടമാണ്: കാരണം, "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." അവന്റെ നീതി പാപികൾക്ക് കണക്കാക്കപ്പെടാനും മാനസാന്തരത്തിലൂടെയും വിശ്വാസത്തിലൂടെയും സ്വഭാവ വിശുദ്ധിയാൽ അവനെപ്പോലെ ആകുവാനും വേണ്ടി ലോകത്തിന്റെ പാപങ്ങളുടെ ശിക്ഷ ക്രിസ്തു വഹിച്ചു. അവിടുന്ന് പറയുന്നു, “മനുഷ്യന്റെ പാപങ്ങളുടെ ശിക്ഷ ഞാൻ വഹിക്കുന്നു. നീതിമാനായ ദൈവത്തിനെ മുൻപിൽ നിർത്തേണ്ടതിനായി മാനസാന്തരപ്പെടുന്ന പാപികളുടെ ശിക്ഷയും ഞാൻ ഏറ്റെടുക്കുന്നു.” ഒരു പാപി ക്രിസ്തുവിൽ വിശ്വസിക്കുന്ന നിമിഷം, അവൻ ശിക്ഷകളിൽ നിന്നും മോചിക്കപ്പെട്ടവനായി ദൈവസന്നിധിയിൽ നിൽക്കുന്നു; ക്രിസ്തുവിന്റെ നീതി അവന്റേതായി മാറ്റപ്പെടുന്നു: ക്രിസ്തുവിന്റെ പൂർണ അനുസരണം അവനു

കണക്കാക്കപ്പെടുന്നു. എന്നാൽ അവൻ ദൈവികശക്തിയുമായി ബന്ധമുള്ളവനായി പാപത്തെ അതിജീവിക്കുവാൻ തന്റെ മനുഷ്യാവസ്ഥയിൽ ചെയ്യാൻ പറ്റുന്ന എല്ലാ പരിശ്രമങ്ങളും ചെയ്യുന്നവനായി, ക്രിസ്തുവിൽ തന്നേ പൂർണ്ണമായി നിലകൊള്ളേണം. {FE 429}

**(5) ദൈവവുമായുള്ള നിരന്തര ബന്ധത്തിൽ വസിക്കുവാൻ നമ്മെ സഹായിക്കുന്നതായി യാക്കോബ് പറയുന്ന മൂന്നു കാര്യങ്ങൾ ഏതെല്ലാമാണ്?**

***ദൈവത്തോടു അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോടു അടുത്തുവരും. പാപികളേ, കൈകളെ വെടിപ്പാക്കുവിൻ; ഇരുമനസ്സുള്ളോരേ, ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ; (യാക്കോബ്:4:8)***

**(6) ദൈവത്തിന്റെ തേജസ് (അവന്റെ സ്നേഹത്തിന്റെ സ്വഭാവം) ദർശിക്കുന്നവരായി എല്ലായിപ്പോഴും ദൈവത്തിൽ വസിക്കുകയാണെങ്കിൽ പരിശുദ്ധമാതാവിനാൽ എന്തിൽ നിന്നും എന്തിലേക്കു രൂപാന്തരപ്പെടുന്നവരായിത്തീരും?**

***എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ചു അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു. (2 കൊരിന്ത്യർ:3:18)***

ദൈവസ്നേഹത്തിന്റെ വെളിപ്പെടുത്തലും, അവന്റെ കരുണയും, നന്മയും, പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ഹൃദയത്തെ

പ്രകാശിപ്പിക്കുകയും പുതുക്കുകയും ചെയ്തുകൊണ്ട് വിശ്വാസത്തിലൂടെ, ക്രിസ്തുവിനോടുള്ള വളരെ അടുത്ത ബന്ധത്തിലൂടെയും, അവന്റെ സ്വഭാവത്തെപ്പറ്റി വ്യക്തമായ ധാരണ ഉണ്ടാവുകയും, സാത്താന്റെ തന്ത്രപരമായ വഞ്ചനകളെ നമുക്ക് മനസ്സിലാക്കാൻ കഴിയുകയും ചെയ്യും. യേശുവിലേക്കു നോക്കുന്നതും അവന്റെ യോഗ്യതകളിൽ ആശ്രയിക്കുന്നതും വെളിച്ചത്തിന്റെയും, സമാധാനത്തിന്റെയും, പരിശുദ്ധാത്മാവിൽ സന്തോഷത്തിന്റെയും അനുഗ്രഹങ്ങൾക്ക് അനിവാര്യമാണ്. ക്രിസ്തു നമുക്കായി ചെയ്തിരിക്കുന്ന വലിയ കാര്യങ്ങളുടെ വീക്ഷണത്തിൽ "ഇതാ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ എത്ര വലിയ സ്നേഹം പിതാവു നമുക്കു നൽകിയിരിക്കുന്നു.": എന്ന് നാം ആശ്ചര്യപ്പെടും.

സഹോദരീ സഹോദരന്മാരേ, നാം കാണുന്നതിലൂടെയാണ് മാറ്റമുള്ളവരായി തീരുന്നതു. ദൈവത്തിന്റെയും നമ്മുടെ രക്ഷകന്റെയും സ്നേഹത്തിൽ വസിക്കുന്നതിലൂടെയും, ദൈവിക സ്വഭാവത്തിന്റെ പൂർണതയെക്കുറിച്ച് ആലോചിക്കുന്നതിലൂടെയും വിശ്വാസത്താൽ ക്രിസ്തുവിന്റെ അവകാശം നമ്മുടേതായി അവകാശപ്പെടുന്നതിലൂടെയും, നാം അതേ സാദൃശ്യത്തിലേക്കു പരിവർത്തനം ചെയ്യപ്പെടണം. അപ്പോൾ, സാത്താന്റെ ശക്തിയുടെ തെളിവായ പാപത്തിനെയും അകൃത്യത്തിന്റെയും, നിരാശയുടെയും അസന്തുഷ്ടി ഉളവാക്കുന്ന യാതൊരു ചിന്തകളും നമ്മുടെ ഓർമ്മകളിൽ അവശേഷിപ്പിച്ചുകൊണ്ടു നമ്മുടെ ഹൃദയം ചഞ്ചലമാകുമാറ് ദുഖിക്കുന്നവർ ആകരുത്.

നിരുത്സാഹിതനായ ആത്മാവ് ഇരുട്ടിന്റെ ശരീരമാണ്, ദൈവത്തിന്റെ വെളിച്ചം സ്വീകരിക്കുന്നതിൽ സ്വയം പരാജയപ്പെടുക മാത്രമല്ല, മറ്റുള്ളവരിൽ നിന്ന് അത് അടയ്ക്കുകയും ചെയ്യുന്നു. മനുഷ്യരെ വിശ്വാസമില്ലാത്തവരും നിരാശരുമാക്കികൊണ്ടു, തന്റെ വിജയങ്ങളുടെ ഫലം കാണാൻ സാത്താൻ ഇഷ്ടപ്പെടുന്നു.

**(7) നമ്മുടെ ഹിതങ്ങൾ ദൈവത്തിന്റെ ഇഷ്ടങ്ങൾക്കു മുന്നിൽ സമ്പൂർണ്ണമായി സമർപ്പിക്കുവാൻ തക്കവണ്ണം നാം അവനെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നതിന്റെ അനന്തരഫലം എന്താണ്?**

***ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു. (1 യോഹന്നാൻ 2:17)***

ശുദ്ധമായ മതം ഇച്ഛയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇച്ഛാശക്തി മനുഷ്യന്റെ സ്വഭാവത്തിലുള്ള ഭരണശക്തിയാണ്, മറ്റെല്ലാ കഴിവുകളെയും അതിന്റെ നിയന്ത്രണത്തിലാക്കുന്നു. ഇച്ഛാശക്തി അഭിരുചിയോ പക്ഷാപാതപരമോ അല്ല, മറിച്ച് അത് ഒരു നിർണ്ണായക ശക്തിയാണ്, അത് മനുഷ്യരുടെ മക്കളിൽ ദൈവത്തെ അനുസരിക്കുന്നതിനോ അല്ലെങ്കിൽ, അനുസരണക്കേട് കാണിക്കുന്നതിനോ പ്രവർത്തിക്കുന്നു....

നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ നിങ്ങളുടെ ഉൾപ്രേരണകളെയും വികാരങ്ങളെയും നിയന്ത്രിക്കാൻ കഴിയില്ല, പക്ഷേ നിങ്ങൾക്ക് ഇച്ഛാശക്തി നിയന്ത്രിക്കാൻ കഴിയും, മാത്രമല്ല നിങ്ങളുടെ ജീവിതത്തിൽ ഒരു മുഴുവൻ മാറ്റം വരുത്താനും കഴിയും.

നിങ്ങളുടെ ഇഷ്ടങ്ങൾ ക്രിസ്തുവിനു സമർപ്പിക്കുന്നതിലൂടെ, നിങ്ങൾ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുകയും, എല്ലാ വാഴ്ചകളുടെയും ശക്തികളേക്കാൾ വലിയ ശക്തി നിങ്ങളിൽ വസിക്കുകയും ചെയ്യും. ദൈവത്തിന്റെ ബലത്തിലേക്കു നിങ്ങളെ മുറുകെ പിടിക്കുന്ന വലിയ ബലം നിങ്ങൾക്കുണ്ടാകും, ജീവനുള്ള വിശ്വാസത്തിന്റെ വെളിച്ചം പോലെ ഒരു പുതിയ വെളിച്ചം നിങ്ങൾക്ക് ലഭ്യമാകും.  നിങ്ങളുടെ ഇച്ഛകൾ ദൈവഹിതവുമായി സഹകരിച്ചെങ്കിൽ മാത്രമേ ഇവയൊക്കെ സാധ്യമാവുകയുള്ളു.

നമ്മുടെ ഇച്ഛകൾ കർത്താവിന്റെ പക്ഷത്ത് സ്ഥിരമായി സൂക്ഷിക്കുന്നതിലൂടെ, നിങ്ങൾ എല്ലാ വികാരങ്ങളെയും... യേശുവിന്റെ ഹിതത്താൽ കീഴടക്കപ്പെട്ടവ ആക്കും. അപ്പോൾ നിങ്ങളുടെ പാദങ്ങൾ പാറമേൽ ഉറപ്പിച്ചിട്ടുള്ളതായി നിങ്ങൾക്ക് മനസിലാക്കുവാൻ കഴിയും. ചില സമയങ്ങളിൽ, നിങ്ങളുടെ ഇച്ഛാശക്തിയുടെ ഓരോ കണികയും എടുത്ത് മാറ്റും, എന്നാൽ അങ്ങനെയുള്ള സന്ദർഭങ്ങളിലൂടെ കടന്നുപോയിട്ടു ദൈവം നിങ്ങളെ ഒരു മാനപാത്രമാക്കി പുറത്ത് കൊണ്ടുവരും.

**(8) നാം അറിഞ്ഞ എന്ത് കാര്യങ്ങളെ സ്നേഹിക്കുകയും, അതിൽ വസിക്കുകയും ചെയ്യുമ്പോഴാണ് നമുക്ക് പിതാവിലും അവന്റെ പുത്രനായ യേശുവിലും വസിക്കുവാൻ കഴിയുന്നത്?**

***നിങ്ങൾ സത്യം അറിയായ്കകൊണ്ടല്ല, നിങ്ങൾ അതു അറികയാലും ഭോഷ്കു ഒന്നും സത്യത്തിൽനിന്നു വരായ്കയാലുമത്രേ ഞാൻ നിങ്ങൾക്കു***

*എഴുതിയിരിക്കുന്നതു. (1യോഹന്നാൻ: 2:21)*

***നിങ്ങൾ ആദിമുതൽ കേട്ടതു നിങ്ങളിൽ വസിക്കട്ടെ. ആദിമുതൽ കേട്ടതു നിങ്ങളിൽ വസിക്കുന്നു എങ്കിൽ നിങ്ങൾ പുത്രനിലും പിതാവിലും വസിക്കും. (1യോഹന്നാൻ: 2:24)***

ബൈബിൾ പഠിക്കേണ്ടതുപോലെ പഠിച്ചിട്ടില്ല; അത് ജീവിതവാഴ്ചയല്ല. അതിന്റെ പ്രമാണങ്ങൾ സത്യസന്ധമായി പിന്തുടർന്ന്, സ്വഭാവത്തിന്റെ അടിസ്ഥാനമാക്കിയിരുന്നെങ്കിൽ, അനുമാനങ്ങളോ, ലൗകിക ശക്തികളോ ഗൗരവമായി സ്വാധീനിക്കാൻ കഴിയാത്ത ലക്ഷ്യത്തിന്റെ സ്ഥിരത ഉണ്ടാകുമായിരുന്നു. അങ്ങനെ ദൈവ വചനത്താൽ പണിയപ്പെടുന്ന ഒരു സ്വഭാവം ഉരുവാകയും, കഷ്ടതയുടെയും പരീക്ഷയുടെയും ദിനങ്ങളിലും വചനത്തോട് ചേർന്ന് നിൽക്കുകയും ചെയ്യും. മനസാക്ഷി പ്രബുദ്ധമാക്കികൊണ്ടു, ഹൃദയത്തിൽ ലഭിച്ച സത്യത്തിന്റെ സ്നേഹത്താൽ ജീവിതം വിശുദ്ധമാക്കികൊണ്ടു ലോകത്തിന്റെ രക്ഷക്കായി നിലകൊള്ളുകയും ചെയ്യണം.

ഉത്സാഹവാനായി, ഉറപ്പുള്ളവനായി, പ്രമാണങ്ങളിൽ പാറപോലെ അടിയുറച്ചവനായി, ഏതു പ്രതിസന്ധി ഘട്ടങ്ങളെയും അഭിമുഖീകരിക്കാൻ തയ്യാറുള്ളവനായി തക്കസമയത് പ്രവർത്തിക്കുന്നവനായിരിക്കുക എന്നതാണ് ആവശ്യം.
എന്തുകൊണ്ടാണ് നമ്മൾ ഇത്ര ദുർബലരായിരിക്കുന്നത്? നിരുത്തരവാദികളായ അനേകം മനുഷ്യർ നമുക്കിടയിൽ ഉണ്ടായിരിക്കുന്നത് എന്തുകൊണ്ടാണ്? കാരണം അവർക്കു ദൈവവുമായി ബന്ധമില്ലാത്തതുകൊണ്ടാണ്; അവർക്ക്

ഒരു രക്ഷകനില്ല, ക്രിസ്തുവിന്റെ സ്നേഹം ഒരിക്കലും പുതിയതും പുതുക്കമുള്ളതും ആയി അനുഭവപ്പെടുന്നില്ല.... ഈ സ്നേഹത്തെപ്പോലെ ഭൗമികമായ ഒരു ബന്ധവും ശക്തമല്ല. ഒന്നിനെയും ഇതുമായി താരതമ്യം ചെയ്യാൻ കഴിയുകയും ഇല്ല.

**(9) നാം ദൈവസ്നേഹത്തിൽ പൂർണ്ണമായി വസിക്കുമ്പോൾ, നമ്മുടെ സ്നേഹം എങ്ങനെ പ്രകടമാക്കപ്പെടും?**

***എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും തന്റെ സഹോദരന്നു മുട്ടുള്ളതു കണ്ടിട്ടു അവനോടു മനസ്സലിവു കാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും? കുഞ്ഞുങ്ങളേ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നേ സ്നേഹിക്കുക. (1യോഹന്നാൻ: 3:17-18)***

ഓരോ വ്യക്തിയും, സ്വന്തം പ്രവൃത്തിയിലൂടെ, ഒന്നുകിൽ അവന്റെ ആത്മാവ് അവനിൽ വളരുന്നതോ, അവന്റെ മാതൃക പിന്തുടരുന്നതോ, അല്ലെങ്കിൽ സ്വയം ത്യജിക്കൽ, വിശ്വാസം, അനുസരണം എന്നിവയിലൂടെ ക്രിസ്തുവുമായി വ്യക്തിപരമായ ഐക്യത്തിലേക്ക് പ്രവേശിക്കുന്നതോ നിരസിക്കുന്നു. നാം ഓരോരുത്തരും അവനുവേണ്ടി ക്രിസ്തുവിനെ തിരഞ്ഞെടുക്കണം, കാരണം അവൻ ആദ്യം നമ്മെ തിരഞ്ഞെടുത്തു. പ്രകൃത്യാ അവനുമായി ശത്രുക്കളായിരിക്കുന്നവരാണ് ക്രിസ്തുവുമായുള്ള ഈ ഐക്യം രൂപപ്പെടുത്തേണ്ടത്. അഹങ്കാരം നിറഞ്ഞ ഒരു ഹൃദയത്തിലേക്ക് പ്രവേശിക്കുന്നത് തികച്ചും ആശ്രിതത്വത്തിന്റെ ഒരു ബന്ധമാണ്. ഇത് അവനോടു ചേർന്ന് നിന്ന്

ചെയ്യേണ്ട പ്രവർത്തിയാണ്, ക്രിസ്തുവിന്റെ അനുഗാമികളെന്ന് അവകാശപ്പെടുന്ന അനേകർക്ക് ഇതിനെക്കുറിച്ച് ഒന്നും അറിയില്ല. അവർ രക്ഷകനെ നാമമാത്രമായി സ്വീകരിക്കുന്നു, പക്ഷേ അവൻ അവരുടെ ഹൃദയത്തിന്റെ ഏക ഭരണാധികാരിയായിട്ടല്ല.

**(10) നമ്മോടുള്ള അവന്റെ മഹാസ്നേഹം നിമിത്തം, പാപത്തിന്റെ ശക്തികളിൽ നിന്നും ജയാളികളാകുന്നതിനുവേണ്ടി നമ്മെ ശക്തീകരിക്കുകയും തയ്യാറാക്കുകയും ചെയ്യുന്നതിനുവേണ്ടി നമ്മുടെ ഹൃദയങ്ങളിൽ സംഗ്രഹിക്കേണ്ടതിനായി ദൈവം തന്നിട്ടുള്ളത് എന്താണ്?**

***ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിന്നു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു. (സങ്കീർത്തനങ്ങൾ:119:11)***

ഹൃദയത്തിലും ആത്മാവിലും വസിക്കുന്ന ദൈവ വചനം നമ്മെ ക്രിസ്തുവിന്റെ ക്രൂശിലെ നല്ല പടയാളിയായി പോരാടുവാൻ പ്രചോദിപ്പിക്കുകയും സജ്ജമാക്കുകയും ചെയ്യുന്നു (എഫെ. 6:17 കാണുക). മനുഷ്യന്റെ തകർന്ന അവസ്ഥ, സാത്താന്റെ കൗശലം, ദ്രോഹം, പരിശുദ്ധാത്മാവിനാൽ ക്രിസ്തുവിന്റെ രക്ഷാ ശക്തി, അതിന്റെ ഭക്തിയിലൂടെ മനുഷ്യർ എത്തിച്ചേരേണ്ട ഉയർന്ന നിലവാരം, ജയിച്ചവന്റെ മഹത്തായ പ്രതിഫലം എന്നിവ ഇത് വെളിപ്പെടുത്തുന്നു. പരീക്ഷകനുമായുള്ള പോരാട്ടത്തിൽ രക്ഷകൻ ദൈവവചനം ഉപയോഗിച്ചതായി കാണാം (മത്താ:4: 1-11). ഒരു മനുഷ്യനായി നിന്നുകൊണ്ട് മാനുഷികമായ ഈ പ്രലോഭനങ്ങളോട് അവിടുന്ന് പോരാടുകയും, ആ അവസരത്തിൽ പരിശുദ്ധമാതാവ്

രക്ഷകന് നൽകിയ വചനങ്ങളെക്കാൾ ഉത്തമമായ ആയുധം വേറെ ഒന്നുമില്ലായിരുന്നു (മത്താ:4: 4,7,10). ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ മാതൃക പിന്തുടരുമ്പോൾ, ദൈവത്തിന്റെ വിലയേറിയ വചനത്താൽ അവരുടെ ഹൃദയം നിറയ്ക്കുകയും അതിന്റെ ഉപദേശങ്ങൾ പാലിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ സ്വയം പാപത്തിനെതിരായ വിജയം നേടാൻ കഴിയൂ.

**(11) ദൈവസ്നേഹം വാസ്തവമായി നമ്മിൽ തികഞ്ഞിരിക്കുന്നു എന്നും നാം അവനിൽ വസിക്കുന്നുവെന്നും എങ്ങിനെ നമുക്ക് അറിയുവാൻ കഴിയും?**

***എന്നാൽ ആരെങ്കിലും അവന്റെ വചനം പ്രമാണിക്കുന്നു എങ്കിൽ അവനിൽ ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു. നാം അവനിൽ ഇരിക്കുന്നു എന്നു ഇതിനാൽ നമുക്കു അറിയാം. അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു. (1യോഹന്നാൻ :2:5-6)***

നമ്മുടെ അനുസരണത്താൽ നാം രക്ഷ നേടുന്നില്ല; രക്ഷ ദൈവത്തിൻറെ സൗജന്യ ദാനമാണ്. എന്നാൽ അനുസരണം വിശ്വാസത്തിന്റെ ഫലമാണ്. “പാപങ്ങളെ നീക്കുവാൻ അവൻ പ്രത്യക്ഷനായി എന്നു നിങ്ങൾ അറിയുന്നു; അവനിൽ പാപം ഇല്ല. അവനിൽ വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്നവൻ ആരും അവനെ കണ്ടിട്ടില്ല, അറിഞ്ഞിട്ടുമില്ല.” (1യോഹന്നാൻ:3:5,6). ഇതാണ് യഥാർത്ഥ പരീക്ഷണം. നാം ക്രിസ്തുവിൽ വസിക്കുന്നുവെങ്കിൽ, ദൈവസ്നേഹം നമ്മിൽ വസിക്കുന്നുവെങ്കിൽ, നമ്മുടെ വികാരങ്ങൾ, ചിന്തകൾ, ഉദ്ദേശ്യങ്ങൾ, പ്രവൃത്തികൾ എന്നിവ ദൈവത്തിന്റെ

വിശുദ്ധ നിയമത്തിന്റെ പ്രമാണങ്ങളിൽ പ്രകടമാകുന്നതുപോലെ ദൈവേഷ്ടത്തിന് അനുസൃതമായിരിക്കും. “കുഞ്ഞുങ്ങളേ, ആരും നിങ്ങളെ തെറ്റിക്കരുതു; അവൻ നീതിമാനായിരിക്കുന്നതുപോലെ നീതി ചെയ്യുന്നവൻ നീതിമാൻ ആകുന്നു.” (1യോഹന്നാൻ:3:7). സീനായിയിൽ നൽകിയിരിക്കുന്ന പത്ത് പ്രമാണങ്ങളിൽ പ്രകടമാക്കിയിരിക്കുന്നതുപോലെ, ദൈവത്തിന്റെ വിശുദ്ധ നിയമത്തിന്റെ നിലവാരത്താൽ നീതിയെ നിർവചിക്കുന്നു.

**(12) നാം ഓരോ നിമിഷവും ദൈവത്തിന്റെ സ്നേഹത്തിൽ വസിക്കുന്നുവെങ്കിൽ, അവകാശമാക്കുന്ന വാഗ്ദത്തം എന്താണ്?**

***അവനിൽ വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്നവൻ ആരും അവനെ കണ്ടിട്ടില്ല, അറിഞ്ഞിട്ടുമില്ല. (1യോഹന്നാൻ :3:6)***

“ദൈവത്തിൽനിന്നു ജനിച്ചവൻ പാപം ചെയ്യുന്നില്ല.” താൻ ക്രിസ്തുവിന്റെ രക്തത്തിന്റെ വിലയായി വാങ്ങിയതാണെന്നും, ദൈവത്തിന്റെ മന്ദിരമായ തന്റെ ശരീരത്തിലും ആത്മാവിലും ദൈവത്തെ മഹത്വപ്പെടുത്തുന്നതിനുള്ള ഏറ്റവും മഹത്തായ സമർപ്പണത്താൽ ബന്ധിതനാണെന്നും അവൻ കരുതുന്നു. പാപത്തോടുള്ള സ്നേഹവും ആത്മസ്നേഹവും അവനിൽ കീഴടങ്ങുന്നു. അവൻ ദിവസേന ചോദിക്കുന്നു: “കർത്താവ് എനിക്ക് ചെയ്ത ഉപകാരങ്ങൾക്കായി ഞാൻ എന്ത് പകരം ചെയ്യേണ്ടു?" “കർത്താവേ, ഞാൻ അങ്ങേക്കായി എന്താണ് ചെയ്യേണ്ടത്?” ക്രിസ്തുവിന്റെ നുകം കഴുത്തിൽ പതിക്കുന്നുവെന്ന് യഥാർത്ഥ ക്രിസ്ത്യാനി ഒരിക്കലും പരാതിപ്പെടില്ല

മറിച്ച്, യേശുവിന്റെ സേവനത്തെ യഥാർത്ഥ സ്വാതന്ത്ര്യമായി അവർ കണക്കാക്കുന്നു. ദൈവത്തിന്റെ ന്യായപ്രമാണം അവന്റെ ആനന്ദമാണ്. അവന്റെ കുറവുകൾക്കനുസൃതമായി, ദൈവിക കൽപ്പനകൾ ചെറുതാക്കുവാൻ ശ്രമിക്കുന്നതിനുപകരം, അതിന്റെ പരിപൂർണ്ണതയുടെ തലത്തിലേക്ക് ഉയരാൻ അവൻ നിരന്തരം ശ്രമിക്കുന്നു.

വ്യക്തിപരമായ വിശ്വാസത്തിലൂടെ മാത്രമേ ഈ ആത്മീയ ബന്ധം സ്ഥാപിക്കാൻ കഴിയൂ. ഈ വിശ്വാസത്തിനുവേണ്ടി നമ്മുടെ ഭാഗത്ത് നിന്ന് മുൻഗണന, തികഞ്ഞ ആശ്രയത്വം, മുഴുവൻ സമർപ്പണം എന്നിവ നൽകണം. നമ്മുടെ ഇഷ്ടങ്ങൾക്കുപരിയായി അവിടുത്തെ ദൈവീക ഇഷ്ടങ്ങൾ അന്വേഷിക്കുന്നവരായി, നമ്മുടെ ഇച്ഛകളും, ആഗ്രഹങ്ങളും, താല്പര്യങ്ങളും, ബഹുമാനവും ക്രിസ്തുവിന്റെ രാജ്യത്തിന്റെ വളർച്ചക്കായും അവന്റെ ബഹുമാനത്തിനായും സമർപ്പിക്കുമ്പോൾ നാം തുടർമ്മാനമായി അവനിൽ നിന്നും കൃപകൾ പ്രാപിക്കുകയും, ക്രിസ്തു നമ്മിലൂടെ മഹത്ത്വപ്പെടുകയും ചെയ്യും.

**(13) നാം ക്രിസ്തുവിനോട് അടുത്ത് വന്നു നമ്മുടെ അയോഗ്യതകൾ മനസ്സിലാക്കുമ്പോൾ, നമുക്ക് അവകാശമാക്കുവാൻ അവിടുന്ന് നൽകിയിരിക്കുന്ന വാഗ്ദത്തം എന്ത്?**

***നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികെക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു. (ഫിലിപ്പിയർ:1:4)***

ക്രിസ്തുവിന്റെ ക്ഷമിക്കുന്ന സ്നേഹം അറിഞ്ഞവരും ദൈവമക്കളാകാൻ ആഗ്രഹിക്കുന്നവരും അനേകരുണ്ട്, എന്നാൽ തങ്ങളുടെ സ്വഭാവം ദോഷമുള്ളതാണെന്നും, ജീവിതം കുറവുള്ളതാണെന്നും അവർ മനസ്സിലാക്കുകയും, പരിശുദ്ധാത്മാവിനാൽ അവരുടെ ഹൃദയം പുതുക്കപ്പെട്ടോ എന്ന് സംശയിക്കുകയും ചെയ്യുന്നു. അത്തരക്കാരോട് ഞാൻ പറയും, നിരാശയോടെ പിന്നോട്ട് പോകരുത്. നമ്മുടെ പോരായ്മകളും തെറ്റുകളും കാരണം നാം പലപ്പോഴും യേശുവിന്റെ കാൽക്കൽ കുനിഞ്ഞ് കരയേണ്ടി വരും, പക്ഷേ നാം നിരുത്സാഹിതരാകേണ്ടതില്ല. നാം ശത്രുക്കളാൽ ജയിക്കപ്പെട്ടാലും നാം പുറത്താക്കപ്പെടുന്നില്ല, ദൈവത്താൽ ഉപേക്ഷിക്കപ്പെടുകയോ നിരസിക്കപ്പെടുകയോ ചെയ്യുന്നില്ല. ക്രിസ്തു ദൈവത്തിന്റെ വലതുഭാഗത്ത് നിന്നുകൊണ്ട് നമുക്കുവേണ്ടി അപേക്ഷിക്കുന്നു. യേശുവിന്റെ പ്രീയ ശിഷ്യനായ യോഹന്നാൻ പറയുന്നു: "എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ടു." (1യോഹന്നാൻ:2:1). "പിതാവുതന്നെ നിങ്ങളെ സ്നേഹിക്കുന്നു" എന്ന ക്രിസ്തുവിന്റെ വാക്കുകൾ മറക്കരുത്. (യോഹന്നാൻ 16:27. അവന്റെ പരിശുദ്ധിയും വിശുദ്ധിയും നിങ്ങളിൽ പ്രതിഫലിക്കേണ്ടതിനായി നിങ്ങളെ അവനിലേക്ക് പുനസ്ഥാപിക്കാൻ അവൻ ആഗ്രഹിക്കുന്നു. നിങ്ങൾ അവനു കീഴടങ്ങാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം

അതിനെ തികെക്കും. കൂടുതൽ ഉത്സാഹത്തോടെ പ്രാർത്ഥിക്കുക; കൂടുതൽ പൂർണ്ണമായി വിശ്വസിക്കുക. നമ്മുടെ സ്വന്തം ശക്തിയെ ആശ്രയിക്കാൻ കഴിയാതെ വരുമ്പോൾ, നമ്മുടെ വീണ്ടെടുപ്പുകാരന്റെ ശക്തിയെ പൂർണ്ണമായി വിശ്വസിക്കാം. അങ്ങനെ നമ്മുടെ മുഖപ്രസാദം ആയവനെ സ്തുതിക്കാം.

**(14) നാം ക്രിസ്തുവിന്റെ സ്നേഹം അംഗീകരിക്കുകയും അവനെ നമ്മുടെ ജീവിതത്തിൽ അനുവദിക്കുകയും ചെയ്യുമ്പോൾ, എന്ത് അത്ഭുതകരമായ വാഗ്ദത്തങ്ങളാണ് ഈ വാക്യങ്ങൾ നമുക്ക് നൽകുന്നത്?**

***പുത്രനുള്ളവന്നു ജീവൻ ഉണ്ടു; ദൈവപുത്രനില്ലാത്തവന്നു ജീവൻ ഇല്ല. ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്കു ഞാൻ ഇതു എഴുതിയിരിക്കുന്നതു നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്നു തന്നേ. (1യോഹന്നാൻ :5:12-13)***

പുത്രനെ ലഭിക്കുകയെന്നാൽ: രക്ഷകൻ, കർത്താവ്, നമ്മുടെ രാജാവായി അഭിഷേകം ചെയ്യപ്പെട്ടവൻ എന്നിങ്ങനെ അവന്റെ നാമം സൂചിപ്പിക്കുന്നതുപോലെ അവൻ നമുക്ക് എല്ലാമായി മാറുന്നു എന്ന് വിശ്വസിക്കുക എന്നതാണ്: (യോഹന്നാൻ:1:12; 5:24 കാണുക). ഇതിനർത്ഥം അതിമഹത്തായ അതിഥിയായി ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വസിക്കുന്നു എന്നതാണ് (ഗലാ:2:20; എഫെ:3:17; വെളി:3:20 കാണുക).

***ദൈവ സാന്നിധ്യത്തിലുള്ള സ്നേഹത്തിന്റെ അവസ്ഥയിൽ വസിക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നു.***

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ          തീരുമാനിച്ചില്ല

സത്യമായും, പ്രായോഗികമായും മറ്റുള്ളവരെ സ്നേഹിക്കത്തക്കവിധം അവന്റെ സ്നേഹം എന്നിലേക്ക് പകർത്തണമെന്നാണ് എന്റെ ആഗ്രഹം. എന്റെ എളിയ, ഉത്സാഹത്തോടെ, മറ്റുള്ളവരോടുള്ള എന്റെ എളിയതും വിശ്വസ്തവും, അനുകമ്പാപൂർണ്ണമായ സേവനത്തിലും കൂടി സ്നേഹത്തിന്റെ സുഗന്ധം വെളിപ്പെടണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ          തീരുമാനിച്ചില്ല

ക്രിസ്തുവിന്റെ കാരുണ്യത്തെക്കുറിച്ചും അളവില്ലാത്ത സ്നേഹത്തെക്കുറിച്ചും ധ്യാനിക്കുന്നതിലൂടെ നിരന്തരം ക്രിസ്തുവിനെ നോക്കിക്കാണുവാൻ ഞാൻ ആഗ്രഹിക്കുകയും, അവിടുന്ന് എനിക്കായി നൽകിയ നിത്യജീവന്റെ ദാനത്തിനായി നന്ദി പറയുകയും ചെയ്യുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ          തീരുമാനിച്ചില്ല

എന്റെ ഇഷ്ടം പൂർണ്ണമായും കർത്താവിന് സമർപ്പിക്കാൻ ഞാൻ തീരുമാനിക്കുന്നു, അപ്പോൾ അവൻ എന്റെ ഉള്ളിൽ വസിക്കുകയും, അവന്റെ സ്നേഹത്തിന്റെ നീതിയിൽ വസിച്ചുകൊണ്ടു അവനെയും

മറ്റുള്ളവരെയും എന്റെ ഉള്ളിൽ നിന്നും സ്നേഹിക്കുന്ന വ്യക്തി ആകുവാനും ഞാൻ ആഗ്രഹിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല



## അദ്ധ്യായം 14
## ദൈവത്തോടുള്ള നമ്മുടെ സ്നേഹം

**(1) നമ്മുടെ രക്ഷയുടെ സന്തോഷത്തിനായും, നമ്മുടെ സ്നേഹം നേടാനും വേണ്ടി ക്രിസ്തു ചെയ്തത് എന്താണ്?**

*വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു. (എബ്രായർ:12:2)*

നമ്മുടെ രക്ഷകനെ നാം സ്നേഹിക്കേണ്ടതിന്റെ കാരണത്തെപ്പറ്റി കാൽവരിയിലെ ക്രൂശ്, ശക്തമായി നമ്മോടു അഭ്യർത്ഥിക്കുന്നു. കൂടാതെ എന്തുകൊണ്ടാണ് നാം അവനെ നമ്മുടെ ജീവിധത്തിന്റെ ആദ്യവും അവസാനവും, എല്ലാത്തിലും മികച്ചവനുമായി കാണേണ്ടതിന്റെ ആവശ്യവും പ്രഖ്യാപിക്കുന്നു. അനുതാപത്തോടെ ക്രൂശിന്റെ ചുവട്ടിൽ വന്നു നമ്മെത്തന്നെ താഴ്ത്തി

നമുക്ക് നൽകിയിരിക്കുന്ന സ്ഥാനം സ്വീകരിക്കണം. ഇവിടെ, നമ്മുടെ രക്ഷകനെ വേദനകൾ അനുഭവിക്കുന്നവനായും, ഇവിടെ ദൈവപുത്രൻ മരണം ഏറ്റുവാങ്ങുന്നതായും, അന്യായം ചെയ്യുന്നവരെ നീതിമാനാക്കുന്നവൻ ആയും, സൗമ്യതയുടെയും താഴ്മയുടെയും പാഠങ്ങൾ പഠിക്കാൻ പര്യാപ്തമായവനായും, കാണുന്നു. ഒരു വാക്കുകൊണ്ട് ഒരു ലഗ്യോനിലും അധികം ദൂതന്മാരെ തന്റെ സഹായത്തിനായി വിളിക്കാൻ കഴിയുന്നവൻ, നിന്ദയുടെയും, പരിഹാസത്തിന്റെയും വിഷയമായി, വെറുപ്പ്, വിദ്വേഷം എന്നിവ സഹിച്ചുകൊണ്ട് പാപത്തിനായുള്ള ഒരു യാഗമായി സ്വയം അർപ്പിക്കുന്നു. നിന്ദിക്കുമ്പോഴും അവൻ അവരെ ഭീഷണിപ്പെടുത്തുന്നില്ല; കപടമായി തനിക്കെതിരെ കുറ്റങ്ങൾ ആരോപിക്കുമ്പോഴും അവൻ വായ് തുറക്കാതെയിരുന്നു. തന്റെ കൊലപാതകികൾക്കുവേണ്ടി അവൻ ക്രൂശിൽ കിടന്നുകൊണ്ടും പ്രാർത്ഥിക്കുന്നു. അവൻ അവർക്കുവേണ്ടി മരണം ഏറ്റെടുത്തുകൊണ്ട്; അവരിൽ ഓരോരുത്തർക്കും അവന്റെ മരണത്തിലൂടെ വിലമതിക്കാനാവാത്ത വിലയാണ് നൽകുന്നത്. യാതൊരു പിറുപിറുപ്പും കൂടാതെ മനുഷ്യന്റെ പാപങ്ങളുടെ ശിക്ഷ അവൻ വഹിച്ചു. യാതൊരു കൊറ്റാരോപണവും ഇല്ലാത്ത ഈ യാഗത്തിന്റെ ഇര ദൈവപുത്രനാണ്. അവന്റെ സിംഹാസനം ശാശ്വതമാണ്, അവന്റെ രാജ്യത്തിന് അവസാനമില്ല.

നിഷിദ്ധമായ സന്തോഷങ്ങളിലും പാപപൂർണമായ ആനന്ദങ്ങളിലും സന്തോഷം തേടുന്നവരേ, ക്രിസ്തുവിൽ നിന്ന് അകന്നു പോയിരിക്കുന്നവരെ, കാൽവരിയിലെ കുരിശിൽ നോക്കൂ.

രാജാവായിരുന്നവൻ നിങ്ങൾക്കുവേണ്ടി കഷ്ടതകൾ സഹിക്കുന്നത് കാണുക, നിങ്ങൾക്ക് ഇപ്പോൾ അവസരം ലഭിച്ചിരിക്കുന്നതിനാൽ ജ്ഞാനികളായി ജീവന്റെ ഉറവും യഥാർത്ഥ സന്തോഷവും ആയവനെ തേടുക. ചെറിയ പരിമിതികളെയും ഈ ജീവിതത്തിൽ നിങ്ങൾ നേരിടേണ്ടിവരുന്ന പ്രലോഭനങ്ങളെയും കുറിച്ച് പരാതിപ്പെടുകയും പിറുപിറുക്കുകയും ചെയ്യുന്നവരേ, നിങ്ങളുടെ വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കൂ. അവൻ തന്റെ രാജകീയ സിംഹാസനത്തിൽ നിന്നും, അവന്റെ ഉന്നതാധികാരത്തിൽ നിന്നും തിരിഞ്ഞു, തന്റെ ദൈവത്വം മാറ്റിവച്ച്, മനുഷ്യത്വത്തെ ധരിച്ച് നമ്മുടെ നിമിത്തം അവൻ നിരസിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്തു; അവന്റെ ദാരിദ്ര്യത്താൽ നാം സമ്പന്നരാകേണ്ടതിന് അവൻ ദരിദ്രനായി. ക്രിസ്തുവിന്റെ കഷ്ടപ്പാടുകൾ വിശ്വാസത്തിന്റെ കണ്ണുകൊണ്ട് നോക്കിയാൽ, നിങ്ങളുടെ പരിക്ഷകളുടെയും, കഷ്ടതകളുടെയും കഥ പറയാൻ കഴിയുമോ?

**(2) ദൈവവുമായുള്ള സ്നേഹബന്ധത്തിൽ ആകുവാൻ നാം എന്ത് "കാൺമീൻ" എന്നാണു യോഹന്നാൻ പ്രബോധിപ്പിക്കുന്നതു?**

***കാണ്മിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു; അങ്ങനെ തന്നേ നാം ആകുന്നു. ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ടു നമ്മെയും അറിയുന്നില്ല. (1 യോഹന്നാൻ: 3:1)***

ദൈവസ്നേഹത്തെ വിവരിക്കാൻ ഉചിതമായ വാക്കുകൾ തേടുമ്പോൾ, വാക്കുകൾ വളരെ അപര്യാപ്തവും വളരെ ദുർബലവും വിവരിക്കേണ്ട വിഷയത്തെക്കാൾ വളരെ താഴെയുമാണ് നാം കാണുന്നത്, അതിനാൽ ഞങ്ങൾ പേന താഴെ വയ്ക്കുകയും "ഇല്ല, അത് എഴുതാൻ ഞങ്ങൾക്ക് കഴിയില്ല" എന്ന് പറയുകയും ചെയ്യുന്നു. യേശുവിന്റെ പ്രിയപ്പെട്ട ശിഷ്യനായ യോഹന്നാനെപ്പോലെ മാത്രമേ നമുക്കും ചെയ്യാൻ കഴിയൂ, "ഇതാ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടേണ്ടതിന് പിതാവ് നമുക്ക് എത്ര വലിയ സ്നേഹം നൽകി." ഈ സ്നേഹത്തിന്റെ ഏതെങ്കിലും തരത്തിലുള്ള വിവരണത്തിന് ശ്രമിക്കുമ്പോൾ, നമ്മൾ, ആദ്യത്തെ വാക്കുകൾ ഉച്ചരിക്കുവാൻ ശ്രമിക്കുന്ന ശിശുക്കളെപ്പോലെയാണ് എന്ന് നമുക്ക് തോന്നിപോകും. നിശബ്ദമായി ഈ സ്നേഹത്തെ നമുക്ക് അനുഭവിക്കാം; ഈ വിഷയത്തിൽ നിശബ്ദത മാത്രമാണ് വാചാലത. ഈ സ്നേഹം വിവരിക്കാൻ എല്ലാ ഭാഷകളും അപര്യാപ്തമായി തുടരുന്നു. ഈ സ്നേഹം ക്രിസ്തുവിലൂടെ ജഡത്തിൽ വെളിപ്പെട്ട ദൈവത്തിന്റെ മർമ്മമാണ്, ദൈവത്ത്വവും മനുഷ്യത്ത്വവും പൂർണ്ണമായി യോജിച്ചതാണ്. മനുഷ്യനായി സമാനതകളില്ലാത്ത താഴ്മ ധരിച്ചതിലൂടെ അവനെ സർവ്വതത്തിനും മീതെയുള്ളവനായി ഉയർത്തി, തന്നിൽ വിശ്വസിക്കുന്ന ഏവരെയും തന്നോട് കൂടെ ദൈവസിംഹാസനത്തിൽ ഇരുത്തുവാൻ തക്കവണ്ണം അവരെയും അവിടുന്ന് ഉയർത്തുന്നു. വിശ്വാസത്തോടെ അവനെ നോക്കുന്ന ഏവരുടെയും പാപവും, പാപം മൂലം സംഭവിച്ച മുറിവുകളും വ്രണങ്ങളും പൂർണമായി അവൻ സുഖപ്പെടുത്തും.

**(3) അവനുമായി സ്നേഹത്തിൽ വീഴുവാൻ തക്കവണ്ണം ദൈവ സ്നേഹത്തെ നമുക്ക് വിവരിച്ച് നൽകുന്നതിന്റെ രണ്ടാമത്തെയും മൂന്നാമത്തെയും പടികൾ എന്തെല്ലാം?**

***ഇങ്ങനെ ദൈവത്തിന്നു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നേ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു. (1യോഹന്നാൻ:4:16)***

ദൈവത്തിന്റെ സ്നേഹം സ്വീകരിക്കുന്നതിനും അനുഭവിക്കുന്നതിനും നമുക്ക് അത്യന്താപേക്ഷിതമായ ഒരു കാര്യം, ദൈവത്തിനു നമ്മോടുള്ള സ്നേഹം എത്രമാത്രം വലിയതായിരുന്നു എന്ന് അറിയുകയും വിശ്വസിക്കുകയും ചെയ്യുക എന്നതാണ്. (1യോഹന്നാൻ:4:16). ആ സ്നേഹം നാം തിരിച്ചറിയാതിരിക്കാനായി സാത്താൻ തന്നാൽ കഴിയുന്ന എല്ലാ വഞ്ചനകളും പ്രവർത്തിക്കുന്നു. നമ്മുടെ തെറ്റുകളും ലംഘനങ്ങളും വളരെ കഠിനമായതാണെന്നും, നമ്മുടെ പ്രാർത്ഥനകൾ ദൈവം കേൾക്കുകയില്ലന്നും, നമ്മെ അനുഗ്രഹിക്കുകയോ, രക്ഷിക്കുകയോ ചെയ്യുകയില്ല എന്നുമുള്ള ചിന്തയിലേക്ക് അവൻ നയിക്കുന്നു. നമ്മിൽത്തന്നെ ബലഹീനതയല്ലാതെ മറ്റൊന്നും കാണാനാവില്ല, നമ്മെ ദൈവത്തോട് ശുപാർശ ചെയ്യാൻ ആരുമില്ല, എന്നും, ഇതുകൊണ്ടൊന്നും ഒരു പ്രയോജനവും ഇല്ല, നമ്മുടെ പാപ സ്വഭാവത്തിന് പരിഹാരം വരുത്തുവാൻ ആരാലും കഴിയില്ല എന്ന് സാത്താൻ നമ്മോട് പറഞ്ഞുകൊണ്ടേയിരുന്നു. നാം ദൈവത്തിങ്കലേക്കു വരുവാൻ ശ്രമിക്കുമ്പോൾ ശത്രു നമ്മളോട്

പറയുന്നു; പ്രാർത്ഥിക്കുന്നത് വ്യർത്ഥമത്രെ; നിങ്ങൾ ആ തിന്മ ചെയ്തില്ലേ? നിങ്ങൾ ദൈവത്തിനെതിരെ പാപം ചെയ്ത് നിങ്ങളുടെ മനസ്സാക്ഷിയെ ലംഘിച്ചിട്ടില്ലേ? എന്നാൽ “അവന്റെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തം എല്ലാ പാപങ്ങളിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു” എന്ന് നാം ശത്രുവിനോട് ഉറപ്പോടെ പറയേണം. (1യോഹന്നാൻ:1:7).

നമ്മുടെ സാധാരണ പ്രാർത്ഥനയുടെ സമയത്ത്, പ്രാർത്ഥിക്കുവാനായി മുട്ട് മടക്കുമ്പോൾ നാം പാപം ചെയ്തുവെന്നും പ്രാർത്ഥിക്കാൻ കഴിയില്ലെന്നും തോന്നുകയാൽ ലജ്ജിച്ചു നാം വളരെ തളർന്നവരായി ഇരുന്നേക്കാം, പക്ഷേ നാം പ്രാർത്ഥന ഉപേക്ഷിക്കാതെ വിശ്വാസത്തോടെ പ്രാർത്ഥിക്കേണം. “ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നേ; ആ പാപികളിൽ ഞാൻ ഒന്നാമൻ.” (1തിമൊഥെയൊസ്:1:15). ക്ഷമ, ദൈവവുമായുള്ള അനുരഞ്ജനം എന്നിവ നമ്മിലേക്ക് വരുന്നത്, നമ്മുടെ പ്രവൃത്തികൾക്കുള്ള പ്രതിഫലമായിട്ടല്ല, പാപികളായ മനുഷ്യരുടെ യോഗ്യതകൊണ്ടല്ല ഇത് ലഭിക്കുന്നത്, മറിച്ച് അത് നമുക്കുള്ള ഒരു സമ്മാനമാണ്, ഇത് കളങ്കമില്ലാത്ത നീതിയിൽ അടിത്തറയിട്ട ക്രിസ്തുവിന്റെ സന്നിധിയിൽ നിന്നാണ് വരുന്നത്.

**(4) നാം അനുവദിച്ചാൽ, ദൈവത്തെയും, മനുഷ്യനെയും സ്നേഹിക്കുവാൻ ശക്തിയുള്ളതാക്കേണ്ടതിനായി കല്ലുപോലെ ഉറച്ച നമ്മുടെ ഹൃദയങ്ങളെ എന്താക്കി മാറ്റുമെന്നാണ് ക്രിസ്തു വാഗ്ദത്തം ചെയ്തിരിക്കുന്നത്?**

***ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും. (യെഹെസ്കേൽ:36:26)***

യേശുക്രിസ്തുവിന്റെ കൃപയാൽ മാത്രമേ കല്ലുപോലുള്ള ഹൃദയത്തെ മാംസളമായ ഹൃദയമാക്കി മാറ്റാനും ദൈവത്തിൽ ജീവിക്കുന്നത് ആക്കാനും കഴിയൂ. ലോകത്തിന്റെ ദൃഷ്ടിയിൽ മനുഷ്യർ വലിയ പ്രവൃത്തികൾ ചെയ്തേക്കാം; അവരുടെ നേട്ടങ്ങൾ മനുഷ്യരുടെ കാഴ്ചയിൽ വളരെ ഉയർന്നവയും ആയിരിക്കാം, പക്ഷേ എല്ലാ കഴിവുകളും, എല്ലാ വൈദഗ്ധ്യവും, അങ്ങനെ ലോകത്തിന്റെ എല്ലാ മേന്മകളും നമ്മുടെ സ്വഭാവത്തെ രൂപാന്തരപ്പെടുത്തുന്നതിലും പാപത്തിൻറെ അധപതിച്ച അവസ്ഥയിൽ കഴിയുന്ന ഒരു വ്യക്തിയെ ദൈവമക്കളാക്കി മാറ്റുന്നതിലും പരാജയപ്പെടും. മനുഷ്യന് തങ്ങളുടെ ആത്മാവിനെയോ, ഹൃദയങ്ങളെയോ നീതീകരിക്കുവാനുള്ള അധികാരമില്ല. മഹാനായ ആ വൈദ്യന്റെ ശക്തിയിലൂടെയല്ലാതെ ധാർമ്മിക അധഃപതനത്തിന്റെ രോഗം പിടിപെട്ടു കിടക്കുന്ന മനുഷ്യനെ ഭേദമാക്കാൻ കഴിയില്ല.

കൃപയും സത്യവും നിറഞ്ഞവനായ പിതാവിന്റെ ഏകജാതനായ പുത്രന് മാത്രമേ നഷ്ടപ്പെട്ടവരെ വീണ്ടെടുക്കാൻ കഴിയൂ എന്നത് സ്വർഗ്ഗത്തിന്റെ പരമോന്നത ദാനമാണ്. ദൈവസ്നേഹത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ എത്രമാത്രം നന്ദിയും, എത്രമാത്രം സ്നേഹവും, നമ്മുടെ ഹൃദയത്തിൽ നിറയണം! മനുഷ്യനെ

പാപത്തിന്റെ കുഴിയിൽനിന്നും ഉയർത്തുവാനും, ദൈവവുമായുള്ള ബന്ധം പുനഃസ്ഥാപിക്കുവാനും യേശു സ്വീകരിച്ച കഷ്ടതകളെപ്പറ്റി ധ്യാനിക്കുമ്പോൾ ഹൃദയം ഉരുകുകയും താഴ്മ നിറയുകയും വേണം. വീണുപോയ ലോകത്തിന്റെ എല്ലാ പാപത്തിനുമായി ലോകത്തിന്റെ വീണ്ടെടുപ്പുകാരൻ കഷ്ടതകൾ സഹിച്ചു. കാൽവരിയുടെ കുരിശിൽ ക്രിസ്തുവിന്റെ ത്യാഗം പാപത്തിന്റെ ഭീകരമായ എല്ലാ ശക്തികളെയും മറികടക്കുന്ന ഒരു പരിഗണനയാണ്; പാപത്തിന്റെ ഒരു ബോധം പാപിയുടെ ഹൃദയത്തിൽ നിറയുകയും അതിന്റെ ഭാരം അസഹനീയമാണെന്ന് തോന്നുകയും ചെയ്യുമ്പോൾ, യേശു അവനെ നോക്കികൊണ്ട് ജീവനിലേക്കു കടന്നുവരാൻ ക്ഷണിക്കുന്നു. ആത്മാവിനെ ശുദ്ധീകരിക്കാൻ ക്രിസ്തുവിൽ ശക്തിയുണ്ട്. കർത്താവു അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ എത്ര കടുംചുവപ്പാണെങ്കിലും അവ ഹിമം പോലെ വെള്ളയായിത്തീരും; രക്താമ്പരം പോലെ ചുവപ്പാണെങ്കിലും അവ പഞ്ഞിപോലെ വെണ്മയാകും."

**(5) ജാഗ്രതയോടെ ദൈവത്തെ അന്വേഷിക്കുകയാണെങ്കിൽ നമുക്ക് അവകാശമാക്കുവാൻ കഴിയുന്ന വാഗ്ദത്തം എന്താണ്?**

***എന്നെ സ്നേഹിക്കുന്നവരെ ഞാൻ സ്നേഹിക്കുന്നു; എന്നെ ജാഗ്രതയോടെ അന്വേഷിക്കുന്നവർ എന്നെ കണ്ടെത്തും. (സദൃശ്യവാക്യങ്ങൾ :8:17)***

അതികാലത്തെ എന്നെ അന്വേഷിക്കുക എന്നാൽ തിരഞ്ഞു കണ്ടെത്തുവാൻ അതിരാവിലെ എഴുന്നേൽക്കുന്ന തരത്തിൽ ഉത്സാഹത്തോടെ അന്വേഷിക്കുക എന്നാണ് ഇതിനർത്ഥം. ലൗകിക കാര്യങ്ങളുടെ അശ്രദ്ധയും

മനുഷ്യഹൃദയത്തിന്റെ വഞ്ചനയും കാരണം, യഥാർത്ഥ ജ്ഞാനവും ദൈവവുമായുള്ള രക്ഷാ ബന്ധവും നിലനിർത്തുന്നതിന് സ്ഥിരോത്സാഹം ആവശ്യമാണ്.

**(6) സർവ്വാംഗ ഹോമങ്ങളെക്കാളും, യാഗങ്ങളെക്കാളും, നമ്മുടെ ഉന്നത വിളിയെക്കാളും പദവികളെക്കാളും ഏറ്റവും ഉയർന്നതായി ദൈവം കണക്കാക്കുന്നത് എന്തിനെയാണ്?**

***അവനെ പൂർണ്ണഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണശക്തിയോടുംകൂടെ സ്നേഹിക്കുന്നതും തന്നെപ്പോലെ കൂട്ടുകാരനെ സ്നേഹിക്കുന്നതും സകല സർവ്വാംഗഹോമങ്ങളെക്കാളും യാഗങ്ങളെക്കാളും സാരമേറിയതു തന്നേ എന്നു പറഞ്ഞു. (മാർക്കോസ്:12:33)***

ഇവിടെ പ്രസ്താവിച്ചതും സൂചിപ്പിച്ചതുമായ അർത്ഥത്തിൽ ദൈവത്തെ സ്നേഹിക്കുക എന്നത് ഒരാളുടെ, സ്നേഹം, ജീവിതം, ഭൗതിക ശക്തികൾ, ബുദ്ധി എന്നിങ്ങനെ മുഴുവൻ സത്തയും അവന്റെ സേവനത്തിനായി സമർപ്പിക്കുക എന്നതാണ്. ഇത്തരത്തിലുള്ള “സ്നേഹം' ന്യായപ്രമാണത്തിന്റെ നിവൃത്തി തന്നേ.” (റോമ. 13:10), ഒരുവൻ ദൈവത്തിന്റെ കൃപയിൽ ആശ്രയിച്ച് തുടങ്ങുമ്പോൾ അവനെ പൊതിയുന്ന ക്രിസ്തുവിന്റെ "സ്നേഹം" ക്രിസ്തുവിന്റെ "ന്യായപ്രമാണത്തിലെ" കല്പനകൾ "പാലിക്കുക" എന്നതാണ്. (യോഹന്നാൻ 14:15; 15: 9, 10). വാസ്തവത്തിൽ, ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത് “ന്യായപ്രമാണം” ഈ അർത്ഥത്തിലും ഈ ആത്മാവിലും നിലനിർത്തുകയെന്ന പ്രത്യേക ലക്ഷ്യത്തോടെയാണ്. അങ്ങനെയാണ് “ന്യായപ്രമാണത്തിന്റെ നീതി” “നമ്മിൽ നിവർത്തിക്കേണ്ടത്”

(റോമ. 8: 3, 4). ദൈവത്തെ "അറിയുന്നവൻ" "അവന്റെ കല്പനകൾ" പാലിക്കും, കാരണം ദൈവത്തിന്റെ "സ്നേഹം" അവനിൽ "പരിപൂർണ്ണമാണ്" (1 യോഹന്നാൻ 2: 4-6).

പൂർണ്ണ ബലത്തോടും, പൂർണ്ണ ആത്മാവോടും, പൂർണ്ണ ഹൃദയത്തോടും, നിത്യനും സർവ്വജ്ഞാനിയുമായ അവനെ സ്നേഹിക്കുക എന്നുള്ളത്, എല്ലാ ശക്തിയുടെയും ഏറ്റവും ഉയർന്ന വികാസമാണ്. ശരീരം, മനസ്സ്, ആത്മാവ് എന്നിവയിലെല്ലാം ദൈവത്തിന്റെ സ്വരൂപം പുനസ്ഥാപിക്കപ്പെടണം എന്നാണ് ഇതിനർത്ഥം.

**(7) നമുക്കുവേണ്ടി അൽഭുതകരമായ യാഗമായി തീർന്ന ക്രിസ്തുവിനുവേണ്ടി നൽകാവുന്ന നമ്മുടെ സ്നേഹത്തിന്റെ ഏറ്റവും വലിയ പ്രകടനം എന്താണ്?**

*എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവു സ്നേഹിക്കുന്നു; ഞാനും അവനെ സ്നേഹിച്ചു അവന്നു എന്നെത്തന്നേ വെളിപ്പെടുത്തും. (യോഹന്നാൻ:14:21)*

ദൈവത്തിന്റെ കല്പനകളോടുള്ള തന്റെ ജനത്തിന്റെ അനുസരണത്തിന് ക്രിസ്തു പ്രാധാന്യം നൽകുന്നു. അവയെപ്പറ്റി ഉന്നതമായ അറിവുണ്ടായിരിക്കണം അവർക്ക്, ഒപ്പം അവരുടെ ദൈനംദിന ജീവിതത്തിലേക്ക് അവ കൊണ്ടുവരികയും വേണം. അവൻ ക്രിസ്തുവിലും ക്രിസ്തു അവനിലും ഉള്ളവരെപോലെ മറ്റു മനുഷ്യന് ദൈവത്തിന്റെ കല്പനകൾ പാലിക്കാൻ കഴിയില്ല. ക്രിസ്തുവിന്റെ

കല്പനകളെക്കുറിച്ച് അറിയുകയും എന്നാൽ അവയിൽ ഏറ്റവും ചെറിയതെങ്കിലും പാലിക്കാതിരിക്കുകയും ചെയ്യുന്ന ഒരുവന് ക്രിസ്തുവിൽ ആയിരിക്കാൻ സാധ്യമല്ല. വചനത്തോടുള്ള ഉറച്ചതും, സ്വയം ഉളവാകുന്നതുമായ അനുസരണം കൊണ്ട്, ദൈവവചനത്തോടുള്ള അവരുടെ സ്നേഹത്തെ അവർ തെളിയിക്കുന്നു.

ദൈവത്തിന്റെ കൽപ്പനകൾ പാലിക്കാതിരിക്കുന്നവർ അവനെ സ്നേഹിക്കുന്നില്ല. പിതാവിന്റെ ഏകജാതനായ ദൈവത്തെ സ്നേഹിക്കാതെ ആർക്കും ദൈവത്തിന്റെ ന്യായപ്രമാണം പാലിക്കുവാൻ കഴിയില്ല. എന്നിരുന്നാലും തീർച്ചയായും; അവർ അവനെ സ്നേഹിക്കുന്നുവെങ്കിൽ, അവർ അവനെ അനുസരിക്കുന്നതിലൂടെ ആ സ്നേഹം പ്രകടിപ്പിക്കും. ക്രിസ്തുവിനെ സ്നേഹിക്കുന്നവരെല്ലാം പിതാവിനെയും സ്നേഹിക്കുന്നു, അവൻ അവർക്ക് സ്വയം വെളിപ്പെടുത്തും. അവരുടെ എല്ലാ പ്രതിസന്ധികളിലും പ്രശ്നങ്ങളിലും അവർക്ക് യേശുക്രിസ്തുവിൽ ഒരു സഹായകൻ ഉണ്ടാകും.

ഏറ്റവും ചെറിയ കടമകൾ ചെയ്യുന്നതിൽ പോലും ജീവനുള്ള വിശ്വാസം സ്വർണ്ണത്തിന്റെ നൂലുകൾ പോലെ വെളിപ്പെടേണം. അങ്ങനെ നമ്മുടെ ദൈനംദിന ജോലികളെല്ലാം ക്രിസ്തീയ വളർച്ചയെ പ്രോത്സാഹിപ്പിക്കും. നിരന്തരം യേശുവിനെ നോക്കും. അവനോടുള്ള സ്നേഹം നമ്മൾ ഏറ്റെടുക്കുന്ന എല്ലാത്തിനും സുപ്രധാന ശക്തി നൽകും. അങ്ങനെ നമ്മുടെ കഴിവുകളുടെ ശരിയായ ഉപയോഗത്തിലൂടെ വിശ്വാസത്തിന്റെ

സ്വർണ്ണ നൂലുകളാൽ ഉയരെയുള്ള ലോകവുമായി നമ്മെ ബന്ധിപ്പിക്കുന്നു. ഇത് യഥാർത്ഥ വിശുദ്ധീകരണമാണ്, കാരണം ദൈവേഷ്ടത്തോടുള്ള തികഞ്ഞ അനുസരണത്തിൽ ദൈനംദിന കടമകളുടെ സന്തോഷകരമായ പ്രകടനമാണ് വിശുദ്ധീകരണം.

ദൈവത്തോടുള്ള അനുസരണ മനോഭാവത്തോടെ, നമ്മുടെ കടമകൾ നിറവേറ്റുന്നതിനു പരിശ്രമിക്കുമ്പോൾ യേശുവും ഈ മനോഭാവത്തെയും പരിശ്രമത്തെയും മനുഷ്യന്റെ ഏറ്റവും മികച്ച സേവനമായി അംഗീകരിക്കുന്നു, കൂടാതെ അവൻ തന്റെ ദിവ്യ യോഗ്യതയാൽ അവരുടെ കുറവുകൾ പരിഹരിക്കുന്നു.

**(8) സ്വാഭാവത്തിൽ നമ്മൾ അനുസരണകേടിനോടുള്ള പ്രതിപത്തിയാൽ ന്യായപ്രമാണത്തെ അനുസരിക്കുവാൻ സ്വയമേവ നമുക്ക് കഴിയില്ല, സ്നേഹത്തോടും, വിശ്വാസത്തോടും കൂടി അവിടുത്തെ പരിവർത്തനത്തിന്റെ ശക്തിക്കു നമ്മെ സമർപ്പിക്കുകയാണെങ്കിൽ, ദൈവം നമുക്കുവേണ്ടി ചെയ്തുതരുന്നത് എന്താണ്?**

***ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽഗൃഹത്തോടു ചെയ്‍വാനിരിക്കുന്ന നിയമം ഇങ്ങനെ ആകുന്നു: ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും. (എബ്രായർ:8:10)***

എല്ലാ സ്വാർത്ഥതയെയും ഹൃദയത്തിന്റെ അഹങ്കാരത്തെയും എല്ലാ തരത്തിലുള്ള അവിശ്വസ്തതയെയും എല്ലാ രഹസ്യങ്ങളും അഥവാ തുറന്ന ലംഘനങ്ങളെയും ദൈവത്തിന്റെ

നിയമം പാപമായി കണക്കാക്കുന്നു. പ്രാകൃത ഹൃദയം അതിന്റെ പ്രമാണങ്ങളെ സ്നേഹിക്കാനോ അതിന്റെ ആവശ്യകതകൾ അനുസരിക്കാനോ ആഗ്രഹിക്കുന്നില്ല. “അത് ദൈവത്തിന്റെ ന്യായപ്രമാണത്തിന് വിധേയമല്ല, തീർച്ചയായും അത് സാധ്യമല്ല.” എന്നാൽ ക്രിസ്തുവിലുള്ള യഥാർത്ഥ വിശ്വാസം ഹൃദയത്തെ പരിവർത്തനം ചെയ്യുന്നു, ദൈവത്തിന്റെ നിയമത്തിൽ ആനന്ദിക്കുന്നതുവരെ നിയമത്തോടുള്ള അതിന്റെ മനോഭാവത്തിൽ മാറ്റം വരുത്തുന്നു. നിയമത്തോടുള്ള ശത്രുത പ്രകടിപ്പിക്കുന്ന മനുഷ്യൻ ദൈവത്തിന്റെ പരിവർത്തനശക്തിക്ക് കീഴടങ്ങിയിട്ടില്ല. കൽപ്പനകൾ പാലിക്കുന്നതിലൂടെയാണ് നമ്മുടെ സ്നേഹത്തിന്റെ പ്രവർത്തികളുടെ ആത്മാർത്ഥത തെളിയിക്കുന്നത്. യോഹന്നാൻ പറയുന്നു, “അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം; അവന്റെ കല്പനകൾ ഭാരമുള്ളവയല്ല.”

**(9) നമ്മുടെ മതം ആചാരങ്ങളിൽ അടിസ്ഥാനപ്പെടാതെ, സ്നേഹത്തിൽ അടിസ്ഥാനപ്പെട്ടതാകുമ്പോൾ, അവന്റെ കൃപയാൽ നാം കല്പനകൾ പ്രമാണിക്കുകയും ചെയ്യുമ്പോൾ, എവിടെയാണ് നാം നിരന്തരം വസിക്കുന്നത്?**

**ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ചു അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും. (യോഹന്നാൻ:15:10)**

യഥാർത്ഥ മതം [ബന്ധത്തെ അടിസ്ഥാനമാക്കി] മനുഷ്യനെ ശാരീരികവും മാനസികവും ധാർമ്മികവുമായ ദൈവത്തിന്റെ

നിയമങ്ങളുമായി പൊരുത്തപ്പെടുത്തുന്നു. ഇത് ആത്മനിയന്ത്രണം, ശാന്തത, സംയമനം എന്നിവ പഠിപ്പിക്കുന്നു. മതം മനസ്സിനെ ശക്തിപ്പെടുത്തുകയും അഭിരുചികളെ രൂപാന്തരപ്പെടുത്തുകയും, ന്യായവിധി വിശുദ്ധീകരിക്കുകയും ചെയ്യുന്നു. അത് ആത്മാവിനെ സ്വർഗ്ഗീയ വിശുദ്ധിയുടെ പങ്കാളിയാക്കുന്നു.
ദൈവസ്നേഹത്തിലുള്ള വിശ്വാസം, എല്ലാത്തിനെയും അടക്കി വാഴുന്ന ഈശ്വര വിശ്വാസം എന്നിവ ഉത്കണ്ഠയുടെയും വിചാരങ്ങളുടെയും ഭാരം കുറയ്ക്കുന്നു. അത് ഏറ്റവും ഉയർന്നതോ താഴ്ന്നതോ ആയ സന്തോഷത്തിലും സംതൃപ്തിയിലും ഹൃദയത്തെ നിറയ്ക്കുന്നു. ആരോഗ്യം പ്രോത്സാഹിപ്പിക്കുന്നതിനും ആയുസ്സ് വർദ്ധിപ്പിക്കുന്നതിനും അതിൻറെ എല്ലാ അനുഗ്രഹങ്ങളും ആസ്വദിക്കുന്നതിനും മതം നേരിട്ട് തുനിയുകയും ചെയ്യുന്നു. അത് ഒരിക്കലും പരാജയപ്പെടാത്ത സന്തോഷത്തിന്റെ ഉറവയാണ്.

ക്രിസ്തുവിനെ തെരഞ്ഞെടുക്കാത്ത എല്ലാവരും, അവർ തങ്ങൾക്കുവേണ്ടി അന്വേഷിക്കുന്ന കാര്യങ്ങളേക്കാൾ ഏറ്റവും മഹത്തായതും ഉന്നതമായതുമായ കാര്യങ്ങൾ, അവർക്കുവേണ്ടി അവൻ വാഗ്ദാനം ചെയ്തിട്ടുണ്ടെന്നു മനസ്സിലാക്കാൻ കഴിയുമോ? ദൈവേഷ്ടത്തിന് വിരുദ്ധമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ മനുഷ്യൻ സ്വന്തം ആത്മാവിനോട് ഏറ്റവും വലിയ ദ്രോഹവും അനീതിയും ചെയ്യുന്നു. ഏറ്റവും നല്ലത് എന്താണെന്ന് അറിയുന്നവനും അവന്റെ സൃഷ്ടികളുടെ നന്മയ്ക്കായി ആലോചിക്കുകയും ചെയ്യുന്നവൻ വിലക്കിയിരിക്കുന്ന പാതയിൽ കൂടി പോയാൽ യഥാർത്ഥ സന്തോഷം കണ്ടെത്താൻ കഴിയില്ല.
അതിക്രമത്തിന്റെ പാത

ദുരിതത്തിലേക്കും നാശത്തിലേക്കും നയിക്കുന്നു; എന്നാൽ ജ്ഞാനത്തിന്റെ “വഴികൾ ഇമ്പമുള്ള വഴികളും അതിന്റെ പാതകളെല്ലാം സമാധാനവും ആകുന്നു.” (സദൃശവാക്യങ്ങൾ 3:17).

**(10) നമ്മുടെ സ്വന്ത ശക്തിയാൽ നമുക്ക് സ്നേഹിക്കുവാൻ കഴിയാതിരിക്കുമ്പോൾ, നമ്മുടെ അനുവാദത്തോടെ ദൈവം നമുക്കുവേണ്ടി ചെയ്തുതരുന്നത് എന്താണ്?**

***നീ ജീവിച്ചിരിക്കേണ്ടതിന്നു നിന്റെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ സ്നേഹിപ്പാൻ തക്കവണ്ണം നിന്റെ ദൈവമായ യഹോവ നിന്റെ ഹൃദയവും നിന്റെ സന്തതിയുടെ ഹൃദയവും പരിച്ഛേദന ചെയ്യും. (ആവർത്തനം:30:6)***

ഹൃദയത്തെ പരിച്ഛേദന ചെയ്യുകയെന്നാൽ ഒരാളുടെ ആത്മീയ ധാരണ വേഗത്തിലാക്കുകയും മനഃസാക്ഷിയെ മൃദുവാക്കുകയും ചെയ്യുക എന്നതാണാർത്ഥം.

ദൈവമാണ് ഹൃദയത്തെ പരിച്ഛേദന ചെയ്യുന്നത്. ആരംഭം മുതൽ അവസാനം വരെ കർത്താവിന്റെതാണ് മുഴുവൻ ജോലിയും. നശിക്കുന്ന പാപി ഒരുപക്ഷെ “ഞാൻ ഒരു നഷ്ടപ്പെട്ട പാപിയാണ് എന്ന് പറഞ്ഞേക്കാം; എന്നാൽ യേശു അതു കേട്ടു അവരോടു: “ദീനക്കാർക്കല്ലാതെ സൌഖ്യമുള്ളവർക്കു വൈദ്യനെക്കൊണ്ടു ആവശ്യമില്ല; ഞാൻ നീതിമാന്മാരെ അല്ല, പാപികളെ അത്രേ വിളിപ്പാൻ വന്നതു” എന്നു പറയുന്നു.’ (മർക്കോസ് 2:17). ഞാൻ ഒരു പാപിയാണ്, എന്നെ രക്ഷിക്കാനായി അവൻ കാൽവരിയുടെ കുരിശിൽ മരിച്ചു. എനിക്ക് ഒരു നിമിഷം കൂടി രക്ഷിക്കപ്പെടാത്തവനായി

ജീവിക്കേണ്ടതില്ല. എന്റെ നീതീകരണത്തിനായി അവൻ മരിക്കുകയും വീണ്ടും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു, അവൻ ഇപ്പോൾ എന്നെ രക്ഷിക്കും. അവൻ വാഗ്ദാനം ചെയ്ത പാപമോചനം ഞാൻ സ്വീകരിക്കുന്നു."

**(11) ദൈവത്തോടുള്ള സ്നേഹത്തിന്റെ സ്വർഗീയ തത്ത്വം നമ്മുടെ ഹൃദയങ്ങളിൻ നിറയുമ്പോൾ, അവന്റെ ആത്മാവിനാൽ കല്പനകൾ പ്രമാണിക്കുമ്പോൾ, അവന്റെ മക്കളെയും നമ്മൾ എങ്ങനെ പരിഗണിക്കും?**

***നാം ദൈവത്തെ സ്നേഹിച്ചു അവന്റെ കല്പനകളെ അനുസരിച്ചു നടക്കുമ്പോൾ ദൈവമക്കളെ സ്നേഹിക്കുന്നു എന്നു അതിനാൽ അറിയാം. (1യോഹന്നാൻ:5:2)***

നിത്യസ്നേഹത്തിന്റെ സ്വർഗ്ഗീയ തത്ത്വം ഹൃദയത്തിൽ നിറയുമ്പോൾ, അത് മറ്റുള്ളവരിലേക്ക് ഒഴുകും, അത് അവയിൽ നിന്ന് അനുഗ്രഹങ്ങൾ ലഭിക്കുന്നു എന്നതുകൊണ്ടല്ല, മറിച്ച്; നമ്മുടെ സ്വഭാവത്തെ പണിയുന്ന, പ്രേരണകളെ നിയന്ത്രിക്കുന്ന, വികാരങ്ങളെ നിയന്ത്രിക്കുന്ന, ശത്രുതയെ അടിച്ചമർത്തുകയും വാത്സല്യത്തെ ഉയർത്തുകയും ചെയ്യുന്ന സ്നേഹം ആണ് ആ പ്രവർത്തനത്തിന്റെ തത്ത്വം എന്നതുകൊണ്ടാണ്. "ഞാനും ... എന്റെയും" മാത്രം ഉൾകൊള്ളുന്നതായി ഈ സ്നേഹം ചുരുങ്ങുന്നില്ല, മറിച്ച് ലോകത്തെപ്പോലെ വിശാലവും സ്വർഗ്ഗത്തെക്കാൾ ഉയർന്നതുമാണ്. അത് സ്വർഗ്ഗീയ സേവകരായ ദൂതന്മാരുമായി ഐക്യപ്പെടുന്നു. ആത്മാവിൽ വിലമതിക്കപ്പെടുന്ന ഈ സ്നേഹം എല്ലായിടത്തും ശുദ്ധമായ സ്വാധീനം ചെലുത്തികൊണ്ടു ജീവിതത്തെ മുഴുവൻ മധുരതരമാക്കുന്നു. ആ

സ്നേഹം കൈവശമയക്കിയ നമുക്ക് നമ്മുടെ ഭാഗ്യത്തെ ഓർത്തു കേവലം സന്തോഷവാനായിരിക്കുവാൻ കഴിയില്ല. നാം ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുന്നുവെങ്കിൽ നാം അവന്റെ മക്കളെയും സ്നേഹിക്കണം. ഈ സ്നേഹം ദൈവത്തിന്റെ ആത്മാവാണ്. സ്വർഗ്ഗീയ അലങ്കാരമാണ് ആത്മാവിന് യഥാർത്ഥ കുലീനതയും അന്തസ്സും നൽകുന്നത്.

**(12) നാം ദൈവത്തെ സ്നേഹിക്കുകയും, അവന്റെ കല്പനകൾ അനുസരിക്കുന്നതിലൂടെ ലഭിക്കുന്ന സന്തോഷം അനുഭവിക്കുകയും ചെയ്യുമ്പോൾ, നാം ചെയ്യുവാൻ ആഗ്രഹിക്കുന്ന മൂന്നു കാര്യങ്ങൾ ഏതെല്ലാമാണ്?**

***നീ ജീവിച്ചിരിക്കേണ്ടതിന്നു എന്റെ കല്പനകളെയും ഉപദേശത്തെയും നിന്റെ കണ്ണിന്റെ കൃഷ്ണമണിയെപ്പോലെ കാത്തുകൊൾക. നിന്റെ വിരലിന്മേൽ അവയെ കെട്ടുക; ഹൃദയത്തിന്റെ പലകയിൽ എഴുതുക. (സദൃശ്യവാക്യങ്ങൾ :7:2-3)***

ദൈവത്തിന്റെ കല്പനകളെ കാത്തുസൂക്ഷിക്കാൻ താൻ ബാധ്യസ്ഥനാണ് എന്നതിനാൽ മാത്രം അവയെ പാലിക്കുവാൻ ശ്രമിക്കുന്ന മനുഷ്യൻ - അങ്ങനെ ചെയ്യാൻ അവൻ വീണ്ടും ആവശ്യപ്പെടുന്നതിനാൽ - പൂർണ്ണമായ അനുസരണത്തിന്റെ സന്തോഷത്തിലേക്ക് ഒരിക്കലും പ്രവേശിക്കുകയില്ല. അവൻ അനുസരിക്കുകയല്ല ചെയ്യുന്നത്. മനുഷ്യന്റെ താത്പര്യങ്ങളെ മുറിച്ചുമാറ്റുന്നതാണ് ദൈവത്തിന്റെ കല്പനകൾ എന്നതിനാൽ അതൊരു ഭാരമായി മനുഷ്യന് തോന്നാറുണ്ട്, അങ്ങനെയുള്ളവരുടെ ജീവിതത്തെ ക്രിസ്തീയ ജീവിതം എന്ന് പറയുവാൻ കഴിയുകയില്ല.

യഥാർത്ഥ അനുസരണം എന്നത് ഉള്ളിലെ തത്വത്തിന്റെ പ്രവർത്തനമാണ്. അത് നീതിയുടെ സ്നേഹത്തിൽ നിന്നും, ദൈവത്തിന്റെ ന്യായപ്രമാണത്തിന്റെ സ്നേഹത്തിൽ നിന്നും ഉത്ഭവിക്കുന്നതാണ്. എല്ലാ നീതിയുടെയും സാരം നമ്മുടെ വീണ്ടെടുപ്പുകാരനോടുള്ള വിശ്വസ്തതയാണ്. ഇത് ശരിയായത് ചെയ്യുന്നതിലേക്കു നമ്മെ നയിക്കും - കാരണം ശരിയായത് ദൈവത്തെ പ്രസാദിപ്പിക്കുന്നതാണ്.

ഒരു മനുഷ്യനും ദൈവത്തിന്റെ നിർദ്ദിഷ്ട ആവശ്യകതകളിൽ നിന്ന് പുറത്തുപോകാനും സന്തുഷ്ടനായിരുന്നുകൊണ്ടു തനിക്കു സുരക്ഷിതമായി പിന്തുടരാൻ കഴിയുന്ന ഒരു മാർഗ്ഗദർശനങ്ങളും സ്ഥാപിക്കുവാൻ കഴിയില്ല. അങ്ങനെ വന്നാൽ ഓരോരുത്തരുടെയും മനസിന്റെ മാനദണ്ഡങ്ങൾക്കു അനുയോജ്യമായ തരത്തിലുള്ള വ്യത്യസ്ത മാനദണ്ഡങ്ങൾ ഉണ്ടാകും, കർത്താവിന്റെ കൈകളിൽ നിന്ന് അധികാരം എടുത്തുമാറ്റുകയും എല്ലാ അധികാരങ്ങളും മനുഷ്യന്റെ നിയന്ത്രണത്തിൽ ആകുവാനുള്ള അറിവും ഉള്ളവരായിത്തീരും. സ്വ-നിയമം സ്ഥാപിക്കപ്പെട്ടുകൊണ്ടു, മനുഷ്യന്റെ ഇഷ്ടം പരമപ്രധാനമാക്കപ്പെടും; ദൈവത്തിന്റെ ഉന്നതവും വിശുദ്ധവുമായ ഇച്ഛാശക്തി അനുസരിക്കപ്പെടാനും ബഹുമാനിക്കപ്പെടാനും വേണ്ടി അവതരിപ്പിക്കുമ്പോൾ മനുഷ്യന്റെ ഇഷ്ടങ്ങളും ഇച്ഛകളും അതിന്റേതായ സ്വയത്തിന്റെ വഴികൾ തേടും.... സ്വയത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ, മനുഷ്യനും ദൈവവും തമ്മിൽ പോരാടിക്കൊണ്ടിരിക്കുന്നു.

**(13) സ്നേഹത്തിലും, പരിശുദ്ധാത്മാവിന്റെ ശക്തിയിലും നാം കല്പനകൾ പാലിക്കുമ്പോൾ, നമുക്ക് വാഗ്ദത്തം ചെയ്തിരിക്കുന്ന അനുഗ്രഹം എന്താണ്?**

***ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്കു അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ. (വെളിപ്പാട്:22:14)***

*ലോകത്തിന്റെ വീണ്ടെടുപ്പുകാരൻ നമ്മളോട് സംസാരിക്കുന്നു; അവൻ പറയുന്നതു എന്താണെന്ന് നമുക്ക് കേൾക്കാം: "കൽപ്പനകൾ ചെയ്യുന്നവർ ഭാഗ്യവാന്മാർ ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്കു അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ." (വെളി. 22:14). ദൈവത്തിന്റെ നിർദേശങ്ങളെ ദൈവവചനത്തിൽ കാണുകയും അനുസരിക്കാതിരിക്കുകയും, എന്നാൽ പലവിധ ഒഴികഴിവുകളാൽ ദൈവത്തിന്റെ ആവശ്യങ്ങൾ അവഗണിക്കുകയോ മനപൂർവ്വം ആദരിക്കാതിരിക്കയോ ചെയ്യുന്നവർ, അനുസരണത്തിന്റെ വ്യവസ്ഥയിൽ നൽകുമെന്ന് പറഞ്ഞിട്ടുള്ള അനുഗ്രഹീതമായ വാഗ്ദത്തങ്ങൾ സ്വീകരിക്കുകയില്ലെന്നു അവരുടെ പ്രവർത്തനഗതിയിലൂടെ സാക്ഷ്യപ്പെടുത്തുന്നു. അവർ ജീവന്റെ വൃക്ഷത്തിങ്കൽ അവകാശമുള്ളവർ ആകില്ല, പ്രത്യുതാ, "അനീതി പ്രവർത്തിക്കുന്ന ഏവരുമെ എന്നെ വിട്ടു പോകുവീൻ" (ലൂക്കോസ്:13:27) എന്ന് യേശു പറയുന്ന അധർമ്മികളുടെ കൂട്ടത്തിൽ ഓഹരി ലഭിക്കപ്പെടുന്നവർ ആയിതിതീരും.*

**(14) നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെയും, രക്ഷിതാവായ യേശു ക്രിസ്തുവിനെയും സ്നേഹം ഒരുക്കൽ നാം അറിയുകയും അനുഭവിക്കുകയും ചെയ്യുമ്പോൾ, ദാവീദിനെപ്പോലെ, നമ്മുടെയും സാക്ഷ്യവും, കീർത്തനവും എന്തായിരിക്കും?**

***ഞാൻ യഹോവയെ അവന്റെ നീതിക്കു തക്കവണ്ണം സ്തുതിക്കും; അത്യുന്നതനായ യഹോവയുടെ നാമത്തിന്നു സ്തോത്രം പാടും.. (സങ്കീർത്തനങ്ങൾ :7:17)***

ജീവൻ നൽകുന്നവനായ ക്രിസ്തുവിൽ ഉള്ള സജീവമായ വിശ്വാസത്തിൽ ജീവിക്കുക എന്നത് നമ്മുടെ പദവിയാണ്. എല്ലാ വിശുദ്ധന്മാരോടും കൂടെ, ജ്ഞാനം പകരുന്ന ദൈവസ്നേഹത്തെ അറിയുന്നതും, ദൈവത്തിന്റെ സകല സമ്പൂർണ്ണതയും നിറഞ്ഞതുമായ സ്നേഹത്തിന്റെ നീളവും ആഴവും ഉയരവും എന്താണെന്ന് മനസിലാക്കുന്നതും നമ്മുടെ ഭാഗ്യമാണ്. എല്ലാ പൂർണതയും വസിക്കുന്ന ഒരാളായി നമുക്ക് ക്രിസ്തുവിനെ കാണാം. അവനെ നമ്മുടെ വ്യക്തിപരമായ രക്ഷകനായി കാണുമ്പോൾ, അവന്റെ രക്ഷാ കൃപയുടെ മൂല്യത്തെ നാം വിലമതിക്കും. നമ്മേക്കാൾ കൂടുതൽ യേശുവിനെക്കുറിച്ച് ചിന്തിക്കണം. അവിടുത്തെ സ്തുതി നമ്മുടെ ഹൃദയത്തിൽ എപ്പോഴും വസിക്കട്ടെ. നമുക്കുവേണ്ടി ധാരാളമായി പ്രകടിപ്പിച്ച സ്നേഹത്തെക്കുറിച്ച് നാം മറ്റുള്ളവരോടും സംസാരിക്കേണം. കർത്താവ് എന്നെ സ്നേഹിച്ച അവന്റെ വലിയ സ്നേഹത്തിന് ഞാൻ അവനെ സ്തുതിക്കും എന്ന് പറഞ്ഞുകൊണ്ട്, പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ ആത്മാവോടും ശബ്ദത്തോടും കൂടി ദൈവത്തെ സ്തുതിക്കാൻ നമുക്ക് തീർച്ചയായും എല്ലാ കാരണവുമുണ്ട്.

കാൽവരിയിലെ ക്രിസ്തുവിനെ ഉയർത്തുക, ലോകം അവനെ കാണട്ടെ. അവന്റെ നന്മകളെപ്പറ്റി വർണ്ണിക്കുക, അവന്റെ സ്നേഹത്തെക്കുറിച്ച് പാടുകയും പൂർണ്ണ ഹൃദയത്തോടെ അവനു നന്ദി പറയുകയും ചെയ്യുക. {UL 37}

*നമ്മുടെ രക്ഷയുടെ സന്തോഷത്തിനായി ക്രിസ്തു ക്രൂശ് സഹിച്ചതിൽ ഞാൻ സന്തുഷ്ടനും അനുഗൃഹീതനുമാണ്. അവൻ എന്റെ സ്നേഹം നേടുകയാൽ, എല്ലാറ്റിലും അവനെ ഒന്നാമത്തവനും അവസാനത്തെ വ്യക്തിയും ഏറ്റവും പ്രാധാന്യം അർഹിക്കുന്നവനും ആക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

*എന്നെ തന്റെ മകൻ/മകൾ ആയി സ്വീകരിക്കുന്നു എന്ന അതിശയകരമായ ഭാഗ്യം പിതാവ് എനിക്ക് നൽകുവാൻ ഇടയാക്കിയ ആ വലിയ സ്നേഹത്തെ കാണുവാൻ എന്റെ കണ്ണുകളെ തുറക്കണമേ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

*അവന്റെ സ്നേഹം ഞാൻ ശരിക്കും അറിയുകയും വിശ്വസിക്കുകയും ചെയ്യണമെന്നും മറ്റുള്ളവരോട് ഈ അത്ഭുതകരമായ സ്നേഹം വിവരിക്കുവാൻ അവിടുന്ന് എനിക്ക്*

വാക്കുകൾ നൽകണമെന്നും ഞാൻ പ്രാർത്ഥിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

അവനെയും മറ്റുള്ളവരെയും സ്നേഹിക്കാനുള്ള കഴിവ് എനിക്കുണ്ടാകുവാനായി കല്ല് പോലെ തണുത്തുറഞ്ഞ എന്റെ ഹൃദയം നീക്കംചെയ്ത് പകരം സ്നേഹത്തിന്റെ ഹൃദയം വയ്ക്കാമെന്ന കർത്താവിന്റെ വാഗ്ദത്തം ഞാൻ അവകാശമായി ചോദിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

ഞാൻ എന്റെ ഹൃദയം അവനു നൽകുകയും, എന്റെ ആത്മാവ്, ശക്തി, മനസ്സ് എന്നിവയാൽ അവനെ അന്വേഷിക്കുകയും ചെയ്യുന്നു. അവിടുത്തെ സേവനത്തിനായി എന്റെ മുഴുവൻ സത്തയും സ്നേഹവും ജീവിതവും ശാരീരിക ശക്തികളും ബുദ്ധിയും നൽകുവാനും തീരുമാനിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

ദൈവത്തിന്റെ കൃപയാൽ അവനുമായുള്ള ഒരു ബന്ധത്തിൽകൂടെ ലഭിക്കുന്ന യഥാർത്ഥ മതം എനിക്ക് അനുഭവിക്കണമെന്ന് ഞാൻ

പ്രാർത്ഥിക്കുന്നു, അത് എന്റെ ജീവിതത്തിൽ അവിടുത്തെ സാന്നിദ്ധ്യം നിരന്തരം നിലനിൽക്കുന്നതിന് കാരണമാകുന്നു. ദൈവത്തിന്റെ കൽപനകൾ അനുസരിച്ച് ജീവിക്കുവാനും അവിടുത്തെ കല്പനകൾ അനുസരിക്കുന്നതിൽ സന്തോഷിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

ദൈവ നഗരത്തിന്റെ കവാടങ്ങൾ തുറന്നുകൊണ്ടു, അവന്റെ രാജ്യത്തിനുവേണ്ടി വിശ്വസ്തതയോടെ കാത്തിരുന്ന എന്നെയും മറ്റെല്ലാവരെയും അതിലേക്കു ക്ഷണിക്കുന്ന ദിവസത്തിനായി ഞാൻ കാത്തിരിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല



## അദ്ധ്യായം 15
## ദൈവസ്നേഹത്തിന്റെ ശക്തി നേടുന്നു

**(1) നാം അനുവദിച്ചാൽ നമ്മുടെ സ്വഭാവത്തെ രൂപാന്തരപ്പെടുത്തുന്നതിനും, ചിന്തകളെ ഭരിക്കുന്നതിനും, രക്ഷിതാവിനെയും, മറ്റുള്ളവരെയും സ്നേഹിക്കുവാൻ പര്യാപ്തരാകുവാനും വേണ്ടി ദൈവീകവും ശക്തിയുള്ളതുമായ എന്ത് ദാനമാണ് നമ്മുടെമേൽ ചൊരിഞ്ഞിരിക്കുന്നതു?**

***അവൻ ആദ്യം നമ്മെ സ്നേഹിച്ചതു കൊണ്ടു നാം സ്നേഹിക്കുന്നു. (1 യോഹന്നാൻ :4:19)***

ദൈവത്തോടുള്ള പരമമായ സ്നേഹവും പരസ്പരം ഉള്ള നിസ്വാർത്ഥമായ സ്നേഹം എന്നിവയാണ് - നമ്മുടെ സ്വർഗ്ഗീയപിതാവിന് നൽകാൻ കഴിയുന്ന ഏറ്റവും നല്ല ദാനം. ഈ സ്നേഹം ഒരു പ്രേരണയല്ല, മറിച്ച് ഒരു ദൈവിക തത്ത്വവും, ശാശ്വതശക്തിയുമാണ്. സമർപ്പിക്കപ്പെടാത്ത ഒരു ഹൃദയത്തിന്

അത് പുറപ്പെടുവിക്കാൻ കഴിയില്ല. യേശു വാഴുന്ന ഹൃദയത്തിൽ മാത്രമേ അത് കാണാനാകൂ. “നാം അവനെ സ്നേഹിക്കുന്നു, കാരണം അവൻ ആദ്യം നമ്മെ സ്നേഹിച്ചു.” ദൈവീക കൃപയാൽ പുതുക്കപ്പെട്ട ഹൃദയത്തിന്റെ പ്രവർത്തനങ്ങളെ ഭരിക്കുന്ന തത്വമാണ് ഈ സ്നേഹം. ഇത് സ്വഭാവത്തെ പരിഷ്ക്കരിക്കുന്നു, പ്രേരണകളെ അടക്കിഭരിക്കുന്നു, വികാരങ്ങളെ നിയന്ത്രിക്കുന്നു, വാത്സല്യത്തെ വർദ്ധിപ്പിക്കുന്നു. ആത്മാവിൽ വിലമതിക്കപ്പെടുന്ന ഈ സ്നേഹം ജീവിതത്തെ മധുരതരമാക്കുകയും എല്ലായിടത്തും ഒരു പരിഷ്കൃത സ്വാധീനം ചെലുത്തുകയും ചെയ്യുന്നു.

**(2) രക്ഷിതാവിന്റെ രക്തവും പരിശുദ്ധാത്മാവിന്റെ സാന്നിധ്യവും ചേർന്ന പവിത്രസ്നേഹത്തിനു എന്ത് ചെയ്യുവാനുള്ള ശക്തിയാണുള്ളത്?**

***പക വഴക്കുകൾക്കു കാരണം ആകുന്നു; സ്നേഹമോ, സകലലംഘനങ്ങളെയും മൂടുന്നു.. (സദൃശ്യവാക്യങ്ങൾ: 10:12)***

സ്നേഹമാണ് ശക്തി. ബൗദ്ധികവും ധാർമ്മികവുമായ കരുത്ത് ഈ തത്വത്തിൽ ഉൾപ്പെട്ടിരിക്കുന്നു, അതിൽ നിന്ന് വേർതിരിക്കാനാവില്ല. സമ്പത്തിന്റെ ശക്തിക്കു നമ്മെ ദുഷിപ്പിക്കുവാനും നശിപ്പിക്കുവാനും ഉള്ള പ്രവണതയുണ്ട്; അധികാരത്തിന്റെ ശക്തിയും ഒരുവനെ ഉപദ്രവിക്കാൻ തക്ക ബലമുള്ളതാണ്; എന്നാൽ ശുദ്ധമായ സ്നേഹത്തിന്റെ മികവ് നന്മ ചെയ്യാനുള്ള കഴിവിലും നന്മയല്ലാതെ മറ്റൊന്നും ചെയ്യാതിരിക്കുന്നതിലും അടങ്ങിയിരിക്കുന്നു. ശുദ്ധമായ സ്നേഹത്തിൽ നിന്നും ചെയ്യുന്ന ഏതു കാര്യവും, ഏറ്റവും ചെറിയതായിരുന്നാലും, മനുഷ്യർ

അതിനെ നിന്ദ്യമായി കണ്ടാലും, അത് പൂർണ്ണമായും ഫലം ഉളവാക്കുന്നതായിരിക്കും; കാരണം, എത്ര വലിയ കാര്യം ചെയ്തു എന്നല്ല ദൈവം നോക്കുന്നത് മറിച്ച് എത്രമാത്രം സ്നേഹത്തോടെയാണ് അത് ചെയ്തത് എന്നാണു. സ്നേഹം ദൈവത്തിൽ നിന്നുള്ളതാണ്. പരിവർത്തനം സംഭവിക്കാത്ത ഏതൊരു ഹൃദയത്തിനും ഈ സർഗ്ഗീയ തൈ ഉരുവാക്കാനോ വളർത്തുവാനോ കഴികയില്ല, ക്രിസ്തു വാഴുന്ന ഹൃദയത്തിൽ മാത്രമേ ഇത് സമൃദ്ധിയായി വളരുകയുള്ളു.

ക്രിസ്തുവിന്റെ സ്നേഹം ആഴമേറിയതും ആത്മാർത്ഥവുമാണ്, അത് സ്വീകരിക്കുന്ന ആർക്കും അത് തടഞ്ഞുവക്കുവാൻ കഴിയാത്ത ഒരു അരുവി പോലെ ഒഴുകുന്നു. അവന്റെ സ്നേഹത്തിൽ സ്വാർത്ഥതയില്ല. സ്വർഗത്തിൽ ഉരുവായ ഈ സ്നേഹം ഹൃദയത്തിൽ നിലനിൽക്കുന്ന ഒരു തത്വമാണെങ്കിൽ, നമ്മുടെ ബന്ധങ്ങളിൽ നമുക്ക് ഏറ്റവും പ്രിയപ്പെട്ടവരെ മാത്രമല്ല, നമ്മൾ സമ്പർക്കം പുലർത്തുന്ന എല്ലാവരോടും ആ സ്നേഹം സ്വയം വെളിപ്പെടുത്തും. ഈ സ്നേഹം നമുക്കുണ്ടെങ്കിൽ അത് നമ്മളെ മറ്റുള്ളവരെ സഹായിക്കുവാനും, ക്ഷമിക്കുവാനും, കാരുണ്യ പ്രവർത്തികൾ ചെയ്യുവാനും, സത്യം സംസാരിക്കുവാനും, കൃപയോട് കൂടിയ വാക്കുകളാൽ സഹമനുഷ്യരെ ഉത്സാഹിപ്പിക്കുവാനും പരിശ്രമിച്ചുകൊണ്ടിരിക്കും. സഹാനുഭൂതിക്കായി ഹൃദയം കാംഷിക്കുന്നവരോട് സഹതപിക്കാൻ ഇത് നമ്മെ നയിക്കും

**(3) ദൈവത്തിന്റെ സ്വരൂപം പ്രതിബിംബിപ്പിക്കുവാനും, അവിടുത്തെ സ്വഭാവം ലോകത്തിനു വെളിപ്പെടുത്തുവാനുമായി ദൈവം**

**നമുക്ക് നൽകുവാൻ ആഗ്രഹിക്കുന്ന മൂന്നു കാര്യങ്ങൾ ഏതെല്ലാമാണ്?**

***ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നതു. (2 തിമൊഥെയൊസ് 1:7)***

രക്ഷകന്റെ ക്ഷണം മനുഷ്യർ നിരസിക്കുമ്പോഴെല്ലാം അവർ സാത്താന് വഴങ്ങുകയാണ്. വീട്ടിലെയും ബിസിനസ്സിലെയും സഭയിലെയും അങ്ങനെ ജീവിതത്തിലെ എല്ലാ നിലകളിലെയും മനുഷ്യരിൽ ബഹുഭൂരിപക്ഷവും ഇന്ന് ഇത് ചെയ്യുന്നു. ഇക്കാരണത്താലാണ് അക്രമവും കുറ്റകൃത്യവും ഭൂമിയിൽ പെരുകുകയും മരണത്തിന്റെ പുതപ്പുപോലെ ധാർമ്മിക അന്ധകാരം മനുഷ്യരുടെ വാസസ്ഥലങ്ങളെ മറയ്ക്കുകയും ചെയ്യുന്നത്. സാത്താൻ തന്റെ ഗൂഢമായ പ്രലോഭനത്താൽ മനുഷ്യനെ ഏറ്റവും മോശമായ തിന്മകളിലേക്ക് നയിക്കുന്നു, എന്നാൽ അതിന്റെ പരിണിതഫലം നിത്യ നാശവും അധഃപതനവും ആണ്. അവന്റെ ശക്തിക്കെതിരായ ഏക സംരക്ഷണം യേശുവിന്റെ സാന്നിധ്യത്തിൽ മാത്രമേ ലഭിക്കുകയുള്ളു. മനുഷ്യർക്കും ദൂതന്മാർക്കും മുൻപാകെ സാത്താൻ മനുഷ്യന്റെ ശത്രുവും നാശകനുമായി വെളിപ്പെട്ടിരിക്കുന്നു; എന്നാൽ ക്രിസ്തു, മനുഷ്യന്റെ സുഹൃത്തും വിമോചകനുമായി നിലകൊള്ളുന്നു. സ്വഭാവത്തെ ശക്തിപ്പെടുത്തുകയും പ്രകൃതം ബഹുമാന്യവുമാക്കി തീർക്കുന്ന അവന്റെ ആത്മാവ് മനുഷ്യനിൽ വികസിക്കും. ശരീരത്തിലും ആത്മാവിലും ദൈവത്തിന്റെ മഹത്വം വെളിപ്പെടുവാനായി അത് മനുഷ്യനെ പുതുക്കി പണിയും. "ഭീരുത്വത്തിന്റെ

ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നതു." (2തിമൊഥെയൊസ്:1:7). "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വം പ്രാപിപ്പാനല്ലോ അവൻ ഞങ്ങളുടെ സുവിശേഷഘോഷണത്താൽ നിങ്ങളെ രക്ഷെക്കു വിളിച്ചതു." "അവന്റെ സ്വരൂപത്തോടു അനുരൂപരാകുവാൻ മുന്നിയമിച്ചുമിരിക്കുന്നു." (2തെസ്സലൊനീക്യർ:2:14; റോമർ:8:29).

**(4) സ്നേഹത്തിന്റെ വരം ലഭിക്കുകയും സത്യമായി ഉപയോഗിക്കുകയും ചെയ്തുകഴിയുമ്പോൾ, തിന്മയുടെ എറിയവെള്ളങ്ങൾക്കു അതിനോട് ചെയ്യുവാൻ കഴിയാത്തത്ത് എന്താണ്?**

***ഏറിയ വെള്ളങ്ങൾ പ്രേമത്തെ കെടുപ്പാൻ പോരാ; നദികൾ അതിനെ മുക്കിക്കളകയില്ല. ഒരുത്തൻ തന്റെ ഗൃഹത്തിലുള്ള സർവ്വസമ്പത്തും പ്രേമത്തിന്നു വേണ്ടി കൊടുത്താലും അവനെ നിന്ദിച്ചുകളയും. (ഉത്തമഗീതം:8:7)***

പ്രവർത്തിയില്ലാത്ത സ്നേഹത്തിനു ജീവിക്കാൻ കഴിയില്ല, ഓരോ പ്രവൃത്തിയും സ്നേഹം വർദ്ധിപ്പിക്കുകയും ശക്തിപ്പെടുത്തുകയും അതിനു മുൻ തൂക്കം നൽകുകയും ചെയ്യുന്നു. വാദപ്രതിവാദവും അധികാരവും ശക്തിയില്ലാത്തതാകുമ്പോൾ സ്നേഹം വിജയം നേടും. ലാഭത്തിനോ പ്രതിഫലത്തിനോ വേണ്ടി അല്ല സ്നേഹത്തിന്റെ പ്രവർത്തി; എന്നാൽ സ്നേഹത്തിലധിഷ്ഠിതമായ അധ്വാനത്തിന്റെയും നിശ്ചയത്തിന്റെയും ഫലമായിരിക്കും വലിയ നേട്ടങ്ങളെന്നു ദൈവം നിശ്ചയിച്ചിട്ടുണ്ട്. അത് അതിന്റെ

സ്വഭാവത്തിൽ എങ്ങും വ്യാപിക്കുന്നതും പ്രവർത്തനത്തിൽ ശാന്തവുമാണ്, എങ്കിലും വലിയ തിന്മകളെ അതിജീവിക്കാനുള്ള ഉദ്ദേശ്യത്തിൽ ശക്തവും ദൃഢവുമാണ്. എല്ലാ തിന്മകളും അതിന്റെ സ്വാധീനത്തിൽ ഉരുകുകയും പരിവർത്തനം ചെയ്യുകയും ചെയ്യുന്നു, മാത്രമല്ല മറ്റെല്ലാ മാർഗങ്ങളും പരാജയപ്പെട്ടു എന്ന് തെളിയുമ്പോഴും പാപികളുടെ ജീവിതത്തെ തൊടുവാനും അവരുടെ ഹൃദയത്തെ സ്വാധീനിക്കുവാനും ഈ സ്നേഹത്തിനു കഴിയും.

ബുദ്ധിയുടെയോ അധികാരത്തിൻറെയോ പ്രേരണയുടെയോ ശക്തി പ്രയോഗിക്കുകയും സ്നേഹം പ്രകടമായി കാണാതിരിക്കുകയും ചെയ്യുന്നിടത്ത്, വാത്സല്യവും ഇച്ഛാശക്തിയും പ്രദർശിപ്പിക്കണം എന്ന് നാം ആഗ്രഹിച്ചാൽ പോലും പ്രതിരോധാത്മകവും വിരട്ടുന്നതുമായ ഒരു അവസ്ഥയിൽ കാര്യങ്ങൾ കാണപ്പെടുന്നു, ഒപ്പം അവരുടെ പ്രതിരോധത്തിന്റെ ശക്തിയും വർദ്ധിക്കുന്നു. യേശു സമാധാനത്തിന്റെ പ്രഭുവാണ്. എല്ലാ ചെറുത്തുനിൽപ്പും അധികാരവും തനിക്കു കീഴ്പ്പെടേണ്ടതിനാണ് അവൻ ലോകത്തിലേക്ക് വന്നത്. അവന് ആജ്ഞാപിക്കാൻ കഴിയുന്ന ജ്ഞാനവും ശക്തിയും ഉണ്ടായിരുന്നു, എന്നാൽ തിന്മയെ ജയിക്കാൻ അവൻ ഉപയോഗിച്ചതു സ്നേഹത്തിന്റെ ജ്ഞാനവും ശക്തിയും ആയിരുന്നു. അതെ വേലസ്ഥലത്ത് അതേ നിലവാരത്തിൽ ദൈവം നിങ്ങൾക്ക് മറ്റൊരു വേല തരുന്നതുവരെ നിങ്ങളുടെ ഇപ്പോഴത്തെ വേലയിൽ നിന്ന് നിങ്ങളുടെ താൽപ്പര്യം ഭിന്നിപ്പിക്കുവാൻ തക്കാതായ ഒന്നും ഉണ്ടാകരുത്. സന്തോഷത്തിനായി അന്വേഷിക്കരുത്, കാരണം അത്

അന്വേഷിച്ച് ഒരിക്കലും കണ്ടെത്താനാവില്ല. നിങ്ങളുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുക. വിശ്വസ്തത നിങ്ങളുടെ എല്ലാ പ്രവൃത്തികളുടെയും അടയാളമായിരിക്കുകയും താഴ്മ നിങ്ങളുടെ വസ്ത്രം ആയിരിക്കുകയും ചെയ്യട്ടെ.

**(5) ഒരിക്കൽ നാം ക്രിസ്തുവിന്റെ സ്നേഹം നമ്മിൽ ആസ്വദിച്ചറിയുകയും, അതിനുവേണ്ടി കൂടുതൽ വാഞ്ചിക്കുകയും ചെയ്യുമ്പോൾ, സ്നേഹിക്കുവാനുള്ള നമ്മുടെ കഴിവിനെ അവൻ എത്രമടങ്ങു വർദ്ധിപ്പിക്കുന്നു?**

**എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന്നു സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറതലമുറയായും മഹത്വം ഉണ്ടാകട്ടെ (എഫെസ്യർ:3:20)**

"*കൊടുപ്പിൻ; എന്നാൽ നിങ്ങൾക്കു കിട്ടും;*" (*ലൂക്കോസ്* 6:38); *ദൈവവചനം* "*തോട്ടങ്ങൾക്കു ഒരു നീരുറവും, വറ്റിപ്പോകാത്ത കിണറും ലെബാനോനിൽനിന്നു ഒഴുകുന്ന ഒഴുക്കുകളും തന്നേ.*" (*ഉത്തമഗീതം*:4:15). *ഒരിക്കൽ ക്രിസ്തുവിന്റെ സ്നേഹം ആസ്വദിച്ച ഹൃദയം, ആഴത്തിലുള്ള ആലേഖനത്തിനായി നിരന്തരം നിലവിളിക്കുന്നു, നിങ്ങൾ നൽകുമ്പോൾ നിങ്ങൾക്ക് കൂടുതൽ സമ്പന്നവും സമൃദ്ധവുമായ അളവിൽ ലഭിക്കും. ആത്മാവിനോടുള്ള ദൈവത്തിന്റെ ഓരോ വെളിപ്പെടുത്തലും അറിയാനും സ്നേഹിക്കാനുമുള്ള കഴിവ് വർദ്ധിപ്പിക്കുന്നു. ഹൃദയത്തിന്റെ നിരന്തരമായ നിലവിളി "അവനിൽ അധികം" എന്നതും, ആത്മാവിന്റെ ഉത്തരം "അവനിൽ ഇനിയും അധികം" എന്നതാണ്.* (*റോമർ*:5:9,10). "*എന്നാൽ*

*നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്യാൻ നമ്മുടെ ദൈവം ആഗ്രഹിക്കുന്നു.* (*എഫെസ്യർ*:3:20). *നഷ്ടപ്പെട്ട മനുഷ്യരാശിയുടെ രക്ഷയ്ക്കായി സ്വയം താഴ്ച ഏറ്റെടുത്തവനായ യേശുവിനു പരിശുദ്ധാത്മാവ് അളവുകൂടാതെ നൽകി. അവൻ വസിക്കുന്നതിനായി പൂർണ്ണമായി ഹൃദയം സമർപ്പിച്ച, ക്രിസ്തുവിനെ അനുഗമിക്കുന്ന ഓരോ വ്യക്തിക്കും ഈ ആത്മാവിനെ അധികമായി നൽകും. "കർത്താവ് തന്നെ നമുക്ക് "ആത്മാവിൽ നിറയുക" എന്ന കൽപ്പന നൽകിയിട്ടുണ്ട്* (*എഫെസ്യർ* 5:18), *ഈ കല്പന അതിന്റെ പൂർത്തീകരണത്തിന്റെ വാഗ്ദാനം കൂടിയാണ്. ക്രിസ്തുവിൽ "സകല സ്മപൂർണ്ണതയും വസിക്കുന്നു" എന്നും "അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു" എന്നതാണ് പിതാവിന്റെ പ്രിയകരമായ സന്തോഷം.* (*കൊലോസ്യർ*:1:19; 2:10)

**(6) സ്നേഹത്തിന്റെ രക്ഷണ്യശക്തി നമ്മുടെ ഹൃദയത്തിൽ നിറയുകയും, നമ്മുടെ ഉദ്ദേശ്യങ്ങളുടെ മേൽ വാഴുകയും ചെയ്യുമ്പോൾ, എന്ത് വാഗ്ദത്തം അവകാശമാക്കണമെന്നാണ് ദൈവം പ്രതീക്ഷിക്കുന്നത്?**

***അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്കു അവനോടുള്ള ധൈര്യം ആകുന്നു.***
***നാം എന്തു അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നു വെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു. (1യോഹന്നാൻ :5:14-15)***

സ്നേഹത്തിന്റെ ആത്മാവിലുള്ള പ്രവർത്തിയാൽ വിശ്വാസികൾക്ക്

ലഭിക്കുന്ന ഉന്നതമായ പദവികൾ മനസ്സിലാക്കാൻ യോഹന്നാൻ ശ്രമിച്ചു. വീണ്ടെടുക്കുന്ന ഈ ശക്തി, ഹൃദയം നിറയ്ക്കുകയും, മറ്റെല്ലാ ലക്ഷ്യങ്ങളെയും നിയന്ത്രിക്കുകയും ലോകത്തിലെ ദുഷിച്ച സ്വാധീനങ്ങളെക്കാൾ അത് അവകാശമാക്കിയവനെ ഉയർത്തുകയും ചെയ്യും. ഈ സ്നേഹം പൂർണ്ണമായി അനുവദിക്കുകയും ജീവിതത്തിലെ പ്രേരകശക്തിയായിത്തീരുകയും ചെയ്തതോടെ, ദൈവത്തിലുള്ള അവരുടെ വിശ്വാസവും ആത്മവിശ്വാസവും അവരുമായുള്ള ഇടപെടലുകളും പൂർണമാകും. അവരുടെ ഇപ്പോഴത്തെയും, നിത്യജീവന്റെയും നന്മയ്ക്ക് ആവശ്യമായതെല്ലാം അവനിൽ നിന്ന് സ്വീകരിക്കാമെന്നു അറിഞ്ഞുകൊണ്ട് അവർക്ക് വിശ്വാസത്തിന്റെ പൂർണ്ണ ഉറപ്പോടെ അവനിലേക്ക് വരാൻ കഴിഞ്ഞു. “ന്യായവിധിദിവസത്തിൽ നമുക്ക് ധൈര്യം ലഭിക്കത്തക്കവണ്ണം ഇവിടെ നമ്മുടെ സ്നേഹം പരിപൂർണ്ണമായിരിക്കുന്നു. കാരണം, അവൻ എങ്ങനെ ആയിരുന്നോ അതുപോലെ നാമും ഈ ലോകത്തിലായിരുന്നു. സ്നേഹത്തിൽ ഭയമില്ല; എന്നാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു.” “അവിടുത്തെ ഹിതപ്രകാരം നാം എന്തെങ്കിലും ചോദിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു; അവിടുന്ന് നമ്മെ കേൾക്കുന്നുവെന്നു നമുക്കറിയാമെങ്കിൽ, അവനിൽ നമുക്ക് വിശ്വാസമുണ്ട്. . . . അവനിൽ നിന്ന് ഞങ്ങൾ ആഗ്രഹിച്ച അപേക്ഷകൾ അവിടുന്ന് നമുക്കുവേണ്ടി നൽകും എന്ന് ഞങ്ങൾക്കറിയാം.”

**(7) ക്രിസ്തുവിന്റെ സ്നേഹം നമ്മിൽ നിന്നും മറ്റുള്ളവരിലേക്ക് ഒഴുകുമ്പോൾ, നമ്മുടെ 'സ്വയത്തെ' പറ്റി പൗലോസിനെപ്പോലെ, നമ്മുടെ സാക്ഷ്യവും എന്തായിരിക്കണം?**

*ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു (ഗലാത്യർ:2:20)*

ഹൃദയത്തിലുള്ള ക്രിസ്തുവിന്റെ സ്നേഹമാണ് നമുക്കാവശ്യം. നമ്മുടെ സ്വയത്തെ ക്രൂശിതനാകേണ്ടത് ആവശ്യമാണ്. നമ്മുടെ സ്വാർത്ഥത ക്രിസ്തുവിൽ മുങ്ങുമ്പോൾ യഥാർത്ഥ സ്നേഹം സ്വയമേവ ഉത്ഭവിക്കുന്നു. അത് ഒരു വികാരമോ പ്രേരണയോ അല്ല, മറിച്ച് വിശുദ്ധീകരിക്കപ്പെട്ട ഇച്ഛാശക്തിയുടെ തീരുമാനമാണ്. അത് വികാരത്തിലല്ല, മറിച്ച് മുഴുവൻ ഹൃദയത്തിന്റെയും ആത്മാവിന്റെയും സ്വഭാവത്തിന്റെയും പരിവർത്തനത്തിലാണ്, അത് സ്വാർത്ഥതക്കു മരിച്ചു ദൈവത്തിനായി-ദൈവത്തിൽ ജീവിക്കുന്നു. നമ്മുടെ കർത്താവും രക്ഷകനും നമ്മോട് തന്നെത്തന്നെ സമർപ്പിക്കാൻ ആവശ്യപ്പെടുന്നു. നമ്മുടെ സ്വയത്തെ ദൈവത്തിനു കീഴ്പെടുത്തുക എന്നതാണ് അവിടുന്ന് ആവശ്യപ്പെടുന്ന പരമ പ്രധാനമായ കാര്യം. കീഴടങ്ങലിന്റെ ഈ ഘട്ടത്തിലേക്ക് വരുന്നതുവരെ നമുക്ക് സന്തോഷത്തോടെയോ ഉപയോഗപ്രദമായോ വിജയകരമായോ എവിടെയും, ഒന്നും പ്രവർത്തിക്കുവാൻ കഴിയില്ല.

യഥാർത്ഥ വിശുദ്ധീകരണം വിശ്വാസികളെ ക്രിസ്തുവിലും പരസ്പരം ആർദ്രമായ സഹാനുഭൂതിയിലും ഒന്നിപ്പിക്കുന്നു. ഈ ഐക്യത ക്രിസ്തുവിന്റെ

സ്നേഹം പോലെയുള്ള സ്നേഹത്തിന്റെ സമൃദ്ധമായ പ്രവാഹങ്ങൾ ഹൃദയങ്ങളിലേക്ക് നിരന്തരം ഒഴുക്കുന്നു, അത് പരസ്പരം സ്നേഹത്തിൽ വീണ്ടും മുന്നോട്ടു ഒഴുകികൊണ്ടേ ഇരിക്കും.

**(8) നമ്മുടെ 'സ്വയം' സംബന്ധിച്ച് മരിക്കുവാൻ നാം തീരുമാനിക്കുമ്പോൾ, ആരാണ് നമ്മുടെ ഹൃദയത്തിൽ വസിക്കുകയും മറ്റുള്ളവരെ സത്യമായും സ്നേഹിക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുന്നത്?**

***ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു***
***(ഗലാത്യർ:2:20)***

ദൈവഭക്തിയുടെ അടിസ്ഥാനം സ്നേഹമാണ്. എന്തുതന്നെയായാലും, സഹോദരനോട് നിസ്വാർത്ഥമായ സ്നേഹമില്ലെങ്കിൽ ഒരു മനുഷ്യനും ദൈവത്തോട് ശുദ്ധമായ സ്നേഹം കാണിക്കുവാൻ കഴിയില്ല. എന്നാൽ മറ്റുള്ളവരെ സ്നേഹിക്കാൻ ശ്രമിക്കുന്നതിലൂടെ നമുക്ക് ഒരിക്കലും ഈ ആത്മാവിനെ കൈവശപ്പെടുത്താൻ കഴിയില്ല. നമുക്ക് വേണ്ടത് നമ്മുടെ ഹൃദയത്തിൽ വസിക്കുന്ന ക്രിസ്തുവിന്റെ സ്നേഹമാണ്. സ്വയം ക്രിസ്തുവിൽ ലയിക്കുമ്പോൾ, സ്നേഹം സ്വതസിദ്ധമായി ഉത്ഭവിക്കുന്നു. മറ്റുള്ളവരെ സഹായിക്കാനും അനുഗ്രഹിക്കാനുമുള്ള പ്രേരണ ഉള്ളിൽ നിന്ന് നിരന്തരം ഉത്ഭവിക്കുമ്പോൾ ക്രിസ്തീയ സ്വഭാവത്തിന്റെ സമ്പൂർണ്ണത കൈവരിക്കുകയും

സ്വർഗ്ഗത്തിലെ സൂര്യപ്രകാശം ഹൃദയത്തിൽ നിറയുകയും മുഖത്ത് വെളിപ്പെടുകയും ചെയ്യും.

**(9) വിശ്വാസത്താൽ നമ്മൾ ആത്മാവിൽ ജീവിക്കുമ്പോൾ, നശിച്ചുപോകുന്ന ആത്മാക്കളോടു നമ്മൾ വെളിപ്പെടുത്തേണ്ടുന്ന അനേക ബഹളങ്ങളിൽ ആദ്യത്തേത് ഏതാണ്?**

***ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൌമ്യത, ഇന്ദ്രിയജയം; ഈ വകെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല. (ഗലാത്യർ:5:22-23)***

ദൈവം നിങ്ങളെ ഒരു കൈകൊണ്ട് അടിക്കുന്നുവെങ്കിലും, വിശ്വാസത്തോടെ അവന്റെ ബലമുള്ള ഭുജങ്ങളിൽ മുറുകെ പിടിച്ചുകൊള്ളുക, കാരണം മറുകരത്താൽ സ്നേഹത്തോടെ, നശിക്കുന്ന ആത്മാക്കളെ അവനോട് ചേർത്ത് നിർത്തുന്നു. ക്രിസ്ത വഴിയും, സത്യംവും, ജീവനുമാകുന്നു. അവനെ അനുഗമിക്കുക. ജഢത്തെ പിന്തുടരുകയല്ല, ആത്മാവിന്റെ പിന്നാലെ നടക്കുക. അവൻ നടന്നതുപോലെ നടക്കുക. ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം പോലും. അവന്റെ മഹത്വത്തിനായി നിങ്ങളുടെ ജീവിതം നിലനിർത്തുന്നവന്റെ ഇഷ്ടം ചെയ്യുക എന്നതാണ് നമ്മൾ ചെയ്യേണ്ട ജോലി. നിങ്ങൾ സ്വയം അധ്വാനിക്കുകയാണെങ്കിൽ, അത് നിങ്ങൾക്ക് ഒനിന്നും പ്രയോജനപ്പെടുകയില്ല. മറ്റുള്ളവരുടെ നന്മയ്ക്കായി അധ്വാനിക്കുക, സ്വന്തം കാര്യങ്ങൾക്കായി അല്പം മാത്രം കരുതുന്നവരായിരിക്കുക, എല്ലാം ദൈവത്തിനായി സമർപ്പിക്കുന്നതിൽ കൂടുതൽ ആത്മാർത്ഥത പുലർത്തുക, എങ്ങനെയെങ്കിൽ എല്ലാം അവന്

സ്വീകാര്യമാവുകയും അവന്റെ സമ്പന്നമായ കൃപയാൽ സകലവും സമൃദ്ധമായി മടക്കി നൽകുകയും ചെയ്യും.

**(10) സ്നേഹത്തിന്റെ ആത്മാവ് നമ്മുടെ ഉള്ളിൽ വരുമ്പോൾ, ഏതുവിധത്തിലുള്ള ക്രിസ്തുസമാന മാതൃകയിലാണ് നമ്മൾ ജനങ്ങളിലേക്ക് എത്തിച്ചേരുന്നതിൽ വിജയിക്കുന്നത്?**

***തീർച്ചെക്കു എല്ലാവരും ഐകമത്യവും സഹതാപവും സഹോദരപ്രീതിയും മനസ്സലിവും വിനയബുദ്ധിയുമുള്ളവരായിരിപ്പിൻ. (1പത്രോസ്: 3:8)***

ക്രിസ്തുവിന്റെ മാതൃക മാത്രം ജനങ്ങളിൽ എത്തിച്ചേരുന്നതിൽ യഥാർത്ഥ വിജയം നൽകും. രക്ഷകൻ മനുഷ്യരുടെ നന്മ ആഗ്രഹിക്കുന്ന ഒരുവനായി അവരിൽ ഒരാളെപ്പോലെ ഇടപെട്ടു. അവൻ അവരോടു സഹതാപം കാണിച്ചു, അവരുടെ ആവശ്യങ്ങൾ നിറവേറ്റുകയും അവരുടെ ആത്മവിശ്വാസം നേടുകയും ചെയ്ത ശേഷം "എന്നെ അനുഗമിക്കുക" എന്ന് അവൻ അവരോടു പറഞ്ഞു.

വ്യക്തിപരമായ പരിശ്രമത്തിലൂടെ ജനങ്ങളിലേക്ക് അടുക്കേണ്ടതുണ്ട്. പ്രസംഗത്തിന് കുറച്ച് സമയം നൽകുകയും വ്യക്തിപരമായി മനുഷ്യനെ ശുശ്രൂഷിക്കുന്നതിൽ കൂടുതൽ സമയം ചെലവഴിക്കുകയും ചെയ്താൽ കൂടുതൽ ഫലങ്ങൾ കാണാനാകും. ദരിദ്രർക്ക് ആശ്വാസം നൽകുകയും, രോഗികളെ പരിചരിക്കുകയും, ദുഖിതരെയും പീഡിതരെയും ആശ്വസിപ്പിക്കുകയും, അജ്ഞാനികളെ ഉപദേശിക്കുകയും, അനുഭവപരിചയമില്ലാത്തവർക്ക് ആലോചനകൾ നൽകുകയും വേണം. നാം കരയുന്നവരോടൊപ്പം കരയുകയും സന്തോഷിക്കുന്നവരോടൊപ്പം

സന്തോഷിക്കുകയും വേണം. വാഗചാതുര്യമുള്ളവരായി, പ്രാർത്ഥനയുടെ ശക്തി മനസിലാക്കിയവരായി, ദൈവസ്നേഹത്തിന്റെ ശക്തി എന്നിവ ഉള്ളവർ ആയിരിക്കുന്നുവെങ്കിൽ, നമ്മുടെ ഈ പ്രവർത്തികൾക്ക് ഫലമില്ലാതിരിക്കുവാൻ, കഴിയില്ല.

**(11) ക്രിസ്തുവിനെപ്പോലെ സ്വയം യാഗമാകുന്ന സ്നേഹം മറ്റുള്ളവരോട് പ്രകടിപ്പിക്കാൻ നാം പ്രാപ്തരാകേണ്ടതിനായി പ്രാപിക്കേണ്ട വലിയതും പ്രധാനപ്പെട്ടതുമായ വാഗ്ദത്തം ഏതാണ്?**

***അവയാൽ അവൻ നമുക്കു വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നല്കിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ടു ദിവ്യസ്വഭാവത്തിന്നു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു. (2 പത്രോസ്: 1:4)***

പരസ്പരം സ്നേഹിക്കുക ... ഈ സ്നേഹം യഥാർത്ഥത്തിൽ വളർത്തിയെടുക്കുകയാണെങ്കിൽ, എല്ലാ പരിമിതികളും ഒന്നായി ചേർന്ന് അപരിമിതനായവനിൽ കേന്ദ്രീകൃതമാകും. മാനുഷീകമായതു മാനുഷീകമായതുമായി ഐക്യപ്പെടുകയും, എല്ലാവരും അനന്തമായ സ്നേഹത്തിന്റെ ഹൃദയവുമായി ബന്ധിക്കപ്പെടുകയും ചെയ്യും. പരസ്പരം വിശുദ്ധീകരിക്കപ്പെട്ട സ്നേഹം പവിത്രമാണ്. ഈ മഹത്തായ വേലയിൽ, ക്രിസ്തുവിനെ അനുഗമിക്കുന്നവരുടെ പരസ്പര സ് നേഹം - മനസിലാക്കിയതിനേക്കാൾ വളരെ ഉയർന്നതും, സ്ഥിരവും, മര്യാദപരവും, നിസ്വാർത്ഥവും - ക്രിസ് തീയ ആർദ്രതയും ക്രിസ്തീയ ദയയും

മര്യാദയും കാത്തുസൂക്ഷിക്കുകയും ദൈവത്തിന്റെ ആലിംഗനത്തിൽ മനുഷ്യ സാഹോദര്യത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്. ദൈവത്തിന്റെ ബഹുമാനത്തിനും മഹത്വത്തിനും വേണ്ടി ഈ മഹിമകൾ ക്രിസ്ത്യാനികൾ (ക്രിസ്തുവിനെ അനുഗമിക്കുന്നവർ) വളർത്തിയെടുക്കണം.

ക്രിസ്തു സ്നേഹിച്ചതുപോലെ സ്നേഹിക്കുകയെന്നാൽ എല്ലാ സമയത്തും എല്ലായിടത്തും മൃദുവായ വാക്കുകളാലും, സന്തോഷവാനായും നിസ്വാർത്ഥതയെ വെളിപ്പെടുത്തുക എന്നതാണ്. ഇത് നൽകുന്നവർക്ക് ഒന്നും നഷ്ടപ്പെടാനില്ല, മറിച്ച് ഇവ ആത്മാവിനെ ചുറ്റിപ്പറ്റുന്ന വലിയൊരു സൗരഭ്യം പരത്തുന്നു. അവരുടെ സ്വാധീനം ഒരിക്കലും കണക്കാക്കാനാവില്ല. അവ സ്വീകർത്താവിന് മാത്രമല്ല, ദാതാവിനും ഒരു അനുഗ്രഹമാണ്; അത് അവനിൽ പ്രതി പ്രവർത്തനം ചെയ്തുകൊണ്ടിരിക്കുന്നു. സ്വർഗ്ഗത്തിൽ നിന്നും ഉരുവായവനാണ് താൻ എന്നതിന്റെ വിലയേറിയ വെളിപ്പെടുത്തലാണ് യഥാർത്ഥ സ്നേഹം, അത് മറ്റുള്ളവർക്ക് വിതരണം ചെയ്യുന്നതിനു ആനുപാതികമായി അതിന്റെ സുഗന്ധം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ക്രിസ്തുവിന്റെ സ്നേഹം ആഴമേറിയതും ആത്മാർത്ഥവുമാണ്, അത് സ്വീകരിക്കുന്ന മനുഷ്യരിൽ ആർക്കും തടഞ്ഞുവയ്ക്കാൻ കഴിയാത്ത ഒരു അരുവി പോലെ ഒഴുകുന്നു. അവന്റെ സ്നേഹത്തിൽ സ്വാർത്ഥതയില്ല. സ്വർഗത്തിൽ ജനിച്ച ഈ സ്നേഹം ഹൃദയത്തിൽ നിലനിൽക്കുന്ന ഒരു തത്വമാണെങ്കിൽ, പവിത്രമായ ബന്ധത്തിൽ നമുക്ക് ഏറ്റവും പ്രിയപ്പെട്ടവരോട് മാത്രമല്ല,

നമ്മൾ സമ്പർക്കം പുലർത്തുന്ന എല്ലാവരോടും അത് സ്വയം വെളിപ്പെടുത്തും. ചെറിയ കാര്യങ്ങളിൽ പോലും ശ്രദ്ധ നൽകാനും ഇളവുകൾ നൽകാനും ദയയുടെ പ്രവൃത്തികൾ ചെയ്യാനും ആർദ്രവും സത്യവും പ്രോത്സാഹജനകവുമായ വാക്കുകൾ സംസാരിക്കാനും ഇത് നമ്മെ നയിക്കും. സഹതാപത്തിനായി ഹൃദയം കാംഷിക്കുന്നവരോട് സഹതപിക്കാൻ ഇത് നമ്മെ നയിക്കും.

*സമ്പത്തിന്റെ ശക്തി അനീതിയിലേക്കു നയിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു; സൈന്യങ്ങളുടെ ശക്തി വേദനിപ്പിക്കുന്നതുമാണ്, പക്ഷേ സ്നേഹത്തിന്റെ ശക്തി നന്മയ്ക്ക് കാരണമാകും. അതിനാൽ, ഈ ശക്തി എന്റെ ജീവിതത്തിൽ വരുവാൻ ഞാൻ ആഗ്രഹിക്കുന്നു.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

*സ്നേഹം ഒരു പ്രേരണയല്ല, മറിച്ച് യേശു വാഴുന്നിടത്ത് മാത്രം നിലനിൽക്കാൻ കഴിയുന്ന ഒരു ദൈവീക തത്ത്വമാണ് അതെന്നു ഞാൻ മനസ്സിലാക്കുന്നു. മാനസാന്തരം വരാത്ത ഹൃദയത്തിൽ നിന്ന് അത് ഉത്ഭവിക്കാനോ പ്രകടിപ്പിക്കാനോ കഴിയില്ല. അതിനാൽ സ്നേഹത്തിന്റെ നാഥനായ ക്രിസ്തു എന്റെ ജീവിതത്തിൽ പരമമായ വാഴ്ച നടത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

ക്രിസ്തുവിന്റെ സ്നേഹം എന്റെ ഹൃദയത്തിൽ വാഴാൻ എന്റെ 'ഞാൻ' എന്ന ഭാവം ക്രൂശിക്കപ്പെടണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ എന്റെ ജീവിതം ക്രിസ്തുവിൽ മുങ്ങുകയും യഥാർത്ഥ സ്നേഹം സ്വയമേവ ഉത്ഭവിക്കുകയും ചെയ്യുന്ന വിശുദ്ധീകരിക്കപ്പെട്ട ഒരു ഇച്ഛയ്ക്കായി ഞാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

എന്റെ ഒരു കയ്യാൽ ദൈവത്തിന്റെ ബലമുള്ള കരങ്ങളിൽ മുറുകെ പിടുക്കുവാനും; മറുകൈകൊണ്ടു നശിച്ചുപോകുന്ന ആത്മാക്കളെ സ്നേഹത്തോടെ നിരന്തരം പിടിക്കുവാനും ആവശ്യമായ ദൈനംദിന ബോധ്യത്തിനും വിവേകത്തിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല



**അദ്ധ്യായം 16**
**എങ്ങനെ**
**സ്നേഹിക്കണമെന്നതിനുള്ള**
**ക്രിസ്തുവിന്റെ മാതൃക**

**(1) മറ്റുള്ളവരെ എങ്ങനെ സ്നേഹിക്കേണം എന്നുള്ളതിനു, ക്രിസ്തുവിലേക്കു ആകർഷിക്കേണം എന്നുള്ളതിനും ഉദാഹരണമായി നോക്കേണ്ടത് ആരെ?**

***അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നതു. ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു: (1 പത്രോസ്:2:21)***

നമ്മെ നിത്യമായി സമ്പന്നർ ആക്കേണ്ടതിനായി നമ്മുടെ യജമാനനായ യേശു നമുക്ക് വേണ്ടി ദരിദ്രനായിത്തിത്തീർന്നു: നമുക്ക് ജീവനും, നിത്യജീവനും ലഭിക്കുവാൻ

വേണ്ടി അവൻ മരിച്ചു. അവന്റെ മാതൃക പിന്തുടരാൻ നാം തയ്യാറാകേണ്ടതല്ലേ? അവൻ നമുക്കുവേണ്ടി ചെയ്തതുപോലെ മറ്റുള്ളവർക്ക് വേണ്ടി കഴിയുന്നത്രയും ചെയ്യുക. അങ്ങനെ ചെയ്യുമ്പോൾ, നമ്മുടെ സ്വഭാവം അച്ചടക്കം പാലിക്കുകയും കൂടുതൽ ഉന്നതമായിത്തീരുകയും, നമ്മുടെ വിശ്വാസം കൂടുതൽ ശക്തമാവുകയും നമ്മുടെ ഉത്സാഹം കൂടുതൽ സ്ഥിരവും ആത്മാർത്ഥവുമായിത്തീരുകയും, ദൈവത്തോടും സത്യത്തോടും, ക്രിസ്തു ആർക്കു വേണ്ടി മരിച്ചോ അവരോടും ഉള്ള സ്നേഹം വർദ്ധിക്കുകയും, തത്ഫലമായുള്ള നമ്മുടെ അദ്ധ്വാനത്താൽ വിലപ്പെട്ട ആത്മാക്കൾ രക്ഷയിലേക്കു നടത്തപെടുകയും ചെയ്യും. ആത്മാക്കളെ ക്രിസ്തുവിലേക്ക് ആകർഷിക്കാൻ ശ്രമിക്കുന്നതിനേക്കാൾ വലുതും ആകർഷകവുമായ എതു വേലയിലാണ് നമുക്ക് എർപ്പെടുവാൻ കഴിയുക? അധികം പഠിപ്പുള്ളവരെക്കാളോ, വാഗചാതുര്യമുള്ളവരെക്കാളോ, സമ്പന്നരെക്കാളോ ഈ വേല എപ്പോഴും തുടർമാനമായി വിജയകരമായി ചെയ്യുന്നത് സാധാരണക്കാരായ പുരുഷന്മാരും സ്ത്രീകളുമാണ്, ഇവരെപ്പോലെയുള്ള വിശ്വസ്ഥരാൽ ഈ വേല ഏറ്റവും ലാളിത്യത്തിൽ നിറവേറ്റപ്പെടുന്നു. അങ്ങനെ ക്രിസ്തുവിങ്കലേക്കു എത്തിച്ചേരുന്ന ഒരു ആത്മാവ് ഒരു സൈന്യത്തെ ക്രിസ്തുവിന്റെ സേവനത്തിലേക്ക് കൊണ്ടുവന്നേക്കാം. എന്നാൽ ഓരോ വേലക്കാരനും പരിജ്ഞാനത്തിനും ശക്തിക്കും വേണ്ടി യേശുക്രിസ്തുവിനെ പൂർണമായും നിരന്തരം ആശ്രയിക്കണം.

**(2) മറ്റുള്ളവരുമായി നമുക്കുള്ള ബന്ധം എങ്ങനെ ആയിരിക്കണമെന്നാണ് തന്റെ**

**മാതൃകയിലൂടെയും, ജീവിതത്തിലൂടെയും ക്രിസ്തു നമ്മളെ പഠിപ്പിച്ചത്?**

***നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നേ. (യോഹന്നാൻ :13:34)***

യേശു അവരെ സ്നേഹിച്ചതുപോലെ അവരും പരസ്പരം സ്നേഹിക്കുവാൻ യേശു തന്റെ ആദ്യ ശിഷ്യന്മാരോട് കല്പിച്ചു. അങ്ങനെ മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു തങ്ങളുടെ ഉള്ളിൽ ഉരുവാക്കപ്പെട്ടു എന്ന് അവർ ലോകത്തിനു സാക്ഷ്യം വഹിക്കേണമായിരുന്നു. "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നേ." (യോഹന്നാൻ:13:34). സംസാരിക്കുന്ന സമയത്ത് ഈ വാക്കുകൾ, ശിഷ്യന്മാർക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല; എന്നാൽ ക്രിസ്തുവിന്റെ കഷ്ടപ്പാടുകൾക്ക് അവർ സാക്ഷ്യം വഹിച്ചതിനുശേഷം, ക്രിസ്തുവിന്റെ ക്രൂശീകരണത്തിനും പുനരുത്ഥാനത്തിനും സ്വർഗ്ഗാരോഹണത്തിനും ശേഷം, പെന്തകൊസ്തു നാളിൽ പരിശുദ്ധാത്മാവ് അവരുടെമേൽ ഇറങ്ങി വന്നശേഷം, ദൈവ സ്നേഹത്തെപ്പറ്റിയും, അവർക്കു പരസ്പരം ഉണ്ടായിരിക്കേണ്ട ആ സ്നേഹത്തിന്റെ നിലവാരവും എന്തായിരിക്കേണമെന്നുള്ള വ്യക്തമായ ഒരു ധാരണ അവർക്കുണ്ടായി. അപ്പോൾ യോഹന്നാൻ തന്റെ സഹ ശിഷ്യന്മാരോടു ഇങ്ങനെ പറയുന്നു: "അവൻ നമുക്കുവേണ്ടി തന്റെ ജീവനെ സമർപ്പിച്ചതിലൂടെ ദൈവത്തിന്റെ

സ്നേഹം നാം മനസ്സിലാക്കുന്നു; ആകയാൽ സഹോദരന്മാർക്കുവേണ്ടി നാമും നമ്മുടെ ജീവൻ സമർപ്പിക്കണം.”

ദൈവം തന്റെ ലക്ഷ്യത്തിന്റെ പുരോഗതിക്കായി മനുഷ്യരെ ആശ്രയിക്കേണ്ടതിന്റെ ആവശ്യമില്ല. അവനു ദൂതന്മാരെ തന്റെ സത്യത്തിന്റെ സ്ഥാനപതികളാക്കി അയക്കാമായിരുന്നു. അവൻ സ്വന്തം ഇഷ്ടത്തോടെ സീനായിയിൽ നിന്ന് ന്യായപ്രമാണം പ്രഖ്യാപിച്ചതുപോലെ, തന്റെ ഹിതം അറിയിക്കാമായിരുന്നു. എന്നാൽ നമ്മിൽ നന്മയുടെ മനോഭാവം വളർത്തിയെടുക്കുന്നതിനായി, ഈ വേല ചെയ്യാൻ മനുഷ്യരെ അവിടുന്ന് തിരഞ്ഞെടുത്തു.

മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടിയുള്ള ഓരോ ത്യാഗവും ദാതാവിന്റെ ഹൃദയത്തിന്റെ നിഷ്കളങ്കതാ മനോഭാവത്തെ ശക്തിപ്പെടുത്തുകയും ലോകത്തിന്റെ വീണ്ടെടുപ്പു കാരനുമായി അവനെ കൂടുതൽ അടുപ്പിക്കുകയും ചെയ്യും. അവൻ “സമ്പന്നനായിരുന്നിട്ടും, അവന്റെ ദാരിദ്ര്യത്താൽ നമ്മെ സമ്പന്നരാ ക്കേണ്ടതിനായി, നമ്മുടെ നിമിത്തം ദരിദ്രരായിത്തീർന്നു.” നമ്മെ സൃഷ്ടിച്ചതിന്റെ ദിവ്യ ഉദ്ദേശ്യം നാം നിറവേറ്റുമ്പോൾ മാത്രമേ ജീവിതം നമുക്ക് അനുഗ്രഹപൂർണ്ണം ആവുകയുള്ളൂ. മനുഷ്യർക്ക് ദൈവം നൽകിയ എല്ലാ നല്ല ദാനങ്ങളും, ദൈവത്തിന്റെ ഇഷ്ടം ഈ ഭൂമിയിൽ നിവർത്തിക്കുവാൻ വേണ്ടി തന്റെ സഹമനുഷ്യരുമായി പങ്കുവയ്ക്കുന്നില്ല എങ്കിൽ ശാപം മാത്രമേ നൽകുകയുള്ളൂ.

**(3) നമുക്ക് അവനോടുള്ള ബന്ധത്തിന്റെ ഏറ്റവും വലിയ തെളിവായി ലോകത്തിനു വെളിപ്പെടുമെന്നു ക്രിസ്തു പറഞ്ഞിരിക്കുന്നത് എന്താണ്?**

*നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും. (യോഹന്നാൻ :13:35)*

മഹാന്മാരായ അധ്യാപകരുടെ പിൻഗാമികൾ അവരുടെ അധ്യാപകരുടെ സവിശേഷതകൾ പ്രതിഫലിപ്പിക്കുന്നു. യേശുവിന്റെ പ്രധാന ഗുണങ്ങളിലൊന്നാണ് സ്നേഹം. പ്രവർത്തിയിലൂടെയുള്ള സ്നേഹത്തിന്റെ പ്രായോഗിക പ്രകടനമായിരുന്നു യേശുവിന്റെ ജീവിതം. യേശുവിന്റെ ശിഷ്യന്മാർ ആയിരുന്നവർ യേശുവിനെപ്പോലെ സ്നേഹം പ്രദര്ശിപ്പിക്കുന്നവർ ആകുമ്പോൾ തങ്ങളുടെ യജമാനനുമായി അവർക്കുള്ള ദൃഢമായ ബന്ധത്തെ വ്യക്തമാക്കും. പ്രവർത്തികളെക്കാൾ സ്നേഹമാണ് ക്രിസ്ത്യാനിയെ അടയാളപ്പെടുത്തുന്നത്.

ഈ സ്നേഹം അവരുടെ ശിഷ്യത്ത്വത്തിൻ്റെ തെളിവാണ്. “നിങ്ങൾ അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് എല്ലാവരും അറിയും” എന്ന് യേശു പറഞ്ഞു. ബലപ്രയോഗത്തിലൂടെയോ സ്വാർത്ഥതാൽപര്യത്തിലൂടെയോ അല്ലാതെ, സ്നേഹത്താൽ, മനുഷ്യർ പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുമ്പോൾ, എല്ലാ മനുഷ്യ സ്വാധീനത്തിനും അതീതമായ ഒരു സ്വാധീനത്തിന്റെ പ്രവർത്തനം അവർ പ്രദർശിപ്പിക്കുന്നു. ഈ ഐക്യം എവിടെ നിലനിൽക്കുന്നോ, അവിടെ ദൈവത്തിന്റെ പ്രതിച്ഛായ മനുഷ്യരാശിയിൽ പുനസ്ഥാപിക്കപ്പെടുന്നു എന്ന് തെളിയിക്കപ്പെടുകയും, ജീവിതത്തിന്റെ ഒരു പുതിയ തത്ത്വം സ്ഥാപിക്കുകയും ചെയ്യുന്നു. തിന്മയുടെ അമാനുഷിക

ശക്തികളെ നേരിടാൻ ദൈവിക സ്വഭാവത്തിൽ ശക്തിയുണ്ടെന്നും, ദൈവകൃപ സ്വാഭാവിക ഹൃദയത്തിൽ അന്തർലീനമായ സ്വാർത്ഥതയെ കീഴ്പ്പെടുത്തുന്നുവെന്നും ഇത് കാണിക്കുന്നു.

സ്നേഹത്തിന്റെ അഭാവം പോലെ സഭയുടെ സ്വാധീനത്തെ ദുർബലപ്പെടുത്തുന്ന ഒന്നും തന്നെയില്ല. നമ്മുടെ സ്വഭാവവും നമ്മുടെ ജീവിതവുമായി വിശ്വാസം എങ്ങനെ പ്രാവർത്തീകമാകുന്നു എന്ന് കാണാൻ ലോക ജനത നമ്മളെ നോക്കുന്നു. ക്രിസ്തുവിന്റെ സാദൃശ്യത്തിലേക്ക് നാം മാറുകയാണെങ്കിൽ, അത് നമ്മുടെ ഹൃദയങ്ങളിൽ വിശുദ്ധീകരണത്തിന്റെ ഫലമുണ്ടാക്കുന്നുണ്ടോ എന്ന് അവർ നിരീക്ഷിക്കുന്നു. നമ്മുടെ ജീവിതത്തിലെ എല്ലാ വൈകല്യങ്ങളും, നമ്മുടെ പ്രവർത്തനങ്ങളിലെ എല്ലാ പൊരുത്തക്കേടുകളും കണ്ടെത്താൻ അവർ സാധാ തായ്യാറായിരിക്കുന്നു. നമ്മുടെ വിശ്വാസത്തെ നിന്ദിക്കാൻ നമ്മൾ ഒരു അവസരവും നൽകരുത്. {ടിഎംകെ 153}

**(4) സത്യമായി ദൈവസ്നേഹം നമ്മിൽ അനുഭവിക്കുമ്പോൾ, ലോകത്തോട് നാം എന്താണ് പ്രതിഫലിപ്പിക്കുന്നത്?**

***അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ. (മത്തായി:5:16)***

ദൈവം നമുക്കു സമൃദ്ധമായി നൽകിയിട്ടുള്ള സ്നേഹവും ആർദ്രതയും മറ്റുള്ളവർക്ക് പകർന്നു നൽകുന്നതിലൂടെ, നമ്മിലെ വെളിച്ചത്തെ പ്രകാശിക്കുവാൻ നാം അനുവദിക്കണം. ദൈവത്തിന്റെ എല്ലാ ദാനങ്ങളും

ഏറ്റവും നല്ലതിനായി നാം ഉപയോഗിക്കുന്നതിലൂടെ നന്മയുടെ വിളനിലമാക്കി മാറ്റണം. ദൈവത്തിന്റേതല്ലാത്ത ഒന്നും നമുക്ക് ദൈവത്തിനു നൽകാൻ കഴിയില്ല, പക്ഷേ നമുക്ക് ചുറ്റും കഷ്ടതകൾ അനുഭവിക്കുന്നവരെ സഹായിക്കാൻ കഴിയും. ഈ ജീവിതത്തിൽ ആവശ്യമായിരിക്കുന്നു ഭൗതീക വസ്തുക്കളെ നമുക്ക് അവർക്ക് നൽകാൻ കഴിയും, അതോടൊപ്പം, ദൈവത്തിന്റെ അത്ഭുതകരമായ സ്നേഹത്തെക്കുറിച്ച് അവരോട് സംസാരിക്കുവാനും നമുക്ക് കഴിയും.

ദൈവത്തിൽ വസിക്കുന്നവൻ സ്നേഹത്തിൽ വസിക്കുന്നു. നമ്മുടെ സ്വർഗ്ഗീയപിതാവിന്റെ സ്നേഹവും ആർദ്രതയും അനുഭവിച്ചറിഞ്ഞവർ, എവിടെ പോയാലും ആ സന്തോഷവും, വെളിച്ചവും പ്രകാശിപ്പിക്കുന്നവർ ആയിരിക്കും. അവരുടെ സാന്നിധ്യവും സ്വാധീനവും അവരുടെ സ്നേഹിതർക്കു മധുരമുള്ള പുഷ്പങ്ങളുടെ സുഗന്ധമായിരിക്കും, കാരണം അവ ദൈവത്തോടും സ്വർഗത്തോടും ബന്ധപ്പെട്ടിരിക്കുന്നു, സ്വർഗത്തിന്റെ വിശുദ്ധിയും ഉന്നതമായ സൗന്ദര്യവും അവരുടെ സ്വാധീനത്തിൽ കൊണ്ടുവരുന്ന എല്ലാവരുമായും അവയിലൂടെ ആശയവിനിമയം നടത്തുന്നു. ഇത് അവരെ ലോകത്തിന്റെ വെളിച്ചവും, ഭൂമിയുടെ ഉപ്പും ആക്കി മാറ്റുന്നു. അവർ തീർച്ചയായും, മരണത്തെയല്ല; ജീവിതത്തെ ജീവനായി ആസ്വദിക്കുന്നവരാണ്. {MYP 363}

**(5) ദൈവത്തിന്റെ ആത്മാവിനാൽ എഴുതപ്പെട്ടതും, ലോകം വെളിപ്പെടുത്തിയ അവന്റെ നന്മയും കരുണയും അടങ്ങിയ എന്തിലേക്കാണ് ക്രിസ്തു തന്നെ അനുഗമിക്കുന്ന ഓരോരുത്തരെയും വിളിക്കുന്നത്?**

***ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതിയതായി സകലമനുഷ്യരും അറിയുന്നതും വായിക്കുന്നതുമായ ഞങ്ങളുടെ പത്രം നിങ്ങൾ തന്നേ. ഞങ്ങളുടെ ശുശ്രൂഷയാൽ ഉണ്ടായ ക്രിസ്തുവിൻ പത്രമായി നിങ്ങൾ വെളിപ്പെടുന്നുവല്ലോ. അതു മഷികൊണ്ടല്ല, ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ അത്രേ. കല്പലകയിൽ അല്ല, ഹൃദയമെന്ന മാംസപ്പലകയിൽ തന്നേ എഴുതിയിരിക്കുന്നതു. (2 കൊരിന്ത്യർ:3:2-3)***

കർത്താവിന്റെ നന്മയും കരുണയും ഭൂമിയിൽ പ്രദർശിപ്പിക്കുന്ന ക്രിസ്തുവിന്റെ പ്രതിനിധികൾ ആയിരിക്കാനാണ് നമ്മെ ദൈവമക്കളായി വിളിച്ചിരിക്കുന്നത്. പിതാവിന്റെ യഥാർത്ഥ സ്വഭാവം യേശു നമുക്ക് വെളിപ്പെടുത്തി യിരിക്കുന്നതു പോലെ, ക്രിസ്തുവിന്റെ സ്നേഹം എന്തെന്ന് അറിയാത്ത ലോകത്തിനു നാം വെളിപ്പെടുത്തണം. യേശു പറഞ്ഞു: “നീ എന്നെ ലോകത്തിലേക്കു അയച്ചതുപോലെ ഞാൻ അവരെയും ലോകത്തിലേക്കു അയച്ചിരിക്കുന്നു.” “നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ, നാം ഒന്നായിരിക്കുന്നതു പോലെ അവരും ഒന്നാകേണ്ടതിന്നു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികെഞ്ഞവരാ യിരിക്കേണ്ടതിന്നു തന്നെ (യോഹന്നാൻ:17:18,23). അപ്പൊസ്തലനായ പൗലോസ് യേശുവിന്റെ ശിഷ്യന്മാരോടു പറയുന്നു, “ഞങ്ങളുടെ ശുശ്രൂഷയാൽ ഉണ്ടായ ക്രിസ്തുവിൻ പത്രമായി നിങ്ങൾ വെളിപ്പെടുന്നുവല്ലോ,” “സകലമനുഷ്യരും അറിയുന്നതും

വായിക്കുന്നതുമായ ഞങ്ങളുടെ പത്രം നിങ്ങൾ തന്നേ." (2കൊരിന്ത്യർ:3: 3,2).

തന്റെ ഓരോ മക്കളെയും യേശു ലോകത്തിന്റെ പത്രമായി അയയ്ക്കുന്നു. നിങ്ങൾ ക്രിസ്തുവിന്റെ അനുഗാമിയാണെങ്കിൽ, നിങ്ങൾ താമസിക്കുന്ന കുടുംബം, ഗ്രാമം, തെരുവ് എന്നിവയിലേക്ക് അവൻ നിങ്ങളെ ഒരു പത്രമായി അയയ്ക്കുന്നു. നിങ്ങളിൽ വസിക്കുന്ന യേശു, തന്നെ പരിചയമില്ലാത്തവരുടെ ഹൃദയത്തോട് സംസാരിക്കാൻ ആഗ്രഹിക്കുന്നു. ഒരുപക്ഷേ അവർ ബൈബിൾ വായിക്കുന്നവരാക്കില്ല, അല്ലെങ്കിൽ അതിന്റെ പേജുകളിലൂടെ അവരോട് സംസാരിക്കുന്ന ദൈവശബ്ദം കേൾക്കുന്നവർ ആകില്ല; ദൈവത്തിന്റെ പ്രവൃത്തികളിലൂടെ അവർ ദൈവസ്നേഹം കാണുന്നവരും ആകില്ല. എന്നാൽ നിങ്ങൾ യേശുവിന്റെ ഒരു യഥാർത്ഥ പ്രതിനിധി ആണെങ്കിൽ, നിങ്ങളിലൂടെ അവർ അവന്റെ നന്മയിൽ ചിലത് മനസ്സിലാക്കാൻ ഇടയാക്കുകയും യേശുവിനെ സ്നേഹിക്കാനും സേവിക്കാനും അവനെ നേടുന്നതിൽ വിജയിക്കുകയും ചെയ്യും.

**(6) ക്രിസ്തു ചെയ്തതുപോലെ മറ്റുള്ളവരോട് സ്നേഹത്തിന്റെ പ്രവർത്തി വെളിപ്പെടുത്താത്ത വിശ്വാസത്തിന്റെ അവസ്ഥ എന്താണ്?**

***അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവെ നിർജ്ജീവമാകുന്നു. (യാക്കോബ്: 2:17)***

ക്രിസ്തുവിന്റെ സ്നേഹം പോയെയുള്ള സ്നേഹം തന്റെ സഹോദരന്മാരോടു കാട്ടുവാൻ കഴിയാത്ത ഒരു മനുഷ്യന് നിത്യജീവനിലേക്ക് വിശ്വാസം അർപ്പിക്കാൻ കഴിയുമെന്ന് കരുതുന്നത്

ഏറ്റവും വലിയതും മാരകമായതുമായ വഞ്ചനയാണ്. ദൈവത്തെയും അയൽക്കാരനെയും സ്നേഹിക്കുന്നവൻ വെളിച്ചവും സ്നേഹവും കൊണ്ട് നിറഞ്ഞിരിക്കുന്നു. ദൈവം അവനിലും അവന്റെ ചുറ്റിലും ഉണ്ട്. ക്രിസ്തു എല്ലാവർക്കും വേണ്ടി മരിച്ചതിനാലാണ് ക്രിസ്ത്യാനികൾ ചുറ്റുമുള്ളവരെ വിലയേറിയ ആത്മാക്കളായി കണ്ടു സ്നേഹിക്കുന്നതു. സ്നേഹമില്ലാത്ത ക്രിസ്ത്യാനി എന്നൊന്നില്ല; "ദൈവം സ്നേഹമാകുന്നു", "അവന്റെ കല്പനകൾ പ്രമാണിച്ചാൽ നാം അവനെ അറിയുന്നു എന്നു നാം അറിയുന്നു. "ഞാൻ അവനെ അറിയുന്നു, അവന്റെ കല്പനകളെ പ്രമാണിക്കുന്നില്ല" എന്നു പറയുന്നവൻ കള്ളനാണ്, സത്യം അവനിൽ ഇല്ല."

"നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നേ. നാം സ്വർഗ്ഗത്തിലേക്ക് തിരികെ നൽകേണ്ട ഫലം ഇതാണ്.

**(7) സ്നേഹത്തിന്റെ തത്ത്വം ആത്മാവിൽ ബന്ധിച്ചിരിക്കുന്നവരായി, ക്രസിതുവിന്റെ മാതൃക ലോകത്തിനു വെളിപ്പെടുത്തുന്നവരിൽ ദൈവം സന്തോഷിക്കുന്ന രണ്ടു വിധങ്ങൾ ഏതെല്ലാം?**

***നിന്റെ ദൈവമായ യഹോവ രക്ഷിക്കുന്ന വീരനായി നിന്റെ മദ്ധ്യേ ഇരിക്കുന്നു; അവൻ നിന്നിൽ അത്യന്തം സന്തോഷിക്കും; തന്റെ സ്നേഹത്തിൽ അവൻ മിണ്ടാതിരിക്കുന്നു; ഘോഷത്തോടെ അവൻ നിങ്കൽ ആനന്ദിക്കും. (സെഫന്യാവ്: 3:17)***

ക്രിസ്തുവിന്‍റെ കൃപയാല്‍ ഈ ലോകത്തില്‍ വച്ച് ആദ്യമേ തങ്ങളെത്തന്നെ ശുദ്ധീകരിക്കുകയും ക്രിസ്തുവിന്‍റെ മാതൃക പിന്തുടരുന്നതിലൂടെ വിശുദ്ധന്മാരായിത്തീരുകയും ചെയ്തവരെ അല്ലാതെ ആരെയും ദൈവം സ്വര്‍ഗ്ഗത്തിലേക്ക് കൊണ്ടുപോവുകയില്ല. ക്രിസ്തുവിന്‍റെ സ്നേഹം ആത്മാവില്‍ നിലനില്‍ക്കുന്ന ഒരു തത്ത്വമാകുമ്പോള്‍, നാം ക്രിസ്തുവിനോടൊപ്പം ദൈവത്തില്‍ മറഞ്ഞിരിക്കുന്നുവെന്ന് നാം മനസ്സിലാക്കും.

പ്രാര്‍ത്ഥനയിലൂടെയും ജാഗ്രതയിലൂടെയും സ്നേഹത്തിലൂടെയും ക്രിസ്തുവിന്‍റെ പ്രവൃത്തികള്‍ ചെയ്യുന്നവര്‍ക്ക് മാത്രമേ രക്ഷിത ഗണങ്ങളുടെ കൂട്ടത്തില്‍ സന്തോഷിക്കാന്‍ കഴിയൂ. തന്‍റെ പ്രിയപ്പെട്ട പുത്രന്‍റെ സ്വഭാവം എത്രയും പൂര്‍ണ്ണമായി തന്‍റെ ജനത്തില്‍ നിവര്‍ത്തിച്ചു കാണുന്നുവോ, അത്രയ്ക്കും അധികം അവരോടുള്ള അവന്‍റെ സംതൃപ്തിയും ആനന്ദവും വര്‍ദ്ധിക്കുന്നു. ദൈവവും സ്വര്‍ഗ്ഗീയ ദൂതന്മാരും സന്തോഷ ഗാനങ്ങള്‍ ആലപിച്ചു അവരുടെ പ്രവര്‍ത്തിയില്‍ സന്തോഷിപ്പിക്കുന്നു.

**(8) ഈ വാക്യത്തിന്‍റെ ഒടുവിലായി ചോദിച്ചിരിക്കുന്ന ഏതു ചോദ്യമാണ്, ഒരുവന്‍ തന്‍റെ സഹോദരന്മാരോട് ക്രിസ്തുവിന്‍റെ സ്നേഹം പോലെ സ്നേഹം പ്രകടിപ്പിക്കാതെ നിത്യജീവനിലേക്കു പ്രത്യാശ വയ്ക്കുന്നതിന്‍റെ ദൗര്‍ഭാഗ്യകരമായ അവസ്ഥ വിവരിക്കുന്നത്?**

***എന്നാല്‍ ഈ ലോകത്തിലെ വസ്തുവകയുള്ളവന്‍ ആരെങ്കിലും തന്‍റെ സഹോദരനു മുട്ടുള്ളതു കണ്ടിട്ടു അവനോടു മനസ്സലിവു കാണിക്കാഞ്ഞാല്‍***

*ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും? (1യോഹന്നാൻ :3:17)*

യഥാർത്ഥ വിശുദ്ധീകരണം, ആർദ്രമായ സഹതാപത്തിന്റെ ബന്ധങ്ങളിലൂടെ വിശ്വാസികളെ ക്രിസ്തുവിലേക്കും പരസ്പരവും ഒന്നിപ്പിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹഹത്തിന്റെ നിലയ്ക്കാത്ത പ്രവാഹം ഹൃദയങ്ങളിലേക്ക് ഒഴുകുവാൻ ഈ ബന്ധം കാരണമാകുന്നു, ആ സ്നേഹം വിശ്വാസികൾ തമ്മിലുള്ള പരസ്പര സ്നേഹത്തിലൂടെ തുടർന്നും നിലയ്ക്കാതെ ഒഴുകികൊണ്ടേയിരിക്കും.

അവന്റെ സ്നേഹം, ക്ഷമ, നിസ്വാർത്ഥത, നന്മ എന്നിങ്ങനെ എല്ലാവരും കൈവരിക്കേണ്ട അനിവാര്യമായ ഗുണങ്ങളിൽ ക്രിസ്തുവിന്റെ സ്വഭാവത്തിന്റെ പൂർണതയെയും അടയാളപ്പെടുത്തിയിരിക്കുന്നു. ഹൃദയപൂർവ്വം നന്മ പ്രവർത്തിക്കുന്നതിലൂടെ ഈ ഗുണങ്ങൾ നേടിയെടുക്കാൻ കഴിയും.

**(9) ക്രിസ്തുവിനെ സ്നേഹിക്കുകയും, ആത്മീയമായി നഷ്ടപ്പെട്ടവരെ രക്ഷിക്കുകയും ചെയ്യുന്നവർക്ക് എന്ത് മാതൃകകളും, പദവികളും, അധികാരങ്ങളുമാണ് ക്രിസ്തു നൽകുന്നത്?**

***ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കോൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു" എന്നു***

*അരുളിച്ചെയ്തു. (മത്തായി:28:19-20)*

തകർന്ന അവസ്ഥയിൽ ആയിരുന്ന ലോകത്തെ, തന്റെ നിത്യമായ കരുണയാൽ യേശു നോക്കി. മനുഷ്യരാശിയെ പിടിക്കുവാനും ഉയർത്താനും വേണ്ടി അവൻ സ്വയം മനുഷ്യനായിത്തീർന്നു. കാണാതെപോയതിനെ കണ്ടെത്തി രക്ഷിക്കുവാനാണ് അവൻ വന്നത്. മനുഷ്യനെ വീണ്ടെടുക്കേണ്ടതിനായി അവന്റെ ദുരിതത്തിന്റെയും കഷ്ടതയുടെയും ആഴം വരെയും അവൻ ഇറങ്ങിച്ചെന്നു, മനുഷ്യൻ ആയിരുന്ന അതെ അവസ്ഥയിൽ അവനെ എടുത്തുയർത്തി, മലിനതകളാൽ കളങ്കിതനും, അധപതിച്ചവനും, പാപത്താൽ നീതികെട്ടവനും, വിശ്വാസപരിത്യാഗത്താൽ സാത്താനുമായി ഐക്യപ്പെടുകയും, ചെയ്തിരുന്ന അവനെ അതിൽനിന്നെല്ലാം ഉയർത്തി സിംഹാസനത്തിലിരുത്തി. എന്നാൽ "അവൻ പരാജയപ്പെടുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യില്ല" എന്ന് അവനെക്കുറിച്ച് എഴുതിയിട്ടുണ്ട്. അവൻ സ്വയം ത്യജിക്കുന്നതിന്റെയും ആത്മത്യാഗത്തിന്റെയും പാതയിലൂടെ യാത്രചെയ്തു, അവനെ അനുധാവനം ചെയ്യുന്ന നാം പിന്തുടരേണ്ടത്തിനു ഒരു ഉത്തമ ഉദാഹരണം നൽകുകയും ചെയ്യുന്നു.

യേശു ചെയ്തതുപോലെ നാം പ്രവർത്തിക്കണം, നമ്മുടെ സ്വാർത്ഥമായ സന്തോഷങ്ങളിൽ നിന്ന് പിന്മാറുക, സാത്താന്റെ പ്രലോഭനങ്ങളിൽ നിന്ന് പിന്തിരിയുക, സുഖസൗകര്യങ്ങൾ ത്യചിക്കുക, സ്വാർത്ഥതയെ വെറുക്കുക, അങ്ങനെ നഷ്ടപ്പെട്ടവരെ അന്വേഷിച്ച് രക്ഷിക്കാനും ആത്മാക്കളെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് -

ദൈവസ്നേഹത്തിന്റെ സൂര്യപ്രകാശത്തിലേക്ക് കൊണ്ടുവരാനും പരിശ്രമിക്കുന്നവർ ആവുക. പുറപ്പെട്ട്, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കാൻ നമ്മളെ നിയോഗിച്ചിരിക്കുന്നു. ക്രിസ്തുവിന് പാപക്ഷമ നൽകുവാനും സ്വഭാവങ്ങളെ രൂപാന്തരപ്പെടുത്തുവാനും, ആത്മാവിനെ അവിടുത്തെ നീതിയുടെ വസ്ത്രത്താൽ അണിയിക്കുവാനും, പാപികളെ ദൈവത്തിന്റെ ഹൃദയം എന്താണെന്ന് അറിയിക്കുവാനും ഉള്ള സദ്വാർത്തമാനം വിളിച്ച് പറയുവാനും, ദൈവത്തോട് ചേർന്ന് ഒരു നല്ല ഗ്രഹവിചാരകനായി തീരുവാൻ അവരെ പരിശീലിപ്പിക്കാനും വേണ്ടി നമ്മളെ നിയോഗിച്ചിരിക്കുന്നു.

**(10) നാം ക്രിസ്തുവിൽ വസിക്കുമ്പോൾ, എന്തിനുവേണ്ടിയാണ് അവിടുന്ന്, മറ്റുള്ളവരെ സ്നേഹത്തിൽ ശുശ്രൂഷിക്കുവാനുള്ള പരിശുദ്ധാതമാവിന്റെ ശക്തി നമുക്ക് നൽകുന്നത്?**

***അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു.***
***(1 യോഹന്നാൻ: 2:6)***

ക്രിസ്തുവിനെ അനുഗമിക്കുന്നവരുടെ പെരുമാറ്റം അവരുടെ കർത്താവിന്റെ പെരുമാറ്റം പോലെയായിരിക്കേണം. അവൻ ഒരു മാതൃക നമുക്ക് വച്ചുകൊണ്ടു, നമ്മൾ അതിന് ചുറ്റും അണിനിരക്കുമോ ഇല്ലയോ എന്ന് പറയാൻ ബാധ്യസ്ഥരാക്കിയിരിക്കുന്നു. നമ്മുടെ കർത്താവും രക്ഷിതാവും ആയവൻ അവിടുത്തെ സകല അധികാരങ്ങളും, സമ്പത്തും, മഹത്വവും മാറ്റിവച്ച് നമ്മെ തേടിവരികയും, എല്ലാ ക്ലേശങ്ങളിൽ നിന്നും നമ്മെ രക്ഷിക്കുകയും

അവനെപ്പോലെ ആക്കുകയും ചെയ്തു. അവൻ തന്നെത്താൻ താഴ്ത്തി, നമുക്ക് അവനെക്കുറിച്ച് അറിയാൻ കഴിയുന്ന തരത്തിൽ നമ്മുടെ സ്വഭാവം സ്വീകരിച്ചു, അവന്റെ ദയയും നിസ്വാർത്ഥതയും നിറഞ്ഞ ജീവിതം അനുകരിച്ച്, പടിപടിയായി സ്വർഗത്തിലേക്ക് അവനെ അനുഗമിക്കേണ്ടതിനായി അവൻ സ്വയം ത്യജിച്ചു. നിങ്ങൾക്ക് അവന്റെ സ്വഭാവത്തോടു തുല്യമാകാൻ കഴിയില്ല; എന്നാൽ നിങ്ങളുടെ കഴിവിനനുസരിച്ച് എത്രമാത്രം അനുരൂപപ്പെടാമോ, അതുപോലെ ചെയ്യുക. "നിന്റെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണമനസ്സോടുംകൂടെ സ്നേഹിക്കേണം. നിന്റെ അയൽക്കാരനെയും നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം." ഒരു ആത്മാവിനെ നേടേണ്ടതിനായി ഈ ലോകത്തിലെ നിങ്ങളുടെ എല്ലാ സമ്പത്തും ബഹുമാനവും ഉപേക്ഷിക്കേണ്ടതായി വന്നാൽ അങ്ങനെ ചെയ്തുകൊണ്ട് ക്രിസ്തുവിന്റെ സേവനത്തിൽ എർപ്പെടാൻ സന്നദ്ധതയുള്ളവൻ ആകുന്ന തരത്തിലുള്ള സ്നേഹം നിങ്ങളുടെ ഹൃദയങ്ങളെ സ്വാധീനിക്കേണം.

*യജമാനനും സ്രഷ്ടാവുമായ ക്രിസ്തു ദരിദ്രനായിത്തീർന്നുകൊണ്ടു നമ്മെ എന്നെന്നേക്കുമായി സമ്പന്നരാക്കിയതും, എനിക്ക് ജീവൻ ഉണ്ടാകേണ്ടതിനായി അവൻ മരിച്ചു എന്നതും; തന്റെ രാജ്യത്തിനായി വിലയേറിയ ആത്മാക്കളെ രക്ഷിക്കുന്നതിൽ ആത്മാർത്ഥമായ തീക്ഷ്ണത, അച്ചടക്കം, വിശ്വാസം എന്നിവയുടെ പദവിയും*

മാതൃകയും അവൻ എനിക്ക് നൽകുന്നു എന്നതുമായ അനുഗ്രഹങ്ങൾ തിരുവെഴുത്തിൽ വായിക്കുമ്പോൾ ഞാൻ അത്ഭുതപ്പെടുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

ക്രിസ്തുവെന്ന മഹാനായ ഗുരുവിന്റെ സ്നേഹത്തിന്റെ മാതൃക പിന്തുടർന്നുകൊണ്ടു പ്രവർത്തിയിലൂടെയുള്ള സ്നേഹം എന്താണെന്ന് പ്രായോഗികമായി പരിശീലിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കൂടാതെ അവന്റെ സ്നേഹം എഴുതിയിട്ടുള്ള പത്രമായി ലോകത്തിനു വെളിപ്പെടുവാൻ ഞാൻ തീരുമാനിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

അവന്റെ സ്നേഹത്തിന്റെ ശക്തി ഞാൻ മനസ്സിലാക്കുകയും അവന്റെ മാതൃക കാണുകയും ചെയ്യുമ്പോൾ, അവൻ എന്നെ സ്നേഹിക്കുന്നതുപോലെ മറ്റുള്ളവരെയും സ്നേഹിക്കണമെന്നാണ് എന്റെ ഹൃദയം ആഗ്രഹിക്കുന്നത്. ദൈവം തന്റെ ലക്ഷ്യത്തിന്റെ പുരോഗതിക്കായി എന്നെ ആശ്രയിച്ചിരിക്കുന്നതിനാലല്ല എനിക്ക് ഈ പദവി നൽകിയത്, മറിച്ച് എന്നിൽ നന്മയുടെ ഒരു മനോഭാവം വളർത്തി എടുക്കുവാൻ വേണ്ടിയാണെന്ന് ഞാൻ തിരിച്ചറിയുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

അവന്റെ പരിശുദ്ധാത്മാവിനാൽ നിറയപ്പെടാനും നഷ്ടപ്പെട്ടതും മരിക്കുന്നതുമായ ഈ ലോകത്തിലേക്ക് സുവിശേഷം എത്തിക്കുന്നതിന് അവന്റെ കൈകളും കാലുകളും ആയി എന്നെത്തന്നെ സമർപ്പിക്കപ്പെടുന്നതിനായി ഞാൻ ദിനവും ക്രിസ്തുവിൽ വസിക്കാൻ തീരുമാനിച്ചിരിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല



## അദ്ധ്യായം 17
## പ്രവർത്തിയാലുള്ള സ്നേഹം

**(1) ക്രിസ്തുവിൽ നിന്നുള്ള ഏതു ദാനമാണ് തന്നെ അനുഗമിക്കുന്നവരിൽ ഏറ്റവും വിലയേറിയ സമ്പത്തായി കാണുവാൻ ദൈവം ആഗ്രഹിക്കുന്നത്?**

***സൌമ്യതയും സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു. (1പത്രോസ്: 3:4)***

മനോഹരമായ വസ്ത്രധാരണത്താൽ ആത്മാവിനെ അലങ്കരിക്കുവാൻ അവൻ നമ്മോട് ആവശ്യപ്പെടുന്നു. ബാഹ്യമായ ഒരു അലങ്കാരത്തിനും "സൗമ്യവും ശാന്തവുമായ ആത്മാവിന്റെ" മൂല്യവും മനോഹാരിതയുമായി താരതമ്യം ചെയ്യാൻ കഴിയില്ല, അത് അവന്റെ

കാഴ്ചയിൽ “വലിയ വില” ഉള്ളതാണ് (1പത്രോസ്:3:4).

ശാന്തതയും സൗമ്യതയുമുള്ള ആത്മാവെന്ന ക്രസിതുവിന്റെ ദാനം, യാതൊരു തെറ്റും ചെയ്യാതെ വലിയ വിലകൊടുത്തവനായ കർത്താവ് നമുക്ക് നൽകുമെന്ന് ആധികാരികമായി പ്രഖ്യാപിക്കുന്നു. നാം ഓരോരുത്തരും ദൈവത്തിൽ നിന്ന് അന്വേഷിച്ച് അതിന്റെ മൂല്യം കണ്ടെത്തണം. എന്നിരുന്നാലും, നാം ഈ ആഭരണങ്ങൾ ധരിക്കുന്നവരാകുമ്പോൾ, ക്രിസ്തുവിനോടുള്ള നമ്മുടെ ശിഷ്യത്വത്തിന്റെ അടയാളം നമ്മൾ വഹിക്കുന്നു എന്ന് മറ്റു മനുഷ്യർ നമ്മെ വിലയിരുത്തിയേക്കാം. നാം ധരിക്കുന്ന അലങ്കാരം വലിയ വിലയുള്ളതായി അവന്റെ ദൃഷ്ടിയിൽ ഇരിക്കുന്നതിനാൽ ഈ ആഭരണം നമ്മൾ ധരിക്കുകയാണെങ്കിൽ, അത്യുന്നതൻ നമ്മെ ബഹുമാനിക്കുന്നു. ഈ വിലയേറിയ രത്നത്തിനുവേണ്ടി അന്വേഷിച്ചുകൊണ്ടേയിരിക്കണം.

**(2) മറ്റുള്ളവരെ സ്നേഹിക്കുന്ന കാര്യത്തിൽ നമ്മുടെ വാക്കുകൾ മാത്രം കൊണ്ടുള്ള ശുശ്രൂഷ ദൈവം ആഗ്രഹിക്കുന്നില്ല, അതിനാൽ എങ്ങനെ സ്നേഹിക്കണം എന്നാണു അവൻ നമ്മോടു ആവശ്യപ്പെട്ടിരിക്കുന്നത്?**

***കുഞ്ഞുങ്ങളേ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നേ സ്നേഹിക്കുക. (1യോഹന്നാൻ :3:18)***

അപ്പോസ്തലൻ എഴുതുന്നു: “നാം വാക്കിനാലുള്ള സ്നേഹത്തിൽ അല്ല, പ്രവൃത്തിയിലും സത്യത്തിലും.” മറ്റുള്ളവരെ സഹായിക്കാനും അനുഗ്രഹിക്കാനുമുള്ള പ്രേരണ ഉള്ളിൽ നിന്ന് നിരന്തരം ഉത്ഭവിക്കുമ്പോൾ ക്രിസ്തീയ സ്വഭാവത്തിന്റെ

സമ്പൂർണ്ണത കൈവരിക്കുന്നു. വിശ്വാസിയുടെ ആത്മാവിനെ ചുറ്റിപ്പറ്റിയുള്ള ഈ സ്നേഹത്തിന്റെ അന്തരീക്ഷമാണ് അവനെ ജീവിതത്തിന്റെ ഒരു സുഗന്ധമാക്കി മാറ്റുകയും അവന്റെ പ്രവൃത്തിയെ അനുഗ്രഹിക്കാൻ ദൈവത്തെ പ്രാപ്തനാക്കുകയും ചെയ്യുന്നത്.

ദൈവത്തോടുള്ള പരമമായ സ്നേഹവും പരസ്പരം ഉള്ള നിസ്വാർത്ഥ സ്നേഹവുമാണ് നമ്മുടെ സ്വർഗ്ഗീയപിതാവിന് നൽകാൻ കഴിയുന്ന ഏറ്റവും നല്ല ദാനം. ഈ സ്നേഹം കേവലം ഒരു ഉൾപ്രേരണയല്ല, മറിച്ച് ഒരു ദൈവിക തത്ത്വവും, ശാശ്വതശക്തിയുമാണ്. പവിത്രീകരിക്കപ്പെടാത്ത ഒരു ഹൃദയത്തിന് അത് ഉത്ഭവിപ്പിക്കാനോ ഉത്പാദിപ്പിക്കാനോ കഴിയില്ല. യേശു വാഴുന്ന ഹൃദയത്തിൽ മാത്രമേ അത് കാണാനാകൂ. "നാം അവനെ സ്നേഹിക്കുന്നു, കാരണം അവൻ ആദ്യം നമ്മെ സ്നേഹിച്ചു." ദിവ്യകൃപയാൽ പുതുക്കപ്പെട്ട ഹൃദയത്തിൽ മാത്രം കാണുന്ന പ്രവർത്തനത്തിന്റെ ഭരണ തത്വമാണ് സ്നേഹം. ഇത് ഒരുവന്റെ സർവ്വ സ്വഭാവത്തെയും പരിഷ്കരിക്കുന്നു, ഉൾപ്രേരണകളെ നിയന്ത്രിക്കുന്നു, വികാരങ്ങളെ നിയന്ത്രിക്കുന്നു, വാത്സല്യത്തെ വർദ്ധിപ്പിക്കുന്നു. ആത്മാവിൽ വിലമതിക്കപ്പെടുന്ന ഈ സ്നേഹം ജീവിതത്തെ ആസ്വാദ്യപൂർണ്ണം ആക്കുകയും എല്ലായിടത്തും ഒരു ശുദ്ധമായ സ്വാധീനം ചെലുത്തുകയും ചെയ്യുന്നു.

**(3) ഈ വാക്യത്തിൽ വിവരച്ചിരിക്കുന്നതും, ലോകത്തെ സ്നേഹിക്കുക എന്ന ക്രിസ്തുവിന്റെ ദൗത്ത്യത്തിനായി നാം ഉപയോഗിക്കേണ്ടതുമായ എട്ടു**

**പ്രായോഗിക വഴികളെപ്പറ്റി സംക്ഷിപ്തമായി വിവരിക്കുക?**

***അന്യായബന്ധനങ്ങളെ അഴിക്കുക; നുകത്തിന്‍റെ അമിക്കയറുകളെ അഴിക്കുക; പീഡിതരെ സ്വതന്ത്രരായി വിട്ടയക്ക; എല്ലാ നുകത്തെയും തകർക്കുക; ഇതല്ലയോ എനിക്കു ഇഷ്ടമുള്ള ഉപവാസം? വിശപ്പുള്ളവന്നു നിന്‍റെ അപ്പം നുറുക്കിക്കൊടു ക്കുന്നതും അലഞ്ഞുനടക്കുന്ന സാധുക്കളെ നിന്‍റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും നിന്‍റെ മാംസരക്തങ്ങളായിരി ക്കുന്നവർക്കു നിന്നെത്തന്നേ മറെക്കാതെയിരിക്കുന്നതും അല്ലയോ? (യെശയ്യാവ്:58:6-7)***

തന്നത്താൻ ത്യജിക്കുന്ന മനോഭാവമുള്ളവരായിരിക്കണം നാം എല്ലാവരും എന്ന് ദൈവം ആവശ്യപ്പെടുന്നു. സത്യത്തിന്‍റെ എല്ലാ വശങ്ങൾക്കും നമ്മുടെ ദൈനംദിന ജീവിതത്തിൽ ഏതെങ്കിലും വിധത്തിലുള്ള പ്രായോഗിക ഉപയോഗമുണ്ട്. യഹോവയുടെ വചനം കേട്ട് പ്രമാണിക്കുന്നവർ ഭാഗ്യവാന്മാർ എന്ന് പറഞ്ഞിരിക്കുന്നു. അതിൽ, കേൾക്കൽ മാത്രം പോരാ; നാം പ്രവർത്തിക്കുകയും വേണം. ന്യായപ്രമാണത്തിന്‍റെ പ്രവർത്തി ചെയ്യുന്നതിലൂടെയാണ് വലിയ പ്രതിഫലം ലഭിക്കുന്നത്. ദരിദ്രരോടും ദുരിതമനുഭവിക്കുന്നവരോടും നിർഭാഗ്യവാന്മാരോടുമുള്ള സഹതാപവും അനുകമ്പാപൂർവവുമായ പ്രവർത്തനങ്ങളിലൂടെ അവരുടെ കരുണയുടെ പ്രായോഗിക പ്രകടനങ്ങൾ കാഴ്ചവയ്ക്കുന്നു, ദുരിതമനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുക മാത്രമല്ല, അവരുടെ സന്തോഷത്തിന് വേണ്ടി വലിയ സംഭാവന നൽകുകയും

ആത്മാവിന്റെയും ശരീരത്തിന്റെയും ആരോഗ്യം സുരക്ഷിതമാക്കുകയും ചെയ്യുന്നു. അങ്ങനെ ദൈവം തന്റെ ജനത്തെ സ്വീകരിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്ന വേലയെ യെശയ്യാവ് വ്യക്തമായി വിവരിച്ചിരിക്കുന്നു.

**(4) നാം ക്രിസ്തുവിന്റെ സ്നേഹത്താലും ആത്മാവിനാലും നിറയുമ്പോൾ, കൂട്ടുവിശ്വാസികളുമായുള്ള നമ്മുടെ ബന്ധത്തിൽ സ്നേഹത്തിന്റെ ഏതു സവിശേഷത ആയിരിക്കും പ്രകടമാക്കുന്നത്?**

***നിങ്ങൾ ഏകമനസ്സുള്ളവരായി ഏകസ്നേഹം പൂണ്ടു ഐകമത്യപ്പെട്ടു ഏകഭാവമുള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ. (ഫിലിപ്പിയർ: 2:2)***

ക്രിസ്തുവിനെ അനുഗമിക്കുന്നുവെന്ന് അവകാശപ്പെടുന്ന ഓരോരുത്തരും തന്നെക്കാൾ ധികമായി മറ്റുള്ളവരെ ബഹുമാനിക്കട്ടെ. ഒന്നായിരിക്കുക, ഒരുമനപ്പെട്ടിരിക്കുക! ഐക്യത്തിൽ ശക്തിയും വിജയവുമുണ്ട്; ഭിന്നതയിലും വിഭജനത്തിലും ബലഹീനതയും പരാജയവും. ഈ വാക്കുകൾ സ്വർഗത്തിൽ നിന്ന് എന്നോട് പറഞ്ഞിട്ടുണ്ട് ... എല്ലാവരും ക്രിസ്തുവിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകാൻ ശ്രമിക്കട്ടെ: “പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ഇരിക്കുന്നതുപോലെ; ഇവരും ഒന്നായിരിക്കട്ടെ. ഓ, എത്ര മഹത്തായ ഐക്യമാണിത്! ക്രിസ്തു പറയുന്നു: “നിങ്ങൾ അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് എല്ലാവരും അറിയും.”

**(5) നമ്മൾ ക്രിസ്തുവിൽ വസിക്കുകയും അവിടുത്തെ സ്നേഹം നമ്മിലൂടെ**

**ഒഴുകുകയും ചെയ്യുമ്പോൾ, മറ്റുള്ളവരെ എങ്ങനെ ആയിരിക്കും നമ്മൾ പരിചരിക്കുന്നത്?**

***സ്നേഹം നിർവ്യാജം ആയിരിക്കട്ടെ: തീയതിനെ വെറുത്തു നല്ലതിനോടു പറ്റിക്കൊൾവിൻ. സഹോദര പ്രീതിയിൽ തമ്മിൽ സ്ഥായിപൂണ്ടു ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടു കൊൾവിൻ. (റോമർ:12:9-10)***

പ്രലോഭനങ്ങളിൽ പെട്ടവർക്കും തെറ്റുകളിൽ വീണവർക്കും ഉള്ള ഞങ്ങളുടെ സേവനത്തിന്റെ മാനദണ്ഡങ്ങൾക്ക് ഉദാഹരണം ഞങ്ങളുടെ രക്ഷകനാണ്. അവിടുന്ന് നമ്മോട് പ്രകടിപ്പിച്ച അതേ സ്നേഹവും ആർദ്രതയും ദീർഘക്ഷമയും, മറ്റുള്ളവരോടും നാം പ്രകടമാകണം. “ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം” എന്നു അവൻ പറയുന്നു. (യോഹന്നാൻ 13:34. ക്രിസ്തു നമ്മിൽ വസിക്കുന്നുവെങ്കിൽ, എല്ലാവരോടും അവിടുത്തെ നിസ്വാർത്ഥമായ സ്നേഹം നാം വെളിപ്പെടുത്തും. സ്ത്രീ ആയാലും പുരുഷൻ ആയാലും കരുണയും സഹായവും ആവശ്യമുള്ളതായി കാണുമ്പോൾ, “അവർ യോഗ്യരാണോ?” എന്ന് നാം ചോദിക്കാതെ. “ഞാൻ അവർക്ക് എങ്ങനെ പ്രയോജനം ചെയ്യും?” എന്ന് മാത്രം ചിന്തിക്കുന്നവരാവുക.

നമുക്കുവേണ്ടി നൽകിയ മതിക്കാനാവാത്ത വില നിമിത്തം എല്ലാ ഭൗമീക അനുഗ്രഹങ്ങളും നമുക്കു ലഭിച്ചു. മനുഷ്യനെ വീണ്ടെടുക്കുന്നതിനായി ഒരു വലിയ വില ദൈവത്തിനു ചിലവായിട്ടുണ്ടെങ്കിൽ, അതുനിമിത്തം അവൻ നശിക്കാതെ നിത്യജീവൻ നേടുന്നതിനും, ക്രിസ്തുവിനോടൊപ്പം

തന്റെ വിലയേറിയ ജീവൻ നൽകിയവരെ രക്ഷിക്കുന്നതിൽ സഹപ്രവർത്തകരാകാനും നമുക്ക് പദവി ലഭിച്ചതിൽ നാം എത്ര അധികം സന്തോഷിക്കണം! കർത്താവായ യേശു ആർക്കുവേണ്ടി ഈ വലിയ ത്യാഗം സഹിച്ചുവോ, അവരെ സ്നേഹിക്കുന്നു. വിശ്വസിക്കുന്ന എല്ലാവർക്കും ജീവനും നിത്യജീവനും നൽകി വെളിച്ചത്തിലേക്ക് കൊണ്ടുവരാൻ അവൻ തന്റെ വിലയേറിയ ജീവൻ യാഗമായി നൽകി. {യോഹന്നാൻ:17:3}
"ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നേ നിത്യജീവൻ ആകുന്നു."
ക്രിസ്തുവിനെ സ്വീകരിക്കുന്നവർ അവനുമായി സഹകരിച്ച് പ്രവർത്തിക്കുന്നു, അവരുടെ ജീവിതവേലയെ തെറ്റായി ചെയ്യില്ല. ക്രിസ്തു പറയുന്ന വാക്കുകൾ അവർ ശ്രദ്ധിക്കും. അവർ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുകയും ദൈവത്തിന്റെ ആവശ്യകതകളെക്കുറിച്ച് കൂടുതൽ കൂടുതൽ ബുദ്ധിമാന്മാരാകുകയും ക്രിസ്തുവിന്റെ ജീവിതത്തിൽ വെളിപ്പെട്ട സ്നേഹവും കൃപയും അവിടുത്തെ സമ്പർക്കം പുലർത്തുന്നവരോട് വെളിപ്പെടുത്തുകയും ചെയ്യും.

**(6) ക്രിസ്തു പിതാവുമായി ഒന്നായിരിക്കുന്നതുപോലെ, നാമും ക്രിസ്തുവുമായി ഒന്നാകുമ്പോൾ, ഈ ശിഷ്യത്വത്തെ ലോകത്തിനുമുന്നിൽ എങ്ങനെ വെളിപ്പെടുത്തുന്നു?**

***നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും. (യോഹന്നാൻ :13:35)***

ക്രിസ്തുവും അവിടുത്തെ ജനവും തമ്മിലുള്ള ഐക്യം, ജീവനുള്ളതും, സത്യവും, പരാജയപ്പെടാത്തതുമാണ്, ഇത് പിതാവും പുത്രനും തമ്മിലുള്ള ഐക്യത്തിന് ഉത്തമമായ സാദൃശ്യമാണ്. ഈ ഐക്യം പരിശുദ്ധാത്മാവ് വിശ്വാസികളുടെ ഹൃദയത്തിൽ വസിക്കുന്നതിന്റെ ഫലമാണ്. എല്ലാ യഥാർത്ഥ ദൈവമക്കളും ക്രിസ്തുവിനോടും അവരുടെ സഹോദരങ്ങളോടും ഉള്ള ഐക്യം ലോകത്തിന് വെളിപ്പെടുത്തും. ക്രിസ്തു ഹൃദയത്തിൽ വസിക്കുന്നവർ സഹോദരസ്നേഹത്തിന്റെ ഫലം വിളയിക്കും. ദൈവത്തിന്റെ കുടുംബത്തിലെ അംഗങ്ങളായ അവർ ആത്മാവിലും വാക്കുകളിലും പ്രവൃത്തിയിലും ക്രിസ്തീയ സ്നേഹവും കൂട്ടായ്മയും വളർത്താനും പരിപാലിക്കാനും ശാശ്വതമാക്കാനും പ്രതിജ്ഞാബദ്ധരാണെന്നും മനസ്സിലാക്കും.

ദൈവമക്കളാകുക, രാജകീയകുടുംബത്തിലെ അംഗങ്ങൾ ആവുക, എന്നത് പലരും കരുതുന്നതിനേക്കാൾ വളരെ ഉയർന്ന പദവിയാണ്. ദൈവം തന്റെ മക്കളായി കണക്കാക്കപ്പെടുന്നവർ പരസ്പരം ക്രിസ്തുവിനു സമാനമായ സ്നേഹം വെളിപ്പെടുത്തും. ലോകത്തിന് ക്രിസ്തുവിന്റെ യഥാർത്ഥ പ്രതിനിധികളാവുക എന്ന ലക്ഷ്യത്തിനായി അവർ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യും. അവരുടെ സ്നേഹത്താലും ഐക്യത്താലും അവർ ദൈവിക അധികാരങ്ങളും യോഗ്യതകളും വഹിക്കുന്നുവെന്ന് ലോകത്തിന് കാണിക്കും. സ്നേഹത്തിന്റെ ഔന്നിത്യത്താലും, സ്വയം പരിത്യാഗത്താലും അവർ രക്ഷകന്റെ യഥാർത്ഥ അനുയായികളാണെന്ന്

ചുറ്റുമുള്ളവർക്ക് വെളിപ്പെടുത്തും. "നിങ്ങൾ അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ എന്റെ ശിഷ്യന്മാരാണെന്ന് എല്ലാവരും അറിയും".

**(7) ക്രിസ്തുവിന്റെ സ്നേഹത്തിൽ, മറ്റുള്ളവരോട് ദയകാണിക്കുകയും ധൈര്യത്തിന്റെ വാക്കുകൾ പറയുകയും ചെയ്യുന്നതിനെ എന്തിനോടാണ് താരതമ്യം ചെയ്യുവാൻ കഴിയുന്നത്?**

*തക്കസമയത്തു പറഞ്ഞ വാക്കു വെള്ളിത്താലത്തിൽ പൊൻ നാരങ്ങാപോലെ. (സദൃശ്യവാക്യങ്ങൾ: 25:11)*

ക്രിസ്തു സ്നേഹിച്ചതുപോലെ സ്നേഹിക്കുകയെന്നാൽ മൃദുവായ വാക്കുകളിലൂടെയും, സന്തോഷവാനായും എല്ലാ സമയത്തും എല്ലായിടത്തും നിസ്വാർത്ഥതയെ വെളിപ്പെടുത്തുക എന്നതാണ്. ഇത് പ്രവർത്തിക്കുന്നവർ യാതൊരുവിധ വിലയും മുടക്കേണ്ടതില്ല, മറിച്ച്, ആത്മാവിനെ ചുറ്റിപ്പറ്റിയുള്ള ഒരു സൗരഭ്യം പരത്തുകയാണ് അതിലൂടെ. അവയുടെ ഫലം ഒരിക്കലും കണക്കാക്കാൻ കഴിയില്ല. അവ സ്വീകർത്താവിന് മാത്രമല്ല, ദാതാവിനും ഒരു അനുഗ്രഹമാണ്; അവ അവനിലും പ്രതിപ്രവർത്തനം ചെയ്യുന്നു. സ്വർഗ്ഗത്തിൽ ജനിച്ചു എന്നതിന്റെ വിലയേറിയ വെളിപ്പെടുത്തലാണ് യഥാർത്ഥ സ്നേഹം, അത് മറ്റുള്ളവറിലേക്കു പകരുന്നത് അനുസരിച്ച് സുഗന്ധപൂർണ്ണം ആയികൊണ്ടേയിരിക്കുന്നു.

ക്രിസ്തുവിന്റെ സ്നേഹം ആഴമേറിയതും ആത്മാർത്ഥവുമാണ്, അത് സ്വീകരിക്കുന്ന എല്ലാവർക്കുമായി തടഞ്ഞുവക്കുവാൻ കഴിയാത്ത ഒരു അരുവി പോലെ ഒഴുകുന്നു. അവന്റെ

സ്നേഹത്തിൽ സ്വാർത്ഥതയില്ല. സ്വർഗത്തിൽ ഉത്ഭവിച്ച ഈ സ്നേഹം ഹൃദയത്തിൽ നിലനിൽക്കുന്ന ഒരു തത്വമാണെങ്കിൽ, പവിത്രമായ ബന്ധത്തിൽ നമുക്ക് ഏറ്റവും പ്രിയപ്പെട്ടവരെ മാത്രമല്ല, നമ്മൾ സമ്പർക്കം പുലർത്തുന്ന എല്ലാവരോടും അത് സ്വയം വെളിപ്പെടുത്തും. സ്നേഹത്തിന്റെ ചെറിയ പ്രവർത്തികൾ ചെയാനും, ഇളവുകൾ നൽകാനും ദയയുടെ പ്രവൃത്തികൾ ചെയ്യാനും ആർദ്രതയും, സത്യവും പ്രോത്സാഹജനകവുമായ വാക്കുകൾ സംസാരിക്കാനും ഇത് നമ്മെ നയിക്കും. ദായക്കായി ഹൃദയം പകാംഷിക്കുന്നവരോട് ദയ കാണിക്കുവാൻ ഇത് നമ്മെ നയിക്കും.

**(8) ഈ വാക്യങ്ങളിൽ വിവരിച്ചിരിക്കുന്ന, സ്നേഹത്തിന്റെയും, ദൈവത്തിന്റെയും സ്വഭാവത്തിന്റെ 16 പ്രായോഗിക സവിശേഷതകൾ സംക്ഷിപ്തമായി പട്ടികപ്പെടുത്തുക.**

***സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു; സ്നേഹം സ്പർദ്ധിക്കുന്നില്ല. സ്നേഹം നിഗളിക്കുന്നില്ല. ചീർക്കുന്നില്ല; അയോഗ്യമായി നടക്കുന്നില്ല സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദ്വേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല; അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു: എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. സ്നേഹം ഒരുനാളും ഉതിർന്നു പോകയില്ല. പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ, അതു നിന്നുപോകും; ജ്ഞാനമോ, അതു നീങ്ങിപ്പോകും. (1കൊരിന്ത്യർ: 13:4-8)***

ഒരു മനുഷ്യൻ തന്റെ കൈകൾക്ക് യാതൊരു വിധ വ്യായാമവും

കൊടുക്കുന്നില്ലെങ്കിൽ, അത് ദുർബലം ആവുകയും പേശികളുടെ ശക്തി കുറയുകയും ചെയ്യും. ആയതുപോലെ, ക്രിസ്ത്യാനി തന്റെ ആത്മീയശക്തി ഉപയോഗിച്ചുകൊണ്ടിരുന്നില്ലെങ്കിൽ, അവൻ സ്വഭാവശക്തിയോ ധാർമ്മിക അഭിവൃദ്ധിയോ നേടുകയില്ല. സ്നേഹം വളരെ വിലയേറിയ ഒരു സസ്യം പോലെയാണ്, അത് നാട്ടു പരിപാലിച്ചെങ്കിൽ മാത്രമേ നന്നായി തഴച്ച് വളരുകയുള്ളു. വളരെയധിക പരിപാലനം വേണ്ട സ്നേഹമെന്ന സസ്യത്തെ വളരെ മൃദുവായി മാത്രമേ പരിപാലിക്കാവൂ (പ്രവർത്തിക്കാവൂ) എന്നാൽ മാത്രമേ അത് വളർന്നു ബലമുള്ളതും, ആരോഗ്യമുള്ളതുമായ ഫലങ്ങൾ നൽകി സത്തയെ പൂർണ്ണമായി വെളിപ്പെടുത്തുകയുള്ളു. ക്രിസ്തുവിനെ പോലെയുള്ള സ്വഭാവം സ്വാർത്ഥമോ, കരുണയില്ലാത്തതോ ആല്ല, അത് സാത്തന്റെ പ്രലോഭനങ്ങളിൽ പെട്ട് കഷ്ടത അനുഭവിക്കുന്ന ഒരു വ്യക്തിയെ മുറിപ്പെടുത്തുന്നതും അല്ല. അത് പ്രലോഭനങ്ങൾ അനുഭവിക്കുന്നവരുടെ വൈകാരിക തലങ്ങളിലേക്ക് കടന്നു ചെന്ന് കഷ്ടതകളും, പ്രലോഭനങ്ങളും ആ വ്യക്തിയുടെ എല്ലാ വിധ മാലിന്യങ്ങളും ദഹിപ്പിച്ച് സ്വർണ്ണം പോലെ ശോഭയുള്ളവനായി പുറത്ത് വരുന്നതിനു സഹായിക്കുന്നു. ക്രിസ്തുവിന്റെ ഈ പാഠശാലയിൽ വിദ്യാർത്ഥികളും, അധ്യാപകരും, ക്ഷമയുടെയും, താഴ്മയുടെയും, ആർദ്രതയുടെയും, ശ്രേഷ്ഠമായ പാഠങ്ങൾ പഠിക്കുന്നു. ജീവനുള്ള വിശ്വാസത്തോട് കൂടി പ്രാർത്ഥനയിൽ ദൈവത്തെ വാഞ്ചിക്കേണം; എങ്കിൽ മാത്രമേ ക്രിസ്തുവിന്റെ സ്വഭാവം പോലെ സാദൃശ്യമായി നമ്മെ പണിയുന്ന ദൈവത്തിന്റെ കരങ്ങൾ നമ്മിലേക്ക് ഇറങ്ങി വരികയുള്ളു.

ഓരോനിമിഷവും ദൈവത്തിന്റെ കൃപയുടെ അളവറ്റ ആധിക്ക്യം നമുക്കാവശ്യമാണ്, എങ്കില്മാത്രമേ നമുക്ക് ഉന്നത ജീവിതാനുഭവങ്ങളും, ദൈവത്തിന്റെ സ്നേഹവും അനുഭവിക്കുവാൻ കഴിയുകയുള്ളൂ. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. സ്നേഹം അർഹിക്കുന്നവർക്ക് അത് നൽകേണ്ടത് ആവശ്യമാണ്. അമിതമായ കോപമുള്ളവരിലേക്കു നമ്മുടെ സ്നേഹവും, ആർദ്രതയും, കരുണയും പകരുക എന്നതാണ് ഏറ്റവും വലിയ ദൗർഭാഗ്യം. നമ്മുടെ ക്ഷമയെ പരീക്ഷിക്കുന്നവരോട് അധികം സ്നേഹം കാണിക്കേണ്ടിയിരിക്കുന്നു.

**(9) ദൈവത്തിന്റെ ദിവ്യസ്നേഹം നമ്മുടെ ഹൃദയങ്ങളിൽ വാഴുമ്പോൾ, ആവശ്യത്തിലിരിക്കുന്നവരിൽ നിന്നും മറച്ചുകളയാൻ കഴിയാത്ത ക്രിസ്താനുരൂപ സ്വഭാവം എന്താണ്?**

***എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും തന്റെ സഹോദരന്നു മുട്ടുള്ളതു കണ്ടിട്ടു അവനോടു മനസ്സലിവു കാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും? (1യോഹന്നാൻ: 3:17)***

ദൈവസ്നേഹത്തിന്റെ ദൈവീക സന്ദേശം ഉൾക്കൊള്ളുന്ന ഒരു ജീവിതമായിരുന്നു ക്രിസ്തുവിന്റേത്, ആ ദൈവ സ്നേഹം മറ്റുള്ളവരിലേക്കും അളവ് കൂടാതെ പകർന്നു നൽകേണമെന്നു അവിടുന്ന് തീവ്രമായി ആഗ്രഹിച്ചു. അവന്റെ മുഖത്ത് നിന്ന് അനുകമ്പ ഉളവാക്കി, അവന്റെ പെരുമാറ്റം കൃപ, വിനയം, സത്യം, സ്നേഹം എന്നിവയാൽ സവിശേഷമായതു ആയിരുന്നു. അവന്റെ സഭയുടെ അംഗം ആകുന്നതിൽ വിജയിക്കുന്ന ഓരോ

വ്യക്തിയും അവിടുത്തെ സഭയുടെ അതേ ഗുണങ്ങൾ പ്രകടിപ്പിക്കണം. ക്രിസ്തുവിന്റെ സ്നേഹം വളരെ വിശാലവും മഹത്വവും നിറഞ്ഞതുമാണ്, അതിനോട് സാമ്യപെടുത്തുമ്പോൾ, മനുഷ്യർ ഏറ്റവും വലിയതായി കരുതുന്നതെല്ലാം നിസ്സാരതയിലേക്ക് ചുരുങ്ങുന്നു. ആ ഒരു കാഴ്ച നമുക്ക് ലഭിക്കുമ്പോൾ, ദൈവം തന്റെ ഏകജാതനായ പുത്രന്റെ ദാനത്തിലൂടെ മനുഷ്യർക്ക് നൽകിയ സ്നേഹത്തിന്റെ ആഴമായ ശ്രേഷ്ടത എത്ര വലിയതായിരുന്നു എന്ന് അതിശയത്തോടെ മനസിലാക്കും.

ക്രിസ്തു പ്രകടിപ്പിച്ച അതേ ആർദ്രമായ അനുകമ്പ പ്രകടിപ്പിക്കാൻ നമ്മോട് ആവശ്യപ്പെടുമ്പോൾ ദിവ്യസ്നേഹം ഹൃദയത്തെ ഏറ്റവും സ്പർശിക്കുന്നു. സഹോദരനോട് നിസ്വാർത്ഥമായ സ്നേഹമുള്ള ഒരുവന് മാത്രമേ ദൈവത്തോട് യഥാർത്ഥ സ്നേഹം പ്രകടിപ്പിക്കാൻ കഴിയു. യഥാർത്ഥ ക്രിസ്ത്യാനി, മുന്നറിയിപ്പില്ലാതെ പോവുകയോ, ജാഗ്രത ഇല്ലാതെ ഇരിക്കുകയോ ചെയ്തു ആത്മാവിനെ മനപൂർവ്വം അപകടത്തിലാക്കാൻ അനുവദിക്കുകയില്ല. എന്നാൽ ദൈവസ്നേഹം ഇല്ലാത്തവർ പാപം ചെയ്യുന്നതിൽ നിന്നും തങ്ങളെത്തന്നെ തടയുകയോ, അതിൽ മുഴുകി അസംതുഷ്ടിയിലേക്കു പോകുന്നത് അവസാനിപ്പിക്കുകയോ അല്ലെങ്കിൽ, സാത്താന്റെ യുദ്ധമുഖത്തേക്കു തങ്ങൾ വീഴുന്നതോ ശ്രദ്ധിക്കുന്നില്ല.

**(10) പരിശുദ്ധാത്മാവിന്റെ ശക്തിയാൽ, എന്ത് നാം അനുസരിക്കുന്നതിലൂടെയാണ് ആത്മാവിന്റെ നിർമ്മലീകരണവും, ഉത്സാഹത്തോടെയുള്ള പരസ്പര സഹോദരപ്രീതിയും കൊണ്ടുവരുന്നത്?**

*എന്നാൽ സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജമായ*

*സഹോദരപ്രീതിക്കായി നിർമ്മലീകരിച്ചിരിക്കകൊണ്ടു ഹൃദയപൂർവ്വം അന്യോന്യം ഉറ്റുസ്നേഹിപ്പിൻ. (1പത്രോസ്: 1:22)*

ഹൃദയത്തിലേക്ക് സ്വീകരിച്ച, സത്യത്തിന്റെ പുളിപ്പ് മോഹങ്ങളെ നിയന്ത്രിക്കുകയും ചിന്തകളെ ശുദ്ധീകരിക്കുകയും സ്വഭാവത്തെ മധുരമാക്കുകയും ചെയ്യും. ഇത് മനസ്സിന്റെ കഴിവുകളും ആത്മാവിന്റെ ഊർജ്ജവും ത്വരിതപ്പെടുത്തുന്നു. ഇത് ആർദ്രതയുടെ കഴിവ്, സ്നേഹിക്കാനുള്ള കഴിവ് എന്നിവ വർദ്ധിപ്പിക്കുന്നു.

മനുഷ്യകുടുംബത്തിലെ ഓരോ അംഗവുമായുള്ള നമ്മുടെ ബന്ധത്തെ വിശുദ്ധീകരിക്കുവാൻ പര്യാപ്തമായ ശക്തിയുള്ളതാണ് ദൈവവചനം. സത്യത്തിന്റെ പുളിപ്പ് ശത്രുതയുടെ ആത്മാവ്, സ്ഥാനമാനങ്ങളോടുള്ള സ്നേഹം, ഒന്നാമനാകാനുള്ള ആഗ്രഹം എന്നിവ ഉളവാക്കില്ല. സ്വർഗത്തിൽ ഉളവായ നിജമായ സ്നേഹം സ്വാർത്ഥവും മാറ്റങ്ങൾ സംഭവിക്കുന്നതുമല്ല. അത് മനുഷ്യന്റെ പ്രശംസയെ ആശ്രയിക്കുന്നില്ല. ദൈവകൃപ സ്വീകരിക്കുന്നവന്റെ ഹൃദയം ദൈവത്തോടും ക്രിസ്തു ആർക്കുവേണ്ടി മരിച്ചുവോ അവരോടും ഉള്ള സ്നേഹത്താൽ നിറയുകയും, സ്വയം അംഗീകാരത്തിനായി അവർ പോരാടാതിരിക്കയും ചെയ്യുന്നു. മറ്റുള്ളവർ അവനെ സ്നേഹിക്കുകയും പ്രസാദിപ്പിക്കുകയും അവർ അവന്റെ യോഗ്യതകളെ വിലമതിക്കുകയും ചെയ്യുന്നു എന്നുള്ള കാരണത്താലല്ല അവൻ അവരെ സ്നേഹിക്കുന്നത്, മറിച്ച്, അവർ എല്ലാവരും ക്രിസ്തു വിലയ്ക്ക് വാങ്ങിയ സ്വത്തുക്കൾ ആയതുകൊണ്ടാണ്. അവന്റെ ഉദ്ദേശ്യങ്ങളോ വാക്കുകളോ

പ്രവൃത്തികളോ തെറ്റിദ്ധരിക്കപ്പെടുകയോ തെറ്റായി വ്യാഖ്യാനിക്കുകയോ ചെയ്താൽ, അവൻ ഒരു കുറ്റവും ആരോപിക്കുന്നില്ല, മറിച്ച് തന്റെ പാതയിലൂടെ പിന്നെയും യാത്ര തുടരുകയാണ് ചെയ്യുന്നത്. അവൻ ദയയും ചിന്തയും ഉള്ളവനാണ്, തന്നെക്കുറിച്ചുള്ള തന്റെ അഭിപ്രായത്തിൽ താഴ്മയുള്ളവനാണ്, എങ്കിലും പ്രതീക്ഷ നിറഞ്ഞവനാണ്, എല്ലായ്പ്പോഴും ദൈവത്തിന്റെ കരുണയിലും സ്നേഹത്തിലും ആശ്രയിക്കുകയും ചെയ്യുന്നവനാണ്.

മുഖത്തിന്റെ ഭാവങ്ങളെ മാറ്റി. തന്നെ സ്നേഹിക്കുകയും അവന്റെ കൽപ്പനകൾ പാലിക്കുകയും അവയെ ഹൃദയത്തിൽ നിറയ്ക്കുകയും ചെയ്യുന്നവരുടെ മുഖത്ത് ക്രിസ്തുവിന്റെ പ്രകാശം നിറയുന്നു. സത്യം അവിടെ എഴുതിയിരിക്കുന്നു. സ്വർഗ്ഗത്തിന്റെ മാധുര്യമുള്ള സമാധാനം അവിടെ വെളിപ്പെടുന്നു. മനുഷ്യസ്നേഹത്തേക്കാൾ ഉപരിയായ ഒരു സൗമ്യത അവിടെ പ്രകടമാകുന്നു.

**(11) നമ്മുടെ ചിന്തകളെ സ്വന്തം നന്മയ്ക്കായുള്ള കാര്യങ്ങളിൽ നിന്നും പിന്തിരിപ്പിക്കുകയും മറ്റുള്ളവരെ സ്നേഹിക്കുക എന്ന, കർത്താവിന്റെ പ്രായോഗിക നിയോഗത്തെ പിന്തുടരുകയും ചെയ്യുമ്പോൾ എന്ത് അനുഗ്രഹങ്ങളാണ് നമ്മിലേക്ക് മടങ്ങിവരുന്നത്?**

***വിശപ്പുള്ളവന്നു നിന്റെ അപ്പം നുറുക്കിക്കൊടുക്കുന്നതും അലഞ്ഞുനടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളു ന്നതും നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും നിന്റെ മാംസരക്തങ്ങളായിരി ക്കുന്നവർക്കു നിന്നെത്തന്നേ മറെക്കാതെയിരിക്കുന്നതും അല്ലയോ?***

*അപ്പോൾ നിന്റെ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും; നിന്റെ മുറിവുകൾക്കു വേഗത്തിൽ പൊറുതിവരും; നിന്റെ നീതി നിനക്കു മുമ്പായി നടക്കും; യഹോവയുടെ മഹത്വം നിന്റെ പിമ്പട ആയിരിക്കും. (യെശയ്യാവ്:58:7-8)*

സന്തോഷകരമായ വിഷയങ്ങളിൽ വസിക്കാൻ മനസ്സിനെ ശിക്ഷണം ചെയ്യുന്നത് ഒരു മതപരമായ കടമയാണെന്ന് തോന്നാത്തവർ സാധാരണയായി രണ്ടു പക്ഷങ്ങളിൽ എന്തെങ്കിലും ഒന്നിൽ തീവ്രമായി ആശ്രയം കണ്ടെത്തും: നിരന്തരവുംആവേശകരവുമായ വിനോദങ്ങളിലൂടെ അവർ ആഹ്ലാദം നേടുകയും, അർത്ഥശൂന്യമായ സംഭാഷണത്തിൽ ഏർപ്പെടുകയും, ചിരിക്കുക, തമാശ പറയുക, എന്നീ കാര്യങ്ങളിൽ എർപ്പെട്ടുകൊണ്ടിരിക്കുക, അല്ലെങ്കിൽ അവർ വിഷാദത്തിലാകും, വലിയ പീഡകളും മാനസിക സംഘട്ടനങ്ങളും ഉണ്ടാവുകയും ചെയ്യുമെന്ന് വിശ്വസിക്കുകയും, എന്നാൽ, കുറച്ചുപേർ മാത്രമേ ഇതുവരെ ഇങ്ങനെ അനുഭവിച്ചിട്ടുള്ളൂ അല്ലെങ്കിൽ അവർക്കേ മനസ്സിലാക്കാൻ കഴിയൂ എന്നിങ്ങനെ ചിന്തിക്കുന്നു. ഉചിതമായ അധ്വാനം, അവരുടെ എല്ലാ ശക്തികളുടെയും ആരോഗ്യകരമായ പ്രയോജനപ്പെടുത്തൽ, എന്നിവ അവരുടെ അത്തരം ചിന്തകളിൽ നിന്ന് മനസിനെ പിൻവലിക്കുവാൻ അവരെ സഹായിക്കും. മറ്റുള്ളവരെ സഹായിക്കുകയും, കൈകളും മനസ്സും ക്രീയാത്മകമായ അധ്വാനത്തിൽ പ്രവർത്തിനിരതമാക്കി, ജോലി ചെയ്യുന്നവർ തങ്ങൾക്കും പ്രയോജനം ചെയ്യും.... മനസ്സ് സ്വയത്തിൽ നിന്ന് അകറ്റുകയും, മറ്റുള്ളവരെ സന്തോഷമുള്ളവരും ശ്രേഷ്ഠരും ആക്കിമാറ്റുന്നതിനുള്ള മാർഗങ്ങൾ

ആവിഷ്കരിക്കുന്നതിൽ അതിന്റെ ശക്തികൾ വിനിയോഗിക്കണം. “പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ: അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു.” (യാക്കോബ് 1:27).

*ക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചുള്ള ദൈവവചന ഏടുകൾ വായിക്കുമ്പോൾ, “സൗമ്യവും ശാന്തവുമായ ആത്മാവിൽ” ഞാൻ അവിടുത്തെ സ്വഭാവത്തിന്റെ സൗന്ദര്യവും മൂല്യവും കാണുന്നു. ദൈവസന്നിധിയിൽ വിലപ്പെട്ട ഈ സ്വഭാവസവിശേഷതകൾ എന്റെ ജീവിതത്തിലും വെളിപ്പെടണമെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

*ദൈവത്തിനു മാത്രം എന്നിലേക്ക് പകർന്നു നൽകുവാൻ കഴിയുന്ന ദൈവത്തോടുള്ള പരമമായ സ്നേഹവും മറ്റുള്ളവരോടുള്ള നിസ്വാർത്ഥ സ്നേഹവും എന്ന ദാനമാണ് ഞാൻ ആഗ്രഹിക്കുന്നത്. അത്, അവന്റെ മഹത്വത്തിനായി എന്റെ സ്വഭാവത്തെ പരിഷ്കരിക്കാനും എന്റെ ഉൾപ്രേരണകളെ നിയന്ത്രിക്കാനും എന്റെ ആസക്തികൾ നിയന്ത്രിക്കാനും, എന്റെ സ്നേഹബന്ധങ്ങളെ ഉത് കൃഷ്ടമാക്കുവാനും, കഴിയുന്നവയാണ് എന്ന് ഞാൻ മനസിലാക്കുന്നു.*

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

അവൻ എന്റെ ജീവിതത്തിലൂടെ വെളിപ്പെടുത്തുവാൻ ആഗ്രഹിച്ചതും, ഞാൻ തിരഞ്ഞെടുത്തതുമായ സ്നേഹത്താലും കൃപയാലും ഞാൻ ക്രിസ്തുവിന്റെ അനുഗാമിയാണെന്ന് ലോകം തിരിച്ചറിയേണം എന്നാണു എന്റെ പ്രാർത്ഥന.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

എന്റെ ആഗ്രഹങ്ങളെ നിയന്ത്രിക്കുന്നതിനും, എന്റെ ചിന്തകളെ ശുദ്ധീകരിക്കുന്നതിനും, ലോകത്തിനുവേണ്ടിയുള്ള തന്റെ ദൗത്യം നിറവേറ്റുന്നതിനുള്ള ക്രിസ്തുവിന്റെ കൈകളും കാലുകളും ആയിരിക്കാനുള്ള എന്റെ മനോഭാവത്തെ മധുരപ്പെടുത്തുന്നതിനായി സത്യത്തിന്റെ പുളിപ്പ് എന്റെ ഹൃദയത്തിൽ ലഭിക്കണമെന്ന് ഞാൻ ദൈവത്തോട് അപേക്ഷിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല



## അദ്ധ്യായം 18
## ശത്രുക്കളെ സ്നേഹിപ്പിൻ

**(1) ക്രിസ്തുവിന്റെ അനുഗാമികളായി വിളിക്കപ്പെട്ട നമ്മൾ ശത്രുക്കളെ എങ്ങനെ പരിഗണിക്കണം എന്നതിനെ സംക്ഷിപ്തപ്പെടുത്തിയിരിക്കുന്ന മൂന്നു വാക്കുകൾ ഏതെല്ലാമാണ്?**

***ഞാനോ നിങ്ങളോടു പറയുന്നതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ; (മത്തായി: 5:44)***

സ്നേഹം ഏറ്റവും ആവശ്യമുള്ളവർക്ക് സ്നേഹം നൽകുക. നിർഭാഗ്യവാൻമാർ, എന്തിനും പെട്ടന്ന് കോപിക്കുന്നവർ, തുടങ്ങിയവർക്ക് നമ്മുടെ സ്നേഹവും, ആർദ്രതായും, സഹാനുഭൂതിയും വളരെ ആവശ്യമാണ്. നമ്മുടെ ക്ഷമ പരീക്ഷിക്കുന്നവർക്ക് ഏറ്റവും കൂടുതൽ സ്നേഹം ആവശ്യമാണ്. ഒരു തവണ മാത്രമേ നാം ലോകത്തിലൂടെ ജീവിച്ചു കടന്നു പോവുകയുള്ളു; നമുക്ക് ചെയ്യാൻ കഴിയുന്ന ഏതൊരു നല്ല കാര്യവും, ക്രിസ്തുവിന്റെ വേലയിൽ പറഞ്ഞിട്ടുള്ള അതേ ആത്മാവോടെ ഏറ്റവും ആത്മാർത്ഥമായി ചെയ്യണം. നമ്മുടെ ഈ പ്രവർത്തിയെ അവൻ പരാജയപ്പെടുത്തുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യില്ല. പരുക്കമായതും ധാർഷ്ട്യമുള്ളതും,

മോശമായ സ്വഭാവവും ഉള്ളവർക്കാണ് ഏറ്റവും കൂടുതൽ സഹായം ആവശ്യമായി വരുന്നത്. അവരെ എങ്ങനെ സഹായിക്കാനാകും? വീണുപോയ മനുഷ്യ വർഗ്ഗത്തോട് ക്രിസ്തു വെളിപ്പെടുത്തിയ ആ സ്നേഹം അല്ലാതെ മറ്റൊന്നിനും അവരോടു സഹായം കാട്ടുവാൻ കഴിയില്ല. അവർ അർഹിക്കുന്നതുപോലെ അവരോടും പെരുമാറുക. അർഹതയില്ലാത്തവരായ നമ്മെ അർഹതയുള്ളവരായി പരിഗണിച്ചു ക്രിസ്തു എങ്ങനെ പെരുമാറിയോ അതുപോലെ അവരോടും പെരുമാറുക.

എന്നിട്ടും നാം അർഹിക്കുനന്തിനേക്കാൾ അധികമായി ക്രിസ്തുവിനാൽ കൃപയോടും സ്നേഹത്തോടുംകൂടെ പരിഗണിക്കപ്പെടുന്നു. നമുക്കു വളരെ അത്യാവശ്യമെന്നു കരുതുന്ന ചില സ്വഭാവങ്ങളെ നാം നന്നായി പരിപോഷിപ്പിച്ചേക്കാം, അവയിൽ നിന്നും പ്രതീക്ഷയുടെ അവസാന ചരടുവരെ നാം മുറിച്ച് കളഞ്ഞാലും നമ്മുടെ സ്വാധീനതയെയും ആത്മാവിനെയും അത് ഉന്മൂല നാശം ചെയ്തേക്കാം. അത് നമുക്ക് എന്തെങ്കിലും വിധത്തിലുള്ള ഫലം നൽകുമോ? ഇല്ല, ഒരു നൂറു പ്രാവശ്യം ഇല്ല എന്ന് ഞാൻ പറയും.  എല്ലാ വിധത്തിലുമുള്ള സഹായവും ആവശ്യമായ ഈ ആത്മാക്കളെ നിയന്ത്രിക്കുക, അങ്ങനെ നിങ്ങൾക്ക് സ്നേഹപൂർവവും സഹതാപവും അനുകമ്പയും നിറഞ്ഞ ഹൃദയത്തോട് അടുക്കാൻ കഴിയുകയും, ക്രിസ്തുവിന്റെ സ്വഭാവമായ സ്നേഹം അളവില്ലാതെ നിങ്ങളിനിന്നും കവിഞ്ഞൊഴുകുകയും, ആത്മാക്കളെ നിത്യ മരണത്തിൽ നിന്നും ജനതകളെ പാപത്തിൽ നിന്നും വിടുവിക്കുന്നവർ ആവുകയും ചെയ്യാം. ഈ

സ്നേഹത്തിന്റെ പ്രക്രിയ ഒരിക്കല്ലെങ്കിലും പരീക്ഷിച്ചു നോക്കുന്നത് നല്ലതല്ലേ?

ഇവിടെ കാണുന്ന തത്ത്വങ്ങൾ പലപ്പോഴും അവഗണിക്കപ്പെടുന്നില്ലേ? അവയെ പിന്തുടരുന്നതിലൂടെ ഒഴിവാക്കാവുന്ന തിന്മയുടെ അളവ് ഒരു തരത്തിലും ചെറുതല്ല: ചില സമയങ്ങളിൽ പീഠകന്മാരുടെ ഹൃദയങ്ങൾ പോലും ദൈവീക സാന്നിധ്യത്താൽ സ്പർശിക്കപ്പെടുന്നു; മാനസാന്തരത്തിനു മുമ്പുള്ള അപ്പൊസ്തലനായ പൗലോസിന്റെ ഹൃദയം പോലെ. ദൈവം വ്യക്തമാക്കിയതുപോലെ അവന്റെ ഇഷ്ടം മുഴുവൻ നിവർത്തിക്കുവാൻ ശ്രമിക്കുന്നതാണ് നല്ലത്. അങ്ങനെയെനിക്കിൽ അതിന്റെ പരിണിതഫലങ്ങൾ മുഴുവൻ ദൈവത്തിന്റെ ഉത്തരവാദിത്വം ആയിരിക്കും.

**(2) ശത്രുക്കളെ സ്നേഹിക്കുവാൻ ക്രിസ്തു നമ്മോടു പറഞ്ഞതിന് ശേഷം അവിടുന്ന് വിവരിച്ചു തന്നിട്ടുള്ള മൂന്നു പ്രത്യേക മാർഗ്ഗങ്ങൾ എന്തെല്ലാമാണ്?**

***ഞാനോ നിങ്ങളോടു പറയുന്നതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ; (മത്തായി: 5:44)***

ഈ ആവശ്യം ഉന്നയിക്കുന്നതിന് തൊട്ടുമുമ്പ് യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു: “നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുക, നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുക.” ശത്രുക്കളെ രക്ഷിക്കാനായി ക്രിസ്തു തന്റെ ജീവൻ നൽകിയതിലൂടെ പ്രകടിപ്പിച്ച അതേ സ്നേഹത്തോടെ നാം നമ്മുടെ ശത്രുക്കളെ സ്നേഹിക്കണം. “ഇത് കഠിനമായൊരു കല്പനയാണെന്നും; അതുകൊണ്ടുതന്നെ

എന്റെ ശത്രുക്കളിൽനിന്നു കഴിയുന്നിടത്തോളം സൂക്ഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.” എന്നും പലരും പറഞ്ഞേക്കാം. എന്നാൽ നിങ്ങളുടെ സ്വന്തം ചായ്‌വിന് അനുസൃതമായി പ്രവർത്തിക്കുക എന്നത് നമ്മുടെ രക്ഷകൻ നൽകിയ തത്ത്വങ്ങൾ നടപ്പിലാക്കുകയില്ല. അവൻ പറയുന്നു, "നിങ്ങളെ വെറുക്കുന്നവരോടു നന്മ ചെയ്യുക, നിങ്ങളെ അന്യായമായി ഉപയോഗിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക; നിങ്ങൾ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കൾ ആയിരിക്കുന്നു: "നീതിമാന്മാരുടെ മേലും നീതികെട്ടവരുടെ മേലും ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും അവൻ സൂര്യനെ ഉദിപ്പിക്കയും മഴപെയ്യിക്കയും ചെയ്യുന്നു." ക്രിസ്തീയ പരിപൂർണ്ണതയുടെ ഒരു ഘട്ടത്തെ ഈ തിരുവെഴുത്ത് വ്യക്തമാക്കുന്നു. നാം ദൈവത്തിന്റെ ശത്രുക്കളായിരിക്കെ, ക്രിസ്തു നമുക്കുവേണ്ടി തന്റെ ജീവൻ നൽകിയതിനാൽ നാം അവന്റെ മാതൃക പിന്തുടരണം.

നമ്മുടെ ശത്രുക്കളെ ക്രിസ്തു സ്നേഹിക്കുന്നതുപോലെ സ്നേഹിക്കുന്നതിലൂടെ നമുക്ക് ദിവസവും ക്രിസ്തുവിന്റെ മഹത്തായ സ്നേഹത്തെ പ്രതിനിധീകരിക്കാം. നാം ക്രിസ്തുവിന്റെ കൃപയെ പ്രതിനിധാനം ചെയ്യുന്നുവെങ്കിൽ, വിദ്വേഷത്തിന്റെ ശക്തമായ വികാരങ്ങൾ തകർക്കപ്പെടുകയും പല ഹൃദയങ്ങളിലും യഥാർത്ഥ സ്നേഹം കൊണ്ടുവരികയും ചെയ്യും. അങ്ങനെ ചെയ്യുമ്പോൾ, ഇപ്പോൾ കാണുന്നതിനേക്കാൾ കൂടുതൽ പരിവർത്തനങ്ങൾ പിന്തുടരും.

**(3) തിന്മക്കു പകരം നന്മ ചെയ്യുമ്പോഴും, നമ്മുടെ ശത്രുവിന് വിശന്നാൽ തിന്മാനും**

കുടിപ്പാനും കൊടുക്കുമ്പോഴും, എന്ത് സ്വാധീനമാണ് ഈ പ്രവർത്തികൾ അവരുടെ മനഃസാക്ഷിയിൽ ഉളവാക്കുന്നത്?

*"നിന്റെ ശത്രുവിന്നു വിശക്കുന്നു എങ്കിൽ അവന്നു തിന്മാൻ കൊടുക്ക; ദാഹിക്കുന്നു എങ്കിൽ കുടിപ്പാൻ കൊടുക്ക; അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്കനൽ കുന്നിക്കും" എന്നു എഴുതിയിരിക്കുന്നുവല്ലോ. (റോമർ 12:20)*

ചേർച്ചയില്ലാത്ത പ്രവർത്തികൾ ചെയ്യുന്നവരോടും, അവിവേകികളോടും, അയോഗ്യരോടും അധികാരം നടത്തുന്നതെന്താണെന്നു ന്യായവിധിയുടെ ദിവസം വരെയും നമുക്കി അറിവായി വരികയില്ല. മറ്റൊരാളിൽ നിന്നും പ്രകോപനവും അനീതിയും ലഭിച്ചതിനു ശേഷവും, അവരെ നിങ്ങൾ ഒരു നിരപരാധിയായ വ്യക്തിയെപ്പോലെ പരിഗണിക്കുകയാണെങ്കിൽ, ദയാപ്പൂർവ്വമായ പ്രവർത്തികൾ അവരുടെ മുന്നിൽ കാണിക്കേണ്ടതിനായി നിങ്ങൾ അനേകം വേദനകൾ സഹിക്കേണ്ടതായി വരുന്നു, അങ്ങനെ നിങ്ങൾക്ക് കഴിയുന്നുവെങ്കിൽ നിങ്ങൾ ക്രിസ്തുവിനെ അനുഗമിക്കുന്ന ഒരു വ്യക്തിയുടെ മാതൃക കാണിക്കുന്നു; ഇത് കാണുന്ന അവർ തങ്ങളുടെ പ്രവർത്തി ഓർത്തു അതിശയിക്കുകയും ലജ്ജിക്കുകയും ചെയ്യും.ഈ പ്രവർത്തി അത്തരക്കാരെ തങ്ങളുടെ മോശമായ പ്രവർത്തികൾ നിമിത്തം ശാസിക്കുന്നതിനേക്കാൾ അധികമായി കുറ്റബോധം ഉളവാക്കുകയും ചെയ്യുന്നു.

അവരുടെ തെറ്റായ നടപടികളാണ് നിങ്ങൾ അവരുടെ മുൻപിൽ വച്ചിരുന്നതെങ്കിൽ, അവർ ധാർഷ്ട്യത്തിലും ധിക്കാരത്തിലും

മുഴുകുമായിരുന്നു. എന്നാൽ ആർദ്രതയോടും പരിഗണനയോടും കൂടി അവരോടു പെരുമാറിയതിനാൽ, അവർ അവരുടെ സ്വന്തം അവസ്ഥ കൂടുതൽ ആഴത്തിൽ മനസിലാക്കുകയും നിങ്ങളുടേതുമായി താരതമ്യം ചെയ്യുകയും ചെയ്യുന്നു. അങ്ങനെ . . . നിങ്ങൾ അവരുടെമേൽ ആധിപത്യം നേടുകയും ചെയ്യുന്നു; നിങ്ങൾ അവരുടെ ആത്മാക്കളെപ്പറ്റി ഉത്ക്കണ്ഠ കാണിക്കുമ്പോൾ, നിങ്ങൾ കപടവിശ്വാസിയല്ലെന്നും, നിങ്ങൾ പറയുന്ന എല്ലാ വാക്കുകളും ആത്മാർഥത ഉള്ളതാണെന്നും അവർ മനസ്സിലാക്കുന്നു.

**(4) തിന്മയാൽ തന്നെ ശുശ്രൂഷിച്ച ശത്രുക്കളോടു കർത്താവ് എങ്ങനെയാണ് പ്രതികരിച്ചത്?**

***തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രേ ചെയ്തതു. (1പത്രോസ്: 2:23)***

യേശുവിന്റെ ഈ ലോക ജീവിതം മുഴുവൻ ഈ തത്ത്വത്തിന്റെ പ്രകടനമായിരുന്നു. ജീവന്റെ അപ്പം അവന്റെ ശത്രുക്കൾ ആയവർക്ക് കൂടി ലഭ്യമാക്കുവാനാണ് നമ്മുടെ രക്ഷകൻ സ്വർഗത്തിലെ തന്റെ സകല സ്ഥാനമാനങ്ങളും ഉപേക്ഷിച്ചത്. നിന്ദയും പീഡനങ്ങളും കുന്നുപോലെ അവന്റെ മേൽ വരുത്തുവാൻ പാതാള ഗോപുരങ്ങൾ പരിശ്രമിച്ചു എങ്കിലും, ക്ഷമിക്കുന്ന സ്നേഹം മാത്രമേ അവർക്കു അവനിൽ കാണുവാൻ കഴിഞ്ഞുള്ളു. യെശയ്യാ പ്രവാചകൻ മുഖാന്തരം അവൻ വിളിച്ച് പറയുന്നു, "അടിക്കുന്നവർക്കു, ഞാൻ എന്റെ മുതുകും രോമം പറിക്കുന്നവർക്കു, എന്റെ കവിളും കാണിച്ചുകൊടുത്തു;

എന്റെ മുഖം നിന്ദെക്കും തുപ്പലിന്നും മറെച്ചിട്ടുമില്ല; (യെശയ്യാവു 50: 6).

**(5) ദൈവമക്കളുടെ ഏതുതരത്തിലുള്ള പ്രവർത്തികളാണ് നാം ദൈവകുടുംബത്തിലെ അംഗങ്ങളാണെന്നു ലോകത്തിനു തെളിയിക്കുന്ന സ്വർഗ്ഗത്തിന്റെ രാജകീയമുദ്രകൾ?**

***നിങ്ങളോ ശത്രുക്കളെ സ്നേഹിപ്പിൻ; അവർക്കു നന്മ ചെയ്‌വിൻ; ഒന്നും പകരം ഇച്ഛിക്കാതെ കടം കൊടുപ്പിൻ; എന്നാൽ നിങ്ങളുടെ പ്രതിഫലം വളരെ ആകും; നിങ്ങൾ അത്യുന്നതന്റെ മക്കൾ ആകും; അവൻ നന്ദികെട്ടവരോടും ദുഷ്ടന്മാരോടും ദയാലുവല്ലോ. (ലൂക്കോസ്: 6:35)***

ദൈവത്തിന്റെ മക്കൾ ആയിരിക്കുന്നവർ അവന്റെ സ്വഭാവത്തിന്റെ കൂടി പങ്കാളികളാകുന്നു. ഭൗമീക പദവിയോ ജനനമോ ദേശീയതയോ മതപരമായ പദവിയോ അല്ല നാം ദൈവകുടുംബത്തിലെ അംഗങ്ങളാണെന്ന് തെളിയിക്കുന്നതു; സ്നേഹം, എല്ലാ മനുഷ്യരെയും ഉൾക്കൊള്ളുന്ന ദൈവീക സ്നേഹം മാത്രമാണ് അതിനു ആധാരം. പാപികൾ ആണെങ്കിൽ പോലും ഹൃദയം പൂർണ്ണമായി ദൈവത്തിന്റെ ആത്മാവിനോട് അടച്ചിട്ടില്ലെങ്കിൽ ദയയോടും കരുണയോടും പ്രതികരിക്കും; അവർ വിദ്വേഷത്തിന് പകരം വിദ്വേഷം നൽകുമെങ്കിലും, സ്നേഹം നൽകിയാൽ തിരിച്ചും സ്നേഹം നൽകും. എന്നാൽ ദൈവാത്മാവ് ഉള്ളവർ മാത്രമാണ് വിദ്വേഷത്തിന് പകരമായി പോലും സ്നേഹം നൽകുന്നത്. നന്ദികെട്ടവരോടും തിന്മ ചെയ്യുന്നവരോട് ദയ കാണിക്കുക, ഒരു പ്രതിഫലവും തിരികെ പ്രതീക്ഷിക്കാതെ നന്മചെയ്യുക എന്നത് അത്യുന്നതനായവന്റെ മക്കൾ അവരുടെ ഉയരത്തിലെ ജ്ഞാനത്തെ

പ്രദർശിപ്പിക്കുന്ന സ്വർഗ്ഗത്തിന്റെ രാജകീയതയുടെ ചിഹ്നമാണ്.

**(6) അസൂയയും, സ്വാർത്ഥതയും, അഹങ്കാരവും ഉള്ളിടത്ത് സാന്നിധ്യം ഉറപ്പിക്കുകയും, സ്നേഹത്തിന്റെ ആത്മാവിൽ ക്രിസ്തുവിനോടുകൂടെ ഒന്നിച്ച് നില്കുവാനുള്ള നമ്മുടെ കഴിവിനെ തടസം ചെയ്യുന്നതുമായ സംഗതി എന്താണ്?**

***ഈർഷ്യയും ശാഠ്യവും ഉള്ളേടത്തു കലക്കവും സകല ദുഷ്പ്രവൃത്തിയും ഉണ്ടു (യാക്കോബ്:3:16)***

യേശുക്രിസ്തുവുമായി ആത്മാവിൽ നമ്മെ ഒന്നിപ്പിക്കുന്ന ശുദ്ധമായ സ്നേഹത്തെ സ്വാർത്ഥതയും അഹങ്കാരവും തടസ്സപ്പെടുത്തുന്നു. ഈ സ്നേഹം യഥാർത്ഥത്തിൽ വളർത്തിയെടുക്കുകയാണെങ്കിൽ, പരിമിതമായതു അപരിമിതവുമായി കൂടിച്ചേരുകയും, എല്ലാം അപരിമിതമായതിൽ കേന്ദ്രീകരിക്കുകയും ചെയ്യും. മാനുഷികമായതു മാനുഷികമായതുമായി ഐക്യപ്പെടുകയും, എല്ലാവരും അനന്തമായ സ്നേഹത്തിന്റെ ഹൃദയവുമായി ബന്ധിക്കപ്പെടുകയും ചെയ്യും. പരസ്പരം വിശുദ്ധീകരിക്കപ്പെട്ട സ്നേഹം പവിത്രമാണ്. ഈ മഹത്തായ വേലയിൽ, പരസ്പരമുള്ള ക്രിസ്തീയ സ്നേഹവും - അറിഞ്ഞതിനേക്കാൾ വളരെ ഉയർന്നതും, സ്ഥിരവും, മര്യാദപരവും, നിസ്വാർത്ഥവും ആയ - ക്രിസ്തീയ ആർദ്രതയും ക്രിസ്തീയ ദയയും മര്യാദയും കാത്തുസൂക്ഷിക്കുകയും ദൈവവുമായി ഐക്യപ്പെട്ടുകൊണ്ടു മനുഷ്യ സാഹോദര്യത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ക്രിസ്തുവിനെ അനുഗമിക്കുന്ന ഏവരും ഈ

പദവികൾ ദൈവത്തിന്റെ ബഹുമാനത്തിനും മഹത്വത്തിനും വേണ്ടി വളർത്തിയെടുക്കണം.

**(7) മറ്റുള്ളവരെ സ്നേഹിക്കേണം എന്നത് ലളിതമായും പ്രായോഗികമായും ക്രിസ്തു സംക്ഷപ്തപ്പെടുത്തിയത് എങ്ങനെയാണ്?**

***മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതു ഒക്കെയും നിങ്ങൾ അവർക്കും ചെയ്‌വിൻ; ന്യായപ്രമാണവും പ്രവാചകന്മാരും ഇതു തന്നേ. (മത്തായി:7:12)***

“മനുഷ്യർ നിങ്ങളോട് എന്തു ചെയ്യണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അവരോടും അങ്ങനെ തന്നെ ചെയ്യുക.” അത്തരമൊരു പ്രവണത പാലിക്കുന്നതിലൂടെ അനുഗ്രഹിക്കപ്പെട്ട ഫലങ്ങൾ ഉളവാക്കുവാൻ കഴിയും. “നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങളും അളക്കപ്പെടും.” ശുദ്ധമായ ഹൃദയത്തോടെ, ഉത്സാഹത്തോടെ പരസ്പരം സ്നേഹിക്കാൻ നമ്മെ നിർബന്ധിക്കുന്ന ശക്തമായ പ്രചോദനം ഇവിടെ കാണാം. ക്രിസ്തു നമ്മുടെ മാതൃകയാണ്. അവൻ നല്ലത് ചെയ്യുകയും, മറ്റുള്ളവരെ അനുഗ്രഹിക്കുകയും ചെയ്തുകൊണ്ടുള്ളൊരു ജീവിതമാണ് അവിടുന്ന് നയിച്ചത്. സ്നേഹം അവന്റെ എല്ലാ പ്രവൃത്തികളെയും മനോഹരവും, ഉന്നതവും ആക്കി. മറ്റുള്ളവർ നമ്മോട് എന്തു ചെയ്യണമെന്ന് നമ്മൾ ആഗ്രഹിക്കുന്നുവോ അത് സ്വയം ചെയ്യുവാനല്ല; മറിച്ച്, സമാനമായ സാഹചര്യങ്ങളിൽ മറ്റുള്ളവർ നമ്മോട് ചെയ്യണമെന്ന് നമ്മൾ ആഗ്രഹിക്കുന്നത് മറ്റുള്ളവരോട് നമ്മൾ ചെയ്യണം എന്ന കല്പനയാണ് നൽകിയിരിക്കുന്നത്. നമ്മൾ അളക്കുന്ന അളവ് തന്നെ

നമ്മളെയും അളക്കുവാൻ ഉപയോഗിക്കുന്നു.

തികഞ്ഞ സ്നേഹം അതിന്റെ പ്രവർത്തനങ്ങളിലും ലളിതമാണ്, മാത്രമല്ല മറ്റേതൊരു പ്രവർത്തന തത്ത്വത്തിൽ നിന്നും വ്യത്യസ്തവുമാണ്. മറ്റുള്ളവരെ സ്വാധീനിക്കുന്നതും, അവരെ തന്നെക്കാൾ വലിയവരായി കാണുവാനും കഴിയുന്ന സ്നേഹം നല്ല രീതിയിലുള്ള ഒരു ജീവിതവും, കുറ്റം പറയുവാൻ ആകാത്ത സമ്പർക്കവും ഉളവാക്കുന്നതിനു ഉതകും. തിന്മ പ്രത്യക്ഷപ്പെടാതിരിക്കാൻ ആത്മാഭിമാനം ഒരുപക്ഷെ നമ്മെ സഹായിച്ചേക്കാം. സ്വാർത്ഥമായ ഒരു ഹൃദയത്തോട് കൂടി ഉദാരമായ പ്രവർത്തനങ്ങൾ നടത്താം, താത്കാലിക സത്യങ്ങൾ അംഗീകരിച്ചേക്കാം, വിനയവും വാത്സല്യവും ബാഹ്യമായി പ്രകടിപ്പിക്കാം, എങ്കിലും അതിന്റെ ഉദ്ദേശ്യങ്ങൾ വഞ്ചനാപരവും അശുദ്ധവുമാകാം; അത്തരമൊരു ഹൃദയത്തിൽ നിന്ന് പ്രവഹിക്കുന്ന പ്രവൃത്തികൾ ജീവിതത്തിന്റെ സുഗന്ധവും യഥാർത്ഥ വിശുദ്ധിയുടെ ഫലങ്ങളും നിർവ്വീര്യമാക്കുന്നതായി തീരും, ശുദ്ധമായ സ്നേഹത്തിന്റെ തത്വങ്ങളിൽ നിന്ന് അത്തരക്കാർ വെളിയിലായിരിക്കും. സ്നേഹം വിലമതിക്കുകയും വളർത്തിയെടുക്കുകയും വേണം, കാരണം അതിന്റെ സ്വാധീനം ദൈവികമാണ്.

**(8) ഓരോരുത്തനും ദൈവകൃപയുടെ നല്ല ഗ്രഹവിചാരകന്മാരായിരിക്കുവാൻ വരം ലഭിച്ചതിനാൽ, ശത്രുക്കളോടു മാത്രമല്ല എല്ലാ ദൈവമക്കളോടും നമ്മൾ എങ്ങനെ ആയിരിക്കേണം എന്നുള്ള നിയോഗം ആണ് നൽകിയിരിക്കുന്നത്?**

***ഓരോരുത്തന്നു വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ടു അന്യോന്യം ശുശ്രൂഷിപ്പിൻ. (1പത്രോസ്:4:10)***

വീണ്ടെടുപ്പിന്റെ പദ്ധതി ഒരു സമ്മാനത്തോടെ ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുമ്പോൾ, അത് മുന്നോട്ട് കൊണ്ടുപോവുകതന്നെ വേണം. നമുക്കായി രക്ഷ വിലക്ക് വാങ്ങിയ അതേ ത്യാഗത്തിന്റെ ആത്മാവ് സ്വർഗ്ഗീയ ദാനത്തിന്റെ പങ്കാളികളാകുന്ന എല്ലാവരുടെയും ഹൃദയങ്ങളിൽ വസിക്കും. അപ്പോസ്തലനായ പത്രോസ് പറയുന്നു: “ഓരോരുത്തന്നു വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ടു അന്യോന്യം ശുശ്രൂഷിപ്പിൻ.” യേശു തന്റെ ശിഷ്യന്മാരെ പറഞ്ഞയക്കുമ്പോൾ അവരോടു ഇപ്രകാരം പറഞ്ഞു: “നിങ്ങൾക്ക് സൗജന്യമായി ലഭിച്ചു, സൗജന്യമായി നൽകുക.” ക്രിസ്തുവിനോട് പൂർണമായും അനുസരണയുള്ളവക്കു സ്വാർത്ഥതയോ ന്യായങ്ങളോ പറയുവാനില്ല. ജീവനുള്ള വെള്ളം കുടിക്കുന്ന ഓരോരുത്തനും “നിത്യജീവനിലേക്കു ഒഴുകുന്ന ഒരു ജീവജല നദി” തന്നിൽ നിന്നും ഉത്ഭവിക്കുന്നു എന്ന് കണ്ടെത്തും. അവന്റെ ഉള്ളിലുള്ള ക്രിസ്തുവിന്റെ ആത്മാവ് മരുഭൂമിയിൽ ഒരു നീരുറവ പോലെയാണ്, നശിച്ചുപോകുന്ന ആർക്കും, അതിൽ നിന്നും പാനം ചെയ്യുവാൻ ആഗ്രഹിക്കുന്ന എല്ലാവരേയും ഉന്മേഷവാനാക്കുവാൻ ഒഴുകിക്കൊണ്ടിരിക്കുന്നു.

ക്രിസ്തുവിന്റെ ക്രൂശിന്റെ തത്ത്വം അതിൽ വിശ്വസിക്കുന്ന എവരെയും, സ്വയം ത്യജിക്കുന്നവരാകാനും, മറ്റുള്ളവർക്ക് വെളിച്ചം നൽകാനും,

വെളിച്ചം പകരാനുള്ള എല്ലാ പ്രവർത്തിയും ചെയ്യുന്നവർ ആകാനും ഉള്ള വലിയ ഉത്തരവാദിത്വത്തിലേക്കു ക്ഷണിക്കുന്നു. അവർക്കു സ്വർഗവുമായി നിലനിൽക്കുന്ന ബന്ധമുണ്ടെങ്കിൽ സ്വർഗ്ഗീയ ദൂതന്മാരുമായി യോജിച്ചുകൊണ്ടു ഈ കർത്തവ്യത്തിൽ വ്യാപൃതരായിത്തീരും.

**(9) സ്നേഹവാനായ ദൈവത്തിന്റെയും, അവന്റെ മക്കളുടെയും സ്വഭാവത്തിന്റെ അഞ്ചു (5) സവിശേഷതകൾ എന്തെല്ലാമാണ്?**

***തീർച്ചെക്കു എല്ലാവരും ഐകമത്യവും സഹതാപവും സഹോദരപ്രീതിയും മനസ്സലിവും വിനയ ബുദ്ധിയു മുള്ളവരായിരിപ്പിൻ. (1പത്രോസ്:3:8)***

ദൈവവചനം അവന്റെ ഓരോ മക്കളോടും കൽപ്പിക്കുന്നതു: “തീർച്ചെക്കു എല്ലാവരും ഐകമത്യവും സഹതാപവും സഹോദരപ്രീതിയും മനസ്സലിവും വിനയബുദ്ധിയു മുള്ളവരായിരിപ്പിൻ.” (1പത്രോസ്:3:8). എന്നാണു. ഇപ്പോൾ ക്ഷമയിലേക്ക് ദൈവീക സ്വഭാവം കൂടി ചേർത്തില്ലെങ്കിൽ മനുഷ്യന് ആ സഹോദര പ്രീതി കാണിക്കാൻ കഴിയില്ല. നമ്മുടെ ലോകത്തോടുള്ള ക്രിസ്തുവിന്റെ ദൗത്യത്തിൽ, ക്രിസ്തു തന്റെ ആത്മാവിന്റെ കൃപകൾ മനുഷ്യന് കാണിച്ചുതന്നു, അത് അംഗീകരിക്കപ്പെടുമ്പോൾ, അവന്റെ അഹങ്കാരത്തെ ദുർബലപ്പെടുത്തിക്കൊണ്ട്, തന്നത്താൻ ഉയർത്തുന്നവൻ ആകാതെ, മറിച്ച്, തന്റെ സഹോദരനെ ദൈവസന്നിധിയിൽ വിലപ്പെട്ടവനായി കണക്കാക്കുന്നവനാകും, കാരണം ക്രിസ്തു അവന്റെ ആത്മാവിനു വേണ്ടി കൂടിയാണ് നിത്യമായ വില നൽകിയത് എന്ന് മനുഷ്യന് ബോധ്യപ്പെടുന്നു. മനുഷ്യനെ

ദൈവത്തിന്റെ സ്വത്തായി വിലമതിക്കുമ്പോൾ നാം ദയയും സൗഹൃദവും ഉള്ളവരും അവന്റെ മഹത്ത്വത്തിനു ചേരാത്തത് ഒന്നും പ്രവർത്തിക്കാത്തവരും ആയിത്തത്തീരുന്നു.

യേശുക്രിസ്തുവിന്റെ മതം യഥാർത്ഥ സ്വർഗ്ഗീയ മര്യാദയുടെ ഒരു സംവിധാനമാണ്, അപ്പോൾത്തന്നെ ഈ മാർഗ്ഗം സ്വാഭാവികവും ആർദ്രവുമായ വൈകാരിക പ്രകടനം, പ്രവർത്തിയിലുള്ള ദയ എന്നിവയുടെ പ്രായോഗിക പ്രദർശനത്തിലേക്ക് നയിക്കുന്നു. ദൈവഭക്തിയാൽ നിറഞ്ഞവൻ ഈ കൃപയും കൂട്ടിച്ചേർക്കും. ദൈവഭക്തിയിൽ അവൻ എത്രത്തോളം ഉയരുന്നുവോ അത്രത്തോളം ദൈവകൃപ അവന്റെ ജീവിതത്തിലും, മനോഭാവത്തിലും, ജീവിത ദർശനങ്ങളിലും വെളിപ്പെട്ടു കാണും. ദൈവവുമായുള്ള സ്വീകാര്യതയുടെ നിബന്ധനകൾ അവൻ എപ്പോഴും പഠിച്ചുകൊണ്ടിരിക്കുകയും, സ്വർഗ്ഗത്തിൽ ഒരു അവകാശം നേടാനുള്ള ഏക മാർഗം ക്രിസ്തുവിനെപ്പോലെയാകുക എന്നതാണെന്ന് മനസിലാക്കുകയും ചെയ്യുന്നു. കാരുണ്യത്തിന്റെ മുഴുവൻ സമ്പ്രദായങ്ങളും കഠിനമായതിനെ മൃദുവാക്കുന്നതും, പരുഷമായ പ്രവർത്തികളെയെല്ലാം ശുദ്ധീകരിക്കുന്നതുമാണ്. ആന്തരിക മാറ്റം ബാഹ്യ പ്രവർത്തനങ്ങളിലൂടെ സ്വയം വെളിപ്പെട്ടുവരുന്നു. നമ്മുടെ സ്വഭാവത്തിന്റെ രൂപീകരണത്തിനായി ദൈവത്തിന്റെ ആത്മാവിന്റെ മറഞ്ഞിരിക്കുന്ന ഒരു പരിവർത്തന ശക്തിയായി പ്രവർത്തിക്കുന്നു. ക്രിസ്തുവിന്റെ മതം ഒരിക്കലും പുളിച്ചതും, പരുക്കമൊയതും, മര്യാദ ഇല്ലാത്തതുമായ ഒരു പ്രവർത്തിയും വെളിപ്പെടുത്തുകയില്ല. മര്യാദ എന്നത് വേദപുസ്തകത്തിന്റെ (ബൈബിളിന്റെ)

ഒരു ശ്രേഷ്ഠ തത്ത്വമാണ്. സഹോദര പ്രീതിയുടെയും, ദയയുടെയും ഈ തത്ത്വം ക്രിസ്തുവിന്റെ ജീവൻ ഒരുവന്റെ ഉള്ളിൽ ഉണ്ടെന്നുള്ളത് വെളിപ്പെടുത്തുന്നു. ക്രിസ്തു വെളിപ്പെടുത്തിയതുപോലുള്ള ഒരു മര്യാദ, ആരും ഒരിക്കലും ഭൂമിയിൽ പ്രദർശിപ്പിച്ചിട്ടില്ല, അതിന്റെ മൂല്യം നമുക്ക് അധികമായി കണക്കാക്കാൻ കഴിയില്ല.

**(10) നമ്മളെക്കാൾ ശ്രേഷ്ഠരെന്നു ഓരോരുത്തരും കരുതേണ്ടതും, നമ്മുടെ ഗുണത്തേക്കാൾ ആരുടെ ഗുണവും കൂടിയാണ് നമ്മൾ നോക്കേണ്ടത് എന്നും കല്പിച്ചിരിക്കുന്നത്?**

***ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ. ഓരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കേണം. (ഫിലിപ്പിയർ:2:3-4)***

മനുഷ്യനോടുള്ള സ്നേഹം പ്രകടിപ്പിക്കാൻ സ്വർഗ്ഗീയ മഹിമയിൽ വസിക്കുന്നവന് ഇത്രയധികം ചെയ്യാൻ കഴിയുമെങ്കിൽ, അന്ധകാരത്തിന്റെയും കഷ്ടതയുടെയും കുഴിയിൽ കിടക്കുന്ന മനുഷ്യർ പരസ്പരം സഹായിക്കാൻ തയ്യാറാകാത്തത് എന്തുകൊണ്ടാണ്! ക്രിസ്തു പറഞ്ഞു, “ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിപ്പിൻ; വലിയ സ്നേഹത്തോടെയല്ല; സ്നേഹിതന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല. നമ്മുടെ സ്നേഹം പലപ്പോഴും സ്വാർത്ഥമാണ്, കാരണം നമ്മൾ അത് നിശ്ചിത പരിധികളിൽ ഒതുക്കുന്നു. നാം ക്രിസ്തുവുമായുള്ള അടുത്ത ഐക്യത്തിലേക്കും കൂട്ടായ്മയിലേക്കും വരുമ്പോൾ, നമ്മുടെ സ്നേഹവും

സഹാനുഭൂതിയും നമ്മുടെ നന്മയുടെ പ്രവർത്തനങ്ങളും കൂടുതൽ ആഴത്തിൽ എത്തി പ്രവർത്തികളിലൂടെ വിശാലമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും.

ക്രിസ്തുവിന്റെ അനുയായികളുടെ സ്നേഹവും താൽപ്പര്യവും ലോകം പോലെ വിശാലമായിരിക്കണം. "ഞാനും എന്റേതും" എന്ന് ചിന്തിച്ചു മാത്രം ജീവിക്കുന്നവർ സ്വർഗ്ഗത്തിൽ നിപ്രവേശിക്കുകയില്ല. സ്നേഹം വളർത്തിയെടുക്കാനും നിങ്ങളെക്കുറിച്ച് വളരെ സൂഷ്മബോധമുള്ളവർ ആകാനും മറ്റുള്ളവരുടെ സങ്കടങ്ങളോടും കഷ്ടതകളോടും കൂടുതൽ സഹാനുഭൂതി കാണിക്കാനും ഒരു കുടുംബമെന്ന നിലയിൽ ദൈവം നിങ്ങളെ വിളിച്ചിരിക്കുന്നു. നിങ്ങളുടെ ജീവിതകാലം മുഴുവൻ നിങ്ങൾ പരിപാലിച്ച ഈ സ്വാർത്ഥ മനോഭാവത്തെ, മരണാസന്നനായി വഴിയരികിൽ കിടന്നവന് സഹായം ആവശ്യമാണെന്ന് കണ്ടു, പക്ഷേ മനഃപൂർവ്വം അവനെ ഒഴിവാക്കി കടന്നുപോയ പുരോഹിതനും ലേവ്യനും, ശരിയായി പ്രതിനിധീകരിക്കുന്നു.

**(11) ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ മറ്റുള്ളവരുടെ അനുഗ്രഹത്തിനായി ദൈവം നമ്മിൽ ഭരമേല്പിച്ചിരിക്കുന്നതു എന്താണ്?**

***ഒരുവന്നു അഞ്ചു താലന്തു, ഒരുവന്നു രണ്ടു, ഒരുവന്നു ഒന്നു ഇങ്ങനെ ഒരോരുത്തന്നു അവനവന്റെ പ്രാപ്തിപോലെ കൊടുത്തു യാത്രപുറപ്പെട്ടു. (മത്തായി: 25:15)***

സത്യത്തിന്റെ രക്ഷാകരമായ അറിവിലേക്ക് നിരവധി ആത്മാക്കളെ കൊണ്ടുവരേണ്ടതുണ്ട്. മുടിയനായ പുത്രൻ പിതാവിന്റെ വീട്ടിൽ നിന്ന്

വളരെ അകലേക്ക് പോവുകനിമിത്തം പട്ടിണി മൂലം മരിക്കുന്ന അവസ്ഥയിലെത്തിച്ചേർന്നു. അവനെപ്പോലെയുള്ളവർ ആയിരിക്കണം നമ്മുടെ അനുകമ്പയുടെ ലക്ഷ്യം. “പാപത്തിൽ നശിക്കുന്നവരെ ദൈവം എങ്ങനെ കാണുന്നു?” എന്ന് നിങ്ങൾ എപ്പോഴെങ്കിലും ചോദിച്ചിട്ടുണ്ടോ? കാൽവരി ഞാൻ നിങ്ങളെ ചൂണ്ടിക്കാണിക്കുന്നു. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." (യോഹന്നാൻ 3:16. നാം പാപികളായിരിക്കെ, നിത്യമരണത്തിൽ നിന്ന് നമ്മെ രക്ഷിക്കാനായി മരിച്ച രക്ഷകന്റെ സമാനതകളില്ലാത്ത സ്നേഹത്തെക്കുറിച്ച് ചിന്തിക്കുക.

ക്രിസ്തു നിങ്ങളെ സ്നേഹിച്ച മഹാസ്നേഹത്തിനു പകരമായി, നിങ്ങളുടെ നന്ദി വഴിപാടായി അവന്റെ അടുക്കൽ കൊണ്ടുവരണം. നാം നമ്മെത്തന്നെ സ്വയം ഒരു കൃതജ്ഞതാ യാഗമായി അവന്റെ മുമ്പാകെ സമർപ്പിക്കേണം. നിങ്ങളുടെ സമയം, നിങ്ങളുടെ കഴിവുകൾ, നിങ്ങളുടെ മാർഗ്ഗങ്ങളും - സ്നേഹത്തിന്റെ തിരമാലയായി എല്ലാം നഷ്ടപ്പെട്ടവരുടെ രക്ഷയ്ക്കുള്ള ലോകത്തിലേക്ക് ഒഴുകേണം. യേശുവിന്റെ സ്നേഹം സ്വീകരിക്കാനും അവനുമായുള്ള സന്തോഷകരമായ സഹകരണത്തിനും, സ്നേഹത്താൽ സുഗന്ധപൂർണ്ണമായ അവിടുത്തെ സ്വാധീനത്തിൽ പ്രവർത്തിക്കാനും യേശു നിങ്ങളെ സാദ്ധ്യമുള്ളവരാക്കി. ആകയാൽ ആത്മാക്കളുടെ രക്ഷയ്ക്കുള്ള അവന്റെ പദ്ധതി ശക്തിയോടെ മുന്നോട്ട് കൊണ്ടുപോകേണ്ടതിനായി നിങ്ങളുടെ സർവ്വതും നിസ്വാർത്ഥമായ

സേവനത്തിനായി ഉപയോഗിക്കാൻ അവൻ നിങ്ങളോട് ആവശ്യപ്പെടുന്നു. നിങ്ങളുടെ പൂർണ്ണ ശക്തിയും അവിടുത്തെ പ്രവൃത്തികൾക്ക് വേണ്ടി നിങ്ങൾ നൽകണമെന്ന് അവൻ പ്രതീക്ഷിക്കുന്നു.

**(12) ക്രിസ്തുവിനോടുള്ള സ്നേഹം നിമിത്തം, മറ്റുള്ളവരെ സ്നേഹിക്കുവാനും ആശ്വസിപ്പിക്കുവാനും തങ്ങളുടെ എല്ലാ കഴിവുകളും, മാനങ്ങളും ഉപയോഗിക്കുകയും ചെയ്തവർ കേൾക്കുവാൻ പോകുന്ന അനുഗ്രഹിക്കപ്പെട്ട വാക്കുകൾ എന്താണ്?**

***അതിന്നു യജമാനൻ നന്നു, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിന്നു വിചാരകനാക്കും; നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക എന്നു അവനോടു പറഞ്ഞു. (മത്തായി: 25:23)***

അവിടുന്ന് നമ്മെ ഏൽപ്പിച്ച കഴിവുകളെ നാം എങ്ങനെയെല്ലാം ഉപയോഗിച്ച് എന്നതിനെക്കുറിച്ച് കർത്താവ് അന്വേഷിക്കും. അവൻ സ്വന്തം രക്തത്തലും നിസ്വാർത്ഥമായ ത്യാഗത്താലും കഷ്ടതയിലൂടെയും പ്രതിഫലം നൽകികൊണ്ട് ദൈവത്തോടൊപ്പം ഒരു വേലക്കാരൻ എന്ന നിലയിൽ നമ്മുടെ സേവനം ഉറപ്പാക്കി. ഓരോരുത്തർക്കും സമ്മാനമായി നൽകിയ കഴിവുകൾ വേണ്ടവിധത്തിൽ ബുദ്ധിപരമായി വിനിയോഗിക്കുന്നതിലൂടെ എല്ലാവരും ദൈവത്തോടുള്ള ഉത്തരവാദിത്തം വിവേകപൂർവ്വം നിറവേറ്റുകയാണെങ്കിൽ, യേശുക്രിസ്തുവിലൂടെ ദൈവത്തിന് എത്ര അധികം ലാഭം ലഭിക്കുമായിരുന്നു! ഒരു താലന്ത് ആണെങ്കിൽ കൂടി ഉപയോഗത്തിലൂടെ

വളരുകയും വർദ്ധിക്കുകയും ചെയ്യും. ഏറ്റവും ചെറിയ സമ്മാനം, എളിയ സേവനം, വലിയ കഴിവുകൾ ഉള്ളവർക്ക് സ്പർശിക്കാൻ കഴിയാത്ത മനസ്സിൽ എത്തിച്ചേരുകയും ഹൃദയങ്ങളെ സ്വാധീനിക്കുകയും ചെയ്തേക്കാം.

ഇപ്പോൾ വേലചെയ്യാൻ ഏറ്റവും അനുകൂലമായ സമയമാണ്. വ്യക്തിഗത സന്ദർശനത്തിന് വലിയ മൂല്യമുണ്ട്. യേശുക്രിസ്തുവിനോടുള്ള സ്നേഹത്തിലും മനുഷ്യാത്മാക്കളോടുള്ള സ്നേഹത്തിലും സത്യം ഓരോ കുടുംബത്തിലേക്കും എത്തിക്കേണ്ടതാണ്, എല്ലാ തെരുവുകളിലൂടെയും ഈ സത്യം സംസാരിക്കുവാൻ നിങ്ങൾക്ക് പ്രവേശനം കണ്ടെത്താനാകും.... ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്ന വ്യക്തി ഒറ്റയ്ക്കല്ല. പരിശുദ്ധാത്മാവും അവനോടു കൂടെ ചേർന്ന് വേലചെയ്യുന്നു എന്ന് മനസിലാക്കുക.

സ്ഥിരോത്സാഹിയായി വേല ചെയ്യുക, ആർദ്രത, അനുകമ്പ, പ്രാർത്ഥന, സ്നേഹം എന്നിവ പ്രസംഗത്തെക്കാൾ കൂടുതൽ ഫലം ചെയ്യും. കർത്താവായ യേശു, പാപത്തിന്റെ ശാപത്തിൽ നിന്ന് ലോകത്തെ രക്ഷിക്കുന്നതിനായി തന്റെ ജീവൻ നൽകിയതിൽ, നമ്മുടെ കണ്ണുകൾ ഇതുവരെ സാക്ഷ്യം വഹിച്ചതിലും വലിയ കാര്യങ്ങൾ ഉദ്ദേശിച്ചു. ആരിലൂടെ പ്രവർത്തിക്കണമെന്ന് നോക്കി, സമർപ്പിക്കപ്പെട്ട വാതായനങ്ങൾക്കായി പരിശുദ്ധാത്മാവ് കാത്തിരിക്കുന്നു. സാത്താൻ എപ്പോഴും വിജയിക്കില്ല. ആത്മാവിനെ സ്വീകരിക്കുവാൻ പാത്രങ്ങൾ സഭകളിൽ തയ്യാറായാൽ ഉടൻ തന്നെ ദൈവാത്മാവ് സഭകളിൽ പകരപ്പെടും.

അശ്രാന്ത പരിശ്രമത്തോടും ദയയോടും കൂടി നമ്മൾ പെരുമാറേണ്ടവർ ആരാണോ അവർക്കുവേണ്ടി അല്പം മാത്രമേ നമ്മൾ ചെയ്യുന്നുള്ളു എന്ന് ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു. ഇങ്ങനെയുള്ള വ്യക്തികളോടും ഞാൻ സമ്പർക്കം പുലർത്തുന്ന എല്ലാവരോടും ഞാൻ അവനെ പ്രതിഫലിപ്പിക്കേണ്ടതിനായി അവന്റെ കരുണ, സഹതാപം, ഹൃദയംഗമമായ സ്നേഹം എന്നിവയാൽ എന്നെ നിറയ്ക്കാൻ ഞാൻ ക്രിസ്തുവിനോട് അപേക്ഷിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

ദൈവത്തിന്റെ നിമിത്തം എന്നെ പീഡിപ്പിക്കുമ്പോൾ വെറുപ്പിന് പകരം സ്നേഹവും തിന്മയ്ക്കു പകരം നന്മയും തിരിച്ചുനൽകാൻ ദൈവാത്മാവ് എന്നിൽ വസിക്കണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ക്രിസ്തു ക്രൂശിൽ പ്രദർശിപ്പിച്ച അതേ ക്ഷമയുടെ ആത്മാവിനായി ഞാൻ പ്രാർത്ഥിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

ഒരു ദാനത്തോടുകൂടി വീണ്ടെടുപ്പിന്റെ പദ്ധതി എങ്ങനെ ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്നുവെന്ന് ഞാൻ മനസിലാക്കുന്നു, മറ്റുള്ളവരുടെ രക്ഷയ്ക്കായി അത് മുന്നോട്ട് കൊണ്ടുപോകാനുള്ള വിശേഷാവകാശം എനിക്കുണ്ട്. ഈ പദവിയുടെ വിശ്വസ്ത ഗൃഹവിചാരകനാകാൻ എന്നെ

പ്രാപ്തനാക്കാനും മറ്റുള്ളവരുടെ അനുഗ്രഹത്തിനായി അവിടുന്ന് എനിക്ക് തന്നിരിക്കുന്ന കഴിവുകളും വിഭവങ്ങളും ഉപയോഗിക്കാനും ആവശ്യമായ ദൈവത്തിന്റെ ആത്മാവിനായി ഞാൻ പ്രാർത്ഥിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല

"നന്ന് നല്ലവനും വിശ്വസ്തനുമായ ദാസനേ കർത്താവിന്റെ സന്തോഷത്തിൽ പ്രവേശിച്ചുകൊള്ളുക" എന്ന പിതാവിന്റെ അനുഗ്രഹീതവാക്കുകൾ കേൾക്കേണ്ടതിനായും, എന്റെ കിരീടം അവന്റെ കാൽക്കൽ വച്ചുകൊണ്ടു അവനെ സ്തുതിക്കുന്നതിനായും, എന്റെ ഹൃദയം ആഗ്രഹിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ തീരുമാനിച്ചില്ല



## അദ്ധ്യായം 19
## സ്നേഹത്തിന്റെ ഫലം

**(1) വെളിച്ചത്തിൽ വസിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണ്, ഇത് നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കിയാൽ വരുന്ന പരിണിതഫലങ്ങൾ എന്താണ്?**

***സഹോദരനെ സ്നേഹിക്കുന്നവൻ വെളിച്ചത്തിൽ വസിക്കുന്നു; ഇടർച്ചെക്കു അവനിൽ കാരണമില്ല. (1യോഹന്നാൻ: 2:10)***

അവൻ വെളിച്ചത്തിൽ വസിക്കുന്നു. തന്നിൽ നിന്ന് പുറപ്പെടുന്ന പ്രകാശത്താൽ ദൈവം നിരന്തരം ചുറ്റപ്പെട്ടിരിക്കുന്നു. ദൈവത്തിൽ നിന്ന് പുറപ്പെടുന്ന പ്രകാശരശ്മികളിൽ നോക്കി നടക്കുക എന്നതാണ് ക്രിസ്തുവിനെ അനുഗമിക്കുന്നവർക്കു ചെയ്യാൻ കഴിയുന്ന ഏറ്റവും മികച്ച പ്രവർത്തി. ഒരു യാത്രികൻ ഇരുണ്ടതും അറിയപ്പെടാത്തതുമായ വഴിയിലൂടെ ഒരു വഴികാട്ടിയുടെ വെളിച്ചത്തെ പിന്തുടർന്ന് പോകുന്നതുപോലെ, ഓരോ ദൈവമക്കളും ജീവിതമാർഗത്തിൽ കർത്താവിൽ നിന്നുള്ള വെളിച്ചത്തെ പിന്തുടരണം (2 കൊരി:4:6; എഫെ:5:8).

നാം വെളിച്ചത്തിൽ നടക്കുകയാണെങ്കിൽ, വെളിച്ചത്തെ പ്രകാശിപ്പിക്കുന്ന ദൈവത്തോടൊപ്പം നടക്കുന്നു, ദൈവവുമായി മാത്രമല്ല, കർത്താവിനെ അനുഗമിക്കുന്ന മറ്റെല്ലാവരുമായും അവനു കൂട്ടായ്മയുണ്ട്. ഒരേ ദൈവത്തെ സേവിക്കുക, ഒരേ സത്യങ്ങൾ വിശ്വസിക്കുക, ജീവിതത്തിന്റെ പാതയിലെ ഒരേ നിർദ്ദേശങ്ങൾ പാലിക്കുക, എന്നാൽ നമുക്ക് ഐക്യത്തോടെ നടക്കുന്നതിൽ പരാജയപ്പെടാൻ ഒരിക്കലും കഴിയുകയില്ല. നമ്മളും നമ്മുടെ സഹോദരന്മാരും തമ്മിലുള്ള ദുഷിച്ച ഇച്ഛയുടെ ചെറിയ അടയാളം നമ്മുടെ സ്വന്തം പെരുമാറ്റം അവലോകനം ചെയ്യാൻ നമ്മളെ പ്രേരിപ്പിക്കണം, അങ്ങനെ ജീവന്റെ വെളിച്ചത്തിൽ നിന്ന് നാം അകന്നുപോകുന്നില്ലെന്ന് ഉറപ്പാക്കണം.

ദൈവം സ്നേഹമാണ് (അ.4:8), ദൈവം വെളിച്ചമാണ് (അ.1:5) വെറുക്കുവാൻ ഉള്ള എല്ലാ സാഹചര്യങ്ങൾ ഉണ്ടായിരുന്നിട്ടും, തന്റെ സഹോദരനോടുള്ള സ്നേഹം കാത്ത് സൂക്ഷിക്കുന്ന ഒരുവൻ തീർച്ചയായും ദൈവവുമായുള്ള കൂട്ടായ്മയിൽ ജീവിക്കുന്ന ഒരുവനാണ്, ആയതിനാൽ അവൻ ദൈവത്തിന്റെ പ്രകാശത്തിൽ വസിക്കുന്നു.

സഹോദരനെ വെറുക്കുന്നവൻ, സ്നേഹത്തിന്റെ തത്ത്വത്തിനു വിപരീതമായി പ്രവർത്തിക്കുന്നവനാണ് (വാക്യം.10). ജീവാധായകമായ ദൈവത്തിന്റെ പ്രകാശത്തിൽ വസിക്കുന്നതിനു പകരം അവൻ അന്ധകാരത്തിന്റെ ആത്മാവിൽ ആയിരിക്കുന്നു.

**(2) മറ്റുള്ളവർ നമ്മെ എങ്ങനെ പരിഗണിക്കുന്നു എന്ന് നോക്കാതെ**

**ആഴമായി അവരെ സ്നേഹിക്കുന്നുവെങ്കിൽ, അവരുമായുള്ള നമ്മുടെ ബന്ധത്തിലൂടെ നിവർത്തീകരിക്കപ്പെടുന്നത് എന്താണ്?**

*സകലത്തിന്നും മുമ്പെ തമ്മിൽ ഉറ്റ സ്നേഹം ഉള്ളവരായിരിപ്പിൻ. സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറെക്കുന്നു. (1പത്രോസ്:4:8)*

ദീർഘമായി ക്ഷമിക്കുന്നതും, ദയയുള്ളതുമായ സ്നേഹം ഒരു അവിവേകത്തെ മാപ്പർഹിക്കാത്ത കുറ്റമായി വലുതാക്കുകയോ, മറ്റുള്ളവരുടെ തെറ്റുകൾക്ക് മൂലാധാരം ആക്കുകയോ ചെയ്യില്ല. തെറ്റുകൾ സഹിഷ്ണുതയോടും പരിഗണനയോടും കൂടി പരിഗണിക്കണമെന്ന് തിരുവെഴുത്തു വ്യക്തമായി പഠിപ്പിക്കുന്നു. ശരിയായ പാത പിന്തുടരുകയാണെങ്കിൽ, പ്രത്യക്ഷത്തിൽ കഠിനമായ ഹൃദയം പോലും ക്രിസ്തുവിനു വേണ്ടി നേടാൻ കഴിയും. യേശുവിന്റെ സ്നേഹം നമ്മുടെ അനേകം പാപങ്ങളെ ക്ഷമിക്കുന്നു. അവന്റെ കൃപ ഒരിക്കലും മറ്റൊരാളുടെ തെറ്റുകൾ തുറന്നുകാട്ടുന്നതിലേക്ക് നയിക്കുന്നില്ല.

**(3) പൂർണ്ണ മനസോടും, പൂർണ്ണ ആത്മാവോടും, പൂർണ്ണ ശക്തിയോടും കൂടെ ദൈവത്തെ യാഥാർത്ഥമായും സ്നേഹിക്കുന്ന നമ്മൾ, നമ്മുടെ അയൽവക്കക്കാരനോട് എങ്ങനെയാണ് പെരുമാറേണ്ടത്?**

*രണ്ടാമത്തേതോ: “കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം” എന്നത്രേ; ഇവയിൽ വലുതായിട്ടു മറ്റൊരു കല്പനയും എല്ല എന്നു ഉത്തരം പറഞ്ഞു. (മർക്കോസ്:12:31)*

ക്രിസ്തുവിന്റെ സ്നേഹം പോലെ നിസ്വാർത്ഥമായ സ്നേഹം തന്റെ

സഹോദരന്മാരോടു കാട്ടാതെ ഒരു മനുഷ്യന് നിത്യജീവനിലേക്ക് വിശ്വാസം അർപ്പിക്കാൻ കഴിയുമെന്ന് കരുതുന്നത് ഏറ്റവും വലിയതും ദൗർഭാഗ്യകരവുമായ വഞ്ചനയാണ്. ദൈവത്തെയും അയൽക്കാരനെയും സ്നേഹിക്കുന്നവൻ വെളിച്ചവും സ്നേഹവും കൊണ്ട് നിറഞ്ഞിരിക്കുന്നു. ദൈവം അവനിലും അവന്റെ ചുറ്റിലും ഉണ്ട്. ക്രിസ്തു ആരുടെ ആത്മാക്കളെ വിലയേറിയതായി എണ്ണികൊണ്ടു ആർക്കു വേണ്ടി മരിച്ചുവോ ക്രിസ്തുവിനെ അനുഗമിക്കുന്നവരും അവരെ സ്നേഹിക്കേണം. സ്നേഹമില്ലാത്ത ക്രിസ്ത്യാനി എന്നൊന്നില്ല; "ദൈവം സ്നേഹം ആകുന്നു എന്നും, അവന്റെ കല്പനകൾ പ്രമാണിച്ചാൽ നാം അവനെ അറിയുന്നു എന്നും പറഞ്ഞിരിക്കുന്നു., അവന്റെ കല്പനകളെ പ്രമാണിക്കുന്നില്ല എങ്കിൽ അവൻ നുണയനാണ്, സത്യം അവനിൽ ഇല്ല." ... "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണമെന്നാണ് എന്റെ കല്പന." ഈ ഫലമാണ് നാം ദൈവത്തിനു തിരികെ നൽകേണ്ടത്.

**(4) സ്വാതന്ത്ര്യത്തിന്റെയും, സ്നേഹത്തിന്റെയും ദൈവീക കല്പനയുടെ മനോഹരത്ത്വം കണ്ടതിനു ശേഷം, തന്റെ സ്വഭാവത്തെ ശക്തീകരിക്കുകയും അനുഗ്രഹിക്കുകയും ചെയ്യേണ്ടതിനായി ഒരു ക്രിസ്ത്യാനി ചെയ്യേണ്ടത് എന്താണ്?**

***സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റുനോക്കി അതിൽ നിലനില്ക്കുന്നവനോ കേട്ടു മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും. (യാക്കോബ്:1:25)***

ഒരു മനുഷ്യൻ തന്റെ കൈകൾ വ്യായാമം ചെയ്യുന്നില്ലെങ്കിൽ, അത് ദുർബലമാവുകയും പേശികളുടെ ശക്തി കുറയുകയും ചെയ്യുന്നു. ക്രിസ്ത്യാനി തന്റെ ആത്മീയശക്തി ഉപയോയോഗിക്കുന്നില്ലെങ്കിൽ, അവൻ സ്വഭാവശക്തിയോ ധാർമ്മിക ഊർജ്ജമോ നേടുകയില്ല. സ്നേഹം വളരെ വിലയേറിയ സസ്യമാണ്, അത് തഴച്ചുവളരേണമെങ്കിൽ അത് നട്ടുവളർത്തേണം. സ്നേഹമെന്ന വിലയേറിയ സസ്യത്തെ മൃദുവായി പരിപാലിക്കണം (പ്രാവർത്തീകമാക്കണം), എന്നാൽ അത് ശക്തവും ഊർജ്ജസ്വലവും ഫലം കായ്ക്കുന്നതിൽ സമൃദ്ധവുമായിത്തീരും, ഇത് മുഴുവൻ സ്വഭാവത്തിനും സമൂല പരിണാമം നൽകുന്നു. ക്രിസ്തുവിന്റെ സ്വഭാവം പോലെയുള്ളൊരു സ്വഭാവം ഒരിക്കലും സ്വാർത്ഥതാപരമോ, ക്രൂരമോ സാത്താന്റെ പ്രലോഭനങ്ങളുമായി പൊരുതുന്നവരുടെ ആത്മാക്കളെ ഉപദ്രവിക്കുന്നതോ ആയിരിക്കില്ല. എല്ലാ കീടങ്ങളും നീക്കി ശുദ്ധമായ സ്വർണ്ണം വേർതിരിക്കുന്നതുപോലെയാണ് പരീക്ഷകളും പ്രലോഭനങ്ങളും എന്ന് പ്രലോഭിക്കപ്പെടുന്ന എല്ലാവരുടെയും ചിന്തയിൽ ശ്കതമായി അടിയുറച്ചിരിക്കണം.

എല്ലാവരും പ്രായോഗികവത്കരിക്കുവാൻ ദൈവം നല്കിയതാണിത്. ക്രിസ്തുവിന്റെ ഈ പാഠശാലയിൽ നിന്നും വിദ്യാർത്ഥികളും അദ്ധ്യാപകരും, ക്ഷമ, വിനയം, ഔദാര്യം, ജ്ഞാനം തുടങ്ങിയവ എല്ലാ ദിവസവും പഠിച്ചുകൊണ്ടിരിക്കുന്നു. ജീവനുള്ള വിശ്വാസവുമായി കൂടിച്ചേർന്ന പ്രാർത്ഥനയിൽ നിങ്ങൾ എല്ലാവരും ദൈവത്തെ ഏറ്റവും ആത്മാർത്ഥമായി അന്വേഷിക്കേണ്ടതുണ്ട്,

രൂപാന്തരപ്പെടുത്തുന്ന ദൈവത്തിന്റെ കരങ്ങൾ നിങ്ങളുടെ സ്വഭാവത്തിലൂടെ അവന്റെ സ്വരൂപത്തെ വെളിപ്പെടുത്തും. പ്രലോഭനങ്ങൾ വരും, പക്ഷേ ജയിക്കില്ല. എന്നാൽ യേശുവിന്റെ ശബ്ദത്തിലേക്കു ഹൃദയം തുറക്കുന്നതിലൂടെ ലഭിക്കുന്ന കൃപയിലൂടെ, ക്രിസ്തീയ സ്വഭാവവും അനുഭവവും കൂടുതൽ കൂടുതൽ മനോഹരവും സ്വർഗ്ഗീയവുമായി വളരുകയും ചെയ്യും.

അളവറ്റ വില കൊടുത്തു, ക്രിസ്തു തനിക്കായി വാങ്ങിയ ആത്മാക്കളോടാണ് നാം ഇടപെടുന്നതെന്ന് ഓർമ്മിക്കുക. ഓ, തെറ്റുകളിൽ ജീവിക്കുന്നവരോട് പറയുക, ദൈവം നിങ്ങളെ സ്നേഹിക്കുന്നുവെന്ന്, ദൈവം നിങ്ങൾക്കായി മരിച്ചുവെന്ന്. അവരെച്ചൊല്ലി കരയുക, അവരോടൊപ്പം പ്രാർത്ഥിക്കുക. അവർക്കായി കണ്ണുനീർ ഒഴുകുക, പക്ഷേ അവരോട് ദേഷ്യപ്പെടരുത്. അവർ ക്രിസ്തു വിലയ്ക്ക് വാങ്ങിയ സ്വത്താണ്. ഓരോരുത്തരും തന്റെ എല്ലാ പ്രവൃത്തികളിലും സ്നേഹം പ്രകടിപ്പിക്കുന്ന ഒരു സ്വഭാവം സ്വായത്തമാക്കട്ടെ. “എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന്നു ആരെങ്കിലും ഇടർച്ച വരുത്തിയാലോ അവന്റെ കഴുത്തിൽ വലിയോരു തിരിക്കല്ലു കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയുന്നതു അവന്നു നന്നു.” ക്രിസ്തു തന്റെ സ്വഭാവത്തിലൂടെ വെളിപ്പെടുത്തുകയും തന്റെ മക്കളോട് പിന്തുടരുവാൻ കൽപിക്കുകയും ചെയ്ത ആ സ്നേഹത്തിൽ നിന്ന് അകന്നു മാറി ദിവസങ്ങൾ കഴിക്കുന്നതിനേക്കാൾ നല്ലതു ജീവിക്കാതിരിക്കുന്നതാണ്. ക്രിസ്തു പറഞ്ഞു, “ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും

അന്യോന്യം സ്നേഹിക്കുന്നവരാകുവീൻ. കഠിനവും വികാരരഹിതവും അജ്ഞാതവുമായ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. ക്രിസ്തു തന്റെ വിലയേറിയ ജീവൻ നൽകിയ ആത്മാക്കളെ വശീകരിച്ചുകളയുവാൻ സാത്താനും കൂട്ടരും എല്ലാ മാർഗ്ഗങ്ങളും പ്രയോഗിക്കുന്നു. ആത്മാർത്ഥതയോടും സത്യത്തോടും കൂടെ ദൈവത്തെ സ്നേഹിക്കുന്ന ഓരോരുത്തരും ക്രിസ്തു ആർക്കു വേണ്ടി മരിച്ചോ ആ ആത്മാക്കളെയും സ്നേഹിക്കും.

**(5) ക്രിസ്തുവിന്റെ സ്നേഹത്തോടുകൂടി മറ്റുള്ളവരോട് ദയ എന്ന ദാനം പങ്കുവയ്ക്കുമ്പോൾ ഉണ്ടാകുന്ന പരിണിതഫലം എന്താണ്?**

***കൊടുപ്പിൻ; എന്നാൽ നിങ്ങൾക്കു കിട്ടും; അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവു നിങ്ങളുടെ മടിയിൽ തരും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും. (ലൂക്കോസ്: 6:38)***

നാം പ്രതിഫലത്തെക്കുറിച്ചല്ല, സേവനത്തെക്കുറിച്ചാണ് ചിന്തിക്കേണ്ടത്; ആത്മാവിൽ കാണിക്കുന്ന ഈ ദയക്കു അതിനു തക്കതായ പ്രതിഫലം ലഭിക്കാതെയിരിക്കില്ല. “രഹസ്യമായി കാണുന്ന നിങ്ങളുടെ പിതാവ് നിങ്ങൾക്ക് പരസ്യമായി പ്രതിഫലം നൽകും.” ദൈവം തന്നെയാണ് മഹത്തായ പ്രതിഫലം എന്നത് സത്യമാണെങ്കിലും, അത് മറ്റുള്ള ഇല്ലാത്തേയും ഉൾക്കൊള്ളുന്നു, സ്വഭാവത്തിൽ അവനുമായി സാമ്യമുള്ളതാകുമ്പോൾ മാത്രമാണ് ആത്മാവ് അവനെ സ്വീകരിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നത്. സാമ്യതയുള്ള രണ്ടു കാര്യങ്ങൾക്കു മാത്രമേ പരസ്പരം

പൊരുത്തപ്പെടാനാകൂ. മാനവിക സേവനത്തിനായി നാം നമ്മെത്തന്നെ ദൈവത്തിനു സമർപ്പിക്കുന്നതുപോലെ അവിടുന്ന് നമുക്ക് വേണ്ടിയും സ്വയം നൽകുന്നു.

തന്നിൽത്തന്നെ സമൃദ്ധമായ ഒരു പ്രതിഫലം ലഭിക്കാതെ, മറ്റുള്ളവരിലേക്ക് പ്രവഹിക്കാനുള്ള ദൈവാനുഗ്രഹത്തിന്റെ പ്രവാഹത്തെ ആർക്കും സ്വന്തം ഹൃദയത്തിലും ജീവിതത്തിലും ഉൾക്കൊള്ളുവാൻ കഴിയില്ല. മലനിരകളും സമതലങ്ങളും പർവ്വത ശിഖരങ്ങളിൽ നിന്നും ഒഴുകി വരുന്ന അരുവികൾക്ക് കടലിലേക്കെത്തൻ വേണ്ടി വഴി ഒരുക്കുന്നു. മലനിരകളും പർവ്വതങ്ങളും ചെയ്യുന്ന ഈ പ്രവർത്തിക്കു നൂറ് മടങ്ങ് തിരികെ ലഭിക്കുന്നു. കാരണം, ആ വഴിയിലൂടെ നിർഗളം ഒഴുകുന്ന അരുവി അതിന്റെ നീർച്ചാലുകളും ഫലപുഷ്ടിയും ആ പ്രദേശങ്ങളിലാകെ പടർത്തുന്നു. അതിന്റെ തീരത്തുള്ള പുല്ല് പച്ചപ്പോടെ തഴച്ച് വളരുന്നു, മരങ്ങൾക്ക് സമൃദ്ധമായി തഴച്ചുവളരുകയും, പൂവുകളാൽ കൂടുതൽ സമൃദ്ധമാവുകയും ചെയ്യുന്നു.

വേനൽക്കാലത്തെ ചൂടിൽ ഭൂമി നഗ്നവും തവിട്ടുനിറവും ആയിരിക്കുമ്പോൾ, തഴച്ചുവളരുന്ന പച്ചപ്പ് അവിടെ ഒരു നദിയുടെ ഒഴുക്കിനെ അടയാളപ്പെടുത്തുന്നു; പർവതത്തിന്റെ സമൃദ്ധിയെ കടലിലേക്ക് ഒഴുക്കുവാൻ അവളുടെ മടിത്തട്ടു തുറന്ന സമതലങ്ങൾ പുതുമയും സൗന്ദര്യവും കൊണ്ട് അലങ്കരിക്കപ്പെട്ടിരിക്കുന്നു, തങ്ങളിലുള്ള ആത്മനദിയെ ലോകത്തിലേക്ക് ഒഴുകുന്നതിനുള്ള ഒരു ചാനലായി സ്വയം നൽകുന്ന എല്ലാവർക്കും ദൈവകൃപ നൽകുന്ന

പ്രതിഫലത്തിന്റെ സാക്ഷ്യമാണിത്. {MB 81-82}

**(6) വീണ്ടെടുക്കൽ സമ്മാനത്തിന്റെ സന്തോഷകരമായ സ്വീകർത്താക്കൾ എന്ന നിലയിൽ, മറ്റുള്ളവർക്കായി ഇത് പകർന്നു നൽകുന്നതിലേക്കുള്ള നമ്മളുടെ പദവിയും ഉന്നത വിളിയും എന്താണ്?**

***ഓരോരുത്തന്നു വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ടു അന്യോന്യം ശുശ്രൂഷിപ്പിൻ. (1പത്രോസ്:4:10)***

ദൈവത്തിൽ നിന്നുള്ള ഒരു സമ്മാനത്തോടെയാണ് വീണ്ടെടുപ്പിന്റെ പദ്ധതി ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്നത്, അത് മുന്നോട്ട് കൊണ്ടുപോകണം. നമുക്കു രക്ഷ നൽകിയ അതേ ത്യാഗത്തിന്റെ ആത്മാവ് സ്വർഗ്ഗീയ ദാനത്തിന്റെ പങ്കാളികളാകുന്ന എല്ലാവരുടെയും ഹൃദയങ്ങളിൽ വസിക്കുന്നു. ഇതിനെപ്പറ്റി അപ്പോസ്തലനായ പത്രോസ് പറയുന്നു: “ഓരോരുത്തന്നു വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ടു അന്യോന്യം ശുശ്രൂഷിപ്പിൻ.” യേശു തന്റെ ശിഷ്യന്മാരെ അയച്ചപ്പോൾ പറഞ്ഞു: “നിങ്ങൾക്ക് സൗജന്യമായി ലഭിച്ചു, അതുകൊണ്ടു സൗജന്യമായി നൽകുക.

ക്രിസ്തുവിനോട് പൂർണമായും സ്വഭാവസാമ്യം പുലർത്തുന്നവനിൽ സ്വാർത്ഥമോ രഹസ്യങ്ങളോ ഒന്നും ഉണ്ടാകില്ല. ജീവനുള്ള വെള്ളം കുടിക്കുന്നവൻ അവൻ “നിത്യജീവനിലേക്കു ഒഴുകുന്ന ഒരു കിണറാണ്” എന്ന് കണ്ടെത്തും. അവന്റെ ഉള്ളിലുള്ള ക്രിസ്തുവിന്റെ ആത്മാവ് മരുഭൂമിയിൽ ഒരു നീരുറവ

പോലെയാണ്, എല്ലാവരേയും ഉന്മേഷവത്കരിക്കുന്നതിനും, നശിക്കാൻ തയ്യാറായവരെ ജീവജലം കുടിക്കാൻ ഉത്സുകരാക്കുന്നതിനും, ക്രിസ്തുവിൽ വസിച്ച അതേ സ്നേഹത്തിന്റെയും ആത്മത്യാഗത്തിന്റെയും ആത്മാവാണ് അത് അപ്പോസ്തലനായ പൗലോസിനെ തന്റെ അനേകവിധമായ വേലകളിൽ കഠിനമായി അധ്വാനിക്കാൻ പ്രേരിപ്പിച്ചത്. പൗലോസ് പറയുന്നു, “യവനർക്കും, ബർബ്ബരൻമാർക്കും, ജ്ഞാനികൾക്കും, വിവേകഹീനർക്കും ഞാൻ കടക്കാരനായിരിക്കുന്നു." “എല്ലാ വിശുദ്ധന്മാരിൽ നിന്നും ചെറിയവനായ എനിക്ക് ലഭിച്ച ഈ കൃപ, ക്രിസ്തുവിന്റെ മഹിമാധനം വിജാതീയരുടെ ഇടയിൽ പ്രസംഗിക്കാനാണ്.”

അവനിൽ നാം കണ്ടെത്തുന്ന സമ്പൂർണ്ണതയും നിറവും തന്റെ സഭ ലോകത്തിന് പ്രതിഫലിപ്പിക്കണമെന്ന് നമ്മുടെ കർത്താവ് പദ്ധതിയിട്ടിരുന്നു. നാം നിരന്തരം ദൈവത്തിന്റെ അനുഗ്രഹം സ്വീകരിച്ചുകൊണ്ടിരിക്കുന്നു, അങ്ങനെ അനുഗ്രഹം നിരന്തരം ലഭിക്കുന്നതിനാൽ ക്രിസ്തുവിന്റെ സ്നേഹവും അനുകമ്പയും ലോകത്തിൽ പ്രതിനിധീകരിക്കുന്നവർ ആയിരിക്കണം നാം ഓരോരുത്തരും. വീണ്ടെടുപ്പിന്റെ വേല മുന്നോട്ട് കൊണ്ടുപോകാൻ ഭൂമിയുടെ എല്ലാ ഭാഗങ്ങളിലേക്കും ദൂതന്മാരെ അയച്ചുകൊണ്ട് സ്വർഗ്ഗമെല്ലാം ഉന്മേഷദായകമാണെങ്കിലും ജീവനുള്ള ദൈവത്തിന്റെ സഭയും ക്രിസ്തുവിനോടൊപ്പം സഹവർത്തികളായിരിക്കണം. നാം അവന്റെ ആത്മീയ ശരീരത്തിലെ അംഗങ്ങളാണ്. ശരീരത്തിലെ എല്ലാ അവയവങ്ങളെയും നിയന്ത്രിക്കുന്നവനാണ് അവൻ. തന്റെ അനന്തമായ കരുണയിൽ യേശു തന്നെ,

മനുഷ്യഹൃദയങ്ങളിൽ പ്രവർത്തിക്കുകയും ദൂതന്മാർ പോലും അതിശയിച്ചു നോക്കുമാറ് അത്ഭുതകരമായ ആത്മീയ പരിവർത്തനങ്ങളെ വരുത്തുകയും ചെയ്യുന്നു. നിസ്വാർത്ഥ സ്നേഹം എന്ന യജമാനന്റെ സ്വഭാവ സവിശേഷത അവനെ യഥാർത്ഥമായി പിന്പറ്റുന്നവരുടെ സ്വഭാവത്തിലും ജീവിതത്തിലും കാണപ്പെടേണം. ഈ ലോകത്തിൽ ആയിരിക്കുമ്പോൾത്തന്നെ മനുഷ്യൻ തന്റെ ദൈവീക സ്വഭാവങ്ങളുടെ പങ്കാളികൾ ആക്കണമെന്ന് കർത്തതാവു ആഗ്രഹിക്കുന്നു, അങ്ങനെ ദൈവത്തെ സ്തുതിക്കുന്നതിൽ മാത്രം അവന്റെ മഹത്ത്വം പ്രതിഫലിപ്പിക്കുകയല്ല, മറിച്ച് ലോകത്തിന്റെ അന്ധകാരത്തെ സ്വർഗ്ഗത്തിന്റെ പ്രകാശത്താൽ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. "നിങ്ങൾ ലോകത്തിന്റെ വെളിച്ചം" എന്ന ക്രിസ്തുവിന്റെ വാക്കുകൾ ഇപ്രകാരം നിറവേറ്റപ്പെടുന്നു.

**(7) ഈ ചെറിയവരിൽ ഒരുവന്റെ ആവശ്യത്തിങ്കൽ സ്നേഹപൂർവ്വം ഹൃദയംഗമായി ശുശ്രൂഷ ചെയ്തിട്ടുണ്ടെങ്കിൽ, അത് ആർക്കു ചെയ്തതുപോലെയാണ് സ്വർഗ്ഗത്തിന്റെ കണ്ണുകൾ കാണുന്നത്?**

***രാജാവു അവരോടു: എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്യും. (മത്തായി: 25:40)***

ഓരോ പ്രവൃത്തിയും, നീതിയുടെയും കാരുണ്യത്തിന്റെയും ദയയുടെയും പ്രവൃത്തികൽ ആകുമ്പോൾ സ്വർഗത്തിൽ അവ സംഗീതമായി പ്രതിധ്വനിക്കുന്നു. പിതാവ് തന്റെ സിംഹാസനത്തിൽ നിന്ന് അവരുടെ

പ്രവർത്തികൾ കാണുകയും ഏറ്റവും വിലപിടിപ്പുള്ള നിധികളായി എണ്ണുകയും ചെയ്യുന്നു. "ഞാൻ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ അവൻ എനിക്കു ഒരു നിക്ഷേപം ആയിരിക്കും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു; ഒരു മനുഷ്യൻ തനിക്കു ശുശ്രൂഷ ചെയ്യുന്ന മകനെ ആദരിക്കുന്നതുപോലെ ഞാൻ അവരെ ആദരിക്കും." ദരിദ്രരോടും കഷ്ടത അനുഭവിക്കുന്നവരോടും ഉള്ള കരുണയുടെ ഓരോ പ്രവൃത്തിയും യേശുവിനോടുള്ളതുപോലെയാണ്. ദരിദ്രരെ സഹായിക്കുകയോ പീഡിതരോടും ദുഖിതരോടും കൂടെ സഹതപിക്കുകയും അനാഥരുമായി ചങ്ങാത്തം കൂടുകയും ചെയ്യുന്നവൻ യേശുവുമായി കൂടുതൽ അടുത്ത ബന്ധത്തിലേക്ക് കടന്നുവരുന്നു.

**(8) മറ്റുള്ളവരോടുള്ള നമ്മുടെ അനീതിപരമായ പ്രവർത്തികൾക്ക് പകരം ഹൃദയംഗമായുള്ള നീതിയുടെ ഏതു പ്രവർത്തികളാലാണ് അന്ത്യന്യായവിധി നാളിൽ നമ്മൾ വിധിക്കപ്പെടുന്നത്?**

***എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു, ദാഹിച്ചു നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നു; തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു. (മത്തായി: 25:35-36)***

*പ്രാർഥനകൾ, പ്രബോധനം, സംസാരം എന്നിവ സ്വാഭാവികമായും ഉളവാകുന്ന അത്ര കാര്യമാക്കേണ്ടതില്ലാത്ത ഫലങ്ങളാണ്, ദരിദ്രരെയും, അനാഥരെയും വിധവകളെയും പരിപാലിക്കുക എന്ന നല്ല പ്രവൃത്തികളിൽ കൂടി*

പ്രകടമാകുന്ന ഫലങ്ങൾ, സ്ഥായിയായതും നിലനിൽക്കുന്നതുമായ യഥാർത്ഥ ഫലങ്ങളാണ്, ഈ നല്ല ഫലങ്ങൾ നല്ല മരത്തിൽ സ്വാഭാവികമായി വളരുന്നു.... നിരാശയും ദുഖവും നിറഞ്ഞ ഹൃദയങ്ങളോട് ചേർന്ന് നമ്മുടെ ഹൃദയവും സഹതപിക്കുമ്പോൾ, ആവശ്യത്തിലിരിക്കുന്നവർക്കു സഹായത്തിന്റെ ഹസ്തം നീട്ടുമ്പോൾ, നഗ്നരായവർക്കു വസ്ത്രം നൽകുമ്പോൾ, അപരിചിതനായ ഒരുവന് തണുപ്പകറ്റാൻ സഹായിക്കുംപോഴും, ദൈവത്തിന്റെ ദൂതന്മാർ നിങ്ങളുടെ അടുത്തേക്ക് ഇറങ്ങിവരികയും, ഉത്തരം നൽകുന്ന ഒരു പ്രവാഹം സ്വർഗത്തിൽ നിന്നും പ്രതികരിക്കുകയും ചെയ്യുന്നു. ഓരോ പ്രവൃത്തിയും, നീതിയുടെയും കാരുണ്യത്തിന്റെയും ദയയുടെയും ഓരോ പ്രവൃത്തിയും സ്വർഗത്തിൽ മധുരമുള്ള സംഗീതമായി മുഴക്കുന്നു...

നമ്മുടെ സ്വർഗീയപിതാവ് നമ്മുടെ പാതയിൽ അനുഗ്രഹങ്ങൾ ഒളിച്ചുവച്ചിരിക്കുന്നു, തങ്ങളുടെ സന്തോഷങ്ങളിൽ നിന്ന് വ്യതിചലിക്കുമെന്ന ഭയത്താൽ ചിലർ അത് തൊടില്ല. നന്മ ചെയ്യാനുള്ള നമ്മുടെ പരിധിക്കുള്ളിൽ നാം അതിനുള്ള അവസരങ്ങൾ എടുക്കാറുണ്ടോ എന്നറിയാൻ മാലാഖമാർ കാത്തിരിക്കുന്നു -- മറ്റുള്ളവരെ അനുഗ്രഹിക്കുന്നതിലൂടെ നമ്മളും തിരികെ അനുഗ്രഹിക്കപ്പെടുന്നുണ്ടോ എന്നറിയാൻ കാത്തിരിക്കുന്നു. അവർ നമ്മെ അനുഗ്രഹിക്കും. ഈ ഒരു സ്വഭാവം വളർത്തിയെടുക്കാൻ എല്ലാവർക്കും അവസരമുണ്ടാകാൻ കർത്താവുതന്നെ നമ്മെ - ദരിദ്രർ, ധനികർ, കഷ്ടം അനുഭവിക്കുന്നവർ എന്നിങ്ങനെ ഭിന്നിപ്പിച്ചിരിക്കുന്നു. നാം പരീക്ഷയിൽ തികഞ്ഞവരായി

*തീരേണ്ടതിനും ഈ സ്വഭാവം നമ്മുടെ ഹൃദയത്തിൽ വളർത്തി എടുക്കേണ്ടതിനും കഷ്ടതയും ദാരിദ്ര്യവും നമുക്കുവേണ്ടി ദൈവം അനുവദിച്ചിരിക്കുന്നു.*

**(9) അന്ത്യന്യായവിധി നാളിൽ എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നാം യഥാർത്ഥമായി ദൈവത്തെ സ്നേഹിക്കുകയും, സ്വർഗ്ഗത്തിനു യോഗ്യരായിത്തീരുകയും ചെയ്തോ എന്നും പരിശോധിച്ച് വെളിപ്പെടുത്തുന്നത്?**

***ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നാകുന്നു എന്റെ കല്പന. (യോഹന്നാൻ: 15:12)***

പരസ്പരമുള്ള സ്നേഹം ദൈവസ്നേഹത്തിന്റെ ഭൂമിയിലെ പ്രകടനമാണ്. ഈ സ്നേഹം നമ്മിൽ നിറയ്ക്കുവാനും, നമ്മളെയെല്ലാവരെയും ഒരു കുടുംബത്തിലെ മക്കൾ ആക്കിത്തതീർക്കുന്നതിനും വേണ്ടി മഹത്വത്തിന്റെ രാജാവ് നമ്മെപ്പോലെ ഒരുവനായിത്തത്തീർന്നു. അവൻ ശിഷ്യന്മാരെ പിരിഞ്ഞു പോകുമ്പോൾ പറഞ്ഞ വാക്കുകൾ നിറവേറ്റപ്പെട്ടു, “ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിപ്പീൻ” (യോഹന്നാൻ 15:12); അവൻ ലോകത്തെ സ്നേഹിച്ചതുപോലെ നാം ലോകത്തെ സ്നേഹിക്കുമ്പോൾ, നമുക്കുവേണ്ടി അവന്റെ ദൗത്യം നിറവേറ്റപ്പെടുന്നു. സ്വർഗ്ഗം നമ്മുടെ ഹൃദയത്തിൽ വസിക്കുന്നതിനാൽ നമ്മൾ സ്വർഗ്ഗത്തിന് അനുയോജ്യരായിത്തീരുന്നു.

ദൈവം നല്ലവനാണ്. അവിടുന്ന് ദയ ഉള്ളവനും കരുണാഹൃദയനുമാണ്.

തന്റെ എല്ലാ മക്കളോടും കൂടെ അവൻ വസിക്കുന്നു. നമ്മൾ ചെയ്യുന്ന എല്ലാകാര്യങ്ങളും അവൻ അറിയുകയും നമുക്ക് എത്രമാത്രം പദവികൾ നൽകണം എന്നും അറിയുന്നു. ദൈവത്തിനു തന്റെ പ്രവർത്തികൾ ചെയ്യുവാൻ നമ്മുടെ ശ്രേഷ്ഠതകളുടെ വിവരണങ്ങളും, തെറ്റുകളുടെ വിവരണങ്ങളും അവന്റെ മുൻപിൽ നിരത്തേണ്ട ആവശ്യമുണ്ടോ? ദൈവം നമുക്ക് നൽകിയിട്ടുള്ള പ്രവർത്തിയിൽ നാം വിശ്വസ്തരാണെങ്കിൽ മഹത്വത്തിനെ കിരീടം പാപിക്കുന്നവരാകും.

**(10) ലോകത്തിൽ കർത്താവ് ആരെ ആഴമായി സ്നേഹിച്ചോ, അവരെ സ്നേഹിക്കുന്നവർക്ക് ആ മഹാന്യായവിധി ദിവസത്തിൽ കേൾക്കുവാൻ കഴിയുന്ന അനുഗ്രഹീത വാക്കുകൾ എന്താണ്?**

***രാജാവു തന്റെ വലത്തുള്ളവരോടു അരുളിച്ചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനംമുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ: (മത്തായി: 25:34)***

തങ്ങളുടെ ദൈനംദിന ജീവിതത്തിൽ ദൈവത്തോടും മനുഷ്യരോടും വിശ്വസ്തരായിരുന്നുകൊണ്ടു, ആരുടേയും അംഗീകാരത്തിനും പ്രശസ്തിക്കും ആയിട്ടല്ലാതെ തങ്ങളുടെ പ്രവർത്തികൾ ചെയ്തവർ, അന്ത്യന്യായവിധി നാളിൽ "നല്ലവനും വിശ്വസ്തനുമായ ദാസനെ വന്നു ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ" എന്ന വാക്ക് കേൾക്കും. അവർ ചെയ്ത വാചാലോപമായ പ്രഭാഷണങ്ങൾക്കായിട്ടോ, ബുദ്ധി

സാമർത്ഥ്യത്തിനോ, ദാനധർമ്മങ്ങൾക്കോ വേണ്ടിയല്ല കർത്തവ് അങ്ങനെ പറയുന്നത്. പ്രതിഫലേച്ഛ ഒന്നും കൂടാതെ അവർ ചെയ്ത ഏറ്റവും ചെറിയ കാര്യത്തിനായിട്ടാണ്. "എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു, ദാഹിച്ചു നിങ്ങൾ കുടിപ്പാൻ തന്നു;" അവൻ പറയുന്നു: "എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന്നു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു".

എല്ലാവരുടെയും അവസ്ഥകൾ ദൈവമുമ്പാകെ അവലോകനത്തിന് വരുമ്പോൾ, അവർ എന്താണ് നേടിയതെന്ന് ഒരിക്കലും ചോദിക്കുകയില്ല, പക്ഷേ, അവർ എന്ത് ചെയ്തു? അവർ വചനം അനുസരിച്ചവരാണോ? അവർ തങ്ങൾക്കുവേണ്ടി മാത്രം ജീവിച്ചവരാണോ? അതോ മറ്റുള്ളവർക്കുവേണ്ടി കൂടി ചിന്തിക്കുകയും ദയ കാണിക്കുകയും, സ്നേഹത്തിൽ തങ്ങളേക്കാൾ അധികമായി മറ്റുള്ളവരെ കരുതുകയും, തങ്ങളെത്തന്നെ ത്യജിക്കുകയും മറ്റുള്ളവരെ അനുഗ്രഹിക്കുകയും ചെയ്യുന്നവർ ആയിരുന്നോ? എന്നുള്ള കാര്യങ്ങളാണ് ചോദിക്കുന്നത്. സ്മരണകളുടെ പുസ്തകത്തിൽ അവരെക്കുറിച്ച് എഴുതിയിരിക്കുന്ന വൃത്താന്തങ്ങളിൽ, തങ്ങൾ കരുണയുള്ളവരും, സ്വയം ത്യചിച്ചവരും, ഉപകാരം ചെയ്യുന്നവരും, ആയി കാണുന്നെങ്കിൽ ക്രസിതുവിൽ നിന്നും അനുഗ്രഹിക്കപ്പെട്ട അവകാശങ്ങളും ഓഹരികളും ലഭിക്കും. "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനംമുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ."

എന്ന കർത്താവിന്റെ സ്വസ്ഥത്തിലേക്കു അവർ പ്രവേശിക്കും.

*ഇരുണ്ടതും അജ്ഞാതവുമായ വഴിയിലൂടെ ഒരു വഴികാട്ടിയെ പിന്തുടരുന്ന ഒരു സഞ്ചാരിയെന്ന നിലയിൽ ദൈവത്തിൽ നിന്ന് പുറപ്പെടുന്ന പ്രകാശകിരണങ്ങളിൽ നടക്കാൻ ഞാൻ ആഗ്രഹിക്കുന്നു.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

*ഈ വെളിച്ചം സ്നേഹമാണെന്ന് ഞാൻ മനസിലാക്കുന്നു, ദൈവത്തിന്റെ സ്നേഹം മറ്റുള്ളവരിലേക്ക് പ്രകാശ കിരണങ്ങളായി എന്നിലൂടെ ഒഴുകികൊണ്ട് സ്വർഗ്ഗരാജ്യത്തിൽ ക്രിസ്തുവിനോട് കൂടെ സഹശുശ്രൂഷകൻ ആകുവാൻ ഞാൻ ആഗ്രഹിക്കുന്നു.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

*അതെ* *തീരുമാനിച്ചില്ല*

*സ്നേഹം ഒരു വികാരമല്ല, മറിച്ച് ഒരു പ്രവർത്തനമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ശക്തിയായേക്കാവുന്നതും, മറ്റുള്ളവരിലേക്കു ഒരു പ്രവാഹം പോലെ ഒഴുകിച്ചെല്ലുന്നതുമായ സ്നേഹത്തിന്റെ ആത്മീയശക്തിയെ പ്രവർത്തിയിലൂടെ വെളിപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.*

*വൃത്തത്തിൽ അടയാളപ്പെടുത്തുക:*

അതെ　　　　　　തീരുമാനിച്ചില്ല

മറ്റുള്ളവരോട് സ്നേഹം പങ്കുവയ്ക്കുന്നത് അവർക്ക് മരുഭൂമിയിലെ ഒരു കിണറ് പോലെ മാത്രമല്ല, ദാതാവിലേക്ക് തിരികെ ഒഴുകുകയും ആത്മീയ വളർച്ച കൈവരിക്കുകയും ചെയ്യുന്നതാണെന്നു ഞാൻ മനസ്സിലാക്കുന്നു. ഇത് എന്റെ ജീവിതത്തിൽ സംഭവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ　　　　　　തീരുമാനിച്ചില്ല

"നന്ന് നല്ലവനും വിശ്വസ്തനുമായ ദാസനേ, കർത്താവിന്റെ സന്തോഷത്തിൽ പ്രവേശിച്ചുകൊള്ളുക" എന്ന പിതാവിന്റെ അനുഗ്രഹീതവാക്കുകൾ കേൾക്കേണ്ടതിനായി എന്റെ ഹൃദയം ആഗ്രഹിക്കുന്നു.

വൃത്തത്തിൽ അടയാളപ്പെടുത്തുക:

അതെ　　　　　　തീരുമാനിച്ചില്ല